Q23:381C51
32E4

Q23:381CS1 32E4 I
KRISHNA PISHOROT
(A.)
Setu mahatmyam.
Kilippattu.

91

MUL
034891

DOCTRINA·VIM·PROMOVET INSITAM

**Madras University Library.**

Call Number Q23:381 [illegible] GS1

Accession Number 34891 32E4

Available for loan from

This book should be returned on or before the date last marked below.

DEC

O61

34891
Q23:381CS1
32E4

# സേതുമാഹാത്മ്യം

## കിളിപ്പാട്ട്.

മഹാമഹിമശ്രീ

കൊടുങ്ങല്ലൂർ ഗോദവർമ്മതമ്പുരാൻ

തിരുമനസ്സിലെ ശിഷ്യൻ

ആറ്റൂർ കൃഷ്ണപിഷാരോടി അവർകളാൽ

പരിശോധിക്കപ്പെട്ട്

ഭാരതവിലാസം അച്ചുക്കൂടത്തിൽ

അച്ചടിച്ചത്

തൃശ്ശിവപേരൂർ. Trichur

1090. 1914

വില അണ എട്ട്.

23:38132
32E4

34891

# സേതുമാഹാത്മ്യം

## കിളിപ്പാട്ട്

## ചക്രകാണ്ഡം.

ഹരിഃ ശ്രീ ഗണപതയേ നമഃ

ശങ്കരശിവശിവശങ്കരശിവശിവ ശങ്കരശിവശിവശങ്കരശിവശിവ * തിങ്കൾതൻകലയിനാലങ്കിതമൌലേമണി ടങ്കശോഭിതപാണിപങ്കജമഹാദേവ * അങ്കിലോചനമലമങ്കകൊങ്കയിലണി കുങ്കുമാങ്കിതതരവങ്കിലകളേബര * സങ്കടാപഹാവിഭോനിങ്കഴലിണയുഗ മെങ്കരളിങ്കൽസദാകാലവുംവസിക്കേണം * എണലോചനേവാണിനാണിയോഗ്ഗുണാഞ്ചിത നാണിടൊല്ലേതുംമമനാവിന്മേൽവാണീടേണം * കൃഷ്ണനുംകൃഷ്ണദ്വൈപായനനുംതുണെക്കേണം കൃഷ്ണനാമഗ്രജനെൻറകാരുണ്യമുണ്ടാകേണം * സേതുമാഹാത്മ്യംകഥ ഭാഷയായ്ചൊല്ലീടുവാൻ ചേതസിപാരംവളൎന്നീടുന്നകൌതൂഹലം * പ്രജ്ഞയില്ലേതുംനമുക്കെന്നുവന്നാലുംമഹാ പ്രാജ്ഞന്മാരെന്നെക്കടാക്ഷിച്ചനുഗ്രഹിക്കേണം * നിൎമ്മൂലംചൊല്ലീടുന്നതില്ലഞാനെന്നാകിലും ദുൎമ്മൂലംമഹാജനംകണ്ടാകിൽസഹിക്കേണം * മാനസാനന്ദമേകുംനൈമിശാരണ്യംതന്നിൽ ശൌനകാദികളായതാപസന്മാരുംപുരാ * തുഷ്ടിപൂണ്ടാത്മജ്ഞാനതല്പരന്മാരായ്നല്ലാ രഷ്ടാംഗയോഗംപൂണ്ടുമോക്ഷലോലുപന്മാരായ് * മമത്വംവെടിഞ്ഞുടൻവേദാൎത്ഥവിചാരേണ മഹത്വംപൂണ്ടുസത്യവ്രതതല്പരന്മാരായ് * സൎവ്വദാജിതേന്ദ്രിയന്മാരായ്സൎവ്വജ്ഞന്മാരായ് സൎവ്വജീവന്മാരിലുംകരുണാശീലന്മാരായ് * ഉത്തമഭക്തിയോടുംമുക്തിദായകനായോ രുത്തമപുരുഷനെസ്സേവിച്ചുസദാകാലം * ഇരുപത്തൊരായിരംമുനിമാരിതുപോലെ പെരികക്കാലംതപോനിഷ്ഠയാമേവീടുന്നാൾ * ഒരുനാളവൎക്കുകൈവല്യസാധനങ്ങളിൽ പരമെന്തെന്നുള്ളൊരുസംശയമുണ്ടായ്വന്നു * അന്നേരംതപഃഫലംമൂൎത്തിമത്തായപോലെ വന്നിതുവേദവ്യാസശിഷ്യനാംസൂതൻതാനും * പാവകപ്രകാശവും സേവകവികാരവും ഭാവുകമുഖശ്രീയുംകണ്ടുതാപസന്മാരും * അൎഘ്യപാദ്യാദികൊണ്ടുപൂജിച്ചുയഥാവിധി മുഖ്യമാംപീഠംതന്നിലിരുത്തിയഥാസുഖം * വേദസമ്മിതകഥാസാരകൌതുകംപൂണ്ടു വേദപാരഗന്മാരുംസാദരംചോദ്യംചെയ്തു * ധൎമ്മശാസ്ത്രാൎത്ഥത്തിൻെറ തത്വാൎത്ഥതയറിഞ്ഞുടൻ ധൎമ്മേണലോകോപകാരാൎത്ഥമായ്സദാകാ

ലം * ധൎമ്മജ്ഞന്മാൎക്കു് കല്പിച്ചപ്രകാരത്തിലുള്ള കൎമ്മംകൊണ്ട
ഹോദവാനെത്രയുംപുണ്യശാലി * നിൎമ്മലചിത്തികൾനിന്നിട്ടിന്നു
ഞങ്ങൾക്കുമോരോ നന്മനൽകുന്നകഥകേൾപ്പാനുണ്ടത്യാഗ്രഹം *
മുക്തിസിദ്ധിപ്പതിന്നുണ്ടോരോരോവിധമെന്നാ ലുത്തമമതിലേതെ
ന്നോൎത്തുചൊല്ലുകവേണം * ഭൂതലംതന്നിലുള്ളദേവാലയങ്ങളി
ലേതേടമുഖ്യംമുക്തിക്കേതെടോനല്ലതീൎത്ഥം * എന്തുചെയ്താകിൽ
പരമേശ്വരപാദാന്തന്നി ലന്തരമില്ലാതൊരുഭക്തിസംഭവിച്ചീടും *
വാചികമായുംതഥാകായികമായുംപിന്നെ മാനസമായുമേവംത്രിവി
ധകൎമ്മത്തിനും * ഏതിലുത്തമഫലമെന്നതുമത്രയല്ല ചേതസാ
സകലവുമോൎത്തുരചെയ്തിടേണം * ഇങ്ങിനെതാപസന്മാൎമംഗല
മൊഴികേട്ടു തിങ്ങിനമോദമോടുംസൂതനുമുരചെയ്തു * നന്നുനന്ന
ഹോനിങ്ങൾക്കിന്നിതു താനുന്നതും മുന്നമെന്നോടിവണ്ണമാരുമെ
ചോദിച്ചീല * ആൎക്കുമെന്നോടുമുപദേശവുംചെയ്തീലിതു കേൾ
ക്കെടോനിങ്ങളതിമാത്രഗുഹ്യോപദേശം * ഭക്തിപൂൎവ്വകമിതുകേൾ
ക്കുന്നജനത്തിനു മുക്തിസംഭവിച്ചീടുമില്ലസംശയമേതും * ആക
യാൽനിങ്ങൾമനസ്സാവധാനതയോടു മാകവേകേട്ടീടേണംചൊല്ലു
വൻചുരുക്കിഞാൻ * ഉണ്ടെടോരാമേശ്വരമെന്നൊരുദേവാലയം
കണ്ടവൎക്കെന്നല്ലകേട്ടവൎക്കുമുണ്ടാംമോക്ഷം * കണ്ടവരാരതിന്റെമ
ഹത്വംചൊല്ലുവാ മുണ്ടഹോരാമസേതുചൊല്ലവേണമോപിന്നെ *
രാമസേതുവോടൊത്തതീൎത്ഥമില്ലെങ്ങുംപിന്നെ ശ്രീമഹാരാമേശ്വര
സന്നിഭക്ഷേത്രമില്ല * ദൃഷ്ടമാത്രേണരാമസേതുമുക്തിയെനൽകും മ
റ്റൊരുതീൎത്ഥമേവമുണ്ടോചൊന്നമഹീതലേ * ത്രിവിധകൎമ്മത്തിനുമതി
നാൽതന്നെനല്ലോ രവധിയില്ലാതൊരുനൃശരിക്കൈവന്നീടും *
യാതൊരുനരനൊരുജന്മത്തിലൊരുനേരം സേതുദൎശനംചെയ്യുമവ
ന്റെപുണ്യംകൊണ്ടു * ജനനികുലത്തിലുംജനകകുലത്തിലും മനു
ജനിതകോടിജനത്തോടൊരുമിച്ചു * ശംഭുപാദാംഭോരുഹംതങ്കലേ
ചെന്നുനല്ലാ രമിയലുന്നപരമാനന്ദംഭുജിച്ചീടും * ക്ഷിതിപാം
സുക്കളെല്ലാംഗണിക്കാകിലുംമത ല്ലധിതാരകാഗണംഗണിക്കായ്
വരികിലും * ഏതുമേമിഥ്യാവാദംചൊല്ലുകയല്ലന്നുണാം സേതുദ
ൎശനപുണ്യമെണ്ണുവാനെളുതല്ല * സൎവ്വദേവതാമയംസേതുവെന്ന
റിഞ്ഞാലും സൎവ്വപുണ്യവുമതുകണ്ടവനുണ്ടായീടും * സൎവ്വയാഗ
വുംചെയ്യോൻസേതുസ്നാനംചെയ്യുവൻ സൎവ്വതീൎത്ഥസ്നാനംചെ
യ്തുമവനെല്ലോ * അവൻതൻപിതൃക്കളിലേഴുകോടിയുമായി ട്ടു
ന്നതംവിഷ്ണുപദംചേരുമെന്നറിഞ്ഞാലും * സേതുസ്നാനവുംചെയ്തു
രാമലിംഗവുംകണ്ടാ ലേതുമേഫലമിപ്പതിനാവതല്ലവൻപുണ്യം *
മൃഷാവസ്ഥയുംവസക്കുപവുംസഭക്ഷവും ഭീഷണംമൃതപാനംഛലോ

രംവൈതരണിയും * നരകമിവയൊന്നും സേതുസ്നാനം ചെയ്യുന്ന
നരനുകാണ്മാനുള്ളോരവകാശവും വരാ * ശോണിതകൂപം ശിലാവ
ർഷവും തപ്തശൂലം പ്രാണപീഡനം തപ്തശിലയും രണിവർഷം * ര
ക്തഭോജനം പുരീഷാദാനം കൃമിഭുക്തി ശക്തിപീഡനം ശ്വമാംസാ
ഹാരം കാലസൂത്രം * ക്ഷാരതോയവുമുഷ്ണതോയവും ജ്വാലാമാലാ ഘോ
രതാപനമെന്നുമിവകനരകങ്ങൾ * സേതുദർശനം ചെയ്യുന്നോർകാണു
മാറില്ലപരി പൂതമാമവനുടെ കുലവുമസംഖ്യമായ് * പഞ്ചപാത
കങ്ങളെച്ചെയ്യുവനെന്നാകിലും വഞ്ചനയാ സേതുസ്നാനം ചെയ്യോ
രുപുരുഷനും * രണ്ടുവംശത്തിലുള്ളപിതൃക്കളോടും കൂടെ കല്പാന്ത
യൊഴിഞ്ഞു വൈകുണ്ഠേ പോയ് രമിച്ചീടും * തലകീഴായിക്കെട്ടിച്ചുവ
ട്ടിൽതിരിച്ചുംകൂട്ടി വളരെത്തപിപ്പിക്കും നരകമത്രയല്ല * അലിയും
ജനം തന്നിലനിശം വലുതായ ശിലയും കെട്ടിപ്പലവകവേദനകൊ
ള്ളും * കൊടിയനരകവും പലയന്ത്രപീഡകൾ കഠിനമേതൽപ്ര
പീഡനവും രേതഃപാനം * ചേച്ചയിൽ വെച്ചു പുനരിച്ചവാളിന്റെ
പെരുമൂർച്ചകൊണ്ടിച്ചകൂടും മൂർച്ഛനനരകവും * ചിരിച്ചീടരുതി
രുമ്പാരിനെപ്പുഴപ്പിച്ചു സന്ധ്യക്കിതോരം തറച്ചീടിനനരകവും *
തീക്കനൽതന്നിൽക്കിടന്നീടിനനരകവും ഭോഷ്ക്കല്ലപുരീഷവും തിന്നു
ള്ളനരകവും * പെരുതായൊരുമുസലം കൊണ്ടുസദാകാലം ഹരി
യോഹരം താഡിച്ചീടുന്നനരകവും * എന്നിവപലവിധം നരകസമൂ
ഹങ്ങളൊന്നുമേ സേതുസ്നാനം ചെയ്യുവർകാണുകയില്ല * സേതുദ
ർശനത്തിനായ്പോകുന്നേൻഞാനെന്നൊരു ഹേതുവെന്നിയെചൊ
ല്ലിന്നൂടിനടന്നാകിൽ * അവനും പാപങ്ങളോടുടനെ പിരിഞ്ഞു
പോയ് പ്രവരേശിവലോകേവിളയാടീടുംനൂനം * മരവുമിഴച്ചുകൊ
ണ്ടനിശം നടപ്പതും കരവും ചരണവുമരിയെമുറിപ്പതും * ആന
യെക്കൊണ്ടു പിടിപ്പിച്ചുടനനുവേലം മാനത്തേക്കേറിപ്പതും ഗദകൊ
ണ്ടടിപ്പതും * കൊടിയഫണിവരൻകടിയെക്കൂട്ടുന്നതും കഠിനം
ധാതുപാനം ഗജങ്ങൾകുത്തുന്നതും * പാശബന്ധനം ശൂലമദ്ദനമത്ര
യല്ല നാസികാച്ഛേദം ക്ഷാരതോയപാനവും പിന്നെ * സൂചികൾ
പഴുപ്പിച്ചിട്ടാശയാഭുജിപ്പതും സൂചകഫലമായമേഹഭോജനം പി
ന്നെ * ചെമ്പുപാത്രത്തിൽകാച്ചിത്തിളച്ചോരെണ്ണതന്നി ലമ്പോ
ടെമുഴകുന്നപമ്പോരം നരകവും * കഫവ്യം പിത്തം മഹാസികതകര
ത്യുഷ്ണമാം തിലജമിവയെല്ലാംഭുജിക്കുംനരകവും * കല്ലിനെപ്പുഴപ്പി
ച്ചുതിങ്കയും വരത്തൊരു കല്ലോത്തമണൽതിന്നു പല്ലുകൾകുത്തു
ന്നതും * കണ്ണിലും രോമകൂപം തന്നിലുമെല്ലാനേരം വണ്ണമുള്ളൊ
രുസൂചിച്ചുട്ടേൻതറപ്പതും * വൃഷണം തന്നിലതിഭാരമായിരിപ്പോരു
ദൃഷദം ബന്ധിപ്പതുമള്ളിലിട്ടിഴപ്പതും * ഇത്തരം നരകങ്ങൾ സേതുദ

ശ്നംചെയ്യ മൎത്ത്യനുണ്ടാകയില്ലസത്യമെന്നറിഞ്ഞാലും * ഒരു
നാൾസേതുതൻറമണൽമേൽകിടന്നതിൻ തരികൾപൂണ്ടീടിനപൂ
രുഷരത്നതാനും * അവധിയില്ലാതൊരുവിപ്രഹത്യാദിപാപ മ
വധൂനനംചെയ്യുപരമഗതിചേരും * സേതുസ്പൎശനംകൊണ്ടുപൂതമാ
യിരിപ്പോരു വാതസ്പൎശനമൊരുപൂരുഷനെത്തുന്നാകിൽ * ജന്മ
ജന്മാന്തരത്തിൽചെയ്യൊരുസുരാപാന കൎമ്മദോഷത്തോടവൻവേ
ർപെടുമസംശയം * ഒരുനാളവിടുന്നുപ്ലവനംചെയ്തീച്ചാകിൽ ഗു
രുതല്പഗദോഷമവതിവന്നുകൂട്ടും * അസ്ഥിസ്ഥാപനംസേതുമദ്ധ്യത്തി
ൽതൻറവംശേ സംസ്ഥിതനൊരുവൻചെയ്യാകിലന്നേരംതന്നെ*
സ്വൎണ്ണസ്തേയാദികളാലസംഖ്യപാതകങ്ങൾ നിൎണ്ണയംനശിച്ചു
പോംമുക്തിയുമുണ്ടായ്വരും * ഒരുവൻതന്നെനിനച്ചൊരുവൻസ്നാ
നംചെയ്യാ ലിരിവൎക്കുള്ളപാപമാകവെനശിച്ചീടും * മൎയ്യാദഭേ
ദിപ്പോനുംസംസ്ഥമായ്ഭുജിപ്പോനു മാൎയ്യവംശജന്മാരാംവിപ്രരെദ്വേ
ഷിപ്പോനും * പലചംഭുജിപ്പോനുംവേദത്തെവില്ക്കുന്നോനും കളി
യല്ലെച്ചൊരുംബ്രഹ്മഘാതകരെല്ലോ * വിപ്രനോടൊരുവസ്തുമുന്ന
മേതരാമെന്നു മപ്രകാരമേപിന്നെയില്ലെന്നുചൊല്ലുന്നോനും * ത
ന്നുടെഗുരുവിനെനിന്ദിക്കുംപുരുഷനും നിൎണ്ണയംബ്രഹ്മഹത്യാപാ
പമുണ്ടറിഞ്ഞാലും * ജലപാനംചെയ്വാനായ്വന്നൊരുപശുവിനെ
പലസംഗതികൊണ്ടുംവാരണംചെയ്യുന്നോനും * ഇച്ചൊന്നജന
മെല്ലാംസേതുസ്നാനംകൊണ്ടുടൻ നിശ്ചയംകൈവല്യമാംപദത്തെ
പ്രാപിച്ചീടും * ദേവതാന്നത്തെയപഹരിച്ചുഭുജിപ്പോനും ദേവ
തോപാസനത്തെത്യജിക്കുംപുരുഷനും * മദ്യപാനംചെയ്യുന്നനാരി
യെപ്രാപിപ്പോനും വിദ്വേഷാതാപാംഗിയാകുംവേശ്യാന്നംഭുജിപ്പോനും
പലൎക്കുമുള്ളോരന്നംമുമ്പിലെഭുജിപ്പോനും പതിതാന്നത്തെഭുജിപ്പോ
നുംമദ്യപാനിയും * ഇജ്ജനമെല്ലാംമദ്യപാനികളെന്നുചൊല്ലാം സ
ജ്ജനകൎമ്മത്തിനുയോഗ്യന്മാരല്ലന്നൂനം * അവരുംസേതുസ്നാനംകൊ
ണ്ടുപാപങ്ങൾപോയവരീദേവന്മാരേപരമപദംപൂകും * ക
ന്ദമൂലംഫലംദലംകസ്തൂരിപാലുംനെയ്യും ചന്ദനംകൎപ്പൂരവുംകുങ്കുമം
തേനുംചെമ്പും * ഉള്ളത്തിൽപ്രധാനമാംരുദ്രാക്ഷംതുളസിയും വെ
ള്ളോടുംമോഷ്ടിപ്പവൻസ്വൎണ്ണമോഷകനല്ലോ * രാമസേതുവേക്കെ
ണ്ടാലവനുംപാപംകൊണ്ടു ള്ളാമയസമുദ്രത്തിൻകരയിൽക്കരെ
യേറാം * പുത്രഭാൎയ്യയുംരജസ്വലയുംഭ്രാതൃഭാൎയ്യാ മിത്രഭാൎയ്യയുംമദ്യസേ
വിനിഹീനസ്ത്രീയും* സോദരിവിശ്വസ്തൻറഭാൎയ്യയുമിവരെയൊക്കെ
മോഹചേതസ്സോടുംപുൽകീടുംപുരുഷന്മാർ * ഗുരുതല്പഗന്മാരാമവൎക്കും
സേതുസ്നാനാൽ പെരുതായിരിപ്പോരുദുരിതംവേരററീടും * യാഗാദി
കൎമ്മദാനംചെയ്യാതെമേനകാദി ഭോഗകാമുകനായമാനുഷനൊരു

നേരം * രാമസേതുവിൽ ചെന്നു മജ്ജനം ചെയ്താൽ സ്വൎഗ്ഗ കാമിനിമാരുമായിക്കളിച്ചു വസിച്ചീടും * ഇമശാരസേവകൾ ചെയ്തീടാതെ മോക്ഷപ്രാപ്തിക്കിച്ഛയുള്ളവൻ സേതുമജ്ജനം ചെയ്തീടേണം * ധനധൎമ്മാദിയെന്യേ സ്വൎഗ്ഗകാമുകനായ മാനവൻ സേതുസ്നാനം ചെയ്യേണമാവശ്യമായ് * മോക്ഷത്തെ ലഭിപ്പാനും സ്വൎഗ്ഗത്തെ ലഭിപ്പാനും രക്ഷയെ ലഭിപ്പാനും സിദ്ധിയെ ലഭിപ്പാനും * ദാനഹോമേജ്യാജപതപസ്സാദി സേതുസ്നാനമുത്തമമെന്നു ചൊല്ലുന്നു ബുധജനം * ആഗ്രഹമെന്നിയെതാൻ മജ്ജനം ചെയ്താകിലുമാഗ്രഹം വേണ്ടാ പുനൎഭവത്തിലവനെടൊ * ധൎമ്മവുമൎത്ഥം കാമം മോക്ഷവുമെന്നു വേണ്ടാ സൎവ്വവും സേതുസ്നാനം കൊണ്ടു സംഭവിച്ചീടും * ബ്രഹ്മലോകത്തിങ്കലും വൈകുണ്ഠത്തിലുമതി നിൎമ്മലമായ കൈലാസാചലേശ്വരങ്കലും * രമിച്ചീടേണമെന്നുള്ളാഗ്രഹമുണ്ടാകിലൊ ശ്രമിച്ചീടേണം സേതുസ്നാനം ചെയ്തു കൊള്ളുവാൻ * ആയുസ്സുമാരോഗ്യവും സമ്പത്തും സൌന്ദൎയ്യവുമായ ഗുണങ്ങളും വേദാദിവിജ്ഞാനവും * സൎവ്വശാസ്ത്രാധികാരമന്ത്രവിജ്ഞാനമേവം സൎവ്വവുമുണ്ടായീടും സേതുമജ്ജനം കൊണ്ടു * ശ്രദ്ധ കൊണ്ടെന്നാകിലുമല്ലാതാകിലും സേതുമദ്ധ്യത്തിൽ സ്നാനം ചെയ്താൽ ദുഃഖമാകയാകയില്ല * ശുക്ലപക്ഷത്തിങ്കലെ ചന്ദ്രമസ്സെന്നപോലെ വിളങ്ങാതെ ധൎമ്മമനവഹം വൎദ്ധിച്ചീടും * കാമധേനുവെപ്പോലെ കാമത്തെ ദാനം ചെയ്യും വാമദേവനെപ്പോലെ മോക്ഷത്തെ ദാനം ചെയ്യും * കല്പവൃക്ഷവൽ ചിത്താഭീപ്സിതം ദാനം ചെയ്യും അത്ഭുതം സേതുസ്നാനം പോലെ മറ്റൊന്നുമില്ല * നിസ്വനായതു മൂലം സേതുമജ്ജനം ചെയ്വാൻ ത്രാസുനായ്വന്നാലവൻ ചെന്നു ടനാഢ്യന്മാരിൽ * യാചനം ചെയ്തീടുകിലാദരവോടു കൂടി സ്നാനം ചെയ്യാലുമെന്നു മോദേന നൽകം ധനം * കൊടുത്തു സേതുസ്നാനമാസ്ഥയാ ചെയ്യിപ്പിക്കും പുരുഷന്മാൎക്കു പുനരടുക്കും പരഗതി സേതുയാത്രക്കങ്ങൊരുതമ്പെട്ടൊരു പുരുഷനു യാതൊന്നില്ലെടൊ ധനമെങ്കിലും ധാന്യം വസ്ത്രം * വല്ലതും കൊടുത്തയച്ചീടുകിലവനടൻ ചൊല്ലുവാനാവതല്ലാതൊരു നല്ലതു വരും * ഭോഷകന്മാരാതരാം ധനമെന്നു മുന്നമേ ചൊല്ലി പ്പോകുമാകുമ്പോളില്ലെന്നൊരുന്ന പുരുഷനും * പോകുന്നേനെന്നു ചൊല്ലി വല്ലതും വാങ്ങിപ്പിന്നെപ്പോകാതനവൻ താനും ബ്രഹ്മഘാതകനല്ലൊ * വല്ലജാതിയും സേതുസ്നാനം ചെയ്താകിലവനില്ലൊരു ദോഷം പരലോകമുണ്ടെന്നു നൂനം * ഇത്ഥരം സൂതവാക്യം കേട്ടു താപസന്മാരും ചിത്തമോദേന ചോദിച്ചരുളീടിനാരാം * ചൊല്ലു ചൊല്ലെടൊ സൂത കല്യാണാലയനായ ചൊല്ലെവം രാമചന്ദ്രൻ മംഗലശീലൻ ദേവൻ * മങ്ങാതഗുണനിധിവരനാലയം തന്നിലെങ്ങിനെ സേതുബന്ധം ചെയ്തുവാറെന്നുള്ളതും * തൽകഥാലേശം കേട്ടാൽ ദുഃഖമുണ്ടാകയില്ല സൽകഥാസാരങ്ങളിലിങ്ങി

നെടുകട്ടഞായം * താപസവാക്യമേവംകേട്ടസൂതനുംചൊന്നാൻ പാ
പഹാദികളെന്നല്ലിത്രമറെറാന്നുമെടോ * കേട്ടുകൊണ്ടാലുമെങ്കിൽ
സേതുബന്ധത്തിന്മൂലം കേട്ടവാറൊട്ടൊട്ടുഞാൻചുരുക്കിച്ചൊല്ലീടു
ന്നേൻ * ഭൂഭാരഹരണാൎത്ഥംഭൂമിയിൽജനിച്ചോരു ഭൂദേവീസുതാനാ
ഥൻകരുണാവാരാന്നിധി* താതന്റെനിദേശംകൊണ്ടനുജനോടും
നിജ ജീവനായികയുമായ്ദണ്ഡകാരണ്യേവാണു*അക്കാലംദുരാത്മാ
വാംരാവണൻവൈദേഹിയെ തക്കത്തിൽകട്ടുകൊണ്ടുപോൻമാരീചസ
ഹായത്താൽ * സീതയെക്കാണാഞ്ഞുഴൽപൂണ്ടുരാഘവൻതാനു മാ
ത്തുരനായിത്തിരഞ്ഞുഴന്നുനടക്കുമ്പോൾ * പമ്പയാംസരോവരന്ത
ൽക്കരെതന്മേലതി വമ്പിയലുന്നകപിശ്രേഷ്ഠനെക്കാണായ്വന്നു * അ
വനുംനമസ്കരിച്ചുഭീതികുലാദിക ളവനീപാലനോടുചോദിച്ചോരന
ന്തരം * തന്നുടെവൃത്താന്തമെല്ലാമരുൾചെയ്തുടനവൻ തന്നുടെവൎത്തമാ
നംചോദിച്ചുദയാനിധി* അപ്പോഴവൻകൂപ്പിത്തൊഴുതുവിനീതനാ
യവ്യഗ്രമനല്പമോടാകുലംചൊല്ലീടിനാൻ * ഋശ്യമൂകാദ്രിതന്നിലു
ണ്ടുസുഗ്രീവനെന്നു വിശ്വവിഖ്യാതനായവാനരകുലാധിപൻ * അ
ഭിമാനികൾമുമ്പനവന്റെസചിവനാം ഹനുമാനാകുന്നുഞാൻകരു
ണാജലനിധേ* നിങ്ങളെക്കണ്ടുസഖ്യംവേണമെന്നാശപൂണ്ടി ട്ടവ
ൻചൊല്ലുകേട്ടിട്ടിങ്ങുഞാൻവിടകൊണ്ടേൻ*നിന്തിരുവടികളിൽ
ചേൎന്നിതെന്നാകിലങ്ങു ബന്ധുരകളേബരപോകനാംവൈകിടേണ്ട*
അപ്പോഴവനോടുകൂടവേയെഴുന്നെള്ളി ച്ചിൽപുമാൻസുഗ്രീവനെ
ക്കണ്ടുസഖ്യവുംചെയ്തു * ബാലിയെക്കൊന്നുരാജ്യംതന്നിൽവാഴിപ്പ
നെന്നു ബാലിസോദരനോടുസമയംചെയ്തുരാമൻ* താരാർമാതിനെ
ധരാമണ്ഡലംതന്നിലെല്ലാടമാരാഞ്ഞുകണ്ടീടാംഞാനെന്നുസുഗ്രീവൻ
താനും * അന്യോന്യമിതുപോലെസത്യവുംചെയ്തുമഹാ ധന്യന്മാര
ദ്രിശിഖരന്തന്നിൽവാണീടുംകാലം * സുഗ്രീവനാകക്കാനിൽവിശ്വാ
സമുണ്ടാവാനും വ്യഗ്രതതീരുവാനുംകൌസല്യാകുമാരകൻ* ദുന്ദുഭികാ
യംപാദാംഗുഷ്ഠംകൊണ്ടാകാശാന്തേ നന്ദിചേരുമാറെറിഞ്ഞീടിനാനെ
ത്രയല്ലാ * സപ്തസാലങ്ങളേഴുമേകസായകംകൊണ്ടു കൃന്തനംചെയ്തു
രോരാംസുഗ്രീവനുരചെയ്യാൻ * ഉമ്പർനായകൻമുമ്പായുള്ളവരിലു
മൊരു കമ്പമില്ലിനിക്കിനിനിൻകൃപാബലംമൂലം * ലങ്കാവല്ലഭന്ത
ന്നെക്കൊന്നുഞാൻഭവാനുടെപങ്കജാക്ഷിയെക്കൊണ്ടുവന്നുനല്കീടുന്നു
ണ്ടു*എന്നു പവനജനുംതാനുംസുഗ്രീവനുമായ്ചെന്നിതുകിഷ്കിന്ധയ്ക്കാ
മോദമോടെവൈദേഹീകാന്തൻ * കിഷ്കിന്ധാഗോപുരാന്തേചെന്നുസുഗ്രീ
വൻതാനും മുഷ്കരമാകുംവണ്ണമട്ടഹാസവുംചെയ്തു * ബാലിയുമട്ടഹാ
സംകേട്ടുകോപവുംപൂണ്ടു കാലനെപ്പോലെപുറപ്പെട്ടിതുയുദ്ധത്തിനാ
യ്* അക്കാലമവർതമ്മിലുണ്ടായയുദ്ധംചൊൽവാ നിക്കാലമാകമെ

ളുതെല്ലന്നുമറിഃയണം * വിഖ്യാതപൌരുഷന്മാർമുഷ്ടികൾകൊണ്ടു
ദേഹശോഭചപൊടിപെട്ടമ്മാറടൻകുത്തീടിനാർ * കൈത്തലംപ
രത്തിക്കൊണ്ടടിച്ചുമത്രയല്ല നിസ്തുലദന്തങ്ങളാൽകടിച്ചുംപരസ്പരം *
വൃക്ഷങ്ങൾകൊണ്ടുംമലകൊണ്ടുമിത്തരംനല്ലശിക്ഷയായിട്ടുരണംചെ
യ്തുകൊണ്ടിരിക്കവേ * പുഷ്കരദളനേത്രൻയോഗിമാനസവാസൻ പു
ഷ്കലത്തുഭപ്രദൻഃവേദഃവേദാന്തവേദ്യൻ * ഭക്തസഞ്ചയത്തിനുമുക്തി
യെനൽകുന്നവൻ വ്യക്തനവ്യക്തനുമായിരിക്കുംനാഥനപ്പോൾ *
വക്ഷത്തിലൊരുബാണമെയ്തുകൊണ്ടുബാലി തക്ഷത്തിൽസ്വ-ർഗ്ഗ
ലോകംപ്രാപിച്ചാനെഃന്നഃവേണ്ടു * പിന്നെശ്രീരാമചന്ദ്രൻസുഗ്രീവ
ൻതന്നെക്കപിമന്നവനാക്കിവാഴിച്ചീടിനാൻകിഷ്കിന്ധയിൽ * പി
ന്നെഃപ്പോയ്‌വർഷകാലമൊക്കവേഋശ്യമൂകംതന്നിൽപ്പോയിരുന്നരുളി
ടിഃനാരനന്തരം * മിത്രനന്ദനനായസുഗ്രീവൻഭാഗ്യശാലി ചിത്രകാ
ര്യാത്ഥംതന്നെവാനരവീരന്മാരെ * നാലുദിക്കിലുമന്വേഷിപ്പാനായ
യച്ചതിൽ കാലമത്ഭുതപുണ്യശാലിയാംവായുപുത്രൻ * സമുദ്രംചാ
ടിക്കടന്നമിതപരാക്രമൻ സമുദ്രൻശ്രീരാമമുദ്രാങ്കിതമുൽഭാവീരൻ * ല
ങ്കയിൽചെന്നുതിരഞ്ഞഭിമാനവാൻതാരാർ മങ്കയെക്കണ്ടുപുനരിങ്ങു
വന്നവൻചൊന്നാൻ * രാഘവൻതാനുമതുകേട്ടടൻപുറപ്പെട്ടു മേഘ
വാഹനനുപവന്ദിതപാദാംബുജൻ * ശൌര്യമേറുന്നകപിവാഹിനി
യോടുംകൂടി സൂര്യനന്ദനൻതാനുംപിന്നാലെനടകൊണ്ടാൻ * പീഡ
കൾകളയുന്നനദികൾനദങ്ങളും കാടുകങ്ങളുമോരോപർവതങ്ങളുംപി
ന്നി-ട്ടാടപെനിഃയമഹേന്ദ്രാചലപാശ്വേചെന്നു ബുദ്ധകൌതുകം
ചക്രതീത്ഥംതേമരുവിനാർ * രാക്ഷസരാജാനുജനാകിയവിഭീഷണ
ൻ തീക്ഷ്ണബുദ്ധിമാൻവന്നുവന്ദിച്ചുഭഗവാനെ * സ്വാഗതപ്രശ്നാദിക
ൾകൊണ്ടുരാഘവൻതാനു മാഗതനായോരവൻതന്നെസ്വീകരിച്ച
പ്പോൾ * വേദനയുണ്ടായ്‌വന്നുസുഗ്രീവാദികൾക്കിവൻ പാതകംചെ
യ്യുമെഃന്നോത്തന്നേരംരഘുദ്വഹൻ * ചേഷ്ടകൾകൊണ്ടുംചരിതങ്ങ
ളെക്കൊണ്ടുമിവൻ ദുഷ്ടനല്ലെന്നുബോധംവരുത്തിപ്പിന്നെത്തദാ *
തീത്ഥഃതോയങ്ങൾകൊണ്ടുരാക്ഷസേശ്വരനാക്കി തീത്ഥാഭിഷേകവും
ചെയ്തുവരനപ്പിന്നെത്തന്റെ * സുഗ്രീവാംഗദഹനുമൽപ്രമുഖന്മാ
രിലു മഗ്ര്യനായ്ക്കല്പിച്ചുവാണീടിഃനാരനന്തരം * വാരധിയെക്കടപ്പതി
നെന്തുപായമെന്നുള്ളാരാത്രിപൂണ്ടരുൾചെയ്തുസുഗ്രീവൻതന്നോ
ടഃപ്പോൾ * എന്തിനെകടക്കമാറിജ്ജലനിലയന മെങ്ങിനെഭയാന
കമെന്തെടോനിരൂപിച്ചാൽ * പെരുതായിരിപ്പോരുവാരിധിവാഹി
നീശൻ പ്രതികർത്തരത്തരമെന്തുചെയ്യുന്നുമിനി * ഇരുണ്ടുവളരുന്നതി
രമാലകൾതന്നിൽ പിരണ്ടനക്രചക്രമത്സ്യശംഖങ്ങളോടും * ബദ്ധ
വാഡവാഗ്നിതന്നെരിയുമതിനുടെ പടവീടുകൾപോലെനരരും ഭയങ്ക

രം * കൊട്ടുങ്കാററിനാലാകൃഷ്ടങ്ങളാം നീലമേഘ തടിയന്മാരും പ്രള
യാംബുദനിനാദവും * ഇക്കണ്ട വാനരന്മാരോടുമിജ്ജലനിധി ക്കക്കരെ
കടക്കെ നതെങ്ങിനെസുഗ്രീവ!നാം * നൂറുയോജനവഴിദൂരത്തുലങ്കാ
രാജ്യം നീറുന്നുമനസ്സിതുചിന്തിച്ചേറ്റുള്ളവും മമ * ഇങ്ങിനെയോരോവി
ഘ്നങ്ങളുണ്ടായിവന്നാലെങ്ങിനെസീതാദേവിതന്നെക്കണ്ടീടുന്നു
നാം * ഈവണ്ണം ദുഃഖം പൂണ്ടോരാശ്രയമെന്നിയെഞാൻ ചാംവ
ണ്ണമെല്ലാപണ്ടുകല്പിച്ചു വിധാതാവും * ഇപ്രകാരത്തിലുള്ളവാരിധിക
ടപ്പതിന്നിപ്രപഞ്ചത്തിലുള്ളമാനുഷർക്കെളുതാമോ * രാജ്യഭ്രംശവും
വന്നുഭാര്യയും വേർപിരിഞ്ഞു പ്രാജ്യകീർത്തിമാനായതാതനും മൃതനായി
എന്നസങ്കടങ്ങളിലുൾക്കഷ്ടം തടവീട്ടം നിണ്ണയം ജലരാശിലംഘനമി
ല്ലനൂനം * നീസമുദ്രവും കടന്നക്കരെച്ചെന്നും പാരം നീചനാം പൌല
സ്ത്യനെക്കൊന്നു മൈഥിലിയോടും * ഗന്ധമാദനന്തന്നിൽവാണീ
ടുന്നതുകാണ്മാൻ ബന്ധുവാപ്പരുന്നുണ്ടു ഞാനെന്നു പണ്ടെന്നോടു * കും
ഭസംഭവനരുൾചെയ്തതുപൊയ്യാകുമോ സാമ്പ്രതം കരണീയമെന്തെ
ടോമിത്രാത്മജ * ഇങ്ങിനെസീതാനാഥൻ സങ്കടംപൂണ്ടുസൂര്യ നന്ദ
നൻമുമ്പായുള്ളവാനരന്മാരും ചൊന്നാർ * നിന്തിരുവടികളിൽസ
ങ്കടമുണ്ടാകേണ്ടാ എന്തൊരുദണ്ഡമിതുകടപ്പാൻനമുക്കിപ്പോൾ * പട്ടു
ത്തടവിനതോണികൾകൊണ്ടും പൊങ്ങു തടികൾകൊണ്ടും മുളകൊ
ണ്ടും പാണ്ടികൾകൊണ്ടും. * പടുതയില്ലാത്തവരല്ലഞങ്ങളിലാരും കൊ
ടുതാം കടൽകടന്നനുജാനീഹിഭൃത മടരിൻകുശലതാം ലയകരഘുവീ
ര * എന്നതുകേട്ടുവിഭീഷണനനുമരചെയ്തു നന്നല്ലീമതം കപികൾക്കെ
ചേന്നതുനൂനം * സമുദ്രരാജൻതന്നെശ്ശരണം പ്രാപിക്കേണം സ
മുദ്രോപമഗാംഭീരാശയ ഭവാനിപ്പോൾ * സഗരന്മാരാൽമുന്നം പരി
പോഷിതമായ വരുണാലയം ഭവാനഭിലാഷത്തെനൽകും *, അ
തുകേട്ടതിമാത്രാകുതുകം പൂണ്ടുരാമൻ മതിമാനിവനെന്നുനിശ്ചയി
ച്ചതുനേരം * അനുജനോടുംകൂടസ്സലിലാചമനം ചെ യ്തനുമാനി
ച്ചസുഗ്രീവാദിയെസ്സുനൃതോക്ത്യാ * ദർഭ്യംവിരിച്ചതിലഞ്ജലിബ
ന്ധംചെയ്തു സപ്പ്രാജ്ഞാധിരായിശയിച്ചുഭക്തിയോടെ * വാഹിനീ
നാഥപ്രസാദാകാംക്ഷയോടുവേദ്യാം രോഹിതാശനെപ്പോലെ
മോഹനകളേബരൻ * ദേവദേവന്മാരെല്ലാം സേവിക്കും ഭഗവാനു
മേവമേവാരിനാഥൻതന്നെസ്സേവിച്ചീടിനാൻ * ഇങ്ങിനെമൂന്നുദി
നം കഴിഞ്ഞോരോയും വൃന രെണ്ടുമൊന്നിളകീലകഷ്ടമപ്പയോനാഥ
ൻ * സിദ്ധമല്ലാസ്തയോവാനജ്ഞാനം കൊണ്ടോമായാ ബദ്ധനായ്പ്പ
രികയോമാറുമൊന്നുണ്ടാകയോ * കഴിഞ്ഞുദിനത്രയം മുഷിഞ്ഞു ഭ
ഗവാനും മറിഞ്ഞുചിത്തമൊന്നുകുറഞ്ഞു കരുണയും *, പറഞ്ഞു
സൌമിത്രിയോടറിഞ്ഞീലയോനീയും കുറഞ്ഞൊന്നല്ലുഗർവ്വംനിര

ത്തുവരുന്നതും * കാണെക്കൊടാകുമാരകമൽബാണരണംകൊണ്ടു
പങ്കവുമില്ലാതെധൂളിപ്പനിസ്സമുദ്രവും * അവധിയില്ലാതൊരുജല
ജന്തുക്കളോടു മവധൂനനംചെയ്തുനിന്നുഞാൻവരുന്നതെ * അല്പ
ബുദ്ധിമാന്മാരെസ്സേവിച്ചീടുകിലവ രല്പമല്ലാതെയുള്ളസൽഭാവം
നടിച്ചീടും * അവൎക്കുദണ്ഡംതന്നെവശത്തുവരുത്തുവാ നവശ്യം
നല്ലതെന്നുമിനിമേൽധരിക്കേണം * വില്ലിങ്കൽകൊണ്ടുനാലുംല
ക്ഷ്മണശരങ്ങളും കില്ലില്ലസമുദ്രവുംശോഷണംചെയ്തീടുന്നേൻ *
അല്ലലെന്നിയേതെല്ലുംനമ്മുടെവാനരന്മാ രുല്ലാസമോടെനടന്ന
ക്കരെച്ചെന്നീടേണം * എന്നരുൾചെയ്തുവില്ലുമെടുത്തുരാമചന്ദ്ര
ൻ നിന്നവാറുകണ്ടുപേടിച്ചാരെല്ലാവരും * അന്തകൻതന്നെക
ണ്ടോരന്തകാന്തകൻതനി ക്കന്തരമില്ലാതൊരുകോപമെന്നതുപോ
ലെ * എടുത്തുശരാസനംതൊടുത്തുവിശിഖങ്ങ ളടുത്തുസമുദ്ര
ത്തിലയച്ചോരനന്തരം * തട്ടിച്ചജലധിക്കപിടിച്ചോരാത്മങ്ങ
ളരപ്പാൻനമുക്കില്ലപടുത്വമെന്നേവേണ്ടു * ആധിയുംനിജമനോ
വ്യാധിയുംപെരുതായ ഭീതിയുംശരപരിഭ്രുതിയുംപൂണ്ടുപാരം * ആ
മയമോടുംതൊഴുതപ്പൊഴുതപ്പതിയും രാമപാദാംഭോരുഹേനമസ്കാ
രവുംചെയ്തു * പലവുഴവുംതൊഴുതഭിവാദ്യവുംചെയ്തു കലിനാ
ശനൻതന്നെസ്തുതിച്ചാൻപലതരം * ശ്രീരാമരാമരാമശ്രീനിധേ
ദയാനിധേ ശ്രീരാമരമാപതേദേവദേവാനാംപതേ * നിന്തിരുവ
ടിയുടെശ്രീപാദപങ്കേരുഹം സന്തതംനമാമിസീതാപതേസുഖപ്ര
ദ * ഗൗതമധൎമ്മപത്നിമോക്ഷദസുരോത്തമ ഗീതചാരിത്രപദ
പങ്കജംനമാമിതേ * മന്ദരഗിരിവരോദ്ധാരണനമോസ്തുതേ സു
ന്ദരഗേഹിനീദേഹദാരിണേനമോസ്തുതേ * കൗശികാനുജായതേ
സന്തതംനമോനമഃ കൗശികയാഗരക്ഷാകാരിണേനമോസ്തുതേ *
ഭീമവിഗ്രഹയാതുധാനനാശിനേനമഃ ശ്രീമഹാദേവചാപഭേദി
നേനമോനമഃ * സൂൎയ്യസഹസ്രകോടിതേജസേനമോനമോ സൂൎയ്യ
വംശാംഭോരുഹമാൎത്താണ്ഡനമോസ്തുതേ * നാരദമുനിവരസേവി
തപദാംബുജ നാമകീൎത്തനമാത്രഭക്തകൈവല്യപ്രദ * മോക്ഷദ
മാദ്യമനാദ്യന്തമച്യുതംനിത്യം രാക്ഷസകുലാന്തകംരാമമാനതോ
സ്മ്യഹം * ഭൂമിയുംവായുവിയജ്ജലവുംജ്യോതിസ്സിവ നീമഹാമായാ
ഗുണംകൊണ്ടുസൃഷ്ടിച്ചനാളിൽ * ഓരോരോസ്വഭാവങ്ങളവൎക്ക
കല്പിച്ചതിൽ ഘോരമാമഗാധത്വമിനിക്കംസൃഷ്ടമല്ലോ * എന്ന
തിൽവൈപരീത്യംവികൃതിയെല്ലാവൎക്കു മെന്നതുകൊണ്ടുഞാനുമ
ന്ദതപൂണ്ടിടിനേൻ * കാമക്രോധാദികൊണ്ടുംരാഗദ്വേഷാദികൊ
ണ്ടും ക്ഷേമദായകസ്വഭാവത്തിനുവൈപരീത്യം * ധീമതാംവര
വരുമാറില്ലെന്നറിഞ്ഞാലും * നിന്തിരുവടികളതൊന്നെന്നുചെ

ശ്ശേനമെന്നാലന്തരമില്ലാതെ ചെയ്തീടുവനേതെന്നാലും * മാമകമപരാധം ക്ഷമിച്ചു സദാകാലം ശ്രീമണാളനാം ഭവാൻ പാലിച്ചുകൊള്ളേണമേ * ഇത്തരമരുൾചെയ്തു സാഗരം തന്നെ നോക്കീട്ടുത്തരമരുൾചെയ്തു രാഘവൻ തിരുവടി * ഇനിക്കു ജലനിധി കടപ്പാനുപദേശം നിനക്കു തോന്നുന്നതു പറക മഹാമതേ * അതു കേട്ടു വരുണൻ നത്വിച്ചു ഭഗവാനോടതിനെന്തൊരു ദണ്ഡം നിന്തിരുവടിക്കിപ്പോൾ * ഇന്നു ഞാൻ ഭവൽഗിരാ ശോഷിച്ചാൽ ധരാഷ്ഠാന്മാർ മന്നവന്മാരുമെന്നോടിങ്ങിനെ ചൊല്ലിത്തോയം * അതുകൊണ്ടു നല്ലൊരു വഴിയാകുന്നതെന്നാൽ മതിമാൻ നളനെങ്കിൽ സേതുബന്ധിച്ചീടേണം * കാഷ്ഠമെങ്കിലും തൃണമെങ്കിലും ശിലശൈലകൂട്ടമെങ്കിലുമെന്നിലിട്ടവയൊന്നും പോലും * താണുപോകാതെ ധരിച്ചീടുവനതിന്നൊരു കാണിയുമീഷലുള്ള വാണി ചൊല്ലുകയല്ല * അവ്വഴിയൂടെ സൈന്യം ലങ്കയിൽ ചെല്ലുമിതു നൽവഴിയെന്നു തോന്നിച്ചിന്തിക്ക രഘുപതേ * ഇങ്ങിനെ പറഞ്ഞവൻ മാഞ്ഞൊരനന്തരം മംഗലാലയൻ ദേവൻ നളനോടരുൾചെയ്തു * ബന്ധിക്കനിയ്യുമെങ്കിൽ സമുദ്രം തന്നിൽ സേതു ബന്ധിക്കാം നിനക്കതുമെന്നുടെ നിയോഗത്താൽ * അപ്പൊഴുതെഴുന്നീറ്റു സത്വരം നളൻ താനു മുല്ലലനേത്രൻ തന്നെ നമസ്കാരവും ചെയ്താൻ * വാനരന്മാരും ശിലശൈലഭൂരുഹങ്ങളെ ദീനത വെടിഞ്ഞു കൊണ്ടന്നിതു പലവിധം * നളനുമവയെല്ലാം സലിലനിധി തന്നിൽ മിളിതമാമ്മാറു ചെയ്തീടിനാൻ ചതുരമായ് * ദശയോജനവഴി വിസ്താരമതുപോലെ ശതയോജനവഴി നീളവും മനോഹരം * ജാനകീപ്രാണനാഥൻ രാമചന്ദ്രനുമേവം വാനരന്മാരെക്കൊണ്ടു സേതുബന്ധിപ്പിച്ചതും * ഇപ്രകാരത്തിലുള്ള സേതുവെക്കണ്ടീടുകിലെപ്രകാരവുമുള്ള പാപങ്ങളൊക്കതീരും * സേതുമജ്ജനം കൊണ്ടു യാതൊരു പരിതോഷം ചേതസി മഹേശ്വരനുണ്ടാമെന്നതുപോലെ * ദാനവും വ്രതതപസ്സിവ കൊണ്ടുമാപരമാനന്ദം വരുന്നീല സത്യമെന്നറിഞ്ഞാലും * അർക്കനു തുല്യമായ തേജസ്സൊന്നില്ല ഭൂമൌ മിക്കതും സേതുതുല്യം തീർത്ഥവുമില്ലനൂനം * ബന്ധനെസേതോരാദ്യേദശമായതുമായാ ബന്ധനാശനം ദർശനമറിഞ്ഞാലും * അവിടെ തൊട്ടു ലങ്കാപര്യന്തം സേതുവിന്റെ നികടേ തീർത്ഥങ്ങളുണ്ടവധിയില്ലാതോളം * നാമധേയവുമതിൻ മഹത്വങ്ങളും ചൊൽവാനാമതിനാളല്ലെടോ താപസവരന്മാരേ * എന്നാലുമതിൽ പ്രധാനങ്ങളായിരിക്കുന്നോരുന്നത തീർത്ഥമിരുപത്തുനാലെണ്ണമെടോ * മുമ്പതിൽ ചക്രതീർത്ഥം വേതാളവരദവും പിമ്പു പാപനാശാഖ്യം ലോകവിശ്രുതതീർത്ഥം * ഉത്തമം സീതാസരസ്സന്നെ

അതീർത്ഥംപിന്നെ തത്രമംഗലതീർത്ഥമമൃതവാപികളും * ബ്രഹ്മകു
ണ്ഡവും ഹനുമൽകുണ്ഡമഗസ്ത്യവും നിർമ്മലം രാമതീർത്ഥം ലക്ഷ്മണ
തീർത്ഥം പിന്നെ * ത്രിജടാതീർത്ഥം ലക്ഷ്മീതീർത്ഥവുമഗ്നിതീർത്ഥം
പിന്നെയുമൊരു ചക്രതീർത്ഥമുണ്ടറിഞ്ഞാലും * ശിവതീർത്ഥവും ശംഖ
തീർത്ഥവും യമുനാഖ്യം ശിവദം ഗംഗാതീർത്ഥം തല്പരം ഗയാതീർത്ഥം *
കോടിതീർത്ഥവുമമൃതാഖ്യതീർത്ഥവും പിന്നെ കോടിതീർത്ഥവുമതി
നോട്ടുഃനരല്പന്തൃനം * മാനസതീർത്ഥം ധനുഷ്കോടിതീർത്ഥവുമേവം
മാനസാനന്ദം നൽകും തീർത്ഥങ്ങളറിഞ്ഞാലും * ഇക്കഥപഠിക്ക
യും കേൾക്കയും ചെയ്യും ജനം നീക്കമെന്നിയേ കൈലാസാചലേ
വസിച്ചീടും * താപസന്മാരുമപ്പോൾ സൂതനോടരുൾ ചെയ്തു താ
പനാശനമെടോ നിന്നുടെ വചോഗ്രഹ്യം * തീർത്ഥങ്ങളിവകളി
ലാദിമത്തിനു ചക്ര തീർത്ഥമെന്നല്ലോ നാമമതിനെന്തൊരു മൂലം *
കേട്ടാലുമെങ്കിലതിന്മൂലവും മഹത്വവും കേട്ടോളം മഹാപാപസ
ഞ്ചയം മുടിഞ്ഞീടും * ചതുർവ്വിംശതിയിലുമാദിമം ചക്രതീർത്ഥ മ
തിനു നേരായൊന്നുമില്ലെടോ മഹീതലേ * മനസാ പുനരേകന
തിനെ ധ്യാനം ചെയ്താൽ ജനനീഗർഭവാസമവനില്ലറിഞ്ഞാലും *
കോടിജന്മാർജ്ജിതങ്ങളായുള്ള പാപങ്ങളു മോടിപ്പോയ്മറഞ്ഞീടും
കീർത്തനം ചെയ്യാകിലും * ഗംഗയും സരസ്വതി രേവയും പമ്പാ
നദി ഭംഗിതേടുന്ന ഗോദാവരിയും കാളിന്ദിയും * നർമ്മദാ കാവേ
രിയും മണികർണ്ണികതാനും ധർമ്മജ്ഞോത്തമന്മാരേ മററുള്ള തീർത്ഥ
ങ്ങളും * ചക്രതീർത്ഥത്തിൻ മഹത്വത്തിന്റെ കോട്യംശത്തോടൊക്ക
മാറില്ല സത്യം സത്യമെന്നറിഞ്ഞാലും * ധർമ്മതീർത്ഥമെന്നുണ്ടങ്ങ
തിനു നാമധേയം നിർമ്മലന്മാരേ നാമസംഗതി ചൊല്ലീടുന്നേൻ *
പണ്ടൊരു മഹാമുനി ഗാലവനെന്നു പേരാ യുണ്ടായി നാരായണഭ
ക്തനായ്വിരക്തനായ് * ഭക്തനാമവൻ ഹാലാസ്യാവിദൂരതോ
മേവും ദക്ഷിണാംബുധിതീരേ ചെന്നു ധീമതാം വരൻ * ചക്രതീ
ർത്ഥത്തിൻ തീരസീമനി തപസ്സിന്നേ പ്രക്രമിച്ചിതു മഹാപുണ്യവാ
നെന്നേ വേണ്ടു * വാതവും വർഷം ശീതമുഷ്ണവും ദാഹം ക്ഷുധാ വാ
താവുമെന്നു വേണ്ട മററു മിദ്വന്ദ്വങ്ങളും * ഒക്കെയും സഹിച്ചാഹാ
രാദിയുമുപേക്ഷിച്ചു മിക്കതുമയ്യായിരം വത്സരമിതുപോലെ * കഴി
ഞ്ഞതു നാരായണനെഴുന്നെള്ളാഞ്ഞമൂലം കഴിഞ്ഞതില്ലപാരമെന്നു
റച്ചവൻതാനും * ശ്വാസവും കണ്ണുമടച്ചാശയുമൊഴിച്ചൊരു കാ
ൽവിരലൂന്നിപ്പഞ്ചസഹസ്രം വർഷമേവം * വിഷ്ണുപാദവും ധ്യാ
നിച്ചിങ്ങിനെ വർഷകാലേ വിഷ്ണുപാദവും നോക്കി ശ്രുതമാം തോയേ
നിന്നു * ഗ്രീഷ്മകാലേഷു പഞ്ചപാവകമദ്ധ്യസ്ഥനായ് ഭീഷ്മമായീടും
തപസ്സീങ്ങിനെ ചെയ്തിടിനാൻ * കേശവൻതന്നെ ധ്യാനിച്ചാശ

യോടഷ്ടാക്ഷരീ പേശലമന്ത്രംധ്യാനിച്ചങ്ങിനെവാഴുംകാലം * ക
മലവിലോചനൻകമലാജീവനാഥൻ കമലോപമചാരുചരണൻ
നാരായണൻ * വിമലമുനിവരതപസാസന്തുഷ്ടനാ യമലാശ
യനെഴുന്നെള്ളിനാൻപുരോഭാഗേ * ശംഖചക്രാബ്ജഗദാധരനാ
യ്ദിനകരാ സംഖ്യതുല്യമാംതേജസ്സോടുമത്ഭുതാകാരൻ * പീതവ
സ്ത്രവുംപൂണ്ടുകാളമേഘത്തിനുടെ കാതലംനിറമുള്ളോരാഗമസാ
ക്ഷിദേവൻ * ഗരുഡാരൂഢനായിഛത്രചാമരങ്ങളാൽ പെരി
കശ്ശോഭിച്ചഖിലാലംകാരങ്ങളോടും * സുനന്ദനന്ദാദികളൊരു
ഭാഗമേപിന്നെ സനന്ദസനകാദിമററൊരുപാർശ്വത്തിലും * വേ
ണുവുംമൃദംഗവുംപടഹംഭേരികുഴൽ വീണയുംതാളമിവവാദ്യങ്ങൾ
കൂട്ടുന്നതും * നാരദാദികളാൽഗീതാത്ഭുതവദനനായ് നീരജ
വിലോചനൻശ്രീവത്സാങ്കിതോരസ്കൻ * മന്ദഹാസവുംപൂണ്ടോ
രിന്ദിരാദേവിതന്റെ സുന്ദരമുഖാംബുജംകണ്ടുപുഞ്ചിരിയോടും *
ഭക്തന്മാരുടെമനോവാഞ്ഛിതംനൽകീടുന്ന പത്മനാഭനുംമുന്നി
ലെഴുന്നെള്ളിനനേരം * ആനന്ദപരീതനായ്താപസവരൻതാ
നും ദാനവാരിയെക്കുപ്പിത്തൊഴുതുനിന്നീടിനാൻ * നമസ്തേദേ
വദേവദേവായതുഭ്യംനമഃ നമസ്തേശംഖചക്രാംഭോരുഹഗദാഭൃ
തേ * നമസ്തേശുദ്ധായനിത്യായഭക്താർത്തിഹന്ത്രേ നമസ്തേസത്യ
സ്വരൂപായചിത്സ്വരൂപിണേ * നമസ്തേശ്രീമൂർത്തയേസൃഷ്ടി
സ്ഥിത്യന്തകർത്രേ നമസ്തേലക്ഷ്മീകാന്തായാനന്തവിഭൂതയേ * നമ
സ്തേസൂര്യേന്ദുനേത്രായസംഹാരകർത്രേ നമസ്തേവൈകുണ്ഠവാസാ
യദാനവാരയേ * നമസ്തേവേദാന്തവേദ്യായലോകേശപിത്രേ ന
മസ്തേവൃജിനാർത്തിഹാരിണേനാരായണ * നമസ്തേശ്രീവാസുദേ
വായശാർങ്ഗിണേനമോ നമസ്തേശേഷപര്യങ്കാധിശായിനേനമഃ *
ഇത്തരംപലവിധംസ്തുതിച്ചോരനന്തരം മൈത്രയുംപ്രസാദിച്ചുല
ക്ഷ്മീവല്ലഭൻതാനും * ഗാലവൻതന്നെത്തിരുമേനിയിൽചേർത്തു
കരുണാലയനാലിംഗനംചെയ്തരുൾചെയ്തീടിനാൻ * എന്തൊ
രുവരംനിനക്കാഗ്രഹമുള്ളതതി നന്തരമില്ലവരിച്ചീടുകമടിക്കേ
ണ്ട * നിന്നുടെസ്തോത്രംകൊണ്ടുംതപസ്സുകൊണ്ടുംപര മോന്ന
തംനമസ്കാരംകൊണ്ടുംഞാൻപ്രസാദിച്ചേൻ * അരുൾചെയ്തതു
കേട്ടുഗാലവമുനീന്ദ്രനു മുരചെയ്തുതേനമസ്കാരപൂർവ്വകംതദ *
ചിന്മയജഗന്മയഗോവിന്ദഭഗവാനേ നിന്മഹാമായാഗുണമാർക്ക
റിഞ്ഞീടാവതും * പങ്കജവാസൻമുമ്പായുള്ളോരുദേവന്മാർക്കും
നിൻകഴലിണകാണ്മാനെത്രയുംപണിയല്ലോ * നിൻകൃപാങ്കുരലേ
ശംകൊണ്ടതുകാണായ്വന്നു കിങ്കരനായോരിനിക്കെന്തിനിവേണ്ടു
ന്നതും * ധർമ്മപാലകനായനിൻകഴൽകണ്ടീടുവാൻ ധർമ്മിഷ്ഠമാ

രുംപാരമാഗ്രഹംതേടീടുന്നു * വേദത്തിൽതിരകിലുംവേദാന്തേതി
രഞ്ഞാലും വേദവേദ്യനാംനിങ്കൽഭക്തിയില്ലെന്നാകിലോ * ആ
പാതപ്രായംചൊല്ലാംകണ്ടുകിട്ടുമോതവ ശ്രീപാദാംബുജമെന്നുകണ്ടു
ഞാനഹോഭാഗ്യം * യാതൊരുപാദമൊരുജന്മത്തിലൊരുനേരം
ചേതസാസ്മരിപ്പവൻമോക്ഷത്തെപ്രാപിച്ചീടും * എന്നിരിപ്പോ
രുചരണാംബുജംകണ്ടേനിനി ക്കിന്നല്ലോസഫലമായ്വന്നിതുജ
ന്മംനാഥ * പരമഭഗവൽപദസ്നേഹരൂപിണിയായ പരമഭ
ക്തിവരംതരികവിരവോടെ * എന്നതുകേട്ടുതെളിഞ്ഞരുളിച്ചെ
യ്തുമുനി തന്നോടുഭഗവാനുംമന്ദഹാസാനന്തരം * അങ്ങിനെത
ന്നെനിനക്കെങ്കിലുമുള്ളൊരുഭക്തി മങ്ങാതെവർദ്ധിച്ചീടുമില്ലസംശ
യമേതും * മൽഭക്തിയോടുംനീയുംമൽദ്ധ്യാനപുരസ്സരം മല്പുരാച്ച
നംചെയ്തുവസിക്കതപോനിധേ * ഒടുക്കംനിനക്കുടനെന്നുടെ
സരൂപത്തോടുകൂടസായൂജ്യവുംവരികവിശേഷിച്ചും * ധ
ർമ്മിഷ്ഠന്മാർക്കുവാസമിവിടെയോഗ്യമിതു ധർമ്മപുഷ്കരിണിയെന്ന
റികമഹാമുനെ * ധർമ്മനായതുപണ്ടുപെരികക്കാലമിഹ നിർമ്മ
ലംതപസ്സിനാൽസേവിച്ചുമഹേശനെ * അന്നവൻനിയമസ്നാ
നാർത്ഥമായൊരുതീർത്ഥ മന്നതുംചമച്ചുതുമൂലമിസ്സരോവരൻ *
ധർമ്മപുഷ്കരിണിയെന്നുള്ളൊരുനാമംകൊണ്ടു ധർമ്മജ്ഞന്മാരാൽ
ചൊല്ലപ്പെട്ടുന്നുഭൂമണ്ഡലേ * അന്നവൻതന്റെതപോമഹിമ
യ്ക്കൊത്തുകണ്ടാൽ നിന്നുടെതപസ്സിന്നുമസാദൃശ്യമില്ല *
പലനാൾതപസ്സോടുംകഴിഞ്ഞോരനന്തരം വലശാസനസേവ്യ
നീശ്വരമഹാദേവൻ * തൻപ്രഭകൊണ്ടുപത്തുദിക്കുമുജ്ജ്വലി
പ്പിച്ചി ട്ടുമ്പോടെധർമ്മദേവന്മുമ്പിലങ്ങെഴുന്നെള്ളി * അന്നേ
രംഭഗവാനെക്കണ്ടവൻനമസ്കരി ച്ചാനന്ദത്തോടെസ്തുതിച്ചീടി
നാൻപലതരം * പ്രണവാത്മകമായജഗതാംനാഥതവ ചരണ
സരസിജമനിശംവന്ദിക്കുന്നേൻ * ഒട്ടൊഴിയാതെയുള്ളദേവതാരൂ
പംകൈക്കൊ ണ്ടിഷ്ടിരൂപനായാദിമദ്ധ്യാന്തരഹിതനായ് * ഊ
ർദ്ധ്വരേതസ്സായ്നിടിലാക്ഷിയുംധരിച്ചോരു ഭഗവൽമൂർത്തസായകനി
ൻപാദംകൈതൊഴുന്നേൻ * സമസ്തജഗത്തിന്നുമാധാരഭൂതനായി
സമസ്തകർമ്മങ്ങൾക്കുംസാക്ഷിയായ്വിശ്വാത്മാവായ് * സമസ്തവൃ
ന്ദാരകവന്ദിതചരണനാം സമസ്തേശ്വരദേവനിൻപാദംകൈ
തൊഴുന്നേൻ * ജനനമതുമില്ലമരണമതുമില്ല മുനിമാനസങ്ങളിൽ
വസതിസദാകാലം * മനസാനിരൂപിക്കുംജനാനാംഘോഷംനൽ
കും ദനുജാന്തകശംഭോനിൻപാദംകൈതൊഴുന്നേൻ * കനത്തനിറ
ത്തോടുചെറുതഗളംതന്നിൽ തരത്തിൽപെരുത്തോരുഫണിമാ
ലയുംപൂണ്ടു * മറുത്തദുരിതംവേരറുത്തുകളയുന്ന കരത്തിൽനിരു

ത്മമേനിൻപാദംകൈതൊഴുന്നേൻ * ശൂലവുംപിനാകവുംധരി
ച്ചുതൃക്കൈകളും കാലനുംഭയപ്പെട്ടുംരുദ്രവേഷവുംപൂണ്ടു * പുഷ്പ
സായകരൂപസംഹാരനയനനാം വിശ്വനായകപോററിനിൻ
പാദംകൈതൊഴുന്നേൻ * പഞ്ചഭൂതങ്ങൾക്കെല്ലാമാധാരഭൂത
നായി സഞ്ചിതപുണ്യാത്മനാംവാഞ്ഛിതംനൽകീടുന്ന * മു
ഞ്ചുകേശാഭീഷ്ടദപാർവ്വതീപതേപത്മ സംഭവനമോസ്തുതേസന്ത
തംകൈതൊഴുന്നേൻ * ധർമ്മദേവനാലഭിഷ്ടതനായൊരുലോക
കർമ്മസാക്ഷിയാംപരമേശ്വരൻപ്രസന്നനായ് * വേണ്ടുന്നവ
രംവരിച്ചീടുകഭവാനേതും വേണ്ടാതാമസമേററംസന്തോഷംപൂ
ണ്ടേനഹം * അത്രയുമല്ലപുനരിസ്തോത്രംജപിപ്പവ നെത്രയു
മിഷ്ടൻനമുക്കെന്നതുംവന്നുകൂട്ടും * ഈശ്വരപ്രസാദംകണ്ടീടിന
ധർമ്മദേവ നാശ്ചര്യത്തോടുമണെത്തിച്ചിതുനിജാഗ്രഹം * നി
ന്തിരുവടികളെന്താൻവാഹനമായീടേണ മെന്നൊരുചിത്രമിനിക്കി
ങ്ങിനെയൊരുമോഹം * അതിനുവരംതരികതിനുകൃപാവശാ ല
ന്തശതകോടിസുന്ദരകളേബര * എങ്കിലങ്ങിനെതന്നെവാ
ഹനമായീടുക നിങ്കലിന്നതിനുള്ളശക്തിയുമുണ്ടായീടും * ഒരുവ
ൻതന്നെസ്സേവിച്ചീടിനാലവനെനങ്കൽ പെരികഭക്തിയുണ്ടാംകൈ
വല്യമതുമുണ്ടാം * ഈവണ്ണമനുഗ്രഹിച്ചീടിനനേരംധർമ്മ നാം
വണ്ണംപ്രസാദിച്ചുവൃഷഭരൂപംപൂണ്ടാൻ * അന്നുതൊട്ടീശ്വരൻ
തൻവാഹനമായിവന്നു നന്നിതുനിരൂപിച്ചാലെന്നതേപറയാവൂ *
കാളകണ്ഠനുംവൃഷാരൂഢനായരുൾചെയ്തു കേളെടോധർമ്മനി
ന്നാൽകൃതമാംധർമ്മതീർത്ഥം * ലോകവിശ്രുതമിതിൻതീരത്തുജപ
ഹോമ പാകദാനാദിധർമ്മകർമ്മങ്ങൾചെയ്യുന്നവൻ * അന്ത
മില്ലാതഫലംഭുജിപ്പോരതിന്നേതു മന്തരമില്ലെന്നരുൾചെയ്തുശ
ങ്കരൻദേവൻ * കൈലാസധരാധരംതന്നിലങ്ങെഴുന്നെള്ളി
ശൈലകന്യകാമനോവല്ലഭൻമഹാമുനേ * ഗാലവാനിന്നുമിനി
ധർമ്മതീർത്ഥാന്തേസദാ കാലവുംതപസ്സുചെയ്യിരിക്കയെഹാസുഖം *
അന്ത്യകാലത്തിൽനിന്നുംദേഹവുമുപേക്ഷിച്ചു നന്തികേവസി
ച്ചീടുമിപ്പുസംശയമേതും * ഇടയിലോരോഭയംവരികിൽപാല
നാർത്ഥം പടുവാംമൽചക്രംനിന്നരികെവസിച്ചീടും * ഗാലവ
ൻതന്നോടേവമരുളിച്ചെയ്തുലോക പാലകൻതാനുംമറഞ്ഞരുളീ
ടിനാനപ്പോൾ * അന്നുതൊട്ടനുദിനംധർമ്മപുഷ്കരിണിയിൽ ചെ
ന്നവൻസ്നാനംചെയ്തുവിഷ്ണുപൂജാസക്തനായ് * ഇന്ദ്രിയങ്ങളെ
ജയിച്ചുനാഥഹംമനസ്സിങ്ക ലിന്ദ്രസോദരപദംധ്യാനിച്ചുമരുവിനാ
ൻ * ഇങ്ങിനെപലകാലംകഴിയുംദശാന്തരേ മംഗലമാംഘമാ
സേകൃഷ്ണപക്ഷകാദശ്യാം * ഉപവാസവുംചെയ്തുരാത്രിയിൽനി

ദ്രൌപദി ഞെരുപദേവേന്ദ്രൻതന്നെപ്പൂജിച്ചവഴിപോലെ * പി
റൊന്നാളുഷഃകാലെസ്നാനവുംചെയ്തുശേഷം മറെറുള്ളകൃത്യങ്ങളും
കഴിച്ചുവിനീതനായ് * മനസാസാളഗ്രാമെവിനതാസുതവാഹം
ജനിതാനന്ദപ്രദമഘനാശനംകൃഷ്ണം * മത്സ്യകച്ഛപവരാഹാകൃ
തിനാരസിംഹം ശസ്യവാമനഭൃഗുജാതരാമരൂപിണം * സീരി
വാസുദേവകൽക്യാദിവിഗ്രഹംവര ധാരിണമനാദ്യന്തംപ്രണതാ
ർത്തിഹാരിണം * ശ്രീനാരായണംധ്യാനിച്ചിരുന്നീടുന്നനേരം
പീനാകാരനായോരുരാക്ഷസൻമഹാഘോരൻ * ഗാലവന്ത
ന്നെപ്പിടിച്ചമ്മാനമാടിപ്പിന്നെ ലീലയാകടിച്ചുഭക്ഷിപ്പതിനൊ
രുമ്പെട്ടു * പേടിച്ചുമുനിവരനാടൽപൂണ്ടെത്രനേരം ശുദ്ധരൂപി
യാംമധുവൈരിയെസ്തുതിചെയ്തു * ഭക്തന്മാരാർത്തിനാശംവരു
ത്തുംമുകുന്ദനും ഭക്തരക്ഷാർത്ഥംനിജചക്രത്തെനിയോഗിച്ചു *
അപ്പോൾകാണായ്വന്നുചക്രതീർത്ഥാന്തേചക്ര മല്ലമല്ലനന്താദി
ത്യാഭതതിടുംവണ്ണം * ജ്വാലാമാലയുംപൂണ്ടിട്ടുഗ്രമാംനാദത്തോ
ടും കാലവിക്രമംമഹാദൈത്യമർദ്ദനംപരം * അതിനെക്കണ്ടു
നേരംദുഷ്ടനാംനിശാചര നതിയായ്ഭയംപൂണ്ടുകുണ്ഠനായ്മണ്ടീടി
നാൻ * പിന്നാലെതന്നെചെന്നുചക്രവുംമഹാരോഷം തന്നാ
ലദുഷ്ടൻതലയറുത്തുവീണ്ടിടിനാൻ * മുനിയുംസന്തുഷ്ടനായ
പനാദവുംചെയ്തു ദനുജാന്തകചക്രംബഹുധാപ്രശംസിച്ചു *
വിശ്വരക്ഷാർത്ഥമായിദീക്ഷിതനായുള്ളോരു വിശ്രുതകീർത്തേപ്രദ
ർശിതേനമസ്കാരം * കേശവകരാംബുജഭൂഷണായതേനമഃ പേ
ശലഗുണായദൈത്യാന്തകായതേനമഃ * ഭക്തന്മാർക്കുണ്ടാകുന്നോ
രാപത്തുകളെവാനും നിത്യമായ്രക്ഷിപ്പാനുമേവമാരഹോവിഭോ *
ധർമ്മപുഷ്കരിണിയിൽനിന്തിരുവടിസദാ ധർമ്മരക്ഷാർത്ഥംവസിച്ചീ
ടേണംദയാനിധേ * ഗാലവവാക്യംകേട്ടുസന്തോഷംപൂണ്ടുലോ
ക പാലകചക്രൻതാനുമവനോടുരചെയ്തു * രാക്ഷസാധമൻ
മൂലംതാപസവരഭവാൻ ദുഃഖസങ്കടംപൂണ്ടുവിഹിതനാകയാ
ലെ * ലോകനായകൻനിയോഗിക്കയാലിഹവന്നു ശോകനാ
ശനൻതവവരുത്തീടിനേൻഞാനും * ശുദ്ധമായിരിപ്പോരു
ഭക്തികണ്ടത്രയുംഞാൻ ബദ്ധമോദനായ്വന്നുസാമ്പ്രതംമുനിവ
ര * ദേവീപതനത്തോളമിവിടെനിന്നുലോക പാവനംതി
ർത്ഥമിതാകവെവ്യാപിച്ചുഞാൻ * ശ്രീനാരായണഭക്തന്മാരെ
രക്ഷിപ്പതിനായ് ദീനതയെന്നിവസിച്ചീടുവൻസദാകാലം * നാ
മിതിലിതികയാൽചക്രതീർത്ഥമെന്നൊരു നാമധേയവുമിതിനാ
ണ്ടാകുമറീതലേ * ഇത്തീർത്ഥംതന്നിൽസ്നാനംചെയ്യുന്നജന
ത്തിനു പുത്രപൌത്രാദിസമ്പത്തുണ്ടാകമാത്രമല്ല * അഖിലപാ

പങ്ങളുമുടനെനശിച്ചുപോ യഖിലേശ്വരൻതാൻറസായൂജ്യമു
ണ്ടായ്വരും * പൂൎവ്വികന്മാൎക്കുഗതിചിന്തിച്ചുപിണ്ഡദാന മു
മ്പുരാദേവന്മാൎക്കുഭോജനമിത്യാദികൾ * ഒരുവനിതചെയ്യാലവ
ൎക്കുണ്ടാംമോക്ഷം പരമഗതിപുനരവനുംകൈവന്നീടും * ക
ണ്ടകാന്തകനേവമുരചെയ്യെല്ലാവരും കണ്ടിരിക്കവേധൎമ്മതീൎത്ഥ
ത്തിൽപ്രവേശിച്ചു * ഇക്കഥപഠിക്കതാൻകേൾക്കതാൻചെയ്യും
ജനം ഭോഷ്ഠല്ലചക്രതീൎത്ഥസ്നാനംകൊണ്ടുള്ളഫലം * നീക്കമെ
ന്നിയെലഭിച്ചീട്ടുമെന്നല്ലോപുന രാക്ഷേമനാമുനിമണ്ഡലംചൊ
ല്ലികേൾപ്പു * സൂതനോടതുകേട്ടുതാപസന്മാരുംപര മാദരവോ
ടുംചോദിച്ചീടിനാരതുകാലം * ഏതുരാക്ഷസനവൻഗാലവമുനീ
ന്ദ്രനെ ചേതസിഭയപ്പെടുത്തീട്ടുവാനെന്തുമൂലം * അറിഞ്ഞ
വാറുപുനരേതുമെവെകീടാതെ പറഞ്ഞീടേണമെന്നുകേട്ടുസൂ
തനുംചൊന്നാൻ * ഭൂതലേഹാലാസ്യമെന്നുണ്ടൊരുപുണ്യക്ഷേ
ത്രം ഭൂതനായകപരമാസ്പദംമോക്ഷപ്രദം * തത്രപണ്ടൊരുകാല
മെത്രയുംവിഖ്യാതന്മാരത്രിമുമ്പായതപോധനന്മാർപലരുമായ് *
ഇന്ദുചൂഡനെസ്സേവിച്ചുനാഥാംജടാഭാര നന്ദിതശീൎഷന്മാരായ്ഭ
സ്മധൂളികന്മാരായ് * രുദ്രാക്ഷാഭരണവുംത്രിപുണ്ഡ്രാങ്കിതഫാല
മുദ്രയുംപൂണ്ടുരുദ്രധ്യാനതല്പരന്മാരായ് * മരുവുംകാലംഗന്ധൎവ്വാ
ധിപൻവിശ്വാവസു തനയൻദുൎമ്മൻതാനപ്സരസ്ത്രീകളോടും *
ഹാലാസ്യനാഥതീൎത്ഥേജലക്രീഡനംചെയ്വാ നാലസ്യംവെടി
ഞ്ഞവൻതുനിഞ്ഞുമദാന്ധനായ് * വസ്ത്രങ്ങളഴിച്ചതിൻകരമേലി
ട്ടുകാമ നസ്ത്രങ്ങൾധരിച്ചതിലിറങ്ങികളിക്കുമ്പോൾ * വരിഷ്ഠ
തപോനിധിചിലതാപസന്മാരും ഗരിഷ്ഠമഹിമാവാംവസിഷ്ഠമു
നീന്ദ്രനും * സൂൎയ്യോപസ്ഥാനംചെയ്വാനവിടേക്കെഴുന്നെള്ളി സൂൎയ്യ
നെപ്പുഴിച്ചീട്ടുംതേജസാംനിലയനൻ * അതുകണ്ടതിമാത്രംലജ്ജയും
പേടിയുംപൂണ്ടതിചാൎവ്വംഗിമാരാംമധുവാണിമാരെല്ലാം * അടുത്തു
കരംതന്നിലെടുത്തുവസ്ത്രങ്ങള മുടുത്തുനിന്നീടിനാർപൊട്ടക്കന്നവർ
കളും * നടിതന്മിയലുന്നദുൎമ്മനട്ടത്തില തട്ടത്തീടാമോവിധികല്പിത
മാക്കുന്നാലും * വസിഷ്ഠൻതാനുമവൻദുൎവൃത്തംകണ്ടുപാരം ഗരിഷ്ഠ
കോപംപൂണ്ടുശാപവുംനൽകീടിനാൻ * രാക്ഷസധൎമ്മംനിനക്കിഷ്ട
മായതുമൂലം രാക്ഷസനായിബ്ഭവിച്ചീട്ടുകനിസ്തുംവേഗാൽ * താൎമ്മിഴി
മാരേനിങ്ങളാമയംതേടീടേണ്ട പോയ്മരുവുകസുരനായകലോകംത
ന്നിൽ * അന്നേരംകൂപ്പിത്തൊഴുതവരുംമുനികുല നായകൻതന്നെ
നോക്കീട്ടുവരുമുരചെയ്താർ * ബ്രഹ്മനന്ദനകരുണാനിധേതപോനി
ധേ നിൎമ്മലഭവാനുകാരുണ്യമുണ്ടായീടേണം * അംഗനാജനത്തിനു
ജീവനായതുമുനി പുംഗവഭൎത്താവെല്ലോഭൂഷണമാകുന്നതും * പതി

യില്ലാതനാരിക്കതിയായിരിപ്പോരു നിധിയുംനൂറുപുത്രന്മാരുമുണ്ടെ
ന്നാകിലും * വിധവയെന്നല്ലൊയാലോകവിഖ്യാതിപൂന രത്തുസംഗ
തിവരുത്തീടൊല്ലദ്ദയാനിധെ * ഒരിക്കലെപരാധംപിണഞ്ഞാൽക്ഷമി
ക്കേണം തരംകെടില്ലമഹാപുരുഷന്നതുമൂലം * ഇങ്ങിനെദേവാംഗ
നാസങ്കടംകണ്ടുമുനി പുംഗവൻപ്രസന്നനായവരോടരുൾചെയ്തു *
ശാപഭാഷണംപഴുതാകയില്ലൊരുനാളും കോപമല്ലെടോചൊല്ലാമ
തിനുള്ളൂപായവും * പതിനാറാണ്ടുരക്ഷോവരനായിട്ടുംയുഷ്മൻ പതി
യാമിവൻപിന്നെദൈവകല്പിതബലാൽ * മഹിമാലയമായചക്ര
തീർത്ഥാന്തമേവും മഹിതചരിത്രനാംഗാലവമുനീന്ദ്രനെ * ക്ഷുത്തു
കൊണ്ടെടുത്തുഭക്ഷിപ്പാനായ്ത്തുടങ്ങുമ്പോൾ ക്രുദ്ധനായവിടെക്കാ
ണായ്വരുംസുദർശനം * വന്നാട്ടതിവേഗമായുംകൊന്നീടുമെന്നാലുടൻ
നന്നായ്വന്നീടുംശാപമോക്ഷവുമിവനെടോ * ശാപമോക്ഷവുമേവം
നൽകിമാമുനിവരൻ പാപനാശനൻനിജമാശ്രമമകംപുക്ക * ഭദ്രമ
നാളുംപോലെരാക്ഷസവേഷംവെടി ഞ്ഞുദ്ദാമതേജസ്സുള്ളസുന്ദരരൂപ
ത്തോടും * വിഷ്ണുചക്രത്തെപ്രദക്ഷിണവുംചെയ്തുതൊഴു തുഷ്ണഭാന
വോടൊക്കെഗാലവമുനിയെയും * വന്ദിച്ചുയാത്രചൊല്ലിദേവനാരി
മാരുമാ യൊന്നിച്ചുസുരലോകംപുക്കവൻവാണീടിനാൻ * അക്കഥ
യൊക്കെക്കേട്ടിട്ടുൾക്കനിവോടുംമുനി മുഖ്യന്മാർസൂതനോടൊന്നക്കാ
ലംചോദ്യംചെയ്തു * പത്തുയോജനദീർഘംപൂണ്ടിരിപ്പോരുചക്ര തീ
ർത്ഥമെന്തെടോദർശനത്തിങ്കൽചൊറം * ദേവീപത്തനത്തിലും
കാണെന്താന്നങ്ങുകാണ്മാ നേവമാവതിനെന്തുകാരണംപറകെടോ *
കേട്ടാലുമെങ്കിൽപണ്ടുപർവതശ്രേഷ്ഠന്മാർക്ക വാട്ടമില്ലാതപക്ഷമുണ്ടെ
ന്നധരിച്ചാലും * ഉദ്ധതന്മാരായവരങ്ങോട്ടുമിങ്ങോട്ടുമാ ബദ്ധപൌ
രുഷാവിയന്മാർഗ്ഗേസഞ്ചരിക്കുമ്പോൾ * കാനനക്ഷേത്രഗ്രാമനഗരാ
ദികളിലും ന്യൂനകാരുണ്യമവർപതിക്കമൂലമായി * തരുക്കൾപശു
ക്കളും മനുഷ്യന്മാരുമെല്ലാം മരിക്കയെന്നായ്വന്നു കഷ്ടമെത്രയുമോർത്താ
ൽ * പർവതഭയംകൊണ്ടുയാഗാദികർമ്മങ്ങളും സർവ്വവുമില്ലാതെയായ്
ചമഞ്ഞുഭൂമണ്ഡലേ * ദേവതമാരുംമഹാസങ്കടംപൂണ്ടമൂലം ദേവരാ
ജാവുംപാരംകോപവുംപൂണ്ടീടിനാൻ * വജ്രവുമെടുത്തുടൻപർവതപ
ക്ഷച്ഛേദം വ്യഗ്രമെന്നിയെചെയ്തുതുടങ്ങി ദേവേന്ദ്രനും * ചിലശൈ
ലങ്ങളങ്ങുഭയപ്പെട്ടോടിച്ചെന്നു ജലധിജലംതന്നിലൊളിച്ചോരന
ന്തരം * ജലധിയെന്നോർത്തതിൽചിലപർവതങ്ങളും മലനാശനാംച
ക്രതീർത്ഥത്തിൽവാണീടിനാർ * അതുകൊണ്ടതിന്നിടെനിലമായ്ച
മഞ്ഞതും മതിമാന്മാരേപുനരതികൌതുകമെല്ലോ * ഇനിയുംചക്രതി
ർത്ഥമാഹാത്മ്യംചൊല്ലീടുന്നേൻ മുനിനായകന്മാരേകനിവോടിതുകേൾ

പ്പിൻ * നാന്മറകളിരിപ്പിടമായിരിക്കുന്നനാഥൻ നാന്മുഖനൊരു
കാലംസാവിത്രീദേവിയോടും * സ്വൈരമായ്സത്യലോകേവാഴുന്ന
നേരംമുനിവൎയ്യന്മാർസനൽകുമാരാദികളെല്ലാവരും * ദേവേന്ദ്രൻ
മുമ്പായുള്ളദേവതാസമൂഹവും കേവലമാദിത്യാദിഗ്രഹങ്ങൾവസു
ക്കളും * കിന്നരന്മാരുംസിദ്ധസാദ്ധ്യകിംപുരുഷന്മാരെന്നൊഴിയാ
തെചെന്നുവണങ്ങിനിന്നീടിനാർ * ഉൎവ്വശിമുതലായദേവനാരിമാര
പ്പോൾസൎവ്വമോഹനമായരൂപവുംധരിച്ചുടൻ * ഒത്തുചെന്നാംഭോ
ജാധിവാസന്റെതിരുമുമ്പിൽനൃത്തവുംതുടങ്ങിനാർവീണാപ്രവീണനാം
ത്ഥം * വാദിത്രഘോഷങ്ങളുംതുടൎന്നനേരംഹൎഷം മോദമാൎന്നോരുപ
വമാനനുംവീശീടിനാൻ * മത്സരംകലൎന്നോരോഹാവഭാവങ്ങളോടു
മപ്സരസ്ത്രീമന്ദഘോഷംകളിച്ചുതളൎന്നപ്പോൾ * രൂപയൌവനമദവിഭ്ര
മംപൂണ്ടുള്ളൊരു കോപനാസുശോഭനാമന്ദമായലംബുസാ * കണ്ട
വൎമനസ്സപഹരിക്കുംകടാക്ഷവും തണ്ടലർശരചാപാപഴിക്കുംഭ്രൂവ
ല്ലിയും * കൊണ്ടൽതൻനിറമുടയോരുകുന്തളംതന്നി ലണ്ടർകോൻ
തരുസുമജാലമാലയുംപൂണ്ടു * തണ്ടയുംചിലമ്പുമിട്ടന്യദേവനാരി
മാർ കണ്ടുകുമ്പിയലുമാറമ്പിനോടാടീടിനാൾ * അപ്പുരികുഴലാൾത
ന്നുത്തുംഗനൃത്തംകണ്ടു ചില്ലൂരൻമുതലായോരെപ്പേരുമാനന്ദിച്ചും *
കാമവല്ലഭൾതന്നെമാറുകളിക്കുമ്പോൾ കാറ്റുകൊണ്ടുടുത്തപൂവാട
യുമഴിഞ്ഞുപോയ് * അന്നേരംബ്രഹ്മാദികളായദേവന്മാർകണ്ണും ന
ന്നായിച്ചിമ്മിലജ്ജപൂണ്ടുപിന്തിരിഞ്ഞുതേ * അതുമങ്ങുപകാരമായി
ത്തു വിധൂമനാം മതിമാനായവസുപ്രവരനെന്നേവേണ്ടു * മദനശരപ
രവശനായവളുടെ ജഘനാദികൾകണ്ടുകുതുകംപൂണ്ടീടിനാൻ * അ
തുകണ്ടുകരതാരിലതികോപവുംപൂണ്ടു ചതുരാനനൻശപിച്ചീടിനാൻ
വിധൂമനെ * ഇത്തരംനിത്യകൎമ്മമിഷ്ടമാകയാൽനിസ്ത്യം മൎത്ത്യനായ്ജ
നിക്കഭൂമണ്ഡലേദുരാചാര * വാമലോചനേനിസ്ത്യംകേളിമലംബു
സേ കാമപൂരണമിവനേകുവാൻമഹീതലേ * മാനുഷാംഗനയായി
ജനിച്ചുചിരകാലം മാനസസുഖമോടുംരമിച്ചുവസിക്കെടോ* ശാപം
കെട്ടവനതിതാപവുംപൂണ്ടുപാരം വേപഥുമാനായ്ചതുരാനനനോ
ടുചൊന്നാൻ * ഞാനറിയാതെചിലപാപങ്ങൾചെയ്യാകിലും മാ
നസേദയാനിധേസഹിച്ചീടേണംവിഭോ * കിങ്കരനായോരടിയനു
മാനുഷജന്മം സങ്കടമല്ലോജഗന്നായകഭഗവാനേ * ഇങ്ങിനെതൊ
ഴുതവൻപ്രാൎത്ഥിച്ചോരനന്തരം * മങ്ങിനെശാപമോക്ഷംകൊടുത്തുവി
ധാതാവും * ഭൂപാലനായിജനിച്ചാമയംവെടിഞ്ഞുനീ ഭൂമിപാലന
വുംചെയ്യുകമോദപുരസ്സരം * മോഹനാപാംഗിയാകുമിവളിലുള്ളകാ
മമോഹവുംതീൎത്തുമഹാഭാഗ്യവാനായ്വാഴുംകാലം * ഏത്രയുംപ്രസിദ്ധ
നായ്ശത്രുസൂദനനായി പുത്രനുമുണ്ടായ്വരുമവനെന്റെശിവാനതേ*

രാജ്യഭാരവുമവന്നേകിനീഭാൎയ്യയോടും പൂജ്യമാംചക്രതീൎത്ഥസ്നാനമ
ന്പോടുചെയ്തു * അന്നുനീമാനുഷത്വംവെടിഞ്ഞുദേവലോകം ചെ
ന്നുപുക്കീടുമതുസത്യമെന്നറിഞ്ഞാലും * പിന്നെയപ്പോയവൻതാനും
തന്നുടെഗൃഹംപുക്കു മന്നിൽപോയ്ജനിക്കയെന്നുള്ളതോൎത്തുഴലോ
ടും * പുഷ്പദന്തനുംബലോല്ക്കടനുംമാല്യവാനു മിപ്രിയസഖികളോടി
പ്രകാരത്തെച്ചൊന്നാൻ * പാരതിൽമനുഷ്യനായ്ഞാനിനിജനിക്കു
മ്പോളാരിനിക്കഹോപിതൃഭാവയോഗ്യനായുള്ളു * മാതൃഭാവത്തി
ന്നൊരുനാരിയാരുള്ളപാരം കാതരനായീടുന്നേൻഞാനിവനിനയ്ക്ക
യാൽ * കൌശാംബിനഗരത്തിലുണ്ടൊരുനരാധിപൻ കൌശല
ശാലിശതാനീകനെന്നതിഖ്യാതൻ * അവന്റെഭാൎയ്യവിഷ്ണുമതിയെ
ന്നൊരുനാരി ഭവന്റെജായസാക്ഷാൽപാൎവ്വതിയെന്നപോലെ *
അവരെമാതാപിതാക്കന്മാരായ്കല്പിച്ചുഞാ നവനീതലേജനിച്ചീടു
വാൻപോയീടുന്നേൻ * ഇത്തരംപറഞ്ഞതുകേട്ടവൻസഖികളു മ
ത്തൽപൂണ്ടവൻതന്നോടിത്തരമുരചെയ്താർ * ആവതില്ലല്ലോനമു
ക്കൊക്കമേനിരൂപിച്ചാൽ ദൈവകല്പിതത്തിനുകേവലംപ്രിയസഖേ*
നിന്നോടുപിരിവതുഞങ്ങൾക്കകാലധൎമ്മം തന്നോടുതുല്യമതുകാര
ണംവയമെല്ലാം * മനുജന്മാരായ്ജ്ജനിച്ചവനീപാലനാംനി ന്നനു
സേവയുംചെയ്തുവാഴുകെന്നതേവരൂ * ചൊല്ലിനാനവരോടുമന്ദഹാ
സവുംപൂണ്ടു നല്ലസൌജന്യശാലിവചനംവിധൂമനും * ഊനമില്ലാ
തെനിങ്ങൾക്കെന്നിലെസ്നേഹമെല്ലാം ഞാനറിഞ്ഞിരിക്കുന്നേനെ
ങ്കിലുംചൊല്ലീടുവൻ * ബ്രഹ്മശാപംകൊണ്ടിനിക്കിന്നിതുവേണ്ടിവ
ന്നു നിൎമ്മലന്മാരേനിങ്ങൾക്കെന്തിനെന്നതുചൊൽവിൻ * നന്നല്ല
മാനുഷ്യമാംജന്മമെന്നറിയേണ മൊന്നല്ലദോഷംപലവുണ്ടായ്വന്നീടു
മെല്ലോ * എത്രയുംജുഗുപ്സിതമായതിലഭിലാഷം മിത്രഭൂതന്മാർനി
ങ്ങൾക്കുണ്ടാകയോഗ്യമല്ല * എന്നുടെശാപമോക്ഷംപൎയ്യന്തംവിയോ
ഗവും ധന്യന്മാർനിങ്ങൾസഹിച്ചീടേണമതേവേണ്ടു * എന്നതുകേ
ട്ടപാരംഖിന്നതയോടുമവ രിന്നുഞങ്ങളെവെടിഞ്ഞീടുകയോഗ്യമ
ല്ല * എന്നുമേനിന്നെപ്പിരിഞ്ഞില്ലൊരുപരിചയം ഇന്നിതിന്നൊരു
ബന്ധമിന്നുതോന്നീലതാനും * എന്നവർനിശ്ചയംകേട്ടഞ്ജസാവിധൂ
മനും നന്നിതെന്നുരച്ചുമേവീടുന്നദശാന്തരേ * അക്കാലംസോമവം
ശാലങ്കാരഭൂതനായ വിഖ്യാതനരപാലൻജനമേജയപുത്രൻ* ചൊ
ല്ലേറുംശതാനീകൻബുദ്ധിമാൻനീതിശാലി നല്ലസജ്ജനങ്ങളിൽമുമ്പ
നാമഭിമാനി * വിക്രമൈശ്വൎയ്യൻയുവാകൌശാംബിപുരമെല്ലാം ര
ക്ഷണംചെയ്തുസുഖിച്ചന്വഹംവാണീടിനാൻ * അവനുയുഗന്ധര
നെന്നൊരുമഹാമന്ത്രി പ്രവരൻപ്രത്യനീകനെന്നൊരുസേനാപ
തി*വല്ലഭനെന്നുപേരായ്ധൎമ്മസാചിവ്യത്തിനു വല്ലഭമിയലുന്നചി

പ്രിയനുമോരാമിഷ്ടൻ * പ്രാണനേക്കാളുമതിവാത്സല്യമിയന്നോരു പ്രാ
ണവല്ലഭവിഷ്ണുമതിയെന്നവൾക്കുപേർ * ഇവരോടൊന്നിച്ചുടനവ
നിരക്ഷിച്ചുകൊണ്ടവനീപാലൻകാലംപോയതുമറിഞ്ഞീല*വൃദ്ധനാ
യ്പന്നശേഷംപുത്രനില്ലാഞ്ഞുപാരമാർത്തനായ്നൃപൻയുഗന്ധരനോ
ടുരചെയ്തു * യശസ്സുമോഹിച്ചുടൻവയസ്സുകഴിഞ്ഞിതു തപസ്സുചെ
യ്പാനുള്ളകാലവുംവന്നുകൂടി * ഇനിക്കില്ലൊരുസുതനതുചിന്തിച്ചപാ
രം മനക്കാമ്പെരിയുന്നുകിങ്കരവാണിഞാനും * ഭൂഭരണീയനതുകേ
ട്ടുമന്ത്രിയുംചൊന്നാൻ ഖേദമുണ്ടാകവേണ്ട ചൊല്ലുവനുപായം ഞാ
ൻ * ശാണ്ഡില്യമഹർഷിയെസ്സേവിക്കഭവാൻഭൂമി മണ്ഡലപതേ ദുഃ
ഖമേമാക ഭവതിനുമെന്നാൽ * ഋഷിയോടിതു ചൊന്നാൽഖേദമൊ
ക്ക ഭവതിനും കൃഷിചെയ്യിട്ടുന്നാകിൽ ദാരിദ്ര്യമെന്നപോലെ * പു
ത്രനെ പ്രാർത്ഥിച്ചാകിൽ പുത്രനുമുണ്ടാം നല്ല മിത്രമായ്വിശ്വസിക്കാ
മത്തപോധനൻതന്നെ * മന്ത്രിവാക്യമിവംകേട്ടുസന്തോഷംപൂ
ണ്ടുനൃപ നന്തരമില്ലപോകനാമെന്നുപുറപ്പെട്ടു * താപസാശ്ര
മമകംപുക്കുടൻഭൂമിപാലൻ താപസശ്രേഷ്ഠംപാദപങ്കജംവണ
ങ്ങിനാൻ * രാജാവേക്കണ്ടുപരമാനന്ദപൂർവ്വംമുനി പൂജാനന്തരം
കുശലോക്തിയുമാചരിച്ചു * എന്തുകാരണമെടോ നമ്മുടെപുണ്യാ
ശ്രമേ ബന്ധുവാംഭവാനിഹവന്നതുമിതുകാലം * എന്തൊരുകാ
ര്യമെന്നാൽസാദ്ധ്യമായിരിപ്പതു ബന്ധുരപരാക്രമ ചൊല്ലെടോ ഭൂമീ
പാല * എന്നതുകേട്ടുയുഗന്ധരനുംമുനിതന്നോ ടുദന്തവിന
യംപൂണ്ടുത്തരമുരചെയ്താൻ * പുത്രനില്ലായ്കമൂലമെത്രയുംമനക്കാ
മ്പി ലതാൽപൂണ്ടിരിക്കുന്നിതിദ്ധരാപതിവൃദ്ധൻ * അതുകാര
ണംഭവച്ചരണംസേവചെയ്തു മതിമാനതിനൊരുകഴിവുണ്ടാക്കി
ടേണം * എങ്കിലങ്ങിനെതന്നേസന്താനവരംതവ ശങ്കയില്ലഹോ
തന്നേനിന്നൊടൊന്നാൻമുനി * പിന്നെത്താപസൻധരാനാഥ
നോടൊരുമിച്ചു തന്നിൽചൊല്ലെഴുന്നൊരുകൗശാംബിപുരംപു
ക്കു * സന്താനതാപയോഗംഭൂപതിക്കകലുവാൻ സന്താനകാമ
യാഗംചെയ്തുവാണിട്ടുംവിധൌ * പങ്ക്തിസ്യന്ദനൻതൻറെപുത്ര
നായ്പണ്ടുദേവൻ പങ്ക്തികന്ധരനെവരിജനിച്ചീടിനപോലെ *
അക്കാലംശതാനീകപുത്രനായ്പുസകല വിഖ്യാതൻവിധൂമനുംജ
നിച്ചാനതൃത്തമം * സന്തതിയുണ്ടായതുകാരണംനരേന്ദ്രനു മന്ത
മില്ലാതസന്തോഷാംബുധൌനീന്തീടിനാൻ * സഹസ്രാനീകനെ
ന്നുനാമമിട്ടുമഹാ സാഹസചാൻനൃപൻനിജതനയനതുകാലം *
മാല്യവാൻയുഗന്ധരൻതന്നുടെപുത്രനായി ധൈര്യവാൻയോഗ
ന്ധരായണനെന്നവന്നുപേർ * പുഷ്പദന്തനുംജനിച്ചീടിനാൻ
പ്രത്യനീക പുത്രനായ്ക്കുമണ്ണപാലനെന്നത്രയുംപ്രസിദ്ധനായ് *

വല്ലഭൻതന്റെപുത്രനായിതുബാഹ്ലീകൻ നല്ലബുദ്ധിമാൻവസ
ന്തകനെന്നവനുപേർ * ഭൂമിയിൽജനിച്ചവരാമയമകനുട
നാമൊരേമാട്ടുംവളൎന്നുവത്സരാവധൌ * സാൎവ്വേശ്യാജനഗ
ൎവ്വമപ്പേരുംകളയുന്ന ദുൎവ്വഹശ്രോണീഭരാസാദരമലംബുസാ *
ക്കുവെമ്മാവാമയോദ്ധ്യാധിപതനയയാ യതിസുന്ദരിമൃഗാവ
തിയെന്നാഖ്യയോടും * വിധിശാസനമൂലമവളുംമഹീതലേ വി
ധുതാഖിലദോഷാജനനംചെയ്തീടിനാൾ * അവരുംകളിച്ചു
ടൻവളരുംകാലത്തിങ്കലവനീദേവന്മാരേസാവധാനമാക്ലേശിപ്പിൻ *
അഹിദംഷ്ട്രനെന്നൊരുദനുജൻമഹാബലൻ മഹിമതടവിനാരസു
രപ്പടയോടും * ത്രിദശാന്തകൻസ്ഥൂലശിരസ്സെന്നൊരുവനും ത്രിദ
ശംവളൎന്നേപോർതുടങ്ങുംദശാന്തരേ * കലുഷതാപവുംപൂണ്ടുബാലനാ
ശവുംവന്നു വലനാശനനിതിനെന്തുപായമെന്നോൎത്തു * നീതിമാ
ൻശതാനീകഭൂപനെവരുത്തുവാൻ മാതലിതന്നെധരാമണ്ഡലേനി
യോഗിച്ചാൻ * അവനുംരഥവുമായ്ഭൂമിയിലിഴിഞ്ഞുട നവനീപാ
ലൻതന്നോടിന്ദ്രശാസനംചൊന്നാൻ * വില്ലെടുത്തുടൻമഹാസ്യ
ന്ദനമേറിക്കൊണ്ടു നല്ലനാംഭൂമിപാലൻദേവലോകവുംപുക്ക * കണ്ടു
നിന്നാലുമെന്നുവിലക്കിദേവന്മാരെ ചണ്ഡപൌരുഷൻദേവവൈ
രികൾതമ്മെക്കണ്ടാൻ * തല്പരംനരേന്ദ്രനുമഹിദംഷ്ട്രനുമായി ശ്ശില്പ
മേറീടുംയുദ്ധംചെയ്തിതുപലകാലം * വിസ്മരിച്ചെന്തിനേറെച്ചൊല്ലു
ന്നുരണാങ്കണേ ചതിതുനരേന്ദ്രനുമസുരശേഖരൻതാനും * അസു
രജയംപൂണ്ടു വസുപാധിപദേഹ മസുരാരാതിതന്റെരഥത്തിൽക്കരെ
യേറി * ധരണീമണ്ഡലകാരഭൂതയാംകൌശാംബിയിൽ ത്വരിതംകൊ
ണ്ടുചെന്നാൻദേവനായകസൂതൻ * തത്തനുജനുമപ്പോളത്യൎദ്ദു
ണ്ടത്യൎംകൊണ്ടും പൃഥ്വിയിൽവീണീടിനാൻനിസ്തുലമൂൎച്ഛയോടും * കു
റ്റമല്ലവൻപിന്നെച്ചുറ്റപടനെഴുനീറ്റി ട്ടുറ്റമില്ലാതവിലാപങ്ങളും
തുടങ്ങിനാൻ * പാൎത്ഥലത്തിന്നുനാഥനാകിയശതാനീകൻ കീൎത്തി
ശേഷതാംപ്രാപിച്ചീടിനോരനന്തരം * അപ്പുരംതന്നിലുള്ളോരെപ്പേ
രുമപ്പുതരെ മഹാപ്പാഴുതൃൽക്കടസങ്കടംതേടീടിനാർ * പില്ലാട്ടമന്ത്രി
മുഖ്യന്മാരോടുമൊരുമിച്ചു ശില്പത്തിൽപ്രേതകാൎയ്യംമന്ത്രപൂൎവ്വമായ്
ചെയ്തു * മഹിളാജനമണിമകുടഭൂഷാരൂപ മഹിഷീതാനുമനുമരണം
ചെയ്തീടിനാൾ * സഹസ്രാനീകൻതന്നെക്കഭിഷേകവുംചെയ്തു സ
ഹസ്രമഹൎഷിമാരൊരുമിച്ചാവിദഗ്ദ്ധന്മാരും * തദനുയുഗന്ധരാദികളും
തരായി തദനുഷ്ഠിതകാൎയ്യംതത്സുതന്മാക്കൊപ്പുന്നു * മംഗലശീലനാകാ
രൻസഹസ്രാനീകൻതാനു മിണ്ടിനെയൌഗന്ധരായണനാംമന്ത്രി
യോടും * പ്രാജ്ഞപുണ്യന്മാരായപൌരന്മാരോടുംകൂടി രാജ്യപാലനം
ചെയ്തുസുഖിച്ചുമേവീടിനാൻ * പലകാലങ്ങളേവംവലശത്രുനന്ദ

മൻ ചലമെന്നീദൃശമഹാകീൎത്തിയുംസംഭരിച്ചു * അന്നാളിൽദേവേ
ന്ദ്രനുംദേവതാലോകംതന്നിൽ നന്ദനോത്സവമാരംഭിച്ചിതുവിചിത്രമാ
യ് * അക്കാലമിന്ദ്രാജ്ഞയാസഹസ്രാനീകൻതാനും ചെന്നസ്സുരവ
രലോകമുൾപ്പുക്കീടിനാൻ * ഇന്ദ്രനുംകണ്ടുബഹുമാനപൂൎവ്വകംവസു
ധേന്ദ്രനെപ്പലതരംസൽക്കാരംചെയ്തീടിനാൻ * നന്ദനോത്സവംക
ണ്ടുതുഷ്ടനാംശതാനീകനന്ദനൻതന്നോടൊരുനേരമിന്ദ്രനുംചൊന്നാ
ൻ * നിന്നുടെയോഷിത്തലംബുസയെന്നൊരുദേവ കന്യകയവളി
ന്നുഭൂമിയിലയോദ്ധ്യയിൽ * കൃതവൎമ്മാവെന്നൊരുനൃപനുതനയയാ
യ് ധൃതയൌവ്വനാരംഭാനാമതോമൃഗാവതി * ദയിതപ്രാപ്തിക്കഭിലാ
ഷമോടിതുകാലം മഹിതഗുണഗണമരുവീടിനാളെടോ അസുനായി
കനിനക്കവളെന്നറിഞ്ഞാലും വസുനായകനല്ലോനീമുന്നംനരപ
തേ * ദേവന്മാർപലരുമായ്നാമെല്ലാംസത്യലോകേ ദേവദേവനെക്ക
ണ്ടുസേവചെയ്തിരിക്കുമ്പോൾ * സ്രഷ്ടാവിൻമുമ്പിലലംബുസയുമാ
ടീടിനാൾ ഭ്രഷ്ടമായ്വന്നിതവൾവസ്ത്രവുംവിധിബലാൽ വീരനാംഭവാ
നന്നാലലനാമണിയുടെ യുരുമൂലവുംകണ്ടുവിസ്മയംപൂണ്ടമൂലം * മ
ൎത്ത്യനായ്പിറക്കെന്നുശപിച്ചുവിധാതാവും കൃത്യങ്ങൾവിചാരിച്ചുചെ
യ്യേനമെല്ലാവരും * നിന്നുടെമദനാൎത്തിശാന്തിയെവരുത്തുവാൻ
കന്നൽനേർമിഴിയാളുംമാനുഷാംഗനയായി * ഭൂമിയിൽബ്രഹ്മാജ്ഞ
യാസംഭവിച്ചിരിക്കുന്നു ഭൂമിപമൌലേശാപമോക്ഷവുംകേട്ടീടുക *
ദക്ഷിണാംഭോധിതീരേസ്സുല്ലഗ്രാമത്തിൻചാരേ ലക്ഷ്മംചക്രതീൎത്ഥേ
നീയുംനിൻദയിതയും * അഭിഷേചനംചെയ്താൽവസുധാപതേപു
നരഭിമാനാംബുരാശേശാപമോക്ഷവുംവരും * ഇന്ദ്രഭാഷിതമേവം
കേട്ടടൻമനതാരിൽ സാന്ദ്രസന്തോഷംപൂണ്ടുസഹസ്രാനീകൻതാ
നും * ചെറതുകാലംതത്രവാസവുംചെയ്തുപിന്നെ ത്വരിതംപുറ
പ്പെട്ടുയാത്രയുംവണങ്ങിനാൻ * തനിക്കുംമൃഗാവതിതനിക്കുമൊരുമി
ച്ചു കനത്തസുഖമനുഭവിച്ചീടുവാനുള്ളിൽ * പെരുതമോഹംപൂണ്ടു
നടകൊവഴിതന്നിൽ തരത്തിലെത്തുവന്നീടിനാൾതിലോത്തമ *
നിനച്ചാലതിമൂലമവൾക്കുമിവനോടു തനിച്ചുരമിപ്പതിന്നാശയുണ്ട
തേവത്രേ * സരസമൊഴിപലവുരചെയ്യുട്ടത്തീടും തരളാക്ഷിയെക്ക
ണ്ടിലെന്നുഭാവിച്ചുനൃപൻ * നടകൊണ്ടതുനേരമുടനേതിലോത്തമ
കൊടുതാമഴൽപൂണ്ടുശാപവുംനൽകീടിനാൾ * ഒരുനാരിയെച്ചിന്തി
ച്ചൊരുനാരിയിലേവം നരപാലകഭവാനാദരമില്ലായ്കയാൽ * അവ
ളോടൊരുപതിന്നാലുവത്സരംകാലമവനീപതേവിയോഗംവരുമഹ
ളുകം * ഭൂപതിവീരൻതാനുമന്നേരമോൎത്തീടിനാൻ ശാപവുംനൽക്കെ
ന്ദുരൂപമായ്വന്നുതാനം * കൈക്കൊണ്ടുപോന്നുസുഖിച്ചിരുന്നാൽപി
ന്നെയല്ലോ മെക്കണ്ണാൾതന്നോടുള്ളവേർപാടുവന്നുകൂട .* ശാപ

ത്തിൻപ്രഭാവംകൊണ്ടെങ്കിലുമിനിക്കിനി ച്ചാപലമിഴിയോടുസംയോഗം വ്യവസ്ഥിതം * ഇത്തരമോൎത്തുതന്റെപുരിയിലകംപുക്ക നിസ്തുലപരാക്രമനാകിയനരവരൻ * ഉടനേസാകേതമാംനഗരമകംപുക്ക പടുബുദ്ധിമാനായകൃതവമ്മാവേകണ്ടു * തനയാമൃതപ്രാപ്തിക്കുപജീവനം ചെയ്വാൻ വിനയാംബുധേതരികെന്നുടനപേക്ഷിച്ചാൻ * കൃതവമ്മാവാംനരപതിയുമവൻഗുണ മതിമാനുഷമെന്നുമനസിനിരൂപിച്ചു * അതിയായിരിപ്പോരുകൗതുകപരീതനായ് മതിനേർമിഴിയാളെത്തരസാനൽകീടിനാൻ കല്യാണാഘോഷത്തോടുംമല്ലലോചനയോടും സ്വർല്ലോകാധിപസമൻതന്നുടെപുരംപുക്ക * പുഷ്പചാപന്റെ ജീവസർവ്വസ്വനിധാനമാം യത്ഭുതവിലാസപാദപപൂങ്കുലയായി * സൌന്ദര്യസമുദ്രത്തിലൊഴുകുംകല്ലോലമാം സുന്ദരിതന്നെക്കണ്ടാനന്ദിച്ചുനരപതി * കാർകുഴലാളുംതാനുമൊരുമിച്ചനംഗന്റെ കാർമുകമൊടിച്ചുബാണങ്ങളുമൊടുക്കുവാൻ * സൌഹൃദപൂർവ്വം പ്രയത്നംചെയ്തുദശാന്തരെ ദൌഹൃദമുണ്ടായ്മൃഗാവതിക്കുമത്തുകാലം * അത്ഭുതസ്വരൂപിണിയാകിയമൃഗാവതി ഗർഭവുംധരിച്ചുടനേറാവുംവിളങ്ങിനാൾ * എന്തൊരുപദാർത്ഥത്തിലാഗ്രഹമവൾക്കെന്നാ ലെന്തുചെയ്തിട്ടുമത്തരസാനൽകുംനൃപൻ * ദുർല്ലഭമെന്നാകിലുംസുലഭമെന്നാകിലും ദുർല്ലഭമിവൾക്കൊന്നുമില്ലെന്നുവന്നുകൂടി * അർഭകൻദിനേദിനേവർദ്ധിക്കനിമിത്തമായ് ഗർഭവുമതിതാദൃഢമായ്ചമഞ്ഞു * അതുകണ്ടവനീശൻതനിക്കുമതിവേലം മതിയിൽസന്താപവുംമോദവുമുണ്ടായ്വന്നു * ഒരുനാളിരിവരുമൊരുമിച്ചുവസിക്കുമ്പോൾ തരളാക്ഷിയുംനിജരമണനോടുചൊന്നാൾ * മധുരാകൃതമമമതിയിലിതുകാലം രുധിരജലംതന്നിൽ വിളയാടുവാനായി * അതിയായിരിപ്പോരുകൗതുകംപെരുകുന്നു കിതവാമൊഴിയല്ലകരുണാംബുധേകാന്ത * അതിനുണ്ടുപായമെന്നുരച്ചുനരവീരൻമതിമാൻകുസുംഭജകുസുമതോയത്തിനാൽ * ഒരുവാപിയെചമച്ചുതരുണാധരിയുടെ പെരുതാമഭിലാഷപൂരണംചെയ്തീടിനാൻ * അവളുംസഖിമാരുമൊരുമിച്ചതിൽകളിച്ചിളകും പരിതോഷമിയലുംമതിയോടും* അരുതായ്കയുംപൂണ്ടിട്ടരുണാധരിതാനും കരയിൽകരയേറിശ്ശുഭപരംതദാ * ലോഹിതോദകസ്നാനം ചെയ്തതുമൂലംലോകമോഹനതൻദേഹവുംലോഹിതവർണ്ണമായി* അതുകണ്ടതിഭയങ്കരനാംവിഹംഗമ പതിയാംവികടനുംപ്രകടകൗതുഹലം*മാംസമെന്നോർത്തുകൊത്തിക്കൊണ്ടുടനാകാശാന്തേമാംസളപരാക്രമൻമറഞ്ഞാനഹോകഷ്ടം * ഏറിനദൂരംചെന്നുമാംസമല്ലെന്നബോധം · തേറിനനേരംത്യജിച്ചീടിനാൻവിധിബലാൽ * ഉദയാചലവരവിവരംതന്നിലവൾ ഉളിതമൂർച്ഛാപരവശയായ്വീണീടിനാൾ *

ചെറ്റുനേരമേവംകഴിഞ്ഞോരനന്തരം ദുരിതബലമൂലംബോധവുമു
ണ്ടായ്വന്നു * കണ്ണുകൾമിഴിച്ചരണ്യാന്തരെനോക്കിയുംവിധൌ ബന്ധ
മുണ്ടായ്വന്നതില്ലിപ്പാരുമരികെ * കണ്ണുനീർവാർത്തുപുനരെണ്ണമില്ലാ
തവണ്ണം പുണ്ഡരീകാക്ഷിവിലാപങ്ങളുംതുടങ്ങിനാൾ * ഹ്യന്നിനി
ക്കാണുംനതുനിന്നുടെമുഖാംബുജം മന്നവമനോഹരസുന്ദരജീവനാ
ഥ * ആരിനിക്കുടയവരീവനാന്തരംതന്നിൽ ഭൂരിപൌരുഷകാന്ത
പെടിയാകുന്നുപാരം * ഇത്തരമൊരുതരമതൽപൂണ്ടവളിനി സ
ത്വരംമരിപ്പതുനല്ലയെന്നുറച്ചഹോ * ആനകൾകൊമ്പുംപിടിച്ചുന
മാനസഭയം മാനിനിയൊരുപെട്ടജീവനാശനത്തിനായ് * മലമേ
ൽക്കരയേറിപ്പുലികൾനേരേചെന്നു അലസവിലോചനാഭുജഗങ്ങ
ളെത്തൊട്ടും * കേസരിവരന്മാരിലാദരലേശമെന്നി ഭാസുരഗ്ഗുണഗ
ണചാരവേചെന്നുനിന്നു * ഇക്കണ്ടതൊക്കെച്ചെയ്തീലക്കണ്ടമൃഗ
ങ്ങൾക്കു മക്കരിക്കുഴലാളിലുൾക്കനിവത്രെവത്ര * തീയിൽപോയ്
ചാടീടിനാളാടലോടത്രയല്ല പായുന്നജലംതന്നിലോടിപ്പോയ്വീണീടി
നാൾ * ഒന്നുകൊണ്ടുമേജീവനന്തരമുണ്ടായീല സുന്ദരാംഗിയാം മൃ
ഗാപതിക്കന്നറിഞ്ഞാലും * ആപത്തിൻഫലമനുഭവിപ്പാനിരിക്കു
ന്നോർ പാപത്തിൻബലംകൊണ്ടുചാകയില്ലെന്നുനൂനം * അന്ന
വൾകരയുന്നദീനനാദത്തെക്കേട്ടു തിന്നീലപുല്ലുതെല്ലുംമൃഗജാതിക
ൾപോലും * വേദനപൂണ്ടുപാരമീവണ്ണംവനാന്തരെ രോദനംചെ
യ്തുനടന്നീടിനനേരത്തിങ്കൽ * ജമദഗ്നിയാംമുനിപ്രവരൻതന്റെസു
തൻ വിമലതപോധനനവളെക്കണ്ടീടിനാൻ*ആരെടോവരോരുനി
ൻപേരെന്തെടോപുനരാരുമില്ലാതെനിസ്സ്വംഘോരമാംവനാന്തരേ*
സഞ്ചരിപ്പതിനെന്തുകാരണമെടോനാരീ കാഞ്ചനമകുടമേറിൻപ
തിയാരാകുന്നു * ഇത്തരംമുനികുമാരോക്തികൾകേട്ടനേര മുത്തരമുര
ചെയ്തുമത്തകാശിനിതാനും * ചൊല്ലേറുമയോദ്ധ്യയിലുല്ലാസമോടു
മേവും നല്ലമന്നവൻകൃതവർമ്മാവിൻതനയഞാൻ * വല്ലഭനാകുന്ന
തുകൌശാംബിപുരപതി ചൊല്ലാവല്ലഹോമമദൃഷ്ടമ്മപരിപാകം *
സലിലാശയേഞാനുമൊരുനാൾകുളിക്കുമ്പോൾ പലലമെന്നോ
ർത്തൊരുവിഹഗാധിപൻപാപി * ചാതിയാൽകൊത്തിക്കൊണ്ടു
നിവിടെയിട്ടീടിനാൻ മതിയോമമമഹാപാതകബലംമുനേ * അ
കഥകേട്ടുമുനിനന്ദനനവളേയും ചിക്കെന്നുതന്റെപുണ്യാശ്രമ
ത്തിൽകൊണ്ടുചെന്നു *അമരതരുണിയോടുപമതടവീടും കമനീതി
ലകത്തെജ്ജമദഗ്നിയുംകണ്ടു * അഴകിൽപഴകിനമൊഴികൾപറഞ്ഞ
വളഴലെല്ലാമേയൊഴിച്ചാശ്രമമെയിരുത്തിനാൻ * അങ്ങിനെചില
കാലംകഴിഞ്ഞോരനന്തരം മംഗലാംഗിയുംപ്രസവിച്ചിതുകുമാര
നെ * സൂതികാഗാരംതന്നിൽവേണ്ടുന്നകൃത്യമെല്ലാം ചാതുര്യ

മോദംചെയ്തുതാപസനാരിമാരും * ശോഭനദിനംതന്നിൽബാല
പത്മിനീകാന്ത ശോഭതേടീട്ടുംബാലൻജാതനായതുനേരം * ദേ
വന്മാരാനന്ദിച്ചുപുഷ്പവൎഷവുംചെയ്തു കേവലമുദയനനെന്നൊ
രുപേരുമിട്ടു * ജാതകൎമ്മാദികൎമ്മമാകവെചെയ്തുമുനി മാതാ
വിന്നതുമൂലമാധിയുമൊട്ടുതീൎന്നു * രാജനന്ദനൻതാനുംതാപസ
ബാലന്മാരും വ്യാജമെന്നിയെലീലാപരന്മാരായിപ്പിന്നെ * വ
ളരുംകാലംജമദഗ്നിവേദാദിവിദ്യാം വളരെപ്പഠിപ്പിച്ചുയൌവന
മതുംവന്നു * വത്സരംപതിമൂന്നതികഞ്ഞനേരംനൃപ വത്സനു
മുദയാദ്രൌസ്വൈരമായ്നടക്കുമ്പോൾ * ഒരുനാളൊരുപാപി
പെരുതായൊരുസൎപ്പ വരനെപ്പിടിച്ചുടൻപെട്ടകംതന്നിലാക്കി *
നടകൊൾവതുകണ്ടിട്ടുടനേതാനുംചെന്നു വിടുകനല്ലുനിനക്ക
തിനെയെന്നുചൊന്നാൻ * വിടുകയില്ലഞങ്ങളൊരുമേസൎപ്പങ്ങളെ
പട്ടതഞ്ഞങ്ങൾക്കഹിജാതിയിലത്രേനൂനം * ഇതിനെക്കൊണ്ടുന
ഗരങ്ങളിൽനടന്നാകിൽ മതിമൻപലപലസമ്മാനങ്ങളുംകിട്ടും *
ഈവണ്ണമല്ലോഞങ്ങൾജീവധാരണമതു ദൈവകല്പിതമതുകേ
ട്ടുടനുദയനനും * ചൊല്ലിനാൻതരുവൻഞാൻസമ്മാനംനിനക്കി
ന്നു വല്ലജാതിയുമയച്ചീടേണംഭുജംഗത്തെ * എന്നുരച്ചവൻത
ന്റെരാജനാമിതന്നാടിതു പൊന്നവാവളൊരുകങ്കണംനൽകി
ടിനാൻ * അതിനെക്കൊടുത്തഹിവരനെത്തൂനന്നായ ധൃതിനാൽ
ഭുജംഗവുംമനുജാകൃതിപൂണ്ടു * തൊഴുതുവിനീതനായവനുമുരചെ
യ്തു പഴുതില്ലഭോതവകരുണാബലത്തിനും * കിന്നരനെന്നുനാ
മമിനിക്കധൃതരാഷ്ട്രനന്ദനനെന്നോഞാനുംനാഗജാതിയിലേകൻ *
നിന്നുടെഗുണംകണ്ടുസന്തോഷംപൂണ്ടുപാര മൊന്നങ്ങുയാചിക്കു
ന്നേനെന്നതുകേൾക്കനീയും * പാതാളലോകംതന്നിലെന്നുടെ
നിലയനെ ഭ്രാതാക്കന്മാരുംമമജനകൻജനനിയും * എന്നെ
ല്ലാംമാറപലമിത്രഭൃത്യന്മാരുമു ണ്ടിന്നവൎക്കെല്ലാംനിന്നെക്കാട്ടേണ
മിനിക്കേടോ * അതിനാശ്ലോകനാമെന്നതിനേക്കേട്ടനേരം മ
തിമാൻമുനിവരനനുവാദവുംനൽകി * ജനനീപാദംതൊഴുതവ
നുംപുറപ്പെട്ടു വിനയാംബുധിയായകിന്നരാലയംപുക്കു * ഉര
ഗജനനാഥൻബഹുമാനവുംപൂണ്ടു ചെറതുകാലംതത്രസുഖമാ
യ്വാണീടിനാൻ * ലളിതഗുണങ്ങളിലിളകിക്കളിച്ചൊരു ലളി
തായെന്നുപേരാംകിന്നരഭഗിനിയെ * കരപീഡനവുംചെയ്തരു
ണാധരിയോടും സ്മരസായകലീലാലളിതംവാഴുംകാലം * ഗൎഭ
വുമുണ്ടായ്വന്നുലളിതതനിക്കപ്പോ ളൎക്കനേകനുടനുത്ഭവിച്ചി
തുചിത്രം * മല്ലലോചനാജനമാലികലളിതയും വല്ലഭൻതന്നോ

ടുള്ളാസാഞ്ചിതമുരചെയ്തു * സജ്ജനത്തിനുംമനുജന്മാക്കുംധരണി
ക്കു മിജ്ജനത്തിനുംപതിയായവനീകേട്ടീടണം * ഞാനൊരു
വിദ്യാധരകാമിനിമുന്നംകാന്ത മാനുഷവരശാപംകൊണ്ടുവന്നു
ഗജന്മം * ദൌഹൃദാവധിപരികല്പിതമെത്തുംമമ സൌഹൃദമി
ധേഞാനുംപോകുന്നേൻദേവലോകേ * അററമില്ലാതഗുണമു
ള്ളൊരുപുത്രൻതന്നെ കുറാമെന്നിയേപരിഗ്രഹിക്കധരാപതേ *
നാടകപ്രസിദ്ധനായിട്ടുനഭവാനെന്നും വാടാതതാംബൂലികാമാ
ലികാംഗ്രഹിച്ചാലും * കൈക്കൊണ്ടുജീവനാഥവല്ലകിമേനാംദിന
ക്കൊരുവകൈവന്നീടുംസൌഖ്യങ്ങൾനിരന്തരം * ഇങ്ങി
നെപറഞ്ഞുടനംഗനാശിരോമണി സംഗതശോകംകാന്തൻത
ന്നെവണങ്ങിനാൾ * അന്നേരമുദയനൻചെറുഖിന്നത
പൂണ്ടു ധന്യനന്നവൾനൽകുംമാലകൾനൽകീടിനാൻ * അ
ക്കണ്ടജനമെല്ലാംകണ്ടുനിൽക്കവേചിത്രം മെയ്ക്കണ്ണൊൾതാനും
ദേവലോകമുൾപ്പുക്കീടിനാൾ * ശത്രുരാദികളോടുയാത്രയും
ചൊല്ലിപ്പിന്നെ വസുധാധിപസുതൻസപസുതനോടുംകൂടി *
താപസാജനനിതൻചരണംവണങ്ങിനാൻ തപസാന്നിധിമുനിപാ
ദവുംകൂപ്പീടിനാൻ* കഴിഞ്ഞവൃത്താന്തങ്ങളഖിലംപറഞ്ഞുടൻ നിറ
ഞ്ഞമോദമോടുമവിടേവാഴുംകാലം പണ്ടുപാമ്പിനെപ്പിടിപൂണ്ടകാ
ട്ടാളൻതാനുംകൊണ്ടുചെന്നിതുമണികങ്കണംകൌശാംബിയിൽ *
വാണിചാതുര്യംകൊണ്ടുജീവനംധരിപ്പോരു വാണിജ്യവരന്മാക്കു
പലർക്കുംകാട്ടീടിനാൻ * വിലയുംപറഞ്ഞതിലിടയിലൊരുവണി
ക്കലെടുത്തുമിദംനൃപതിനാമാങ്കിതം * ഇവനുലഭിപ്പതിനവകാശ
മെന്തെന്നു ങവനാനിരൂപിച്ചിട്ടിവനുംതാനുമായി * സഹസ്രാനീ
കനൃപസവിധംതന്നിൽച്ചെന്നു സഹസാവലയവുംനൃപനുകാട്ടീ
ടിനാൻ * കങ്കണംകയ്യിലെടുത്തഞ്ജസാനോക്കുന്നേരം കങ്കണം
രാജാവിനുകണ്ണിലുമുണ്ടായ്വന്നു * രമണീകരംതന്നിലനിശംകിട
ന്നോരു രമണീയമാംമണിവലയംകണ്ടനേരം * നൃപതിശിഖാമ
ണിപരിതാപവുംപൂണ്ടു ധരണിതന്നിൽമറിഞ്ഞുടനേവീണീടിനാ
ൻ * ചേതനാധരന്മാരിലാദരണീയൻനൃപൻ ചേതനാപരിഗ്രഹാ
നന്തരമുരചെയ്തു * എങ്ങിനെനിനക്കിതുലഭിച്ചുവാറെന്നതു മം
ഗലാകൃതേചൊൽകെന്നതുകേട്ടവൻചൊന്നാൻ * ഉദയാചലം
തന്നിലുണ്ടൊരുനാരിയവൾ കദ്രിതദിവാകരസദൃശനൊരുസുത
ൻ * അവനൊരുദിനംകങ്കണമിദമിതു ഭുവനപതേമമനൽകി
നാൻപരിതോഷാൽ * അപ്പോഴേപുറപ്പെട്ടുവസുധാധിപൻതാ
നും കേല്പറുംപടയോടുംമന്ത്രിവൃന്ദങ്ങളോടും * ശബരനവൻ
താനുവഴിയുംകാട്ടീടിനാൻ അവശേഷിതമിഹനഗരംതന്നെനു

ന്‍ * ഉടനെജമദഗ്നിമന്ത്രവുമുദയാദ്രി കടകാശ്രമപടനികടമകംന്ന
പുക്കു * മുനിയെക്കണ്ടുനമസ്കാരവുംചെയ്തവൻ ജനിതാന
ന്ദംമുനിനൽകിനാനാശീർവ്വാദം * അർഘ്യപാദ്യാദികളെക്കൊണ്ടു
പൂജയുംചെയ്തു മുഖ്യനാംമുനിവരനീവണ്ണമരുൾചെയ്തു * ഭൂമി
പാലകയശോവാരിധേ വിദേഹാനിന്റെ കാമിനിയിവൾമൃഗാവതി
യെന്നറിഞ്ഞാലും * തനയനിവൻനല്ലഗുണവാൻയശോനിധി
മനുജേശ്വരസിംഹവിക്രമൻദിശാംജേതാ * സദയനുദയനെന്നി
വനുനാമമഹോ ഉദയാചലേജാതനാകയാൽദേവോദിതം *
അവന്റെതനയനാംബാലകനതിദിവ്യ നിവനെന്നറിഞ്ഞാലും
ഭൂമിപശിഖാമണേ * കല്യാണമെല്ലാംനിനക്കിനിമേൽവന്നുകൂ
ടും തെല്ലുമില്ലിവൾക്കുപാതിവ്രത്യഭംഗംനൂനം * എന്നതുകേ
ട്ടുസഹസ്രാനികൻസസന്തോഷം നന്നായിക്കൈവണങ്ങിത്താ
പസവരനേയും * പുത്രപൌത്രന്മാരോടു പ്രാണവല്ലഭയോടും
ശത്രുസൂദനൻപുറപ്പെട്ടിതുനരവരൻ * തന്നുടെപുരംപുക്കപി
ന്നെയുംചിരകാലം ധന്യനായ്സുഖിച്ചുവാണീടിനോരനന്തരം *
മാനുഷജന്മംകഷ്ടമെന്നേവംനിരൂപിച്ചു മാനസേതനയനുനൽ
കിനാൻഭൂമിഭാരം * മഹിഷിയോടുംകൂടിതചരിതംപുറപ്പെട്ടു മ
ഹിതേചക്രതീർത്ഥസ്നാനമുദ്യുക്തനായി * പ്രഥിതൻരുമണ്വാ
നംമഹിതൻവസന്തകൻ മതിമാൻയൌഗന്ധരായണനുംപുറ
പ്പെട്ടു * ദുരിതഗണങ്ങളെസ്സകലംകളയുന്ന പെരുതാംഗുണ
മുള്ളോരമൃതതീർത്ഥംതന്നിൽ * കലിനാശനംദേവംമനസാനിരൂ
പിച്ചു പലവുരുവുംശുദ്ധസലിലേമുഴുകിനാൻ * ഹവ്യവാഹന
സമതേജസാകാണായ്വന്നു ദിവ്യരൂപവുംധരിച്ചപ്പൊഴേഗഗനാ
ന്തേ * സുവർണ്ണമാല്യങ്ങളോടുംശാപമോക്ഷംകൊണ്ടുള്ള പൂർണ്ണ
മാംമോദത്തോടുംദിവ്യാമയാനവുമേറി * ചക്രതീർത്ഥത്തെപ്രശം
സിച്ചവരെല്ലാവരും ഒക്കത്തക്കൊരുമിച്ചുസ്വർഗ്ഗലോകവുംപുക്കു *
അനന്തരംതൊട്ടിന്ദ്രാദികളായദേവന്മാരെല്ലാം വന്നുടൻസ്നാനംചെ
യ്യുമമൃതതീർത്ഥംതന്നിൽ * ഇങ്ങിനെവിധുമന്റെമംഗലകഥയെ
ല്ലാം തിങ്ങിനമോദമോടുംകേൾക്കതാൻപഠിക്കതാൻ * ചെയ്യു
ന്നജനമെല്ലാമമൃതതീർത്ഥസ്നാനം ചെയ്തുള്ളഫലത്തോടുകൂടുമെന്ന
റിഞ്ഞാലും * ഇത്തരംസൂതവാക്യംകേട്ടുതാപസന്മാരും ചിത്ത
സന്തോഷത്തോടുംചോദ്യംചെയ്തരുളിനാർ * ചക്രാഖ്യതീർത്ഥം
ദർശയനംതൊട്ടുദേവി പത്തനത്തോളമുണ്ടെന്നല്ലയോചൊല്ലി
മുന്നം * ഏതൊരുദേശേദേവിപത്തനമാകുന്നതും എന്തുകാ
രണംദേവിപുരമെന്നുരചെയ്വാൻ * സംശയമിദംഛേദിച്ചീടുക
ഭവാൻനല്ലു സൌരിതമതിയല്ലോനല്ലപൌരാണികേന്ദ്ര * ഏ

ന്നതുകേട്ടസൂതൻമന്ദഹാസവുംചെയ്തു വന്ദിച്ചമുനിമാരെനന്ദി
ച്ചുചൊല്ലീടിനാൻ * യാതൊരുദേശേവരുണാലയതീരംതന്നിൽ
സീതാനായകൻപണ്ടുസേതുബന്ധിപ്പതിന്നായ് * പാഷാണന
വകത്തെസ്ഥാപിച്ചതത്രനൂനം ദോഷാണാംനിവാരണംദേവിപ
ത്തനമെടോ * അങ്ങിനെനാമധേയമുണ്ടാവാനുള്ളമൂലം ഇങ്ങ
റിഞ്ഞവരൊട്ടുചുരുക്കിച്ചൊല്ലുവൻഞാൻ * പണ്ടൊരുദേവാസു
രസംഗരമുണ്ടായ്വന്നു രണ്ടുവത്സരംകാലമെത്രയുംഭയങ്കരം * അ
ന്നുദേവന്മാരസുരന്മാരെപ്പലരേയും കൊന്നതുമൂലമതിഖിന്നയാ
യ്ദ്ദിതിതാനും * തന്നുടെതനയയോടൊന്നവളുരചെയ്താ ളൂന്ന
തശോകംതന്നിൽമുഴുകീടുകമൂലം * ബാലികേനാഗികുലമാലി
കേമനോഹരീ ചാലവെവരികെടോനീലകുന്തളഭാരേ * നമ്മുടെ
കുലമെല്ലാംകൊന്നുടൻമുടിപ്പതി ന്നിമ്മഹാപാപിദേവനായ
കനൊരുവെട്ട * ഇന്നതിന്നെടോനിസ്സമൊന്നുണ്ടുചെയ്യേണ്ടുന്ന
തൊന്നിനുംവിഷാദമുണ്ടാകൊലാബാലേതവ* ചന്ദ്രശേഖരൻത
ന്നെത്തപസാസേവിക്കണം ഇന്ദ്രനെജ്ജയിപ്പോരുനന്ദനനുണ്ടാ
വാനായ് * ജനനീവാക്യംകേട്ടുവിനയപൂർവ്വമവൾ ജനിതാന
ന്ദാപുറപ്പെട്ടിതുതപസ്സിനായ് * ഭീരുവുംവനാന്തരേതന്നിലങ്ങ
കംചുകൾ ഘോരമാഹിഷരൂപംകൈക്കൊണ്ടുഭയാവഹം. * വാ
ഞ്ഛിതപ്രാപ്ത്യർത്ഥമപ്പുബ്രഹ്മാസ്യംധ്യാനിച്ചുള്ളിൽ പഞ്ചാഗ്നിമദ്ധ്യ
സ്ഥയായ്ത്തപസ്സുചെയ്യുംകാലം * അവനിതലംപാരമിളകിമ
റിഞ്ഞുട നവനീശന്മാർക്കുള്ളിൽമോദവുംപെരുതായി * ഇന്ദ്രാ
ദിദേവന്മാരുംതത്തപോബലാൽകൊണ്ട സാന്ദ്രമാംഭയംപൂണ്ടുവാ
ണീടുംദശാന്തരേ * താപസജനശിരോഭൂഷണൻസുപാർശ്വനും
താപശാന്ത്യർത്ഥമവൾമുന്നിലങ്ങെഴുന്നെള്ളി * കോപനത
നോടേവമരുളിച്ചെയ്തീടിനാൻ പാവനംതപസ്സിതുകണ്ടുഞാൻ
പ്രീതനായേൻ * എത്രയുംവിഷ്ടപാനായ്ദേവതാവിജയനായ്
പുത്രനുംനിനക്കുണ്ടാമില്ലസംശയംഭദ്രേ * മഹിഷവേഷത്തെ
നീധരിച്ചീടുകമൂലം മഹിഷമുഖവാനായധികംബലവാനായ് *
മഹിഷാനനനാമധേയവുംപൂണ്ടിട്ടവ നംഹിതന്മാരെയെല്ലാംജ
യിക്കുംസത്യംബാലേ * ഇങ്ങിനെസുപാർശ്വനുംവരദാനവുംചെ
യ്തു മംഗലനിലയനംപ്രാപിച്ചോരനന്തരം * ജനിച്ചുതനയനും
വിറച്ചുഭുവനങ്ങളുറച്ചുദേവേന്ദ്രനുതനിച്ചുമഹാഭയം * ഇന്ദ്ര
വൈരിയാംമഹിഷാസുരൻദിനംതോറും ചന്ദ്രനെപ്പോലെവർദ്ധി
ച്ചുന്നതരനായ് * തപസാവിരിഞ്ചനെപ്പരിതോഷിപ്പിച്ചുട
നപരന്മാർക്കില്ലാതവരങ്ങൾവാങ്ങീടിനാൻ * ഇത്തരംവൃത്താന്തം
കേട്ടുടനസുരന്മാർ സപത്രമങ്ങോടിങ്ങോട്ടുള്ളിച്ചുകിടപ്പവർ *

ഒക്കെവെടിഞ്ഞുപുറപ്പെട്ടമഹിഷാസുരൻതന്റെ തൃക്കഴൽകൂപ്പിത്തൊ
ഴുതിന്താമസംചെയ്തു * ദേവന്മാരുടെരാജ്യംനമ്മുടെരാജ്യംപണ്ടു
ദേവന്മാർനാരായണൻതന്നെസ്സേവിച്ചമൂലം * ശ്രീപതിചക്രം
കൊണ്ടുനമ്മുടെപൂർവന്മാരെ ക്രോധപൂർവ്വകംകുലചെയ്താനെന്ന
റിഞ്ഞാലും * അവരെജ്ജയിച്ചുനീയിവിടംവശമാക്കി ഭുവനംപ
തിനാലുമടക്കീട്ടുകൊൾവണം * ചീർത്തുവാനല്ലോഭവാനെന്നമെവിശേ
ഷിച്ചും ശൌര്യ്യവാരിധെപരബലവുംവലുതല്ലോ * ഇന്ദ്രനെജ്ജ
യിച്ചുദേവതാനഗരത്തി ലിന്നുവാഴ്വാണീടുകതാമസിക്കരുതെ
ത്തും * മഹിഷാസുരൻതാനസുരവാക്യംകേട്ടി ട്ടഹിതവിജയാ
ർത്ഥമുടനെപുറപ്പെട്ടു * അമരപുരിപൂകിട്ടമരന്മാരുമായി സമരംതു
ടങ്ങിനാനഹിതപരാക്രമൻ * ചാരുതടവിനഘോരമാംസമരവും
ആറുവത്സരംകാലമുണ്ടായോരനന്തരം * ദേവന്മാരെല്ലാവരുംദേവ
നായകൻതാനുമാവതില്ലെന്നുറച്ചുകേവലംവാങ്ങീടിനാർ * താപ
വുംപൂണ്ടുപാരംവേപഥുഗാത്രന്മാരായ് ശോഭതേടീടുംസത്യലോ
കത്തിലകംപുക്ക * സാരസഭവനോടുസങ്കടംചൊന്നനേരം ഭൂരി
കാരുണ്യപരവശനായ്വിധാതാവും * ശ്രീനാരായണൻതാനും
ശ്രീമഹാദേവൻതാനും ദീനപാലന്മാരിരുന്നരുളീടുന്നദേശേ *
ചെന്നുടൻനമസ്കരിച്ചഞ്ജലിബന്ധംചെയ്തു ഖിന്നതദേവന്മാ
ർക്കുണ്ടായവൈപ്ലവംചൊന്നാൻ * ലോകപാലകന്മാരെയാക
വേയാട്ടിക്കള ഞ്ഞേകനാഥനായ്മഹിഷാസുരൻവാണീടുന്നു *
ദേവന്മാരിക്കാലമസുരഭയംകൊണ്ടു ദേവദേവേശന്മാരെകേവ
ലം മണ്ഡലേ * മാനുഷവേഷംധരിച്ചടനംചെയ്തീടുന്നു ദനു
ജാന്തകന്മാരെകഴിവെന്തിതിനിപ്പോൾ * ബ്രഹ്മഭാഷിതംകേട്ടു
പരമേശ്വരൻദേവൻ നിർമ്മലൻജനാർദ്ദനൻതാനുമന്നേരംത
ന്നെ * പ്രകടതരകോപകലുഷന്മാരായിത്തു ഭ്രുകുടിപൂണ്ടുദുരാ
ലോകന്മാരായ്വന്നു * അന്നേരംവിഷ്ണുമുഖാംഭോരുഹത്തിങ്കൽ
നിന്നി ട്ടൊന്നിച്ചുമഹാതേജസ്സംഘാതംപുറപ്പെട്ടു * ശ്രീമഹാ
ദേവൻമുഖാംഭോരുഹംതന്നിൽനിന്നും ബ്രഹ്മാവിൻവദനത്തിൽ
നിന്നുമങ്ങതുപോലെ * ഇന്ദ്രാദിസുരജനദേഹത്തിൽനിന്നുമഹാ
സാന്ദ്രമാംതേജസ്സുണ്ടായ്വന്നതൊന്നിച്ചുകൂടി * ഭൂമിയുമാകാശവും
നിറഞ്ഞതേജോരാശി ധീമതാംവരന്മാരെവളർന്നുകാണായ്വന്നു *
ജ്വാലാമാലകൾകൊണ്ടുംദിക്കുകളെല്ലാംവ്യാപി ച്ചാലോലതരമു
യർന്നീടുന്നതേജോരാശി * അത്ഭുതമത്രേദേവസഞ്ചയംകണ്ടനേരിൽ
ഒക്കെ അത്ഭുതമഹിളയായ്ചമഞ്ഞതുമനോഹരം * പാർവ്വതീകാ
ന്തൻതേജസ്സുവക്ത്രവദനമായ് ശാർങ്ഗിഭുജങ്ങളായ്വൈവസ്വ
വതേജസ്സെല്ലാം * ബ്രഹ്മതേജസ്സുംചരണങ്ങളായ്വന്നുപിന്നെവി

ത്മലമിന്ദ്രതേജസ്സായിതു മദ്ധ്യഭാഗം * യമതേജസ്സുകൊണ്ടുകേ
ശങ്ങളുണ്ടായ്വന്നു വിമലനിശാകരതേജസാകുചങ്ങളും * നാ
സത്യതേജോരാശികൊണ്ടരീതിയുണ്ടായ്വന്നു നാസികാഭാഗം ദേവ
നാഥികക്കുളുകാലം * പൃഥുവായിരിപ്പോരുനിതംബദേശം
ചാരു പൃഥിവീതേജസ്സല്ലോ പൃഥിവീദേവന്മാരെ * അർക്ക
തേജസാ പാദാംഗുലികൾ ചില്ലിലതാ യുഗ്മമായതും സന്ധ്യാദേ
യമെന്നറിഞ്ഞാലും * വായുതേജസാ കർണ്ണരന്ധ്രങ്ങളെന്നുവേ
ണ്ടാ കായമെച്ചേഴുമോരോരോ ദേവന്മാർതേജസ്സല്ലോ * സ
ർവ്വദേവതാതേജസ്സംഘാതംകൊണ്ടീവണ്ണം സർവ്വാംഗസമേതയാ
യുണ്ടായിതുദ്ദേവി * ദേവിയെക്കണ്ടുപാരം പരമാനന്ദം പൂ
ണ്ടു ഭുവനംമുകുന്ദനും ദേവതാഗണങ്ങളും * ശൂലപാണിയും ത
ന്റെ ശൂലത്തിൽനിന്നിട്ടന്യ ശൂലവുമെടുത്തവൾക്കായുധം നൽകീ
ടിനാൻ * അപ്രകാരമേവ വൃന്ദാരകന്മാരെല്ലാവരു മിപ്രപഞ്ചേശ
രികൾക്കു കൊടുത്തോരായുധങ്ങൾ * അനുലേപനങ്ങളും ബഹുവാ
ഹനങ്ങളും തനുഭൂഷണങ്ങളും കൊടുത്താരെല്ലാരും * ഈശ്വ
രി വസ്ത്രായുധഭൂഷണാദികൾ ധരിച്ചാശ്ചര്യമാംവണ്ണമട്ടഹാസവും
ചെയ്തു * അർണ്ണവസലിലവും കലങ്ങിമറിഞ്ഞിതു വിണ്ണവും
ത്രിലോകവുമൊന്നു ചാഞ്ചാടിതദാ * സിംഹവാഹനം പൂണ്ടദേ
വിയെക്കണ്ടു ദേവ സംഹതി പുകഴ്ന്നിതു താപസന്മാരുമെല്ലാം *
സിംഹനാദത്തെക്കേട്ടു കമ്പിതന്മാരായുള്ള സിംഹവിക്രമന്മാരാം
ദൈതേയവീരന്മാരും * മഹിഷാസുരനുമായുടനേ പുറപ്പെട്ടു മ
ഹിതകോപം പൂണ്ടു തിരയും ദശാന്തരേ * കണ്ടിതു ജഗത്ത്രയവ്യാപ്ത
മാം തേജസ്സോടുമുണ്ടായ മഹാകോപംകൊണ്ടു ദുഷ്പ്രേക്ഷ്യയായി * അ
നന്തബാഹുക്കളുമനന്തായുധങ്ങളു മനന്താദൃഷ്ടികളും പേടിക്കും
പാദങ്ങളും * അത്ഭുതമഹിമയും പൂണ്ടു വിഭ്രമത്തോടും ദർപ്പസംഘാ
തദൈത്യഹാരിണീം ദുർഗ്ഗാദേവീം * മഹിഷാസുരനേവം തദാ ക
ണ്ടനേരം മഹിഷാന്തകിയോടു സമരം തുടങ്ങിനാൻ സഹസ്രകോടി
ലക്ഷമസുരരാജാക്കന്മാർ മഹിഷാസുരനുണ്ടനേകബലവാന്മാ
ർ * അവരിലൊരുത്തനുള്ളസുരപ്പെരുമ്പട ഭുവനം നിറഞ്ഞീടുമവ
ധിയില്ലാത്തനം * ഇങ്ങിനെ പെരുത്തോരു ഗീർവ്വാണവിരോധികൾ
സംഗതന്മാരായസ്ത്രശസ്ത്രങ്ങൾ തൂകീടിനാർ * ആശ്ചര്യമല്ലബാ
ണഗണങ്ങളെല്ലാം ഭുവനേശ്വരിയവയെല്ലാംമുറിച്ചോരനന്തരം *
ദേവന്മാർ ദേവീസഹായാർത്ഥമായ് ദൈത്യന്മാരോ ടാവതാംവണ്ണ
മുള്ള സംയുഗം ചെയ്തീടിനാർ * ലോകമാതാവിൻകൃപയുണ്ടാക
നിമിത്തമായ് ശോകകണ്ടകന്മാരെക്കൊന്നിതു ദേവന്മാരും * അ
മിതബലമെല്ലാം മരിച്ചോരനന്തര മമരാരിയാം മഹിഷാസുരൻ മ

ദ്ദോദ്ധതൻ * ചാപവുമെടുത്തഭിമാനവുംനടിച്ചൊരു ചാപ
വുംതൊടുത്തടുത്തിടിനാൻയുദ്ധാങ്കണെ * ദൈവസൈന്യത്തെ
കണ്ടുടൻകവലൻമഹാസുരൻ സീമയില്ലാതകോപമൂൎഛിതനായിട്ടവ
ൻ * അമ്പുകൾതൊടുത്തവനുഗ്രമാകാൻമുമ്പായുള്ള വമ്പിമലു
ന്നസുരന്മാൎക്കകമ്പവുംനൽകി * ഇന്ദ്രന്മേലെയ്തീടിനാൻപതി
നായിരംശരം സാന്ദ്രപൌരുഷംപഞ്ചസഹസ്രംയമങ്കലും * വ
രുണനെണ്ണായിരംരാജരാജനുപിന്നെ ശരങ്ങളാറായിരംനൽകി
നാൻസമ്മാനമായ് * സൂൎയ്യനംചന്ദ്രൻവഹ്നിവായുവുംവസുക്ക
ളും മാൎയ്യന്മാരായമററമുള്ളദേവന്മാർമേലും * മഹിഷാസുര
ശരവൎഷമേററതോററ വിഹിതാഞ്ജലിബന്ധംദേവിയെവണ
ങ്ങിനാർ * ദേവിയുമപ്പോൾനേരംതൻപാദേവണങ്ങീടും ദേവവൃന്ദ
ത്തെക്കണ്ടുകരുണാപരീതയായ് * ഉന്നതശൌൎയ്യംപൂണ്ടഭൂതവേ
താളാദിയാം തന്റെഗണത്തോടുസസ്മിതമരുൾചെയ്തു * ഒട്ടുകീ
ട്ടുകവിങ്ങളാസുരപ്പേരിമ്പട പൊട്ടുകെന്നതുകേട്ടവടന്നുഭൂതങ്ങ
ളും * കടിച്ചുംപിടിച്ചുമങ്ങടിച്ചുംപരസ്പരം നടിച്ചുംകരാദികളൊ
ടിച്ചുംസാട്ടഹാസം * ഇങ്ങിനെകുറഞ്ഞൊരുസംഗരമുണ്ടായപ്പോ
ളെങ്ങുമേകാണ്മാനില്ലദൈത്യന്മാരെന്നവണ്ണം * സൈന്യങ്ങ
ൾനശിച്ചതുകണ്ടതികോപത്തോടും സൈന്യപാലകന്മാരാമസു
രനായകന്മാർ * ഘോരനാംമഹാനാദൻപഞ്ചാസ്യൻസുചി
ക്ഷുസ്സ്വം ധീരനാംമഹാചണ്ഡൻവേഗവാൻമഹാബലൻ * ഉ
ൽക്കടന്മഹോല്ക്കടൻപാദചൂഡനുംദൈത്യ മുഖ്യനാംബഹുനേത്ര
ൻവീൎയ്യവാൻപ്രബാഹുകൻ * ഏകപാദനുംമഹാഹനുവുംമ
ഹോദരൻ പാകനുംമററുമഹാവീരന്മാരൊരുമിച്ചു * പോരിന്നു
തുടന്നതുകണ്ടൊരുമഹാദേവി ഘോരനാംസിംഹത്തിന്മേലാമ്മാ
റുകരയേറി * ശത്രുസൂദനമായചാപവുമെടുത്തുട നെത്രയുംഭ
യങ്കരമാമ്മാറുയുദ്ധംചെയ്തു * ആനകൾപത്തുലക്ഷംവാജികൾ
നൂറുലക്ഷം മാനികൾതേരാളിവീരന്മാരുംനൂറുലക്ഷം * പതിനാ
യിരംലക്ഷംസേനകളോടുംകൂടി ഹതനായ്പ്പോന്നുമഹാഹനുവുംയുദ്ധാ
ങ്കണെ * അവനെമുന്നിട്ടസുരേന്ദ്രന്മാരെല്ലാംയമ ഭവനംപു
ക്കുമഹാനാദനാദികളെല്ലാം * ആയതുകണ്ടുമഹാകോപവുംപൂ
ണ്ടുപുന രായിരംകോടിചക്രമസുരപ്രവരന്മാർ * പ്രത്യേകംമ
ഹാസൈന്യസഞ്ചയത്തോടുംചെന്നു ചത്തിതുദേവീബാണമേററ
സംഗരാജിരേ * ഇങ്ങിനെമഹാസുരനാശംവന്നതുകണ്ടു തി
ങ്ങിനകോപത്തോടുംമഹിഷാസുരൻതാനും * ചണ്ഡകോപനാ
ൻനിജമന്ത്രിസത്തമനോടു പൂണ്ണവേദനയോടുസാദരംചൊല്ലീടി
നാൻ * വീരനാംഭവാനിന്നുവീരമാനിനിയായ നാരിയെ...

ന്നിട്ടകതാമസികളെത്തേതും * അങ്ങിനെതന്നെയന്നുതേരതിൽക്കരയേറി തുംഗവിക്രമൻപുറപ്പെട്ടിതുചണ്ഡകോപൻ * അടുത്തുബാണങ്ങളെയെടുത്തുതൊടുത്തുടൻ പടുത്വംകാട്ടീടിനാൻദേവിയോടതിചിത്രം * കാണുന്നജനങ്ങൾക്കുകൗതുകമുണ്ടാംവണ്ണം ബാണങ്ങളസംഖ്യമായ്ചൊരിയുംശരാന്തരേ * ഭീഷണാരാവപൂർവ്വംദേവിയുംതൻബാണൌഘം ശേഷമില്ലാതെഖണ്ഡിച്ചീടിനാൾജിതശ്രമം * മുറിച്ചുശരങ്ങളെയ്യൂരച്ചകവചവും പെരുത്തതേരിൽവില്ലുംകുടകൾകൊടികളും * മുറിച്ചുകളഞ്ഞവളുടനേ ചണ്ഡകോപൻതെറിച്ചുപരിചയുംവാളുമായ്ചാടീടിനാൻ * കോപമോടവൻചെന്നങ്ങടുത്തുവേഗത്തോടെ * കാമരൂപിണിയായ ലോകനായികയുടെ ഭീമവാഹനത്തെയൊന്നടുത്തുവെട്ടീടിനാൻ* അത്രയുമല്ലഭുവനേശ്വരിയേയുമവ നെത്രയുമണഞ്ഞുവെട്ടീടിനാൻഭുജാന്തരേ * അപ്പൊഴുതവന്റെഖഡ്ഗവുംപൊടിഞ്ഞുടൻ ദ്രുതംപതിച്ചതുകണ്ടുലോകപാലിക * ഈശ്വരിശൂലംകൊണ്ടുകുത്തിനനേരമവ നാശ്ചര്യംമരിച്ചുവീണീടിനാനവനിയിൽ * സേവകോത്തമൻപരാക്രമിയാംചിത്രഭാനു ദേവിയെക്കൊൽവാനൊരുശക്തിയെപ്രയോഗിച്ചാൻ * ഹുംകാരംകൊണ്ടുഭസ്മീകരിച്ചുമഹാദേവി സംഹാരംചെയ്തീടിനാൾചിത്രഭാനുവിനേയും * അത്ഭുതപരാക്രമനപ്പൊഴെകരാളനു മല്പമല്ലാതെശരസഞ്ചയംതൂകീടിനാൻ * മുഷ്ടികൊണ്ടടിച്ചവൻതന്നെയുംകൊന്നീടിനാൾ പട്ടസംകൊണ്ടുകൊന്നുബാഷ്കളനസുരനേയും * അന്ധകൻതന്നെചക്രംകൊണ്ടുസംഹരിച്ചുട നന്തകാലയംതന്നിൽവസിപ്പാൻയാത്രയാക്കി * മറ്റുമുള്ളസുരനായകന്മാർപലരേയും മുറമീവണ്ണംകൊന്നുമുടിച്ചുദുർഗ്ഗാദേവി * ആത്മസൈന്യങ്ങളെല്ലാംമരിച്ചോരനന്തര മാത്മാവാമ്മഹിഷനുംമാഹിഷവേഷംപൂണ്ടു * തൽക്ഷണംഭൂതവേതാളാദിയാംഗണങ്ങളെ ഭക്ഷണംതുടങ്ങിനാനെത്രയുംമഹാഘോരൻ * കൊമ്പുകൾകൊണ്ടുതാഡിച്ചുമൊട്ടേറ്റുകിനാൻപിന്നെ വമ്പുള്ളകുളമ്പുകൾകൊണ്ടുചാരന്മാരെയും * നിശ്വാസവാതംകൊണ്ടുചിലരെമണ്ടിപ്പിച്ചു വിശ്വങ്ങൾനടുങ്ങുമാറട്ടഹാസങ്ങൾചെയ്തു * സിംഹത്തെസ്സംഹരിപ്പാൻസന്നാഹംപൂണ്ടുപാരം സിംഹവിക്രമനടുത്തധികംപ്രഹരിച്ചു * സിംഹവുമതുനേരം കോപതാമ്രാക്ഷനായിസംഹാരകാലാനലതുല്യനായ്മഹാബലൻ * താഡനംചെയ്തുമഹിഷാസുരശരീരത്തെ പീഡനംചെയ്തീടിനാൻദാരുണനഖങ്ങളാൽ * ചണ്ഡികാദേവിതാനുംകൊൽവതിന്നാരമ്പെട്ടു ചണ്ഡനാംമഹിഷനെബ്ബന്ധിച്ചുപാശങ്ങളാൽ * തരസാപാശബന്ധംഛേദിച്ചുമഹാപാപി. രഭസം

സിംഹവേഷംധരിച്ചുഭയാനകം * ലോകമാതാവുസിംഹകന്ധരംമു
റിപ്പാനായ് ശോകനാശിനിവജ്രംധരിക്കുംദശാന്തരേ * പുരുഷ
വേഷമുണ്ടുഖഡ്ഗചര്മ്മങ്ങളോടും പരുഷതരമവനട്ടഹാസവുംചെ
യ്യാൻ * തൽക്ഷണേദുർഗ്ഗാദേവിബാണങ്ങളെയ്തുമഹാ തീക്ഷ്ണൻെറ
തലയറുത്തിടുവാൻഭാവിച്ചപ്പോൾ * കൊമ്പുകൾതുമ്പിക്കയ്യുംഭീമ
മസ്തകവുംപൂ ണ്ടതുമുള്ളഗജരൂപംകൈക്കൊണ്ടുമഹാസുരൻ * വ
മ്പനാംകേസരീന്ദ്രൻതന്നെയുംപിടിപെട്ടു കൊമ്പുകൾകൊണ്ടുകു
ത്തിയിഴച്ചോരനന്തരം * ഭീഷണങ്ങളാംനഖരങ്ങളെക്കൊണ്ടുസിം
ഹ മിഷലെന്നിയെകരമർദ്ദനംചെയ്തിടിനാൻ * പിന്നെയുംമഹാ
സുരൻമാഹിഷവേഷമുണ്ടു ജന്യാത്ഥമട്ടുത്തട്ടഹാസങ്ങൾചെയ്യു
ന്നേരം * മധുപാനാത്ഥമൊരുമ്പെട്ടുവിശ്വൈകമാതാ മധുരമാ
മ്മാറുള്ളവചനമരുൾചെയ്തു * ഗജ്ജിക്കകുറഞ്ഞൊരുനേരംനീഗജ്ജി
ക്കെടോ മർദ്ദിപ്പാനൊരുമ്പെട്ടുനിന്നെഞാനിന്നനൂനം * എന്നു
ടെമധുപാനംകഴിഞ്ഞാലനന്തരം നിന്നുടെജീവൻയമൻതന്നുടെ
ഗേഹമുകം * എന്നരുൾചെയ്തുമഹാകോപവുംപൂണ്ടുവേഗം ചെ
ന്നുടനസുരൻെറകഴുത്തിൽകരയേറി * ശ്രീപാദങ്ങളെക്കൊണ്ടുമ
ർദ്ദനംചെയ്യുന്നേര മാപാതവിഷണ്ണനായ്വന്നിതുമഹാസുരൻ * മു
ഷ്ടികൊണ്ടൊന്നുതാഡിച്ചീടിനാൾമഹാദേവി പെട്ടന്നഭയമ്പൂണ്ടു
മണ്ടിനാനസുരനും * പട്ടപേമേവംമഹാസിംഹമാരുഹ്യദേവി അ
ട്ടത്തീടിനാനവൻപിന്നാലെസകൌതുകം * ദക്ഷിണാംഭോധിതീ
രപൎയ്യന്തമോടീടിനാൻ ദക്ഷനാംമഹാസുരനാവതില്ലാഞ്ഞമൂലം *
ദേവിയെഭയപ്പെട്ടുധൎമ്മതീൎത്ഥത്തിൽപുക്ക കേവലമൊളിച്ചുവാണീ
ടിനാൻമഹാപാപി * അവനെത്തിരഞ്ഞെഴുന്നെള്ളുന്നദേവിതാ
നു മവിടമെല്ലാംതിരഞ്ഞുഴന്നീടുന്നനേരം * ഗഗനതലത്തിൽനി
ന്നശരീരിയാംവാണി വിഗതശോകംദുൎഗ്ഗാദേവിയോടുരചെയ്തു * നി
ന്നുടെമുഷ്ടിപ്രഹരംകൊണ്ടുദനവാംശ മന്നവൻമഹിഷനുമാടലോ
ടിതുകാലം * ദേഹരക്ഷാൎത്ഥംധൎമ്മതീൎത്ഥത്തിൽമുഴുകിനാൻ മോഹ
നവീൎയ്യേനീയുമവനെക്കൊന്നീടണം * അശരീരിവാണികളിത്തരസാ
കേട്ടുദേവി വിശദാശയാമൃഗാധിപനോടരുൾചെയ്തു * ചക്രതീ
ൎത്ഥത്തിലുള്ളസലിലമിതുനേര മൊക്കവേകുടിച്ചുവറ്റീടുകമൃഗേശ്വ
ര * പില്പാടുകിതവനാമസുരഹതകനെ കെല്പോടുഞാനുംവധിച്ചീ
ടുന്നേനസംശയം * എന്നതുകേട്ടുവാരേചെന്നുടൻപഞ്ചാസ്യനു
മൊന്നൊഴിയാതെജലമാകവേപാനംചെയ്തു * മഹിഷാസുരന
പ്പോളമിതഭയമ്പൂണ്ടു, മഹിതകപടവാനെഴുന്നേറ്റുനേരം * ദേ
വിയുംതന്മസ്തകേകേവലംപലവിധം പാവനതടനഭേദങ്ങളുമാരം

ഭിച്ചു * രോഷമുണ്ടാകമൂശംശൂലംകൊണ്ടിടയിടെ ഭീഷണമാമ്മാ
രകുത്തീടിനാൾശിരോദ്ദേശേ * വിസ്മരിച്ചെന്നിനേറപ്പറഞ്ഞീടുന്നു
ദേവി സ്ത്വരംകരാളമാംകരവാളംകൊണ്ടവൻ * മസ്തകമറുത്തു
ഭൂമണ്ഡലംതന്നിലിട്ടു നിസ്തുലാനന്ദമോടുമവിടെവാണീടിനാൾ *
സിദ്ധന്മാർസാദ്ധ്യന്മാരുംമറ്റുള്ളദേവന്മാരും ബദ്ധമോദേനവന്നു
പുകണ്ണു പലതരം * ദേവിതന്നനുജ്ഞയുംകേവലംകൈക്കൊണ്ടുട
ൻ ദേവന്മാർദേവലോകംതന്നിൽനിന്നത്യത്ഭുതം * അമൃതതോ
യംകൊണ്ടുനിറച്ചുധർമ്മതീർത്ഥ മമിതമോദംദേവീചരണംവണങ്ങി
നാർ * അതുകാരണമന്നുതുടങ്ങിധർമ്മതീർത്ഥ മമൃതതീർത്ഥമെന്നുനാ
മവുംധരിച്ചാലും * സത്വരംതതോദേവിധർമ്മപുഷ്കരണിതന്നുത്ത
രതീരംതന്നിൽതന്നുടെനാമംകൊണ്ടു * വിഖ്യാതമായുള്ളൊരുപ
ത്തനംചമച്ചതിൽ മുഖ്യമാംവരങ്ങളുംനല്കിനാൾമഹേശ്വരി * യാ
തൊരുനരൻധർമ്മതീർത്ഥത്തിൽസ്നാനംചെയ്തു കൈതവഹീനംദേവി
പത്തനംസേവിപ്പതും * ചെയ്തപാപങ്ങളെല്ലാംനശിക്കുമെന്നല്ല
വൻ ചേതസാചിന്തിച്ചതുമെപ്പേരുംസാധിച്ചീടും * ഇങ്ങിനെ
തീർത്ഥത്തിനുംദേവീപത്തനത്തിനും മങ്ങാതെവരങ്ങളുംകൊടുത്തുമ
ഹേശ്വരി * ദേവകൾക്കഭീഷ്ടദാനങ്ങളുംചെയ്തുദേവ സേവിതപ
ദാമറഞ്ഞതരുളീടിനാളല്ലോ * താപസന്മാരേനിങ്ങൾകേട്ടാലുംകഥാ
ശേഷം പാപനാശത്തിന്നിത്രനന്നായ്മറ്റൊന്നുമില്ല * ദേവീപ
ത്തനംതൊട്ടുദർഭശയ്യാന്തംപത്തു യോജനവിസ്തീർണ്ണമായുള്ളതുസേ
തുബന്ധം * കൊടിയദുരിതംവേരറവാൻപുനരതി നിടയിലൊ
രേടത്തുമജ്ജനംതന്നെപോരും * സേതുദർശനംകൊണ്ടുംസേതുമജ്ജ
നംകൊണ്ടും സേതുകീർത്തനംകൊണ്ടുംപാപങ്ങളകന്നീടും * ചക്ര
തീർത്ഥത്തിനുടെമഹത്വംചൊല്ലീടുവാ നിക്കണ്ടലോകങ്ങളിലൊരു
മില്ലെന്നുനൂനം * ഭൂലോകംതന്നിലുള്ളഗംഗാദിതീർത്ഥമതിൽ, കാ
ലൊന്നിനുപമമല്ലെന്നതുധരിക്കേണം * ധർമ്മതീർത്ഥത്തിൽമുമ്പിൽ
സ്നാനവുംചെയ്തുപിന്നെ ധർമ്മേതാരാമസിംഹാസനവുംകൈവണ
ങ്ങി * കർമ്മബന്ധങ്ങളെല്ലാംദൂരത്താപോക്കീടുന്ന നിർമ്മലസേതു
ബന്ധംകണ്ടുവന്ദിച്ചീടണം * ശ്രീരാമചന്ദ്രപാദന്യാസംകൊണ്ടതി
തരാം പൂതമായിരിപ്പോരുസേതുവെവന്ദിക്കണം * ദശകണ്ഠന്റെ
ശിരച്ഛേദനകരണത്തിൽകുശലഹേതുവായിസേതുവെവന്ദിക്കണം *
മോക്ഷമാർഗ്ഗത്തിന്നൊരുഹേതുവായ്രാമചന്ദ്ര രക്ഷിതമായുള്ളോരു
സേതുവെവന്ദിക്കണം * സീതാമാനസാംഭോജഭാനുവായിരിപ്പോരു
സേതുവെവന്ദിക്കണംസാഷ്ടാംഗംനമിക്കണം * സത്വരമ്പിന്നെ
ച്ചെന്നുവേതാളവരദമാം തീർത്ഥത്തിൽമുഴുകണംതാപസവരന്മാരേ*

ഇങ്ങിനെചക്രതീൎത്ഥമഹത്വംകേൾക്കുന്നോൎക്കും മംഗലംവന്നുകൂടു
മ്മോക്ഷവുംസിദ്ധിച്ചീടും:—

ഇതി ശ്രീസേതുമാഹാത്മ്യേ ചക്രകാണ്ഡം
സമാപ്തം.

## വേതാളകാണ്ഡം.

ഹരിഃ ശ്രീ ഗണപതയേനമഃ

ചൊല്ലെടോചൊല്ലെടോനല്ലകഥശേഷ മെല്ലയോസൂതചൊല്ലേറുംഗുണാംബുധേ * നിന്നുടെഭാഷിതമ്പീയൂഷസേവകൾ നന്നെടോതൃപ്തികാണുന്നീലൊരിക്കലും * ചൊൽകവേതാളവരദതീൎത്ഥസ്നാനം ചെയ്തവൎക്കുള്ളഫലങ്ങളെപ്പേരുമേ * ബന്ധുരശീലവേതാളവരദമെ ന്നെന്തെടോചൊല്ലുവാൻകാരണംചൊല്ലുക * എന്നതുകേട്ടുപറഞ്ഞിതുസൂതനും നന്നായെല്ലാരുംകേട്ടാലുംകഥാസാരം * ഈശ്വരൻപണ്ടുവിശ്വാസപുരസ്സര മീശ്വരിയോടരുൾചെയ്തകഥാമൃതം * മംഗലവൎദ്ധനമിന്നിതപ്പേരുമേ നിങ്ങളുമാദരവോടുകേട്ടീടുവിൻ * ഗാലവനെന്നൊരുതാപസേന്ദ്രൻപണ്ടു ധീരനങ്ങെത്രയുംധീമാൻനിജാശ്രമെ * ബ്രഹ്മസ്വരൂപവുംധ്യാനിച്ചഹന്നിശം നിൎമ്മലാത്മാവായ്തപസ്സുചെയ്യുംവിധൌ * സുന്ദരരൂപിണിയായവനുണ്ടൊരു നന്ദിനികാന്തിമതിയെന്നവൾക്കുപേർ * വേദിയടിച്ചുതളിച്ചുംസമിത്തുക ളാദരപൂൎവ്വംസമാൎജ്ജിച്ചുമന്വഹം* വിശ്രുതകീൎത്തിമാനാകുന്നപിതാവിനെ ശുശ്രൂഷയുംചെയ്തിരിക്കുംദിശാന്തരെ * പുഷ്പങ്ങൾകൊണ്ടുവരുവാനൊരുദിന മല്ലലാക്ഷിനടന്നീടിനാൾകാനനേ * ദൂരത്തുചെന്നുടനോരോതരത്തിലെ വിരുത്തിൽനിന്നുടനാഹൃത്യപൂക്കളും * പേടികതന്നിലിട്ടാടലോടെന്നിയെ പേടമാൻകണ്ണിവീണ്ടിങ്ങുപോരുംവിധൌ*ഉദ്യാനശാലികൾകണ്ടിതുരണ്ടുപേർ വിദ്യാധരകുമാരന്മാരവളെയും*ഏകൻസുദൎശനനന്യൻസുകൎണ്ണനു മാതുരന്മാരായ്മദനാസ്ത്രമേറ്റവർ* ആരെന്നറിയാതെചാരത്തുവന്നതി ധീരൻസുദൎശനനൊന്നുചൊല്ലീടിനാൻ* കാമാസ്ത്രദേവതയായ്വിളങ്ങിടുന്ന കാമിനിമാർകുലമൌലികേബാലികേ*വിദ്യുല്ലതകളുംകനകശലാകകളു മുദ്യോഗമൊന്നുകുറച്ചുവച്ചീടുവാൻ* വിദ്യോതമാനമാംനിന്റെകളേബരം അല്പചമച്ചതാലീവണ്ണമോമലേ*പങ്കജകോരകഭംഗിയെവെല്ലുവാൻ കൊങ്കദ്വയംകേനകല്പിതമങ്ങിനെ*ആരോമലേനിൻമുഖാംബുജലാവണ്യ മാരോടുപമി

പ്പതിനുയോഗ്യംശുഭേ * അംഗനേനിന്നുടലിങ്ങിനെകാംക്ഷയാ ലം
ഗജനെന്നെഹരിപ്പാൻതുനിയുന്നു * ദേവലോകത്തിലുംമററവള്ളുല
കില്ലു മേവമൊരുത്തിയെക്കണ്ടീലഞാനെടോ * ആരെടോനിൻ
പിതാവാരെടോനിന്നുടെ നേരുചൊല്ലേണംവിശേഷിച്ചനാമവും *
എന്നുടെഭാൎയ്യയായ്വാഴ്കനീമന്മഥൻ തന്നുടെചാപല്യമെന്തുചെ
യ്യുമ്പിന്നെ * നല്ലമനോരമഭോഗങ്ങളുംഭുജി ച്ചുല്ലാസമോടുഭജി
ക്കാമാംവല്ലഭേ * ഗന്ധൎവ്വരാജകുമാരകൻഞാൻനല്ല ബന്ധുമാനെ
ന്നിനുമേപേടിക്കവേണ്ടനീ * ഇത്ഥംസുദൎശനൻചൊന്നതുകേട്ടതി
നുത്തരംകാന്തിമതിയുമുരചെയ്തു * ഗാലവനെന്നൊരുതാപസനു
ണ്ടിഹ നീളപ്രസിദ്ധനവൻതനയഞാൻ * കാന്തിമതിയെന്നു
നാമധേയംമമ കാന്തനൊരുവനുമുണ്ടായതുമില്ല * താതനുദേവ
പൂജക്കുകുസുമങ്ങ ളാദരവോടിതാകൊണ്ടുപോകുന്നുഞാൻ * എ
താനുമാഗ്രഹമുണ്ടുനിനക്കെങ്കി ലേതുംമടിയാതെതാതനോടോതുക *
കന്യകഞാൻജനകാജ്ഞയെയൊഴിഞ്ഞുട നന്യായമൊന്നുമെചെയ്കയി
ല്ലെന്നുമേ * എന്നുപറഞ്ഞുനടന്നുതുടങ്ങിനാ ളൊന്നുമറിഞ്ഞതുച
മഞ്ഞുസുദൎശനൻ * വല്ലതെന്നാലുംമനോഭവൻകൊല്ലുമെ നല്ല
ലോടോടിപ്പിടിച്ചാന്നുപുൽകിനാൻ * ബാലികതാനുംവിഷണ്ണയാ
യന്നേര മാലോടുകൂടക്കരഞ്ഞുതുടങ്ങിനാൾ * ഹാതാതഹാമഞ്ജരോ
ഹാപ്രാണരക്ഷകാ ഹാവിധിവൈഭവമത്ഭുതമെത്രയും * ദുഷ്ടനാം
വിദ്യാധരാത്മജൻനിസ്ത്രപംകഷ്ടമെന്നെപ്പിടിച്ചാടൽപ്പെടുക്കുന്നു *
ആൎത്തനാദംകേട്ടുതാപസന്മാരുട നോത്തുടുത്തീടിനാരപ്രദേശത്ത
ന്നിൽ * ഗാലവൻമുമ്പായതാപസന്മാരെല്ലാം ബാലികതന്നെ
യുംവിദ്യാധരനെയും * കണ്ടുവൃത്താന്തവുമെല്ലാമറിഞ്ഞതി കുപി
തനായ്ഗാലവനേററവും * കോപവുമുണ്ടുശപിച്ചാനവനെ
യും പാപനായുള്ളോരുവിദ്യാധരാധമ * ദുഷ്കൎമ്മമേവംനിനക്കിഷ്ട
മാകയാൽ വേഗമെമനുഷ്യനായീടുകനീശഠ * മാനുഷ്യജന്മത്തിലേ
റിയിരിപ്പൊരു മാനസദുഃഖങ്ങളുണ്ടായിരിക്കതെ * ജന്മാന്തരംവി
നാശപതാളഭാവവും ദുൎമ്മതീഷാനിനക്കുണ്ടായിവന്നിടും * ഒന്നു
മിളകാതെകണ്ടുനിന്നീടുന്ന ഛിന്നനുജനിവനുംമൎത്ത്യനായ്വരും *
വേതാളഭാവമിവനില്ലയെന്നൊരു ഭേദമേയുള്ളുവിനയശൂന്യന്മാ
രേ * വിജ്ഞപ്തകൗതുകനാനുവിഖ്യാതനായ് വിജ്ഞനായുള്ളൊരു
[illegible] * ചക്ഷുൎവ്വിഷയനായീടുമൊരുദിനം തൽക്ഷ
ണംശാപമോക്ഷംഭവിക്കുന്നവ * ശാപവുമിനൽകിത്തനുജയോടു
മുനി താപസനാശ്രമമ്പുക്കൊരനന്തരം * ശാപമുണ്ടായതോർത്ത
ന്നൊമ്മനസ താപവുമ്പൂണ്ടൊരുവിദ്യാധരന്മാരും * ഗോവിന്ദാ
നന്ദംചെയ്യുമതുവുന്ന ഗോവിന്ദനാകുന്നഭൂമീസുരന്തന്റെ *

പുത്രരായ്വന്നുജനിച്ചിതുഭൂമിയി ലെത്രയുംചിത്രമല്ലോരൂപവൈഭ
വം * ജ്യേഷ്ഠൻവിജയനനുജനശോകന മേററവുമ്മോദമ്പിതാവി
നുമുണ്ടായി * കാലക്രമംകൊണ്ടുയൌവനം പ്രാപിച്ചു ബാലകന്മാരെ
ന്നഭാവവുംവേർപെട്ടു * വാഴുന്നകാലമതിവൃഷ്ടികൊണ്ടുടൻ കേഴ
ന്നദുർഭിക്ഷമുണ്ടാകമൂലമായ് * അദ്ദേശമാകെത്യജിച്ചുഗോവിന്ദനു മു
ദ്യോഗപൂർവ്വകംകാശിപുരമ്പ്രതി * ഭാര്യയോടുംനിജനന്ദനന്മാരോടു മാ
ര്യൻപുറപ്പെട്ടുപോകുംദശാന്തരേ * ആദരപൂർവ്വമ്പ്രയാഗതീർത്ഥാ
ന്തികേ മോദവാൻകണ്ടാനൊരുമുനിശ്രേഷ്ഠനെ * നന്മാകപാല
മാലാഭരണൻമഹാ ധീമാനവനെനമസ്കരിച്ചീടിനാൻ * ആശീ
ർവചനവുന്നൽകിമുനീന്ദ്രനു മാശയാനന്ദമോടൊന്നുചൊല്ലീടിനാ
ൻ * ഗോവിന്ദഭൂസുരശ്രേഷ്ഠഭവാനിന്നു ഭാവിയായുള്ളോരുസങ്കട
ങ്ങൾകേൾക്കെടോ * ജ്യേഷ്ഠനാംപുത്രൻവിജയനേത്തനിവ നേററവുന്നി
ന്ദിതനെന്നതുനിർണ്ണയം * അങ്ങിവനെപ്പിരിഞ്ഞീടുമാറല്ലൊരു സം
ഗതിയുണ്ടുകാണെന്നുമഹീസുര * ഇത്ഥമ്മുനിവാക്കുകേട്ടുഭൂദേവനു മു
ൾത്താപമോടവിടുന്നുപോയീടിനാൻ * സൂര്യനുമസ്തമിച്ചോരുശേ
ഷമവ നാഹ്നികകർമ്മമാകവേചെയ്തുടൻ * എങ്ങുംഭവനങ്ങ
ൾകാണായ്കകാരണം തിങ്ങിനസങ്കടമോടുഭൂദേവനും * അങ്ങോട്ടു
മിങ്ങോട്ടുഴന്നുനടന്നപ്പോ ളങ്ങുകണ്ടാനൊരുദേവതാമന്ദിരം * ദൈ
ന്യമതീവവളർന്നോരവരെല്ലാം ശൂന്യമാംദേവാലയമ്പുക്കരാത്രിയി
ൽ * വസ്ത്രങ്ങൾഭൂമിയിലാസ്തരണംചെയ്തു വിത്രാസമോടുറങ്ങീടും
ദശാന്തരെ * ദീർഘമായുള്ളോരുമാർഗ്ഗംനടക്കയു മാക്കെകെട്ടുകന്ന
ഭക്ഷ്യംഭുജിക്കയും * ശീതളതോയപാനാദിയുംചെയ്കയാൽ ശീത
ജ്വരംവന്നുകൂടിവിജയനും * ഹാതാതപാരംവിവശനായ്വന്നുഞാൻ
ശീതജ്വരംവന്നുബാധിക്കമൂലമായ് * ജീവിക്കവേണമിന്നെങ്കിലന
ലനെ സ്സേവിക്കവേണമിനിക്കവൈകീടാതെ * എന്നതുകേട്ടു
പുറപ്പെട്ടുഭൂദേവൻ ചെന്നുനടന്നുതീയുംതിരഞ്ഞീടിനാൻ * എ
ങ്ങുംലഭിയാഞ്ഞുപാരംവിഷണ്ണനാ യിങ്ങുവന്നാത്മജനോടുചൊല്ലീ
ടിനാൻ * ആരാഞ്ഞുഞാൻനടന്നോടമെങ്ങുംപുന രാരെയുംകണ്ടി
ലതീയുംലഭിച്ചീല * രാത്രിയിൽവാതിലടച്ചുറങ്ങീടുന്ന മർത്ത്യന്മാ
രെന്തഹോവഹ്നിനൾകുന്നതും * അച്ഛൻപറഞ്ഞതിനുത്തരമേനി
യി ലിച്ഛയോടുമുരചെയ്തുവിജയനും * പോയ്യറാഞ്ഞതെന്നെവഞ്ചി
ച്ചിടൊലാവൃഥാ ചെയ്തീലമാർഗ്ഗണമെങ്ങുംഭവാനൂനം * ദൂരത്ത
ല്ലയോകാണുന്നുപാവകൻ പാരിച്ചഹുങ്കാരമോടുമയ്യന്നഹോ * വാ
ത്സല്യശാലയാംഭവാനെങ്കലില്ലതി മാത്സര്യമുണ്ടെന്നുവന്നുകൂടീദൃഢം *
ഓരോകപടങ്ങളേറപ്പറയാതെ നേരോടുവഹ്നികൊണ്ടന്നുനൽകീടു
ക * പൊയ്യല്ലനന്ദനദൂരത്തുകാണുന്ന തീയതുകേവലമന്വെന്നറി

ഞ്ഞിടതാ * ബാലശ്മശാനദേശത്തു ചിതാനലൻ ജ്വാലാകരാളമായ്ക്കാണുന്നതുമെടോ * നൂനം ശ്മശാനാഗ്നിസേവ ചെയ്തീടുന്ന മാനവന്നായുഃക്ഷയം വരും നിർണ്ണയം * ഞാനിവയോർത്തു കൊണ്ടുവരാഞ്ഞതും വേണം കുറഞ്ഞൊരു ധൈര്യം നിനക്കെടൊ * എന്നതു കേട്ടു വിജയനും ചൊല്ലിനാൻ നന്നല്ല താത ഭവാനുടെ ഭാഷിതം * ചിത്യാഗ്നിയെങ്കിലും യജ്ഞാഗ്നിയെങ്കിലും സത്വരം കൊണ്ടുവന്നീല ഭവാനെങ്കിൽ * മൃത്യുവരുമിനിക്കെന്നതു നിർണ്ണയം സത്യം പറഞ്ഞതു ഞാനെന്നറിഞ്ഞാലും * ഇത്തരം പുത്രനിർബ്ബന്ധങ്ങൾ കേൾക്കയാൽ ഉത്ഥാനവും ചെയ്തു ഗോവിന്ദഭൂസുരൻ * ചൈത്യാഗ്നിയെക്കൊണ്ടുപോരുവാൻ നിശ്ചയിച്ചാർത്ത്യായതപീഡയോടും നടകൊണ്ടാൻ * വന്ദാതുകുബലം കൊണ്ടു വിജയനും പിമ്പേതുടർന്നു നടന്നു ചെന്നീടിനാൻ * തുർണ്ണം ശ്മശാനദേശം പുക്കവെന്തതാ പൂർണ്ണമോദം ചിതാവഹ്നി കാണിച്ചീടിനാൻ * ആകമേറീടുന്ന ശീതജ്വരം തദാ വെക്കട്ടോട്ടു സഹിക്കരുതായ്വന്നു * കണ്ടോളവും ഭയമേറുന്നതീയതിൽ കണ്ടാനൊരു ശവം വേകുന്നതുമവൻ * നിസ്തുലമായുള്ള മാംസഗന്ധത്തോട്ടു മസ്ഥികൾ വെന്തു നീറുന്നതുമത്ഭുതം * ബോധം കുറഞ്ഞു വിജയൻ ചിരിച്ചു കൊണ്ടാഹന്ത താതനോടൊത്തു ചൊല്ലീടിനാൻ * രക്താംബരം പോലെ വൃത്തുളമായതി മുഗ്ദ്ധമായ്പ്പാവകജ്വാലാപരീതമായ് * കാണുന്നതെന്തെന്നതെന്നോടു ചൊല്ലുക കാണുന്നവർക്കിതു കൌതുകമേറ്റവും * എന്നതു കേട്ടു സൂക്ഷിച്ചു നോക്കിത്തദാ ചൊന്നാൻ സുതനോടു ഭൂമിസുരോത്തമൻ * കാണുന്നതെന്തെന്നറിഞ്ഞീല ഞാൻ സുതാ വേണുന്നതെല്ലാം നമുക്കിതു സാമ്പ്രതം * മാംസാവസാകീകസംശോണിതാഢ്യമായ് മാംസളപാവകജ്വാലാവലീഢമായ് * വേകും കപാലമാകുന്നതിക്കണ്ടതു വേകുന്നിതെന്നുടെ മാനസം നന്ദന * താതവാക്യം കേട്ട നേരം വിജയനും കൌതുകം പൂണ്ടൊരു ബന്ധുമെട്ടെന്നുടൻ * ഘട്ടനം ചെയ്തു കൊണ്ടു വിശീർണ്ണമായൊട്ടു മേല്പെട്ടു പൊങ്ങി കപാലവും * രക്തപിത്തം മാംസലേശമന്നേരം സക്തമായ്വന്നു വിജയമുഖാംബുജെ * തുഷ്ടിമനസ്സിനുണ്ടാകനിമിത്തമായ്ക്കഷ്ടം ഭുജിച്ചാനതിനെ വിജയനും * തൽക്ഷണമേറ്റം ഭയങ്കരവേഷവും തീക്ഷ്ണദംഷ്ട്രങ്ങളും വൃത്തനേത്രങ്ങളും * കൈക്കൊണ്ടു വേതാളഭൂപതിഭാവവും മുഷ്കരമാമ്മാറൊരട്ടഹാസം ചെയ്തു * ദിക്കുകളൊക്കെ നിറഞ്ഞൊരു ശബ്ദം കൊണ്ടു മിക്കതുമൊന്നു കലുങ്ങി വസുധയും * താതനെക്കൊന്നു തിന്നീടുവാനായവൻ കൌതുകമോടു മട്ടുക്കാദശാന്തരേ * ആകാ നിനക്കിതെന്നശരീരയായൊരാകാശവാണി കേട്ടു ഞടുങ്ങീടിനാൻ * പാതാളഭൂലോകവാസികളായുള്ള പേ

താളവൃന്ദങ്ങളന്നവനെക്കണ്ടു * ഭൂരിശോഭം കപാലസ്തോടനെന്നൊ
രു പേരുമിട്ടങ്ങു സാക്കുട്ടമിട്ടീടിനാർ * ആർത്തുവിളിച്ചുപുളച്ചുനടന്ന
വരാത്തമോദം ഖിയത്തുടനടകൊണ്ടു * ചെന്നു നരാസ്ഥിവിഭൂഷ
ണനാകുമന്നൊരുന്നതവേതാളമന്നവന്നന്തികേ * അപ്പോളവൻക
പാലസ്തോടനെദ്രുതം കെൽപ്പോടു സേനാപതിയായ്നിയോഗിച്ചു *
ഇങ്ങിനെ വാഴുന്ന കാലമൊരുദിനം തുംഗബലവാൻ നരാസ്ഥിവിഭൂ
ഷണൻ * ചിത്രസേനാഖ്യനാം ഗന്ധർവനോടേററ ചിത്രയുദ്ധം ചെ
യ്തുപുക്കയമാലയം * പിന്നെയും വേതാളവൃന്ദത്തിന്റെപ്പേരും മന്നവ
നായ്പസിച്ചുകപാലസ്തോടൻ * അക്കഥനില്ക്ക വസുധാസുരേന്ദ്രരേ
കേൾക്ക ഗോവിന്ദമംഗിസുരചേഷ്ടിതം * പുത്രനാം വേതാളമായതു ക
ണ്ടവനെത്രയും പേടിപൂണ്ടാടലോടും തദാ * ദേവാലയം പുക്കഭാര്യ
യോടും നിജ ദൈവവിരോധങ്ങളൊക്കെയെറിയിച്ചു * പുത്രനെച്ചി
ന്തിച്ചുദമ്പതിമാരവരെത്രയുമാർത്ത്യാ വിലാപം തുടങ്ങിനാർ * ബു
ദ്ധിചാതുര്യ്യസമ്പന്നനശോകനാം ബദ്ധവേഗം പിതൃസന്തികേ മേവി
നാൻ * ദീനനാദം കേട്ടു കാരുണ്യപൂർവ്വകം താനൊരു വൈശ്യസമൃ
ദ്ധതാധിപൻ * വൃത്താന്തമാകവേ ചോദിച്ചറിഞ്ഞവൻ സത്വരം
തന്നുടെ വേശ്മനി കൊണ്ടുപോയ് * തന്റെ ധനങ്ങൾക്കു രക്ഷിതാവാ
ക്കിനാൻ കണ്ടുകൊണ്ടാലും മനുജഗതിഭേദം * പുത്രനെക്കാണുന്ന
തെന്നിനിഞാനെന്നൊരുൾത്താപമോടു ധരിത്രീസുരന്താനും * ഭാ
ര്യ്യയോടും നിജ ബാലകന്തന്നോടു മാര്യ്യൻ സമൃദ്ധനാം തന്റെ കൃപകൊ
ണ്ടു * ജീവനോപായം ധരിച്ചു ദിനംപ്രതി ജീവനെ രക്ഷിച്ചു വാഴും ദശാ
ന്തരേ * നല്ലമതിമാനശോകരത്നമരാ തുല്യതയില്ലാത്ത വിദ്യക
ളെപ്പേരും * അഭ്യാസവും ചെയ്തു പാരം വിദഗ്ദ്ധനായ് സദ്യസ്സഭാസു
പ്രസിദ്ധനായും വന്നു * ആയുധവിദ്യയും മന്ത്രതന്ത്രങ്ങളും മായമുപോ
ലെമറാക്കുമന്നില്ലെടോ * വിദ്യോത്തമാനൻ മനുഷ്യജന്മത്തിലും വി
ദ്യാധരോത്തമനായ്പുനരിത്തൂതം * പാടവം പാർമ്മിവനന്ദനനോരതാ
നാട്ടുകളൊക്കെ പ്രസിദ്ധനായീടിനാൻ * അക്കാലമപ്പുരനാഥനായെത്ര
യും വിഖ്യാതിതേടും പ്രതാപമകുടനും * കാശിദേശാധിപനാകിയമ
ല്ലനും പേശലമാമ്മാറു യുദ്ധം തുടങ്ങിനാർ * കാലനുപോരായ മല്ലനോ
ടേററടൻ കാലം പലവും കഴിഞ്ഞൊരനന്തരം * സന്നമായ്പുനരപ്പട
ക്കോപ്പുമെന്നല്ല ഖിന്നനായേറ്റം പ്രതാപമകുടനും * എന്തിനിനിന
ല്ലതുമല്ലനെ വെല്ലുവാൻ ബന്ധുവാരുള്ളു നമുക്കെന്നോർത്തവൻ *
ധന്യനശോകനെ കൊണ്ടുവരുവാനായ് തന്നുടെ കിങ്കരന്മാരോടു
ചൊല്ലിനാൻ * എന്നപാദാതിമവന്നാ വരുമശോകനോ ടൊന്നൊഴി
യാതെ ചൊന്നതുവൃത്താന്തവും * വേഗം പുറപ്പെട്ടു കെന്നാളു കേട്ടതി

വേഗവാൻകൂടെപ്പുറപ്പെട്ടുചെന്നവൻ * രാജാവിനെക്കണ്ടനേരം
നൃപതിയും വ്യാജഹീനമവനോടുചൊല്ലീടിനാൻ * മല്ലനെക്കൊന്നു
നീവല്ലതെന്നാലുമെ ന്നല്ലലകററണമുല്ലാസവാരിധേ * രാജ്യവുംപ്രാ
ജ്യമാമെൻധനമെല്ലാമെ പൂജ്യനായോരുനിനക്കുതന്നേനഹം * എ
ന്നതുകേട്ടുപുറപ്പെട്ടശോകനുംചെന്നുതുടങ്ങിനാൻമല്ലനോടാഹവം*
അപ്പൊഴവർതമ്മിലുണ്ടായസംഗര മത്ഭുതമെന്നതേചൊല്ലാവതുമ
ഹോ * ഖഡ്ഗചർമ്മങ്ങളുംകൈക്കൊണ്ടശോകനു മുദ്ഗരംകൈക്കൊ
ണ്ടുമല്ലനൃപതിയും * ഉണ്ടായസംഗരകൌശലംകണ്ടുടൻ പണ്ടേവ
മിതല്ലെന്നുകണ്ടവർചൊല്ലിനാർ * വെട്ടിമുറിച്ചുമുസലംനൃപതിയെ
പ്പെട്ടെന്നുചുററിപ്പിടിച്ചിട്ടശോകനും * കൈത്തലംകൊണ്ടൊന്നടി
ച്ചതുകൊണ്ടവൻ സ്വസ്ഥലംതന്നിൽസുഖിച്ചുവാണീടിനാൻ * മ
ല്ലനിവണ്ണംമരിച്ചോരനന്തര മുല്ലാസമോടുപ്രതാപമകുടനും * താന
മാത്യൻനൃപനായതശോകനും കാണുന്നവർക്കിങ്ങിനെതോന്നുമാറ
വർ * ന്നൂറായിരമുപചാരങ്ങളുംചെയ്തു വേർപിരിയാതെപുരത്തിൽ
വാണീടിനാർ * അന്നൊരുനാൾഭൂമിപാലനശോകനോ ടൊന്നിച്ചു
കാനനേസഞ്ചരിച്ചീടിനാൻ * സന്ധ്യാസമയവുംകണ്ടുമോദംപൂണ്ടു
ബന്ധുവിശ്വാസമോടുംനടക്കുംവിധൌ * കാട്ടിലൊരേടത്തുനിന്നൊ
രാർത്തോദിതം കേട്ടതെന്തെന്നോർത്തുനിന്നുനൃപതിയും * ഭൂമിപമൌ
ലേദയാലോമഹീപാല കാമദായിന്നമവാക്കുകേട്ടീടുക * ഏതുമപരാ
ധമില്ലാതൊരെന്നെയും യാതുധാനോപമൻദണ്ഡപാലൻവിഭോ *
ശത്രുക്കൾചൊന്നതുകേട്ടുബോധംവിനാ മാത്രംകൃപയെന്നിയെകഴ
വേററിനാൻ* നാലുദിനമായ്മരിച്ചീലഞാനേവ മാലംബനംനീയൊ
ഴിഞ്ഞില്ലമന്നവ * ദേഹവ്യഥയിലുമേറാംവളരുന്ന ദാഹവ്യഥമമ
തീർക്കേണംഭവാൻ * ആർത്തനാദംകേട്ടുഭൂപതിയുംപര മാർത്തനായ്
വിപ്രകുമാരനോടോതിനാൻ * വെക്കമിവന്നുജലംകൊടുത്തീടണം
നീക്കമെതിനില്ലഭൂദേവനന്ദന * അല്ലായ്കിലുണ്ടാംനമുക്കമംഗല മി
ല്ലസന്ദേഹമതുകേട്ടശോകനും * തോയസമ്പൂർണ്ണമാംപാത്രവുംകൈ
ക്കൊണ്ടു പോയകാപ്പുകാൻശ്മശാനദേശേതദാ * തണ്ണീർകൊടുപ്പാ
ൻതുടങ്ങുംദശാന്തരെ കണ്ണിനാനന്ദമേകീടുന്നമാനിനീ * അശ്രാന്ത
പീഡയായ്പൂർണ്ണനയനയാ യശ്രുക്കളുംവാർത്തുനില്പതുകണ്ടവൻ *
ചൊല്ലിയലുന്നൊരുവാണിവിശാരദൻ പല്ലവതുല്യാംഗിയോടുചൊ
ല്ലീടിനാൻ * ആരെടോനീവരാരോഹേമനോഹരേ ഘോരമാമിശ്മശാ
നപ്രദേശത്തുങ്കൽ * ആരുമൊരുതുണകൂടാതെനില്പതി ന്നാരോമലേ
മൂലമെന്തെടോചൊല്ലനീ * ഇത്തരംകേട്ടവളുത്തരംചൊല്ലിനാ ളു
ത്തുംഗമാമത്രയുമെൽപാപവൈഭവം * എന്നുടെകാന്തനനപരാധ

നിവൻ തന്നെസ്വപ്നംകഴവിലാക്കീടിനാൻ * നാലുദിവസംകഴി
ഞ്ഞുമരിച്ചീല മാലിനിക്കുള്ളതുമെന്നുചൊല്ലുന്നുഞാൻ * ലേശംതി
ലുമുള്ളൊരുപീഡ സഹിയാഞ്ഞു ദാഹംപെരുത്തുതണ്ണീർക്കുദാഹിക്കു
ന്നു * എങ്ങിനെഞാൻകൊടുത്തീടുന്നവാറെന്നു ചിന്തനവേദന
പൂണ്ടുനിൽക്കുന്നുഞാൻ * ഇങ്ങുവെകുന്നിതനുമരണത്തിനു മംഗ
ലാകാരകളിയല്ലറികെടോ * കാമിനീവാക്കുകേട്ടാമയംപൂണ്ടൊരു ഭൂ
മിസുരാത്മജൻതാനുമതുംചെയ്തു * തോയംകൊടുപ്പാനുപായമുണ്ടാ
ക്കുവൻ പൊയ്യല്ലനീയെന്റെതോളിൽകരേറുക * ശീതളമായസ
ലിലമാകണ്ഠമാ ല്യാത്തുംദയിതനുനൽകീടുകഞ്ജസാ* എന്നതുകേട്ടവൻ
തോളിൽകരയേറി നിന്നാൾദുരാചാരയായതന്വംഗിയും* ചാവാൻ
തുടങ്ങുമവന്റെകളേബരം കേവലമാകവെതിന്നുതുടങ്ങിനാൾ* അ
ന്നേരമൊന്നുപുതുതായശോണിത വിന്ദുക്കൾഭൂമൌപതിച്ചതുകണ്ടു
വൻ * മേല്പെട്ടുനോക്കുന്നനേരമദൃഷ്ടയും മേല്പെട്ടുപാഞ്ഞുപോയീടി
നാളഞ്ജസാ * പാദംപിടിച്ചവൻകീഴ്പ്പെട്ടിഴത്തപ്പോ ളാഭരണീയമ
നേകരത്നാഞ്ചിതം * കാൽചിലമ്പൊന്നുകരസ്ഥമായീതദാ പാഞ്ഞി
ൽതുനിഞ്ഞാളവളുംവിഹായസാ* നൂപുരവുംകൊണ്ടുശോകത്തോൻ
പോന്നു ഭൂപതിയോടുദന്തങ്ങളുംചൊല്ലിനാൻ * ആശ്ചര്യമോടുനൃപ
നുംപുരംപുക്കു നിശ്ചയിച്ചാനകതാരിലൊന്നിങ്ങിനെ* നൂനമശോ
കചരിതംനിനെക്കുമ്പോൾ മാനുഷനല്ലിവനെന്നുതോന്നുന്നമേ *
വീര്യവുംകാര്യശക്തികളും ബുദ്ധിജ്ഞാനവും ധൈര്യവുംശൌര്യവിശേഷ
വുംവിദ്യയും * ഇന്നിവണ്ണംമറ്റൊരുവനുംകണ്ടീല നന്നിവനെന്ന
തെചൊല്ലാവുസാമ്പ്രതം * എന്നുനിരൂപിച്ചുസന്തോഷപൂർവ്വകം മ
ന്നവൻതന്റെതനൂജയെനൽകിനാൻ * നന്ദിചേരുമ്മാറന്തഃപുര
മൊന്നവൻ തന്നുടെതന്വംഗിയാൾക്കുനൽകീടിനാൻ * ഒന്നുകൊ
ണ്ടുമുപകാരമെന്നാളവ ളെന്നവാറേനിരൂപിച്ചാനശോകനും *
വല്ലഭൻകളിലുംന്തഃപുരമന്യവും വല്ലഭെകൊണ്ടുവന്നീടുവൻഞാനെ
ന്നാൻ * പിന്നെപ്പിതൃവനംതന്നിലകംപുക്കു ധന്യൻമഹാമാംസ
ഖണ്ഡങ്ങളാർജ്ജിച്ചു * ദിവ്യമന്ത്രങ്ങളെക്കൊണ്ടുയജിച്ചതി ധന്യൻ
സമാധിയോടുംവസിക്കുംവിധൌ * പാതാളപര്യന്തമുള്ളഭൂതങ്ങളും
വേതാളവൃന്ദവുംരാക്ഷസപാളിയും * മന്ത്രപ്രഭാവേനവേദനപൂണ്ടു
തി സന്ത്രാസമോടുമവിടെവന്നീടിനാർ * മാംസഖണ്ഡങ്ങളുംവാ
ങ്ങിത്തൊഴുതഭി ലാഷപ്പൂർത്തകമെണ്ണംഗമിച്ചീടിനാർ * അത്രാന്തരേ
മഹാരാക്ഷസസ്ത്രീകളോ ടുംത്രാസമോടുമുന്നംകണ്ടരാക്ഷസി * തൻ
പുരോദേശേവരുന്നതുകണ്ടവ നൾപ്പുവിലോത്തറിഞ്ഞാനവളെത്ത
ദാ * ഭക്ഷണത്തിനുമാംസങ്ങളുംനൽകിനാൻ ശിക്ഷിതബുദ്ധിമാനാ

ച്ചപ്പോൾനിശാചരി * പ്രീതിയുംഭീതിയുംപൂണ്ടുചൊല്ലീടിനാ ളേതപ
രാധവുംനീസഹിക്കേണമേവം * ശങ്കാവിഹീനമതുകേട്ടശോകനു മെ
ങ്കിലൊമരോമ്പിലമ്പുതരികെന്നാൻ * മാനുഷജാതിയിലാക്കമില്ലാ
ത്തൊരു മാനസധൈര്യവുംകോമളരൂപവും * വാണീപടുത്വവുമൊ
ത്തു സന്തോഷിച്ചു നാണീയസീരാക്ഷസിപറഞ്ഞീടിനാൾ * വിദ്യോ
തമാനമാം നൂപുരമന്യവും വിദ്യുൽപ്രഭയാകുമെന്റെതനൂജയും * ഉ
ദ്യോഗപൂർവ്വകംകൈക്കൊൾകബാലക സദ്യോഭവിക്കുംനിനക്കഭ്യുദ
യവും * എന്നുപറഞ്ഞുകൊടുത്താൾതനയയെ നന്നായിതെന്നു
കൈക്കൊണ്ടാനശോകനും * നൂപുരാനൽകുന്നനേരംനിശാചരി
ഭാസുരഹേമാംബുജംകൂടെനൽകിനാൾ * എല്ലാംപരിഗ്രഹിച്ചുല്ലാ
സപൂർവ്വകം ചൊല്ലേഴുംഭൂപാലസന്നിധൌചെന്നുടൻ വൃത്തമെല്ലാ
മറിയിച്ചുനേരംനൃപ നെത്രയുംപാരംകുതൂഹലമുണ്ടായി * സുന്ദരി
യായമദനലേഖയ്ക്കുമാ നന്ദംമോട്ടുംനൂപുരാന്തരമേകിനാൻ * ആഗത
നായദയിതനെക്കണ്ടനുരാഗവിവശയായൊന്നവളുംചൊന്നാൾ *
ഒന്നുപോരാഞ്ഞുഞാൻചൊന്നതുംനീയുടൻ ചെന്നുരണ്ടാർജ്ജിച്ചതും
നന്നിതെത്രയും * ഏവംമഹീസുരബാലന്റെയിതമാ രാലഭാവാദി
കൾകണ്ടുരസിച്ചുടൻ * വാഴുന്നകാലത്തുവിദ്യുൽപ്രഭയോടു തോഷേ
ണനിന്നുചോദിച്ചാനൊരുദിനം * നിന്നുടെമാതാവിനിക്കുതന്നീടി
ന സ്വർണ്ണപങ്കേരുഹമത്ഭുതമെത്രയും * എന്നുമെവാട്ടുകയില്ലപരി
മളം മൂന്നുഭുവനവുംവ്യാപിച്ചുകാണുന്നു * ഏതൊരേടത്തുനിന്നീവ
ണ്ണമുള്ളോരു ചേതോഹരംകുസുമംലബ്ധമോമലേ * വിദ്യുൽപ്രഭയുമ
തുകേട്ടുചൊല്ലിനാൾ വിദ്യാവതാംവരകേട്ടാലുമെങ്കിലോ * ഉണ്ടുകാ
ന്താകപാലസ്ഫോടനെന്നൊരു കണ്ടകൻവേതാളഭൂപതികശ്മലൻ *
ഹേമാംബുജങ്ങളാലുല്ലസിച്ചുള്ളോരു കോമളമായസരസ്സവനുണ്ടെ
ടൊ * എന്റെജനനിയൊരുദിവസംപണ്ടു തന്റെസഖികളോ
ടൊന്നിച്ചുചെന്നതിൽ * ക്രീഡിച്ചുപോരുന്നനേരമിപ്പങ്കജം കൂടെ
പ്പറിച്ചുകൊണ്ടന്നാളറികെടൊ * എങ്കിലോനീയൊന്നുചെയ്യേണമോ
മലേ ശങ്കവെടിഞ്ഞന്നായപ്രദേശംതന്നിൽ * ആക്രീഡമാകിലി
നിക്കുള്ളവാഞ്ഛിത മാകുന്നതൊക്കെഞാൻസാധിച്ചുകൊള്ളുവൻ *
എന്നുമന്ദസ്മിതനെന്നുവിദ്യുൽപ്രഭാ കാന്തനെന്നതൽപ്രദേശത്തി
ങ്കലാക്കിനാൾ * സ്വർണ്ണപത്മങ്ങളുംകണ്ടിരിപ്പാനവൻ നിർണ്ണയിച്ചി
ങ്ങിറങ്ങീടുംദശാന്തരേ * രക്ഷികളായുള്ളവേതാളവൃന്ദങ്ങൾ തൽക്ഷ
ണെവന്നുചെറുത്താരവർകളും * കൊന്നാനവരെയശോകനതുകേട്ടു
വന്നിതുവേതാളഭൂതപ്പരുമ്പട * യുദ്ധകോലാഹലമന്നേരമുഗ്രമാ
യ് സപ്തഭുവനംനടുങ്ങുമാറുണ്ടായി * ഏതുംപ്രയാസമില്ലെന്നുതോ

ന്നുംവണ്ണ മാതംഗവീസ്ഥനശോകനവരെയും * സന്നാഹശാലിമൃഗാ
ധിപവിക്രമൻ കൊന്നുമുടിച്ചുകളഞ്ഞോരനന്തരം * പേതാളവ
ല്ലഭനാംകപാലസ്ഥേട നാതമ്രനേത്രനായ്പ്പോരിന്നൊരുമ്പെട്ടു *
എങ്കിലവനെയുംകൊല്ലേണമെന്നാർത്ത് ശങ്കാവിഹീനം തുനി
ഞ്ഞാനശോകനും * വിജ്ഞജനങ്ങളിലുത്തമനായുള്ള വിജ്ഞ
പ്തികൌതുകൻതാനുമതുനേരം * ദിവ്യമായുള്ളവിമാനത്തിൽനി
ന്നതി ഭവ്യനിമിത്തമാംഭാഷിതമോതിനാൻ * എന്തശോകനി
നക്കിങ്ങിനെതോന്നുവാൻ ഹന്ത മറന്നിതോ ജന്മാന്തരംഭവാൻ *
എന്നതുകേട്ടുമേല്പ്പട്ടുനോക്കുംവിധൌ വന്നുദിച്ചോരുദിനകരനെ
പ്പോലെ * വിദ്യോതമാനനായ്ക്കണ്ടാനശോകനും വിദ്യാധരാധി
പൻതന്നെവിധിബലാൽ * അത്ഭുതമെന്നതൊഴിഞ്ഞില്ലചൊ
ല്ലുവാനപ്പോഴവന്നുവന്നുശാപമോക്ഷവും * മാനുഷമായോരുരൂ
പവുംകൈവിട്ടു മാനസാനന്ദേനദിവ്യരൂപംപൂണ്ടു * ദിവ്യാഭര
ണവിഭൂഷിതനായുടൻ ഭവ്യമാംവ്യോമയാനംകരേറീടിനാൻ * വിജ്ഞാ
നനീതിയുംപൂണ്ടുവിനീതനായ് വിജ്ഞപ്തികൌതുകൻതന്നെവണ
ങ്ങിനാൻ * ചൊന്നാനവനോടുവിദ്യാധരോത്തമ നൊന്നുധരിച്ചു
കൊള്ളണംസുകർണ്ണനീ * നിന്നുടെജ്യേഷ്ഠൻസുദർശനൻതാപസക
ന്യകസ്സുദർശനംചെയ്തതുകാരണം * ശാപപരിഭൂതികൊണ്ടുപേതാളമാ
യ് താപമോടുമുഴന്നീടുന്നു സാമ്പ്രതം * തല്പാപശാന്തികളായവും
താപസകല്പിതമാമകദർശനംബാലക * ഭാഗ്യാനിനക്കതുപെറവണ്ടാ
കകാരണം യോഗ്യനായുള്ളനീപോകദേവാലയേ * ചൊന്നാൻസു
കർണ്ണനുംവിദ്യാധരനോടു ഖിന്നതപൂണ്ടുനയനാശ്രുമിശ്രിതം * ജ്യേ
ഷ്ഠനോടെന്നിയെചെന്നുദേവാലയം ശ്രേഷ്ഠഭാഗംഭുജിക്കേണമെ
ന്നില്ലമേ * എന്തുചെയ്താൽശാപമോക്ഷംവരുമെന്നതിന്നിതുവുള്ളം
തെളിഞ്ഞുചൊല്ലീടുക * ചൊന്നാനവനോടുവിജ്ഞപ്തികൌതുക മെ
ന്നാലെല്ലതോമുനിശാപധിക്രിയം * എങ്കിലുമിന്നതിഗ്രാഹ്യമായൊ
ന്നിനെ നിൻകാമസിദ്ധ്യർത്ഥമായ്ച്ചൊന്നീടുവൻ * വേധാവുപണ്ടുസ
നകാദികളായമേധാവികളോടുചൊന്നതുകേൾക്കനീ * ദക്ഷിണവാ
രിധിതീരെമനോഹര ദക്ഷിണവൈഭവം ചക്രതീർത്ഥംസഖേ * തൽ
സമീപത്തിലുണ്ടന്യംമഹാതീർത്ഥം തത്സമമായില്ലലോകങ്ങളിലെ
ങ്ങും * ദർശനംകൊണ്ടുതീരാമഹാപാപങ്ങൾ സ്പർശനംചെയ്താൽപര
യേണമോപിന്നെ * തത്രപോയ്സ്നാനംചെയ്കിൽനിൻഭ്രാതാവിനെ
ത്തുംമുനിശാപമോക്ഷമറികെടോ * എന്നതുകേട്ടുസുകർണ്ണനുംമോദേന
ചെന്നുപേതാളഭൂപാലനെസ്സേവിച്ചു * വാക്ചാതുര്യംകൊണ്ടുബോ
ധവുമുണ്ടാക്കി നീക്കംവെടിഞ്ഞുതീർത്ഥസ്നാനസിദ്ധയെ * ഉദ്യോഗ

മോട്ടുംനടന്നുചെന്നഞ്ജസാ വിദ്യാധരാധിപൻ ചൊന്നതീൎത്ഥം കെണ്ടു * ചൊന്നാൻസുകൎണ്ണനും ഭ്രാതാവിനോടുടൻ നന്നായ്മുഴുകേണമൊന്നുനീയിന്നിതിൽ * ഈവണ്ണമോരോന്നു ചൊല്ലിനില്ക്കുംവിധൌ മേൽവന്നുവീണിതുതജ്ജലവിന്ദുവും * വേതാളഭാവമുടനെവെടിഞ്ഞവൻ ചേതോഹരൻനരാകാരംധരിച്ചതേ * മാനുഷഭാവമകലുവാനായ്യിന്നെ ന്യൂനംസസംകല്പമതീൎത്ഥമജ്ജനം* ഒന്നുമുഴുകീട്ടുപൊങ്ങുന്ന നേരത്തു നന്നേമഹാദിവ്യമാംരൂപംധരിച്ചവൻ* ദിവ്യാംഗനാജനസേവിതനായതി ഭവ്യനാംസോദരനോടുംസസമ്മതം * സൎവ്വാഭരണപരിഷ്കൃതഗാത്രനായ് സൎവ്വോത്തമംതീൎത്ഥരാജംനമസ്കൃത്യ* വിജ്ഞപ്തികൌത്തുകംതന്നെന്നതുംമുന്നിട്ടു വിജ്ഞാനശാലിത്രിദശാലയംപുക്കു * ഉൎവ്വശിമുൻപായനാരിമാരിൽ ചെന്നു സൎവ്വോപഭോഗസുഭഗനായ്മേവിനാൻ * അന്നുതുടങ്ങിവേതാളവരദമെ ന്നറിവുണ്ടുള്ളനാമധേയത്തോടും * മന്നിടമെല്ലാംപ്രസിദ്ധമായീടുന്നു ധന്യമാമതീൎത്ഥമെന്നുമറിയണം * വേതാളമോക്ഷമാമിക്കഥകേൾപ്പവർ ചേതോഹരേശിവലോകേവസിച്ചിടും * താപസന്മാരെകഥാശ്രവണംപോലെ താപമകലുവാൻമറ്റൊന്നുമില്ലഹോ * വാരിധിതോയത്തിലുണ്ടൊരുപൎവ്വതം ശ്രീശൃംഗംഗന്ധമാദനമെന്നുപേർ * മോക്ഷമാൎഗ്ഗത്തിന്നുസോപാനമായുണ്ടു സാക്ഷാൽവിരിഞ്ചനാൽനിൎമ്മിതംകേവലം * തീൎത്ഥങ്ങളെല്ലാംനിജനിജപാതകം തീൎത്തുകൊൾവാൻതത്രചെന്നുവാണീടുന്നു * ദിവ്യജനങ്ങളുംതാപസവൃന്ദവും ഭവ്യകാമന്മാരവിടെവസിക്കുന്നു* ലക്ഷ്മീഭഗവതിയോടുമൊരുമിച്ചു സാക്ഷാൽമഹാവിഷ്ണുവാസവുംതത്രപോൽ * സാവിത്രിയോടുംസരസ്വതിതന്നോടു മാവിൎമ്മുദാവസിക്കുന്നുവിരിഞ്ചനും * ഈശ്വരൻതാനുംപരമീശ്വരിയോടു മാശ്ചൎയ്യമൂണ്ണിരുന്നരുളുന്നുപോൽ * ബ്രഹ്മഹത്യാദിമഹാപാതകങ്ങളും കന്മഷമാരുമുള്ളഗൎവ്വാശമങ്ങളും * തീരുംപോകുംഗന്ധമാദനപൎവ്വതം ചെന്നുകാണുന്നവനെന്നതുനിൎണ്ണയം * സേതുബന്ധംചെയ്യുകാലംരഘൂദ്വഹൻ ചേതോഹരംനൽവരങ്ങൾനൽകീടിനാൻ * തീൎത്ഥങ്ങളുണ്ടതിന്മേൽമഹാപുണ്യങ്ങ ളാൎത്തിനാശത്തിനുജാഗത്രകങ്ങളായ് * പൂൎവ്വപിതൃക്കളെച്ചിന്തിച്ചൊരുപുമാൻ നേൎവ്വഴിയെതത്രപിണ്ഡദാനംചെയ്കിൽ * കോടിജന്മാന്തരംമുൻപുപിമ്പുള്ളോരു മാടൽവെടിഞ്ഞുവൈകുണ്ഠലോകംപുകും* ഉണ്ടതിൻമീതെമഹാപുണ്യവൎദ്ധനം കണ്ടവൎക്കുമോക്ഷദംതീൎത്ഥമുത്തമം * പാപവിനാശനമെന്നതിന്നാമവും പാപവിനാശത്തിനീവണ്ണമില്ലൊന്നും * ചൊല്ലുവൻഞാനൊരുനല്ലകഥാമൃതം ചൊല്ലുള്ളനിങ്ങളുംകേട്ടുകൊണ്ടീടുവിൻ * നീഹാരപൎവ്വതപാൎശ്വേമനോഹരേ വേധാവുപണ്ടുതപസ്സുചെയ്യുന്നനാൾ * പു

ന്യമാമാശ്രമമൊന്നുനിൎമ്മിച്ചപോൽ കണ്ണിനാനന്ദകരംപരമത്ഭു
തം * നാനാതരുക്കളുംനാനാമൃഗങ്ങളും നാനാലതകളുംനാനാഖഗങ്ങ
ളും * ജാത്യാദിവൈരംവെടിഞ്ഞജന്തുക്കളും പ്രത്യുത്തമമായതീൎത്ഥസം
ഘാതവും * ഇപ്രകാരത്തിലുള്ളാശ്രമസീമനി വിപ്രജനങ്ങൾതപസ്സി
ദ്ധികാമിച്ചു * നിഷ്കാമമാമ്മാറുദീക്ഷിച്ചനാരതം നിഷ്ഠയോടുള്ളയാ
ഗങ്ങളുംചെയ്തു * നീഹാരവുംസഹിച്ചാഹാരവുംവെടി ഞ്ഞീഹിത
മാഗമാഭ്യാസേസമൎപ്പിച്ചു * ശിക്ഷിതബുദ്ധികളായജനങ്ങളാ ലക്ഷീണ
മാമപ്രദേശംമനോഹരം * ക്ഷത്രജനങ്ങളുമൂരുജാതന്മാരു മത്രയുമല്ലച
തുൎത്ഥജനങ്ങളും * തങ്ങൾതങ്ങൾക്കുള്ളകൎമ്മങ്ങൾചെയ്തുകൊ ണ്ടിം
ഗിതംമോക്ഷമാൎഗ്ഗത്തിലാക്കിക്കൊണ്ടു * തൽസ്ഥലത്തെപ്രഭാവമോൎത്ത
ങ്ങുപാൎക്കുന്നോ രെത്രയുംദിവ്യജനങ്ങളുമുണ്ടതിൽ * ലോകവിഖ്യാതമാ
മാശ്രമേപാൎത്തുന ശോകമകന്നുസുഖിച്ചുവാഴുന്നനാൾ * സമ്മോദപൂ
ൎവ്വംസുധമതിയെന്നൊരു കൎമ്മബഹിഷ്കൃതനായുള്ളശൂദ്രനും * ആശ്ര
മംതന്നിലകത്തുപുക്കഞ്ജസാ വിശ്രമംതാപസന്മാരെവണങ്ങിനാൻ *
താപസന്മാരുടെകൎമ്മഭേദങ്ങളും രൂപവിശേഷവുമാശ്രമശോഭയും *
കണ്ടുസന്തോഷവുംപൂണ്ടോരുശൂദ്രനു മുണ്ടായിവന്നുതപസ്സിങ്കലാഗ്ര
ഹം * ചെന്നുകുലപതിയായമഹൎഷിയെ വന്ദനംചെയ്തുവണങ്ങിനിന്നു
ചൊല്ലിനാൻ * താപസപുംഗവധീമൻനമോസ്തുതേ താപശാന്ത്യാ
ൎത്ഥംപ്രസീദപ്രസീദമേ * ഞാനൊരുശൂദ്രനെന്നാലുമിനിക്കതി ജ്ഞാ
നവാനാവതിന്നാഗ്രഹമുണ്ടഹോ * നൂനംതപസ്സുചെയ്യേണമെന്നും
മമ മാനസേമോദംവളരുന്നുസാമ്പ്രതം * അത്രയുമല്ലിനിക്കെത്രയുമാ
ഗ്രഹം സത്രകരണത്തിനെന്നുമറിയണം * എന്നതുകേട്ടുകുലപതി
ചൊല്ലിനാൻ നന്നെടോനിന്നുടെദുൎമ്മോഹവൈഭവം * ഹീനജന്മം
വഹിച്ചീടുന്നശൂദ്രനു നൂനംജയിപ്പതിനൎഹനല്ലോൎക്കനീ * ശൂദ്രനുമ
ന്ത്രോപദേശമരുതെന്നു ശാസ്ത്രപരിചയമുള്ളവർചൊല്ലുന്നു * ശാ
സ്ത്രങ്ങൾകാവ്യമിതിഹാസവുംചെറു മാത്രംപുരാണമലങ്കാരമെന്നി
വ * നാലാമതാംജനജാതനുയോഗ്യമ ല്ലാലോലബുദ്ധേകളിയല്ലറികെ
ടോ * അഭ്യസിപ്പിച്ചാലവനുംമഹാപാപ മുണ്ടുവിച്ചീടുമതിനില്ലസം
ശയം * ശൂദ്രനെശാസ്ത്രാദികൾപഠിപ്പിക്കുന്ന വിപ്രനുംചണ്ഡാലനും
ഭേദമില്ലെടോ * അക്ഷരസംയുക്തനായുള്ളശൂദ്രനെ തൽക്ഷണംദൂരെ
പരിത്യജിച്ചീടണം * ബ്രാഹ്മണശുശ്രൂഷയെന്നിയെമറ്റൊരു കൎമ്മ
ഭാഗംവിധിയില്ലചതുൎത്ഥനും * എന്നതുമൂലംദ്വിജാതിശുശ്രൂഷണം
തന്നെനിനക്കുയോഗ്യംവിചാരിക്കനീ * എല്ലാവനുംനിജകൎമ്മമാചരി
ച്ചിടു നല്ലതിനാൽവരുംശ്രേയമൊക്കെയും * ഇത്ഥമുനിവാക്കുകേട്ടു
ധമതി ചിന്തതാപേനപലവുമോൎത്തീടിനാൻ * എന്തിനിമേലു

ഞാൻതപസ്സിൻഫലം സിദ്ധിപ്പതിന്നിനിക്കെന്തഹോനല്ലതും* യാ
ഗാദികൎമ്മങ്ങൾചെയ്യതിന്നുംപുരാഗമപാഠത്തിനുംപുനരാഗ്രഹം*
ഇത്ഥംപലവിധവുംവിചാരിച്ചവനത്തലോട്ടുംവസിച്ചീടുംദേശാന്തരെ
ആരാമമണ്ഡലകൂപതടാകങ്ങളോരോവിധംവളരെച്ചമച്ചീടിനാൻ*
ക്ഷേത്രോപവാസങ്ങൾതീൎത്ഥാഭിഷേകവും പേൎത്തുംവ്രതാദിയുമാചരി
ച്ചനന്വഹം* സങ്കല്പപൂൎവ്വംനിയമസത്തമനായ് സങ്കടഹീനംജിതേന്ദ്രി
യകാമനായ് * കന്ദമൂലങ്ങൾഭുജിച്ചുയോഗ്യന്മാരായ് വന്നജനങ്ങളെ
സൽക്കാരവുംചെയ്തു * ആലസ്യഹീനമിവണ്ണമിവനൊട്ടു കാലംകഴി
ഞ്ഞുനാളൊന്നൊരുതാപസൻ* നല്ലാസുമതിയുംശൂദ്രാശ്രമംതന്നിലാ
ക്കായവാരിധിചെന്നാൻസമ്മദമരയാ * അപ്പോൾദൃഢമതിസല്ക്കാരപൂ
ൎവ്വകമൎഘ്യപൂവിലാനന്ദമോടുപൂജിച്ചുടൻ * സ്വാഗതപ്രശ്നാദ്യനന്തരം
ശൂദ്രനമാഗമകാരണമെല്ലാംവിചാരിച്ചു * നിന്നാത്തുകണ്ടുസന്തോഷി
ച്ചുമാമുനി നന്നായനുഗ്രഹവുംചെയ്തുസാദരം * ഓരോകഥകൾപറ
ഞ്ഞുകൊണ്ടന്നൊരു നേരമവിടെയിരുന്നുപോയീടിനാൻ * ഇങ്ങിനെ
പിന്നെയുംപിന്നെയുംചെന്നവാറെങ്ങിനെയെന്നറിഞ്ഞീലസുമതി
കള * ശൂദ്രകുലുള്ളൊരുപക്ഷപാതത്തിനാലാൎദ്രമായുള്ളഹൃദയമെന്നേ
വേണ്ടു * നിത്യവുംശൂദ്രനെക്കൊണ്ടാസ്തികമുനി കൈക്കേത്രയുംപാരമ്പരി
താപമുണ്ടാകും * എന്നു ദൃഢമതിചൊന്നതെന്നാലതിനന്തരമില്ലാത
ചെയ്യുംസുമതിയും * ഇങ്ങിനെകാലംകഴിഞ്ഞവാറേശൂദ്ര നിശ്ചിതം
താപസനോടുചൊല്ലീടിനാൻ * ഹവ്യകവ്യാദിവിധാനമെപ്പോഴുമെ
ദിവ്യമുനേമമചൊല്ലിത്തരേണമേ * ദേവകാൎയ്യംപിതൃകാൎയ്യമിവറ്റിനെ
മാവതില്ലെന്നുമിനിക്കതില്ലാസ്ഥയാൽ * മന്ത്രതന്ത്രോപദേശങ്ങളുംചെ
യ്യേണമന്തൎമ്മുദാഭവാനെന്റെഗുരുവരൻ * ശൂദ്രോക്തികേട്ടുസുമതി
കരുണനാകൊണ്ടാൎദ്രനായെല്ലാംതിരിച്ചുപദേശിച്ചു * കൎമ്മങ്ങളുമവനെ
ക്കൊണ്ടുചെയ്യിച്ചു ധൎമ്മവിഭ്രംശംവരുത്തിനാനഞ്ജസാ* അക്കഥകേ
ട്ടുമഹീസുരന്മാരെല്ലാം നീക്കിപ്പുറത്താക്കിവച്ചാനവനെയും * ഒട്ടുകാ
ലംകഴിഞ്ഞൊരുശേഷമതി കഷ്ടംസുമതിമരിച്ചുവിധിവശാൽ * അന്ത
കകിങ്കരന്മാരിവനെപ്പോൾ ബന്ധനവുംചെയ്തിഴച്ചുകൊണ്ടീടിനാർ *
കോടികല്പാന്തകാലങ്ങൾനരകങ്ങളിലോടലോട്ടുംഭുജിച്ചീടിനാനത്ഭുതം*
ഒട്ടുപാപംവന്നവൃക്ഷജന്മംപൂണ്ടു മറവകാലങ്ങളനേകംകഴിഞ്ഞവൻ *
ഗൎദ്ദഭജന്മവുംവായസജന്മവും ദുൎമ്മസാരമേയത്വംപലകാലം * പി
ന്നെക്രമേണചണ്ഡാലത്വവുംവന്നു ചെന്നുജനിച്ചാനൊരുശൂദ്ര
യോനിയിൽ* എവംക്രമേണവിധിബലംകൊണ്ടവൻ പാവനംബ്രാ
ഹ്മണജന്മവുംകൈക്കൊണ്ടു* ബാല്യകാലത്തുവിദ്യാഭ്യാസവുംചെയ്തു
ലാള്യനായ്മാതാപിതാക്കളാലനന്വഹം * വാഴുന്നകാലത്തുടൻബ്രഹ്മരാ

ക്ഷസർക്കേഴുന്ന പാരദ്രോഹത്തിൽകുടിപുക്ക * പാരംവിവശനായ്പനി
ത്തുബാലകൻ ഘോരവിഷാദംപിതാവിനുമുണ്ടായി * ആത്മജനേയും
വഹിച്ചുകൊണ്ടുദ്വിജ നാത്മവാനായോരഗസ്ത്യമുനീന്ദ്രനെ * ചെന്നു
സേവിച്ചുവൃത്താന്തമെപ്പേരുമെ ചൊന്നനേരമുരചെയ്യുനഗസ്ത്യ
നും * കേട്ടാലുമെങ്കിലൊ വിപ്രവയ്യഭവാൻ വാട്ടമകന്നുനിൻപുത്രച
രിതങ്ങൾ * പണ്ടൊരുജന്മനിനിൻതനയനിവൻ ചണ്ഡതപസ്വി
യാംബ്രാഹ്മണനാത്തംസമൻ * നാമമിവനുസുമതിയെന്നൊന്നെടൊ
കോമളരൂപൻവിനയജലനിധി * കമ്മബന്ധംകൊണ്ടിവനതുകാല
ത്തു കമ്മവഹിഷ്കൃതനായൊരുശൂദ്രനാം * വേദമന്ത്രങ്ങളുംതന്ത്രവിധി
കളും ഭേദവിഹീനമുപദേശവുംചെയ്തു * അങ്ങിനെയുള്ളൊരുപാതക
വൈഭവാ ലിങ്ങനേകംകോടികല്പാന്തകാലങ്ങൾ * ഘോരനരകങ്ങ
ളിൽ കിടന്നേറാവും പാരംവിഷാദവുംപൂണ്ടുപിന്നെക്രമാൽ * സ്ഥാ
വരാദ്യങ്ങളാംജന്മങ്ങളുംപൂണ്ടു ദൈവബലാൽനിൻതനയനായാനി
പ്പോൾ * പാപശേഷംബ്രഹ്മരാക്ഷസരൂപമായ് താപംതവതനയന്നു
നൽകുന്നതും * ഏകമുപായമിതിന്നുചൊല്ലീടുവൻ ശോകംവെടിഞ്ഞു
കേട്ടാലുംമഹീസുര * ദക്ഷിണാംഭോനിധിമദ്ധ്യേമനോഹര മക്ഷതാ
പംഗന്ധമാദനപവ്വതം * ഉണ്ടതിന്മേലൊരുതീത്ഥമഹാപുണ്യം ക
ണ്ടജനത്തിനുമോക്ഷദമത്ഭുതം * പാപവിനാശനമെന്നതിൻനാമവും
പാപവിനാശത്തിനേവമില്ലൊന്നുമെ * ഭൂതങ്ങളുംബ്രഹ്മരാക്ഷസപ്രേ
തങ്ങൾ വേതാളഭൂതങ്ങളുംപിശാചങ്ങളും * അതതീത്ഥമജ്ജനംചെ
യ്തുപുരുഷനി ല്ലത്തിട്ടുമാറില്ലസത്യമറികെടൊ * നിയ്യുമത്തുമൂലമാത്മ
ജംതൽതീത്ഥതോയേകുളിപ്പിക്കപോയാലുമിന്നെടൊ * മൂന്നുദിവസ
മതിങ്കൽമുഴുകുകിൽ തീന്നുപോംപാതകമെല്ലാമിവനഹോ * ആമയ
നാശംവരുത്തുവാൻപോകനീരാമസേതൌക്ഷേമമായ്വരികേപാവനേ *
ഇത്ഥംസമാകണ്ണ്യകുംഭജന്മോദിതം സത്വരംപുത്രസമേതനായ്ബ്രാ
ഹ്മണൻ * വേഗമോടുംഗന്ധമാദനംപ്രാപിച്ചു നാഗാരിവാഹനന്ത
ന്നെനിരൂപിച്ചു * മൂന്നുദിനംപാപനാശനതീത്ഥത്തി ലാണ്മുഴുകി
നാനാത്മജയുക്തനായ് * അത്ഭുതമെത്രയുംബ്രഹ്മരക്ഷസ്സുട നപ്പൊ
ഴവൻപെട്ടരോഗങ്ങളുംതീന്നു * സുന്ദരരൂപവുംപൂണ്ടുപിതാവോടും
മന്ദതതീന്നാത്മമന്ദിരംപ്രാപിച്ചു * സവ്വസമ്പൽപൂണ്ണനായ്മഹാഭാ
ഗനായ് സവ്വഭോഗങ്ങളുംഭുക്ത്വാചിരകാലം * അന്ത്യകാലത്തി
ങ്കലന്തരമെന്നിയെ ബന്ധുവാൻകൈവല്യവുംലഭിച്ചീടിനാൻ *
തത്തീത്ഥമജ്ജനവൈഭവംകൊണ്ടുടൻ മുക്തിലാഭംസംഭവിച്ചുപി
താവിനും * അഹന്തയില്ലാതകമ്മങ്ങൾചെയ്തുമാൽ ഗവ്വിതനാ
യോരുരുദ്രൻതൃപ്തമതി * അന്ധതാമിസ്രാദിയായനരകങ്ങളെ ഉസ

നായ്നൂറുനൂറായിരംകല്പങ്ങൾ * കഷ്ടമനുഭവിച്ചോട്ടല്പദുഷ്കൃതം ദു
ഷ്ടജന്മങ്ങളുംപൂണ്ടുപലതരം * കാലക്രമംകൊണ്ടുഗൃദ്ധ്രനായുത്ഭവി
ച്ചാലംബവാൻഗന്ധമാദനപർവ്വതേ * കാളുന്നദാഹപരിതനായേക
ദാ ചീളുന്നപാപവിനാശനംപ്രാപിച്ചു * തീർത്ഥതോയംപുനരാക
ണ്ഠമാമ്മാറി തോത്തുല്ലസേവനംചെയ്യോരുനേരത്തു * കുത്സിതരൂപ
മകന്നുപോലെന്നല്ല മർത്ത്യദ്ധ്വജായുതശോഭതേടീടുന്ന * ദിവ്യകളേ
ബരംകൊണ്ടുജ്ജ്വലിച്ചവൻ ദിവ്യാംഗനാജനസേവിതപാർശ്വനായ് *
ഛത്രവ്യജനാദ്യലംകൃതനായുടൻ സുത്രാമലോകംപ്രവേശിച്ചിരുന്നു
തം * ഇത്തരമാദിയായുള്ളമഹത്വങ്ങ ളെത്രയുംപാപവിനാശത്തി
നുണ്ടഹോ * ഈവണ്ണമുള്ളോരുപാപനാശേകുളി ച്ചാവിശ്യദൈവ
സീതാസരസ്സന്നിധൌ* ചെന്നുവന്ദിച്ചുടൻസങ്കല്പപൂർവ്വകം നന്നാ
യ്മുഴുകുകിലുണ്ടാംപരഗതി * സീതാസരസ്സെന്നതീർത്ഥംത്രിഭുവന
ശീതംമഹോമഹീദേവവരന്മാരേ * ഈശ്വരൻതാനൊരുമ്പെട്ടാകി
ലുമതി നാശ്ചര്യവൈഭവംചൊൽവാനെളുതല്ല * വൃത്രഹാവുംപു
രാതത്തീർത്ഥമജ്ജനാൽ ബ്രഹ്മഹത്യാദിവിയോഗേനശുദ്ധനായ് *
കേട്ടാലുമക്കഥനിങ്ങളെല്ലാവരും വാട്ടമകന്നമുനിതിലകന്മാരേ *
പണ്ടുകപാലഭരണനെന്നൊരു ചണ്ഡപരാക്രമനായനിശാചര
ൻ* ദാനവാരാതിസംഘത്തെജയിച്ചുഭി മാനവൻവൈജയന്താഖ്യാ
പുരംതന്നിൽ * മന്ത്രികളുമനുജന്മാരുമായ്രണ തന്ത്രിവിചക്ഷണൻ
വാഴുംദശാന്തരേ * തന്നുടെമന്ത്രിജനങ്ങളാലെത്രയു മുന്നതനായശ
വദക്ഷനോടവൻ * മന്ദതവോരായസുന്ദരഭാഷിതം ചൊന്നാനനേക
പ്രശംസപുരസ്സരം * നാമനിദേവപുരംപുക്കവൈകാതെ ഭീമസമരം
തുടർന്ദേവന്മാരെ * ഒന്നൊഴിയാതെഹനിച്ചുപുരന്ദര മന്ദിരേദേവ
തസുന്ദരിമാരോടും * ഒന്നിച്ചുദിവ്യഭോഗങ്ങളനുഭവി ച്ചുന്നിദ്രകൌ
തുകമോടുംവസിക്കണം * ഇത്ഥംപറഞ്ഞുകപാലഭരണനു 'മുത്ഥായ
സത്വരംദുർമ്മേധസാംപരം * ദുർമ്മേധസംതനുജാതംപുരഭാര കർമ്മ
ണിക്ഷിപ്രാസമാപ്യസന്നാഹവാൻ * തൂർണ്ണംചതുരംഗസേനയോ
ടൊന്നിച്ചുപൂർണ്ണമോദംപുറപ്പെട്ടുയുദ്ധത്തിനായ് * ഭേരീപടഹാദി
വാദ്യഘോഷങ്ങളും ഘോരസിംഹാരാവഭീമരഥികളും * തുള്ളിക്കളി
ക്കുന്നവാജികൾക്കന്തരാ വെള്ളക്കൊടികളുംവെൺചാമരങ്ങളും *
പർവ്വതതുല്യശരീരികളായുള്ള ദുർവ്വാരവിക്രമംപൂണ്ടഗജങ്ങളും * ആ
കെപ്പുറപ്പെട്ടനേരംപൊടികൾകൊ ണ്ടാകനിറഞ്ഞുഗഗനവിവര
വും * ആഴികളൊക്കെക്കലങ്ങിമറിഞ്ഞുട നൂഴിയുമൊന്നുകുലുങ്ങിഭ
യങ്കരം * ഇങ്ങിനെദേവനഗരമകംപുക്ക തിങ്ങിനിറഞ്ഞനിശാചര
വൻപട * വെക്കംപുറപ്പെട്ടുയുദ്ധംതുടങ്ങിനാ രക്ഷീണവീര്യന്മാരാ
യദേവന്മാരും * ഉണ്ടായയുദ്ധകോലാഹലവൈഭവം കണ്ടുപുകഴ്ത്തി

ന്നാർന്നാദരാൽതദാ * പാകാരിതാനുംനിശാചരസംഘാത മാകെഹ
നിച്ചുതുടങ്ങിനാനത്ഭുതം * യുദ്ധേകപാലഭരണനുംദേവത വിദ്ധം
സദാശിപച്ചുഃഘോരശരങ്ങളാൽ * ഏറാരയമനുംശ്വഭക്ഷനുംതമ്മി
ലൂറ്റമേറീട്ടനാകെശികരാക്ഷസൻ * യാദഃപതിയോടുമപ്പോൾകു
ബേരനും മോദവാനോറമരുധിരാക്ഷനുംതദാ * മാംസപ്രിയൻക്രൂരദൃ
ഷ്ടിഭയാപഹൻ മാംസളനായോരുമദ്യനിഷേവിയും* കാലമന്നേരാം
കപാലാഭരണനൻറ നാലനുജന്മാരവരുമൊരുമിച്ച * നാസത്യപാ
വകവായുഃദേവന്മാരോ ടാശയാനന്ദേനയുദ്ധംതുടങ്ങിനാർ * കൊന്നു
കൃതാന്തൻശവഭക്ഷനെപ്പിന്നെ വന്നോരുരാക്ഷസസൈന്യത്തെയും
തദാ * കെശികനെക്കൊന്നുഃവേഗേനവാശിയു മാശുകുബേരൻരു
ധിരാക്ഷനെക്കൊന്നു * നക്തഞ്ചരേന്ദ്രാനുജന്മാരെയുംതദാ വെക്കം
ഹനിപ്പിതങ്ങശ്വിദേവന്മാരും * അക്ഷോഹണിശതംരാക്ഷസസേ
നയെ തൽക്ഷണെ കൊന്നൊടുക്കിപ്പലവെരിയും * ആകെമരിച്ചതു
കണ്ടെതുരാക്ഷസ ലോകപതിയാംകപാലഭരണനും *വില്ലുംകുഴിയെ
ക്കലവ്യൂഹങ്ങളും നില്ലുനില്ലെന്നെയ്യുട്ടത്തോരനന്തരം * കല്യാണ
ശീലനായുള്ളവലാരിയും നല്ലവിശിഖങ്ങളെയ്യുട്ടത്തീടിനാൻ * അ
പ്പോൾകപാലാഭരണനതുകണ്ടു കെല്പോടുശൂലംപ്രഹരിച്ചിതാഹ
വേ * ശക്തിപെരുത്തോരുശക്തികൊണ്ടിന്ദ്രനും ശക്ത്യാത്രിശൂലവും
ഖണ്ഡിച്ചുവീഴ്ത്തിനാൻ * പഞ്ചസഹസ്രാന്തുലാഭാരനിമ്മിത കാഞ്ച
നമുൽഗരംകൊണ്ടുനിശാചരൻ * ഇന്ദ്രനെക്കൊല്ലേണമെന്നുള്ള
മോഹേന സാന്ദ്രരോഷമൊന്നടുത്തടിച്ചീടിനാൻ * താഡനംകൊ
ണ്ടന്നേരംവലസൂദനൻ പീഡയുംപൂണ്ടുമോഹിച്ചുവീണീടിനാൻ *
ആതുരനായതറിഞ്ഞോരുസൂതനാം മാതലിതേരുംതിരിച്ചുകൊണ്ടോ
ടിനാൻ * ദേവതാചാൎയ്യൻബൃഹസ്പതിയുംതദാ ദേവരാജനെദി
വ്യമന്ത്രങ്ങളാൽ * ആശുജീവിപ്പിച്ചനേരംമഹേന്ദ്രനു മാശയന്ത
ന്നിലതിവകോപത്തൊടും * ഐരാവതത്തിൻകഴുത്തിൽകരയേറി
വൈരമോടെരാക്ഷസാന്തികംപ്രാപിച്ചു * വജ്രമയച്ചതുനേരംനിശാ
ചരൻ വജ്രകായൻതുരന്തായൊടിഞ്ഞുപോയ് * അത്ഭുതമശ്വ
രഥധ്വജമെന്നിവ യപ്പോൾപൊടിഞ്ഞുധൂളിച്ചുവിയസ്ഥലെ * ഗ
വിതൻനക്തഞ്ചരേന്ദ്രൻമരിക്കയാൽ സൎവ്വലോകംപരമാനന്ദപൂൎണ്ണ
മായ് * ഘോരരൂപംപൂണ്ടുടൻബ്രഹ്മഹത്യയും വീരനാമിന്ദ്രനെപ്പി
ഞ്ഞെടുത്തുതദാ * ഇങ്ങിനെനസ്സൂതൻപറഞ്ഞനേരംമുനി പുംഗവന്മാ
രുമവനോടരുൾചെയ്തു * തീക്ഷ്ണനായോരുകപാലഭരണനാം രാക്ഷ
സനെക്കലചെയ്കയാലെന്തഹോ * ബ്രഹ്മഹത്യാപാപമിന്ദ്രനോ
ടെത്തുവാൻ തന്മൂലവുംഭവാനൊട്ടുചൊല്ലീടുക * കേൾക്കതപോധ
നന്മാരെപ്പുനരിതു ഭോഷ്ക്കല്ലപണ്ടുകഴിഞ്ഞതുനിൎണ്ണയം * പണ്ടൊരു

രാക്ഷസരാജൻത്രിവക്രനെന്നുണ്ടായിതുവിന്ധ്യപർവ്വതസീമനി * വീരനവനുടെഭാര്യമനോഹരി ചാരുസൌന്ദര്യ്യഗുണാദിസമന്വിത * നാമമവൾക്കുസുശീലയെന്നാകുന്നു കാമനുംകണ്ടാൽപരവശനായ്പ്പരും * സുന്ദരിയാകുമവളുമൊരുദിനം മന്ദമന്ദംവിന്ധ്യപാദേവിലാസിനീ * പഞ്ചാസ്ത്രമാനസദേവതയെപ്പോലെ പഞ്ചബാണാഞ്ചിതംസഞ്ചരിച്ചീടിനാൾ * അന്നവളെക്കണ്ടുതാപസേന്ദ്രൻശുചിഭിന്നനായ്പ്പുനിതുകാമബാണങ്ങളാൽ * ചെന്നാനടുത്തുചൊന്നാൻചിലവാക്കുകളെന്നേവിചിത്രംവിധിബലമത്ഭുതം * നാരീജനങ്ങൾമുടിയിലണിഞ്ഞീടുമാരോമലാംനീലരത്നമേശോഭനേ * ആരെടോനീമഹാഭാഗ്യവാൻനിൻപതി യാരെടോവാമവിലോചനേമോഹനേ * എന്തുകാര്യംവനംതന്നിൽനടന്നുനീ സന്താപമോമൽമേനിക്കുനൽകീടുന്നു * ചെറുനേരംചെന്നടങ്ങ്വസിച്ചാട ലൊട്ടുകളഞ്ഞുചൊല്ലേണംസകലവും * താപസഭാഷിതമേവംസമാകർണ്യകോപനമൌലിസുശീലയും ചൊല്ലിനാൾ * രാക്ഷസരാജൻത്രിവക്രനവനുടെ സാക്ഷാൽ ദയിതസുശീലയെന്നാഖ്യമേ * പൂക്കളെവത്തുചൂടീടുവാനാശയാംഭോഷ്കല്ലിവിടെനടക്കുന്നതുമഹം * പുത്രനില്ലായ്കയാൽഖേദമിനിക്കുണ്ടു ഭർത്താവിനുമുണ്ടതുകൊണ്ടുസങ്കടം * ശാന്തമായുള്ളാരുണ്യമുണ്ടതിനെങ്കിൽഞാ നെന്നെങ്കിലുമതുസമ്മതിക്കാംമുനേ * എന്നതുകേട്ടുമുനിയുമരുൾചെയ്തു നന്നുനിനക്കിതുതോന്നിയതെത്രയും * അംഭോരുഹായതലോചനേനിന്നുടെ സംഭോഗകാമുകൻഞാനെന്നറികെടോ * അത്രൈവകാലംകുറഞ്ഞൊന്നിരിക്കനീ പുത്രനുണ്ടാകുമെന്നാലില്ലസംശയം * കാമിനിബാലാസുശീലമനോഹരി മാമുനിതന്നോടുമൊന്നിച്ചനന്തരം * കാമസുഖങ്ങളനുഭവിച്ചങ്ങിനെ വാമവിലോചനവാഴുംദശാന്തരേ * ദൌഹൃദമുണ്ടായതുമറിഞ്ഞതമ്മുനി സൌഹൃദപൂർവ്വമവളോടരുൾചെയ്തു * സുഭ്രുജനോത്തമേനിന്നുടെഗർഭത്തി ലർഭകനേകനുണ്ടെന്നുധരിക്കനീ * നാമമവനുകപാലാഭരണനെന്നാമയമെല്ലാംനിനക്കമകനീടും * ആയിരം സംവത്സരംരാജ്യഭാരവു മായതലോചനേചെയ്യുമസംശയം * ഇന്ദ്രനൊഴിഞ്ഞുള്ളദേവസമൂഹത്തെ ഒന്നൊഴിയാതെജയിക്കുംവരാനനേ * എന്നരുൾചെയ്തുമുനിവരനുതദാ ചെന്നുകാശിപുരംപ്രാപിച്ചുമേവിനാൻ * മന്ദതതീരുമാറന്നുസുശീലയും നന്ദനനുംജനിപ്പിച്ചീടിനാനത്ഭുതം * നിർമ്മലതാപസനന്ദനനാകയാൽ ബ്രഹ്മഹത്യാലേശമുണ്ടെന്നറിഞ്ഞാലും * ശക്രനാംബ്രഹ്മഹത്യാഭയംപൂണ്ടുടൻ ദിക്കുകൾതോറുമുഴന്നുപാഞ്ഞഞ്ജസാ * സത്യലോകംപുക്കുപത്മാധിവാസനെ സത്വരംവന്ദിച്ചുചൊന്നാനുദന്തങ്ങൾ * വിശ്വനാഥവിഭോബ്രഹ്മഹത്യയാംപാതകം ശാശ്വതബാധതേമാംപ്രജാനായക * പാപശാന്തി

കൊണ്ടുപായമെന്നുള്ളതും പാൎക്കാതെവേഗമതുചെയ്കസാമ്പ്രതം *
ദേവേന്ദ്രസങ്കടംകണ്ടുവിരിഞ്ചനും കേവലംചിന്തിച്ചുപായമതുചെ
യ്തു * പാകശാസനനുദേവരാജഭവാൻ പോകശീഘ്രംഗന്ധമാദനപൎവ്വ
തെ * സീതാസരസ്സുടൻപ്രാപിച്ചൊരുമഖം ചെയ്താലുമത്തീൎത്ഥമജ്ജ
നവുംതഥാ * എന്നാൽ വരുംതവ പാപവിശോധന മെന്നറിഞ്ഞാ
ലുംസുരജനനായക * ഇത്ഥം വിധാതൃവാക്യംകേട്ടുദേവേന്ദ്ര നതഥായ
സത്വരംഗത്വാതദന്തികം * തീൎത്ഥാഭിഷേകവുംയാഗവുംചെയ്തുടൻ
തീൎത്തുകൊണ്ടാൻനിജപാതകമൊക്കവെ *, സീതാസരസ്സിൻപ്രഭാവം
പുകഴ്ത്തുവാൻ ധാതാവിനുമെളുതല്ലെന്നുനിൎണ്ണയം * പണ്ടുസീതാദേ
വിതന്നുടെഭൎത്താവി നുണ്ടായസങ്കടംതീൎത്തുകൊണ്ടീടുവാൻ * സൎവ്വ
ഗീൎവ്വാണഗണങ്ങളുംകാണവെ സൎവ്വാംഗശോഭനാവഹ്നികുണ്ഡത്തു
ദേ * മജ്ജനമാചരിച്ചീടുകമൂലമായ് സജ്ജനംസീതാസരസ്സെന്നുചൊ
ല്ലുന്നു * അത്തീൎത്ഥവൈഭവമാൎക്കൊചൊല്ലാവതും മുക്തിക്കുസാധനം
തന്മജ്ജനംപരം * ഇപ്പരിചായുള്ളസീതാസരസ്സിനു മപ്പുറംമംഗല
മെന്നുണ്ടൊരുതീൎത്ഥം * ഇന്ദിരാദേവിക്കുമന്ദിരംപോലത്തു ചിത്രാദിദേ
വതാസൎവ്വ്യാമനോഹരം * പണ്ടുമനോജവനെന്നൊരുമന്നവ നുണ്ടാ
യിതിന്ദുവംശത്തിനുമുഖ്യനായ് * ധൎമ്മപുരസ്സരംഭൂപരിപാലന കൎമ്മ
വുംചെയ്തുവൻവാഴുംദശാന്തരെ * തന്നോടുതുല്യനൊരുവനുമില്ലെന്നു
മന്നവനുള്ളിലഹങ്കാരമുണ്ടായി * ചിത്തെയഹങ്കാരമുള്ളപുരുഷനു
മെത്രയുംലോഭവുംകാമവുംകോപവും * ഹിംസവിയോഗമസൂയയുമെ
ന്നിവ വംശവിനാശാൎത്ഥമുണ്ടായ്വരുംധ്രുവം * എന്നതുമൂലംനൃപനുമ
സൂയയും വന്നുകൂടീലോഭമോഹാദിയുംതദാ * കഷ്ടംനൃപതിയുംശിഷ്ട
ജനങ്ങളെ പെട്ടെന്നുഹിംസിച്ചുമാട്ടിക്കളഞ്ഞുടൻ * ധൎമ്മവിഭ്രംശം
വരുത്തിപ്പുനരുടൻ ബ്രാഹ്മണവിദ്വേഷവുംതുടങ്ങീടിനാൻ * ദേവ
സ്വവുംഭൂമിദേവധനങ്ങളും കേവലംലോഭേനസൎവ്വമടക്കിനാൻ * ത
ന്റെപുരത്തിലെക്ഷേത്രങ്ങളൊക്കവെ തന്റെവശത്താക്കിനാൻമ
ഹാകശ്മലൻ * ഈവണ്ണമന്യായമോടുംപുരമതി ലാംവണ്ണമുള്ളവിദ്വേ
ഷവുംചെയ്തുവൻ * വാഴുന്നകാലത്തുദൈവവിരോധവു മാവോളവും
വന്നുസംഭവിച്ചുതദാ * ഹൂണദേശാധിപനായഗോലാഭനും പ്രാണ
വാൻപോരിന്നൊരിമ്പെട്ടതുകാലം * വൻപടയോടുമൊരുമിച്ചുവന്നു
ടനമ്പിയലുന്നോരുയുദ്ധംതുടങ്ങിനാൻ * പാരമഹങ്കാരശീലൻമനോ
ഭവ നാമമാസംപൊരുതീടിനാൻഘോരമായ് * ഊറ്റംമേറീടുന്നഗോ
ലാഭനോടന്നു തോറ്റിതുയുദ്ധേമനോജവവീരനും * പുത്രനോടുംഭാൎയ്യ
യോടുംസമേതനായതലോടെരാജ്യവിഭ്രംശവുംവന്നു * ഘോരമാംകാ
നനംപുക്കാൻ രാജവൻ പാരംവിഷാദവുംപൂണ്ടുമേവീടിനാൻ * അ
ന്നുതൊട്ടുള്ളതെല്ലാംപരിചോടു മന്നവൻഗോലാഭനാക്രമിച്ചീടിനാൻ

ൻ * അല്പവയസ്സായപുത്രനോടുംനൃപൻ ക്ഷുൽപീഡപൂണ്ടുനടക്കരു
താഞ്ഞുടൻ * വൃക്ഷഷണ്ഡച്ഛായതന്നിലിരിക്കുമ്പോൾ തൽക്ഷണം
വന്നുചാടിമഹാവ്യാഘ്രവും * പേടിച്ചുമറ്റൊരേടത്തുപോകുംവിധൌ
കൂടത്തുടൻവരാഹനികരങ്ങൾ* ഝില്ലികാവൃന്ദസംഘോഷവുമേകത്ര
ഭല്ലൂകവൃന്ദങ്ങളോടുന്നകുത്രചിൽ * മത്തഗജകുലഹുങ്കാരവുംകേട്ടു വി
ത്രസ്തനായ്നടന്നീടുംദശാന്തരെ * പാരംവിശന്നുവലഞ്ഞുകുമാരകൻ
ഭൂരിമാൽകൊണ്ടുടനോദനംയാചിച്ചു * തന്നാലുമമ്മേഭുജിപ്പതിന്നോ
ദനം തന്നിലയായ്കിൽമരണമടുത്തുമേ * ബാലകവാക്യമേവംകേട്ടുമാ
താവു മാലസ്യവാനാംമനോജ്ഞവഭൂപനും * വന്നോരുദുഃഖംസഹിക്ക
രുതാഞ്ഞുട നങ്ങുമോഹിച്ചുഭൂമൌപതിച്ചീടിനാൻ * മോഹവുംതീൎന്നു
വിഷാദേനഭൂമിപൻ മോഹനഗാത്രിയോടിങ്ങിനെചൊല്ലിനാൻ *
ഏതൊരുദേശേഗമിപ്പതുനാംപുന രേതൊരുവൻനമുക്കാധാരമോമ
ലേ * നൂനംവിശന്നുചാവാൻജനിച്ചീടിനാ നാനന്ദരൂപനാംബാല
കൻനിൎണ്ണയം * നിൎഭാഗ്യശാലിയാമെന്നെവിധാതാവു മിബ്ഭൂവിനിൎ
മ്മിച്ചതെന്തിനായ്വല്ലഭേ * ദുഷ്കൎമ്മമൂലമിനിക്കപോന്നുണ്ടായ ദുഃഖ
മൊഴിപ്പതിന്നാരുള്ളൂഭൂതലേ * ജന്മാന്തരങ്ങളിലൊന്നിലെന്നാകിലും
നിൎമ്മലരൂപനാമീശ്വരൻതൻപദം * സേവചെയ്യാത്തതുമൂലമിജ്ജ
ന്മത്തിലേവമുഴന്നീടുമാറായതുംമമ * കഷ്ടമിനിക്കഹങ്കാരമുണ്ടാകയാ
ൽ ശിഷ്ടജനത്തെയുംമററുള്ളവരെയും* ദ്വേഷിച്ചുദേവതാവിത്തംഹ
രിച്ചതും ഘോഷിച്ചുദുഷ്കൎമ്മമായ്പ്പുന്നതുംമമ * എന്നതുകാരണംശോലാ
ഭനാകുന്ന മന്നവനോടുഞാനാജിയിൽതോററതും * വാഴുന്നുകാനനം
തന്നിൽഞാനിങ്ങിനെ കേഴുന്നബാലകനന്നംകൊടുപ്പതും * അന്ന
ദാനമൊരുജന്മാന്തരത്തിലും നിൎണ്ണയംചെയ്തീലഞാനതുകാരണം *
അന്നംതരികെന്നുബാലകൻചൊൽകയും ഖിന്നതപൂണ്ടുഞാനേററം
തപിപ്പതും * ചൈത്രപൂൎണ്ണായാംവരോരുചിത്രദിനേ ചിത്രഗുപ്തപ്രീ
തികാരണംകൊണ്ടുഞാൻ * പാനകതോയംപനസഫലങ്ങളും മാന
സഹ്ലാദികദളിഫലങ്ങളും * ഛത്രങ്ങളുംനല്ലദണ്ഡങ്ങൾതാംബൂലവ
സ്ത്രങ്ങൾപുഷ്പങ്ങൾചന്ദനമെന്നിവ * വേദപരായണന്മാൎക്കുനൽകീ
ലഞാൻ ഖേദമതുമൂലമേവമനുഭവം * മാൎഗ്ഗഭൂമൌനടക്കാവുകൾവ
ച്ചീല മജ്ജനംചെയ്തീലതീൎത്ഥങ്ങളുംമഹാ * കൂപതടാകാദികളുംച
മച്ചീല ശോഭതേടുംപുഷ്പവാടിതീൎത്തീലഞാൻ * ദുഷ്ടനായോരുഞാ
ൻജന്മാന്തരങ്ങളിൽ കഷ്ടംമഹാളയശ്രാദ്ധവുംചെയ്തീല * ശംഭോമ
ഹാദേവരാമരാമേതിഞാൻ വൻപാപശാന്തിക്കുമന്ത്രംജപിച്ചീല* ഭ
സ്മവുംരുദ്രാക്ഷമാലയുംപൂണ്ടീല വിസ്മയംപഞ്ചാക്ഷരമുച്ചരിച്ചീല *
അഷ്ടാക്ഷരിമഹാമന്ത്രംജപിച്ചീല ദുഷ്ടനാംഞാനതുകാരണംവല്ലഭേ*

ഈവണ്ണമുള്ളൊരുദുഃഖസമുദ്രത്തി ലാഴുന്നവാറകല്പിച്ചുവിധാതാ
വും * ഓരോവിധമേവമാലാപവുംചെയ്തു ഭൂരിവിഷാദംകലൎന്നുമനോ
ജവൻ * മൂൎച്ഛയുംപൂണ്ടുഭൂമൌപതിച്ചീടിനാ നാശ്ചൎയ്യമപ്പോളവന്റെ
ദയിതയും * ഭൎത്താവുകാലലോകംപുക്കിതെന്നോൎത്തു പുത്രനോടുംകൂ
ടവെകരഞ്ഞീടിനാൾ * ഹാനാഥഹാമഹാരാജഭൂമീപതേ ഹാസോമ
വംശവസുന്ധരവല്ലഭ * ആരുമില്ലാതൊരുഘോരമാംകാനനേ നാരി
യാമെന്നെയുംബാലകൻതന്നെയും * നൂനംപരിത്യജിച്ചെങ്ങുപോകു
ന്നുനീ മാനവവീരചന്തികളെത്തുമേ * പൊയ്യല്ലവിൻമൂൎച്ഛകാൺകയാ
ൽബാലക നശ്ശോശിവശിവപാരംകരയുന്നു * വെക്കമെണീറ്റകുമാര
കംതന്നെയും ദുഷ്ടതാംഭോധിയാമെന്നെയുംപാലിക്ക * ഇത്ഥംകരയു
ന്നാരാരംവിധിബലാൽ തത്രപോയ്ചെന്നുപരാശരനാംമുനി * ആ
തുരയായൊരുകാമിനിയെക്കണ്ടു വേദപരായണനേവമരുൾചെയ്തു *
ഏന്തുമൂലംകരഞ്ഞീടുവാനിങ്ങിനെ ബന്ധുരരൂപിണീചൊൽകെടോ
കാമിനീ * ആശ്ചൎയ്യമെത്രയുംബാലകനാമിവൻ മൂൎച്ഛിതനായപുരുഷ
നമാരെടോ* ശക്തിപുത്രോദിതംകേട്ടുസുമിത്രയുമുത്തരംതാപസനോ
ടുചൊല്ലീടിനാൾ * എന്നുടെകാന്തൻമനോജവനാകുന്ന മന്നവകേ
ട്ടാലുമിക്കണ്ടപൂരുഷൻ * ബാലനിവൻതത്സുതനെന്നറിഞ്ഞാലു മാ
ലസ്യകാരണംകേൾക്കമഹാമുനേ * ഗോലാഭനാകുന്നഹൂണദേശാധി
പൻ കാലമനേകമിവനോടുപോർചെയ്തു * രാജ്യംസമസ്തമവനടക്കീ
ടിനാൻ പ്രാജ്ഞ്യവിഷാദേനമാമകവല്ലഭൻ * നന്ദനനോടുമെന്നോടു
മൊരുമിച്ചു വന്നുമഹാവനംതന്നിലകംപുക്ക * ക്ഷുൽപ്പീഡപൂണ്ടിക്കു
മാരൻനൃപതിയോ ടല്പമന്നംതരികെന്നുയാചിക്കയാൽ* ഉൾപ്പൂവില
ത്തൽപൂണ്ടത്രയുംമന്നവ നിബ്ഭൂമിതന്നിൽമോഹിച്ചുവീണീടിനാ
ൻ*നാരിഗിരംകേട്ടധീരതപോധനൻ ഭൂരികാരുണ്യംകലൎന്നരുളിച്ചെ
യ്തു*ഏതുമേഖേദിക്കവേണ്ടമനോഹരേ പാതകശാന്തികൾപായമുണ്ടാ
കളവൻ * മൂൎച്ഛയുംകൈവിട്ടുനിന്നുടെവല്ലഭ നാശ്ചൎയ്യമാമ്മാറെഴുനേ
ൽക്കമഞ്ജസാ * എന്നുപറഞ്ഞുതൃക്കൈകൊണ്ടുഭൂപനെ ചെന്നുത
ലോടിനാൻതാപസപുംഗവൻ * മൂൎച്ഛയുംതീൎന്നുമനോജവനൻപാര മാ
ശ്ചൎയ്യപൂൎവ്വമെഴുന്നേറ്റിതഞ്ജസാ * ധീമതാമഗ്രേസരനവനുംതദാ മാ
മുനിയെപ്രണാമംചെയ്തുചൊല്ലിനാൻ * ത്വൽപ്പാണിപങ്കജസ്പൎശനം
മൂലമായ് മൽപ്പാപമെല്ലാംനശിച്ചുമഹാമുനേ * പുണ്യമില്ലാതജനങ്ങൾ
ക്കൊരുനാളും കണ്ണിനുഗോചരമാകയില്ലഭവാൻ * ത്വൽപ്പാദപങ്കജം
വന്ദേമഹാമുനേ മൽപ്പാപശാന്തിക്കനുഗ്രഹിക്കേണമേ * ഏവംമനോ
ജവൻചൊന്നതുകേട്ടുട നാവിൎമ്മുദാതാപസേന്ദ്രനുംചൊല്ലിനാൻ* ശ

ത്രുക്കളെല്ലാമൊഴിപ്പാനായ്നിനക്കതി നെത്രയുംനല്ലൊരുപായമുണ്ടാ
ക്കുവൻ * രാമസേതൌമഹാപുണ്യപ്രദേശേഭ ഭൂമിപതേഗന്ധമാദ
നപർവ്വതേ * മംഗലമെന്നൊരുതീർത്ഥമുണ്ടെത്രയും മംഗലൈശ്വര്യ
പ്രദായകംകേവലം * ലോകോപകാരായസീതാസമേതനായ് രാഘ
വൻതത്രവാഴുന്നുസദാകാലം * നീയുംസപുത്രനായ്ഭാര്യയോടുംകൂടി
മായംവെടിഞ്ഞതിൽമജ്ജനംചെയ്യെടോ * ശ്രദ്ധാസമേതനായ്യൽ
തീരസീമനി ശ്രാദ്ധാദിയുംചെയ്കഭൂമിപാലോത്തമ * എന്നാൽനിന
ക്കുദുഃഖങ്ങളുംതീർന്നുപോം വന്നുകൂടുംമംഗലങ്ങളുംനിർണ്ണയം * ശത്രു
ജയംവരുമെത്രയുംസൌഖ്യവും മിത്രങ്ങളുണ്ടാംയശസ്സുമുണ്ടായ്വരും *
ഞാനുംഭവാനോടുകൂടെവന്നിടുവൻ ദീനതവേണ്ടമഹാരാജസത്തമ*
എന്നരുൾചെയ്തുപരോടുമൊരുമിച്ചു ചെന്നുപുക്കാൻഗന്ധമാദനപ
ർവ്വതേ* മംഗലതീർത്ഥംസമാസാദ്യമജ്ജനം മംഗലാർത്ഥംചെയ്തുശക്തി
കുമാരനും * രാജാവിനെയുംകുടുംബാന്വിതംതദാ വ്യാജഹീനംസ്നാന
മാചരിപ്പിച്ചുടൻ * ഏകാക്ഷരമായരാമമന്ത്രംമുനി ശോകനാശാർത്ഥം
നൃപനുപദേശിച്ചു * താല്പര്യമോടുതീർത്ഥസ്നാനവുംചെയ്തു നാല്പതുനാ
ളംദിവ്യമന്ത്രംജപിച്ചുടൻ * താപസപാദാബ്ജശുശ്രൂഷയുംചെയ്തു ഭൂ
പതിവീരൻവസിക്കുംദശാന്തരേ * തീർത്ഥതോയത്തിങ്കൽനിന്നൊരു
നാളംപുനരുത്ഥിതമായമഹാധനുസ്സത്ഭുതം * അക്ഷയതൂണീരയുഗ്മ
വുംഖഡ്ഗവുമക്ഷീണംഭീമമുസലവുംശംഖവും * വാജികളോടുമൊരുമി
ച്ചൊരുരഥം വ്യാജവിഹീനനാംസാരഥിയുംതദാ * ഹാരകേയൂരകട
കമകുടാദി ചാരുവിഭൂഷണജാലവുമുണ്ടായി* ദിവ്യാംബരങ്ങളുമുണ്ടാ
യതുകണ്ടു ഭവ്യൻനൃപതിയുംവിസ്മയിച്ചീടിനാൻ * ഉത്തമസന്തോ
ഷമോടുംനൃപതിയു മത്യത്ഭുതംമുനിയോടുചൊല്ലീടിനാൻ * ശക്തിത
നൂജൻനൃപതിക്കന്നേര മത്തീർത്ഥതോയേനചെയ്താനഭിഷേകം *
ചൊന്നാൻനൃപനോടുപിന്നെപ്പരാശരൻ വന്നുകൂടീതവമംഗലംഭൂപ
തേ * ഈശ്വരൻനിന്നിൽപ്രസാദിക്കകാരണ മാശ്ചര്യമായുധമാദി
യായുള്ളവ * തീർത്ഥതോയത്തിൽനിന്നുണ്ടായതുമിതു പാർത്തുപരിഗ്ര
ഹിച്ചാലുംധരാപതേ* ഏവംപറഞ്ഞുമുനിയുംനരേന്ദ്രനു കേവലംബ്ര
ഹ്മാസ്ത്രവുമുപദേശിച്ചു * അപ്പോൾമനോജവനൊക്കവെകൈകൊ
ണ്ടുശില്പമോടൊന്നുനമസ്കരിച്ചീടിനാൻ* താപസനുംപരമാനന്ദപൂ
ർവ്വകം ഭൂപതിക്കാശീർവ്വചനവുംനൽകിനാൻ* പിന്നെപ്പരാക്രമശാലി
മനോജവൻ സന്നാഹമോടുയുദ്ധത്തിനുകോപ്പിട്ടു * ഭാര്യയോടുംസുത
നോടുമൊരുമിച്ചു ധൈര്യവാൻസത്വരംതേരിൽക്കരേറിനാൻ * ഹാ
രകേയൂരവിഭൂഷണംപൂണ്ടുടൻ ചാരുദിവ്യാംബരവുംധരിച്ചത്ഭുതം *
ചാപബാണങ്ങളുംപൂണ്ടുപുറപ്പെട്ടു താപംവിനൈവനിജപുരംപ്രാ

പിച്ചു * ശംഖനാദാനന്തരംസിംഹനാദവും ശങ്കേതരാനന്തരംചെ
യ്തുചെയ്തുടൻ * ഗോലാഭനുംമഹാസേനാസമേതനായ് കോലാഹല
മോടുയുദ്ധംതുടങ്ങിനാൻ*മൂന്നുദിവസംകഴിഞ്ഞോരനന്തരം തോന്നി
നൃപതിക്കുസംഹാരകൌശലം * താപസനാംഗുരുഭൂതനെവന്ദിച്ചു
കോപംകലൎന്നുമനോജവഭൂപനും * നിൎമ്മമവൈരംമുഴുത്തുകാരണം
ബ്രഹ്മാദിദൈവതമസ്ത്രംപ്രയോഗിച്ചു* എന്നവാറേഗ്രണദേശനരാ
ധിപൻ ചെന്നുയമാലയംപുക്കസസൈന്യനായ് * ആനന്ദസമ്മി
തംരാജ്യവുംപ്രാപിച്ചു മാനവാധീശ്വരനായമനോജവൻ * തോഷം
കലൎന്നഹംകാരാദിയായുള്ള ദോഷങ്ങളെല്ലാമുപേക്ഷിച്ചുശാന്തനായ്*
ദേവതഭൂദേവവിശ്വാസപൂൎവ്വകം സാവധാനംഭൂമിയുംപരിപാലിച്ചു *
പേശലവീൎയ്യൻസഹസ്രസംവത്സരം ക്ലേശമകന്നുസുഖിച്ചുവാണീടി
നാൻ * വൃദ്ധനായ്പുനരപമഞ്ഞുകാലംനല്ല ബുദ്ധിമാനാത്മജേരാജ്യം
സമൎപ്പിച്ചു * ഭാൎയ്യയോടുംഗന്ധമാദനംപ്രാപിച്ചു ധൈൎയ്യവാൻമംഗ
ലതീൎത്ഥതീരന്തന്നിൽ * ശ്രീമഹാദേവപാദാബ്ജവുംധ്യാനിച്ചു ധീമാ
ൻതപസ്സുചെയ്യുന്നാഗ്രഹംമേവിനാൻ * അത്തീൎത്ഥവൈഭവംകൊണ്ടന
ന്ത്യകാലത്തു മുക്തിയുംപ്രാപിച്ചുഭാഗ്യശാലീനൃപൻ * പിന്നെസ്സുമി
ത്രയുംതന്നുടെവല്ലഭൻ തന്നോടുകൂടവെദേഹമുപേക്ഷിച്ചു * സത്വര
മീശ്വരപാദസരോരുഹേ ചിത്തവിലയംവരുത്തിനാളഞ്ജസാ * ഇ
ത്തരംമംഗലതീൎത്ഥമഹത്വങ്ങളുത്രചൊല്ലുന്നവരാരുമില്ലോൎക്കിലോ*
മുക്തിക്കുമോഹമുണ്ടെന്നുവരികിലൊ സിദ്ധിക്കുമേതീൎത്ഥമജ്ജനംകൊ
ണ്ടഹോ * മംഗലകാമുകന്മാരായുള്ളമാനുഷൻ മംഗലതീൎത്ഥത്തിൽമജ്ജ
നവുംചെയ്തു * ഏകാന്തരാമനാമാഖ്യമാംക്ഷേത്രത്തി ലേകാന്തമാന
സാനന്ദേനപോകണം * തത്രദശരഥനന്ദനൻപാൎഷദ സത്തമന്മാ
രോടൊരുമിച്ചനുവേലം * സേവകാനുഗ്രഹാൎത്ഥംവസിച്ചീടുന്ന സേ
വാനുരൂപഫലപ്രദൻചിന്മയൻ * തത്രദേശേലോകവിഖ്യാതയായു
ണ്ടു തീൎത്ഥോത്തമയാമമൃതവാപിശുഭ * ചെന്നതിൽമജ്ജനംചെയ്തു
പുരുഷനില്ലൊന്നുകൊണ്ടുംനരകത്തിൽനിന്നുഭയം * അത്തീൎത്ഥമ
ജ്ജനംചെയ്യുംപുരുഷനു മുക്തിനൽകീടുംസദാശിവൻനിൎണ്ണയം *
ചൊല്ലുവനത്തീൎത്ഥവൈഭവമൊട്ടുഞാൻ ചൊല്ലുള്ളനിങ്ങളുംകേട്ടു
കൊണ്ടീടുവിൻ * നീഹാരപൎവ്വതപാൎശ്വേമനോഹരേ വ്യാഹാരശീ
ലപികാദിഖഗകുലേ * വിദ്യാധരാപ്സരസിദ്ധാദിചാരണ വിദ്യോത
മാനേമരുൽഗണശോഭിതേ * സൂകരവ്യാഘ്രസിംഹാദിസംപൂരിതെ
ചൂതമന്ദാരാദിപാദപസംകുലേ * ഇന്ദീവരാദികുസുമപരികീൎണ്ണേ സു
ന്ദരപക്ഷിനിഷേവിതേമോഹനേ * സത്യവ്രതനാമഗസ്ത്യാനുജന്മുനി
നിസ്തുലമാംതപസ്സുംചെയ്തുമേവിനാൻ * കാലത്രയേശംഭുപാദംസമാ

രാദ്ധ്യ മൂലഫലങ്ങൾഭുജിച്ചതിധൈൎയ്യനായ് * ഗായത്രിമുമ്പായമന്ത്ര
ങ്ങൾസേവിച്ചു കായംവിശുദ്ധിവരുത്തിദിനേദിനേ * ബ്രാഹ്മമുഹൂ
ൎത്തേസമുത്ഥായനിത്യവും നിൎമ്മലമാംശംഭുപാദവുംധ്യാനിച്ചു * പ
ഞ്ചയജ്ഞങ്ങളുമഗ്നികാൎയ്യങ്ങളും വാഞ്ഛയാചെയ്തുവേദവിധിതല്പര
ൻ * ഇങ്ങിനെവത്സരമായിരംചെന്നിട്ടു മെങ്ങുമേകണ്ടീലപാൎവ്വതീ
കാന്തനെ * പാരംവിഷാദേനപിന്നെത്തപോധനൻ ദാരുണമായ
തപസ്സുതുടങ്ങിനാൻ * വാമപാദത്തിൽകനിഷ്ഠികാംകാലൂന്നി വാമ
ദേവപ്രസാദാൎത്ഥമതന്ദ്രിതം * ഊൎദ്ധ്വാഞ്ജലിയോടുപഞ്ചാനലാന്തരാ
ബദ്ധമൌനംനിരാഹാരനായന്വഹം * കാലമീവണ്ണമനേകംകഴി
ഞ്ഞനാൾ നീലകണ്ഠൻപ്രസാദിച്ചുദയാനിധി * പത്തുദിക്കുംനിറ
ഞ്ഞിട്ടുംപ്രഭയോടു മുത്തമധൎമ്മവൃഷഭാധിരൂഢനായ് * മുന്നിലാമ്മാറെ
ഴുന്നള്ളുംദശാന്തരെ ധന്യൻമുനീന്ദ്രൻനമസ്കരിച്ചീടിനാൻ * വേദാ
ൎത്ഥസംഹിതസ്തോത്രങ്ങളെക്കൊണ്ടു സാദരംലോകൈകനാഥംസ്തുതി
ചെയ്തു * പാൎവ്വതീവല്ലഭനീലകണ്ഠവിഭോ ശൎവ്വരിനാഥചൂഡാലോക
നായക * ഇന്ദ്രാദിവന്ദിതപാദപങ്കേരുഹ സുന്ദരാകാരമഹേശ്വരശ
ങ്കര * രുദ്രാക്ഷഭൂഷമഹാദേവശിതികണ്ഠ ഭദ്രപ്രദശൂലധാരിൻഹരാവ്യ
യ * ഗംഗാധരവിരൂപാക്ഷമൃത്യുഞ്ജയ സംഗവിഹീനജനപ്രധാനപ്ര
ഭോ * കാമാംഗനാശനശ്രീമൻദയാനിധേ വാമാംഗവല്ലഭശംഭോപ
ശുപതേ * വൈരിഞ്ചമുണ്ഡാവലിപ്രായഭൂഷണ വൈരിഞ്ചമുഖ്യത
പോധനസേവിത * ദൎപ്പകാരേശിവപ്രത്യൂഹനാശന സൎപ്പവിഭൂഷണ
വിശ്വൈകനായക * നിൎജ്ജരനായകദേവജടാധര സജ്ജനപാലകനേ
ത്രത്രയാങ്കിത * വിഖ്യാതവൈഭവാക്രതപന്നതോഷണ ദുഃഖാൎണ്ണവോ
ദ്ധാരണപ്രസീദപ്രഭോ * ത്വല്പാദപങ്കജംഭൂയോനമാമ്യഹം മല്പാതക
പ്രണാശാൎത്ഥംപ്രശാധിമാം * ദുസ്തരമായോരുസംസാരസാഗരമുത്തര
ണംചെയ്യുംവണ്ണംകൃപാനിധേ * കുംഭജസോദരൻതന്നോടനന്തരം മു
മ്പർകോൻതൻപുരിപാലകനീശ്വരൻ * വമ്പിയലുന്നൊരസുരജ
നാന്തകൻ സമ്പൂൎണ്ണസന്തോഷമോടരുളിച്ചെയ്തു * മോക്ഷാഗ്രഹംതാ
പസഭവാനുണ്ടെങ്കി ലീക്ഷണംപോകെടോരാമസേതോശുഭേ *
സൎവ്വോത്തമംഗന്ധമാദനമെന്നൊരു പൎവ്വതമുണ്ടതിപുണ്യപ്രദംപ
രം * ലോകവിഖ്യാതമായ്തത്രദേവാലയ മേകാന്തരാമനാഥാ
ഖ്യമായുണ്ടെടോ * തത്സന്നിധൌശുഭമായുണ്ടൊരുതീൎത്ഥ മു
ത്സികതപാപസംഘാതവിനാശനം * മുക്തികളൊപായമനേകമുണ്ടെ
ങ്കിലു മതീൎത്ഥമജ്ജനംപോലെമറെറാന്നില്ല * തത്രപോയ്മജ്ജനം
ചെയ്താകിലോഭവാൻ തത്വാൎത്ഥമാംപദംപ്രാപിക്കുമഞ്ജസാ * എ
ന്നരുളിച്ചെയ്തുമറഞ്ഞരുളീടിനാ നിന്ദുചൂഡൻജഗന്നായകനീശ്വ

രൻ * കുംഭജഃ സാദരൻ പിന്നെ പ്രസന്നനായ് ശംഭുപ്രതിഷ്ഠമാം തീൎത്ഥം സമാസാദ്യ * ദന്ദശൂകാദരണപ്രീണനാൎത്ഥമായ് മൂന്നു സംവത്സരം സ്നാനവും ചെയ്തുടൻ * യോഗബലം കൊണ്ടു ദേഹമുപേക്ഷിച്ചു വേഗമോടീശ്വരപാദം പ്രവേശിച്ചു * എന്നതു കാരണമത്തീൎത്ഥരാജനു വന്നിതമൃതവാപീതി പ്രസിദ്ധിയും * യാതൊരു പുരുഷൻ മൂന്നു സംവത്സരമാദരപൂൎവ്വമത്തീൎത്ഥനിഷേവണം * ചെയ്തീടുവനവനീശ്വരസായൂജ്യമേതും വികല്പം വിനാ സംഭവിച്ചീടും * ലോകപവിത്രമാം ദേവാലയത്തിനു മേകാന്തരാമനാഥാഖ്യയ്ക്കു കാരണം * കേൾക്ക തപോധനന്മാരേ പുരാവൃത്ത മാകൎണ്ണമെന്താനിത്ര നാളും തിരിച്ചീല * പണ്ടു ദശരഥനന്ദനൻ വിശ്വൈക കണ്ടകവൈരി സൂൎയ്യാന്വയാലങ്കാരൻ * സുഗ്രീവമുഖ്യകപികളോടും സ്വജനാഗ്രേസരനാം വിഭീഷണൻ തന്നോടും * ലക്ഷ്മണനാകുമവരജൻ തന്നോടു മക്ഷീണവീൎയ്യനാം വായുസുതനോടും * ഒന്നിച്ചു സേതുമദ്ധ്യേ ചെന്നൊരു ദിനം മന്ദിച്ചു സീതാവിയോഗേന രാഘവൻ * പങ്ക്തികണ്ഠൻ തന്നെ നിഗ്രഹത്തിനുള്ള ബന്ധുരോപായം വിചാരിച്ചു മേവിനാൻ * അപ്പോൾ ജലധിയുമുല്ലോലകല്ലോല ശില്പം കലൎന്നട്ടഹാസം തുടങ്ങിനാൻ * അംഭോധിഘോഷണം കണ്ടവൎക്കന്യോന്യ സംഭാഷണം കേൾക്കരുതാഞ്ഞ കാരണം * കോപം കലൎന്നു രഘുകുലനാഥനും ചാപത്തിലൊന്നു കടാക്ഷിച്ചരുളിനാൻ * പേടിച്ചു സംഗരമന്നു തൊട്ടെത്രയുമോടിച്ചു കല്ലോലഘോഷവും കൈവിട്ടു * മൌനമോടിന്നും വസിക്കുന്നതാപസ മാനവന്മാരേ മഹാത്ഭുതമല്ലയോ * കാൎയ്യശേഷം വിചാരിച്ചു ഭഗവാനു മാൎയ്യജനങ്ങളുമന്നു തൊട്ടസ്ഥലം * ഏകാന്തതോരാമമന്ത്രാനിമിത്തമായേകാന്തരാമനാമാഖ്യയാ ചൊല്ലുന്നു * അദ്വൈതവിജ്ഞാനഹീനമനുജനും വിദ്യാവികലനും വൈരാഗ്യഹീനനും * തീൎത്ഥനിഷേവണം ചെയ്തു രാമാദിയെ ചേതകതാരിൽ നമസ്കരിച്ചാകിലോ * തൽക്ഷണമാവൎത്തിശൂന്യമായുള്ളൊരു മോക്ഷപദം ലഭിച്ചീടുമസംശയം * തല്പരം ബ്രഹ്മകുണ്ഡാഖ്യം മഹാതീൎത്ഥ മത്ഭുതമെത്രയും തദ്വൈഭവം പരം * ബ്രഹ്മഹത്യാസുരാപാനാദിയായുള്ള കന്മഷം തദ്ദൎശനം കൊണ്ടകന്നുപോം * കിം തപോഭിഃ കിം മഹാദ്ധ്വരൈഃ കിം വ്രതൈഃ കിം തീൎത്ഥസഞ്ചയൈഃ കിം ദാനവൈഭവൈഃ * കേവലം ബ്രഹ്മകുണ്ഡം കണ്ട മൎത്ത്യനു മേവമാദ്യങ്ങളെല്ലാം വൃഥായാസങ്ങൾ * ബ്രഹ്മകുണ്ഡോത്ഭുതഭസ്മം ധരിപ്പവൻ ബ്രഹ്മാദിദേവതാവന്ദ്യനസംശയം * തൽഭസിതേന ത്രിപുണ്ഡ്രം ധരിപ്പവൻ കെല്പോടു കൈവല്യമാം പദം പ്രാപിക്കും * തൽഭസിതാധൂളനം ചെയ്യുവൻ പുണ്യ മത്ഭുതം വാക്കുവറ്റീശ്വരന്മ

ളല്ല * തൽഭസിതംധരിയാതൊരുപൂരുഷൻ പില്പാട്ടരൌരവമാ
യനരകത്തിൽ * ചന്ദ്രനുമാദിത്യനുമുള്ളകാലങ്ങൾ സംഭ്രമാംഖേ
ദമോടെവസിക്കുംദ്ദഢം * തൻനിന്ദകവരനായപുരുഷനും നിൎണ്ണ
യിക്കാംമഹാദുഷ്ടബീജോത്ഭവം * മറെറാരുഭസ്മമിതിനോടുതുല്യമാ
യ് മൂഢചൊല്ലുന്നവൻദുഷ്ടബീജോത്ഭവൻ * ആശ്ചൎയ്യമീഭസ്മതു
ല്യമായില്ലൊന്നു മീശ്വരപാദങ്ങൾതന്നാണനിൎണ്ണയം * സേതു
നിമജ്ജനംചെയ്യുഞാൻസത്യവും ചെയ്യുകൊള്ളാംസത്യമെന്നറി
ഞ്ഞീടുവിൻ * പണ്ടുവിരിഞ്ചനനേകംക്രതുക്കളെ കൊണ്ടുമഹാ
ദേവനെപ്രസാദിപ്പിച്ചു * ശാപനിവൃത്തിവരുത്തുവാനാകയാൽ
പാപവിനാശത്തിനേവഴിയില്ലൊന്നുമേ * കേൾക്കതപോധനന്മാരേ
വിരിഞ്ചനു മക്കാലമീശ്വരശാപംലഭിച്ചതും * ധാതാവിനുംരമാ
വല്ലഭനുംപുരാ ചേതസിപാരമഹങ്കാരമുണ്ടായി * ലോകങ്ങളാക
ച്ചമച്ചുരക്ഷിപ്പതും പാകാരിമുൻപായദേവാധിനാഥനും * ഞാ
നൊഴിഞ്ഞാരുമില്ലെന്നുവിരിഞ്ചനും നൂനമതൊക്കവെഞാനെന്നു
വിഷ്ണുവും * ഇങ്ങിനെവാഗ്വാദവുംചെയ്തിരുവരും തിങ്ങുംമദംപൂ
ണ്ടുവിങ്ങുദശാന്തരെ * ഗൎവ്വവിനാശമവൎക്കുവരുത്തുവാൻ ശൎവ്വ
ൻതിരുവടിലിംഗസ്വരൂപമായ് * തൽപുരസ്താൽസ്വയംജ്യോതിസ്സ
നാതന മത്ഭുതംപ്രാദുൎഭവിച്ചുസത്യാത്മകം * ധാതാവുതാനുംമുകു
ന്ദനുമന്നേര മാധാരഭൂതംതമാലോക്യലിംഗവും * നൎവ്വഗീൎവ്വാണ
ഗണങ്ങളുംകേൾക്കവെ ഗൎവ്വിതന്മാരായ്പ്രതിജ്ഞചെയ്തീടിനാർ *
ആദ്യന്തമില്ലാതലിംഗമിദംപര മാദ്യന്റെവൈഭവംകണ്ടുകജനാൎദ്ദ
ന * നൂനമനന്താനലാദിത്യസന്നിഭ ജ്ഞാനസ്വരൂപമിതിന്നന്ത
മാദിയും * കണ്ടുവന്നാലവൻലോകകൎത്താവെന്നു കണ്ണുതയെന്നി
യെസമ്മതിച്ചീടുക * ഊൎദ്ധ്വംഗമിച്ചുഞാനന്തംതിരിഞ്ഞുക ണ്ട
ധാവരുന്നുണ്ടുനിക്കടഭാരേഭവാൻ * കീഴ്പ്പെട്ടുചെന്നാദികണ്ടു
പോന്നീടുവാൻ താല്പൎയ്യമോടുപോയാലുമെന്നിങ്ങിനെ * ബ്രഹ്മ
വാക്യംകേട്ടുസമ്മോദപൂൎവ്വകം നിൎമ്മലൻമംഗലദേവതാവല്ലഭൻ *
കീഴ്പ്പെട്ടുപോയാൻവരാഹാകൃതിപൂണ്ടു മേല്പ്പെട്ടുഹംസസ്വരൂപേണവി
ധാതാവും * കല്പാന്തകോടികാലങ്ങളനേകങ്ങൾ കീഴ്പ്പെട്ടുചെന്നു
തിരഞ്ഞുമുകുന്ദനും * ആവതല്ലെന്നാലിതിന്നെന്നുകല്പിച്ചു കേവ
ലാവിണ്ടുപോന്നുസ്വപ്നസന്നിധൌ * കണ്ടീലഞാനിത്രനാളുംതി
രഞ്ഞിട്ടു മണ്ടർകോന്മാരെമഹാലിംഗമൂലവും * എന്തിങ്ങിനെ
സത്യവാക്യമരുൾചെയ്തു സന്നഗൎവ്വംവസിച്ചീടുംദശാന്തരെ * ഊ
ൎദ്ധ്വലോകാലോകനാശയാധാതാവു മാത്തഗൎവ്വംനടന്നേത്രയുംകാ
ലങ്ങൾ * അന്തവിഹീനമിദമെന്നുകല്പിച്ചു ചിന്താപരവശനായ്പ്പി

ണ്ടുപാൎന്നുടൻ * പത്മനാഭാന്തികേ വന്നു ചൊല്ലീടിനാൻ ഛത്മ
നാകണ്ടുതൊന്നന്തമെന്നിങ്ങിനെ * പോയ്പ്പോഞ്ഞൊരു ചതുരാനന
നോടു കൈകവച്ച്യമൂൎത്തി പരമേശ്വരൻ തദാ * മന്ദഹാസമ്പൂണ്ടു
ചൊരക്കോപിച്ചുടൻ സുന്ദരരൂപനിവണ്ണമരുൾചെയ്തു * മൽപു
രോനിന്നസത്യം പറഞ്ഞീടുവാ നല്ലലസംഭവ കിംതേ മനോഭ്രമം *
കഷ്ടമിതുമൂലമിന്നുതൊട്ടൂഴിമേൽ ശിഷ്ടജനപൂജയില്ലാതെപോകതേ *
ധാതാവിനെശ്ശപിച്ചിങ്ങിനെ ശങ്കരൻ പീതാംബരനോടുമേവമരു
ൾചെയ്തു * നന്നുനീ സത്യം പറഞ്ഞതു കാരണമെന്നും നിനക്കുഗു
ണങ്ങളുണ്ടായിട്ടും * പാൎവ്വതീവല്ലഭൻ താനും തദന്തരെ പാരംവി
ഷാദേന ദേവം നമസ്കൃത്യ * സ്വാമിൻ മമാപരാധം ക്ഷമിച്ചീടണം
കാമവൈരികരുണാകര ശങ്കര * പിന്നെ പ്രസാദവും പൂണ്ടു മഹേ
ശ്വരൻ ധന്യനാം ധാതാവിനോടരുളിച്ചെയ്തു * എന്നുടെ വാക്കു
പഴുതാകയില്ലന്നു നിന്നുടെ മാനസംതന്നിൽ ധരിക്കണം * ആ
മയമെന്നിയേ പോക വേഗം ഭവാൻ താമസേതൌ ഗന്ധമാദനേ പാ
വനേ * പൊയ്യുരചെയ്തൊരു പാതകം പോക്കുവാൻ നീയും തതോ
മഹായാഗങ്ങൾ ചെയ്യണം * എന്നാൽ ഭവാനുള്ള പാപങ്ങളും തീ
ൎന്നു നന്നായ്വരുമെന്നറിക പത്മാസന * സ്മാൎത്തവും ശ്രൌതമിത്യാ
ദികൎമ്മങ്ങളിൽ ചേൎത്തുകൊള്ളും പൂജനം തന്നിലേ വരും * ഏവമ
രുൾചെയ്തു വിടെ മാഞ്ഞിതു ദേവൻ പിനാകപാണി ജഗദീശ്വരൻ *
പത്മാസനൻ സുമനസ്സമൂഹത്തൊടും പത്മാപതിയോടൊരുമിച്ചു
നന്തരം * ചെന്നു വേഗം ഗന്ധമാദനം പ്രാപിച്ചു സന്നദ്ധനായ്മ
ഹാദേവനെ ധ്യാനിച്ചു * പൌണ്ഡരീകാദികളായ മഖങ്ങളാൽ
പുണ്ഡരീകോത്ഭവൻ ചണ്ഡഭാനുപ്രഭൻ * സമ്മോദപൂൎവ്വമഷ്ടാശീ
തിസാഹസ്ര സംവത്സരങ്ങൾ യജിച്ചുമേവീടിനാൻ * അക്കാല
മീശ്വരൻ താനും പ്രസാദിച്ചു പുഷ്കരസംഭവനോടരുളിച്ചെയ്തു * മി
ത്ഥ്യാകഥിതദോഷമെല്ലാം നഷ്ടമായ്വന്നു സത്യം വിധേ തവ സൽക്കൎമ്മ
വൈഭവാൽ * ധൎമ്മപരായണന്മാരാചരിക്കുന്ന കൎമ്മങ്ങളിൽ പൂ
ജയും സംഭവിക്കാതെ * അദ്ധ്വരസ്ഥാനമിദം ബ്രഹ്മകുണ്ഡമെന്നെ
ന്നും വിഖ്യാതമായും ഭവിക്കുന്നു * പുണ്യസംവൎദ്ധനം പാപവിനാ
ശനം നിൎണ്ണയം സൎവ്വതീൎത്ഥോത്തമമായ്വരും * സ്നാനാദികൎമ്മങ്ങള
ത്ര ചെയ്തീടുന്ന മാനവനില്ല പുനൎജ്ജനനം വിധേ * ഏതൽ ഭസി
തം ധരിക്കും പുരുഷനു മേതുമമായാധികാരമുണ്ടായ്വരാ * അത്ര
യുമല്ലെടോ വിപ്രഹത്യാദിയാം മൈത്രയും ക്രൂരങ്ങളായ പാപങ്ങളും *
തൽക്ഷണാൽ വേറവതീരുമെന്നല്ലെടോ യക്ഷഭൂതപ്രേതപൈശാച
പീഡയും * തൽക്ഷണം തീൎന്നുപോം മോക്ഷം കരസ്ഥമാം സത്യമു

കതാനാത്രകാൎയ്യവിചാരണം * എന്നരുൾചെയ്തുമറഞ്ഞുമഹാദേ
വൻ നന്നായ്തെളിഞ്ഞുസരസിജസംഭവൻ * യാഗാദികൎമ്മ
മെല്ലാംസമൎപ്പിച്ചുട നാഗമപൂജിതൻസത്യലോകംപുക്കു * അന്നു
തൊട്ടിന്ദ്രാദിദേവതവൃന്ദവും വന്നുസേവിക്കുമതീൎത്ഥമറിഞ്ഞാലും*
ദേവമനുജമുനീശ്വരവന്ദിതം കേവലംസംസാരനാശകരംപരം *
ഭൂരിപാപാപഹംബ്രഹ്മകുണ്ഡംശുഭം ധീരതപോധനന്മാരേമഹാ
ൎത്ഥദം * തത്രതീൎത്ഥമജ്ജനംചെയ്തനന്തരം ഗത്വാതതോഹനു
മൽകുണ്ഡമാസാദ്യ * സങ്കല്പപൂൎവ്വകംമജ്ജനംചെയ്തുവ ന്നല
ക്ഷ്മീശ്വരനായ്വരുംനിൎണ്ണയം * പാകാത്മജൻപുരാനൈരൃതിനിഗ്ര
ഹം ചെയ്തുവീണ്ടിങ്ങുപോന്നീടുംദശാന്തരെ * രാമസേതുംപ്രാപ്യ
മോദാകുലംനിജ നാമധേയാങ്കിതതീൎത്ഥമുണ്ടാക്കിനാൻ* സൎവ്വലോ
കോപകാരാൎത്ഥമായ്മാരുതി സൎവ്വതീൎത്ഥോപമംനിൎമ്മലംപാവനം *
തദ്വൈഭവമറിഞ്ഞീശ്വരൻശങ്കരൻ തൽസന്നിധൌവസിച്ചീട്ടു
നുസൎവ്വദാ * സ്നാനജനത്തിനുമോക്ഷവുംനൾകുന്നു നാനാഭുവ
നാന്തരന്തീൎത്ഥവൈഭവാൽ * തദ്വൈഭവംപുനരോൎത്തുചൊല്ലീട്ടു
വാ നദ്വൈതമീശ്വരനുണ്ടായ്വരികിലാം * കേൾക്കതപോധന
ന്മാരേപുരാവൃത്ത മാക്കമേവംഹനുമൽകുണ്ഡവൈഭവം * ധൎമ്മ
സഖനെന്നൊരുനരപാലകൻ ധൎമ്മവാൻനീതിശാലീപുരാജാത
നായ് * നൂറുദയിതമാരോടുമൊരുമിച്ചു പാരംസുഖിച്ചുമഹീതലം
പാലിച്ചു * കാലമനേകംകഴിഞ്ഞാറെയുമൊരു ബാലകനില്ലാഞ്ഞു
ദുഃഖപരീതനായ് * അശ്വമേധാദിയാഗങ്ങൾദാനങ്ങളും ശശ്വ
ത്തുലാപുരുഷാദിദാനങ്ങളും * മൃഷ്ടാന്നദാനംപിതൃപ്രീതികാരണം
ശിഷ്ടാകൃതമാൎഗ്ഗേണനിത്യകൎമ്മങ്ങളും * ആചരിച്ചമ്പോടുസന്താ
നമന്ത്രങ്ങ ളാചാൎയ്യതല്പരനായ്ജപിച്ചീടിനാൻ * ഇങ്ങിനെകാ
ലമനേകംകഴിഞ്ഞനാ ളെങ്ങിനെയെന്നറിഞ്ഞീലരാജാവിനും *
നന്ദനീയാകൃതിപൂണ്ടദയിതയിൽ നന്ദനനുംപുനരേകനുണ്ടായ്വ
ന്നു * നാമമവനുസുചന്ദ്രനെന്നാകുന്നു രാമൻതിരുവടിതന്നോടു
സന്നിഭൻ * കാമനുനേരായസൌന്ദൎയ്യമുള്ളവൻ സോമകുലത്തി
ന്നലങ്കാരമായവൻ * പ്രത്യഹംനൂനംജനനീജനത്തിനു മൈത്രയും
വാത്സല്യമുണ്ടായ്ചമഞ്ഞുതേ * ഭൂമിപാലൻതനിക്കാനന്ദമുള്ളതു
നാമല്ലവേണ്ടുപുകണ്ണുചൊല്ലീട്ടുവാൻ * പൌരജനത്തിനുംമന്ത്രിജ
നത്തിനും പാരംപരിതോഷമുത്ഭവിച്ചുതദാ * സാന്ദ്രഗുണാകാര
നായൊരുബാലകൻ ചന്ദ്രനെപ്പോലെവളൎന്നുദിനംപ്രതി * മേ
ളിച്ചുമാതൃജനസവിധത്തിലും കേളിപരനായ്ജനകാന്തികത്തിലും*
ഓടിക്കളിച്ചുനടന്നുവാഴുംവിധൌ കൂടക്കളിച്ചുവയസ്യസമോദവും *

കഷ്ടമൊരുദിനംബാലനുറങ്ങുമ്പോൾ കുട്ടനംചെയ്തുമൂദ്ധപദേവൃശ്ചി
കം * അപ്പോൾകുമാരനുംപീഡസഹിയാതെ കെല്പോടുപാവിട്ട
ലറിത്തുടങ്ങിനാൻ * മാതൃജനങ്ങളതുകണ്ടഴലോടു മാതുരമാരാങ്ങ
രത്തുതുടങ്ങിനാർ * പൌരനാരീജനമെല്ലാവരുംതദാ ഘോരമാ
മ്മാറുവിലാപംതുടങ്ങിനാർ * മന്ത്രിപുരോഹിതപൌരസമേതനായ്
മന്ത്രശാലായാംവസിക്കുന്നഭൂമിപൻ * ആർത്തനാദംമഹാദാരുണം
കേട്ടുപ നോത്തൊരുദൂതനെക്ഷിപ്രംനിയോഗിച്ചു * ചെന്നവൻ
വൃത്താന്തമെല്ലാമറിഞ്ഞുടൻ വന്നുനൃപനോടുചൊന്നാരനന്തരം*
ഖരാന്തലോടുംനൃപൻസത്വരമുത്ഥായ വൃദ്ധപുരോഹിതപൌരാദിഭി
സ്സമം * അന്തഃപുരംപുക്കുനന്ദനനെക്കണ്ടു ചിന്തിച്ചുജാംഗലി
കന്മാരുമായ്ത്തദാ * ദിവ്യൌഷധങ്ങളെക്കൊണ്ടുചികിത്സിച്ചു ഭ
വ്യമാംസ്വാസ്ഥ്യംകുമാരനുമുണ്ടായി * ധമ്മസഖനുംസമോദംവിഷ
ഹാകമ്മങ്ങൾചെയ്തുജനങ്ങൾക്കുസമ്മാനം * രത്നാദിവ്യാംശുകാ
ദ്യങ്ങൾകൊടുത്തുടൻ മുസ്സാസപത്മൽസഭാന്തരംപ്രാപിച്ചു * മുഖ്യ
ജനാദിയാംപൌരാദികളോടും സൽക്കാരപൂവ്വമിവണ്ണമരുൾചെ
യ്തു * ഏകപുത്രത്വംവിചാരിച്ചുകാണ്കിലൊ ശോകാസ്പദമെന്നു
നിശ്ചയിക്കാമെടൊ * ഓരോരപായങ്ങളോത്തുമെന്മാനസെ പാ
രംവിഷാദംവളരുന്നുസാമ്പ്രതം * ഏകൻതനുജൻജനിപ്പതി
നെക്കാളു മേകനുമില്ലായ്കതന്നെപരംഗുണം * എന്നുടെനിർഭാ
ഗ്യവൈഭവമോർത്താകി ലുന്നതമെത്രയുമെന്നേപറയാവു * നൂ
റദയിതമാരുണ്ടിനിക്കെന്നിട്ടു മാറുന്നതില്ലതനയപരിതാപം *
എന്നുടെബാലനപായംഭവിച്ചാകി ലെന്നുമഹിഷിമാക്കുംമരണം
ധ്രുവം * പിന്നെഞാൻജീവിച്ചിരുന്നാൽഫലമില്ല ധന്യജനങ്ങ
ളെകിംവാകരണീയം * വാദ്ധക്യകാലവുംവന്നുകൂടിപ്പുന രാത്തി
കൾമേതുംകുറവില്ലിതത്ഭുതം * ഏതുകമ്മംചെയ്തുകൊണ്ടാലിനിക്കു
ള്ള പാതകംതീന്നുബാലന്മാർപലരുമായ് * ക്ലേശവുംതീന്നുവസി
പ്പതിനുള്ളൊരു പേശലോപായംവിചാരിച്ചുചൊല്ലണം * ആവ
തെന്നാലുംസുദുഷ്കരമെന്നാലും കേവലംഞാനതുചെയ്തുകൊണ്ടീടു
വൻ * രാജ്യവാക്യംസമാകണ്യമഹാജനം വ്യാജഹീനംവിചാരിച്ചു
ചൊല്ലീടിനാർ * കേകയവംശമഹാമണേഭൂപതേ ശോകവിനാശ
ത്തിനുണ്ടുപായംവിഭോ * ആത്മജന്മാരുംപലരുമുണ്ടായ്വരു മാത്രമവ
താംപരസന്ദേഹമില്ലേതും * ദക്ഷിണാംഭോധിമദ്ധ്യേഗന്ധമാദനേ ദ
ക്ഷമായുണ്ടൊരുതീത്ഥംമഹാമതേ * നാമധേയംഹനുമൽകുണ്ഡമെ
ന്നതിക്ഷേത്രദംപാവനംപാപവിമോചനം * മോക്ഷപ്രദംനരകക്ലേ
ശനാശനം തീക്ഷ്ണദാരിദ്ര്യവിമോചനംകേവലം * പുത്രാദിസമ്പൽ

പ്രദാനകംഭൂപതേ തത്രപോയ്മജ്ജനംചെയ്യവേണംഭവാൻ * പുത്ര
കാമേഷ്ടിയാംയാഗവുംചെയ്യാകിലെത്രയുംനല്ലപുത്രന്മാരുമുണ്ടാകും*
ഭൂപതിവീരനതുകേട്ടനന്തരം താപമൊഴിഞ്ഞുപുരോഹിതന്മാരൊടും*
മന്ത്രിപൌരാമാത്യഭൃത്യസമേതനാ യന്മുദാജീവനായികമാരുമാ
യ് * യാഗസംഭാരങ്ങളെല്ലാമെടുത്തതി വേഗമോടെപുറപ്പെട്ടുസ
കൌതുകം * ശ്രീഗന്ധമാദനേമാരുതികുണ്ഡവും ശ്രീമാൻസമാസാ
ദ്യസസ്നേഹഭക്തികം * പുത്രകാമേഷ്ടിയാംയാഗവുംചെയ്തുടൻ ഋ
ത്വിഗ്ജനങ്ങളിൽമുഖ്യനാംബ്രാഹ്മണൻ * ആഘ്രാതശിഷ്ടംനൃപതി
ദയിതമാൎക്കാഹാരമായ്ക്കൊടുത്തീടിനാനഞ്ജസാ * വാരിധിവാരിപ
രിവൃതമായോരു മാരുതികുണ്ഡത്തിലന്നുമഹീപതി * നൃപദയിതമാ
രോടുമൊന്നിച്ചുട ലാരന്നവാരങ്ങൾവ്രതസ്നാനവും * ചെയ്തുസന്തോ
ഷമോടൃത്വിഗ്ജനങ്ങൾക്കു ചെയ്തുപലതരഭക്ഷണംദക്ഷിണ * പി
ന്നെപ്പുരാനന്ദമോടുംപുരംപുക്കു മന്നവൻധൎമ്മശീലൻവസിക്കുന്നാ
നാൾ * അത്ഭുതംനൃപദയിതമാൎക്കുംഗൎഭം ചില്ലംതടവുന്നകോപ്പുക
ൾകാണായി * ഈശ്വരാനുഗ്രഹംകൊണ്ടവരേവരു മാശ്ചൈര്യമോടു
മേകൈകകുമാരകാൻ* നീലാക്ഷിമാരുഃ പ്രസവിച്ചുനേര മാലോല
കൌതുകമോടുനരവരൻ * ജാതകൎമ്മാദികളുംചെയ്തുമോദേന ജാതകു
തൂഹലംദാനങ്ങളുംചെയ്തു * ബാലകന്മാരുംകളിച്ചുവളൎന്നിതു കാല
ക്രമേണഭവിച്ചിതുയൌവനം * അന്നുനൃപതിയുംതന്നുടെരാജ്യവും
നന്ദനന്മാരിൽസമൎപ്പിച്ചുവേഗേന * വല്ലഭമാരോടുമൊന്നിച്ചുചെ
ന്നുടൻ കല്യാണമാംഹനുമൽകുണ്ഡമാസാദ്യ * ശ്രീമഹാദേവപാ
ദാംബുജംധ്യാനിച്ചു ധീമാൻതദാനീംതപസ്സുതുടങ്ങിനാൻ * ഇങ്ങി
നെകാലമനേകംകഴിഞ്ഞനാ ളങ്ങുശരീരമുപേക്ഷിച്ചുമന്നവൻ * നി
വൃത്തധീവരൻഗോവിന്ദഭക്തിമാ നാവൃത്തിശൂന്യമാംമോക്ഷംലഭിച്ചു
തേ * ഭാൎയ്യമാരെല്ലാമനുമരണംചെയ്തു ധൈൎയ്യമോടുംപതിലോകംപ്ര
വേശിച്ചു * മാരുതികുണ്ഡമഹത്വംപുകഴ്ത്തുവാ നാരുംധരണിയിലി
ല്ലെന്നുനിൎണ്ണയം * ഇക്കഥാനിത്യവുംകേൾക്കുംജനങ്ങൾക്കു ശ്രേഷ്ഠ
ല്ലപുത്രപൌത്രാദികളുണ്ടാകും * മാരുതികുണ്ഡംമുഴകീട്ടനന്തര മാരാ
ലഗസ്ത്യകുണ്ഡംമുഴകീടണം * വിന്ധ്യാചലവുംമഹാമേരുവുംതമ്മി
ലന്ധരോഷേണകലഹിച്ചകാലത്തു * കുംഭസമുൽഭവനായോരുതാ
പസൻ ശംഭുപ്രസാദേനതീൎത്ഥമുണ്ടാക്കിനാൻ * ശ്രീശൈലനായ
കസേവനാൎത്ഥംപുരാ പേശലാനന്ദേനനാരദനാംമുനി * പോകു
ന്നനേരത്തുവിന്ധ്യാചലംകണ്ടു സാകംപ്രണാമേനവാചമുരചെയ്തു *
എത്തൊരുദിക്കിൽനിന്നാഗമനംതവ ചേതോഹരാകൃതേശ്രീനാരദമു
നേ * എന്തൊരുകാൎയ്യംഗമിക്കുന്നുകുത്രവാ ബന്ധുരശീലതപോധ

നസാമ്പ്രതം * വിന്ധ്യാദ്രിവാക്യമേവംകേട്ടനാരദ നന്തമ്മദൈവമവനോട്ടാചെയ്തു* ശ്രീശൈലനായകനെതൊഴുതീട്ടവാ നാശയാനന്ദേനപോകുന്നഞാനെന്നെടോ * അക്ഷേത്രദൎശനംചെയ്യുപുരുഷനുമക്ഷീണമായുണ്ടുപുണ്യഫലപ്രദം * അക്കഥാവിൽക്കനെമുക്കണ്ടകതാരി ലിക്കാലമെത്രയുംകൌതുകംകേൾക്കണേ * പവ്വതവൃന്ദത്തിനെല്ലാമധിപനായ് സവ്വദാനീയിങ്ങിരിക്കവേസാമ്പ്രതം * ഞാനഹോപവ്വതനായകനെന്നുള്ള നാമമോട്ടുംമഹാമേരുഗിരിവരൻ * ഗീവ്വാണപാളികളപ്സരസ്ത്രീകളും സവ്വദാചെന്നുസേവിച്ചുവസിപ്പതും * നക്ഷത്രവൃന്ദംഗ്രഹങ്ങളുമെന്നിവ സാക്ഷാലവനെപ്രദക്ഷിണംചെയ്യതും * കണ്ടിട്ടിനിക്കുള്ളസങ്കടംകൊണ്ടുഞാൻ കണ്ടുനിന്നോടുചൊല്ലേണമെന്നാശയാൽ * ഇങ്ങിനെവന്നതിന്മൂലമെന്നുള്ളതു മങ്ങുധരിക്കഗിരികുലനായക * എന്നരുൾചെയ്തുമുനിയുമെഴുന്നള്ളി വന്നുക്കുടിമഹാഗവ്വംഗിരീന്ദ്രനും * കീഴ്ച്ചെട്ടപാതാളപൎയ്യന്തവുംതഥാ മേല്പെട്ടസത്യലോകത്തോളവുംതദാ * വിസ്തൃതികൊണ്ടുഭുവനാന്തരാളവും വിസ്തീണ്ണമായ്വളൎന്നീടുംദശാന്തരെ * പ്രാണികൾക്കാശ്വസിപ്പാനുപായംവിനാ പ്രാണപരിതാപമോട്ടുഴന്നീടുശം * സൂൎയ്യനുംചന്ദ്രനുംനക്ഷത്രവൃന്ദവും * സംഖ്യയില്ലാതെതല്ലാശ്ശേഷമരുവിനാർ * രാവുംപകലുമില്ലാതെചമഞ്ഞിതു കേവലംകമ്മങ്ങളെന്തുചൊല്ലേണ്ടതും * സങ്കടംപൂണ്ടുഗീവ്വാണഗണങ്ങളും ശങ്കരനോടിദമെല്ലാമുണൎത്തിച്ചു* പാവ്വതീദേവിവിവാഹാത്ഥമീശ്വരൻ സാവ്വഭൌമനൊരുമിച്ചിരിക്കുന്നനാൾ * വിന്ധ്യാദ്രിദുശ്ചേഷ്ടിതാകേട്ടശങ്കരൻ കുംഭസമുത്ഭവനോടരുളിച്ചെയ്തു * നീചനാംവിന്ധ്യാചലംതന്നഹങ്കാരം നീചെന്നുനിഗ്രഹിക്കേണമെന്നിങ്ങിനെ * ദേവനരുൾചെയ്തുനേരമഗസ്ത്യനു മേവമരുൾചെയ്തുതന്നാശയാഗ്രഹം * ഉദ്വാഹവേഷവുംകല്യാണഘോഷവും വിദ്യോതമാനഭവദ്വിലാലസങ്ങളും* കാണ്മതിന്നില്ലസുകൃതമെന്നോൎത്തൊത്താരാമയംപാരമിനിക്കുണ്ടുദൈവമേ * അപ്പോഴരുൾചെയ്തുപാവ്വതീകാന്തനു മുൾപ്പൂവിലാനന്ദഭാരപരിതനായ് * കുംഭസമുത്ഭവഖേദമുണ്ടാകേണ്ട സമ്പൂണ്ണകല്യാണവേഷസമേതനായ് * അദ്രീശ്വരസുതയോടൊരുമിച്ചുഞാൻ വിദ്രുതമേവദേവാരണ്യസീമനി * കാട്ടിത്തരുന്നുണ്ടുസത്യംതപോനിധേ വാട്ടമകന്നുവെകീടാതെപോകനീ* എന്നവാറേമുനിരാജനഗസ്ത്യനും ചന്ദ്രാവതംസനെക്കുപ്പിത്തൊഴുതുടൻ * ഉന്നതസന്തോഷമോടുംപുറപ്പെട്ടു ചെന്നുവിന്ധ്യാദ്രിനികടമകംപുക്കു * താപസനെക്കണ്ടുപേടിച്ചുപവ്വതം ശോഭനസൽക്കാരവുംചെയ്തുചൊല്ലിനാൻ * എന്തുകാൎയ്യമിങ്ങെഴുന്നെള്ളുവാന്മുനേ സന്തതംകിങ്കരമാംപരിപാലി

യ * ഇത്തരംകേട്ടോരുമൈത്രാവരുണിയു മുത്തരംഭൂധരന്തന്നോടുചൊല്ലിനാൻ * ദക്ഷിണാംഭോനിധിതീരേമനോഹരേ ശിക്ഷതേറീടുംമഹേന്ദ്രാചലാന്തികേ * പോവതിന്നാഗ്രഹമോടുവന്നേനതി നാവതില്ലെന്നുവന്നുതവവൈഭവാൽ * അപ്പോൾഗിരിയുമതുകേട്ടുരചെയ്തു കെല്പോടുതാണുകൊണ്ടീടുവൻഞാൻമുനേ * നിന്തിരുവുള്ളംതെളിഞ്ഞെഴുന്നെള്ളുക സന്താപമുണ്ടാകരുതുഭവാനേതും * എന്നുപറഞ്ഞവൻഭൂമിയോടൊക്കമാ റന്നുതാണീടിനാൻതാപസാജ്ഞാബലാൽ * കുംഭജന്മാവുമവനോടരുൾചെയ്തു ഡംഭമരുതുമഹാപുരുഷന്നഹോ * ഇങ്ങിനെഞാൻവരുവോളംഗിരേഭവാ നിങ്ങിനെതന്നെവസിക്കേണമെന്നുമേ * എന്നരുൾചെയ്തെഴുന്നെള്ളിമഹർഷിയു മന്നുതൊട്ടങ്ങിനെതീൎന്നുഗിരീന്ദ്രനും * ദക്ഷിണദേശങ്ങളെല്ലാംചരിച്ചടനക്ഷണേനതാപസശ്രേഷ്ഠനഗസ്ത്യനും * ശ്രീഗന്ധമാദനവൈഭവമോൎത്തുടൻ ധീമാനവിടെസ്വനാമധേയാങ്കിതം* തീൎത്ഥംചമച്ചുലോപാമുദ്രയാസമം ചേൎത്തുനിജനിവാസംതത്രസൎവ്വദാ * ആതീൎത്ഥതോയെമുഴുകിസ്സദാശിവം ഭക്ത്യാസമൎച്ചനംചെയ്യോരുമാനവൻ * പിന്നെജ്ജനിക്കമാറില്ലെന്നുനിൎണ്ണയം ധന്യമായ്മറ്റൊന്നുപോലെയില്ലെടോ * നല്ലകൈവല്യപ്രദമിതിഹാസംഞാൻ ചൊല്ലുവൻകേൾക്കമുനിതിലകന്മാരേ * ദീൎഘതമസ്സെന്നൊരുമുനിനായകൻ ദീൎഘമതിമാനവനുടെനന്ദനൻ * സൌശില്യശാലികക്ഷീവാനവൻപണ്ടു കൌശല്യമോടുവിദ്യാഭ്യാസകാംക്ഷയാ * ധീമാനുതങ്കമുനിവരൻതന്നുടെ കോമളമാശ്രമംപുക്കമേവീടിനാൻ * നാലുവേദങ്ങളുമാറുശാസ്ത്രങ്ങളും കാലവിളംബംവിനാപുരാണങ്ങളും * എല്ലാംപഠിച്ചുകക്ഷീവാൻസുരഗുരു തുല്യനായ്വന്നാനുടനെമനോഹരം * ദക്ഷിണയുംചെയ്തുതങ്കമുനീന്ദ്രനെ തൽക്ഷണേവന്ദിച്ചുവിണ്ണമുരചെയ്തു * വാൎദ്ധക്യവുംപൂണ്ടിരിപ്പുജനകനു മോൎത്താലതങ്ങിനെതന്നെജനനിയും* ഞാനുമവരുടെശുശ്രൂഷണാൎത്ഥമാ യാനന്ദമോടുപോകുന്നേൻഗുരുവര * നിന്തിരുവുള്ളംതെളിഞ്ഞനുവേലയും ചന്തമോടെന്നെകടാക്ഷിച്ചരുളേണം* വാത്സല്യമോടുമുതങ്കനുംചൊല്ലിനാൻ വത്സകക്ഷീവാചിരംജീവബാലക * പോയാലുമെങ്കിൽഗുരുസവിധേവരം നീയൊന്നുകേൾക്കേണമെന്നുടെഭാഷിതം * ഭൂമിപാലൻമധുരാപുരനായകൻ കോമളരൂപൻസ്വനയനെന്നുണ്ടെടോ * തൽസുതയേനീസ്വയംവരിച്ചീടെടോ വത്സഞാൻചൊല്ലാമതിന്നുപദേശവും * രാമസേതൌഗന്ധമാദനപൎവ്വതേ ശ്രീമയമേററമഗസ്ത്യതീൎത്ഥംശുഭം* ഭുക്തിമുക്തിപ്രദംസൎവ്വപാപാപഹം ഭക്തിയോടുംതത്രവൎഷത്രയംമു

ദാ * മാനാദിദോഷങ്ങളെല്ലാംവെടിഞ്ഞുനീ സ്നാനാഹാരാദിചെ
യ്തുവസിക്കെടോ * എന്നാലതിങ്കൽനിന്നുണ്ടായ്വരുംപാര മുന്നതിപൂ
ണ്ടൊരുദന്താവളോത്തമൻ * കൈലാസപർവ്വതംപോലെവിശദമാ
യാലോലകാന്തിമാനായ്ചതുർദ്ദന്തനായ് * സത്വരംനീയുംഗജേന്ദ്രത്ത
മമാരുഹ്യ ചിത്തമോദേനമധുരാപുരംപ്രതി * പോയാലുമെന്നാൽ
സ്വപ്നമയംനൃപൻകണ്ടു മായംവെടിഞ്ഞുതനൂജയെനൽകീടും * പ
ണ്ടൊരുകാലമവൻറതനൂജയും ചണ്ഡമായോരുസമയവുംചെയ്തു
പോൽ * യാതൊരുത്തൻചതുർദ്ദന്തനായെത്രയും ശ്വേതാംഗമായഗ
ജേന്ദ്രംസമാരുഹ്യ * മദ്വിവാഹാർത്ഥംവരുന്നതവനുഞാൻ സഭ്യോ
വരിപ്പനെന്നേവംപരിശ്രുതം * താംപ്രതിജ്ഞാംസമാകർണ്യഭൂപാല
നും താൻപരിതാപേനവാഴുംദശാന്തരേ * നാരദനുംതത്രചെന്നുയ
ദൃച്ഛയാ പാരംപ്രസാദിച്ചുപൂജിച്ചുഭൂപനും * ചൊന്നാനിവണ്ണംപ
രിതാപപൂർവ്വകം വന്ദേമഹാമുനേനിൻപാദപങ്കജം * എന്നുടെകന്യ
കയാമിവളുംപുരാ തന്നത്തിരയാസ്ഥതന്നെനിമിത്തമായ് * സർവ്വാം
ഗപാണ്ഡുരനായ്ചതുർദ്ദന്തനായ് സർവ്വോത്തമനാംഗജത്തിൻകഴു
ത്തേറി * വന്നവനെന്നുടെവല്ലഭനെന്നേവം മുന്നംപ്രതിജ്ഞചെ
യ്തിടിനാൾമാമുനേ * വൃത്രാരിയെന്നിയേമറ്റെമിത്തുപോലെ മർത്ത്യജ
നങ്ങളുണ്ടാവാൻമഹീതലേ * എന്മനതാരിലിതുനിനച്ചെത്രയും
നിർമ്മലതാപസതാപംമുഴുക്കുന്നു * നൂനമനൂഢയാംകന്യാജനകന്
മാനസേശോകത്തിനുള്ളോരുകാരണം * നാരദനതുകേട്ടുചൊല്ലീ
ടിനാൻ ഘോരവിഷാദംകളകമഹീപതേ * ഇപ്രകാരത്തിലിവൾ
ക്കൊരുവല്ലഭനപ്രയത്നേനഭവിക്കുമറികെടോ * ദീർഘതമസ്സുതന
യകക്ഷീവനമോക്കിലിവൾക്കുപതിയെന്നുതോന്നുന്നു * ഏവമുര
ചെയ്തുനാരദനുംപുനരാവിർമ്മുദാഗമിച്ചീടിനാൻബാലക * നീയുമ
തുമൂലമാഗസ്ത്യമാംതീർത്ഥമായുഷ്കരംപരംസേവിക്കസത്വരം * ആ
ചാര്യവാക്യമേവംകേട്ടുകക്ഷീവാൻ വാചാമഗോചരഭക്തിഭാരാന്വി
തം * വീണുനമസ്കരിച്ചുത്ഥായവേഗേന താണുതൊഴുതുനടന്നുതുട
ങ്ങിനാൻ * ക്ഷിപ്രമഗസ്ത്യകുണ്ഡംപ്രാപ്യമജ്ജനം തൽപ്രകാരേ
ണചെയ്തന്വഹംമേവിനാൻ * സ്നാനവുംപാനവുമാഹാരകർമ്മവും
നൂനംതദീയതോയംകൊണ്ടുസർവ്വവും * ക്രീഡയുംസഞ്ചാരവുംവാസ
വുംപരിപീഡാവിനോദമുറക്കവുംതത്തടെ * മൂന്നുസംവത്സരമിങ്ങി
നെചെന്നവാറന്നൊരുരാത്രൗഉറങ്ങുംദശാന്തരെ * കല്പാന്തകാ
ലേജലധരസംഘാത കല്പിതഭീമകോലാഹലതുല്യമായ് * ആരവ
മൊന്നുകേട്ടുമുനിബാലകൻധീരനുണർന്നുദിഗന്തരെനോക്കിനാൻ*

താല്പൎയ്യവാൻമൃഗയായാംസുനയനനും തൽപ്രദേശംപുക്കിതപ്പോൾ സസൈന്യനായ്*മത്തഗജങ്ങളുംപഞ്ചാനനങ്ങളും തത്രവരാഹങ്ങളുംമഹിഷങ്ങളും * ഭൂപതിവീരശരങ്ങൾതറയ്ക്കയാൽ ഭൂപരിസ്ഥാനവുംചെയ്തിതെന്നേവേണ്ടു * ശ്രാന്തിയുംപൂണ്ടുനൃപനുംപരമവിശ്രാന്തിക്കഗസ്ത്യകുണ്ഡാന്തികംപ്രാപിച്ചു * ധാത്രീപതിയുമവിടെവസിക്കവെ രാത്രിയുംപോയിവിവസ്വാനുദിച്ചപോൽ ധാത്രീസുരോത്തമനായകക്ഷീവനും തീൎത്ഥനിമജ്ജനംചെയ്തിരിക്കുംവിധൌ * ആഗസ്ത്യകുണ്ഡസലിലാന്തരാളതോ വേഗമോടുത്ഥിതമായിമഹാഗജം * കൊമ്പുനാലുണ്ടതിമാത്രമുയരവു മമ്പിയലുംധവളാഭയുമത്ഭുതം * കാക്ഷീവദന്തികേവന്നുവണങ്ങിനാ നക്ഷണംമത്തമതംഗജവീരനും * ലക്ഷണംപണ്ടുദങ്കോദിതമാകവേ സൂക്ഷിച്ചുനോക്കിനാൻദീൎഘതമസ്സുതൻ * ബോധിച്ചുസന്തോഷവുംപൂണ്ടുതാപസൻ ശോഭിച്ചുതീൎത്ഥത്തിൽമജ്ജനവുംചെയ്തു * പേൎത്തുംനമസ്കൃത്യവാഴ്ത്തിപ്പലതരം മത്തഗജത്തിൻകഴുത്തിൽകരേറിനാൻ * അപ്പൊഴുതുകണ്ടുവിസ്മയംപൂണ്ടുട നത്ഭുതവിക്രമനായനരാധിപൻ * മൽത്തനുജാവല്ലഭനിവനെന്നോൎത്തു ചിത്തമോദേനതദന്തികംപ്രാപിച്ചു * ലാളിച്ചുതാപസബാലകൻതന്നെയും ചോദിച്ചുവൃത്താന്തമെപ്പേരുമേകദാ* ആരെടോധീമൻതപോധനേന്ദ്രാഭവാ നാരുടെനന്ദനൻചൊൽകതെന്നാമവും * ദിവ്യമായോരുഗജേന്ദ്രംസമാരുഹ്യ ഭവ്യമതേകുത്രഗന്തുംസമീഹസേ * രാജവാക്യംകേട്ടുദീൎഘതമസ്സുതൻ വ്യാജഹീനംനൃപൻതന്നോടുചൊല്ലിനാൻ * ദീൎഘതമസ്സെന്നൊരുമുനിനായകൻ ദീൎഘമതിമാനവന്റെസുതനഹം * നാമമിനിക്കുകക്ഷീവനിതിപ്രഭോ കോമളവിഗ്രഹസത്യംമയോദിതം * ഇപ്പോൾസുനയനാംരാജൎഷിതന്നുടെ ശില്പമേറുംപുരത്തിന്നുപോകുന്നുഞാൻ * അപ്പുരിനാഥൻതനുജാവിവാഹരതി ലുൾപ്പൂവിലാഗ്രഹമുണ്ടാകകാരണം * ക്ഷിപ്രംചതുൎദ്ദന്തനാഗാധിരൂഢനായ് തൽപ്രതിജ്ഞാഞ്ചസംപൂരയൻഭൂപതേ * തൽഭാഷിതംശ്രോത്രപീയൂഷവൎഷണം സദ്യോത്തമൻകേട്ടുരാജാധിമൌലിയും * വിസ്മിതനായ്താപസാത്മജൻതന്നോടു സസ്മിതമേവമുരചെയ്തുസത്വരം * ആനന്ദപാഹീകൃതാൎത്ഥനായേനഹം നൂനംസുനയനാകുന്നനരാധിപൻ * എന്നുടെകന്യാമനോജ്ഞാമനോരമാ തന്നുടെപാണിഗ്രഹിക്കവേണംഭവാൻ * ധൎമ്മങ്ങളെല്ലാംചരിച്ചുഗാൎഹസ്ഥ്യവും നിൎമ്മലാത്മൻപരിപാലിച്ചുകൊള്ളുക * പിന്നെസുനയനൃപനോടുചൊല്ലിനാൻ ധന്യൻതപോധനനാനന്ദപൂൎണ്ണനായ് * സുന്ദരാകാരവേദാരണ്യമാംദേവ മന്ദിരേമല്ലിതായുണ്ടുവാണീടുന്നു * ഏവമാജ്ഞാകരംരാജൻനിയോഗിച്ചു വേ

ശംവരുത്തണമെന്നിനിക്കാഗ്രഹം * അപ്പോൾനൃപനുംസുദൎശനനാ
കുന്ന തൽപുരാധ്യസ്സിനെസേനാസമേതനായ് * ക്ഷിപ്രംനിയോഗി
ച്ചനേരംസുദൎശന വിപ്രനുംചെന്നുവേദാരണ്യസീമനി * കണ്ടാൻത
പോധനനായകനെത്തദാ കുന്ദതകൈവിട്ടനന്നായ്പണങ്ങിനാൻ *
ചെയ്തുകുശലാനുയോഗവുമന്നേരം മാത്തുംഗാവൈഭവൻതാപസൻ
ചൊല്ലിനാൻ * ആഗമമോൽബ്ലേസ്വപൊവഹേസുദൎശന സ്വാഗതംവാ
കിംതവാഗമകാരണം * എന്നതുകേട്ടുപറഞ്ഞുസുദൎശനൻ മന്നവ
നെന്നെനിയോഗിക്കമൂലമായ് * ത്വല്പാദപങ്കജംകണ്ടുകൊണ്ടീടുവാ
നിപ്പോളിവിടയ്ക്കുവന്നതുംഞാനഹോ*തത്സുതനായകക്ഷീവാൻമഹാ
ജന വത്സലനഗ്ഗന്ധമാദനംപ്രാപിച്ചു * തീൎത്ഥാഭിഷേചനംചെയ്തു
വിശുദ്ധനായ് ശാസ്ത്രാബ്ധിപാരദൃശ്വാവേദപാരഗൻ * ലോകോത്ത
മഗുണപൂൎണ്ണനായ്വാഴുന്ന താകെധരിച്ചുമധുരപുരാധിപൻ * തന്നു
ടെനന്ദിനിയായമനോരമാ തന്നെക്കൊടുപ്പതിന്നാഗ്രഹിച്ചീടുന്നു *
താതനിയോഗമൊഴിഞ്ഞിതുചെയ്കയി ല്ലേതുചെയ്താലുമെന്നാമുനി
ചൊല്ലുന്നു * ത്വൽകൃപയുണ്ടാകവേണമിതിനെന്നു ശക്രോപമൻനൃ
പനെന്നെനിയോഗിച്ചു * ഇത്ഥംസുദൎശനൻചൊന്നനേരംമുനി മു
ഖ്യനാംദീൎഘതമസ്സുമരചെയ്തു * എങ്ങിനെരാജാവിനിഷ്ടമെന്നാൽ
സൎവ്വമങ്ങിനെഞാനുമനുവദിച്ചീടുവൻ * ഞാനുംവരുന്നുണ്ടടൊ
ഗന്ധമാദനേ നൂനംപുറപ്പെട്ടുകെന്നുമുനിവരൻ * വേദാടവിനായ
കൻതൻനമസ്കൃത്യ ഖേദവിഹീനംനടന്നുതുടങ്ങിനാൻ * ആറുദിനം
കൊണ്ടഗസ്ത്യതീൎത്ഥോത്തമ തീരംപ്രവേശിച്ചുകണ്ടുസുതനെയും* താ
പസബാലകനുംനിജതാതനെ താപമകന്നുനമസ്കരിച്ചീടിനാൻ* ദീ
ൎഘതമസ്സാംമുനിയുംതനയനെ മൂൎദ്ധ്നിപാഘ്രാണസസ്നേഹംസമാലിം
ഗ്യ * അങ്കമാരോപ്യപുളകസമേതമാ തങ്കമൊഴിഞ്ഞുസകൌതുകം
ചൊല്ലിനാൻ * പുത്രകക്ഷീവനിനക്കുവേദങ്ങളും ശാസ്ത്രങ്ങളുംവശ
മായിതോചൊല്ലുക * ആചാൎയ്യനെപ്പരിചോടുശുശ്രൂഷണ മാചരി
ച്ചീലയോചൊല്ലുകനന്ദന * ഏവംജനകനിയോഗങ്ങൾകേട്ടവനാ
വിൎമ്മുദാനിജതാതനോടോതിനാൻ * ദേശികകാരുണ്യവുംഭവൽസ്നേ
ഹവും പേശലമെന്നിലുണ്ടാകനിമിത്തമായ് * എല്ലാമിനിക്കുവശമാ
യ്വരുവതി നില്ലൊരുവൈഷമ്യമെന്നറിഞ്ഞീടണം * എൻഗുരുനാ
ഥനൊരുദിനമെന്നോടു ഭംഗിയോടാഗസ്ത്യതീൎത്ഥസേവാൎത്ഥമായ് *
ശ്രീഗന്ധമാദനപൎവ്വതേപോകെന്നു ധീമാനരുൾചെയ്കമൂലമിവിടെ
ഞാൻ * വന്നുതീൎത്ഥസ്നാനവുംചെയ്തുമേവുന്നു നന്ദനീയാകൃതേതാത
തപോനിധേ * ഇപ്പൊഴിവിടെനിന്നുത്ഥിതമായ്വന്നി തത്ഭുതമാംചതു
ൎദ്ദന്തദന്താവളം * രാജകന്യാവിവാഹാൎത്ഥംഗുരുവരൻ വ്യാജഹീനമ

ത്തുമന്നരുളിച്ചെയ്തു * ഇപ്പോളിവിടെക്കുവന്നുനൃപതിയും കെല്പോടുസേ
നാസമേതംയദൃച്ഛയാ * കന്യകയെഗ്രഹിച്ചാലുമെന്നന്നോടു ധ
ന്യൻനരാധിപൻചൊല്ലുന്നുസാമ്പ്രതം * ബാലകനേവംപറഞ്ഞി
രിക്കുന്നേരമാലോലകൌതുകമോടുംനരാധിപൻ * ചെന്നുവണങ്ങി
നാൻദീൎഘതമോമുനി തൻചരണാരവിന്ദംതദാമന്നവൻ * താപസ
നംപരമാനന്ദപൂൎവ്വകം ഭൂപതിവീരനനുഗ്രഹംനൽകിനാൻ * അത്രാ
ന്തരേമഹാനത്യുഗ്രവൈഭവൻ സുത്രാമദേശികതുല്യനഭംഗനും * തത്ര
പോയ്ചെന്നുമുനിസുതനന്നേരം മൈത്രയുംസന്തോഷമോടുംവണങ്ങി
നാൻ * ശിഷ്യംപരിഷ്വജ്യതുഷ്ടനുമഭംഗനും വിശിഷ്ടകുശലംവിചാരി
ച്ചനന്തരം * ദീൎഘതമോമുനിയോടുമൊരുമിച്ചു സൽകഥാലാപവും
ചെയ്തിരിക്കുംവിധൌ * സാദരംഭൂപനഭംഗമുനീശ്വര പാദംവണങ്ങി
സ്സകൌതുകംചൊല്ലിനാൻ * എൻതനുജാവിവാഹംകഴിഞ്ഞീടുവാൻ
ശാന്തമകാരുണ്യമുണ്ടായ്വരേണമേ * അപ്പോൾമുനീശ്വരനാരുമരുൾ
ചെയ്തു ശില്പംമഹീപതേനിൻഭാഗ്യവൈഭവം * കൊണ്ടുവന്നാലുമ
ത്രവതനുജയാം തണ്ടാർശരമനുദേവതയെഭവാൻ * ശോഭാവിശോ
ഭനംരാജമുഹൂൎത്തവും ശോഭതേതത്രതേ വാഞ്ഛിതംഭൂപതേ * എന്ന
തുകേട്ടുനൃപതിയുംമോദേന സുന്ദരഗാത്രിയെകൊണ്ടുവരുവാനായ് *
ക്ഷിപ്രംനിയോഗിച്ചുഭൃത്യജനങ്ങളെ തൽപ്രകാരമവരുംചെന്നുവേ
ഗേന * ആനതേർകാലാൾകുതിരകളാദിയാം നാനാവിധചതുരംഗ
സേനാന്വിതം * ഭേരീമുഖങ്ങളാംവാദ്യഘോഷങ്ങളാൽ പൂരിച്ചുദി
ങ്മുഖപൂരംപുറപ്പെട്ടു * രാജതനൂജയെശ്രീഗന്ധമാദനേ രാജസമീ
പത്തിലാക്കിനാരഞ്ജസാ * ദീൎഘമനീഷിജനങ്ങളിലുത്തമൻ ദീൎഘത
മസ്സായമാമുനിയുംതദാ * നന്ദനനാന്ദീസ്ത്താണ്ടുഗോദാനമാദിയാം മഞ്ജു
ളകൎമ്മങ്ങളുംകഴിച്ചീടിനാൻ * ലക്ഷ്മീവതാംവരനായകക്ഷീവാനുമക്ഷ
ണാശ്വേതമാതംഗംസമാരുഹ്യ * ശക്രനെപ്പോലെപുറപ്പെട്ടതുകണ്ടു
നൽക്കുലാൾക്കുമാനന്ദമുണ്ടായ്വന്നു * അപ്പോൾനൃപനുമെതിരേററ
ക്കൊണ്ടുട നൾപ്പൂവിലാനന്ദസാന്ദ്രനായീടിനാൻ * പൌരനാരീജ
നംസ്വൎണ്ണപാത്രംധരിച്ചാരോമലാമ്മാറുനീരാജനംചെയ്തു * ബ്രാഹ്മ
ണസൽകൃതനായ്മുനിബാലകൻ നിൎമ്മലഭൂപനിലയമകംപുക്ക * ക
ല്യാണമണ്ഡപംപ്രാപിച്ചനന്തരം കല്യാണഗാത്രിബിംബോഷ്ഠീജ
നോത്തമാ * സൎവ്വാംഗസുന്ദരീപീനോന്നതസ്തനീ സൎവ്വാഭരണവിഭൂ
ഷിതബാലികാ * ചമ്പാസമതനുവല്ലീമനോരമാ ചെമ്പകമാലയും
കയ്യിൽധരിച്ചുടൻ * ആളിമാരോടുമൊരുമിച്ചുസുന്ദരീ മേളമോടുംസ
ൎവ്വതാപസസന്നിധൌ * നിൎജ്ജരനാരിമാരെക്കാളതൊരുകാമിനി ലജ്ജ
പൂണ്ടാനനാംതാഴ്ത്തികൃശോദരി * ദീൎഘതമോമുനിനന്ദനകന്ധരെ ശ്രീ

ശ്രമംമനോരമാമാലയിട്ടീടിനാൾ * ശ്രീമാനഗസ്ത്യതപോധനനും നിജ ഹോമാദികൎമ്മങ്ങൾ ചെയ്തു സസംഭ്രമം * വ്യാജഹീനം മുനിബാലകനെക്കൊണ്ടു രാജതനൂജാകരവും ഗ്രഹിപ്പിച്ചു* ശേഷകൎമ്മങ്ങളും ചെയ്തു മുനിപരിതോഷസമേതനനുഗ്രഹിച്ചീടിനാൻ * രാജാവുമപ്പോൾ കൃതാൎത്ഥനായെത്രയും ഭോജനദാനാദികല്യാണഘോഷവും* ആകെക്കഴിച്ചു വിനീതനായ്താപസ മേകാന്തദേശേ വണങ്ങിനിന്നീടിനാൻ* ഇത്ഥം സ്വശിഷ്യവിവാഹോത്സവം കഴിച്ചുത്തമനായോരഗസ്ത്യമുനീന്ദ്രനും * ഭൂമിപതാപസലോകമനുജ്ഞാപ്യ ധീമാൻ നിജാശ്രമം പുക്കവാണീടിനാൻ * ഐരാവതോപമനായ ഗജേന്ദ്രനും ഭൈസ്വരമഗസ്ത്യതീൎത്ഥേ മറഞ്ഞീടിനാൻ * താവൽനൃപതിയും മോദപരീതനായാവുന്നനല്ലകന്യാധനം നൽകിനാൻ * ഒക്കപ്പരിഗ്രഹിച്ചക്കാലമമ്മുനിവെഗം സപുത്രനായ് ബാലാസമേതനായ് * വേദാടവീനികടം പുക്കമേവിനാൻ ഖേദമകന്നുനൃപനുമനന്തരം * ആഗസ്ത്യതീൎത്ഥത്തിൽ മജ്ജനവും ചെയ്തു വേദാന്തശാസ്ത്രപൌരാണികന്മാരവർ * ഇക്കഥാസാരമത്യുത്തമം പാവനമിക്കണ്ടുമാഗമസമ്മിതം മോക്ഷദം* ധന്യം യശസ്യമായുഷ്യം ശുഭപ്രദം ഉന്നതസൌഭാഗ്യവൎദ്ധനം കേവലം * നിത്യം പഠിക്കയും കേൾക്കയും ചെയ്യുന്ന മൎത്ത്യജനത്തിനു മുക്തിലഭിച്ചിടും *

ഇതി സേതുമാഹാത്മ്യേ പേതാളകാണ്ഡം സമാപ്തം.

———

## ശ്രീരാമകാണ്ഡം.

ഹരിഃശ്രീ ഗണപതയെനമഃ.

കുംഭസംഭവതീൎത്ഥമജ്ജനം ചെയ്തു പുനരംബുധിശയനനോടഞ്ചിതവുരസ്സരം * ശ്രീരാമതീൎത്ഥം തന്നിലഭിഷേചനം ചെയ്കുൽ വേരോടെ നശിച്ചീടും ദുരിതനികരങ്ങൾ * തല്പരിസരേ ചെയ്യുയജ്ഞാദികൎമ്മങ്ങളുമല്ലമെന്നിരിക്കിലും ജപദാനാദികളും * സമ്പൂൎണ്ണഫലപ്രദമായ്വരുമതുപോലെ സമ്പ്രദായകം പുനരില്ലെടൊ തീൎത്ഥാന്തരം * ഒന്നിനെനൾകീട്ടു കിലനന്തം ഭുജിച്ചീടാമെന്നതിന്നിതുപോലെ മറ്റൊരു തീൎത്ഥമില്ല * കേട്ടാലും മഹാപുണ്യവൎദ്ധനമിതിഹാസം കേട്ടോളം മഹാപാപമാകവെ നശിച്ചീടും * കുംഭജതപോധനശിഷ്യനാം സുതീക്ഷ്ണനും സംഭൃതാനന്ദം പുരാ രാഘവസരസ്സുടെ * രാമമന്ത്രവും ജപിച്ചാമയവിഹീനനായ് ക്ഷേമദം രാമപാദം സേവിച്ചു വിനീതനായ് * രാമദൈവതം ഷഡക്ഷരമന്ത്രാധിരാജം ധീമതാം വരനനവേലവും ജപിച്ചുടൻ * തൽതീൎത്ഥസ്നാനം ചെയ്തു ഭിക്ഷാചാൎയ്യവും പൂണ്ടു നിസ്പൃഹന്നൂൎദ്ധ്വം ഭോജിച്ചുഴന്നവൻ നിയതാഹാരനായി * ക്രോധവും കാമലോഭാദികളും

യിച്ചവ ബാധമാംവണ്ണംജിതകരണനിചയനായ് * ഇങ്ങിനെസുദു
ഷ്കരതപസാചിരകാലം മംഗലശീലൻവസിച്ചതുള്ളംദശാന്തരെ * ഭ
ക്തികൊണ്ടത്യാർദ്രനായുത്തമപദങ്ങളാൽ ചിത്തമന്ദിരനായദേവനെ
വണങ്ങിനാൻ * നമസ്തേരാമരാമസീതാഭിരാമരാമ നമസ്തേരാമരാമ
ലോകാഭിരാമരാമ * ജനകാത്മജരാമനമസ്തേരാമചന്ദ്ര ജനകാജ്ഞാ
ലംബനനമസ്തേരാമഭദ്ര * മാരുതിമുഖകപിവാഹിനിസേവ്യരാമ ചാ
രുഗൌതമദാരശാപനാശനരാമ * കൌശികയാഗരക്ഷദീക്ഷിതരാമ
ചന്ദ്ര കൌശികമുഖദേവവന്ദിതരാമചന്ദ്ര * കോസലപുരപതേനമ
സ്തേരാമചന്ദ്ര പേശലഗുണകരനമസ്തേരാമഭദ്ര * ഹാരകേയൂരകടകാ
ദിഭൂഷണരാമ വീരകോദണ്ഡാഞ്ചിതപാണിപങ്കജരാമ * മാരീചനി
ശാചരദാരണരാമചന്ദ്ര നാരദമുഖമുനിസേവിതരാമഭദ്ര * താടകാ
ന്തകരാമലോകനായകഹരേ പാടിതാശരരാമശുദ്ധപൌരുഷരാമ *
ഉല്പലവിലോചനചിൽപുരുഷോത്തമരാമ കല്പകബാഹോകൌസല്യാ
നന്ദവിവർദ്ധന * പങ്ക്തിസ്യന്ദനസുതപങ്ക്തികന്ധരാന്തക ദന്തീന്ദ്രഗ
തേരാമസന്തതംനമോസ്തുതേ * കബന്ധരിപോഹരേവല്മീകോത്ഭവകൃ
തപ്രബന്ധഗീതകീർത്തേസന്തതംനമോസ്തുതേ * ഭാർഗ്ഗവമുനിവരഗർവ്വ
നാശനവിഭോ നർഗ്ഗളപരാക്രമരാക്ഷസകുലാന്തക * ഉഗ്രപാതകഹ
രസുഗ്രീവപ്രിയപ്രഭോ വിഗ്രഹജിതശതകോടിപങ്കജശര * അഗ്രജ
നിരാകൃതരാക്ഷസാനുജപ്രിയ വ്യഗ്രതോനിതസുമിത്രാത്മജനിഷേവി
ത * ഗർവ്വിതശക്രാത്മജലോചനപ്രഭഞ്ജന പാർവ്വതീപതിപ്രിയശ്രീ
നിധേദയാനിധേ * പാലിതാമരജനബാലിജീവനഹര നീലനീരദ
സമകോമളകളേബര * ഭരതാഗ്രജഹരേകരുണാലയധര ഭരിതജല
നിധിമഥനചരാചര * ആതുരജനപാലതാരകബ്രഹ്മരൂപ കാതര
തരപരദാരണരഘുപതേ * പാലയദശരഥബാലകസീതാപതേ പാ
ലിതവിഭീഷണപാഹിമാംരഘുപതേ * നിർഗ്ഗുണംനിരാകാരംനിർമ്മലം
നിരാമയം നിശ്ചലംനിരഞ്ജനംനിശ്ചിതപരപ്രഭം * ജന്മാദിവിരഹി
തമദ്വയംസദാനന്ദം കന്മഷവിനാശനംകൂടസ്ഥനിരാധാരം * കർമ്മ
സാക്ഷിണംപരംപരമവ്യക്തമേകം കർമ്മരൂപിണംജഗദാധാരമനാദ്യ
ന്തം * പരമാത്മാനംപരംതത്വമാകാരഹീനം പരമംമുനിജനമാനസ
നിലയനം * കരണവിരഹിതംശരണംത്രിജഗതാം ധരണീധരംച
രാചരരൂപിണംദേവം * പ്രണതജനപാലംശ്രമണവിരഹിതം പ്ര
ണവസദ്രൂപിണംരാമമാനതോസ്മ്യഹം * ഇങ്ങിനെദിനംതോറുംരാ
മനെസ്തുതിക്കയുംമംഗലരാമനാമമെപ്പോഴുംജപിക്കയും * നിത്യവുംതീ
ർത്ഥസ്നാനംചെയ്തുടൻവിശുദ്ധനായ് ചിത്തവുംരാമചന്ദ്രപാദപങ്കജേ
ചേർത്തു * കാലമിങ്ങിനെപലതുംകഴിഞ്ഞൊരുനാളിൽ ശീലിതയാസ്വ

ന്നിത്തുംപാദഭക്തിയുംദൃഢം * എന്നതുമല്ലപരമാത്മബോധവുംമൂന്ന
മൊന്നുമെയറിയാതെവേദാൎത്ഥവിചാരവും * പരമാകാശയാനംസക
ലംകലാജ്ഞാനം പരകായപ്രവേശമനധീതാൎത്ഥജ്ഞാനം * സകല
ലോകാടനെപെരുതാംപടുത്വവു മഖിലചരാചരവചനവിജ്ഞാന
വും * എത്രയുമതീന്ദ്രിയമായുള്ളവസ്തുതത്വ മത്രമററാരുമറിഞ്ഞീടുവാ
നില്ലഭൂമൌ * നിൎമ്മലൻമുനിവരൻബ്രഹ്മാദിലോകങ്ങളിൽ സമ്മോ
ദപുരസ്സരമെപ്പോഴുംസഞ്ചരിക്കും * ഇത്തരംപലതരംയോഗീന്ദ്രന്മാ
ൎക്കുപുന രെത്രയുംദുരാസദമായുള്ളവസ്തുജാതം * അത്ഭുതംരാമതീ
ൎത്ഥമജ്ജനംനിമിത്തമാ യെപ്പേരുമുത്ഭവിച്ചുഭക്തിയുംസംഭവിച്ചു *
ഈവണ്ണംമഹാപ്രഭാവാഞ്ചിതംഭൂരിപുണ്യം സേവകാഭീഷ്ടപ്രദം
പാതകവിനാശനം * ഭുക്തിദംമുക്തിമൂലാംമൃത്യുശാസനംപരം ഭ
ക്തിവൎദ്ധനംനരകാദിദുഃഖനാശനം * സംസാരപ്രഭഞ്ജനംതത്ര
രാഘവംസുര സംസാരപ്രപീഡിതമാനുഷമോക്ഷാൎത്ഥമായ് * അ
ത്ഭുതംമഹാലിംഗസ്ഥാപനംചെയ്തീടിനാ നല്പമല്ലതിനുടെമഹ
ത്വംവിചാരിച്ചാൽ * ധൎമ്മനന്ദനൻമുന്നമസത്യോദിതമായ ക
ന്മഷംകൊണ്ടുപരിദൂനമാംമനസ്സോടും * തൽതീൎത്ഥസ്നാനംചെയ്തു
തല്ലിംഗംസമാരാദ്ധ്യ സത്വരംസ്വപാതകമോചനംവരുത്തിനാ
ൻ * എന്നതുകേട്ടുസൂതൻതന്നോടുതാപസന്മാരുന്നതാനന്ദത്തോ
ടുമിവണ്ണംചോദ്യംചെയ്താർ * അത്ഭുതമഹോസൂതസല്ക്കഥകേൾ
ക്കമൂലം ക്ഷുൽപ്പിപാസാദിപോലുമില്ലാതെചമയുന്നു * ചൊല്ലു
ചൊല്ലിനിയുംനീചൊല്ലേറംയുധിഷ്ഠിരൻ കല്യാണനികേതനൻ
സ്വൎല്ലോകാധിപസമൻ * എന്തുകാരണമസത്യമുരചെയ്തീടുവാൻ
കിന്തുതൽമോക്ഷോപായംകേനകല്പിതമിദം * ഇത്ഥംതാപസവാ
ണിമാകൎണ്ണ്യസൂതാത്മജൻ സത്വരംമുനിതിലകന്മാരോടുരചെയ്തു
കേട്ടുകൊണ്ടാലുമെങ്കിൽധൎമ്മനന്ദനൻകുല ഭ്രഷ്ടന്മാൎക്കുചിതമാമ
സത്യംചൊന്നമൂലം * താപസോത്തമന്മാരേപണ്ടുപാണ്ഡവ
ന്മാരും ഭൂപതിവീരന്മാരാംകൌരവാത്മജന്മാരും * അന്യോന്യം
രാജ്യാൎത്ഥമായ്ക്കലഹിച്ചവരുടെ നന്യൂനകോപത്താലിടവെട്ടിത്തുകുരു
ക്ഷേത്രം * ബദ്ധവൈരേണമഹാവീരന്മാരവർതമ്മിൽ യുദ്ധ
വുംതുടങ്ങിനാരത്യുദാരാശയന്മാർ * പത്തുനാളൊരുപോലെസമ
രംചെയ്തുഗാംഗാ ദത്തനുംശരശയനത്തുമേൽവീണീടിനാൻ * അ
ന്നേരംദുൎയ്യോധനൻദ്രോണരാമാചാൎയ്യനെ ചെന്നുവന്ദനംചെയ്തു
യുദ്ധാൎത്ഥംനിയോഗിച്ചു * പാണ്ഡവസൈന്യമെല്ലാമുടനെനന്മാക്ക
ണെ താണ്ഡവംചെയ്യാനയച്ചീടിനാനാചാൎയ്യനും * അഞ്ചുനാ
ളിതുപോലെസംഗരംകഴിഞ്ഞപ്പോ ളഞ്ഞിനാർഭയംകൊണ്ടു [illegible]

ജനമെല്ലാം * ധൃഷ്ടദ്യുമ്നനുംതദാഘോരമായ്പ്പൊരുതുടൻ പെട്ടന്നാ
ചാര്യ്യസൈന്യമെപ്പേരുമൊട്ടുക്കിനാൻ * അതുകണ്ടതിക്രോധകലു
ഷമനസ്സോടും ചതുരതരരണകുശലൻഗുരുവരൻ * ശസ്ത്രാസ്ത്രവർഷ
ത്തോടുംപാഞ്ഞടുത്തതുനേരം വിത്രാസംപെരവണ്ടായിപാഞ്ചാലത
നൂജനം * ചിൽപുമാൻതെളിക്കുന്നതേരതിൽക്കരയേറി ട്ടപ്പൊഴെ
കിരീടിയുംദ്രോണരോടേററീടിനാൻ * തല്പരാക്രമംപുനരെപ്പേരുംക
ണ്ടീടുവാൻ തല്പരന്മാരായുള്ളോരമർത്ത്യജനങ്ങളും * ആകാശേനിര
ന്തരമായിതത്രയുമല്ലാ പാകശാസനൻതാനുമാനന്ദംപൂണ്ടീടിനാൻ*
ദ്രോണഫല്ഗുനസമരോപമമായിട്ടൊന്നും കാണുമാറില്ലഭൂമൌകേട്ട
തുമില്ലനൂനം * ദ്രോണഫല്ഗുനസമരത്തിനുതുല്യമായി ദ്രോണ
ഫല്ഗുനസമരംവിനാമറെറാന്നില്ല * ആചാര്യ്യപരാക്രമവൈ
ഭവംകണ്ടുസവ്യ സാചിയുംകൌതുഹലാൽബഹുമാനിച്ചുപാരം *
ശിഷ്യനാമർജ്ജുനന്റെബാഹുവിക്രമംകണ്ടു തൽക്ഷണേപാരംപ്ര
സാദിച്ചിതാചാര്യ്യൻതാനും * സശിഖാനലനോടു സമ്മിതങ്ങ
ളായുള്ള ത്രിശിഖങ്ങളുംനല്ലവിശിഖഗണങ്ങളും * വലശാസ
നസുതൻതരസാവർഷിച്ചപ്പോൾ ബലനാമാചാര്യ്യനുമരുണനയ
നനായ് * വാത്സല്യംകിരീടിയിലേററവുമുണ്ടാകയാൽവാത്സല്യം
വെടിഞ്ഞവൻതന്നെയുമുപേക്ഷിച്ചു * പാഞ്ചാലവിരാടേന്ദ്രകേക
യബലംതന്നിൽ ചാഞ്ചല്യമകന്നസ്ത്രവർഷവുംതുടങ്ങിനാൻ * വീര
ന്മാരെല്ലാവരുംകണ്ടുകൊണ്ടിരിക്കവെ വീരനാംഗുരുവരൻഭൂരികോ
പാകുലാത്മാ * മാററലർക്കെല്ലാംഭയമേററമായ്പ്പോരുംവണ്ണം നൂററിരുപ
തുസഹസ്രംനൃപന്മാരെക്കൊന്നാൻ * മാതംഗകുലത്തേയുംവാജിക
ൾഗണത്തേയു മാതുംഗപരാക്രമൻഖണ്ഡിച്ചുവീഴ്ത്തീടിനാൻ * അ
തുകണ്ടതിമാത്രംപരിതാപവുംപൂണ്ടു മതിമാൻധൃഷ്ടദ്യുമ്നൻനിതരാം
കുപിതനായ് * സരസഗുരുവരനികടംസമാസാദ്യ ശരസഞ്ചയങ്ങ
ളാൽഭുവനംമൂടീടിനാൻ * അന്നേരമാചാര്യ്യനുംബാണജാലങ്ങളെ
ല്ലു നന്നായ്ഖണ്ഡിച്ചീടിനാൻപാർഷതശരങ്ങളെ * ധൃഷ്ടദ്യുമ്നനിൽ
കോപമേററവുമുണ്ടാകയാൽ പെട്ടെന്നുഗുരുവരൻപട്ടസംപ്രയോ
ഗിച്ചു * അഗ്നിജ്വാലയ്ക്കുസമാനങ്ങളാംശസ്ത്രങ്ങളാൽ ഭസ്മമാക്കി
നാനന്നുപാഞ്ചാലകുമാരകൻ * അത്യുഗ്രശരങ്ങളാലാചാര്യ്യനന്നു
നേരം സത്വരംതേരുംതകർത്തിദ്ധമാംകോപത്തോടും * സാരഥിത
ന്നെക്കൊന്നുവീഴ്ത്തിനാനത്രയല്ല സാരമാംധൃഷ്ടദ്യുമ്നചാപവുംഖ
ണ്ഡമാക്കി * അത്ഭുതമന്നേരമീശ്വരാനുഗ്രഹംകൊ ണ്ടപ്രദേശ
ത്തുംകൽചെന്നീടിനാൻഭീമസേനൻ * ധൃഷ്ടദ്യുമ്നനെത്തന്റെതേര
തിൽകരയേററി പെട്ടന്നുഗുരുവരൻതന്നോടുചൊല്ലീടിനാൻ *

സ്വധർമ്മം കൈവെടിഞ്ഞു ധരണീസുരന്മാരു മധർമ്മപരന്മാരായ് ജ
ന്തുഹിംസകന്മാരായ് * സമരം ചെയ്തീടുകിലവർക്കു മഹാപാപ സ
മുപായവുമുണ്ടെന്നറിഞ്ഞീലയോ ഭവാൻ * വിപ്രന്മാർക്കു ഹിംസയിൽ
പരമാം ധർമ്മമില്ലാ സുപ്രിയം ഹിംസാകർമ്മം വ്യാധന്മാർക്കറിഞ്ഞാലും *
എന്തു കാരണം ഭവാനിങ്ങിനെ യുദ്ധാംകണേ സന്തതം നൃപന്മാരെ
ക്കൊന്നു കൊന്നൊടുക്കുന്നു * എത്രയും പരാക്രമശാലിയാം ഭവാനു
ടെ പുത്രനും മരിച്ചതു കേട്ടതില്ലയോ ഭവാൻ * എന്നതു നിനച്ചാലും
ദുഃഖവും ലജ്ജാലേശമെന്നതു ചെറ്റുമാത്രമില്ലയോ ഗുരുവര * ഭീ
ഷണതരമേവം ഭീമഭാഷിതം കേട്ടിട്ടീഷലുണ്ടാകമൂലം കേഴുമാറാചാ
ര്യനും * ധർമ്മനിർണ്ണയം കൊണ്ടു നിർമ്മലഹൃദയനാം ധർമ്മനന്ദനനോ
ടു ചോദിച്ചു വിഷണ്ണനായ് * ശമനകുമാരകമാരുതി ചൊന്നതെല്ലാം
വിമലജനോത്തമ പരമാർത്ഥമോ വീര * അതു കേട്ടതിമാത്രം പരിതാ
പാകുലാത്മ മതിമാൻ ധർമ്മാത്മജൻ മധുസൂദനാജ്ഞയാ * മാരുതസു
തഹതം മാതംഗം സമുദ്ദിശ്യ ഘോരപാതകഭയമോടുമീരണ്ണം ചൊന്നാ
ൻ * ആശ്ചര്യം ഗുരുവര മാരുതതനയനാൽ നിശ്ചയമശ്വത്ഥാമാ
ഹതനായ്വന്നു ബലാൽ * പരിവാരങ്ങളെന്നുമറികമഹാമതേ പരി
താപത്തിന്നേതുമവകാശവുമില്ല * ഇങ്ങിനെ ധർമ്മാത്മജൻ ചൊന്ന
തു കേട്ടനേരം തിങ്ങിന ഖേദം പൂണ്ടു ഭരദ്വാജാത്മജൻതാനും * തന്നെ
ത്താൻ മറന്നുടൻ തേരതിലിരുന്നപ്പോൾ ധന്വമാം ശരാസനം ഭൂമിയി
ൽ പതിച്ചതേ * അന്തരമതു കണ്ടു പാർഷതൻ വേഗമോടും ഭാസ്വരക
രവാളും കൈക്കൊണ്ടു കോപാന്ധനായ് * ആചാര്യൻ തലയറുത്തീ
ടുവാനടുത്തപ്പോ ളാചാരവരന്മാരാം പാണ്ഡുനന്ദനന്മാരും * വാ
സുദേവനും മറ്റുമുള്ള സജ്ജനങ്ങളും ഭൂസുരവധമരുതരുതെന്നോതീടി
നാർ * അന്നേരം ഭരദ്വാജമസ്തകം തന്നിൽനിന്നിട്ടുജ്ജ്വലപ്രകാശ
മാം തേജസ്സാം നികുരുംബം * ഊർദ്ധ്വമുല്പതിച്ചതു കണ്ടു പാർഷതൻതാ
നും ഖഡ്ഗവരേണ ശിരസ്സറുത്തു വീഴ്ത്തീടിനാൻ * കൌരവ
സൈന്യമെല്ലാം പേടിച്ചു മണ്ടിനാരദാ പരമാനന്ദം പൂണ്ടു പാണ്ഡവ
പക്ഷ്യന്മാരും * ആടലോടങ്ങുമിങ്ങുമോടുന്ന സൈന്യത്തിന്റെ പീ
ഡ കണ്ടു ചെച്ചു സുരമാചാര്യകുമാരനും * ആഗതമായോരവസ്ഥാന്ത
രമറിയാഞ്ഞു നാഗകേതനൻതന്നോടീവണ്ണമുര ചെയ്തു * എന്തെ
ടോ ദുര്യോധന നമ്മുടെ സൈന്യമെല്ലാം സന്താപമോടുമങ്ങോടി
ങ്ങോട്ടുമോടീടുന്നു * ഇത്ഥമാചാര്യപുത്രൻ ചോദിച്ചോരനന്തര മു
ത്തരം ചൊല്ലീടുവാൻ ശക്തിയില്ലായ്കയാലെ * നാഗകേതനൻ കൃ
പാചാര്യനെക്കേൾപ്പിക്കയാലംഹസാം പരിപാകമാചാര്യൻ ചൊ
ല്ലീടിനാൻ * ദ്രോണനന്ദനവീര കേട്ടുകൊണ്ടാലുമെങ്കിൽ പ്രാണ

സങ്കടമായോരുദന്തം മഹാമതേ * നിൻപിതാ ഭരദ്വാജനന്ദനൻ മ
ഹാബലൻ സന്തതം വൈരിഞ്ചമാം സായകം പ്രയോഗിച്ചു * അവ
ധിയില്ലാതൊരരിപൃഥ്വീപന്മാരെ അവധൂനനം ചെയ്തു യമപത്തനം
ചേർത്തു * അധുനാ പാണ്ഡവന്മാരധികാവൈവശ്യം പൂണ്ടതിമാ
നുഷനായ ഹരിയെ വണങ്ങിനാൻ * കാതരഭാവം പൂണ്ട വാസുദേവ
നും തദാ ചേതസാ വിചാരിച്ചിട്ടീവണ്ണമരുൾചെയ്തു * നിർജ്ജരാധി
പസമവിക്രമൻ ഭരദ്വാജൻ ദുർജ്ജയനായോധനസീമനി മഹാബല
ൻ * ദേവന്മാരെല്ലാവരും സർവ്വദേവതമാരും കേവലം യക്ഷരക്ഷോനാ
ഗകിന്നരന്മാരും * ഏവരുമൊരുമിച്ചിട്ടാവോളം പൊരുതാലും ആവ
തല്ലാചാര്യനെ ജയിപ്പാനൊരുനാളും * ചൊല്ലുവൻ ജയിച്ചുകൊണ്ടിടു
വാനുപായവും ചൊല്ലേറും ധർമ്മരാജനന്ദന കേട്ടീടുക * തത്ര വാളിക
ളിൽ വച്ചുത്തമനായിടുന്ന തത്വശാലിയാം നീയിന്നൊന്നു ചെയ്യേ
ണം നൃപ * ആഹവാന്തരം തന്നിൽ ചെന്നു ദേശികൻ തന്നോടഹോ ഹത
നശ്വത്ഥാമാവെന്നു ചൊല്ലണം ഭവാൻ * അപ്പൊഴുതത്യുഗ്രമാമ
ത്തൽ പൂണ്ടവൻ ക്ഷണാൽ കെല്പേറും ശരാസനം വച്ചൊഴിഞ്ഞീടും
ദൃഢം * ധർമ്മതോ ജയിപ്പതിന്നശക്യം രിപുവരം ധർമ്മത്യാഗേന
ജയിച്ചീടുകിൽ ദോഷമില്ല * അന്യമാമഭ്യുപായമില്ലെന്നു ധരിച്ചാ
ലും ധന്യനാം ഭവാനിതിന്നേതുമേ മടിക്കേണ്ട * ഇങ്ങിനെ വാസുദേ
വഭാഷിതം കേട്ടശേഷമങ്ങിനെ തന്നെ ചൊന്നാൻ മാരുതസുതൻ ഭീ
മൻ * ആഹവാന്തരേ ചെന്നിട്ടാശയാ വൈരമോടു മാ ഹതനശ്വ
ത്ഥാമാ വെന്നവൻ ചൊല്ലീടിനാൻ * തൽപിതാവതു കേട്ടിട്ടുൾത്താപ
പരീതനായ് സത്വരം ഭീമവാക്യവിശ്വാസവിഹീനനായ് * ധർമ്മജ
ൻ തന്നെ പ്രാപിച്ചുത്തമലോടതുനേരം ധർമ്മജ്ഞ ഭവാനിതുനേരു ചൊ
ല്ലേണമെന്നാൻ * അന്നേരം ധർമ്മാത്മജനസത്യഭീരുവായും വ
ന്നീടും ജയം തന്നിലൌൽസുക്യഗ്രസ്തനായും * എന്തു ഞാൻ ചെ
യ്യുന്നതെന്നു ചിന്തിച്ചു ചൊല്ലീടിനാൻ ബന്ധുമാൻ ഭീമഹതമാതംഗഗോ
ചിതം വാണൻ * ആഹതനശ്വത്ഥാമാവിന്നു സംയുഗാജിരെ സ
ഹസാ വരനായ ഭീമസേനനാൽ ഗുരോ * അന്നേരം നിന്റെ പിതാ
വായുധത്യാഗം ചെയ്തു വന്നൊരു പീഡയാലെ മത്തുമൂർച്ഛിതനായി *
പിന്തിരിഞ്ഞതു കണ്ടു ചൊല്ലിനാൻ ധർമ്മാത്മജൻ ശസ്ത്രമാഗുണവര
വാരണനെന്നും തദാ * പണ്ടു നിൻ താതനൊരു സമയം ചെയ്യുന്ന
തു കൊണ്ടു വില്ലെടുത്തീല പിന്നെയെന്നതേ വേണ്ടു * യോഗവൈ
ഭവം കൊണ്ടു ദേഹവുമുപേക്ഷിച്ചു യോഗിഗമ്യമാം പദം പുക്കിതെന്ന
റിഞ്ഞാലും * അന്നേരം ധൃഷ്ടദ്യുമ്നൻ ഖഡ്ഗവും പൂണ്ടുനേരെ ചെന്ന
ങ്ങു കണ്ടു മഹാജനങ്ങളെല്ലാവരും * സാഹസം ചെയ്തീടരുതരുതെ

നുറെച്ചസ്സുരമാഹവെനിവാരണംചെയ്തീടുംദശാന്തരെ * തച്ഛില്പിത്തു
ശ്ശിരസ്സറുത്തിടിനാന്മഹാബല നല്ലമല്ലവനുടെദുർന്നയംനിരൂപിച്ചാ
ൽ * ഇത്തരംകൃപാചാൎയ്യൻചൊന്നതുകേട്ടനേരം സതപ്രരംഭ്രൂ
മൌപതിച്ചീടിനാനശ്വത്ഥാമാ * മോഹവുംവെടിഞ്ഞവനേററവും
വിഷാദംപൂണ്ടാഹന്തവിലാപവുംചെയ്തുടൻപലതരം *ഊററമായ്‌വ
ളരുന്നഖേദവുംകോപവുംപൂ ണ്ടാറമില്ലാതവണ്ണംകലങ്ങീഹൃദയ
വും * ചൊല്ലിനാൻകുരുവരസന്നിധാനത്തിൽനിന്നി ട്ടല്ലയോനൃ
പന്മാരെകേൾക്കേണമെല്ലാവരും * പൊയ്യുരചെയ്തുമമതാതനെ
യുദ്ധാന്തന്നിലായുധംവെപ്പിച്ചോരുധൎമ്മനന്ദനനേയും * ശ്രുരതന
ടിച്ചീടുംമാരുതസുതനോടും ചേരവേശേഷമുള്ളപാണ്ഡുപുത്രന്മാരേ
യും * ത്യക്തശസ്ത്രനാമെന്റെതാതനെഹനിച്ചൊരു മുകുതലജ്ജ
നാംപാപിപാഞ്ചാലസുതനേയും * ഇക്ഷണംനിഗ്രഹിച്ചേനല്ലഞാ
നെന്നാകിലൊ തൽക്ഷണംമരിക്കുന്നേനായുധംതന്നാണഞാൻ *
കുണ്ഠതവെടിഞ്ഞുടൻനിങ്ങളിന്നെല്ലാവരും കണ്ടുകൊണ്ടാലുംമമ
സംയുഗപരാക്രമം * ഇങ്ങിനെപരാക്രമമാംവണ്ണംപ്രതിജ്ഞയും തുംഗ
പൌരുഷനാചാൎയ്യാത്മജൻചെയ്തീടിനാൻ * സൂൎയ്യനുമതുനേര
മസ്തമിച്ചതുമൂലം ധൈൎയ്യശാലികളായപതിവരന്മാരും * പട്ടുത
ടവീട്ടുമിതരജനങ്ങളും പടമണ്ഡപങ്ങളിൽതരസാപുക്കീടിനാർ *
ഇങ്ങിനെപതിനെട്ടുദിവസംയുദ്ധംചെയ്തു മംഗലശീലൻധൎമ്മനന്ദ
നൻയുധിഷ്ഠിരൻ * നല്ലവിക്രമമുള്ളധാൎത്തരാഷ്ട്രന്മാരേയും ശല്യ
കൎണ്ണാദ്യന്മാരാംതൽപക്ഷീയന്മാരേയും * ആകവെനിഗ്രഹിച്ചുഭൂരി
പൌരുഷംകൊണ്ടു പാകശാസനനെക്കാളുന്നതിപൂണ്ടുനൃപൻ *
മരിച്ചജനങ്ങൾക്കപരലോകാൎത്ഥംപുര സ്സരിച്ചധൌമ്യാദിമാൎത്താ
പസജനോത്തമൻ * വിധിച്ചവണ്ണംതന്നെസാമ്പരായികങ്ങളും
നിനച്ചുചെയ്തീടിനാൻതനിച്ചുധൎമ്മശീലൻ * തദനന്തരംപാണ്ഡുത
നയന്മാരുംസുത കദനംനിനച്ചുടനഴൽപൂണ്ടിരിപ്പോരു * നൃപതി
തന്നെകണ്ടുതൊഴുതനേരമവൻ കപടംകൊണ്ടിതെല്ലാംമറച്ചുചൊ
ല്ലീടിനാൻ * വരികസുതന്മാരെപൊരുതുയുദ്ധംചെയ്തു ഗുരുമുഖ്യ
ന്മാരായരിപുപക്ഷീയന്മാരെ * തരസാനിഹനിച്ചുജയലക്ഷ്മിയുംപൂ
ണ്ടു പെരികക്കാലംനിങ്ങൾസുഖമായ്‌വസിക്കെടൊ * ഈവണ്ണം
നിജജനകാഭ്യനുജ്ഞാതന്മാരാ യേവരുംമോദമോടെഹസ്തിനപുരംത
ന്നിൽ * വാണീടുംദശാന്തരെനാഗരന്മാരുംദുഃഖം താണീടുംമതിയു
ള്ളതാപസജനങ്ങളും * ഏവരുമൊരുമിച്ചുധൎമ്മജന്നഭിഷേകം കേ
വലംചെയ്തീടുവാനാരംഭിച്ചോരുനേരം * ആകാശംതന്നിൽനിന്നി
ട്ടശരീരിയാംവാണീ ലോകസമ്മതമായോരൎത്ഥമുച്ചരിച്ചതേ * ധൎമ്മ

നന്ദനമഹാഭാഗകാരുണ്യാംബുധേ ധൎമ്മപാലനജനവത്സലകേട്ടാ
ലുംനീ * രാജ്യാഭിഷേകംചെയ്യീടരുതുനിനക്കെടൊ രാജ്യപാലന
ത്തിനുംയോഗ്യനല്ലഹോഭവാൻ * അസത്യമുരചെയ്തുഭൂസുരോത്ത
മന്മാരിൽ മഹത്വമേറീടുന്നോരാചാൎയ്യവരൻതന്നെ * ശസ്ത്രവും
വെപ്പിച്ചുടൻനിഗ്രഹിച്ചതുമൂലം നിസ്രൂപംനിനക്കുണ്ടുപാപ ബാ
ഹുല്യംനൂനം * പാപശോഷണംവരുത്തീടാതെഭവാനിന്നു ഭൂപരി
ത്രാണന്നൂനംയോഗ്യനാകയുമില്ല * തദ്വാക്യമേവംസമാകൎണ്ണ്യ ധ
ൎമ്മനന്ദന നുദ്വേഗംകൊണ്ടുപാരംവേപഥുപൂണ്ടീടിനാൻ * ഏത്ര
യുംമഹാമൂഢൻഞാനെന്നുവന്നുനൂനംനിസ്രൂപംമഹാപാപിസാഹ
സിദുരാചാരൻ * ലോഭമോഹിതനെപ്പൊളുന്മാനിതൻമഹാപാപ
ലാഭാൎത്ഥമീവണ്ണംഞാനകൃത്യംചെയ്യീടിനേൻ * തുച്ശരാജ്യാഭിലാ
ഷംകൊണ്ടുഞാനഹോകഷ്ടം തൽച്ചരിത്രത്തിന്നവഭ്രംശവുംവരുത്തി
നേൻ * ഏതൽപാതകവിശുദ്ധ്യൎത്ഥംഞാനെന്തുചെയ്‌വൂ ചേത
സാവിചാരിച്ചാലെന്തതിന്നുപായമൊ * ഇങ്ങിനെധൎമ്മാത്മജൻ
കേണീടുംദശാന്തരെ മംഗലരൂപൻവേദവ്യാസനുമെഴുന്നെള്ളി *
അൎഘ്യപാദ്യാദികളാൽപൂജിച്ചുനൃപന്മുനി മുഖ്യനെയഥാവിധിസ
ല്ക്കരിച്ചിരുത്തിനാൻ * അഞ്ജലിബന്ധംചെയ്തുഭക്തിയുക്തനായ്നൃ
പ നഞ്ജസാസപത്നസങ്കടമെപ്പേരുമുരചെയ്തു * ആകവെകേട്ടനേരം
ബോധിച്ചുമുനിവര നാഗമജലനിധിചിന്തിച്ചുചൊല്ലീടിനാൻ * ധ
ൎമ്മജപേടിക്കണ്ടചൊല്ലുവനുപായംഞാൻ നിന്മഹാപാപനാശംവ
രുത്തീടുന്നേൻനൂനം * ദക്ഷിണാംഭോധിമദ്ധ്യേഗന്ധമാദനാചലേ
മോക്ഷദേരാമസേതൌപാപനാശനം പരംരാമതീൎത്ഥമെന്നതിപ്രസി
ദ്ധമായുണ്ടൊരുകോമളംസരോവരംശ്രീമയംമഹാപുണ്യം * ബ്രഹ്മ
ഹത്യാദിയായപാതകസമൂഹങ്ങൾ നിൎമ്മലംരാമതീൎത്ഥംകണ്ടവനു
ണ്ടാകയാ * ശ്രീരാമദേവൻതന്നാൽപരികല്പിതംപുരാ ഘോരപാത
കനാശംനിനക്കുവരുംതദാ * തത്രപോയ്ചെന്നുനീയുംമുക്തിദേരാ
മതീൎത്ഥേ ഭക്തിയുക്തനായ്സ്നാനംചെയ്യേണ്ടോവൈകീടേണ്ടാ * ത
ത്തീരംതന്നിലോരോദാനാദികൎമ്മങ്ങളും സത്വരംചെയ്യാൽതവപാ
പനാശവുംവരും * വ്യാസഭാഷിതംകേട്ടുധൎമ്മനന്ദനൻതാനുംഭാസു
രശീലനായസഹദേവനെന്നതദാ * രാജ്യഭാരാൎത്ഥംനിയോഗിച്ചനുജ
ന്മാരോടും പ്രാജ്യകീൎത്തിമാൻധൌമ്യതാപസംപുരസ്കൃത്യ * വാഹ
നാദിയുംവെടിഞ്ഞോരുവാളുംവിനീതനായ് വേഗേനരാമതീൎത്ഥസ്നാനാ
ൎത്ഥംനടകൊണ്ടു * ഉടനെരാമസേതുനികടംപ്രാപിച്ചതി പട്ടത്തട
വിട്ടുംരാമതീൎത്ഥവുംകണ്ടു * ധൌമ്യനാംപുരോഹിതൻചൊന്നതു
പോലെതന്നെസൌമ്യനാംധൎമ്മാത്മജൻസങ്കല്പപുരസ്സരം *സ്നാന

വുംചെയ്തുപുനരാശ്ചൎയ്യവിശുദ്ധനായ്ദാനവുംചെയ്തീടിനാൻപിണ്ഡദാനവുംതദാ*മുപ്പത്തുദിനമേവമാഹാരവിഹീനനായ് ശില്പമോടത്യന്തമവ്രതതല്പരനായേ * വാണീട്ടുംദശാന്തരെസത്വരമശരീരി വാണിയുംദാനവാരാന്നിധിയോട്ടരചെയ്തു * കേൾക്കെടൊധൎമ്മാത്മജനിന്നുടെപാപജാല മൊക്കയ്യുംനഷ്ടമായിധിക്കൃതരിപുവര * അത്രയുമല്ലഗുരുഹസ്തിപാതകങ്ങളും സൂത്രാമതുല്യമിത്ഥ്യാവാക്യപാപവുംനഷ്ടം * ശുദ്ധനായ്വന്നുഭവാനില്ലസംശയമേതും ബദ്ധമോദേനപോകഹസ്തിനപുരംപ്രതി * രാജ്യാഭിഷേകംചെയ്തു ഭൂമിയും പാലിച്ചുനീ പൂജ്യനായ്വാണീടുകപലനാൾമഹീപതേ * ഇത്തരമശരീരിഭാഷിതംകേട്ടനേരം സത്വരംധൎമ്മാത്മജൻസന്തോഷസമേതനായ് * അനുജന്മാരോടൊന്നിച്ചുശരീരഭാഷണ മൻമാനിച്ചുനമസ്കരിച്ചുഭക്തിയോടെ * മുക്തപാപനായ്പുറപ്പെട്ടുടൻധൎമ്മാത്മജൻ ഹസ്തിനപുരംപുക്കുസുഖിച്ചുവാണീടിനാൻ * ഇങ്ങനെയുള്ളരാമതീൎത്ഥത്തിൻമാഹാത്മ്യങ്ങ ളെങ്ങിനെചൊല്ലീടുന്നുതാപസോത്തമന്മാരേ * ധൎമ്മജപാപമോക്ഷമിക്കഥാസാരംമഹാ കന്മഷഹരംചൊല്ലുംജനത്തിനുണ്ടാംമോക്ഷം * ലക്ഷ്മണതീൎത്ഥമെന്നുണ്ടപ്പുറമത്തുംമഹാ ലക്ഷ്മീവൎദ്ധനംശുഭംസാനന്ദപ്രദംപരം * ലക്ഷ്മണതീൎത്ഥതീരെതന്മന്ത്രംജപിപ്പവൻ തൽക്ഷണെസൎവ്വവേദശാസ്ത്രജ്ഞാനിയായ്വരും * അതതീൎത്ഥസ്നാനംചെയ്യുമാനഷൻവിശുദ്ധനായ് തൽതീരസ്ഥമാംലക്ഷ്മണേശ്വരംസേവിച്ചാകിൽ * ഐഹികസുഖങ്ങളുംപരലൌകികങ്ങളാൽ ദേഹികൾസുഖങ്ങളുമാസാദിച്ചനന്തരം * കുണ്ഠതവെടിഞ്ഞുസന്തുഷ്ടനായ്സദാപിന്നവെ കുണ്ഠലോകവുംപുക്കുവാണീടുമസംശയം * കുതുകമഹോഹലായുധനാംബലഭദ്രൻമതിമാൻപുരാബ്രഹ്മഹത്യാപാതകംപൂണ്ടു*ലക്ഷ്മണതീൎത്ഥസ്നാനംചെയ്തുടൻവിശുദ്ധനാ യകഥകേട്ടുകൊൾവിൻതാപസവരന്മാരെ * ഭൂഭാരഹരണാൎത്ഥംഭൂമിയിൽജനിച്ചൊരു ശോഭനാകാരനാദിശേഷനാംബലഭദ്രൻ* കുരുരാജാക്കന്മാരുംപാണ്ഡുനന്ദനന്മാരും പെരുതാംകലഹമുണ്ടായോരുദശാന്തരെ * ബന്ധുനാശത്തെകണ്ടുസഹിപ്പാൻശക്തിപോരാ ഞ്ഞന്തരാപലവിധംചിന്തനംചെയ്തീടിനാൻ * നാഗകേതനസഹായംഞാനിന്നാചരിച്ചാ ലാഗതംപാണ്ഡുപുത്രവിദ്വേഷംസംശയം * പാൎത്ഥന്മാൎക്കുപകാരമേതാനുംചെയ്തീലാകിലൊ ധാൎത്തരാഷ്ട്രന്മാൎക്കുണ്ടാമപ്രിയമതുനൂനം * ആരുമെന്നാലൊരുഭേദവുമില്ലതാനും ചാരുവായെന്തൊന്നുഞാൻസാമ്പ്രതംചെയ്യേണ്ടതും * നല്ലതുതീൎത്ഥസ്നാനമുദ്യോഗമിതുകാലം ചൊല്ലേറുംദേശങ്ങളിൽസഞ്ചാരമെന്നുറച്ചു * മുമ്പിനാൽപ്രഭാസ

മാംതീൎത്ഥത്തെപ്രാപിച്ചുട നമ്പോടെസ്നാനാദികളാചരിച്ചനന്തരം *
പശ്ചിമപ്രവാഹിനീംവാഹിനീംസരസ്വതീ മിച്ശ്യയാസേവിച്ചുടന
ന്തരംഹലായുധൻ * വിന്ദുവാപിയുംപൃഥൂദകവുംബ്രഹ്മതീൎത്ഥം സു
ന്ദരസുദൎശനതീൎത്ഥവുംശതദ്രുവും * യമുനാഗോദാവരിഗംഗയുമെ
ന്നുഃ പണ്ടുകമനീയമാംപലതീൎത്ഥങ്ങളാടീടിനാൻ *പിന്നെച്ചെന്നകം
പുക്കാനൈമിശാരണ്യംതന്നിൽ ധന്യതാപസജനസേവിതപ്രദേ
ശം * ആഗതനായഹലായുധനെക്കണ്ടനേരം വേഗമോടെഴുന്നേ
റ്റുതാപസവരന്മാരും * നമസ്കാരവുംചെയ്തുവിധിപൂൎവ്വകംനല്ല സ
മസ്തസൽക്കാരവുംചെയ്തുടനിരുത്തിനാർ * രോഹിണീതനയനഥ
നേരംകണ്ടീടിനാൻ മോഹനസിംഹാസനംതന്നിലങ്ങൊരുവനെ *
ഉത്തമാദ്യുപചാരമൊന്നുമെചെയ്യാതകണ്ടുദ്ധതവേഷത്തോടുംകണ്ടു
കോപിച്ചുരാമൻ * തന്നന്നാൻമറന്നുടനാതാമ്രനയനനായ് തന്നു
ള്ളിലോൎത്തീടിനാനാരിവനെന്നതെല്ലാം * കഷ്ടമീദുരാചാരൻതാപ
സന്മാരെക്കാളും ശിഷ്ടതനടിച്ചുകൊണ്ടുദ്ധതഭാവത്തോടും * ഉച്ചമാം
സിംഹാസനമാരുഹ്യമദോത്തമൻ വിച്യുതകുലജാതൻവികൃതമഹാ
ജനൻ * അസ്മൽസാന്നിദ്ധ്യത്തെയുമപമാനിച്ചപാരം വിസ്മിതഭയ
ലേശംവിസ്മയംനിരൂപിച്ചാൽ * പാരാചാൎയ്യങ്കൽനിന്നിട്ടാചാൎയ്യത
ന്ത്രികളും പാദശാസ്ത്രങ്ങൾപുരാണങ്ങളുംധൎമ്മങ്ങളും * ആകവെപ
ഠിച്ചുതുമാകവെവേദാന്തൎത്ഥമെ ന്നേകവീൎയ്യനാംഹലായുധനുംനിശ്ച
യിച്ചു ദുഷ്ടനിഗ്രഹാൎത്ഥമായ്ക്കുനാവതരിച്ചതും ദുഷ്ടനാമിവൻതന്നെ
ക്കൊന്നാലില്ലൊരുദോഷം * ഞാനിവൻതന്നെക്കൊന്നാൽപാപി
യാമിവന്നതി ജ്ഞാനവുമുണ്ടായ്പുരുമെന്നുകല്പിച്ചുരാമൻ * തീക്ഷ്ണമാം
കുശാഗ്രംകൊണ്ടത്രയുംകോപിക്കയൊ ലക്ഷണമവൻതലയറുത്താന
ഹോകഷ്ടം * അന്നേരംതാപസന്മാരുന്നതഖേദത്തോടു മൊന്നുര
ചെയ്തീടിനാരച്യുതാഗ്രജനോടും * എത്രയുംകഷ്ടംഭവാനിന്നിവൻ
തന്നെക്കൊന്ന തെത്രയുമധൎമ്മമായ്പ്പന്നിതെന്നറിഞ്ഞാലും * ശ്രീഹ
ലായുധവയമിവനായ്ക്കൊണ്ടുമുന്നംശ്രീമഹൽബ്രഹ്മാസനംകൊടുത്തു
വാസാൎത്ഥമായ് * അക്ഷയതരമായോരായുസ്സുംദത്തമായി ശിക്ഷിത
മെന്നതഭവാനൊക്കയുമോൎത്തീടണം * ബ്രാഹ്മണവധത്തിനാലുള്ളൊ
രുമഹാപാപം ബ്രാഹ്മണപ്രിയഭവാനുണ്ടായിമഹാമതേ * ലോക
നായകനായനിന്തിരുവടിക്കൊട്ട നേകനുംനിയാമകനുണ്ടാകയില്ലയെ
ല്ലൊ * ശേഷമൊക്കയുമോൎത്തുചെയ്തുകൊണ്ടാലുമാഴി ശേഷനാംഭ
വാനെന്തുദുഷ്കരംനിരൂപിച്ചാൽ * എന്നതുകേട്ടുഹലായുധനുമരുൾ
ചെയ്തു വനിതുപരമാൎത്ഥമൊന്നുംഞാനറിഞ്ഞീല * ബ്രഹ്മഹത്യയാം
പാപശാന്ത്യൎത്ഥംഞാനിദാനീം ബ്രാഹ്മണോത്തമന്മാരെചെയ്തീടാം

പ്രായശ്ചിത്തം * ഏതൊരുപുണ്യകൎമ്മംചെയ്യേണംഞാനെന്നതും
ചേതസാവിചാരിച്ചുചൊല്ലേണംഭവാന്മാരും * ലോകാനുഗ്രഹണാ
ൎത്ഥമായ്പൂരികയുംവേണം ശോകനാശനമായുള്ളതുചൊല്ലീടുക * നി
ങ്ങളാലായുസ്സിവനക്ഷയംദത്തമെല്ലാ മംഗലശീലന്മാരേകേൾക്കഞാ
നൊന്നുചെയ്യാം * കൎമ്മജ്ഞാനാത്മകരണങ്ങളുംതതങ്ങളും മമമ
ഹാമായാബലംകൊണ്ടുനിൎമ്മിച്ചീടുന്നോൻ * രാമഭാഷിതംകേട്ടുതാപ
സന്മാരുംചൊന്നാർ ധീമതാംവരഭവാൻസൃഷ്ടിസ്ഥിത്യന്തമൂൎത്തി *
നിന്തിരുവടിയുടെവിക്രമത്തിനുംപുനരന്തകൻതനിക്കുംഞങ്ങൾക്കും
സായകത്തിനും * ഏതൊരുമാൎഗ്ഗമായാൽസത്യതവന്നുകൂടും ചേത
സാവിചാരിച്ചിട്ടുവൃദ്ധിയരുളേണം * താപസവാക്യംകേട്ടുതാപശാ
ന്ത്യൎത്ഥംതദാ ശോഭനവാചാബലദേവനുമരുൾചെയ്തു * ആത്മാവു
തന്നെജനിച്ചീടുകനിമിത്തമാ യാത്മജനെന്നുഘോഷിച്ചീടുന്നുവേ
ദാദിയും * അതുമൂലമായ്ഞാനുമിവനെൻശരീരതോ മതിമാനായപു
ത്രാംജനയിഷ്യാമിനൂനം * അവനുംതതേന്ദ്രിയബലസമ്പന്നനായി
ട്ടുവനീതലേചിരംജീവിയായ്ഭവിച്ചീടും * അനുവേലവുംഭവൽസ
വിധേപുരാണങ്ങൾ മുനിനായകന്മാരേകഥനംചെയ്യുമവൻ * ഏ
നുടെയോഗമായാവൈഭവംകൊണ്ടുപാരം ധന്യനായ്പരമവൻസ
ൎവ്വജ്ഞനായുംവരും * യുഷ്മദഭീഷ്ടംഞാനിന്നെന്തുചെയ്യേണംപുന ര
സ്മൽപ്രീത്യൎത്ഥമുരചെയ്യേണംവിപ്രന്മാരെ * ഞാനറിയാതെചെ
യ്യുപാപത്തിൻനിവൎത്തനം നൂനമെന്തൊരുകൎമ്മംകൊണ്ടുസംഭവി
ച്ചീടും * ഇങ്ങിനെരാമവാക്യംകേട്ടുതാപസന്മാരും തിങ്ങിനമോദ
മോടുമുത്തരംചൊല്ലീടിനാർ * ഇല്വലാസുരസുതൻവല്ക്കലൻമഹാ
പാപി നല്ലധൎമ്മകപ്രിയനമിതപരാക്രമൻ * അവനുംപൎവ്വംതോ
റുമിവിടെവന്നുപാർ മവമാനിച്ചുധൎമ്മകൎമ്മങ്ങൾമുടക്കുന്നു *അസ്ഥി
വിൺമൂത്രരക്തമദ്യമാംസങ്ങളെല്ലാം നിസ്രൂപമാശ്രമാന്തേസൎവ്വതോ
വൎഷിച്ചീടും * കശ്മലനാകുമവൻതന്നെനിഗ്രഹിച്ചാകിൽ കശ്മലാം
ഞങ്ങൾക്കെല്ലാംതീൎന്നീടുമിതുകാലം * പാതകശാന്തിക്കുപായംപറ
ഞ്ഞീടാമെടോ കാതരഭാവംഭവാനേതുമുണ്ടാകവേണ്ടാ * ഭാരതഖ
ണ്ഡംതന്നിലുള്ളതീൎത്ഥങ്ങളെല്ലാ മാരാഞ്ഞുനടന്നുടൻനിയമസമേത
നായ് * സാവധാനതയോടുമേകവത്സരകാലം ധീമതാംവരഭവാൻ
മജ്ജനംചെയ്തീടണം * എന്നാകിൽപാപനാശംവന്നീടുമസംശയ
മുന്നതകീൎത്തേവിചാരിച്ചുകണ്ടാലുംഭവാൻ*ഇങ്ങനെതാപസന്മാരിം
ഗിതംകേട്ടുരാമ നങ്ങിനെതന്നെപുനരാശ്രമേവസിക്കുമ്പോൾ *പ
ൎവ്വകാലവുംവന്നുതാപസന്മാരുംതദാ നിൎവ്വിചാരേണയാഗകൎമ്മവുംതു
ടങ്ങിനാർ* വല്ക്കലൻതാനുംമെല്ലാമറിഞ്ഞുപുറപ്പെട്ടു വെക്കമോടുഗ്രക്രേ

ശംതന്നിലങ്ങുകമ്പുക്ക * രക്തപൂയാസ്ഥിരജ്ജോവിൺമൂത്രവർഗ്ഗംകൊ
ണ്ടു സത്വരമാശ്രമാന്തർഭാഗവുംനിറച്ചവൻ* ശൂലവുമോങ്ങിയാഗ
ശാലയിലടുത്തളും ശീലവാൻഹലായുധൻകണ്ടുകോപിച്ചപാരം* ദു
ഷ്ടാത്മപ്രതികാരംദാനവംവധിപ്പാനായ് ബദ്ധവൈരേണമഹാ
ബലവിക്രമശാലീ * തപ്തതാമ്രാഭശ്മശ്രുദംഷ്ട്രാഭീഷണാനനം ദൃപ്ത
മാസാദ്യംഭ്രൂവക്രനൈകകണ്ടകംതദാ * സീരാഗ്രംകൊണ്ടുതലവലിച്ചു
താഴ്ത്തിപ്പാരം സീരിയുംമുസലംകൊണ്ടൊന്നുതാഡിച്ചീടിനാൻ *
താഡനംകൊണ്ടുനേരംതലയുംപിളർന്നവൻ പീഡപൂണ്ടൂഴിതന്നിൽമ
രിച്ചുവീണിടിനാൻ * മുനിമാരനന്തരംവിശദമാശീർവാദംജനിതാദ
രംബലദേവനുനൽകീടിനാർ * തീർത്ഥതോയങ്ങളെക്കൊണ്ടഭിഷേ
കവുംചെയ്തു ചാർത്തുവാൻവൈജയന്തിമാലയുംനൽകീടിനാർ *ദി
വ്യഭൂഷണങ്ങളുമനുലേപനങ്ങളും ദിവ്യമാംപരിധാനരത്നവുംനൽകീ
ടിനാർ * പുഷ്പിതവൃക്ഷങ്ങളോടൊന്നിച്ചുനടക്കുന്നൊരത്ഭുതകൈ
ലാസമാംപർവ്വതംപോലെരാമൻ * ഭൂഷണാനുലേപനചേലരാജമാന
നായ് തോഷവാൻമുനിമാരാലഭ്യനുജ്ഞാതനായി * ഒരുവത്സരംകാ
ലാസകലതീർത്ഥങ്ങളു മുരുപൌരുഷൻനടന്നഭിഷേചനംചെയ്യാ
ൻ * സകലമലജാതംനിഹതമെന്നുകല്പി ച്ചുമലൻസംവത്സരം
തികഞ്ഞൊരനന്തരം * സ്വപുരെഗമിപ്പതിന്നൊരിമ്പെട്ടുനേരം
കപടമല്ലകണ്ടൊരത്ഭുതംയാമച്ഛായാം * പിന്തുടർന്നതികൃശയായ്യുദാ
ഹലായുധ നന്തമില്ലാതവിഷാദമ്പൂണ്ടുനിന്നീടിനാൻ * അന്നേ
രമശരീരവാണിയുമരചെയ്തു നിന്നതെന്തെടോബലദേവനീമധ്യേ
മാർഗ്ഗം * രോഹിണീസുതമഹാഭാഗനിന്മഹാപാപം മോഹനാകൃ
തേതീർത്ഥയാത്രകൊണ്ടിതുകാലം * നിശ്ശേഷംപോയീലെന്നുധരി
ച്ചീടുന്നംഭവാൻ വിശേഷാൽഹിതപ്രദംതച്ഛേഷംനിരൂപിക്ക *
എന്നതുകേട്ടുരാമൻനൈമിശമകംപുക്കു വന്ദിച്ചുമുനിമാരോടുദന്തം
ചൊല്ലീടിനാൻ * തീർത്ഥയാത്രകൊണ്ടിനിക്കബ്ദവുമൊന്നമായി പോ
ത്തുതീർന്നീലാമഹാപാതകമെന്നുംവന്നു * പിന്തുടർന്നാരതംച്ഛായാ
രൂപവുമുണ്ടു സന്തതംബ്രഹ്മഹത്യാസഞ്ചരിപ്പതുമഹോ * പോ
യീലാപാപമെന്നുദിവ്യവാണിയുംചൊന്നാ നമ്മോഞാനെന്തുചെ
യ്യുചൊല്ലേണംമുനിമാരെ * മുസലിവാക്യംകേട്ടുകുതുകമുണ്ടുവാണി
കുശലന്മാരാംമുനിവരന്മാരരുൾചെയ്തു * താപമുണ്ടാകവേണ്ടരോ
ഹിണീകുമാരക പാപമാകവേതീരുംചൊല്ലീടാമുപായവും * ശ്രീ
രാമസേതൌഗന്ധമാദനേപുണ്യാചലേ ഘോരപാതകഹരംലക്ഷ്മ
ണതീർത്ഥമുത്തമം* തത്രപോയ്സ്നാനംചെയ്തുതല്ലിംഗംസേവിച്ചാകിൽ
സത്വരംതീരുംതവപാതകശേഷമെല്ലാം * അത്ഭുതംഹലായുധന

പ്പൊഴെപുറപ്പെട്ടു കെല്പേറംഗന്ധമാദനാചലമകന്നുകൾ * ലക്ഷ്മ
ണതീൎത്ഥംകണ്ടുനമസ്കാരവുംചെയ്തു ലക്ഷ്മീവാൻസ്നാനദാനാദികളും
ചെയ്തീടിനാൻ * ഇങ്ങിനെചിലദിനമവിടെകഴിഞ്ഞപ്പോൾ മം
ഗലദിവ്യവാണിചൊല്ലിനാൻസകൌതുകം * വീരന്മാരണിയുന്ന
നായകക്കല്പേരാമ ഘോരപാതകംതവനിശ്ശേഷംനഷ്ടമായി * സ
ന്ദേഹമേതുമില്ലസത്യമെന്നറിഞ്ഞാലും സുന്ദരകളേബരപോകനീ
വൈകീടാതെ * അതുകേട്ടന്തമ്മുദാമുസലായുധൻതാനും കുതുക
മുണ്ടുതീൎത്ഥരാജനെപ്രശംസിച്ചു * വിമനോഭാവംവെടിഞ്ഞവിടം
തന്നിലുള്ള കമനീയങ്ങളായസകലതീൎത്ഥങ്ങളിൽ * സ്നാനവും
ചെയ്തുധനുഷ്കോടിയുംകണ്ടുവന്ദി ച്ചാനന്ദവിവശനായ്മജ്ജനംചെ
യ്തീടിനാൻ * രാമനാഥനെക്കണ്ടുനമസ്കാരവുംചെയ്തു ധീമതാംവ
രൻനിജപുരിയിലകംപുക്കു * ഇത്തരമാദിയായലക്ഷ്മണതീൎത്ഥത്തി
ന്റെ നിസ്തുലമഹത്വങ്ങളാക്കൊഹാചൊല്ലീടാവു * ഭക്തിപൂണ്ടേ
തൽതീൎത്ഥമഹത്വംകേട്ടാകിലും മിക്കതുമോരോകഥാമഹത്വംനിന
ച്ചാലും * ലക്ഷ്മണതീൎത്ഥസ്നാനംചെയ്യുവനുള്ളഫലം തൽക്ഷണം
ലഭിച്ചീടുമില്ലസംശയമേതും * ലക്ഷ്മണതീൎത്ഥംതന്നിൽസ്നാനവുംചെ
യ്തുപിന്നെ തൽക്ഷണംജടാതീൎത്ഥംകണ്ടുസേവിച്ചീടണം * മോക്ഷ
ലോലുപന്മാരാംതൽപ്രയോജകമായ ശിക്ഷിതശിക്ഷശുദ്ധിക്കെന്തു
പായമെന്നോൎത്തു * വേദാന്താഗമംപുനരഭ്യസിച്ചനുവേലം ഖേ
ദേനവസിച്ചീടുംഫലവുമുണ്ടായ്വരും * പൂൎവ്വപക്ഷവുംപുനരുത്തരപ
ക്ഷമതും വേർതിരിച്ചറിഞ്ഞുകൂടാതൊരുശാസ്ത്രങ്ങളിൽ * എപ്പൊ
ഴുംപ്രയത്നവുംചെയ്തുവാണീടുംജന മല്പവുംചിത്തശുദ്ധിലഭിച്ചീടു
മാറില്ല * ശാസ്ത്രങ്ങൾപഠിച്ചോരുപുരുഷന്നഹങ്കാര മെത്രയുംവ
ൎദ്ധിച്ചോരോസിദ്ധാന്തവാദംകൊണ്ടു * വിജയശേഷംഗോഭൂധനധാ
ന്യാശയോടു മജസ്രാവസിച്ചീടുംമറ്റൊരുഫലമില്ല * ചിത്തശു
ദ്ധ്യൎത്ഥംപുനരാഗ്രഹമുണ്ടെന്നാകിൽ സതാരംലഘൂപായമൊന്നു
ഞാൻചൊല്ലീടുന്നേൻ * വ്യാജമെന്നിയെമനസ്സാവധാനതയോടു
ശ്രീജടാതീൎത്ഥംതന്നിൽമജ്ജനംചെയ്തീടണം * ലോകോപകാരാൎത്ഥ
മായുണ്ടുപാൎവ്വതീകാന്തൻ ശോകോപഹതാത്മനാംകേവലാദ്ഭുതാത്മ
നാം * അജ്ഞാനനാശാൎത്ഥമായ്ഗന്ധമാദനൻതന്നിൽ വിജ്ഞാ
നമൂൎത്തിനിൎമ്മിച്ചീടിനാൻമഹാതീൎത്ഥം * രാവണസംഹാരവുംചെ
യ്തെഴുന്നെള്ളുംനേരം പാവനൻദശരഥനന്ദനൻരാമചന്ദ്രൻ * ത
ന്നുടെജടകളെക്ഷാളനംചെയ്തുമൂലം ധന്യന്മാർജടാതീൎത്ഥമെന്നേ
വംചൊല്ലീടുന്നു * പെരികക്കാലംഗംഗാമജ്ജനംചെയ്തഫല മൊ
രുനാൾഗോദാവൎയ്യാംസിംഹസ്ഥേബൃഹസ്പതൌ * മജ്ജനംചെയ്താ

ലുണ്ടാം തൽസ്നാനമനേകം നാൾ വിജിതാത്മനായ് ചെയ്താലുള്ളൊരു പുണ്യഫലം * ശ്രീജടാതീർത്ഥം കണ്ടാലുണ്ടാമെന്നറിഞ്ഞാലും വ്യാജമല്ലഹോ സ്നാനം ചെയ്യുവനെന്തു ചൊൽവു * മാനസശുദ്ധിയുണ്ടാമജ്ഞാനം നശിച്ചീടും ജ്ഞാനവുമുണ്ടാം പിന്നെ മോക്ഷവും ലഭിച്ചീടും * കേട്ടാലുമൊരു പുരാതനമാമിതിഹാസം ശ്രേഷ്ഠമാം ജടാതീർത്ഥവൈഭവം മഹാപുണ്യം * പണ്ടൊരുകാലം ശുകനാകുന്ന മഹാമുനി പുണ്യവാനായ വേദവ്യാസനെ വന്ദിച്ചുടൻ * തന്നുടെ മനോഗത നിശ്ചയം വരുവാനായ്, ധന്യലോകാഗ്രഹനായ് ചൊല്ലിനാൻ വിനീതനായ് * സർവ്വശാസ്ത്രാംഭോനിധേ താത സർവ്വജ്ഞോത്തമ സർവ്വദേവതാമൂർത്തേ മാമകം കേൾക്ക വാക്യം * ചിത്തശോധനത്തിനു നല്ലതെന്തെന്നും പുനരിതരമജ്ഞാനത്തിൻ നാശകമെന്തെന്നതും * ജ്ഞാനവിജ്ഞാനമോക്ഷപ്രാപ്തിക്കുത്തമോപായം മാനസം തെളിഞ്ഞരുൾ ചെയ്യേണം ദയാനിധേ * വേദവേദാന്തപുരാണേതിഹാസങ്ങളെല്ലാം ആദരപൂർവ്വം ഞാനും പലതുമഭ്യസിച്ചേൻ * ഒന്നുകൊണ്ടുമേ മനശ്ശോധനം വന്നിലമേ ചൊന്നാലുമിതിന്നുപായാന്തരം മഹാമതേ * നന്ദനവാക്യമേവം കേട്ടു വേദവ്യാസനും മന്ദഹാസാനന്തരം സാനന്ദമരുൾ ചെയ്തു * കേൾക്ക നന്ദന മഹാഗുഹ്യമാമുപദേശം ശ്രേഷ്ഠം വിജ്ഞാനദം ബുദ്ധിശുദ്ധിദം പൂർണ്ണം * ഗന്ധമാദനേ മഹാപുണ്യവർദ്ധനേ ഗിരൗ ബന്ധനാശനം ജടാതീർത്ഥമെന്നിതി വിഖ്യാതം * ശ്രീരാമദേവൻ പണ്ടു തന്നുടെ ജടകളെ ചാരുവാം വണ്ണം പ്രക്ഷാളനം ചെയ്തു മൂലം * നാമധേയവും ജടാതീർത്ഥമെന്നായി വന്നു കോമളവരങ്ങളും നൽകിനാൻ ജഗന്നാഥൻ * ആ തീർത്ഥം തന്നിൽ സ്നാനം ചെയ്യുന്ന ജനത്തിനു സത്വരം ചിത്തശുദ്ധി വരുമെന്നരുൾ ചെയ്തു * യജ്ഞവും ദാനം ജപമുപവാസവുമേവം യത്നങ്ങളൊന്നും വേണ്ട ചിത്തശുദ്ധ്യർത്ഥം നൂനം * സജ്ജനശ്ലാഘനീയം കേവലം ജടാതീർത്ഥം മജ്ജനം തന്നെ പോരുമെത്രയും ഗുഹ്യമിദം * ശോധനവിശുദ്ധിദം മംഗലം മംഗലാനാം പാതകവിനാശനം മഹത്തപസ്സമാർജ്ജനം * ധന്യമായുഷ്യം യശോവർദ്ധനം സൗഭാഗ്യദം മന്നിടം തന്നിലേവം മറ്റൊരു തീർത്ഥമില്ല * ഇങ്ങിനെ താതൻ മുന്നം വരുണനോടു ഭൃഗു വിനീതാ ചോദിച്ച നാളവനരുൾ ചെയ്തു * നന്ദന നീയും ഗന്ധമാദനാചലേ ചെന്നു നന്ദിതേടിട്ടും ജടാതീർത്ഥത്തിൽ മുഴുകേണം * എന്നതു കേട്ടു ഭൃഗു വരുണൻ തന്നെ തൊഴുതുന്നതമോദം ജടാതീർത്ഥവും പ്രാപിച്ചുടൻ * സ്നാനവും ചെയ്തു രാമനാഥനെ സ്സേവിച്ചുടൻ ജ്ഞാനവുമുണ്ടു മനശ്ശുദ്ധിയും ലഭിച്ചതേ * വിനഷ്ടാജ്ഞാനനൗഘനായുള്ളശുദ്ധികൊണ്ടു വിശിഷ്ടാദ്വൈതജ്ഞാനശാലിയായ് ഭൃഗു

മുനി * സാക്ഷാലീശപരാംശമായുള്ളോരുദുർവ്വാസസ്സും മോക്ഷകാര
ണംജടാതീർത്ഥമജ്ജനംചെയ്തു * ദത്താത്രേയനുംപുരാ ശ്രീജടാതീർത്ഥ
സ്നാനാൽ ചിത്തശുദ്ധിയുംഭവിച്ചദ്വൈതജ്ഞാനംപൂണ്ടു * എ
ന്നുമൂലംനീയുംവൈകാതെപോയീടണം നന്ദനജടാതീർത്ഥമജ്ജ
നംചെയ്തീടുവാൻ * താതഭാഷിതംകേട്ടുശ്രീശുകബ്രഹ്മർഷിയും സാ
ദരംനടന്നിതുതൽതീർത്ഥസ്നാനാർത്ഥമായ് * സങ്കല്പപൂർവ്വംതത്രസ്നാന
വുംചെയ്തുമന സ്സങ്കടംവെടിഞ്ഞാത്മശുദ്ധിയുംലഭിച്ചുടൻ * സ്വ
സ്വപിതൃപത്തിൻപാദിജ്ഞാനവാനായുംവന്നു വിസ്മയംജടാതീർത്ഥ
വൈഭവംനിരൂപിച്ചാൽ * ഭുക്തികാമനായ്സ്നാനംചെയ്യാൽഭുക്തി
യുമുണ്ടാം മുക്തികാമനെന്നാകിൽമുക്തിയുംസിദ്ധിച്ചീടും * ജപ
ഹോമോപവാസാദ്യഖിലയത്നംവിനാ ലഭിക്കുംചിത്തശുദ്ധിതൽ
തീർത്ഥനിഷേവണാൽ * ഈവണ്ണംജടാതീർത്ഥവൈഭവംപുകഴ്ത്തു
വാൻ കേവലംത്രിമൂർത്തികൾക്കൊഴിഞ്ഞുസാദ്ധ്യമല്ലാ * കേൾക്ക
താപസന്മാരേതല്പരംലക്ഷ്മീതീർത്ഥം ഭോക്തൄണാംസർവ്വസമ്പദ്ദായകംമ
നോഹരം * ഒന്നിനെച്ചിന്തിച്ചതിൽമജ്ജനംചെയ്തീടുകിൽ നിർണ്ണ
യമവനതുസംഭവിച്ചീടുമല്ലോ * ദാരിദ്ര്യനിവാരണംപുഷ്ടിദംശുഭ
പ്രദം ഭൂരികന്മഷാപഹംസമ്പദാമാലംബനം * ധർമ്മനന്ദനൻപു
രാതൽതീർത്ഥസ്നാനംകൊണ്ടു നിർമ്മലൻമഹത്തായോരൈശ്വര്യംല
ഭിച്ചതും * പാണ്ഡുനന്ദനന്മാരുംധൃതരാഷ്ട്രാനുജ്ഞയാ കുന്തിയെവെ
ടിഞ്ഞിന്ദ്രപ്രസ്ഥാപുരികളിരുന്നനാൾ * കാരുണ്യവാരാന്നിധിമാധവ
ൻവാസുദേവൻ ഭൂരിപൌരുഷന്മാരാമവരെക്കണ്ടീടുവാൻ * ആ
ശയാമോദമോടുമാഗതനായനേരം പേശലഗുണവാന്മാർപാണ്ഡു
നന്ദനന്മാരും * ഉൾപ്പൂവിലുള്ളോരാനന്ദാമൃതലഹരികൊ ണ്ടത്ഭു
തപരവശന്മാരായ്ചെന്നെതിരേറ്റു * പാണ്ഡുനന്ദനഗൃഹംപ്രാപി
ച്ചുമുകുന്ദനും പാണ്ഡവന്മാരോടൊരുമിച്ചുമേളിച്ചുവാണു * അക്കാ
ലമൊരുദിനംധർമ്മജൻയദുകുല മുഖ്യനാംകൃഷ്ണനോടുചോദിച്ചുസ
കൌതുകം * പുണ്ഡരീകാക്ഷജഗന്നായകവാസുദേവ പൂർണ്ണപു
ണ്യനാംഹൃദയാംബുജനികേതന * യാതൊരുകർമ്മംകൊണ്ടുമാനവ
ൻമഹത്തായോ രാതുമൈശ്വര്യംലഭിക്കുന്നതുംഭഗവാനേ * സ
മരവീരന്മാരെതരസാജയിപ്പതു മർത്ത്യത്താംപരലോകസുഖത്തെലഭി
പ്പതും * അന്നേരംജഗന്നാഥനിന്ദിരാമനോഹരൻ മന്ദഹാസവും
പൂണ്ടുമന്ദമായരുൾചെയ്തു * കേട്ടാലുംധർമ്മാത്മജഗന്ധമാദനഗിരൌ
ശ്രേഷ്ഠമായോരുതീർത്ഥമുണ്ടെടോമഹാമതേ * നാമധേയവുംലക്ഷ്മീ
തീർത്ഥമെന്നാകുന്നിതും നാമതിൻഗുണംപുകഴ്ത്തീടുവാനാളല്ലെടോ*
തത്തീർത്ഥനിമജ്ജനംചെയ്യേണംഭവാനെന്നാ ലെത്തീടുംമഹത്താ

യോരൈശ്വൎയ്യംമഹിപതേ * ശത്രുനാശവുംവരുംക്ഷത്രവൃദ്ധിയുമു
ണ്ടാം മിത്രസമ്പത്തുമുണ്ടാമില്ലസംശയമേതും * പുണ്യദേലക്ഷ്മീതീ
ൎത്ഥമജ്ജനംചെയ്തുപുരാ പുണ്യശാലികളായദേവന്മാരെല്ലാവരും *
സൎവ്വസമ്പത്തുലഭിച്ചീടിനാരത്രയല്ലാ ഗൎവ്വിതന്മാരാമസുരന്മാരെജ
യിപ്പതും * മഹിയുംലക്ഷ്മിധൎമ്മമീമൂന്നുംലക്ഷ്മിതീൎത്ഥ മഹിമകൊ
ണ്ടുണ്ടാകുംസത്യമെന്നറിഞ്ഞാലും * ദാനയാഗാശീൎവ്വാദതപസ്സാം
ഗണെണരേവം ന്യൂനമുണ്ടാകയില്ലസമ്പത്തെന്നറിഞ്ഞാലും * പാ
പങ്ങൾനശിച്ചീടുംവിഘ്നങ്ങളകന്നീടും വ്യാധികളൊളിച്ചീടുമത്തീ
ൎത്ഥനിഷേവണാൽ * നളകൂബരൻപുരാതത്തീൎത്ഥസ്നാനംകൊണ്ടു
ലളിതാപാംഗിയായരംഭയെലഭിച്ചതും * നരവാഹനൻതാനുംതജ്ജ
ലെനിമജ്ജനാൽ പരമനിധിഗണനായകനായീടിനാൻ * എന്ന
തുമൂലംഭവാനനുജന്മാരുമായി ചെന്നതിൽനിമജ്ജനംചെയ്യേണംധ
രാപതേ * സമ്പത്തുമുണ്ടായീടുംശത്രുനാശവുംവരും വന്മേവരുംപാ
പങ്ങളുമാകവെനശിച്ചീടും * സന്ദേഹമുണ്ടാകേണ്ടധൎമ്മനന്ദനഭ
വാ നിന്നിതുനിമിത്തമായ്ക്കുന്ദതതേടീടൊലാ * ഇങ്ങിനെവാസുദേ
വനരുളിച്ചെയ്യുനേരം മംഗലശീലൻപുണ്യലോലുപൻയുധിഷ്ഠിര
ൻ * അനുജന്മാരുമായിത്തരസാപുറപ്പെട്ടു വിനയശാലിഗന്ധ
മാദനമകംപുക്കു * ഐശ്വൎയ്യപ്രാപ്തിക്കൊരുകാരണമായുള്ളോരു
വിശ്വൈകപ്രസിദ്ധമാംലക്ഷ്മീതീൎത്ഥവുംകണ്ടു * നിയമസമേതനാ
യ്സ്നാനവുംചെയ്തുനല്ല നിയതിക്കധിവാസനാകിയപുണ്യശാലി *
വേദപാരഗന്മാൎക്കുധനധാന്യാദിദാനം മോദമോടനുദിനമാവോളം
ചെയ്തീടിനാൻ * മുപ്പതുദിനമേവംകഴിഞ്ഞോരനന്തരം താൽപൎയ്യ
മോടുംനിജനഗരമകംപുക്കു * രാജസൂയംചെയ്വതിന്നഭിലാഷവും
പൂണ്ടു രാജശേഖരൻവാസുദേവനെവരുത്തിനാൻ * ജഗദീശ്വ
രൻനന്ദനന്ദനൻഭക്തലോക സുഗതിപ്രദനെഴുന്നെള്ളിനാൻമോ
ദമോടും * വിനയസമന്വിതമനുജൈസ്സമംധൎമ്മ തനയൻസസം
ഭ്രമംസല്ക്കരിച്ചിരുത്തിനാൻ * നന്ദഗോപാലസൂനോസുന്ദരകളേബ
ര മഞ്ജുളഗുണാംബുധേകംസകമെൽദൂരഗ്രാഹം * രാജശേഖരന്മാ
ൎക്കംസാദ്ധ്യമല്ലാതതയുള്ളരാജസൂയമാംയാഗംചെയ്വതിന്നഭിലാഷം*
വ്യാജമല്ലെഹാമമമാനസേവളരുന്നു രാജമാനാംഭോരുഹലോചന
വാസുദേവ * ഇത്തരംധൎമ്മാത്മജഭാഷിതംകേട്ടശേഷ മുതാരമരു
ൾചെയ്തുദേവകീകുമാരനും * ഭോഷ്കല്ലധൎമ്മാത്മജഭൂമിപന്മാരിലിന്നു
ദുഷ്കരംരാജസൂയമാകുന്നമഹായാഗം * അവധിയില്ലാതൊരുപാദാ
തഗജരഥ സംവശവാജിഭുജബലവാൻനരാധിപൻ * വരമാച
രിക്കേണ്ടൊരുക്രതുനായകമിദം സരസാന്നിദ്ധ്യേഭവാനെങ്ങിനെസാധി

പ്പതും * ദിക്കുകളെല്ലാംജയിച്ചവനീപാലന്മാരോ ടൊക്കവെകര
മായിദ്രവിണംഗ്രഹിക്കേണം * അങ്ങിനെയുള്ളധനംകൊണ്ടുചെയ്യേ
ണ്ണായാഗം എങ്ങിനെഭവാനിന്നുചെയ്വതുംമഹീപതേ * യുക്തി
കൾപാർത്തുഞാനാഗ്രഹിപ്പിക്കയെന്നീ മുഷ്കരംഭയംജനിപ്പിക്കയി
ല്ലെടൊനൃപ * ദിഗ്ജയംചൊല്ലീടണംമുമ്പിനാൽഭവാനെന്നാൽ
മിക്കതുമറിഞ്ഞീടാംസാദ്ധ്യവുമസാദ്ധ്യവും * കൃഷ്ണഭാഷിതംകേട്ടുധർമ്മ
ജൻനിജാനുജാൻതൽക്ഷണെസമാഹൂയസാദരംചൊല്ലീടിനാൻ *
ഭീമവിക്രമഭീമകേട്ടാലുംധനഞ്ജയ ധീമതാംവരന്മാരാംമാദ്രീനന്ദനന്മാ
രും * രാജസൂയമാംയാഗംചെയ്വതിന്നിനിക്കുള്ളി ലാശയുണ്ടതിന്മൂ
ലമൊന്നുചെയ്യേണംനിങ്ങൾ * സേനകളോടുമൊരുമിച്ചുചെന്നുട
ൻനല്ല മാനവശ്രേഷ്ഠന്മാരേദിക്കുകൾജയിക്കേണം * വൈകാതെപോ
യാലുമെന്നഗ്രജനിയോഗംകേ ട്ടേകമാനസന്മാരാംപാണ്ഡുനന്ദന
ന്മാരും * ഉടനെനടന്നോരോദിക്കുകളകംപുക്കു കഠിനതരംമ
ഹാസമരംചെയ്തീടിനാർ * വിസ്തരിച്ചതിനേറെപ്പറയുന്നീതുപാ
ണ്ഡു പുത്രന്മാരെല്ലാദിക്കുംജയിച്ചാരെന്നേവേണ്ടു * അവനിപാല
ന്മാരാൽദത്തമാംദ്രവിണൌഘമവധിയില്ലാതോളംഗ്രഹിച്ചപാണ്ഡ
വന്മാർ * ഭീമനുംശതഭാരസുവർണ്ണസമേതനായ് കോമളംമഹാപുരം
പ്രാപിച്ചുമഹാബലൻ * സഹസ്രഭാരംസുവർണ്ണാവലിയോടുംകൂടെ
സഹസാകിരീടിയുംനഗരമകംപുക്കു * അത്ഭുതവീര്യശാലിനകുലൻ
ശതഭാര കല്പിതസുവർണ്ണമോടപ്പുരിപുക്കീടിനാൻ * ദക്ഷിണദേശ
മെല്ലാംജയിച്ചുസഹദേവ നക്ഷണംവന്നീടിനാനസംഖ്യധനത്തോ
ടും * സുവർണ്ണമയങ്ങളാംതാലങ്ങൾപതിന്നാലു മവനീശ്വരന്നുനൽ
കീടിനാൻവിഭീഷണൻ * ലോകനായകൻഭവലോകനായകൻകൃ
ഷ്ണൻ പാകശാസനമുഖദേവവന്ദിതപാദൻ* ഭക്തന്മാർക്കലങ്കാരഭൂത
നാംധർമ്മജനും തൽക്ഷണനൽകീടിനാനസംഖ്യംദ്രവ്യജാതം * അ
ത്ഭുതംപലതരസുവർണ്ണങ്ങളെക്കൊണ്ടു തൽപുരമിടതിങ്ങിനിറഞ്ഞു
മനോഹരം * ഇങ്ങിനെധർമ്മാത്മജൻമാധവസഹായേന തിങ്ങിന
മോദത്തൊടെതുടങ്ങിരാജസൂയം * ഗോധനധാന്യാംശുകഭൂമുഖദാന
ങ്ങളും ലോഭമെന്നിയെചെയ്തുഭാഗ്യവാൻനരാധിപൻ* അർത്ഥികൾ
ക്കെല്ലാമില്ലാദാരിദ്ര്യന്നാനാദേശപര നാർത്ഥങ്ങൾനൽകീടിനാനത്ഭുത
പുണ്യശാലി * ദാനംചെയ്തോരുധനസഞ്ചയംകാണുന്നോരു ജനമാ
ന്യന്നുപഭണ്ഡാരമെന്നുതോന്നും * പുരത്തിന്നകമവിടവിടംകാ
ണുന്നോർക്കൊഴിഞ്ഞതൊന്നുപോലുംകാട്ടുതില്ലെന്നുതോന്നും * ബ
ഹുനാൾകൊണ്ടുധർമ്മജൻയാഗംചെയ്തു ബഹുധാദാനങ്ങളും
ചെയ്തുസന്തോഷത്തോടും * അമരാപതിതന്നിലമരേന്ദ്രനെന്നപോലെ

ശമനകുമാരകനനുജന്മാരുമായി * സ്തുതിച്ചു ലക്ഷ്മീതീർത്ഥവൈഭവമ
നുവേലം സുഖിച്ചു വാണീടിനാർ താപസോത്തമന്മാരെ * ഐഹി
കപാരത്രികസുഖത്തിന്നാശയുള്ള ദേഹികൾ ലക്ഷ്മീതീർത്ഥമജ്ജനം
ചെയ്തീടേണം * ആരുമില്ലതിനുടെ മഹാത്മ്യമറിഞ്ഞവർ മേരുപോലു
ന്നതമേവം മറ്റൊരു തീർത്ഥമില്ല * ഇക്കഥ കേൾക്കും ജനത്തിനും സമ്പ
ത്തുണ്ടാം ഭക്തിയും വർദ്ധിച്ചീടും മുക്തിയുമുണ്ടാമ്പരം * ലക്ഷ്മീതീർത്ഥ
ത്തിൽ സ്നാനം ചെയ്തുടൻ വിശുദ്ധനായ് തൽക്ഷണമഗ്നിതീർത്ഥമജ്ജ
നം ചെയ്തീടണം * പാപശുദ്ധികളപാരം നന്നെന്നോ പുനരതിൻ പ്രാ
ഭവം പുകഴ്ത്തുവാനീശ്വരനൊഴിഞ്ഞില്ല * അഗ്നിതീർത്ഥമെന്നുള്ള നാ
മധേയത്തിൻ മൂലമഗ്നിതുല്യാഭന്മാരേ കേട്ടുകൊണ്ടാലും നിങ്ങൾ * രാ
വണവധം കഴിഞ്ഞ കാലം രാമചന്ദ്രൻ രാവണാനുജൻ തന്നെ വാഴി
ച്ചു ലങ്കാപുരെ * ജാനകിയോടുമൊരുമിച്ചനുജനുമായി ദീനവത്സലൻ
കരുണാകരൻ ജഗന്നാഥൻ * ഇന്ദ്രാദിദേവന്മാരാൽ സ്തൂയമാനനാ
യ് മുനിവൃന്ദവന്ദിതനുമായ് സത്യവിക്രമൻ രാമൻ * പിതൃമുഖ്യന്മാ
രോടും രാക്ഷസേശ്വരനോടു മതിവീരന്മാരായ വാനരന്മാരുമായി *
സേതുമാർഗ്ഗേണ പോന്നു ഗന്ധമാദനം പുക്ക ഭീതിനാശനൻ ലക്ഷ്മീതീ
ർത്ഥസന്നിധൌ തദാ * സർവ്വലോകൈകസാക്ഷി ജാനകീദേവിവൃത്തം
സർവ്വലോകൈകബോധം വരുത്തിക്കൊണ്ടീടുവാൻ * സമുദ്രോദകേ
ശുദ്ധേ പാവകദേവൻ തന്നെ സ്സമപ്പിച്ചാരാധിച്ചു സർവ്വദേവതാമയ
ൻ * അന്നേരമനലനുമുന്നതജ്വാലാമാല സന്ദോഹഭയാനകനാത്മ
ഹാനാദമോടും * ആതാമ്രനയനനാസ്ഥിതവാസസ്സംധരിച്ചാത്തുംഗ
ത്തജിഹ്വാലീഢദിഗ്വലനായി * ജാനകീനാഥം ലീലമാനുഷസ്വ
രൂപിണം ദിനപാലകം കൂപ്പിത്തൊഴുതു ചൊല്ലീടിനാൻ * ശ്രീരാമ
നമോസ്തുതേ ദേവദേവനാം പതേ ഘോരരാക്ഷസകുലമർദ്ദനദയാനിധേ *
ജാനകിതന്റെ പാതിവ്രത്യത്തിൻ ബലം കൊണ്ടു ദീനവത്സലഭവാൻ
ജയിച്ചു രണാങ്കണേ * സംശയമേതുമില്ല സത്യമെന്നറിഞ്ഞാലും സം
ശിതമതേ സത്യം സത്യമെന്നറിഞ്ഞാലും * ലീലയാ മഹാമതേ മാനുഷ
സ്വരൂപിണീ നീലലോചനേ സ്വയം ലോകാനാം മാതാ സീതാ * നി
ന്തിരുവടിയുടെ ദേവതേ ദേവദേവ ശന്തമഗ്നനാം ഭവാൻ യാദൃശന്മാ
ദൃശിയാം * ഓരോരോവിധമവതാരം നീ ചെയ്യുന്നേരം നേരോടെ സ
ഹായമായീടുമിദ്ദേവി താനും * ഭാർഗ്ഗവനായ കാലമീശ്വരീ ഭൂദേവിയായ്
ഭാർഗ്ഗവീ പതേ ഭവാനിന്നേവം ഭവിക്കയാൽ * ജാനകീദേവിയായിട്ടീ
ശ്വരീ ലക്ഷ്മീദേവി സാനന്ദമവതരിച്ചീടിനാളിന്നു നൂനം * എന്നതു
മൂലം ഭവാനിന്നു സംശയം വിനാ സുന്ദരീമേനാം പരിഗ്രഹിച്ചീടുക വി
ഭോ * പാവകവാക്യം കേട്ടു ദേവന്മാരെല്ലാവരു-മാമോദാൽ സീതാദേവി

തന്നെയുംപ്രശംസിച്ചു * രാഘവൻതാനുമേവമഗ്നിഭാഷിതംകേട്ടു രാ
കേന്ദുമുഖീമനോജ്ഞാംസീതയെസ്വീകരിച്ചു * ഇങ്ങിനെരാമചന്ദ്രൻമൈ
ഥിലിപിത്ര്യർത്ഥം മംഗലശീലനാവാഹിച്ചതുനിമിത്തമായ് * അ
ഗ്നിദേവനുംപുനരുത്ഭവിച്ചോരുദേശമഗ്നിതീർത്ഥമെന്നേവംചൊല്ലു
ന്നുബുധജനം * അതീർത്ഥംതന്നിൽസ്നാനംചെയ്തുഭൂദേവന്മാർക്ക
സപാത്രദാനവുംചെയ്തുമൃഷ്ടാന്നംനൽകീടിനാൽ * മുക്തിസംഭവിച്ചീ
ടുമില്ലസംശയമേതും ഭുക്ത്യാദിസുഖങ്ങളെച്ചൊല്ലവേണമോപി
ന്നെ * കേട്ടുകൊണ്ടാലുമഗ്നിതീർത്ഥവൈഭവംപിന്നെ ശ്രേഷ്ഠമാമി
തിഹാസംമാമുനിവരന്മാരേ * പണ്ടുപാടലിപുത്രമാകുന്നപുരംതന്നി
ലുണ്ടായിപത്മമാനെന്നൊരുജ്യോതിർമ്മനേകൻ * കൃഷിയുംഗോരക്ഷയും
വാണിജ്യമെന്നിതെല്ലാം വഴിയെചെയ്തുധനമാർജ്ജിച്ചാനസംഖ്യ
മായ് * നല്ലധർമ്മജ്ഞനവനക്കാലമുണ്ടായ്വന്നു വല്ലഭമാരായ്മൂന്നുത
രുണീരത്നങ്ങളും * പതിശുശ്രൂഷയുംചെയ്തുവരുമിരുന്നനാളതി
കൌതുകംഗർഭമുപക്രമമുണ്ടായ്വന്നു * ജ്യേഷ്ഠഭാര്യയുംപ്രസവിച്ചുനന്ദ
നത്രയം * പെട്ടെന്നുസുതദ്വയംമദ്ധ്യമയ്ക്കുണ്ടായ്വന്നു * മൂന്നുനന്ദന
ന്മാരെപ്പെറ്റിതന്ത്യയുംതദാ തിന്നിതാകവെപുനരെട്ടുനന്ദനന്മാ
രും * ആമയംവെടിഞ്ഞുടൻപത്മമാനതുകാലം നാമവുമിട്ടീടിനാന
വർക്കഥാക്രമം * സുപുണ്യൻപുണ്യവാനുംചാരുപുണ്യനുംപുന
രപാരൻസുകേശനുംബഹുകേശനുംതഥാ * ആറാംപുത്രനുമഹാപു
ണ്യനെന്നല്ലോനാമം വേറില്ലമഹാകോശനെന്നുസപ്തമസുതൻ *
ദുഷ്പുണ്യനെന്നുനാമമഷ്ടമതനുജനും ദുഷ്കർമ്മപരിപാകമവനെന്നറി
യേണം * ഇങ്ങിനെബാലകന്മാരവരുമനാരതം സംഗതന്മാരായുള്ളി
ച്ഛാനാചഹംവളരുന്നാൾ * കൂടവേവളർന്നിതുസന്തോഷംജനകനും
പേടമാൻകണ്ണിമാരുമാനന്ദംതേടീടിനാർ * ബാല്യവുംകഴിഞ്ഞൊരു
കലത്തുപത്മമാനും ബാലകന്മാരെസൽകൃത്യങ്ങളിൽശീലിപ്പിച്ചു *
നന്ദനന്മാരുമെല്ലാമുന്നതഗുണന്മാരായ് വന്ദനംപിതാവിനെച്ചെ
യ്തുവാണീടുംകാലം * അഷ്ടമപുത്രനായദുഷ്പുണ്യൻമഹാഖലൻ ഒട്ടു
മെപിതൃവാക്യാലംബനംചെയ്തീലഹോ * ജനകൻചൊന്നതെല്ലാം
വിപരീതമായുന്നമനസാനിരൂപിച്ചുചെയ്തീടുമവൻതദാ * കശ്മ
ലൻപാംസുകേളികാലംതൊട്ടനുദിനം ദുർമ്മാർഗ്ഗനിരതനായ്വന്നിതുമ
ഹാകഷ്ടം * ഒട്ടുകാലംചെന്നിട്ടുംദുഷ്ടതപോകായ്കയാൽ പെട്ടെന്നുപ
ത്മമാനുമവനെയുപേക്ഷിച്ചു * ഈവണ്ണംവാഴുംകാലംബാലകന്മാരു
മവരേവരുംതാരുണ്യമാംകാലവുംപൂണ്ടീടിനാർ * ദുഷ്പുണ്യജനോ
ത്തമൻദുഷ്പുണ്യനതുകാലംതൽപുരംതന്നിലുള്ളബാലകജനങ്ങളെ *

ആരുമെയറിയാതെപിടിച്ചുകൂപങ്ങളി ലാത്രദ്ധാനന്ദമിട്ടുകൊന്നിതുമഹാപാപി * ചിലബാലകന്മാരെപ്പിടിച്ചുകെട്ടിപ്പാര മൊലിവുള്ളോരുജലംതന്നിലങ്ങിട്ടീടിനാൻ * ചൊല്ലാവല്ലഹോചിലപൈതങ്ങൾതന്നെയവൻ കല്ലുകൾകെട്ടിവാപിതോയത്തിലിട്ടുകൊന്നാൻ * ബാലകന്മാരെക്കാണാഞ്ഞുഴന്നുപൌരന്മാരു മാലോലചിത്തന്മാരായാരാഞ്ഞുനടന്നുടൻ * ശവങ്ങൾചിലസലിലങ്ങളിൽകണ്ടുഖേദി ച്ചുവശംകരവതുംകണ്ടവൻരസിച്ചീടും* ഇങ്ങിനെപലദിനംകഴിഞ്ഞതങ്ങൊരുവനു മെങ്ങിനെമരിപ്പതെന്നറിഞ്ഞീലഹോചിത്രം* പിന്നെയുമവൻശിശുവൃന്ദത്തെപ്പിടിച്ചുടൻ കൊന്നുകൊന്നൊട്ടുക്കീട്ടുമന്യായപരായണൻ*പ്രജകൾക്കതെകാലംവൃദ്ധിയില്ലായ്കമൂലം പ്രജിനംപൂണ്ടുപുരംശൂന്യമായ്വന്നുകൂടി*അന്നൊരുദിനംപുരവാസികളൊരുമിച്ചു ചെന്നുഭൂപതിയോടുവൃത്താന്തംചൊല്ലീടിനാർ * രാജാവുമതുനേരംഗ്രാമപാലകന്മാരെവ്യാജമെന്നിയെബാലമാരകമറിവാനായ്* അനുശാസനവുംചെയ്തയച്ചോരനന്തരം ഘനകൌശലമോടുമവരുംതിരകവെ * ചിലബാലകന്മാരെപ്പിന്നെയുംപിടിച്ചവൻ വലുതായോരുവാപിതോയത്തിലിട്ടുകൊന്നാൻ * രാജകിങ്കരന്മാരുമാവോളംതിരഞ്ഞിട്ടും വ്യാജമല്ലഹോബാലമാരകമറിഞ്ഞീലാ * അവനീപാലാന്തികംപുക്കവരെല്ലാവരും അവനാമവുംചെയ്തുസഭയമുണർത്തിച്ചു * ഞങ്ങളുമാവതെല്ലാംതിരഞ്ഞുരാജൻപുരാ രെങ്ങുമെബാലമൃതികാരണമറിഞ്ഞീലാ * എന്നവർചൊല്ലുന്നേരംപൌരന്മാരെല്ലാവരു മായ്വന്നുമന്നനോടുസങ്കടംചൊല്ലീടിനാർ * രാജാവുംതല്ക്കാരണമറിയാഞ്ഞതുമൂലം വേദനപൂണ്ടുപാരംകുണ്ഠനായ്മരുവിനാൻ * അക്കാലമൊരുദിനംവൈശ്യനന്ദനന്മഹാ ദുഷ്ടമതിദുഷ്പുണ്യനുമഞ്ചുബാലന്മാരുമായ് * ചെന്നൊരുതടാകത്തിന്നന്തികംപുക്കീടിനാർ സുന്ദരപങ്കേരുഹാഹരണവ്യാജത്തോടും* ബാലകന്മാരുംവാപീസന്നിധൌചെന്നനേരം ശീലിതദുരാചാരവൈഭവൻദുഷ്പുണ്യനും * തരസാപിടിപെട്ടിട്ടുരസിത്താഢിച്ചുടൻ സരസാതോയംതന്നിൽതാഴ്ത്തിനാൻസകൌതുകം * ഒട്ടുവൈകാതബാലമരണംനിശ്ചയിച്ചു പെട്ടന്നുപുക്കീടിനാൻദുഷ്പുണ്യൻനിജാലയം* തല്പിതൃജനങ്ങളുംനന്ദനന്മാരെക്കാണാ ഞ്ഞപ്രദേശങ്ങളെല്ലാംതിരഞ്ഞുനടക്കുമ്പോൾ * സലിലംകുറകയുംശൈശവംകഴികയും ബലമായുസ്സിന്നുണ്ടായ്വന്നതുനിമിത്തമായ് * അന്നുബാലന്മാരവർക്കുണ്ടായതില്ലമൃതി ഉന്നതതരമല്ലൊദൈവവൈഭവമോർത്താൽ * വാപീതീരത്തിൽകരയേറിനാർബാലന്മാരു മാപീതജലഭരത്തിൻവൈവശ്യമോടും * നടന്നുകൂടായ്കയാലുഴന്നുപലതരം കിടന്നീടിനാരോരോ

പാദപച്ഛായതോറം* അനന്തരംബന്ധുജനമുഴന്നുനടന്നുട സന്നതര
വമോടുംവിളിക്കുംനാദംകേട്ടു * അറിഞ്ഞുബാലകന്മാർവിളിയുംകേട്ടു
നേരം വിരഞ്ഞുവന്നീടിനാരവരുംതൽപ്രദേശേ * നന്ദനന്മാരെത്ത
ദാസപ്രാണന്മാരായ്ക്കണ്ടു നന്ദിചേർന്ത്യാനന്ദംപൂണ്ടവർമൊഴികെ
യാൽ*പറഞ്ഞുബാലന്മാരഖിലംപരമാർത്ഥ മറിഞ്ഞുദുഷ്പണ്യദു
ശ്ചേഷ്ടിതംജനങ്ങളും * ഭൂപാലൻതന്നെക്കണ്ടുവന്ദനംചെയ്തുപരി
താപംപൂണ്ടുദന്തങ്ങളാകവെചൊല്ലീടിനാർ * വിശങ്കേണൻനര
പാലകനതുനേരം പശുമാനെയുംസുതന്മാരേയുംവരുത്തിനാൻ *
പൌരന്മാരെല്ലാവരുംകേൾക്കവെനരാധിപൻ ഭൂരിപൌരുഷൻവ
ണിക്പരനോടരുൾചെയ്തു കേട്ടിതോവർത്തമാനംപശുമാൻവണിക്
പതേ കേട്ടാലുംമഹാപാപമുണ്ടെന്നേപറയാവൂ * നിന്നുടെതനയ
നാംദുഷ്പണ്യനിവൻപര മന്യായപരൻഭൂരിപ്രജമാംമമപുരം * ശൂ
ന്യദേശികങ്ങളാംവാപികൂപാദികളിൽ കഷ്ടമിട്ടാകക്കൊന്നുമുടിച്ചാ
നതുമൂലം പുഷ്ടമായ്പുന്നുപാപംനമുക്കുമെന്നേവേണ്ടു * സംശ
യംനിനക്കിതിനുണ്ടെന്നുവരുന്നാകിൽ സംശിതമതേചോദിച്ചീടു
കബാലകാനാം * ധർമ്മിഷ്ഠൻനീയെന്നതുംഞാനറിഞ്ഞിരിക്കു
ന്നു നിർമ്മലമതേകരണീയമെന്തതുചൊൽക * ഇങ്ങനെരാജ
വാക്യംകേട്ടോരുപശുമാനും സംഗതശോകമോടുമുത്തരംചൊല്ലീ
ടിനാൻ * ഇമ്മഹാപാപംചെയ്തപുരുഷാധമൻതന്നെ ധർമ്മജ്ഞോ
ത്തമഭവാൻവൈകാതെകൊന്നീടണം * സന്ദേഹമിനിക്കതിനേ
തുമെതോന്നുന്നില്ല നന്ദനനെന്നുള്ളോരുവാത്സല്യമതുമില്ല * പ
ശുമാൻചൊന്നവാക്യംകേട്ടുനാഗരന്മാരും വിശങ്കേണനിവനെ
സംബോധിച്ചീടിനാർ * പിന്നെയുംപശുമാങ്കൽസ്നേഹമുണ്ടാകമൂ
ലം ധന്യനാംനരാധിപൻകൊന്നീലദുഷ്പണ്യനെ * നമ്മുടെരാജ്യം
തന്നിലിവനെക്കണ്ടീടുകിൽ സമ്മോഹംവെടിഞ്ഞുടൻകണ്ടവർകൊ
ന്നീടണം * ഒരുവനുപേക്ഷിച്ചാലവനെക്കൊൽവനഹം വിരവോ
ടതിനില്ലസംശയലേശംപോലും * ദുഷ്പണ്യമഹാപാപിസത്തമദുരാ
ചാര ക്ഷിപ്രംനീപോയീടേണംമല്പുരത്തിന്നുദൂരെ * ഇങ്ങിനെഭൂമി
പാലൻകല്പിച്ചോരനന്തരം മങ്ങിനെതന്നെനടന്നീടിനാൻദുഷ്പണ്യ
നം ആരുമെസഹായവുംകൂടാതെമഹാഖലൻ ദൂരദേശത്തങ്ങൊരു
കാനനംപുക്കീടിനാൻ ആവനംതന്നിൽതപോനിഷ്ഠയാവാണീടുന്നു
കേവലംതപോധനസഞ്ചയംസകൌതുകം * അവിടംതന്നിൽചെ
ന്നുദുഷ്പണ്യൻമുനിജന നികടേവ്യാജമോടുംചിലനാൾവാണീടിനാ
ൻ * ഒരുനാളുഗ്രശ്രവസ്സാകുന്നതപോധന വരബാലകൻതന്നെ
സ്സലിലേതള്ളിക്കൊന്നു * താപസബാലന്മാരിൽചിലരതുകണ്ടു

താപമോടുഗ്രശ്രവസ്സോടുപോയ്ചൊല്ലീടിനാർ * ഉടനേതപോധ
നനവിടെച്ചെന്നുകണ്ടാ നിടർപൂണ്ടാത്മജൻതാൻമരിച്ചുകിടപ്പ
തും * ആരിതുചെയ്തതെന്നുദിവ്യലോചനത്തിനാ ലാരാഞ്ഞുദുഷ്പ
ണ്യദുശ്ചേഷ്ടിതമെന്നറിഞ്ഞു * താപവുംകോപവുംപൂണ്ടുമുനീശ്വ
രൻതാനും ശാപവുംനൽകീടിനാനാശമപാരദുശ്ശാ * എന്നുടെത
നയനെസ്സലിലംതന്നിലിട്ടു കൊന്നൊരുനിനക്കിനികാലതാമസം
വിനാ * വെള്ളത്തിനുള്ളിലതിവേദനയോടുകിട നുള്ളൊരുമരണ
വുമുണ്ടാകുമസംശയം * തദനന്തരംപിശാചത്വവുമനുഭവി ച്ചുടനം
ചെയ്തീട്ടുകപെരുതായുള്ളകാലം * ഇങ്ങിനെമുനിവരൻശപിച്ചോ
രനന്തരമങ്ങുമറ്റൊരുവനംപുക്കിതുദുഷ്പണ്യനും * അപ്രദേശങ്ങ
ളിൽചെന്നങ്ങോട്ടുമിങ്ങോട്ടുഴന്നപ്രതികാരിപാപിസഞ്ചരിച്ചീടുംകാ
ലം * ഒരുനാൾഭയാനകപാംസുവർഷണത്തോടു പെരുതാംകാററും
ശീതവർഷവുമുണ്ടായ്വന്നു * തരുക്കളെല്ലാംമുറിഞ്ഞുടനെപതിപ്പതും
പെരുത്തമൃഗകുലംതരസാമരിപ്പതും * അധികതരഭയപൂണ്ണനായ്ത്തു
ണ്ടുപാപ നിധിയാംദുഷ്പണ്യനുംപരിതാപവുംപൂണ്ടു * എന്തുചെ
യ്യേണ്ടുമെന്നുചിന്തിച്ചുനടക്കുമ്പോ ളന്ധനാമവനൊരുകൌശലംതോ
ന്നീതദാ * മരിച്ചതാംസംതോലുമുണങ്ങികിടപ്പോരു തടിച്ചഗജ
ത്തെക്കണ്ടുദിച്ചമനസ്സോടും * അടുത്തുചെന്നിട്ടതിനകത്തുപുക്കീടി
നാൻ പടുത്വമെന്നുഭാവിച്ചുരത്നപാപശാലി * അത്ഭുതമല്ലോവി
ധികല്പിതമതുനേരം അല്പമല്ലഘോരമഹാവർഷവുംതുടങ്ങിതു * കാന
നാന്തരമെല്ലാംനിറഞ്ഞുസലിലവും പീനമാംപ്രവാഹവുംപൂണ്ടുടൻ
നടന്നുകൊണ്ടു *ഗജത്തിനുള്ളിലെല്ലാംനിറഞ്ഞുജലംതദാ പുറത്തുപോ
രുവാനുംമാർഗ്ഗവുമില്ലാതായി * ദുഷ്പണ്യപരിപാകമറിവാനവൻകൊ
ന്നോ രർക്കന്മാക്കെന്നിയെമറ്റാക്കുംസാദ്ധ്യമല്ലോ * സലിലപ്രവാഹ
ത്തിനൂടെപോയ്ഗജദേഹം ജലരാശിയിൽചെന്നുപുക്കിതെത്രയും
ചിത്രം !* പുറത്തുപോന്നീടുവാൻകഴിവില്ലാഞ്ഞിട്ടതി ന്നകത്തുത
ന്നെമരിച്ചീടിനാൻദുഷ്പുണ്യനും * പലകാലവുംപലനരകമനുഭ
വി ച്ചുലസൻപിശാചുവായ്ജനിച്ചുശാപമൂലം * അല്പമല്ലഘോരപാ
പംഘോരമാം വനാന്തന്നിൽ ക്ഷുല്പിപാസകളോടുമുഴന്നുപലകാലം *
ആതപനീഹാരവർഷാദികളെല്ലാംസഹി ച്ചാത്തുംഗദുഃഖമോടുംപാ
ഞ്ഞുപാഞ്ഞനാരതം * ഇങ്ങിനെകല്പകോടികാലങ്ങളനേകങ്ങ ള
ങ്ങിനെതന്നെമഹാപീഡപൂണ്ടവൻതാനും * ഓരോരോവനംതോറു
മുഴന്നുനടന്നുടൻ നേരേപോയ്ചെന്നുദണ്ഡകാരണ്യമകംപുക്ക *അ
ഗസ്ത്യമുനീന്ദ്രൻതന്നാശ്രമാഭ്യന്തരത്തി ലുരത്തനാദമോടുമട്ടുത്തു
ചൊല്ലീടിനാൻ * കേൾക്കണംതപോധനവീരന്മാരെല്ലാവരും ഭോ
ഷ്ട്ടപ്പചൊല്ലീടാംഞാനെന്നുടെവത്തമാനം * കരുണാമൃതംകൊണ്ടു

പരിപൂരിതമായോരരുണസരസിജനയനാഞ്ചലങ്ങളാൽ * അനു
മോദിച്ചിട്ടനുഗ്രഹിച്ചീടണമെന്നാലനുതാപങ്ങളെല്ലാംദൂരെപ്പോയ്മ
റഞ്ഞീടും * പണ്ടുഞാനൊരുവൈശ്യൻദുഷ്പുണ്യനെന്നുനാമം
കുണ്ഡധീജനോത്തമൻപത്മമാൻതന്റെസുതൻ * അന്നുഞാനഹോ
കഷ്ടംബാലകജനങ്ങളെ കൊന്നതിന്നേതുംപുനരവധിഃതാനുമന്നി
ല്ലാ * അപ്പുരിനാഥൻതാനുംവൃത്താന്തമെല്ലാമറിഞ്ഞപ്പോഴെപ്പുര
ത്തിൽനിന്നെന്നെയുമാട്ടിവിട്ടു * കാടകംപുക്കീട്ടുഗ്രശ്രവസ്സിൻസു
തനെയുംക്രീഡയാജലാന്തന്നിലിട്ടുഞാൻകൊന്നീടിനേൻ * അമ്മു
നിതാനുംദിവ്യലോചനംകൊണ്ടറിഞ്ഞിട്ടിമ്മഹാപിശാചത്വംശാ
പമായ്നൽകീടിനാൻ * ഞാനുമിങ്ങിനെശൂന്യകാനനവനങ്ങളി
ൽ ദീനനായുഴലുന്നേനസംഖ്യംകല്പകാലം * ക്ഷുല്പിപാസകൾസ
ഹിച്ചീടുവാൻശക്തിപോര ശില്പമായ്രക്ഷിക്കേണമെന്നെയുംകൃപാ
ലുശാ * പൈശാചവാക്യംകേട്ടുതാപസന്മാരുംചെന്നു പേശലാന
ന്ദംകുംഭസംഭവംവണങ്ങിനാർ * ദുഷ്പുണ്യൻതന്റെപാപമോച
നത്തിന്നിദാനീം ശില്പമായഭ്യുപായമരുളിച്ചെയ്തീടേണം * ഇങ്ങി
നെമഹാപാപമുള്ളതുമകററുവാൻ മംഗലാകൃതേഭവാനൊഴിഞ്ഞുമ
റ്റാരുള്ളു * കുംഭസംഭവൻതാനതുകേട്ടാത്മശിഷ്യം സംഭൃതാഗമം
സുതീക്ഷ്ണംവിളിച്ചരുൾചെയ്തു * കേൾക്കെടോസുതീക്ഷ്ണഞാൻചൊ
ല്ലീടാമുപായവും നീക്കരുതേതുംകാലലേശവുംനീയുമെന്നാൽ * പോ
കെടോവേഗംഗന്ധമാദനഗിരൌഭവാൻ ലോകവിശ്രുതമൊരുതീ
ർത്ഥമുണ്ടുപ്രദേശേ * അഗ്നിതീർത്ഥമെന്നതിൻനാമധേയവുമന്നുമഗ്ന
മായ്നീയുംതത്രമജ്ജനംചെയ്താകിലൊ * ദുഷ്പുണ്യപൈശാച
സംമോചനംവന്നുകൂട്ടും ശില്പത്തിൽതദീയസങ്കല്പവുംചെയ്തീടേണം
പൈശാചഭാവംവെടിഞ്ഞെത്രയുംമോദമോടു മാശകളെല്ലാംനിറ
ഞ്ഞീടുന്നതേജസ്സോടും * ദിവ്യരൂപവുമുണ്ടാമിവനുമതിന്നിത്ര ഭവ്യ
മായ്മറ്റൊന്നുമില്ലെന്നതുമറിയണം * ഇങ്ങിനെനിജഗുരുഭാഷിതം
കേട്ടുനേരമങ്ങതിനുദ്യോഗിച്ചുനടന്നുസുതീക്ഷ്ണനും * ദക്ഷിണാംഭോ
ധിമദ്ധ്യഗന്ധമാദനഗിരൌ ദക്ഷമാമഗ്നിതീർത്ഥംകണ്ടുടൻപ്രസാദി
ച്ചു * ദുഷ്പുണ്യപാപനാശംചിന്തിച്ചുകൃപാനിധി ചിൽപുരു
ഷൈകഭക്തൻമജ്ജനംചെയ്തീടിനാൻ * അന്നേരംപിശാചത്വം
വെടിഞ്ഞുദുഷ്പുണ്യനും സുന്ദരതരമായദിവ്യരൂപവുംപൂണ്ടു * കോ
മളവാണിമാരാലാവൃതസപാർശ്വനായ്വ്യോമയാനവുമേറിസ്തുതിച്ചു
നഗസ്ത്യനെ * അറ്റമില്ലാതെപരിതോഷവുംപൂണ്ടുപിന്നെപെട്ടെ
ന്നുസുതീക്ഷ്ണപാദാംബുജംവണങ്ങിനാൻ * ദേവേന്ദ്രമുഖദേവപൂജിത
ചരണനായ് ദേവദുല്ലഭമായപാദവുംലഭിച്ചപോൽ * ഈവണ്ണമു
ള്ളൊരഗ്നിതീർത്ഥത്തിൻമഹത്വങ്ങളാവതല്ലേതുംപുകഴ്ത്തീടുവാൻമുനി

മാരെ*ഭക്തിപൂർവ്വകമിദമാഖ്യാനംചെയ്തീടുന്നമർത്ത്യനുപാതകങ്ങളാ
കവെനശിച്ചീടും*അത്ഭുതമിതില്പരമുത്തമംചക്രതീർത്ഥം തൽപ്രഭാവ
വുമൊട്ടുചൊല്ലുവൻ കേട്ടുകൊൾക ഐഹികസുഖങ്ങളുംപാരലൌ
കികങ്ങളും ദേഹികൾക്കുണ്ടായ്വരുംതൽസ്നാനംചെയ്തീടിനാൽ* അ
ഹിർബ്ബുധ്ന്യനാംമുനിനായകൻമഹാഭാഗൻ മഹതാവിവേകേതനൻഗ
ന്ധമാദനേശ്ശുഭേ * ചക്രരാജനെസ്സേവിച്ചനാഹംമഹത്തമൻദുഷ്ക
രതരമായതപസ്സുചെയ്തീടിനാൻ * അക്കാലംഘോരന്മാരാംയാമി
നീചരന്മാരും ചിക്കെന്നുതപോവിഘ്നംവരുത്തീടുവാനായി * താപ
സേശ്വരൻതന്നെവധിക്കനിമിത്തമായ് കോപവും പൂണ്ടുമഹാഭീഷ
ണംസുദർശനം * ഭക്തരക്ഷണവരൻതൽക്ഷണംനക്തഞ്ചര മുഷ്കര
ന്മാരെക്കൊലചെയ്തിതുലീലയോടെ * തല്പരമഹിർബ്ബുധ്ന്യപ്രാർത്ഥനമൂ
ലംചക്രം തൽകൃതതീർത്ഥാന്തരസന്നിധാനവുംചെയ്തു * അന്നു
തൊട്ടെല്ലാവരുംചക്രതീർത്ഥമെന്നേവം ധന്യമാമതിതീർത്ഥത്തെച്ചൊ
ല്ലുന്നുസകൌതുകം * തജ്ജലേനിമജ്ജനംചെയ്യുന്നപുരുഷനു നി
ർജ്ജരമാന്യങ്ങളാംസുഖങ്ങളുണ്ടായ്വരും * യക്ഷരാക്ഷസഭൂതപ്രേതാദി
താപങ്ങളും തൽക്ഷണേനശിച്ചീടുംശ്രീചക്രപ്രസാദേന * ആദി
ത്യദേവൻപുരാതന്നിമജ്ജനംകൊണ്ടു വേദവിഗ്രഹൻസ്വർണ്ണപാ
ണിമാനായ്വന്നതും * ദേവേന്ദ്രാദികളായദേവന്മാരുംപുരാ കേവ
ലംദൈത്യജനപീഡിതന്മാരാകയാൽ * ഏവരുമൊരുമിച്ചുമാന
സതാപമോടു ദേവതാചാര്യൻതന്നെമുന്നിട്ടുവിചാരിച്ചു * ബ്രഹ്മ
ദേവനെക്കണ്ടുസങ്കടമുണർത്തിച്ചാൽ കന്മഷമിദമൊട്ടടങ്ങീടുമെന്നുറ
ച്ചവർ * ചെന്നുപത്മാധിവാസൻതന്നെയുംകൂപ്പിത്തൊഴുതുന്നത
പരിതാപമൊക്കെയുമുണർത്തിച്ചു ഭാരതീജീവനാഥൻ ദേവസങ്കടം
കേട്ടു ഭൂരികാരുണ്യമോടുമീവണ്ണമരുൾചെയ്തു * പീഡിച്ചീടൊല്ലാദേ
വനായകന്മാരേനിങ്ങൾ ക്കൊട്ടൽതീരുവാൻവഴിയുണ്ടതുകേട്ടുകൊൾ
വിൻ * ചെയ്താലുംമഹേശ്വരമാകുന്നമഹായാഗം കൈതവമില്ല
ദൈത്യനാശവുംവരുമെന്നാൽ * തത്വദർശികളായതാപസന്മാരുമി
ത്തു സത്വരംചെയ്തീടുകിൽദുഷ്ടവിധ്വംസംവരും * ഗന്ധമാദനേച
ക്രതീർത്ഥസന്നിധൌചെന്നു ബന്ധുരമായയാഗംചെയ്തുകൊണ്ടാകി
ലിപ്പോൾ * വിഘ്നകാരികളായദുർജ്ജനജനങ്ങളാൽ ഭഗ്നമായ്വന്നുകൂ
ടാരക്ഷികൾക്കുസുദർശനം*വിധിലോപനംവിനാചെയ്യോരുമഹേശ്വരം
നിധനംചെയ്തുകൊള്ളുമസുരന്മാരെയെല്ലാം * അമർത്ത്യന്മാരുമെല്ലാം
വിരിഞ്ചവാക്യംകേട്ടു സമർത്ഥന്മാരായ്ഗന്ധമാദനമകംപുക്കു* അഹി
ർബ്ബുധ്ന്യനെക്കണ്ടുനമസ്കാരാനന്തരം ഗ്രഹിപ്പിച്ചിതുവിധിശാസന
മെപ്പേരും * തദനുവാദംകൈക്കൊണ്ടമിതബലവാന്മാർതദനുച
ക്രതീർത്ഥസന്നിധൌപുണ്യസ്ഥലേ *യജ്ഞസംഭാരങ്ങളുമാർജ്ജിച്ചുസ

വിസ്തരംയജ്ഞവാടവുംചമച്ചീടിനാർജ്ജിതശ്രമം * ദേവപാരഗന്മാ
രാംതാപസന്മാരുമായി ചൈത്രമെന്നിയെമഹായാഗവുമാരംഭിച്ചു *
ദേവതാചാൎയ്യൻതന്നെഹോതാവായ്വന്നുതദാ ദേവേന്ദ്രാത്മജൻ
മൈത്രാവരുണനസ്വത്രപിയായ് * അച്ഛാവാകനുംപുനരഷ്ടമൻവ
സുക്കളി ലാശ്ചൎയ്യമഷ്ടവക്രനദ്ധ്വൎയ്യോത്തമനല്ലോ * വിശ്വാ
മിത്രനുംപ്രതിപ്രസ്ഥാതാവായിത്തദാ വിശ്വപാലകൻയഷ്ടാവാ
യത്തുവരുണനും * ഉന്നതധനേശ്വരനാദിത്യൻബ്രഹ്മദേവൻ നി
ണ്ണ്യംവസിഷ്ഠനുംബ്രാഹ്മണാച്ഛംസിയായി * അഗ്നീദ്ധ്രൻശുന
ശ്ശേഫൻപാവകദേവൻഹോതാ വഗ്നിസാംഹാൎയ്യകാഗ്നിഭാസ്വാ
നുൽഗാതാവും* ശമനൻപ്രസ്തോതാവുമഗസ്ത്യൻപ്രതിഹൎത്താവിമ
ലൻമധുച്ഛന്ദൻസുബ്രഹ്മണ്യനുംതദാ * ദേവേന്ദ്രൻതന്നെയജമാന
നായ്വന്നുചിത്രം കേവലംവ്യാസപുത്രനുപദ്രഷ്ടാവായ്വന്നു * ഇങ്ങി
നെദേവന്മാരുംതാപസജനങ്ങളും മംഗലംമഹാക്രതുവിന്നുനെദീക്ഷി
പ്പിച്ചു * ശ്രീസുദൎശനപ്രഭാവത്തിനാലദ്ധ്വരത്തി ന്നാസുരമന്തരാ
യമൊന്നുമെയുണ്ടായീലാ * ഹവ്യവാഹനൻതദാ വിധിവല്പൂതമാ
യ ഹവ്യങ്ങൾഭുജിച്ചുടൻജ്വലിച്ചുവേദ്യന്തരാ * പൂതമാംപുരോ
ഡാശംഹോമിച്ചാനദ്ധ്വൎയ്യുവും ചേതസി സന്താപൌഘംവെടിഞ്ഞു
ദേവേന്ദ്രനും * ആഹുതശേഷമെല്ലാംവിഭജിച്ചദ്ധ്വൎയ്യുവും മോ
ഹനംഹോതൃമുഖന്മാൎക്കുടൻനല്കീടിനാൻ * ബ്രഹ്മരൂപനായുള്ളോ
രാദിത്യൻതനിക്കുടൻ നിൎമ്മലമത്യുഗ്രതേജോബലസമന്വിതം* പ്രാ
ശിത്രനാമധേയംപൂണ്ടോരുപുരോഡാശം ക്ലേശൌഘനിവാരണം
പാവനംനല്കീടിനാൻ * ഭക്തിപൂൎവ്വകംപാണിപങ്കജങ്ങളിൽപരി
ശുദ്ധവിഗ്രഹൻപരിഗ്രഹിച്ചുസവിതാവും * അത്ഭുതമത്തുനേരമുഗ്ര
തേജോവിശിഷ്ടംസുപ്രഭാപ്രാശിത്രവുമദ്ദിനേശ്വരനുടെ * ഹസ്തപം
കജങ്ങളെച്ഛേദനംചെയ്തുനേരം ചിത്തതാപവുംപൂണ്ടുമാൎത്താണ്ഡനാ
രുൾചെയ്തു * കണ്ടാലുംദേവന്മാരെതാപസോത്തമന്മാരെ ചണ്ഡ
പ്രാശിത്രംമമപാണിച്ഛേദനംചെയ്തു * നിങ്ങളേവരുമൊരുമിച്ചിനി
വൈകിടാതെ മംഗലംമമപാണിപങ്കജമുണ്ടാകണം * അല്ലെങ്കിൽ
ക്രതുവിനുമുണ്ടായ്വന്നിട്ടുംഭംഗ മല്ലയോദേവന്മാരെകളിയല്ലറിഞ്ഞാ
ലും * മാൎത്താണ്ഡഗിരമേവമാകൎണ്ണ്യദേവന്മാരു മാൎത്തിപൂണ്ടെല്ലാ
വരുമുഴലുംദശാന്തരെ * അഷ്ടവക്രനാംമുനിനായകനരുൾചെയ്തു ക
ഷ്ടമെന്തേടോസൂൎയ്യസന്താപംതേടീടുന്നു * എന്തെല്ലാമുദന്തങ്ങൾ
ഞാനറിഞ്ഞിരിക്കുന്നു സന്തതംചരാചരജന്തുസംഘാതങ്ങളിൽ *
അനന്തംവിരിഞ്ചന്മാർജ്ജനിച്ചുമരിപ്പതു മനന്തകഥകളുംഞാനറി
ഞ്ഞിരിക്കുന്നു * എന്തുകാരണംവൃഥാഖേദിച്ചീടുവാൻപത്മ ബാ
ന്ധവഭവാനൊരുസൽകഥകേട്ടീടുക * പണ്ടൊരുകാലംലോകേശ്വ

രനാം പ്രജാപതി കഞ്ജാതതീൻ ലോകം രക്ഷിച്ചു വാഴുംകാലം * ശ്യാമ
ളപുരംതന്നിലുണ്ടായി മഹാഭാഗൻ കോമളൻ ഹരിഹരനെന്നൊരു ഭൂ
മീസുരൻ * കാടകംതന്നിലവൻ സ്വൈരമായ് നടക്കുമ്പോൾ പാട
വം ബാണങ്ങളിൽ പരിക്കും കിരാതനും * ലക്ഷ്യവും കല്പിച്ചു തൂവേധനം
ചെയ്യും ദേശേ തൽക്ഷണം മദ്ധ്യേ വന്നു ഭൂസുരനറിയാതെ * ബാ
ണം കൊണ്ടൊരു പാദം ഛിന്നമായ്വന്നതദാ പ്രാണസങ്കടമോടു വിപ്ര
നം പുറപ്പെട്ടു * ഗന്ധമാദനം പുക്കീട്ടമ്മുനിതീർത്ഥം തന്നിൽ ചന്ത
മായ് സ്നാനം ചെയ്തു ലഭിച്ചു ചരണവും * അന്നതിൻ നാമധേയം മുനി
തീർത്ഥമെന്നേവ മിന്നല്ലോ ചക്രതീർത്ഥമെന്നു ചൊല്ലുന്നു ജനം * ഛി
ന്നത്തുമൂലം ഛിന്നപാണിയാം സവിതാവു മിന്നതിൽ സ്നാനം ചെയ്തിട്ടു
ണ്ടാകും കരങ്ങളും * ഏന്മതമിദം ദേവവല്ലഭന്മാരേ യുഷ്മൽ സമ്മതമ
ല്ലയല്ലി ചൊല്ലണം പരമാർത്ഥം * ദേവന്മാരതു കേട്ടു മാർത്താണ്ഡദേവ
ൻ തന്നോടേവരുമഷ്ടവക്രഭാഷിതം പ്രശംസിച്ചു * മജ്ജനം ചെയ്തീട്ടു
വാൻ കല്പിച്ചോരനന്തരം നിർജ്ജരപരിവൃഢനാദിത്യദേവൻതാനും *
സങ്കല്പപുരസ്സരം തല്പാണിപ്രാപ്ത്യർത്ഥമായ് ശങ്കയെന്നിയെ ചക്രതീ
ർത്ഥമജ്ജനം ചെയ്തു * സലിലംതന്നിൽനിന്നിട്ടുത്ഥാനം ചെയ്തനേരം
കലിതാനന്ദം സമ്പൂർണ്ണപാണികളുണ്ടായ്വന്നു * അതുകണ്ടൃഷികളും ദേ
വതാഗണങ്ങളും മതികൗതുകം പൂണ്ടു തീർത്ഥത്തെ വണങ്ങിനാർ * യ
ജ്ഞത്തെയും സമർപ്പിച്ചു ദൈത്യവീരന്മാരേയും യത്നമെന്നിയെ വന്നു നിർജ്ജ
രനാഥന്മാരും * അഗ്ഗ്ളനിരസ്തമാം വീര്യശൗര്യാദിയോടും സ്വർഗ്ഗ
ലോകവും പുക്കു സുഖിച്ചു വാണീടിനാർ * അംഗഹീനന്മാരായ മാന
വന്മാരും പുനരംഗപൂർണ്ണത മാത്രമജ്ജനം ചെയ്യാകിലോ * അംഗ
വൈകല്യം തീർന്നു സമ്പൽപൂർത്തിയും വന്നു ഭംഗിതേടീടും പരമം പദം
പ്രാപിച്ചീടും * ഇക്കഥാനിത്യം പഠിച്ചീടിന പുരുഷൻ നീക്കമില്ലംഗ
ഹാനി തീർന്നു സമ്പത്തുമുണ്ടാം * കേട്ടാലും തപോധനനായകന്മാരേ നി
ങ്ങൾ ശ്രേഷ്ഠമാം ശിവതീർത്ഥവൈഭവം ചൊല്ലീടുന്നേൻ * ബ്രഹ്മഹത്യാ
ദിമഹാപാതകവിനാശനം നിർമ്മലമനുപമം പാവനം സുശോഭനം *
പണ്ടൊരു കാലം മധുവൈരിയും വിരിഞ്ചനുമുണ്ടായ മായാമോഹം കൊ
ണ്ടു തർക്കലഹിച്ചു * സിദ്ധകിന്നരമുനിചാരണകിമ്പുരുഷസാദ്ധ്യ
ഗന്ധർവ്വയക്ഷരക്ഷോഭൂയിഷ്ടദേശേ * ഏവരും കേൾക്കെ മാറങ്ങവരും
തത്സന്നിധൗ കേവലമഹേതുകം വാദിച്ചു പരസ്പരം * ഞാനത്രേ ജ
ഗൽകർത്താവാരുമത്രയല്ല ഞാനത്രേ പാലിപ്പതും സംഹരിച്ചീടുന്ന
തും * എന്നോടു സമാനമായാരുമില്ലെങ്ങും പരമോന്നതം മമ പദമെ
ന്നതുവാദിയണ്ണം * ഇങ്ങിനെ വിധുമ്മം കേട്ടു കേട്ടു നേരം മംഗലസ്വ
രൂപനാം മാധവനതുകൾചെയ്തു * നന്നുനന്നഹോ തവ ദുർമ്മദം ചതുർമ്മു
ഖ ചൊന്നതു കൂട്ടമോ നിനക്കീത്തരം ദുരുത്തരം * ഇപ്രകാരത്തിലുള്ള

ള്മ്മദമൊരുനാളു മപ്രിയമുണ്ടാകൊലാചൊല്ലരുതഹോവിധേ * സ
ൎവ്വഭൂതങ്ങൾക്കെല്ലാമാധാരമാകുന്നതും സൎവ്വലോകൈകകൎത്താവായ
തുംഞാനല്ലയോ* ഇപ്രപഞ്ചത്തിനെല്ലാംജീവനായീടുന്നതു മപ്രതി
കാൎയ്യവിഘ്നനായതുംഞാനല്ലയോ * മൽപ്രസാദംകൊണ്ടല്ലോസൃഷ്ടി
സാമൎത്ഥ്യംതവക്ഷിപ്രം നീയുണ്ടായതുമാകവേമറന്നിതോ * യജ്ഞരൂ
പിയാമെന്നെധിക്കാരംചെയ്യുന്നാകി ലുജ്ജസാനിനാക്കളുണ്ടാമാപ
ത്തെന്നറിഞ്ഞാലും * ഇങ്ങിനെദുൎമ്മത്സരംപൂണ്ടവരിരുവരും തിങ്ങി
നവാദത്തോടുംവസിക്കുംദശാന്തരേ * ദേവന്മാർപുരോഭാഗംതന്നി
ലങ്ങെഴുന്നള്ളി കേവലാപാരുരൂപംപൂണ്ടുവേദങ്ങൾനാലും * സ
ത്വരംവാദിച്ചീടുമിവരെവിരോധിച്ചി ട്ടിത്തരംപരമാൎത്ഥമുത്തരമരു
ൾചെയ്തു * മാധവജഗൽകൎത്താവായതുനീയല്ലയോ ചേതസാപരമാ
ൎത്ഥമാകവേവഴിരൂപിക്ക * പങ്കജവാസനിനക്കെന്തിന്നുവൃഥാമോഹം
ശങ്കയില്ലതുംജഗൽകൎത്താവല്ലെടോഭവാൻ * സാക്ഷാൽകൈവ
ല്യപ്രദനീശ്വരൻസൎവ്വലോക സാക്ഷിയാംപരാല്പരനദ്വയനലേപ
ഗൻ * പാൎവ്വതീനാഥൻകരുണാനിധിമഹാദേവൻസൎവ്വലോകൈ
കകൎത്താവായതുമറിഞ്ഞാലും * തന്മായാഗുണങ്ങളിക്കാണുന്നപദാ
ൎത്ഥങ്ങൾ നിൎമ്മലജനപ്രിയൻസൎവ്വദേവാദിവന്ദ്യൻ * സത്യാദിസ്വ
ലക്ഷണമീശ്വരനവനത്രെ കൎത്താവുംസംഹൎത്താവുംപാലകൻതാ
നന്ത്രനം * വേദങ്ങളേവമരുൾചെയ്തുകേട്ടനേരം ഖേദംപൂണ്ട
വരതിന്നുത്തരമരുൾചെയ്തു * പാൎവ്വതീദേവിയോടുംകളിച്ചുസദാകാ
ലം ശൎവ്വരീനാഥനേയുംധരിച്ചുശിരസ്സുടേ * സൎവ്വദാഭൂതങ്ങളുമായ്വിള
യാടീടുന്ന ശൎവ്വനെങ്ങിനെപരാൽപരനായീടുന്നതും* കേശവവിരി
ഞ്ചന്മാരിങ്ങിനെപറഞ്ഞപ്പോൾ പേശലരൂപിയായപ്രണവമരുൾ
ചെയ്തു * മാധവവരികെടോകമലാസനകേൾക്ക സാദരംശിവത
ത്വമറിവീലയോനിങ്ങൾ * ഈശ്വരാതിരിക്കയല്ലോക്കിലുംഭവാനി
യും വിശ്വരൂപിണിജഗന്നായികാമഹേശ്വരീ * തമോമാംഗുണ
ത്തോടുംരക്ഷാൎത്ഥംഭവാനേയും തത്വാൎത്ഥഭൂതന്മഹാദേവനാജ്ഞാപി
ച്ചതും * കാലരുദ്രനെതമോഗുണത്തോടൊന്നിപ്പിച്ചു കാലികസം
ഹാരാൎത്ഥംകല്പിച്ചുജഗന്നാഥൻ * രാജസഗുണംപൂണ്ടുസൃഷ്ട്യാൎത്ഥം
വിധിയേയും വ്യാജമെന്നിയെനിയോഗിച്ചിതെന്നറിഞ്ഞാലും *
നിൎഗ്ഗുണനവ്യക്തനാത്മാ രാമൻമഹേശ്വരൻ സൽഗുണാസേവ്യൻ
വിശ്വനായകൻജഗന്മയൻ * സ്വാതന്ത്ര്യംനിങ്ങൾക്കില്ലകേവല
മൊരുനാളുംചേതസിസന്ദേഹമുണ്ടാകരുതിതിന്നേതും * സൎവ്വലോക
ങ്ങൾക്കെല്ലാംകൎത്താവുമഹേശ്വരൻ സൎവ്വലോകാധിനാഥനായതുമ
ഹേശ്വരൻ ശക്തിരൂപിണിസാക്ഷാൽഗിരിജാദേവിതാനും ശക്തി
ശ്രീരുദ്രാനന്ദംതേസാനാഗന്തുക * സ്വതന്ത്രൻനിൎവ്വികാരൻസ്വ

ദേവാധിനാഥൻ സ്വതന്ത്രൻബ്രഹ്മാവിഷ്ണുവന്ദിതപദാംബുജൻ * ത
ത്സമനായുംപുനരുന്നരിതേടുന്നോനും മത്സരംവേണ്ടാഭുവനങ്ങളിലി
ല്ലന്യനാം * ഇത്തരംസാക്ഷാൽപ്രണവോദിതംകേട്ടുമവ രജ്ഞാനം
മോചിച്ചീലാവിജ്ഞന്മാരെന്നാകിലും * അന്നേരംവ്യോമാന്തരമ
കവേറിഞ്ഞുടൻ നന്നായിജ്വലിച്ചനന്താദിത്യസമാനമായ് *
വിശ്വതോമുഖംതേജോമണ്ഡലംകാണായ്വന്നു വിശ്വവാസികളെ
ല്ലാമത്ഭുതംപൂണ്ടീടിനാർ * സരസീരുഹഭവവിരിഞ്ചനന്തുനേരം
പരമതത്വജ്ഞസ്വത്വമറിവാനൊരിമ്പെട്ടു * ഭൂരിവിദ്വധിവാസമാ
യ്വിളങ്ങീടുന്നോരു ചാരുപഞ്ചകമുഖമുൾഗ്ഗതമാക്കിത്തദാ * ത
പസ്സാംപ്രഭാവംകൊണ്ടമിതാനുഭാവവാൻ വിപദാപ്യർത്ഥംവിചാരി
ച്ചീടുംദശാന്തരേ* ബ്രഹ്മദേവനുംമഹാകോപമുണ്ടാകമൂലം നിർമ്മലം
തദാസ്യവുമനന്താദിത്യാഭമായ് * പ്രളയകാലത്തിങ്കൽപ്രപഞ്ചംദ
ഹിപ്പാനാ യ്വുളരുംബഡവാപാണിസന്നിഭമായിമുഖം * ഉടനെമഹേ
ശ്വരൻതൻതിരുവടിയോടു പടുതനടിച്ചേവംപറഞ്ഞുവിരിഞ്ചനും *
അറിയുമെടോപണ്ടേനിന്നെഞാൻമഹാദേവ ചെറുതല്ലേതുംതവമ
ഹത്വവിഭാവനം * എന്നുടെലലാടത്തിൽനിന്നല്ലോപുരാഭവാൻ
ധന്യമാംരുദ്രനാമംപൂണ്ടുടൻജനിച്ചതും * അതുകാരണംഭവാനെന്നു
ടെസുതനല്ലോ മതിമാൻവിശ്വാധികനായതുംഞാനല്ലയോ * ഗർവ്വ
സംയുക്തധാതൃവചനമതുകേട്ടുശർവ്വനുംതദാകാലഭൈരവംനിയോഗി
ച്ചചതുരാനനനോടുകാലഭൈരവനതി ചതുരമാകുംവണ്ണംപൊരുതു
പലകാലം* നീലകണ്ഠാംശോദ്ഭൂതൻശൂലഖഡ്ഗാദിധാരി പേലവപരാ
ക്രമൻഭൈരവൻമഹാരുഷാ * ശുഭ്രമായൂർദ്ധ്വംഗതമായ്ജ്വലിച്ചീടി
ല്ലോരു സുപ്രസാദമാംധാതൃവദനംതൽപഞ്ചമം*ച്ഛേദിച്ചോരനന്ത
രംമോഹിച്ചുവിധാതാവുംശേഷിച്ചദേഹത്തോടുംഭൂമിയിൽപതിച്ചുതേ
തദനന്തരംമഹാദേവൻതൻകരുണയാവ്രജിനമെല്ലാംതീർന്നുജീവനമു
ണ്ടായ്വന്നു* സത്വരമുത്ഥാനവുംചെയ്തുനോക്കീടുംനേരം തൽപരംപു
രോഭാഗേകാണായിമഹേശ്വരം* സാന്ദ്രകൌതുകംപൂണ്ടുപങ്കജോത്ഭ
വൻതാനും ചന്ദ്രമൌലിയെക്കുപ്പിത്തൊഴുതുവിനീതനായ്*നാഗഭൂഷ
ണശംഭോഗിരിജാപതേപരമാഗമവേദ്യമഹിമാബുധോദയാനിധേ *
വിജ്ഞാനമഹേശ്വരമിനിക്കനൾകീടണമജ്ഞാനവിനാശനസന്തതം
നമോസ്തുതേ*മാമകമപരാധമാകവേസഹിക്കണം സോമശേഖരകരു
ണാകരപരാല്പര*ഇത്ഥമാത്മഭൂവാക്യംകേട്ടുസന്തോഷംപൂണ്ടു,സത്താ
മാത്രമാംപരമേശ്വരനരുൾചെയ്തു* ഗർവ്വിതന്മാരായുള്ളജനങ്ങൾക്കെ
ല്ലാവർക്കുംസർവ്വസമ്പൽഭ്രംശവുമാപത്തുമുണ്ടായ്വരും*ഉണ്ടാകുംഭവാനി
നിമംഗലംമേൽക്കുമേലേ പണ്ടേതിൽപരംതത്വജ്ഞാനവുമുണ്ടായ്വ
രും*ഭൈരവകേട്ടാലുംനീസർവ്വലോകാധിനാഥൻ സാരസഭവൻതല

നാശകനിമിത്തമായ് * ബ്രഹ്മഹത്തിയുംനിനക്കുണ്ടെന്നുധരിക്കണം
നിൎമ്മലപ്രായശ്ചിത്തമതിന്നുണ്ടാക്കീടാം * വൈരിഞ്ചകപാലവും
ധരിച്ചുനീയുമി ി നൈസ്വരമായ്ചരിക്കണംഭിക്ഷാൎത്ഥമാദിമണ്ഡ
ലെ * ലോകസംഗ്രഹണാൎത്ഥമേകവത്സരമേവം ശോകമെന്നിയേധ
രിച്ചാട്ടസാശ്രുദ്ധനായി * ഭൂലോകംതന്നിലുള്ളോരുത്തമതീൎത്ഥങ്ങ
ളിലാലോലഹൃദയനായ്സ്നാനവുംചെയ്തീടേണം * ഒടുക്കംവാരാണ
സിപുക്കുടൻഗംഗാസ്നാനം പൊട്ടുക്കന്നാചരിച്ചാലൊട്ടുപോയീടും
പാപം * തദ്ദോഷംപാപശാന്തിവരുത്താനുപായവും നിശ്ചിതമായു
ള്ളതുകേൾക്കനീമഹാമതേ * ദക്ഷിണാംഭോധിതീരേഗന്ധമാദനാച
ലേ ശിക്ഷതേടീട്ടുംതീൎത്ഥംപണ്ടുകല്പിതമായും * പ്രാണികൾക്കെല്ലാമു
പകാരാൎത്ഥംമുനിജന പ്രീണനംശിവാഭിധംഭൂരിപാപൌഘാപഹം *
തത്രപോയ്സ്നാനംചെയ്താൽബ്രഹ്മഹത്യാപാതകം സത്വരംനിശ്ശേ
ഷമായ്നശിക്കുമസംശയം * എന്നരുൾചെയ്തുപരമേശ്വരൻതിരു
വടിചെന്നുകൈലാസാചലാവുക്കിരുന്നരുളിനാൻ * അപ്പൊഴേ
കാണായ്വന്നുകാലഭൈരവൻതനി കത്തുതംബഡവാഗ്നിസന്നിഭം
ബ്രഹ്മഹത്യാം * വൈരിഞ്ചകപാലവുംകൈക്കൊണ്ടീശ്വരാജ്ഞയാ
ഭൂരിസന്താപമോടുംദേവലോകാദികളിൽ * സഞ്ചരിച്ചീടുംകാലംബ്ര
ഹ്മഹത്യാപാപവുമഞ്ചിതകൌതുഹലംപിന്നാലെസഞ്ചരിച്ചു * ഓ
രാണ്ടുഭിക്ഷാടനംചെയ്തുഭൈരവൻതാൻ മാരാഞ്ഞുതീൎത്ഥങ്ങളിൽസ്നാ
നവുംചെയ്തീടിനാൻ * ചെന്നുടൻവാരാണസ്യാംഗംഗാസ്നാനവും
ചെയ്തു നിന്നവാറൊട്ടൊഴിഞ്ഞുപാതകമത്യത്ഭുതം * ശൂലവുംകപാ
ലവുംധരിച്ചുകരങ്ങളിൽ ശീലവാൻശിവാജ്ഞയെസ്മരിച്ചുപുറപ്പെ
ട്ടു * ഗന്ധമാദനമചലേശ്വരംപ്രവേശിച്ചു ശന്തമശിവതീൎത്ഥംകണ്ടു
കൈവണങ്ങിനാൻ * സങ്കല്പപുരസ്സരംമജ്ജനംചെയ്തുശേഷം ശങ്ക
യില്ലഹോബ്രഹ്മഹത്തിയുംവിനഷ്ടമായ് * അന്നേരംമഹേശ്വരന
വിടെക്കെഴുന്നള്ളിസന്നതഗാത്രംകാലഭൈരവമരുൾചെയ്തു * നി
ശ്ശേഷംനഷ്ടമായിപാതകംനിനക്കെടോ വിശ്വപ്രസിദ്ധമായ്വന്നു
നിൻചരിത്രവും * കേവലംശിവതീൎത്ഥമജ്ജനംകൊണ്ടിദാനീം ദേ
വതാത്മത്വവുംനിനക്കുവന്നുകൂടി * സരസീരുഹോത്ഭവൻതന്നു
ടെകപാലംനീ സാദരമതേവാരാണസ്യാംനിൎമ്മലസ്ഥലേ * ലോകാ
നുഗ്രഹാൎത്ഥമായ്സ്ഥാപനംചെയ്കനീയും വാഴ്കെടോമമന്തികേസങ്കട
ലേശംവിനാ * എന്നരുൾചെയ്തുദേവൻമറഞ്ഞോരനന്തരം പിന്നെ
ഭൈരവൻചെന്നുപുക്കിതുകാശിപുരം * സ്ഥാപനംചെയ്തുകപാല
ത്തെയുംമഹാഭാഗൻ ശോഭനംകപാലതീൎത്ഥാഭിധംതൽപ്രദേശം *
ഈവണ്ണംശിവതീൎത്ഥപ്രാഭവംമഹാപുണ്യം കേവലംവിമുക്തിദംദുഃ
ഖൌഘപ്രനാശനം * പാപനാശനംനരകാദിഭഞ്ജനംശുഭം താപ

ഭോസാധമന്മാരേസൎവ്വസമ്പദാംമൂലം * ഉത്തമേശിവതീൎത്ഥമജ്ജനം
ചെയ്തുചിരന്നസത്വരംശംഖതീൎത്ഥംതന്നിലുംമുഴുകണം * ശംഖതീ
ൎത്ഥത്തിന്നുടെമഹത്വംചൊല്ലീടുവാൻ ശങ്കരനൊഴിഞ്ഞുമററാൎക്കുമെ
സാദ്ധ്യമല്ല * മാതൃദ്രോഹിയുംപിതൃദ്രോഹിയുംഗുരുദ്രോഹി ആതുര
ദ്രോഹശീലൻകൃതഘ്നനെന്നുവേണ്ടാ * സൎവ്വപാതകികളുംതൽതീ
ൎത്ഥനിഷേവണാലുൎവ്വീദേവതമാരേവിശുദ്ധന്മാരായ്വരും * എത്രയും
മഹാപുണ്യവൎദ്ധനമിതിഹാസമിത്രിഭുവനഹിതംചൊല്ലുവിൻകേട്ടു
കൊൾവിൻ * വത്സനാഭനെന്നൊരുതാപസശ്രേഷ്ഠൻപുരാ മത്സ
രഹീനൻസത്യതല്പരൻദയാശീലൻ * ശത്രുമിത്രോദാസീനഭേദവ
ൎജ്ജിതൻമുനി സത്തമൻജിതേന്ദ്രിയനുത്തമൻഗുണപ്രിയൻ * സ
ച്ചിദാനന്ദരൂപംബ്രഹ്മവുംധ്യാനിച്ചവൻ നിൎമ്മലനത്യുഗ്രമാംതപ
സ്സുചെയ്തീടിനാൻ * ഭൂതലംതന്നിൽപരമാണുവിന്നിടപോലും ഭൂത
നായകാശ്രയൻചലിച്ചീലതുകാലം * അസംഖ്യംസംവത്സരമിങ്ങി
നെകഴിഞ്ഞനാളുസത്യമല്ലാമൂടിവന്മീകംതൽകായവും * വത്സനാ
ഭനുമതുമേതുമൊന്നറിഞ്ഞീലാ തത്സമംമുനീശ്വരനില്ലഹോബ്രഹ്മാണ്ഡ
ലേ * ഇങ്ങിനെതപസ്സുചെയ്തിരിക്കുംകാലത്തുങ്ക ലങ്ങതിൻപരമാ
ൎത്ഥമറിയാഞ്ഞമരേന്ദ്രൻ * ഭീഷണതരങ്ങളാംമേഘസന്ദോഹങ്ങളെ
ഘോഷണപുരസ്സരംകല്പിച്ചുവൎഷാൎത്ഥമായ് * അവയുംമഹാനാദം
കൊണ്ടുദിക്കുകൾപൂരിച്ചവമാനിച്ചുലോകാൻവൎഷിച്ചുനിരന്തരം* മ
ഹത്താമാസാരംകൊണ്ടുള്ളസങ്കടമെല്ലാം സഹിച്ചുനിമീലിതനേത്ര
നായ്മുനീന്ദ്രനും * ഏഴുനാളിപ്രകാരംകഴിഞ്ഞോരനന്തരം ഭീഷണം
മഹാശനിനാദവുമുണ്ടായ്വന്നു * ഭൂതജാതങ്ങളെല്ലാംബധിരപ്രായമാ
യിശീതവാതാദിതാപംദുസ്സഹമെന്നുവണ്ടു * അശനിനാദംകേട്ടു
താപസപ്രവരനുംകുശലാഗ്രണിചെററുംചലിച്ചീലതത്ഭുതം* അ
നേരംവന്മീകത്തിൻമുകളിലശനിയും വന്നുവീണുടനതിൻശിഖരം
ഭസ്മസമാക്കി * ജലധാരയുംവദനാംബുജേപതിപ്പതും കലിതാന
ന്ദംസഹിച്ചീടിനാൻവത്സനാഭൻ * മുനിനായകനേവംസലിലധാര
കൊണ്ടുമനസിതാപമുള്ളതാകവേസഹിച്ചുടൻ * സപദിവസിച്ചു
തുകണ്ടുധൎമ്മത്തിനുള്ളിൽ വിപുലതരയായകരുണയുണ്ടായ്വന്നു *
വത്സനാഭൻതപോവിഘ്നത്തെവരുത്തുവാൻ മത്സരംപൂണ്ടുള്ളോ
രുതാപസവിചേഷ്ടിതം * കഷ്ടമെത്രയുമിദംവൎഷധാരകൾസഹി
ച്ചൊട്ടല്ലമനസ്താപംതാപസതിലകനും*ഭാവനനിവനേററംധൎമ്മൈ
കയുക്തചിത്തനാവതെന്തിവനുടെസങ്കടമകററുവാൻ*ഇത്ഥമാത്മ
നിചിന്തിച്ചുറച്ചുധൎമ്മദേവൻ സത്വരംപെരുതായമഹിഷാകാരംപൂ
ണ്ടു * കഠിനതരവൎഷധാരയുംസഹിച്ചേവംപട്ടുതയോടുമൃഷിവരസ
ന്താപംതീൎത്തു*വത്സനാഭോൽഭാഗേമഹിഷാകാരൻമുനിവത്സലൻ

ധമ്മദേവൻ സതതം വാണിടിനാൻ* ഇങ്ങിനെ പലദിനം കഴിഞ്ഞോ
രനന്തരമങ്ങു പാഴ്ത്താഞ്ഞിതു നീരദസമൂഹവും * ആസാരമൊഴി
ഞ്ഞതുമങ്ങിനെതന്നെ പല വാസരം കഴിഞ്ഞതുമറിഞ്ഞു ധമ്മദേവ
ൻ * മഹിഷവംശമോട്ടു വാന്മീകിസമീപത്തി ലഹീതാനന്ദമോടും വ
സിച്ചു ദയാശീലൻ * വത്സനാഭനുമപ്പോളാശ്ചര്യസമേതനായ് ദുസ്സ
ഹവഷാധിക്യമറിഞ്ഞു നോക്കിടിനാൻ* എത്രയുമുഗ്രമായ വഷമുണ്ടാ
യിതു നാം ദിക്കതടമെല്ലാം സലിലാവൃതമായ്ക്കാണുന്നു * ഭൂതലമൊരേട
മുദപാഹത്താൽ ടൊഴിഞ്ഞതുമേ കാണുന്നീച ചിത്ര മെത്രയുമോത്താ
ൽ * പവ്വതങ്ങളും വനദേശങ്ങളാശ്രമങ്ങൾ സവ്വവും ജലപാതകീ
ഴ്ന്നയായ്ക്കാകുന്നു * ഇങ്ങിനെയുള്ള മഹാവഷപാതത്തിൽനിന്നി
ട്ടെങ്ങിനെ ഞാനും പ്രാണധാരണം ചെയ്യു ചിത്രം * മാമകം സംരക്ഷ
ണമൊരുവൻ ചെയ്യിടിനാ നാമയഹീനമതിനില്ല സംശയമേതും *
എന്നു കല്പിച്ചു മുനിനായകനെല്ലാടവു മൊന്നു നോക്കുന്നേരം കണ്ടി
തന്തികദേശേ * ഭീമവിഗ്രഹം പൂണ്ട കോമളനയനനായ് ശ്രീമയൻ
മഹാമഹിഷോത്തമൻ വസിപ്പതും * മതിമാനിവനെന്നെപ്പരിപാല
നം ചെയ്യാ നതിനില്ലീഷലുമതി ധമ്മവാനിവൻ * പ്രത്യുപകാ
രമിവനെന്തു ഞാൻ ചെയ്യേണ്ടതും സതതമനിവൻ ദീർഘായുഷ്മാനാ
യ്യ്ന്നിടണം * ഇത്തരമനുഗ്രഹദാനവും ചെയ്തു മുനി സത്തമൻ ത
പസ്സിരുകാപ്പിട്ടാരനന്തരം * ധമ്മദേവനുമതു കണ്ടു കൌതുകം പൂ
ണ്ടു സമ്മോദപരീതനായൽഭുതം തേടീടിനാൻ * പിന്നെയും മഹാ
ഘോരതപസി പ്രാജ്ഞശീലൻ ധന്യനാം മുനീശ്വരൻ തുനിഞ്ഞോര
നന്താം * സത്യമാം സ്വരൂപവും തന്നുടെ ഹൃദയവും സത്വരം പൂ
ണ്ടൊരു സംയോജനം ചെയ്തീലഹോ * അതുമൂലമായ് മഹാഖേദവും
പൂണ്ടു മുനി മതിമാനിതിനെന്തു മൂലമെന്നോത്തിടിനാൻ * മാലി
ന്യം മനസ്സിനു ചൊവടനുളവാകി ലാലസ്യഹീനം തത്തെ സംക്രമി
ക്കയുമില്ല * പാപബാഹുല്യമുള്ള പുരുഷൻ തനിക്കല്ലോ കോപ
മോഹാദിമനോദോഷങ്ങളുണ്ടാവതും * ഏതുമെ പാപലേശമി
ല്ലാത്ത നമുക്കിപ്പോൾ ചേതസി മാലിന്യമുണ്ടാവതിന്നെന്തു മൂലം *
ഇങ്ങിനെ നിരൂപിച്ചു ദോഷകാരണം തനി ക്കെങ്ങാനുമുപഗതമായ
തുമോത്തീടിനാൻ * കഷ്ടം ഞാനഹോ മൂഢനെത്രയും ദുരാത്മവാൻ
പെട്ടന്നു തത്വജ്ഞനെ മനസ്സുമിളക്കുന്നു * ഉണ്ടായി കൃതഘ്നതാദോഷ
മിന്നിനിക്കഹോ കണ്ടാലും ദുഷ്കമ്മത്തിന്നത്ഭുതപരിപാകം * ഈവ
ണ്ണം മഹാസാരത്രാതാരം മഹിഷേന്ദ്ര മാചരിച്ചീലഞാനും കഷ്ടമെത്ര
യാം കഷ്ടം * തന്മൂലം കൃതഘ്നതാദോഷവുമുപഗതം സമ്മോഹം വിചാ
രിച്ചാലല്പവുമല്ലേതും മമ * ദോഷങ്ങൾ കൃതഘ്നതയ്ക്കൊത്തവയൊന്നുമി
ല്ല ദോഷശാന്തിക്കുപായം കൃതഘ്നനുണ്ടാവൂരാ * ലോകങ്ങളെല്ലാന്നുമി

ല്ലബന്ധുവുമില്ലനൂനം ശോകശീലനായിട്ടുംകൃതഘ്നനഹോകഷ്ടം *
വിശ്വാസഘാതകന്മാർകൃതഘ്നജനങ്ങളും വിശേഷിച്ചുപ്രധാനന്മാരാ
യപാപികളല്ലൊ * അവൎക്കുപാപാപഹേപ്രായശ്ചിത്തവുമില്ല ഭവി
ച്ചുനമുക്കുമിപ്പാതകമെന്നേവേണ്ടു * പിതൃകൎമ്മത്തെപ്പരിത്യജിച്ചുമന്ദ
ജനം ഗുരുദക്ഷിണവെടിഞ്ഞീടിനപുരുഷനും * കൃതഘ്നനായമഹാ
പാപികൾക്കുംവിചാരിച്ചാ ലതക്പ്രായശ്ചിത്തംപ്രാണസന്ത്യാഗംനൂ
നം * അധുനാഞാനുംപ്രാണത്യാഗവുംചെയ്യുവന രിതിനുവിഹി
തംഞാൻപ്രായശ്ചിത്തംചെയ്യുന്നേൻ * ഇത്ഥമാത്മനിചിന്തിച്ചു
ച്ചാനുനേരമുത്തമൻവത്സനാഭൻതാപസശിരോമണി * ജീവനം
തൃണീകരിച്ചാശയാദിസ്സാഗവാൻ പാവനമഹാമേരുക്കൂട്ടത്തിൽക
രേറിനാൻ * ചേതസാമഹേശ്വരപാദവുംധ്യാനിച്ചുട നേത്രമേവി
കല്പലേശംവിനാവത്സനാഭൻ * കീഴ്പ്പോട്ടുചാടിപ്പതിന്നാരംഭിച്ചു ത്തു
നേരം മേല്പോട്ടുധൎമ്മദേവൻമഹിഷവേഷംത്യക്ത്വാ * അടുത്തുവന്നു
വത്സനാഭനാംമുനീന്ദ്രനെ തടുത്തുമധുരമാംവാക്യവുമുരചെയ്തു * വ
രികവത്സനാഭതാപസകുലോത്തമ പെരികക്കാലംഭവാൻസുഖമാ
യ്വസിക്കെടോ * നിന്നുടെധൎമ്മായത്തചിത്തത്വംകണ്ടിട്ടാനീമെന്നു
ടെഹൃദയവുംതെളിഞ്ഞുമഹാമതേ*നിന്നോടുസമാനമായ്താപസജന
ങ്ങളീ മന്നിലുംമററുള്ളലകങ്ങളിൽപ്പോലുമില്ല * കൃതഘ്നജനത്തിനുജീ
വനത്യാഗംതന്നെ കൃതമാംപ്രായശ്ചിത്തമെങ്കിലുമൊന്നുകേൾനീ *
ഗന്ധമാദനശൈലേശംഖതീൎത്ഥാഭിധാനം ബന്ധമോചനമൊരുതീ
ൎത്ഥമുണ്ടറികെടോ * തത്രപോയ്സ്നാനംചെയ്യുൽപാപശാന്തിയും
നിന ക്കെത്തീടുമതിന്നേതുംസംശയമുണ്ടാകേണ്ട * അതിനാൽത
ന്നെതവമോക്ഷവുമുണ്ടായ്വരും മതിമൻവൃഥാഭവാൻജീവനംത്യജി
ക്കൊലാ * സത്യമായ്ധൎമ്മദേവൻപറഞ്ഞോരനന്തരമുത്ഥാനംചെ
യ്തുനമസ്കരിച്ചുതാപസേന്ദ്രൻ * ശംഖതീൎത്ഥത്തിൽസ്നാനംചെയ്തതി
ന്നൊരിമ്പെട്ടു സംകടവിഹീനനായ്ഗന്ധമാദനംപുക്കു * തീൎത്ഥരാ
ജനെക്കണ്ടുവന്ദിച്ചുസകൌതുക മാൎത്തിനാശനംതത്രമജ്ജനംചെ
യ്തീടിനാൻ * പാപങ്ങളെല്ലാംതീൎന്നുചിത്തശ്ശുദ്ധിയുംവന്നു താപ
സോത്തമൻബ്രഹ്മധ്യാനനിഷ്ണാതനായേ * നിൎമ്മലനനേകംനാള
ങ്ങിനെവസിച്ചുടൻ ബ്രഹ്മഭൂയവുംപ്രാപിച്ചീടിനാനെന്നേവേ
ണ്ടു * ഇങ്ങിനെശംഖതീൎത്ഥവൈഭവമോരോന്നുഞാ നെങ്ങിനെ
ചൊല്ലീടുന്നുമന്ദബുദ്ധിമാനഹോ * മാതൃദ്രോഹിയുംപിതൃദ്രോഹിയും
സപന്നസ്സുയി കൃതഘ്നൻഗുരുദ്രോഹിമററുള്ളപാപികളും * ശംഖ
തീൎത്ഥത്തിൽസ്നാനംകൊണ്ടുപാപങ്ങൾപോയി ശങ്കയില്ലേതുംമുക്ത
ന്മാരായ്വന്നിടുംനൂനം * കൃതഘ്നജനംവിശേഷിച്ചുസേവിച്ചീടേണം മ
തക്ക്യാനുഭാവമാംശംഖതീൎത്ഥത്തെത്തദാ * വത്സനാഭോപാഖ്യാനം

കേട്ടീടുംപുരുഷനും തത്സമംകൃതഘ്നനെന്നാകിലുംവിശുദ്ധനാം * യ
മുനാതീർത്ഥംഗംഗാതീർത്ഥവുംഗയാതീർത്ഥം കമനീയമാമേവംതല്പരംതീ
ർത്ഥത്രയം * തൽതീർത്ഥങ്ങളിൽക്രമാൽമജ്ജനംചെയ്യുംപുമാൻ മുക്തി
യേലഭിച്ചീടുംബ്രഹ്മഹാവെന്നാകിലും * ഉത്തമനൃപനുടെനന്ദനൻ
ജനശ്രുതൻ ബുദ്ധിമാനവനുടെനന്ദനൻശുദ്ധദേവൻ * അവനും
യമുനാദിതീർത്ഥമജ്ജനത്തിനാ ലവധിയില്ലാതൊരുവിജ്ഞാനംലഭി
ച്ചതേ * അക്കഥചൊല്ലീടുന്നേൻകേട്ടുകൊണ്ടാലുംമുനി മുഖ്യന്മാർ
നിങ്ങളെല്ലാംസാവധാനേനസാകം * ഗന്ധമാദനഗിരൌപണ്ടൊ
രുതപോധനൻ ബന്ധുരാകൃതിരൈക്വനെന്നുപേരുടയവൻ * ദു
ഷ്കരമായതപസ്സുചെയ്യുമുനി മുഖ്യനുമനേകംനാളവിടെവാണീ
ടിനാൻ * ആശ്ചര്യമേറീടുംതപോവൈഭവംകൊണ്ടുതന്നെ ദീർഘമാ
മായുസ്സുമുണ്ടായിതുരൈക്വനഹൊ * മുനിമണ്ഡലമണിമകുടരത്നം
രൈക്വൻ ജനനംതൊട്ടുതന്നെപംഗുവെന്നറിഞ്ഞാലും * അതി
നാൽതീർത്ഥങ്ങളെക്കുറിച്ചുഗമിപ്പാനാ യതിമാനുഷനവനില്ലെടോ
സമർത്ഥത * ഗന്ധമാദനാചലംതന്നിലെതീർത്ഥങ്ങളി ലന്തർഹി
തമൊരുപാടതിൽക്കരയേറി * നിത്യസ്നാനവുംചെയ്തുസേവിച്ചുഭ
ഗവാനെ തത്വജ്ഞാനൈകാഗ്രനായ്വാണീടുംസദാകാലം * യുഗ്വാ
വിൽകരയേറിസ്സഞ്ചരിപ്പതുമൂലം സയുഗ്വാംവന്നൊരുനാമവുമു
ണ്ടായ്വന്നു * ഗ്രീഷ്മകാലങ്ങളെല്ലാംപഞ്ചാഗ്നിമദ്ധ്യസ്ഥനായ് ഭീ
ഷ്മശീതാധിവാസകണ്ഠദഘ്നോദവാസി * വായുഭക്ഷണത്തോടുംതീ
വ്രതാംതപസ്സോടും സയുഗ്വാമുനീശ്വരൻചെയ്തുപോരുന്നകാ
ലം * ഗാത്രവുംശോഷിച്ചേവംരക്തവുംവിവർണ്ണമാ യെത്രയുംവി
ചർച്ചികാക്രാന്തനായ്വന്നുകഷ്ടം * കണ്ഡൂതിപരൻദിവാരാത്രവും
മുനീശ്വരൻ ഖണ്ഡിതമായ്വന്നീലാതപസ്സതുമൂലം * അക്കാലംസാ
യുഗ്വാവിനുണ്ടായിമനക്കാമ്പിൽ ചിക്കെന്നുഗംഗാഗയായമുനാസ്നാ
നാഗ്രഹം * ജന്മനാപംഗുഭൂതനെങ്ങിനെഞാനുംമഹാ കന്മഷഹര
ങ്ങളാംഗംഗാദിതീർത്ഥങ്ങളിൽ * ശകടമേറിച്ചെന്നുമജ്ജനംചെയ്യുന്ന
തും പ്രകടമഹോമമസാദ്ധ്യമല്ലെന്നുനൂനം * ഈശ്വരാനുഗ്രഹമില്ലാ
തൊരുമനുജനു നശ്വരമല്ലോശുഭപ്രാപ്തിസാധനമെല്ലാം * കഷ്ടംഞാ
ൻജന്മാന്തരേപാതകംചെയ്തുമൂലമൊട്ടുമേനടക്കരുതാതെവച്ചമഞ്ഞ
തും * ഇത്ഥമാമുനീശ്വരനന്യചിന്തനമൊഴി ഞ്ഞുത്തമതീർത്ഥസ്നാ
നോപായങ്ങൾനിരൂപിച്ചു * പലനാൾകഴിഞ്ഞപ്പോളുറച്ചുതൽകൌ
ശലം വലശാസനഭയാൽചതുരതപോബലൻ * അത്രൈവതീർത്ഥ
ത്രയമാവാഹിച്ചീടുന്നേൻഞാനുത്തമപൂരുഷന്റെകാരുണ്യമുണ്ടാക
ണം * എന്നുറച്ചുടൻനിയമേന്ദ്രിയനായ്മുനീന്ദ്രൻ വന്ദനംചെയ്തീട
ടിനാൻപ്രാങ്മുഖീഭൂയദേവൻ * സലിലാചമനവുംചെയ്തുടൻദിവ്യ

മന്ത്രാകലിതാനന്ദംജപിച്ചങ്ങിനെസഭക്തികം യമുനാഗംഗാഗയാത്ര
പദ്ധ്യാനവുംചെയ്തു സുമനോനാഥൻപാദംതുണയെന്നുറച്ചവൻ *
മരുവിടുന്നേരംതന്മന്ത്രപ്രഭാവേന തരസായമുനയുംഗംഗയുംഗയാ
താനും * മൂവരുമൊരുമിച്ചുഭൂതലംവിഭേദിച്ചു കേവലംസായൂഗപാവിൻ
പുരതോവന്നുവേഗാൽ * മാനുഷവേഷംധരിച്ചാനതാംഗിമാരവർ മാ
നസാനന്ദമോടുംരൈക്വനോടുരചെയ്തു * രൈക്വസംയുഗമുനിനാ
യകമഹാമതേ വൈക്വമില്ലേതുംതവമംഗലമുണ്ടായ്വരും * ത്വന്മന്ത്ര
ക്ലിഷ്ടന്മാരായ്ഞങ്ങളുംനിനക്കുള്ള കന്മഷംതീർന്നിടുവാനത്രവന്നിതുമു
നേ * ഞങ്ങളാൽസാധിക്കേണ്ടുംകാര്യമെന്തെന്നുചൊൽക മംഗളാ
കൃതഭവാനേതുമേമടിക്കേണ്ടാ * ഗംഗാദിസമീരിതംകേട്ടുതാപസൻ
താനും സംഗതമോദമോടുംപൂജിച്ചുയഥാവിധി * വിനയത്തോടുംപു
നരഗ്രതോനിന്നുനിജ മനസിവസിപ്പോരുകാംക്ഷിതമരുൾചെയ്തു *
ലോകമാതാവേഗംഗേശോകനാശിനീഗയേ ലോകവിശ്രുതേദേവിയ
മുനേനിങ്ങളെല്ലാം * പംഗുവായിട്ടുമമമജ്ജനംനിമിത്തമായ് ഭംഗി
യോടിഹവസിച്ചീടണംസദാകാലം * ഭൂമിയെഭേദിച്ചാവിർഭവിച്ചദേ
ശങ്ങളിൽ കോമളംതന്നാമംപൂണ്ടുടനരുളേണം * ഇങ്ങിനെരൈ
ക്വവാക്യംകേട്ടുഗംഗാദികളു മങ്ങിനെതന്നേയെന്നുവരവുംനൽകീടി
നാർ * ഭൂമിയെഭേദിച്ചവരവരുംപുറപ്പെട്ടു കോമളപ്രദേശങ്ങളന്നു
തൊട്ടെല്ലാവരും * തത്തന്നാമധേയംകൊണ്ടുച്ചരിക്കുന്നുമുനിസത്ത
മന്മാരേപുനരത്ഭുതംതൽപ്രഭാവം * രൈക്വമന്ത്രാനുഭാവകല്പിതംതീ
ർത്ഥത്രയം നീക്കമില്ലതിൽസ്നാനംകൊണ്ടുവിജ്ഞാനമുണ്ടാം * അജ്ഞാ
നാന്നശിച്ചീടുമഭ്യുദയങ്ങളുണ്ടാം സൽജ്ഞാനസാദ്ധ്യംപരമംപദംല
ഭിച്ചീടും * തന്മന്ത്രക്ലിഷ്ടതീർത്ഥേതാപസോത്തമൻമുദാ സന്മന്ത്രസ്നാ
നംചെയ്തുനിത്യവുംവിശുദ്ധനായ് * സതതംസച്ചിൽസ്വരൂപത്ത
യുംവിചാരിച്ചു മതിമാനനേകംനാളങ്ങിനെവാഴുംവിധൌ * അക്കാ
ലംജനശ്രുതനന്ദനൻമഹാഭാഗൻ വിഖ്യാതൻഗോത്രപരിത്രാണ
നിഷ്ണാതനായി * അർത്ഥികൾക്കന്നപാനദാനാദിശ്രദ്ധാമൂല മർത്ഥതാ
ശ്രദ്ധോദയനെന്നുള്ളനാമത്തോടും * സാധുപാലനശീലൻമേദുരഗു
ണാകര നാത്മജനപരമാധാരൻമഹാഭാഗൻ * സർവ്വധാധർമ്മായ
ത്തചേതനൻയശോനിധി സർവ്വശാസ്ത്രാർത്ഥവേത്താസർവ്വരോപമവീ
ഷ്ണൻ * തന്നുടെപുരംതന്നിൽഗ്രാമങ്ങൾതോറുംപിന്നെ ധാന്യങ്ങൾ
ചതുഷ്പഥദേശങ്ങൾതോറുംതഥാ * അന്നപാനാദിഭക്ഷ്യസമഗ്രമാ
തിത്ഥ്യവുമന്യൂനംയാചകന്മാർക്കെപ്പോഴുംദാനംചെയ്യും * കിങ്കരന്മാ
രെനിയോഗിച്ചവൻഭൂമണ്ഡലെ സങ്കടമേതാനുമാർക്കാനുമുണ്ടെന്നാ
കിലോ * വിക്രമംകൊണ്ടുംധനസഞ്ചയംകൊണ്ടുംപുനരക്ഷണമെ

ല്ലാംതീൎത്തുരക്ഷിക്കുംഭയാപഹൻ * ഒരുവൻപോലുംനിരൂപിച്ചുതുലഞ്ഞി
യാതെ നരപാലകാന്തികംനിവൎത്തിച്ചീലാന്തൂനം * ഈവണ്ണംദിനം
പ്രതിമന്നവൻജനശ്രുതി കേവലംബഹുദായിസെപരമായ്പാഴംകാ
ലം * ലോകവിഖ്യാതനാകുമവന്റെഗുണങ്ങളുമാകവേലോകങ്ങളി
ൽനിറഞ്ഞുവളൎന്നതേ * താപസകുലംബുധവൃന്ദംദേവതാസമൂഹവുംമാ
പരിതുഷ്ടന്മാരായ്യുൽഗുണവിജൃംഭണാൽ * മന്നവൻതിരുനാമശീൎവ്വാ
ദങ്ങൾനൽകീട്ടുവാൻ ധന്യന്മാരോരോരിമ്പെട്ടഹാസത്രപികളായി*ഗ്രീ
ഷ്മമാംകാലേനിശാസമയേമനോഹരേ സോഷ്ഠാണംവിധന്മാൎഗ്ഗംമറച്ചു
പുറപ്പെട്ടു * പ്രാസാദോപരിവാതായനസന്നിധൌനൃപൻ വാസവ
തുല്യൻവസിച്ചരുളുംദശാന്തരെ * തൽസമീപത്തിങ്കൽചെന്നമ്മരാ
ളങ്ങളെല്ലാം മത്സരഹീനംശ്രേണീഭൂയസ്സഞ്ചരിച്ചതേ * മംഗാലല
യൻനൃപൻകണ്ടുസന്തോഷംപൂണ്ടു സംഗതന്മാരായവരേവരുമിരിക്കു
മ്പോൾ* അഗ്രതോഗമിച്ചിട്ടുംഹംസത്തോടുരചെയ്തു വൃദ്ധഹംസനമാം
വണ്ണംപിമ്പെപോകുന്നഹംസം * ഭോഭോമല്ലാക്ഷാമനീഷിജനശി
രോമണേ കിംബോധഹീനഭവാനിങ്ങിനെഗമിക്കുന്നു * കണ്ടീലെ
സൌധോപരിമന്നവൻജനശ്രുതി തണ്ടാർസായകശതസുന്ദരൻവ
സിപ്പതും * എത്രയുംദുരാധൎഷമിവന്റെതേജോബലം മിത്രകോടിപ്രാ
ഭംസത്യലോകാന്തംജ്വലിക്കുന്നു * ചെന്നുവന്ദിച്ചീടാതെപോയാകി
ൽനമുക്കെല്ലാമിന്നുവന്നീട്ടുമാപത്തെന്നതുമറിയണം * കണ്ടാലുമി
വന്റെതേജസാംവിജൃംഭണം കുണ്ഠനായിടൊല്ലാനീവിണ്ടുപോന്നാ
ലുംസഖേ * സല്ലൂരണീയന്മാരാമുത്തമജനങ്ങളെ ധിക്കരിച്ചാക്കുംഗ
മിച്ചീട്ടുകയോഗ്യമല്ല * ഇത്ഥമാകൎണ്യപുരോഗാമിയാമരാളവൃ മുത്ത
രംനരാധിപൻകേൾക്കുമാറരചെയ്തു * അത്ഭുതംഭവാനഭിജ്ഞാനവാ
നല്ലോപുന രിപ്രകാരമെന്തഹോചൊല്ലുവാനവകാശം * ഉത്തമവി
ചക്ഷണനസത്തമനായഭവാ നിത്ഥമശ്ലാഘനീയംകിമൎത്ഥംപുകഴ്ത്തു
ന്ന * ഭദ്രാവൽശപാസധാരിനിസ്സത്വൻപത്തുപ്രായൻ വിത്രസുശീ
ലനിവനെന്നതുമറിഞ്ഞീലെ * പൃഥ്വിവീവരനിവനറിയുന്നില്ലനൂനം
പൃഥിതധൎമ്മമാൎഗ്ഗരഹസ്യമൊന്നുപോലും * രൈകപനാംതപോധന
ൻതന്റെധൎമ്മജ്ഞതപമോക്കെടാജഗത്രയെമറോവമാരുള്ളതും *
സായുഗപാഭൂമീസുരസത്തമൻരൈകപന്തന്നിൽ സംയുക്തഗുണങ്ങ
ളെച്ചൊല്ലുവാനെളുതല്ല *താദൃശമായതേജോവൈഭവംനിരൂപിച്ചാ
ലാദരിപ്പതിന്നിവനേതുമെയോഗ്യനല്ല * ഭൂതലപാംസുക്കളുംതാരക
ഗണങ്ങളും ചേതസാവിചാരിച്ചുഗണിക്കാമെന്നാകിലും * രൈകപ
പുണ്യൌഘംഗണിച്ചീട്ടുവാനെളുതല്ല ഭോഷ്കല്ലധൎമ്മവേത്താതത്സമ
നില്ലനൂനം * ധൎമ്മവിദ്വാനിയല്ലോധൎമ്മവേത്താവിൽമുഖ്യൻ നിൎമ്മ

ലനവനതുകാരണംശ്ലാഘനീയൻ * നിണ്ണയംജനശ്രുതികളില്ലതാട്ടശ
ങ്കൊനം ധന്യയോഗീന്ദ്രന്മാക്കംദുല്ലഭമല്ലോതതപം * മൂഢനാകിവൻ
തന്നെത്യജിച്ചുഭവൻപുന ശ്രദ്ധാകൌതുകംരൈക്വതാപസംസ്സൂരി
കെക്കൊടാ * ജന്മനാപംഹ്രഭൂതനെന്നിരിക്കിലുമവൻ കന്മഷവിനാശാ
ത്ഥം ജാഹ്നവീനദിയേയും * യമുനാദേവിയേയുംഗംഗയാംനദിയേയും
സുമന്ത്രങ്ങളാലാവാഹിച്ചുനിമ്മിച്ചാനെല്ലോ * ധമ്മവിജ്ഞാനംകൊ
ണ്ടുംതൽതപോബലംകൊണ്ടും ധമ്മിഷ്ഠൻതത്സമാനനാരുമില്ലെന്ന
ത്തൂനം * അഗ്രഗാമിയാംഹംസമിങ്ങിനെചൊന്നനേരമഗ്രബുദ്ധി
മാന്മാരാംമറ്റുള്ളഹംസങ്ങളും * സമ്മതിച്ചാരുമൊന്നുമുത്തരംചൊ
ല്ലിടാതെ വിസ്മയംനിജനിജലോകവുംപുക്കീടിനാർ * തദനുജനശ്രു
തനന്ദനൻശ്രദ്ധാദയൻ വദനഗ്ലാനിപൂണ്ടുമാനസേഖേദത്തോടും *
രൈക്വനാംമുനീന്ദ്രനെപക്ഷിജാലങ്ങൾപോലും നീക്കമെന്നിയെവു
കഴ്ത്തുന്നുമത്രയല്ല * ഭത്താവൽശകടധാരിതാനെന്നുകേട്ടുമൂല
മെത്രയുംവിഷണ്ണനായ്ചിന്തിച്ചുപലതരം * പൂജ്യഭാവവുംമഹപ്രാ
ജ്യമാംധനങ്ങളും രാജ്യവുംസംസാരമോഹങ്ങളുമലമലം * ഒക്കെയുമു
പേക്ഷിച്ചുരൈക്വനാംമഹഷിയെ ചിരംസേവിപ്പതുമിനിക്കുസ
മുചിതം * കരുണാലീലന്മുനിസത്തമനിനിക്കെന്നാൽ പരമതത്വ
ജ്ഞാനമുപദേശിക്കുംന്നൂനം * ഇങ്ങിനെപലതരമോത്തുജാനശ്രുതകനാ
യങ്ങിനെതന്നെരാത്രികഴിഞ്ഞുനരേന്ദ്രനും * പ്രത്യുഷസ്യത്ഥായത
തോഭാജ്ജിതൻനരാധിപ സത്തമൻനിജസൂതൻതന്നെയുംവരുത്തി
നാൻ * സാരഥേനീയുംമഹാവേഗേനപുറപ്പെട്ടു ചാരുഭൂതലമെല്ലാ
മാരാഞ്ഞുനടക്കണം * ആശ്രമങ്ങളുംപുണ്യവിപിനങ്ങളുംമുനി വി
ശ്രമയോഗ്യങ്ങളാംവിപിനദേശങ്ങളും * സജ്ജനവൃന്ദംവസിച്ചീടു
ന്നസ്ഥലങ്ങളും നിമ്മലമാന്യങ്ങളാംസതീത്ഥകുലങ്ങളും * പു
ണ്യനിമ്നഗതീരംപുളിനസ്ഥലങ്ങളു മന്യദേശങ്ങളെല്ലാംനടന്നുതിര
യണം * രൈക്വനെന്നൊരുമുനിനായകൻയോഗീശ്വരൻ ദീഘബു
ദ്ധിമാൻശകടസ്ഥിതൻമഹാഭാഗൻ * സവ്വധമ്മങ്ങൾക്കെല്ലാമാശ്ര
യൻതത്വജ്ഞാനി സവ്വസ്വപൻതന്നെത്തിരഞ്ഞറിഞ്ഞുവന്നീടണം *
നരപാലകവാക്യമിവണ്ണംകേട്ടനേരം ത്വരിതംപുറപ്പെട്ടുസാരഥിപ്രവ
രൻതാനും * ഭൂമിയിലെല്ലാടവുംരൈക്വനാമാനമേന മാമയഹീനൻതു
ടർന്നിടിനാനഹന്നിശം * പവ്വതഗുഹകളുംതാപസാശ്രമങ്ങളും സ്വ
ച്ഛതീത്ഥസ്ഥലങ്ങളുംതിരഞ്ഞുനടന്നവൻ * താപേനാതിപീഡിതമന
സ്ഥനായ്സൂതൻചാലം ശോഭനമകംപുക്കുതിരഞ്ഞാനവിടവും * അന്നേരം
മൊരുപവിത്രോജ്ജ്വലതരപര മോന്നതതേജസ്സോടുംപരമക്രൂ
ത്താംഗനായ് * നിഷ്കളബ്രഹ്മരൂപംധ്യാനിച്ചുനിരന്തരം പൂണ്ണാനന്ദ
മോടുംശകടസമേതനായ് * യോഗിനിഷ്ഠയാവസിച്ചീടുന്നമുനീന്ദ്രനെ

ഭാഗ്യവാൻകണ്ടൊരെക്യനിവനെന്നുറച്ചവൻ * ചെന്നുടൻനമസ്കരി
ച്ചഭിവാദ്യവുംചെയ്തു വന്ദിച്ചുപലവിധംചോദിച്ചുവിനീതനായ് *
സായുജ്യാഭിധനാകുംഐക്യനല്ലല്ലിഭവാൻ സംയമശീലസത്യമരു
ളിച്ചെയ്തീടണം * അന്നേരംമഹർഷിയുംമന്ദഹാസവുംപൂണ്ടു നന്ദി
ച്ചുസ്വതന്ത്രന്നോടീവണ്ണമരുൾചെയ്തു * സായുജ്യൈക്യനാമാ
ഞാനെന്നുധരിച്ചാലും സംശയമുണ്ടാകേണ്ട മാനസേനിനക്കേതും *
സാരഥിതാനുമൈക്യനിവനെന്നുറച്ചാരോ സാരമാംകഥകളും
പറഞ്ഞുചെറുനേരം * സഫലമാക്കിപ്പുറഞ്ഞുടനേപുറപ്പെട്ടു
സകലവൃത്തമാനംനൃപനോടറിയിച്ചു * സന്തോഷമോടുംജന
ശ്രുതനന്ദനനന്തദാ ശാന്തമാരൂപംഗവാംഷണ്ഡത്തെസമാദായ *
അനന്തംധനൌഘവുമെടുത്തുസസംഭ്രമം ഘനവേഗാശ്വയുക്ത
മായോരുരഥത്തോടും * ഉടനെപുറപ്പെട്ടുഗന്ധമാദനഗിരി കട
കമകാവുകളൈക്യനെവണങ്ങിനാൻ * ഭഗവന്മഹാമുനേമൽദ
ത്താധനമിദം വിഗതവിചികിത്സാസ്വീകരിച്ചരുളേണം * ശക
ടസ്ഥാനീയമായ്രഥവുംഗ്രഹിക്കേണം നികടേഞാനുംവസിച്ചീടു
ന്നേൻശുശ്രൂഷാർത്ഥം * ദിവ്യരൂപിണികളാംഗോക്കളെഗ്രഹിച്ചെ
ന്റെ ഭവ്യതവരുത്തുവാൻകാരുണ്യമുണ്ടാകേണം * ഞാനഹോജ
നശ്രുതനന്ദനൻമുനേതത്വ ജ്ഞാനവുമിനിക്കുപദേശിക്കവേണംഭ
വാൻ * ഭൂമിപാഗ്രഹമേവംകേട്ടുതാപസശ്രേഷ്ഠൻ കോമളമുദാക്ഷ
രമുത്തരമരുൾചെയ്തു * ഗോക്കളുംരഥധനമെന്നിവനരാധിപ ഭോ
ഷ്ക്കല്ലനമുക്കുപജീവിപ്പാനേതുംപോരാ * എന്നുടെക്ഷുധംബനിവ്വാഹ
പര്യാപ്തമല്ല നിന്നുടെധനമെല്ലാമൊന്നിച്ചുകണ്ടാകിലും * അസം
ഖ്യാകല്പകാലംജീവിപ്പാനിരിപ്പുഞാ നസഹ്യംനിന്റെവാക്യമെന്ന
തുമറിയണം * ബ്രഹ്മജ്ഞാനോപദേശക്കൂലിവാങ്ങുകയില്ല നിർമ്മല
ന്മാരാംമഹാജനങ്ങളറിഞ്ഞാലും * മേദിനീശ്വരനതുകേട്ടുതാപസേ
ന്ദ്രനെ സാദരംതൊഴുതുടൻപിന്നെയുംചൊല്ലീടിനാൻ * ബ്രഹ്മ
ജ്ഞാനോപദേശമൂല്യമല്ലിതുമുനേ ബ്രഹ്മജ്ഞോത്തമഭവാൻസ്വീക
രിക്കേണമെല്ലാം * തൃക്കഴലിണതൊഴുതീടിനോരടിയനു നിഷ്കളാ
ദ്വൈതജ്ഞാനമുപദേശിച്ചീടണം * കേട്ടാലുംനരാധിപഞാൻപറ
ഞ്ഞീടുന്നതും ശ്രേഷ്ഠമാംതത്വജ്ഞാനയോഗ്യതഭവാനില്ല * മുമ്പി
ലെഭവിക്കണംസംസാരനിർവ്വേദവും മമ്പോടുപുണ്യപാപസമത്വ
മുണ്ടാകേണം * സംസാരേവിമുക്തനായ്ക്കനിതുഭവാനിപ്പോൾ ക
സാരികാരുണ്യമുണ്ടാകകൊണ്ടെന്നാകിലും * പുണ്യപാപങ്ങൾക്കേ
തുംവിലയംഭവിച്ചീല നിർണ്ണയംഭോഗംവിനാതല്ലാതെവന്നുകൂടാ *
എന്നാലുമതിനുപായംപറഞ്ഞീടുവൻഞാൻ ധന്യനാംനിനക്കു

പാരൌരവമുണ്ടാകയാൽ * ഉണ്ടെടോ തീൎത്ഥത്രയമുടജാന്തികേ മമ കണ്ട പക്ഷണ്ടായ്വരും പ്രാരബ്ധവിനാശനം * നീയതിൽ സ്നാനം ചെയ്കഭൂപതെ ചിരംവോടെ പോയ്മറഞ്ഞീടും തവ പുണ്യപാപങ്ങളെല്ലാം * പ്രാരബ്ധവിനാശവും സംഭവിച്ചീടുമെന്നാൽ സാരജ്ഞോത്തമ നിനക്കിഷ്ടമുണ്ടാകവേണ്ട * പിന്നെ ഞാൻ തത്വജ്ഞാനമുപദേശിച്ചീടുവൻ ചിന്തനിനക്കെല്ലാം തീരുമെന്നറിഞ്ഞാലും * ഇങ്ങിനെ രൈക്വമുനിഭാഷിതം കേട്ടനേരം മംഗലശീലൻ ജാനശ്രുതിയും സസംഭ്രമം * ചെന്നുടൻ തീൎത്ഥത്രയം കണ്ടു വന്ദിച്ചു പാരം നന്ദിച്ചു സസങ്കല്പമജ്ജനം ചെയ്തീടിനാൻ * അപ്പൊഴെ നരാധിപൻ ചിത്തശ്ശുദ്ധനായ്വന്നാനത്ഭുതമെല്ലൊ തീൎത്ഥവൈഭവം നിരൂപിച്ചാൽ * സംയശാമുനീന്ദ്രനുമന്നേരം കൃപാശീലൻ സംയുക്തപ്രഭാവനാം ഭൂപതീന്ദ്രനും ദ്രുതം * യോഗീന്ദ്രന്മാൎക്കുമതിദുൎല്ലഭതരമായോരാഗമസാരം തത്വജ്ഞാനവും നൽകീടിനാൻ * പരമജ്ഞാനം ധരിച്ചപ്പൊഴെ നരാധിപൻ പരമാനന്ദം പൂണ്ടു പരമഭാഗ്യശാലി * ചേതനാച്ചേതനാദിഭേദവും വെടിഞ്ഞവൻ ചേതസാ ലയം വരുത്തീടിനാനത്യത്ഭുതം * ഇങ്ങിനെ ജനശ്രുതനന്ദനൻ ശ്രദ്ധോദയൻ മംഗലതീൎത്ഥങ്ങളിൽ സ്നാനം ചെയ്തതുമൂലം * കേവലം പരബ്രഹ്മരൂപനായ്വന്നു ഭൂമിദേവോത്തമന്മാരെ സത്യമെന്നറിഞ്ഞാലും * ഗംഗാദിതീൎത്ഥത്രയമജ്ജനം ചെയ്തു പിന്നെ സംഗതാനന്ദം കോടിതീൎത്ഥത്തിൽ മുഴുകേണം * പാപശേഷങ്ങളശേഷവും പ്രലീനങ്ങൾ താപസോത്തമന്മാരേ നാശിക്കും തൽപ്രഭാവാൽ * ധന്യമായുഷ്യം സൎവ്വലോകവിശ്രുതം പരം പുണ്യദം സൎവ്വസമ്പത്തായകം ശുദ്ധിപ്രദം * ദുസ്സ്വപ്നവിനാശനം സൎവ്വപാപൌഘാപഹം ദുസ്സരദാരിദ്ര്യസന്താനകാരണം ശുഭം * വിഘ്നൌഘനിവാരണം മാനസശാന്തികരം മുക്തിവൈഭവം സ്മൃതിമാത്രേണ മോക്ഷപ്രദം * ശ്രീരാമചന്ദ്രൻ പുരാ രാവണവധം ചെയ്തു വീരന്മാരായ കപിമുഖ്യന്മാരോടും കൂടി * ബന്ധുരപരാക്രമ വാരിധിസ്സേതുമദ്ധ്യേ ഗന്ധമാദനാചലം പുക്കുടൻ സസംഭ്രമം * തന്നുടെ ബ്രഹ്മഹത്യാപാതകമോക്ഷാൎത്ഥമായ് ധന്യമായിരിപ്പൊരു ലിംഗവും പ്രതിഷ്ഠിച്ചു * അഭിഷേകാൎത്ഥം ശുഭസലിലമന്വേഷിച്ചിട്ടുഭിമാനാംഭോനിധിക്കരികിലതു സമീപേ * ഏതൊരു ജലം മമ രാമനാഥാഭിഷേക വ്രതമായ് സമുചിതമെന്നേവം വിചാരിച്ചു * മാനസേ മന്ദാകിനീ സ്മരിച്ചു രഘൂദ്വഹൻ ഖനനം ചെയ്തു ധനുഷ്കോടി കൊണ്ടാനു ഭൂമൌ * ഭൂതധാത്രിയെ തത്ര ഭേദിച്ചു ചാപകോടി സാദരം രസാതലപൎയ്യന്തമെന്നേ വേണ്ടു * രാഘവൻ നിജ ചാപം മേല്പെട്ടു വലിച്ചപ്പോൾ ലാഘവം ചേരും ജലമുണ്ടായിതന്മാൎഗ്ഗേണ * കോടിനിൎമ്മി

തന്മായകാരണനാനാമധേയം കോടിതീൎത്ഥമെന്നേവംകല്പിച്ചുരാമച
ന്ദ്രൻ * തജ്ജലംകൊണ്ടുരാമനാഥാഭിഷേകംചെയ്തു നിൎജ്ജരപതി
പരിസേവിതപദാംബുജൻ * സീതാവല്ലഭൻനിജപാതകമോചനാ
ൎത്ഥ മാദരാൽപാരംതത്രമജ്ജനംചെയ്തീടിനാൻ * ബ്രഹ്മഹത്യയുംതീ
ൎന്നുവാനരന്മാരുമായി നിൎമ്മലൻപുഷ്പകാഖ്യംവ്യോമയാനവുമേറി *
സീതാദേവിസൌമിത്രിയുതനാസ്സുരംപുക്കജഗ ദാധാരൻസുഖിച്ചുവാണ
രുളിരാമചന്ദ്രൻ * ഗന്ധമാദനാചലംതന്നിലെതീൎത്ഥങ്ങളിൽ സ
ന്തതംസ്നാനംകൊണ്ടുപോകാത്തപാപശേഷം * കോടിതീൎത്ഥത്തിൽ
മുഴുകീടിനാലതുംപുന രോടിപ്പോയ്മറഞ്ഞീടുമില്ലസംശയമേതും * മു
ന്വിലെകോടിതീൎത്ഥമജ്ജനംചെയ്യാതെന്നാൽ കിംഫലംവൃത്ഥാത
ന്നെമറ്റുള്ളതീൎത്ഥമെല്ലാം * സൂതഭാഷിതമേവംകേട്ടുതാപസന്മാരും
ചേതസികുതുകംപൂണ്ടീവണ്ണംചോദ്യംചെയ്തു * തപോജ്ഞജനങ്ങ
ളിലുത്തമനല്ലോഭവാൻ സത്യംചൊല്ലുകഞങ്ങൾക്കുണ്ടൊരുസന്ദേ
ഹവും * കോടിതീൎത്ഥത്തിൽമുഴുകീടിനപുരുഷനു മൂഢപുണ്യനാശ്ശേ
രുംപാപങ്ങളകന്നീടും * മറ്റുള്ളതീൎത്ഥസ്നാനംവേണമെന്നില്ലെന്ന
ല്ലോ മുറ്റുംനിൻമതമെന്നാലുത്തമമനീഷികൾ * ധൎമ്മതീൎത്ഥാദി
സ്നാനംകിമൎത്ഥംചെയ്തീടുന്നു നിൎമ്മലമതേഭവാൻതന്മൂലംചൊല്ലീടു
ണം * സൂതനുമതുകേട്ടുസാദരമുരചെയ്തു ഭൂതനായകപദവന്ദനാപൂ
രസ്സരം * രഹസ്യമേതത്തതാംപണ്ടുനാരദനോടു വിഹസ്യമഹാ
ദേവനരുൾചെയ്തുകേൾപ്പിൻ * ഒരുവൻയദൃച്ശയാപോയീടുംതീ
ൎത്ഥാന്തികെ പരനുംതീൎത്ഥയാത്രാപരനായ്ഗമിച്ചീടും * അവക്കുമാ
ൎഗ്ഗമദ്ധ്യെദേവതാലയങ്ങളും പവിത്രതീൎത്ഥങ്ങളുംസേവിപ്പാനവകാ
ശം * ഭവിച്ചീലെന്നുവന്നാൽതീൎത്ഥാതിക്രമദോഷം ഭവിക്കുമതി
നില്ലനിഷ്കൃതിയൊന്നുകൊണ്ടും * സേതുസ്നാനാൎത്ഥംഗമിച്ചീടുന്നജന
ങ്ങളി ലൊരുവന്മാൎമറ്റുമുള്ളതീൎത്ഥങ്ങളെല്ലാം * ത്യജിച്ചുനട
പ്പതുമവനുംമഹാപാപം ഭവിച്ചുജനബഹിഷ്കൃതനായ്ഭവിച്ചീടും * എ
ന്നതുമൂലംചക്രതീൎത്ഥാദിനിഷേവണ മൊന്നൊഴിയാതെപുനരെവ
രുംചെയ്തീടണം * ഒടുക്കംകോടിതീൎത്ഥമജ്ജനംചെയ്തുകൊണ്ടാ ലൊ
ട്ടൊഴിവരുംമഹാപാപസഞ്ചയത്തിനും * തല്പരംതൽപ്രദേശേവസി
ച്ചീടരുതെന്നു വിപ്രസത്തമന്മാരേചൊല്ലുന്നുബുധജനം * രാമ
ചന്ദ്രനുംപുരാകോടിതീൎത്ഥോദകേന രാമനാഥാഭിഷേകംചെയ്തുസം
പ്രീതനായി * തന്നുടെബ്രഹ്മഹത്യാപാതകനാശാൎത്ഥമായ് ധന്യ
മാംതജ്ജലത്തിൽസ്നാനവുംചെയ്തുവേഗാൽ * ജാനകീസഹോദരയു
ക്തനായ്പുറപ്പെട്ടു ദാനവാരാതിനിജനഗരമകംപുക്കു * കോടിസ്നാ
നേനപാപമോചനംവന്നാൽപുന രോടിപ്പോയ്നിജനിജമന്ദിരം

പ്രാപിക്കേണം * അങ്ങിനെതന്നെപണ്ടുരാഘവൻതിരുവടി മം
ഗലത്രുപനരുൾചെയ്തതെന്നറിഞ്ഞാലും * പാവനംസർവ്വലോക
വിശ്രുതംമഹാപുണ്യം സേവകാഭീഷ്ടപ്രദംരാഘവവിനിർമ്മിതം *
ജാഹ്നവീസദാവാസംപാതകസമുദായ താണ്ഡവപ്രണാശനമത്ഭു
താസ്പദംപരം * ഇങ്ങിനെയുള്ളകോടിതീർത്ഥത്തിൻമാഹാത്മ്യങ്ങ ളെ
ങ്ങിനെചൊല്ലീടുന്നതാപസോത്തമന്മാരേ * ദേവകീസുതൻപുരാ
മാതുലവധദോഷം കേവലമതിൽസ്നാനംകൊണ്ടുവേരറുത്തും * കേ
ട്ടാലുമതിന്മൂലമൊട്ടുഞാൻചൊല്ലീടുന്നേൻ കേട്ടോളംമഹാപാപമാക
വേനശിച്ചീടും * ശൂരനെന്നൊരുയദുനായകൻതന്റെസുതൻ വീര
നാം വസുദേവനെത്രയുംഭാഗ്യശാലി * മേദുരഗുണനവൻദേവകിയെ
ന്നുകംസ സോദരിതന്നെവിവാഹംചെയ്തുവിധിബലാൽ * തേരതി
ൽകരയേറിദമ്പതിമാരെത്തദാ വീരനാംകംസൻതാനുംസാരഥിഭാ
വംപൂണ്ടു * ഗമിക്കുന്നേരംകംസൻതന്നുടെചിത്തംപാരം ഭ്രമിക്കുംവ
ണ്ണമരുൾചെയ്തിതാകാശവാണി * കേട്ടാലുംഭോജാന്വയസത്തമകം
സനിന്നകനിഷ്ഠയെത്രയുമിവൾസോദരിയാകമൂലം * ഇവളിൽജനി
ച്ചീടുമഷ്ടമകുമാരകൻ തവസംഹാരംചെയ്യുമില്ലസംശയമേതും * ഇ
ങ്ങിനെദിവ്യവാണികേട്ടുകംസനുംപാരം ഇങ്ങിനകോപഹിതംകോ
പസമ്പൂർണ്ണനായി * ഭഗിനീതന്നെക്കൊലചെയ്യുമെന്നുറച്ചവൻ വി
ഗതശങ്കംകരവാളവുംധരിച്ചവൻ * ഉത്തമശിരോരുഹംതരസാചു
റ്റിപ്പിടി ച്ചുതലെന്നിയെതുടങ്ങീടിനാന്മഹാപാപി * അതുക
ണ്ടതിതാപംപൂണ്ടൊരുവസുദേവ നതിനിസ്രൂപനായകംസനോടുര
ചെയ്തു * അരുത്മഹാവീരസോദരീവധംതവ ചരിതത്തിനുംപാ
രംലഘുത്വംവരുമന്നൂനം * നിന്ദ്യകർമ്മത്തെച്ചെയ്തുജീവനെരക്ഷിപ്പ
തു നന്നല്ലമഹാജനയോഗ്യവുമല്ലന്നൂനം * ഇവളല്ലഹോനിന്നെ
ക്കൊല്ലുന്നതെന്നുവന്നാ ലിവളെക്കൊന്നീടുവാനെന്തുകാരണമെ
ടോ * ഇന്മധുമൊഴിപെററനന്ദനന്മാരെയെല്ലാം സമ്മതംനിന
ക്കുഞാൻകൊണ്ടന്നുതന്നീടുവൻ * അസത്യവാക്യാമമശീലിതമല്ല
കംസ അസത്യാപരാഭികംസാക്ഷിതെപഞ്ചഭൂതം * വസുദേവ
ൻവാക്യവിശ്വാസംകൊണ്ടുംനിജ ഭവിതാമൃതബലംകൊണ്ടുമക്കം
സൻതദാ * ഭഗിനീവധംനിവൃത്തിച്ചുകശ്മലന്നിജ നഗരമകംപു
ക്കുസാതങ്കംമരുവിനാൻ * ശൗരിയുംതതോനിജഭാര്യയോടൊരുമി
ച്ചു ചിന്തയാനിജമന്ദിരംപുക്കിരുന്നു * അങ്ങിനെചിലകാലം
കഴിഞ്ഞോരനന്തര മങ്ങുദൌഹൃദമുണ്ടായ്ചമഞ്ഞുദേവകിക്കും *
കംസനുമതുകേട്ടിട്ടവരെക്കാത്തീടുവാൻ സംസളന്മാരാംഭൃത്യന്മാരെയും
നിയോഗിച്ചു * പെററിതുകുമാരനെദേവകിദേവിതാനും പെട്ടെന്നു

വസുദേവൻകംസനുനൽകീടിനാൻ * കാൽപിടിച്ചോങ്ങിശ്ശിലാപൃ
ഷ്ഠത്തിൽതച്ചുകൊന്നു കാലനിഷ്ഠുരന്മഹാദുഷ്ടനാംകംസൻതാനും *
ആറുനന്ദനന്മാരെശിലവാൻവസുദേവൻ നിറന്നമനസ്സോടുമവനു
നൽകീടിനാൻ * ദുഷ്ടനാംഭോജനാഥനാകവേകൊന്നീടിനാൻ ക
ഷ്ടമെത്രയുമവൻതന്നുടെദുരാചാരം * ആദിശേഷനുമേഴാംനന്ദന
നായിത്തദാ സാദരംദേവകീഗർഭാന്തരംപ്രവേശിച്ചു * മാധവനിയോ
ഗാൽകൊണ്ടക്കാലംമായാദേവി ചാതുര്യമോടുംഗർഭാകർഷണംചെയ്തു
പിന്നെ * നന്ദഗോപൻഗൃഹാഭ്യന്തരേമേവീടുന്ന സുന്ദരിമണി
യായരോഹണിതങ്കലാക്കി * ദേവകിക്കഹോഗർഭംസ്രാവമുൽഭൂതമെ
ന്നു കേവലമെല്ലാവരുംഘോഷിച്ചുസകൌതുകം * പിന്നെശ്രീനാ
രായണൻദേവകീദേവിതന്റെ ധന്യതനൽകുവാനുംഭൂഭാരമൊഴി
പ്പാനും * ഭാഗ്യവൈഭവംവസുദേവനുനൽകീടുവാൻ യോഗ്യമാംദേ
വകീഗർഭത്തിലാവിർഭവിച്ചു * പത്തുമാസവുംതികഞ്ഞീടിനോരനന്ത
രം ഭക്തവത്സലനവതരിച്ചുനാരായണൻ * ശംഖചക്രാബ്ജഖഡ്ഗഭൂ
ഷിതങ്ങളായുള്ള തങ്കരചതുഷ്ടയംപൂണ്ടനന്താദിത്യാഭം * കണ്ടുവി
സ്മയംപൂണ്ടുശൌരിയുംഭുവനൈകഘ കണ്ഠകഠരംശ്രീനാരായണംവ
ണങ്ങിനാൻ * വിശ്വമായതുംഭവാൻവിശ്വപാലനംഭവാൻ വിശ്വ
കാരണംഭവാൻവിശ്വവുംനിങ്കലെല്ലൊ * മഹൽതത്വവുംപ്രധാനം
വിരാട്ടാകുന്നതും മഹതത്വനിധേസ്വരാട്ടായതുംസാമ്രാട്ടുംനീ * സമ
സ്തകാര്യങ്ങളുംകാരണനികരവും സമസ്തേശ്വരഭവാനൊഴിഞ്ഞുമററി
ല്ലൊന്നും * നമസ്തേനാരായണായാമിതവിക്രമായ നമസ്തേചരാച
രകാരണഭൂതധാമ്നേ * ചക്രശാർങ്ഗാദിഗദാപാണയെനമോസ്തുതേ സ
ൽകൃതലീലാഞ്ചിതരൂപിണേനമോസ്തുതേ * ഭക്തവത്സലൻദേവനി
ത്തരംവസുദേവ ഭക്തികാരണംകണ്ടാനന്ദിച്ചുസകൌതുകം * ദേവ
കിക്കേൾക്കമായായാനകദുന്ദുഭിയോ ടീവണ്ണമരുൾചെയ്തുകാരുണ്യവാ
രാന്നിധി * സങ്കടമുണ്ടാകേണ്ടമാനസേനിങ്ങൾക്കേതും ശങ്കയെന്നി
യെകംസനെന്നെഞാൻകൊന്നീടുവൻ * ഒന്നുചെയ്യണംഭവാനെ
ന്നെയുമെടുത്തുപോയ് നന്ദഗേഹിനീസൂതിഭവനന്തന്നിലാക്കി *
തത്തനൂജയായവതരിച്ചമായാദേവി തത്വാദിസ്വരൂപിണിലോക
മോഹിനിപാരം * ഉത്തമഗുണാകരാന്താംദേവീമതിദ്രുത മസ്ഥലംത
ന്നിലാക്കിസ്വസ്ഥനായ്വസിക്കനീ * ഉല്പലേക്ഷണനരുൾചെയ്തതു
കേട്ടുശൌരി തൽപ്രകാരേണശിശുവ്യത്യാസംചെയ്തീടിനാൻ * ശ്രീ
മഹാദേവിമായാദേവകിശയ്യാതലാൽ ശ്രീമതിബാല്യോചിതരോദ
നംതുടങ്ങിനാൾ * ബാലികാനാദംസമാകർണ്യകിങ്കരജനം കാലതാമ
സംവിനാകംസനോടറിയിച്ചു * കംസനുമതുകേട്ടുദേവകീഗൃഹംപു

ക്കു സംശയംവെടിഞ്ഞവൻദാരികമെടുത്തുടൻ * കല്ലിന്മേൽതല്ലീടു
വാനോങ്ങുന്നനേരംദേവി തുല്യമില്ലാതമഹാവിക്രമനികേതനാ * ദു
ഷ്ടദോരന്തരാള്ളേപാദതാഡനംകൃത്വാ പെട്ടന്നംനഭസ്ഥലംതന്നില
ങ്ങെഴുന്നെള്ളി * അനന്തബാഹുക്കളുമനന്തായുധങ്ങളു മനന്തനേ
ത്രങ്ങളുമനന്തപാദങ്ങളും * അത്ഭുതാകാരവുംപൂണ്ടീശ്വരീകംസൻ
തന്നോ ടല്പകോപേനസാകമിത്തരമരുൾചെയ്തു * ദുർബ്ബുദ്ധേമൂഢ
ചിത്തപാപാത്മൻകംസകേൾക്ക ദുർബ്ബോധംനിന്നോളമിന്നില്ലമററാ
ക്കുംന്യൂനം * പ്രാണഘാതകൻതവജാതനായിതുഭുവൌ കാണിനൈവെ
കാതെതിരഞ്ഞറിഞ്ഞീടുകനീയും * ലോകമാതാവ്വമേവമരുളിച്ചെയ്തു
പിന്നെ ലോകരക്ഷാത്ഥംതത്രതത്രദിവ്യാലയേഷു * മാനുഷോത്തമ
ന്മാരാൽപൂജ്യമാനയായ്സദാ മാനിതാഭീഷ്ടപ്രദാതാവിരുന്നരുളിനാ
ൾ * ഭോജനാഥനംദേവിഭാഷിതംകേട്ടനേരം ഭോജനാദികളിലും
കൌതുകമില്ലാതെയായ് * തന്നുടെമൃത്യുഭൂതബാലകംതിരവാനായ് മ
ന്നിടമെല്ലാംനിയോഗിച്ചുകിങ്കരന്മാരെ* പൂതനാശകടാദിബാലഘാ
തകന്മാരും ഭൂതലമെല്ലാംനടന്നുഴന്നോരനന്തരം * നന്ദഗോകുലംപു
ക്കുബാലകന്മാരേക്കൊന്നു സുന്ദരകീൎത്തിമാനാംകൃഷ്ണനോടടുത്തപ്പോ
ൾ * ബന്ധുരപരാക്രമമൊക്കവേവെടിഞ്ഞവ രന്തകനികേതനംത
ന്നിലേവാണീടിനാർ * ഇങ്ങിനെലീലാകാലംകഴിഞ്ഞോരനന്തരം
മംഗലരൂപന്മാരാംരാമകേശവന്മാരും * ഒരുമിച്ചനുവേലംകളിച്ചുവ
ളരുമ്പോൾ ധരണിക്കുള്ളഭാരമൊട്ടുപോയ്മറഞ്ഞുതേ * ബാലകന്മാ
രുമായിക്കളിച്ചുപശുകുല പാലനംചെയ്തുവേണുനാദതല്പരൻകൃഷ്ണ
ൻ * കുഞ്ജതാപിഞ്ഛപിഞ്ഛരാദ്യലങ്കാരങ്ങളോടും മഞ്ജുളലീലാഞ്ചി
തകാരുണ്യംപൂണ്ടകാലം * ഒരുനാൾഭോജേശ്വരൻഗാന്ദിനീതനുജ
നെ പെരികെപ്രശംസിച്ചുചൊല്ലിനാൻമഹാപാപി * അക്രൂരനീ
യുംവേഗാൽഗോകുലംപ്രവേശിച്ചിട്ടിക്ഷണംരാമകൃഷ്ണന്മാരേയുംമററു
മുള്ള * നന്ദമുഖ്യന്മാരേയുംഗോപന്മാരേയുംമമ മന്ദിരംതന്നിൽകൊ
ണ്ടുപോരണംപ്രിയസഖേ * ഇത്ഥംതൽഗിരംസമാകണ്ണ്യഗാന്ദിനീ
സുതൻ സത്വരംചെന്നുനന്ദഗോകുലംപ്രവേശിച്ചു * രാമകൃഷ്ണ
ന്മാരോടുമൊന്നിച്ചുഗോപന്മാരെ ധീമതാംവരൻമധുരാപുരംതന്നി
ലാക്കി * ചെന്നുകംസനെക്കണ്ടുവൃത്താന്തമറിയിച്ചു വന്നുതന്മന്ദിര
ത്തിൽസ്വസ്ഥനായ്മരുവിനാൻ * അന്നുലോകൈകനാഥനക്കനെ
സൂമികയാൽ നന്ദഗോപാലസൂനുതൽപുരപരിസരെ * ഇഷ്ടബ
ന്ധുക്കളോടുംരാത്രിയുംകഴിച്ചുടൻ പിറെറന്നാൾചിലവയസ്യന്മാരോ
ടൊരുമിച്ചു * അഗ്രജനോടുംചേൎന്നുതല്പരംകണ്ടീടുവാ നുഗ്രവൈ
ഭവൻപുറപ്പെട്ടിതുസകൌതുകം * സൎവ്വയൌവനമനോഹരനായ്
സൎവ്വേശ്വരൻ സൈ്വരമായ്പുരവരശോഭയുംകണ്ടുമോദാൽ * കാമു

കനിവേശമാസാദ്യതദ്രക്ഷിലോകാൻ ധാമ്മികാശ്രയൻപരിദ്രാവ്യവേ
ശാത്സലീലം * പടമഞ്ഞുന്നിയെകുലച്ചീട്ടുവാൻഭാവിച്ചപ്പോ ളൊ
ടിംത്തുമദ്ധ്യേമഹാഭീഷണംശരാസനം * കോദണ്ഡഭംഗോത്ഥിതഭീ
ഷണനാദംകേട്ടു പാരിച്ചജയാഗ്രഹംവീരന്മാരട്ടുത്തപ്പോൾ * സീര
പാണിയുംയദുനായകൻതാനുമതി ധീരതയോട്ടുമോരോചാപഖണ്ഡ
വുംപൂണ്ടു * തച്ചുകൊന്നൊടുക്കിനാരക്ഷണാൻതന്നെപ്പാരം പിച്ച
യല്ലിതുജഗന്നായകനോത്തുകണ്ടാൽ * സതപരംതഃതാരംഗദപാരി
സന്ധിതംഗജ സത്തമംകുവലയപീഡമാലോക്യകൃഷ്ണൻ * അത്ഭുത
പരാക്രമൻതല്ലുരതലംകൊണ്ടു ശില്പമേറീട്ടുംയുദ്ധംചെയ്തുസംഹരി
ച്ചുടൻ * തദ്ദന്തംപറിച്ചതിലൊന്നുരാമനുനൾകി തദ്ദശാന്തരേരം
ഗംപ്രാപിച്ചുവാസുദേവൻ* നല്ലവല്ലഭമുള്ളചാണൂരമുഷ്ടികാദി മല്ല
വല്ലഭന്മാരെസംഹരിച്ചനന്തരം * തുംഗമഞ്ചാധിഷ്ഠിതംകണ്ടുഭോജാ
ധിനാഥം സംഗതകോപാൽകുതിച്ചതിന്മേൽക്കരെയേറി * കംസ
ന്റെചരണങ്ങൾപിടിച്ചിട്ടുംബെരാതെ സംശയംവിനാചുഴററീട്ടുതാ
ഡിച്ചുഭൂമൌ * സംഹരിച്ചതുനേരംരാമനുംതത്സോദരൻ സിംഹ
വിക്രമൻതദാഹനിച്ചജിതശ്രമം* അന്നേരംസുരകൃതപുഷ്പവൃഷ്ടിയും
ധരിച്ചുന്യൂനാനന്ദംമാതൃപിതൃസന്നിധൌചെന്നു * ബന്ധമോക്ഷാ
പഹാരിനന്ദഗോപാലബാലൻ ബന്ധമോചനംചെയ്തുദുഃഖവും
തീൎത്തിടിനാൻ * സൎവ്വദാപരിഷ്കൃതാചാരവൈഭവൻദേവൻ സൎവ്വ
ലോകാനന്ദവുംവരുത്തിയഥോചിതം * രാജ്യരക്ഷാൎത്ഥമുഗ്രസേന
നെക്കല്പിച്ചതി പൂജ്യമാംപദവുമന്നേകിനാനഹോചിത്രം * ഭൂദേ
വോത്തമന്മാരേമാതുലവധമേവം ഭൂതലത്രാണാൎത്ഥമായ്മാധവൻ
ചെയ്തുപുരാ * അങ്ങിനെവാഴുംകാലമൊരുനാൾമുനികുലം സംഗ
തന്മാരായ്വന്നുഭഗവദ്ദൎശനാൎത്ഥം * തല്പരിപൂജനംചെയ്തുല്പലവിലോ
ചനൻ തല്പരംശ്രീനാരദമുനിയോടരുൾചെയ്തു * ഏത്രയുംപാപ
കാരീദേവകണ്ടകോത്തമൻ നിസ്രൂപനായകംസൻതന്നെഞാൻകൊ
ന്നമൂലം * മാതുലവധദോഷമിനിക്കസംഭൂതമായ് ചേതസിസുഖ
മൊരുനേരവുമില്ലതാനും * തല്പാപമെല്ലാംനശിച്ചീട്ടുവാനിതുകാലം
തൽപ്രായശ്ചിത്തംഭവാനെന്നോട്ടുചൊല്ലീടണം * നാരദമുനീന്ദ്രനും
ഭഗവദ്വാക്യംകേട്ടു ഭൂരിഭക്തിമാൻപ്രണയാന്വിതമുരചെയ്തു * നി
ത്യനായ്സദാകാലംബുദ്ധനായ്വിശുദ്ധനായ് മുക്തനായിരിപ്പോരുനി
ന്തിരുവടിയല്ലോ * സച്ചിദാനന്ദരൂപൻപരമാത്മാവായതും നിശ്ച
യംജഗന്മയനായതുമെന്നിരിക്കെ * പുണ്യപാപങ്ങൾക്കുണ്ടോസം
ബന്ധംഭവാങ്കലി ന്നന്യൂനഗുണാംബുധേചൊല്ലുവനെന്നാകിലും *
ലോകസംഗ്രഹണാൎത്ഥംചെയ്യേണംപ്രായശ്ചിത്തം ലോകനാഥനാം

ഭവാൻപോരുമെന്നെന്റെമതം * രാമസോദരസോമസുന്ദരാനനകൃഷ്ണ രാമസേതുവിൽഗന്ധമാദനേധരാതലേ * തൽപൂർവ്വാംബരാമാംശ്രീരാമചന്ദ്രന്തന്നാ ലത്ഭുതംപ്രതിഷ്ഠിതംരാമനാഥാഖ്യലിംഗം * തദഭിഷേകാൎത്ഥമായ്നിൎമ്മിതമൊരുതീൎത്ഥം തദനുഖ്യാരംഭുവനങ്ങളിലെല്ലാടവും * തത്രമജ്ജനംചെയ്തുരാവണാന്തകൻബ്രഹ്മഹത്യയാംമഹാപാപമാകവേവേരറുത്തു * ധൎമ്മവൎദ്ധനേമഹാപാതകവിനാശനേ നിൎമ്മലമതേഭവാൻതത്രപോയ്സ്നാനംചെയ്താൽ * മാതുലഹതദോഷമാകവേനശിച്ചീടും ചേതസിനമുക്കൊരുസംശയം തോന്നുന്നീലാ * വൃഷ്ണിവംശാധിനാഥശ്രീകൃഷ്ണവാസുദേവ വിഷ്ണുമുഖ്യാവതാരതൽതീൎത്ഥംമനോഹരം * ആയുരാരോഗ്യപ്രദംമോക്ഷകാരണംപര മായതസ്വൎഗ്ഗാദിഭോഗപ്രദംമനോഹരം * മുനിവാക്യവുംകേട്ടുസന്തോഷമോടുംതദാ രാമസോദരന്മുനിമാരെയുംയാത്രയാക്കി * പാതകനാശംവരുത്തീടുവാൻചരാചര ഭൂതവല്ലഭൻകൃഷ്ണൻതൽക്ഷണേപുറപ്പെട്ടു * രാമസേതുവുംകോടിതീൎത്ഥവുംകണ്ടപാരം കോമളകളേബരനാനന്ദംപൂണ്ടീടിനാൻ * സംകല്പപൂൎവ്വംതീൎത്ഥമജ്ജനംചെയ്തുപിന്നെ സംഖ്യയില്ലാതെമഹാമുഖ്യദാനവുംചെയ്തു * രാമനാഥനെസ്സേവിച്ചാമയമെല്ലാംതീൎന്ന ശ്രീമയംനിജപുരംപ്രാപിച്ചുവാസുദേവൻ * അങ്ങിനെയുള്ളകോടിതീൎത്ഥത്തെപ്പുകഴ്ത്തുവാ നിങ്ങിനെത്തുനിഞ്ഞുഞാനല്ലയോമഹാമൂഢൻ * കോടിതീൎത്ഥത്തിൻകഥചൊല്ലുന്നോർകേൾക്കുന്നോരു മാടൽതീൎന്നാനന്ദമാംപദത്തെപ്രാപിച്ചീടും *

ഇതി ശ്രീസേതുമാഹാത്മ്യേ ശ്രീരാമകാണ്ഡം സമാപ്തം.

## സാദ്ധ്യകാണ്ഡം.

ഫുല്ലാരവിന്ദനയനനാമീശ്വരൻ മല്ലാരിതന്നിലെഭക്തികൊണ്ടെത്രയും * ഉല്ലാസമോടുതെളിഞ്ഞുമനീഷകൊ ണ്ടില്ലലോകേഷുനിന്നോടുതുല്യൻപരൻ * നല്ലകഥാമൃതസാരമോരോന്നവീ ചൊല്ലുകനല്ലതുസൂതമഹാമതേ * ഇല്ലവിശപ്പുപിപാസയുംഞങ്ങൾക്ക ചൊല്ലുവല്ലാനന്ദമുള്ളതുംകേവലം * നല്ലകുശലംനിനക്കമിതുമൂല മില്ലകില്ലേതുമുണ്ടാകുമെന്നോർക്കെടോ * ചൊല്ലിയലുന്നൊരുതാപസന്മാരുടെ ചൊല്ലുകേട്ടുല്ലാസകൌതുകംസൂതനും * ചൊല്ലിനാനെങ്കിലൊകേട്ടുകൊൾവിൻനിങ്ങ ളെല്ലാവരുംസാവധാനേനസാദരം * സ്വൎല്ലോകദുല്ലഭപുണ്യഫലോദയ കല്ലോലപൂരിതകോടിതീൎത്ഥ-

ത്തുടെ * സ്നാനമജ്ജനംചെയ്തു വിശുദ്ധനായി മുല്ലവിശിഖാരിയേ
യും പണിഞ്ഞിടണം * തല്പരമുണ്ടൊരു തീൎത്ഥമത്യുത്തമ മത്ഭുതസാദ്ധ്യാ
മൃതമെന്നു വിശ്രുതം * സൎവ്വദുഃഖൌഘനിവാരണം പാവനം സൎവ്വ
പാപാപഹമിഷ്ടഫലപ്രദം * യാഗവിസ്താരങ്ങൾദാനവിഭവങ്ങ
ളാഗമപാഠങ്ങളെന്നിവകൊണ്ടുടൻ * സാദ്ധ്യാമൃതതീൎത്ഥമജ്ജനത്തി
ൻഫലം സാദ്ധ്യമല്ലെന്നതു നിശ്ചയിക്കാമെടോ * തജ്ജലസ്പൎശനം
കൊണ്ടു വിശുദ്ധനായ് നിൎജ്ജരമാന്യനായ്‌വന്നുകൂടുംദ്ധ്രുവം * ജന്മാന്ത
രങ്ങളിൽ ചെയ്തുള്ള കിൽബിഷകൎമ്മങ്ങൾ തദ്ദൎശനേന നശിച്ചുപോം*
ഘോരനരകഭയമുള്ള മാനുഷർ ചാരുസാദ്ധ്യാമൃതേമജ്ജനംചെയ്യ
ണം * യാതൊരു മാനുഷൻ തന്റെ ശരീരാസ്ഥി പൂതമാംസാദ്ധ്യാമൃ
തത്തിൽ കിടപ്പതും * എന്നുമവൻ കൈലാസാചലംതന്നിൽ നി
ന്നു ചെവ്വോടെന്നതില്ലെന്നു നിൎണ്ണയം * അന്ധകാരത്തെ ദിനനാഥവ
ത്സദാ ഹന്ത സാദ്ധ്യാമൃതംപാപത്തെനീക്കിടും * പണ്ടുപുരൂരവസ്സാ
യുള്ള മന്നവ നിണ്ടലുണ്ടായതു തീൎത്തുകൊണ്ടിടുവാൻ * സാദ്ധ്യാമൃത
സ്നാനമാചരിച്ചമ്പോടു സാദ്ധ്യമല്ലാത്ത ഭോഗങ്ങൾസാധിച്ചതും *
കേട്ടാലുമെങ്കിലോ മുഖ്യമാമക്കഥ കേട്ടവാറൊട്ടൊട്ടു ഞാനഹോ ചൊ
ല്ലുവൻ * ദേവേന്ദ്രതുല്യപരാക്രമവാരിധി കേവലംപണ്ടുപുരൂരവ
സ്സാംനൃപൻ * രാജാധിരാജനമൎത്ത്യേന്ദ്രപൂജിതൻ രാജരാജോപമൻ
ധൎമ്മപരായണൻ * മേദിനിപാലനംചെയ്യു നരേശ്വരൻ മോദപ
രായണൻ വാഴുംദശാന്തരേ * മിത്രാവരുണശാപത്തിനാലുൎവ്വശി ചി
ത്തതാപേന ഭൂമൌ പതിച്ചീടിനാൾ * അങ്ങുമിങ്ങും നടന്നംഗനാമൌ
ലിയും സംഗതാൽ പുരാഭ്യാശെ മനോഹരേ * ഭൂരിപ്രഭേന്ദ്രപോല്യാ
നാപ്രവശിച്ചു ചാരുസ്മിതാ ദേവനാരീകുലോത്തമാ * കോകിലാലാ
പിനീ വീണയും വായിച്ചു ശോകമൊഴിഞ്ഞു ഗാനംചെയ്തു മേവിനാൾ*
അന്നു രാജാവുമുപവനക്രീഡാൎത്ഥ മുന്നതമായതുരംഗംകരയേറി* കാ
ന്താരാക്ഷീജനസംവീതപാൎശ്വനായ് കൌതുകമോടു തദഭ്യന്തരംപുക്ക *
സഞ്ചരിച്ചീടുംദശാന്തരെ കണ്ടിതു പഞ്ചായുധശരദേവതമുൎവ്വശീ *
നെഞ്ചിൽ തറച്ചോരു കാമബാണംകൊണ്ടു കിഞ്ചിൽ ചിരിച്ചവളോ
ടു ചൊല്ലീടിനാൻ * നാരീജനമണിയും ശിരോമാലികേ ചാരുവിലോ
ചനേ മാരാസ്ത്രദേവതേ * ആരാകിലും നീയെനിക്കുള്ള മാരമാൽ വേരോ
ടൊടുക്കീടുവാനായ്‌നിയമണം * ഭൂപതിവീരൻ പറഞ്ഞതു കേട്ടതി ശോഭ
നവാണിയാമുൎവ്വശി ചൊല്ലിനാൾ രാജാധിരാജശിരോമണേ കേൾക്കെ
ടോ വ്യാജമല്ല ദേവനാരി ഞാനുൎവ്വശി* തദ്രൂപദൎശനംകൊണ്ടുമമ ചി
ത്തമാൎദ്രമായ്‌പ്പൊന്നിതു കാമാസ്ത്രസംക്രമാൽ* നിന്നോടൊരുമിച്ചു കാമഭോ
ഗങ്ങളും ധന്യാകൃതേ ഭുജിപ്പാനെനിക്കഭിരുചി* കേട്ടാലുമിന്നതിനുണ്ടൊ

രാവൈഷമ്യമൊട്ടുംഭവാനത്തുദുഷ്കരമല്ലെടോ * എത്രയുംവാത്സല്യപൂ
ൎണനിധാനമാ മത്രമേഷദ്വയംരക്ഷിക്കവേണമേ * രക്ഷിക്കയെന്നുഭവാ
നെഞാൻനഗ്നനാ യുള്ളിട്ടുദ്ദാനമിനിക്കചെയ്യീടൊലാ * നിശ്ചി
തമാജ്ഞാശനമിനിക്കന്നോഹം ഇതൊന്നതിന്നില്ലൊരന്തരമെങ്കിൽ
ഞാൻ നിശ്ചയംനിൻഭാൎയ്യയായ്വസിച്ചീടുവൻ * അപ്പോൾനൃപതി
യുംചെയ്തുസമയവു മുല്പലലോചനാവിശ്വാസകാരണം * നീലാ
ളകാളിയോടൊന്നിച്ചുഭൂപനും കാലവിളംബംവിനാരമിച്ചുതദാ *
ഉൎവ്വശിതാനുംമദോന്മത്തയായ്ഭൃശം ഗൎവ്വംകലൎന്നുള്ളലീലാവിലാസ
ങ്ങൾ * മാരാതുരനായഭൂപനോടൊന്നിച്ചു നാരീശിരോരത്നമാച
രിച്ചീടിനാൾ * നാനാനദീനദതീരങ്ങളുംതദാ മാനനീയങ്ങളാം
ദേശഭേദങ്ങളും * കണ്ടുമനോഭവംതന്നുടെബാണങ്ങൾ കൊണ്ടും
മന്നാളവള്ളമരാലയം * പൃത്ഥ്വീശനുമറുപത്തൊന്നുവത്സരം ചി
ത്തമോദേനദേവാംഗനോപേതനായ് * ചിത്രംദിനേദിനേവൎദ്ധിച്ച
നുരാഗ മൈത്രവല്ലോകംമറന്നുവാണീടിനാർ * അക്കാലമത്ഭുതം
ദേവതാലോകവും തൽകാതരാക്ഷിയാമുൎവ്വശിപോകയാൽ * ഒട്ടുമെ
ശോഭയില്ലാതെപിംപ്രതി നഷ്ടസമാനന്ദമായ്വന്നിതേറവും * ഗ
ന്ധൎവ്വലോകേശനായവിശ്വാവസു സന്താപമോട്ടുംവിചാരിച്ചുമാന
സെ * ഉൎവ്വശീംദേവലോകേകൊണ്ടുപോരുവാൻ നിൎവ്വാഹമുണ്ടെ
ന്നുറച്ചുപുറപ്പെട്ടു * ഭൂപതിവീരനുറങ്ങുംദശാന്തരെ ശോഭനശയ്യാ
ഗൃഹംപുക്കരാത്രിയിൽ * ഉൎവ്വശീസന്നിധാനത്തിൽകിടപ്പോരു സ
ൎവ്വാംഗസുന്ദരമേകമുരണകം * വെക്കമെടുത്തുകൊണ്ടാകാശസീമനി
ചിക്കെന്നുപൊങ്ങിതാൻസത്വരംഗ്രഹിച്ചവൻ * അപ്പോളുരണകമാ
ക്രന്ദനംചെയ്തു പില്പാടതുകേട്ടുസത്വരമുൎവ്വശി * മൽബാലനെത്ത
സ്കരൻകൊണ്ടുപോകുന്നു തല്പാലനംചെയ്കകാന്തദയാനിധേ * ര
ക്ഷിപ്പതിന്നുമറാരുമിനിക്കില്ല രക്ഷരക്ഷപ്രഭോമാനവാരാന്നിധേ *
ഇങ്ങിനെചൊല്ലുന്നനേരമഗ്ഗന്ധൎവ്വനെങ്ങിനെയെന്നറിഞ്ഞീലമാ
യാബലാൽ * അന്യമായുള്ളോരുരണത്തെയുംപിടി ച്ചുന്നതവേ
ഗേനകൊണ്ടുപോയീടിനാൻ * പിന്നെയുംപാരംവിഷാദേനതന്വം
ഗി ഖിന്നതപൂണ്ടതുകണ്ടുനരേന്ദ്രനും * ക്രോധഭാരത്തെസഹിക്ക
രുതാകയാൽ ബോധംകുറഞ്ഞുമറന്നിതുസത്യവും * വാളുമെടുത്തു
ച്ചുറപ്പെട്ടുനേരത്തു കാളാന്ധകാരമൊഴിഞ്ഞില്ലവസ്ത്രവും * ദുഷ്ടനീ
നിൽക്കനിൽക്കെന്നുരചെയ്യുവൻ പെട്ടന്നുടുത്തുചെന്നീടുംദശാന്ത
രെ * സൌദാമിനിപ്രകാശംകൊണ്ടുകണ്ടൊരു വീതാംബരനായ്
നൃപനെത്തദോൎവ്വശീ * തൽക്ഷണേസത്യഭംഗംകാണ്കയാലവ ള
ക്ഷീണവേഗേനപോയ്മറഞ്ഞീടിനാൾ, * ഭൂപതികോപമാലോക്യഗ
ന്ധൎവ്വനും താപേനമേഷങ്ങളേയുമുപേക്ഷിച്ചു * ചെമ്മെമറഞ്ഞു

നേരംനരനാഥനും നന്മേഷകട്രാക്ഷത്തോടുമൊത്തുരമിച്ചു * വന്നുനി
ജാശയനാഗാരസീമനി കന്നൽമിഴിയാളെക്കൊണ്ടാഞ്ഞുഘോഷിച്ചു *
എല്ലാടവുംതിരഞ്ഞുന്മത്തവൽഭൃശം തുല്യമില്ലാതോരഴൽപൂണ്ടുമന്ന
വൻ * രാജ്യവുംഭണ്ഡാരവുംപ്രജാവൃന്ദവും പ്രാജ്യപാരമ്പര്യധർമ്മ
വുംസന്ത്യജ്യ * ഭൂതലമെല്ലാമുഴന്നുനടന്നുട നാത്തുരനാസ്സുരക്ഷേത്ര
മുകാവുകൾ * സ്വർണ്ണമയങ്ങളാംപങ്കേരുഹങ്ങളാൽ പൂർണ്ണമാംതത്രാ
ന്തിദ്വൈപ്യസരോവരെ * കണ്ടാനൊരുദിനമപ്സരോഭിസ്സമം വണ്ടാർ
കുഴലിയാമുർവ്വശിയെക്ഷണം * ചൊന്നാനവളോടനുരാഗപൂർവ്വകം
നന്നൊടാവല്ലഭേനിന്നുടെചേഷ്ടിതം * എന്നെച്ചതിച്ചനീപോയ
തുകാരണം ഖിന്നനായ്പുനഞാൻനാരീലലാടമേ * നിന്നോടുവേ
ർപിരിഞ്ഞൂഴിയിൽവാഴ്വാ നെന്നിലാശാലേശമില്ലെന്നറികനീ *
ഇത്തിരനരാജവാക്യംകേട്ടനന്തര മംഗനാമൌലിയാമുർവ്വശിചൊല്ലി
നാൾ * സന്താപമുണ്ടാകവേണ്ടാനരാധിപ ശന്തമംസത്യംമറന്നി
ഭോമാനസ * രാജൻഭവാനുംനിജനഗരംപുക്ക രാജിതശേഷകൃ
ത്യംവസിച്ചീടുക * ഗർഭംധരിച്ചുഞാനുംഭവാന്തങ്കൽനി ന്നബ്ദകന
ന്ദ്യാതികഞ്ഞാലുളവാകും * അത്രഭവാനന്നുവന്നാൽകുമാരനെ ചി
ത്രാകൃതേതരുന്നുണ്ടുഞാൻനിർണ്ണയം * അന്നൊരുരാത്രിഭവാനോ
ടൊരുമിച്ചു നന്നായ്രമിച്ചുപാഴന്നതുമുണ്ടുഞാൻ * എന്നുപറഞ്ഞ
വല്ലഭമാഞ്ഞീടിനാൾ ചെന്നുനിജപുരംപുക്കനൃപതിയും * ദേവ
ലോകപ്രചുരനാരീശിരോമണി ദേവാംഗനാജനത്തോടുചൊല്ലീ
ടിനാൾ * അക്കണ്ടവന്നവനല്ലോപുരൂരവ സ്സക്സസമാനതേജസ്വീ
ഗ്ഗുണാകരൻ * തൽക്കാമചാതുരീവൈഭവമോർക്കുകി ലിക്കണ്ടദേ
വജനമെതിരില്ലെടോ * ഇത്രനാളുംഞാനവനോടുകൂടവെ ചിത്ര
സുഖങ്ങളനുഭവിച്ചീടിനേൻ * ധർമ്മപരായണനെന്നെയുംരക്ഷിച്ചു
സമ്മോദമോടെവസിച്ചുമഹാമതി * നാകനാരീജനമുർവ്വശീഭാഷിത
മാകവേകേട്ടതെളിഞ്ഞുചൊല്ലീടിനാർ * അത്ഭുതംനിന്നുടെഭാഗ്യം
നിത്രപിക്കി ലല്ലമല്ലേതുമെന്നേപറഞ്ഞീടാവൂ * കാമസമാനവി
വനോടുകൂടവെ കാമസുഖങ്ങളനുഭവിച്ചനഹം * വാണീടുവാ
നായിയില്ലെന്നതുംവരും കാണാതനാരിമാർക്കില്ലയൊചൊല്ലുനീ *
ദേവാംഗനാജനമേവംനൃപതിയെ കേവലംചിന്തിച്ചുതത്രവാണീടി
നാർ * ഉർവ്വശിചൊന്നോരുകാലംവിചാരിച്ചു സർവ്വദാരാജാവുമ
ങ്ങുവാഴുംവിധൌ * സംവത്സരവുംതികഞ്ഞുനൃപതിയും സംഗീത
മോദംസരസ്സിൻതടാന്തികെ * ചെന്നാനപ്പോളുർവ്വശിതാനുംസകൌ
തുകം നന്ദനമായുഷംഭൂപതിക്കേകിനാൾ * അദ്ദിനംഭൂലോകനാഥ
നോടൊന്നിച്ചു വിദ്യുൽപ്രഭാംഗിരമിച്ചിരുന്നീടിനാൾ * അഞ്ചു
കുമാരകന്മാരുള്ളഗർഭവും മഞ്ജിതാപാംഗിധരിച്ചുചൊല്ലീടിനാൾ *

കാന്തകനിഞ്ഞുകേട്ടാലുമുപായമു ണ്ടന്ധതതീരുംമനസിതവായുനാ *
ഗന്ധൎവ്വനായകന്മാരെപ്പരിചോട്ട മന്ദതമുദാഞാൻവഴിച്ചീടിനാൻ
പുരാ * നൂനംഭവാനവരോട്ടസാമ്പ്രതം മാനവവീരവരംവരിച്ചീ
ട്ടുക * എന്നാലവരുംവരംതരുംനിൎണ്ണയ മൊന്നിച്ചിരിക്കാംനമുക്കു
മനന്തരം * ഏവമുക്തപാഗമിച്ചീടിനാളുൎവ്വശി ദേവമുഖ്യാന്തികെ
ചെന്നനരേന്ദ്രനും * ഗന്ധൎവ്വനായകന്മാരേവണങ്ങുന്നേ നന്നേർ
മുദാവരംനല്കേണമദ്യമേ * നൂനമഹംഭവൽകിങ്കരനായോരു മാ
നവനാമിജ്ജനംപരിപാലിക്ക * അപ്പോളവരുംതെളിഞ്ഞുചൊല്ലീ
ടിനാ രിപ്പോൾതരാംവരംവേണ്ടതുചൊല്ലുനീ * രാജീവലോചന
ഭക്തൻനരേന്ദ്രനും വ്യാജവിഹീനമതുകേട്ടരചെയ്തു * സൎവ്വഭൂമീശപ
രൻഞാനെന്നറിയണം ഗൎവ്വിതാരാതിപ്രഭഞ്ജനൻകേവലം * ഉൎവ്വ
ശിയോടൊരുമിച്ചനവേലവും സൎവ്വോപഭോഗസുഭഗനായീടുവാൻ *
കാരുണ്യമോട്ടവരംതരേണംദ്വരി താരണ്യപാവകന്മാരെസകൌതു
കം * വീരൻപുരൂരവസ്സേവംവരിച്ചോരു നേരംത്രിദശവരന്മാരുര
ചെയ്തു * കൊണ്ടുപോയാലുമഗ്നിസ്ഥാലിനീയിതു കൊണ്ടുവേദാനു
സാരേണവസാദരം * യജ്ഞങ്ങൾചെയ്യാലമൎത്ത്യലോകങ്ങളിൽ
യഥാ വിനാവസിക്കായ്വരുംഭൂപതേ * ഉൎവ്വശിയോടുംവിഹരിപ്പതിന്നു
തേ നിൎവ്വാഹവുംപുനരുണ്ടായ്വരുംദൃഢം * ഏവമഗ്നിസ്ഥാലിയും
കൊടുത്തന്മോട്ട ദേവവരന്മാർഗമിച്ചോരനന്തരം * ഉൎവ്വശീഭ്രാന്താ
ന്തരംഗനാകുംനൃപൻ ദുൎവ്വാരമോഹേനകാനനാഭ്യന്തരെ * സ്ഥാ
ലിയുംദൂരത്തെറിഞ്ഞുസസംഭ്രമം മാലോടുമാത്മപുരംപുക്കമേവിനാ
ൻ * അൎദ്ധരാത്രംകഴിഞ്ഞുജാഗരൂകനാ യഥാവിചാരിച്ചതത്ഥ്യം
നിജാന്തരം * ഉൎവ്വശീമൂലമായുണ്ടായകൃത്യൌഘ നിൎവ്വേദശാന്ത
യെഗന്ധൎവ്വസംഘവും * സ്ഥാലിംനമുക്കേകിനാരതുംഞാനൊരു മൂ
ലംവിനാസന്ത്യജിച്ചുവിമൂഢനായ് * വൈകമെത്തുചെന്നുകൊണ്ടുപോ
ന്നീടണം സല്ക്കരണീയംതദാജ്ഞാബലമ്മയാ * എന്നുനിരൂപി
ച്ചുകാനനാഭ്യന്തരെ ചെന്നുടൻപാവകസ്ഥാലീംതിരഞ്ഞസൌ *
സഞ്ചരിക്കുംനേരമന്മോട്ടുകാണായി ചഞ്ചൽശമീഗൎഭമശ്വത്ഥപാ
ദപം * അത്രൈവസാനലസ്ഥാലീനിരാകൃത കുത്രാപിനാലോ
കൃതേകിംബതാത്ഭുതം * തൽപ്രദേശത്തിങ്കലശ്വത്ഥപാദപ മി
പ്പോൾപ്രരൂഢമായ്ക്കാണുമാറാകുന്നു * സ്ഥാലീമഹത്വമിതാകയെ
ന്നോൎത്തവൻ മൂലതസ്സുൽപാദപംപറിച്ചീടിനാൻ * ഞാനിതിൽ
നിന്നഗ്നിയെജനിപ്പിച്ചുകൊ ണ്ടാനന്ദമോട്ടയജ്ഞങ്ങൾചെയ്തീടുവ
ൻ * ഏവംവിനിശ്ചിത്യഭൂപനരണിയെ താപന്മഹാനുഭാവൻവി
നിൎമ്മിച്ചുതേ * തദ്ദശാമാത്രസൌഗായത്രിമന്ത്രവും വിദ്യാജ്ഞനാ
ഖ്യൻജപിച്ചുനരേശ്വരൻ * അങ്ങതുകാരണംപാവകിരുചന്ദ്രനാലം

ള്ളവിദ്വിഷന്മാർഗ്ഗന്നിതരണിയും * രാജ്യമകംപുക്കയജ്ഞകർമ്മാർത്ഥമാ
യ് പൂജ്യമാംതാപസസൗഖ്യംവരുത്തീടിനാൻ * ദിവ്യാരണികൊ
ണ്ടനലനെസ്സമ്പാദ്യ ഭവ്യാഭിലാഷീയഥാവിധാനൻനൃപൻ * ഗ
ന്ധർവ്വസംപ്രോക്തമാർഗ്ഗേണബന്ധുമാൻ ബന്ധുരയജ്ഞങ്ങൾചെ
യ്തുനാനാവിധാ * തൽക്കർമ്മവൈഭവംകൊണ്ടുനരേന്ദ്രൻ മക്കാലമാ
യന്തമായിസുരാലയം * സർവ്വദുർഗ്ഗർവ്വവിനാശനധുർവ്വഹാ മുർവ്വ
ശീമാസാദ്ധ്യർമേവരൻനൃപൻ * അന്നൊരുകാലംവലാരാതിയുംദേ
വ വൃന്ദങ്ങളൊന്നിച്ചസഭാന്തരെ * ദേവാംഗനാനൃത്തദർശനാ
ർത്ഥംപുന രേവരുമൽസുകന്മാരാംദശാന്തരെ * ഭൂലോകപാകാരി
യായപുരൂരവ സ്സാലോലകൗതുകംനൃത്തവിലോകനേ * ദേവേന്ദ്ര
സാസനംപ്രാപിച്ചനേരത്തു ദേവതൗഘംസല്ക്കരിച്ചിരുത്തിമുദാ *
അപ്പോൾമനോഹരാലങ്കാരപൂർണ്ണമാ മപ്സരസ്ത്രീകളുംനൃത്തംതുടങ്ങി
നാർ * അത്ഭുതംപ്രത്യക്ഷമായിന്ദ്രസന്നിധൗ ശില്പമോടാടിനാര
പ്പങ്കജാക്ഷിമാർ * സോമബിംബത്തിനുമാമയമേകുന്ന കോമളാം
ഭോജവദനാതദോർവ്വശീ * ഹാവഭാവാദിസാമർത്ഥ്യഗർവ്വോപേത താ
വന്മനോജ്ഞംകൊണ്ടാട്ടമാറാടിനാൾ * വണ്ടാർകുഴലിയുംതന്നുടെകാ
ന്തനാം തണ്ടാർശരോപമനാംനൃപനെക്കണ്ടു * പുഞ്ചിരിപൂണ്ട
തുകണ്ടുനരേന്ദ്രനും പഞ്ചായുധാർത്തനായ്മന്ദസ്മിതംപൂണ്ടു * അപ്സ
രോദേശികനായൊരുതുംബുരു കേൾപ്പോടതുകണ്ടുകോപതാമ്രാക്ഷ
നായ് * നിഷ്കാരണംനൃത്തമദ്ധ്യേസഭാന്തരെ ധിക്കാരമല്ലയൊനി
ങ്ങൾചിരിച്ചതും * കാമതന്ത്രങ്ങൾരഹസ്യമായ്ചെയ്യാത കാമു
കന്മാർക്കാപത്തുവന്നെത്തിടും * എന്നതുകാരണംനിങ്ങൾക്കുസാ
മ്പ്രതം മന്യോന്യമുള്ളവിയോഗംഭവിക്കേണം * തുംബുരുവുംസർവ്വ
ദേവതാസന്നിധൗ ബിബ്ബോകമദ്ധ്യേശപിച്ചതുകേൾക്കയാൽ *
ആർത്തനായ്പുരൂരവസ്സന്തത്ര ഗോത്രാരിപാദംതൊഴുതുചൊല്ലീ
ടിനാൻ * ഉർവ്വശീസംഭോഗസിദ്ധ്യർത്ഥമായഹം സർവ്വംത്യജിച്ച
ഹോയാഗങ്ങളുംചെയ്തു * സാദരംദേവലോകംപുക്കിരിപ്പതും വാ
സവദേവഭവാനറിഞ്ഞീലയൊ * എന്നിരിക്കെഞാൻദയിതാവി
യോഗത്തെ ധന്യാകൃതവഹിക്കുന്നതുമെങ്ങിനെ * ഇത്ഥംനൃപോദി
തംകേട്ടുവലാരിയും ചിത്തംതെളിഞ്ഞുരചെയ്തുസകൗതുകം * ഖേദി
ക്കവേണ്ടനരേന്ദ്രമുനിശാപം ബാധിക്കയില്ലതിനുണ്ടൊരുപായവും *
ദക്ഷിണാംഭോധിമദ്ധ്യേഗന്ധമാദനേ രക്ഷാവിചക്ഷണേസാദ്ധ്യാമൃ
താഖ്യമായ് * ഉണ്ടൊരുതീർത്ഥംമുനിജനസേവിതം കണ്ടവർക്കുമഹാ
പാപവിനാശനം * യോഗീന്ദ്രസേവിതംഭുക്തിമുക്തിപ്രദം രോഗ
വിനാശനംശാപമോക്ഷപ്രദം * വേഗേനപോയ്തത്രമജ്ജനംചെയ്ക
ന്നി ശാപേനതാപമുണ്ടാകയില്ലതുമേ * ഉർവ്വശിയോടുമൊരുമിച്ച

ന്നവേലം സർവ്വാസാദ്ധ്യം തവ സിദ്ധിക്കുമഞ്ജസാ * ഏവം വലാരാ
തിവാക്യം സമാകർണ്ണ്യ ദേവോപമാനഭാവൻ നരപാലകൻ * ബ
ഹുമോദേന വേഗാൽ ഗന്ധമാദനേ സാദ്ധ്യാമൃത തീർത്ഥമാലോക്യ സാ
ദരം * സ്നാനവും ചെയ്തുടൻ ശാപവും വേർപെട്ടു മാനസാനന്ദവും
തേടിനാനത്ഭുതം * ഉർവ്വശിയോടും വിമാനാധിരൂഢനായ് ശീഘ്ര
ണാലോകം പ്രവേശിച്ചു മന്നവൻ * ഭവ്യഭോഗങ്ങളുമാസ്വദിച്ചു നാ
ഹം ദിവ്യജനോത്തമനായ് വസിച്ചീടിനാൻ * ഏവം പ്രഭാവമാം ത
ത്തീർത്ഥമുത്തമ മാവതല്ലാർക്കും പുകൾന്നു ചൊല്ലീടുവാൻ * നാനാ
വിധങ്ങളാം കർമ്മങ്ങൾ ചിന്തിച്ചു മാനവനത്ര പോയ് മജ്ജനം ചെയ്കി
ലൊ * ന്യൂനമതൊക്കെയും സിദ്ധിക്കുമത്യരം ദാനവാരാതിലോകപ്രാ
പ്തിയുമാവരും * നിഷ്കാമനായ് സ്നാനമത്ര ചെയ്യാകിലൊ ഭോഗമല്ലമോ
ക്ഷമവനു സിദ്ധിച്ചീടും * തൽപരം സർവ്വതീർത്ഥം ലോകവിശ്രുതം കല്പ
ശാഖിവ സർവ്വാഭീഷ്ടദായകം * സർവ്വതീർത്ഥസ്നാനമാചരിച്ചീടിനാൽ
സർവ്വപാപങ്ങളും തീർന്നുപോം നിർണ്ണയം * തത്തീർത്ഥമജ്ജനാർത്ഥം ഗ
മിച്ചീടുന്ന മർത്ത്യനെക്കണ്ടാൽ ഭയപ്പെടും പാപങ്ങൾ * അന്ത്യകാ
ലത്തിങ്കലന്തകനെക്കണ്ട ജന്തുസമൂഹങ്ങളെന്ന കണക്കിനെ * യ
ജ്ഞങ്ങൾ ചെയ്തും തപസ്സു ചെയ്തും മഹാ യത്നനവേദാംഗമാദിപാ
ഠം ചെയ്തും * വേദഗായത്രീജപാദികൊണ്ടും മഹാ ഖേദാവഹോപ
വാസാദികൊണ്ടും തഥാ * യാതൊരു പുണ്യഫലം ലഭിച്ചീടുന്നു പാ
തകനാശവും യാതൊന്നു സംഗതം * തൽഫലം സർവ്വതീർത്ഥമജ്ജ
നം കൊണ്ടു കേൾപ്പോർക്കു സിദ്ധിക്കുമില്ലൊരു സംശയം * ചൊല്ലുവൻ
സർവ്വതീർത്ഥവിധകാരണം കല്യാണദം രോഗദാരിദ്ര്യനാശനം * പ
ണ്ടു സുചരിതനെന്നൊരു താപസനുണ്ടായിതു ഭൃഗുവംശേ മഹോന്ന
തൻ * ജാത്യന്ധനായ് ജരാഗ്രസ്തസർവ്വാംഗനായ് നിത്യം നിയ
മോപവാസസമേതനായ് * തീർത്ഥങ്ങളെല്ലാം നടന്നു സേവിപ്പതി
ന്നാസ്ഥയാമുനീന്ദ്രനുണ്ടായി ദിനം പ്രതി * കണ്ണുകളില്ലായ്കമൂലം നടപ്പ
തു ദണ്ഡമായുന്നിതു സാദ്ധ്യമായീലഹോ * ശ്രീഗന്ധമാദനപർവ്വ
താവുക്കടൻ ശ്രീമഹാദേവനെ സങ്കല്പഭക്തിമാൻ * എത്രയും ദുഷ്ക
രമായ തപസ്സിനെ ചിത്രമാമ്മാറു ചെയ്തു മഹാഭാഗ്യവാൻ * നീ
ഹാരവർഷാതപാദികളും സഹി ച്ചാഹാരവും വെടിഞ്ഞീശനെ ധ്യാ
നിച്ചു * രുദ്രാക്ഷഭസ്മാദ്യലംകൃതഗാത്രനായ് ഭദ്രാത്മവാനനേകം
കാലമിങ്ങിനെ * ഉഗ്രമാമ്മാറു തപസ്സു ചെയ്തും വിധൌ ഉഗ്രൻ തി
രുവടി താനും പ്രസാദിച്ചു * പ്രത്യാസുചരിതൻ തൽപുരസ്താത്തദാ
പ്രത്യക്ഷനായെഴുന്നെള്ളി മഹേശ്വരൻ * ഉക്ഷാധിരാജാധിരൂഢ
നായ് ച്ചൂഴവും സാക്ഷാൽ പരിജനരാജസംവീതനായ് * നീഹാരഭാ
നുവെച്ചൂട്ടും കിരീടവും ബാഹുതലങ്ങളിൽ ശൂലവധക്കാദിയും * ക്ഷേമ

ടിന്മൂൎത്തിപ്രകാശംകൊണ്ടുദിക്കുകൾ കൂടെപ്രകാശ്യഭസ്മാൽധൂളിതാം
ഗവും * വാസുകിമുമ്പായനാഗങ്ങളാകുന്ന ഭാസുരഭൂഷണജാല
വുംപൂണ്ടഹോ * പ്രാദുൎഭവിച്ചുമഹീശ്വരനായ്ക്കൊണ്ടു മാദ്ദൈനയ
നങ്ങൾനൽകീമഹേശ്വരൻ * കണ്ണുമിഴിച്ചുസുചരിതനുംതദാ വിണ്ണ
വർനായകനെക്കണ്ടനന്തരം * സന്തോഷവാരിധിതന്നിൽകുളിച്ചു
ടൻ ചെന്താൎശരാരാതിയെസ്തുതിച്ചീടിനാൻ * ശംഭോമഹാദേവകാ
മാംഗനാശന ജംഭാരിസേവിതപാഹിപാഹിപ്രഭോ * സംസാരരോ
ഗചികിത്സാവിശാരദ ജംഭാരിമുമ്പായദേവതാസേവിത * ഭക്തജന
പ്രിയസ്വൎഗ്ഗാദിദായക വ്യക്തസ്വരൂപിൻപ്രസീദപ്രസീദമാം * കാ
രുണ്യവാരാന്നിധേകാളകന്ധര ഘോരമതംഗജാരാതേനമോസ്തുതേ *
സച്ചിദാനന്ദസ്വരൂപമഹാദേവ നിശ്ചലാത്മൻനിൎവ്വികാരനമോസ്തു
തേ * ഗംഗാധരാനന്തശക്തേസുരോത്തമ സംഗീതലോലുപദേഹി
മേമംഗലം * ശ്രീപാൎവ്വതീപതേവിശ്വൈകപാലക ശ്രീമൻദയാനി
ധേദേഹിമേമംഗലം * ബ്രഹ്മാദിവന്ദിതശ്രീപാദാംഭോരുഹം ജന്മാദി
ഭാവനചാരിത്രപാഹിമാം * കന്മഷാരണ്യാനലപ്രഭൂതാകൃതേ ധൎമ്മ
പ്രഭോപശൂനാംപതേപാഹിമാം * ഇത്ഥംമുനിവരസ്തോത്രംസമാക
ൎണ്ണ്യചിത്തംതെളിഞ്ഞരുൾചെയ്തുഭഗവാനും * വേണ്ടുവരംവരിച്ചാ
ലുംമുനീശ്വര വേണ്ടാവിഷാദംനിനക്കിനിമാനസേ * നിന്നുടെസ
ൽഭക്തികൊണ്ടുഞാനെത്രയും ധന്യാകൃതേപരിതുഷ്ടനായീടിനേൻ *
അപ്പോൾമുനീശ്വരൻതാനുംനിജാഗ്രഹ മുൾപ്പൂവിലെല്ലാംവിചാരി
ച്ചുചൊല്ലിനാൻ * വാൎദ്ധക്യപീഡിതമെന്റെകളേബരം പേൎത്തുമി
നിക്കബലലേശവുമില്ല * സൎവ്വതീൎത്ഥങ്ങളിലുംചെന്നുമജ്ജനം സൎവ്വ
ദാചെയ്യ്വതിന്നാശയുമുണ്ടുമേ * നിന്തിരുവുള്ളംതെളിഞ്ഞുവെന്നാകി
ലോ സന്തതംസൎവ്വതീൎത്ഥസ്നാനദംഫലം * സിദ്ധിപ്പതിനുള്ളുപായം
നമുക്കിഹ ബദ്ധാദരംപരംദേഹിദേഹിപ്രഭോ * താപസചിത്താഗ്ര
ഹമറിഞ്ഞീശ്വരൻ പാപവിനാശനനേവമരുൾചെയ്തു * അത്രൈ
വതീൎത്ഥസമ്പാതമെപ്പേരുമെ ചിത്രമാമ്മാറവരുത്തുന്നതുണ്ടെടോ*
രാമസേതാവൃതംശ്രീഗന്ധമാദനം കോമളംപുണ്യമിദ്ദേശമറികനീ *
എന്നരുളിച്ചെയ്തുസൎവ്വതീൎത്ഥങ്ങളെ പന്നഗഭൂഷണനാവാഹനം
ചെയ്തു * ഭക്തനായോരുസുചരിതൻതന്നുടെ മുക്ത്യൎത്ഥമീശ്വരനേ
വമരുൾചെയ്തു * കേൾക്കമുനീശ്വരസൎവ്വതീൎത്ഥങ്ങളും ഭോഷ്കല്ലസന്നി
ധാനമിതിൽചെയ്കയാൽ * നാമധേയംസൎവ്വതീൎത്ഥമെന്നിങ്ങിനെ ഭൂ
മിയിലെങ്ങുംപ്രസിദ്ധമാകുംദൃഢം * മാനസംകൊണ്ടുഞാൻനിൎമ്മിച്ച
കാരണം മാനസതീൎത്ഥമെന്നുംധരിച്ചീടണം * നിത്യംമുനേഭവാന
ത്രാഭിഷേചണം കൃത്വാമദൎച്ചനംചെയ്തുവാണീടുക * ഭുക്തിദംപാത

കസംഘനിബർഹണം മുക്തിദംകാമമോഹക്രോധനാശനം * ജ്ഞാനംവിനാശമോക്ഷസിദ്ധിക്കുകാരണം നൂനമപാരസംസാരനിവാരണം * ചണ്ഡികാനാഥനരുൾചെയ്തുകേട്ട പൂർണ്ണമോദാംഭോനിധാനൻമുനീശ്വരൻ * സാക്ഷാൽപരാപരരൂപന്മഹേശ്വരൻ ത്ര്യക്ഷൻതിരുവടികാണ്കവെ സത്വരം * തൽതീർത്ഥവാരിയിലൊന്നുമുഴകിനാൻ വൈചിത്ര്യമാളുന്നസൌന്ദര്യസാരവും * വേദാർത്ഥസാരവിജ്ഞാനവും കൈകൊണ്ടു തീർത്ഥത്തെവാഴ്ത്തിസ്തുതിച്ചുബഹുവിധം * ആർത്തിനാശംമഹാദേവംവണങ്ങിനാൻ പിന്നെയുംദേവൻമുനിയോടരുൾചെയ്തു ധന്യാകൃതേഭവാനിന്നുതൊട്ടന്വഹം * മൽകൃതമാംതീർത്ഥരാജേനിമജ്ജനം പുഷ്കലാനന്ദേനചെയ്തുവസിക്കെടൊ * എന്നെയുംധ്യാനിച്ചുനാരതമെന്നാകിൽ വന്നുകൂടുംതവമല്പദപ്രാപ്തിയും * ദേശാന്തരീയങ്ങളായതീർത്ഥങ്ങളി ലാശയാനീളെനടന്നുഖേദിക്കേണ്ട * ഏതന്നിമജ്ജനംചെയ്യുംമനുഷ്യന്റ ഖേദമൊഴിച്ചുഞാൻമുക്തിനൾകീടുവൻ * എന്നരുളിച്ചെയ്തുദേവദേവേശ്വരൻ പന്നഗഭൂഷണൻതാനുംമറഞ്ഞുതെ * പിന്നെസ്സുചരിതനെത്രയുംപ്രീതനായ് ധന്യനനേककാലംനിയമാന്വിതം * മാനസതീർത്ഥാഭിഷേവണവുംചെയ്തു മാനസാനന്ദേനദേവനെദ്ധ്യാനിച്ചു * മോഹനമായതപസ്സുചെയ്തുഞ്ജസാ ദേഹാന്തകാലേവിമുക്തനായീടിനാൻ * സർവ്വതീർത്ഥത്തിന്മഹത്വമിത്യാദികമുർവ്വീസുരോത്തമന്മാരേമനോഹരം * തല്പരമുത്തമതീർത്ഥംധനുഷ്കോടി തൽപ്രഭാവംവാങ്മനോബുദ്ധ്യഗോചരം * നൂനംധനുഷ്കോടിയെസ്മരിച്ചീടുന്ന മാനവൻതന്നുടെപാപങ്ങൾനഷ്ടമാം * അന്യപുരുഷന്റെവിത്തകളത്രങ്ങ ളന്യായരാഗേണതസ്കരിക്കുന്നവൻ * കാലപാശങ്ങളാൽബദ്ധനായുൽഭൂത്യ ജാലകൃതഘോരദണ്ഡമനുഭൂയ * താമിസ്രമായൊരുഘോരനരകത്തി ലാമയമോടുകിടക്കുംചിരകാലം * ശില്പംധനുഷ്കോടിമജ്ജനംചെയ്യാകി ലപ്പാപിപോലുംവിമുക്തനായ്വന്നിടും * കർത്താവിനെപ്പുരംഹിംസിച്ചുതദ്ദാര വിത്താദിയെഭുജിച്ചീടുന്നപൂരുഷൻ * അന്ധതാമിസ്രമാകുന്നനരകത്തി ലന്ധനായ്വീണുഴന്നീടുംചിരംദ്ധ്രുവം * ശില്പംധനുഷ്കോടിമജ്ജനംചെയ്യാകി ലപ്പാപിപോലുംവിമുക്തനായ്വന്നിടും * അന്യജനദ്രോഹമാചരിച്ചന്വഹം തന്നുടെപുത്രകളത്രാദിപോഷണം * ചെയ്തുവർത്തിക്കുംമനുജനരൌരവ പാതംവിഷോൽബണസർപ്പൌഘസങ്കുലം * ശില്പംധനുഷ്കോടിമജ്ജനംചെയ്യാകി ലപ്പാപിപോലുംവിമുക്തനായ്വന്നിടും * ഇഷ്ടമാംവണ്ണംതനിക്കുഭുജിക്കണമിഷ്ടസുഖങ്ങളുമാസ്വദിച്ചീടണം * തന്നുടെപുത്രകളത്രാദികൾക്കട നൊന്നുംകൊടുക്കയുമില്ലൊരുകശ്മലൻ * നൂനമവനുംമഹാരൌരവേവീണു തന്മാംസമാംസംഭുജിച്ചുകിടന്നി

ട്ടും * ശില്പംധനുഷ്കോടിമജ്ജനംചെയ്യാകി ലപ്പാപിപോലുംവിമുക്ത
നായ്വന്നിടും * മാതാവിനേയുംപിതാവിനേയുംഗുരു ഭ്രാതേശനേയുംധ
രാസുരന്മാരെയും* ദ്വേഷിക്കശീലമായുള്ളപുരുഷനും ഘോഷിച്ചകാ
ലസൂത്രാഖ്യഭയങ്കരേ * ചിത്രംപതിനായിരംയോജനവഴി വിസ്താര
മുണ്ടാംനരകംകനൽമയം* ക്ഷുൽപിപാസാദിയുംപൂണ്ടുതാപാർത്തനാ
യ് കെട്ടപ്പാടതിൽ വീണുഴലുമവൻചിരം * ശില്പംധനുഷ്കോടിമജ്ജനം
ചെയ്യാകി ലപ്പാപിപോലുംവിമുക്തനായ്വന്നിടും * വേദമാർഗ്ഗത്തെ പ്പ
രിച്ചന്യമാർഗ്ഗേഷു സാദരംവത്തിച്ചിരിക്കുംപുരുഷനും * ഘോരാസിപ
ത്രവനമാംനരകത്തിൽ ഭ്രമിമാൽപൂണ്ടുപായുംമഹാപാപിയും * ശി
ല്പാധനുഷ്കോടിമജ്ജനംചെയ്യാകി ലപ്പാപിപോലുംവിമുക്തനായ്വന്നി
ടും * ജന്തുക്കളെകൃപയെന്നിയെകൊല്ലുവാ നെന്തെങ്കിലുംമടിയില്ലാ
ത്തമാനവൻ * കഷ്ടംനിരീശ്വരനായന്ധകൂപത്തിൽ പെട്ടന്നുവീണു
ഴന്നീടുംചിരതരം * ശില്പംധനുഷ്കോടിമജ്ജനംചെയ്യാകി ലപ്പാപി
പോലുംവിമുക്തനായ്വന്നിടും * പങ്ക്തിഭേദേനഭുജിക്കുംമനുജനും പഞ്ച
യജ്ഞാത്യജിക്കുംഭൂമിദേവനും * അന്തകകിങ്കരപീഡിതനായ്പര മന്ധ
കൃമിഭോജനാഖ്യനരകത്തിൽ * കഷ്ടംകൃമിജാലഭക്ഷിതദേഹനായ് ദു
ഷ്ടൻകൃമികളേയുംതിന്നുസന്തതം * പാപസംശോധനത്തോളംകൃമി
കളി ലാപാതതോഭവിച്ചീടുമസംശയം * ശില്പംധനുഷ്കോടിമജ്ജനം
ചെയ്യാകി ലപ്പാപിപോലുംവിമുക്തനായ്വന്നിടും * വിപ്രജനത്തിനു
ള്ളോരുവിത്തൗഘവും തൽപ്രകാരംപരദ്രവ്യവുമെന്നിവ * സ്തേയേ
നചാബലാൽക്കാരേണവാദായ ഹേയംനൃപനെങ്കിലുംപരനെങ്കി
ലും * ചുട്ടപഴുപ്പിച്ചിരിമ്പിനാൽപൂണ്ണമാം കഷ്ടസന്ദംശേനരകേപ
തിച്ചിടും * ശില്പംധനുഷ്കോടിമജ്ജനംചെയ്യാകി ലപ്പാപിപോലുംവി
മുക്തനായ്വന്നിടും * അംഗീകരിക്കരുതാതൊരുനാരിയെ സംഗിപ്പവ
ൻമഹാഭ്രുതമഹിളയെ * തീയിലിട്ടുതിപ്പഴുപ്പിച്ചയോമയാം പിയൂഷി
വാണിസമാലിംഗ്യസന്തതം * തദ്വന്മഹിളാനരഞ്ചസന്താപേന
വിലജ്ജനാരതന്മാരേദിവാനിശം * സൂച്യാഖ്യമാംനരകത്തിൽ
ജലധിത നൂമ്മിയിൽമുങ്ങിയുംപൊങ്ങിയുംകേണിടും * ശില്പംധനു
ഷ്കോടിമജ്ജനംചെയ്യാകി ലപ്പാപിപോലുംവിമുക്തനായ്വന്നിടും* നാ
നാവിധൌപായമോട്ടമനാരതം നാനാവിധജന്തുപീഡചെയ്യുന്നവ
ൻ * ശാല്മലിനാമധേയതീവ്രനാരകേ കമ്മദോഷേണപതിക്കുമസം
ശയം * ശില്പംധനുഷ്കോടിമജ്ജനംചെയ്യാകി ലപ്പാപിപോലുംവിമു
ക്തനായ്വന്നിടും * പാഷണ്ഡമാർഗ്ഗത്തെയാശ്രയിച്ചനാഹം തോഷേ
ണധർമ്മസേതുനാംവിഭേദകൻ * ഘോഷിച്ചൊഴുകുന്നവൈതരണിത
ന്നിലാഴപ്പതിച്ചീടുമീഷലില്ലേതുമേ * ശില്പംധനുഷ്കോടിമജ്ജനംചെ

യ്യാകിലപ്പാപിപോലുംവിമുക്തനായ്വന്നിടും * ദുഷ്ടശീലൻവൃഷലീ സംഗമംകൊണ്ടു ദുഷ്ടനായ്ശൌചാദിവൎജ്ജിതനായവൻ * പൂയമൂത്രാമേദ്ധ്യവിത്ത്യാദിപൂരിതേ ദൂയമാനേനരകേവീണുകേണിടും * ശില്പം ധനുഷ്കോടിമജ്ജനംചെയ്യാകിലപ്പാപിപോലുംവിമുക്തനായ്വന്നിടും * വ്യാധധൎമ്മംസമാലംബ്യവന്യാൻമൃഗാൻ യാതൊരുത്തൻനിഷ്ക്കരുണംവധിപ്പതും * തൽപ്രകാരംബാദ്ധ്യമാനനായിട്ടവൻ തൽപ്രാണരോധേനരകേപതിച്ചിടും * ശില്പംധനുഷ്കോടിമജ്ജനംചെയ്യാകി ലപ്പാപിപോലുംവിമുക്തനായ്വന്നിടും * യോമഹേളാജനംരേതപ്രപായയേൽ കാമമൂഢൻമഹാകൂപേപതിച്ചിടും * ശില്പംധനുഷ്കോടിമജ്ജനംചെയ്യാകി ലപ്പാപിപോലുംവിമുക്തനായ്വന്നിടും * വഞ്ചിച്ചുതന്നെവിഷത്തെക്കൊടുപ്പോനു മഞ്ചാതെവീടുകൾചുട്ടുപൊട്ടിപ്പോനും * ക്ഷുദ്രൻവണിശ്ശനംതസ്കരിപ്പോൻതഥാ വജ്രദംഷ്ട്രത്തിൽകിടക്കുമനാരതം * ശില്പംധനുഷ്കോടിമജ്ജനംചെയ്യാകി ലപ്പാപിപോലുംവിമുക്തനായ്വന്നിടും * മററംപലവിധമുള്ളനരകങ്ങ ളൊട്ടല്ലനന്തമായുള്ളവയൊന്നുമേ * നൂനംധനുഷ്കോടിമജ്ജനംചെയ്യോരു മാനുഷനുണ്ടാകയില്ലെന്നുനിൎണ്ണയം * ശശ്വൽസകൃൽസ്നാനവൈഭവംകൊണ്ടുട നശ്വമേധത്തിൻഫലംലഭിക്കായ്വരും * ആത്മവിശ്വാസവുമുണ്ടാംചതുൎവ്വിധ വിസ്മയഭക്തിയുംസിദ്ധിക്കുമഞ്ജസാ * പാപേരമിക്കയില്ലേതും ഹൃദയവും താപവുമുണ്ടാകയില്ലെന്നറികെടോ * പുണ്യംതുലാപുരുഷപ്രധാനമ്മഹാ ധന്യമാംഗോസഹസ്രൌഘപ്രദാനവും * ചെയ്യാലുളവാംഫലംധനുഷ്കോടിയിൽ ചേതോഹരസ്നാനമാചരിച്ചാൽവരും * ധൎമ്മാൎത്ഥകാമമോക്ഷങ്ങളിവകളിൽ ശൎമ്മാൎത്ഥമൊന്നിനെശ്രദ്ധിച്ചപൂരുഷൻ * മജ്ജനംചെയ്യാലവന്നതുകൈവരുമിഞ്ഞനംപൊയ്യല്ലചൊല്ലുന്നതേതുമേ * പാതകജാലങ്ങളൊക്കവേവേർപെട്ടു പൂതനായീടുമതീൎത്ഥനിഷേവണാൽ * പ്രജ്ഞയുംലക്ഷ്മിയുംകീൎത്തിവൈരാഗ്യവും വിജ്ഞാനവുംമനശ്ശുദ്ധിയുമെന്നിവ * സിദ്ധിക്കുമുൽകൃഷ്ടവിപ്രഹത്യാദിയാം വൎദ്ധിച്ചപാപങ്ങളുംനശിക്കുംക്ഷണാൽ * മദ്യപാനംഗുരുതല്പഗമനവും സദ്യോവളരുംസുവൎണ്ണാപഹാരവും * മത്സരംപൂണ്ടുള്ളവിശ്വാസഹത്യയും തത്സമാനങ്ങളായുള്ളപാപങ്ങളും * നൂനംധനുഷ്കോടിമജ്ജനംചെയ്യോരു മാനവനുണ്ടാകയില്ലെന്നറിഞ്ഞാലും * ആശ്ചൎയ്യമെത്രയുംതൽതീൎത്ഥവൈഭവമീശ്വരൻതന്നാണപൊയ്യല്ലചൊല്ലിഞാൻ * അൎത്ഥവാദമിദമെന്നു ചൊല്ലുന്നവ നുത്തമൻപാതകിവൃന്ദത്തിൽനിൎണ്ണയം * ഇങ്ങിനെയുള്ളോരുതീൎത്ഥമിരിക്കവേ മംഗലാൎത്ഥംമററമോരോവിധങ്ങളാം * യജ്ഞങ്ങൾദാനങ്ങളിത്യാദിയായുള്ള യത്നങ്ങൾചെയ്യുന്നുരുഖേദിപ്പുജനം

ദൃഢാ * തൽതീൎത്ഥമജ്ജനംചെയ്യുജനങ്ങളെ സൽക്കരിച്ചീടുന്നവ
ൎക്കാശിവശം * രാമചന്ദ്രൻപുരാരാവണനെക്കൊന്നു കോമളവി
ഗ്രഹൻവാനരൈസ്സൈന്ന്യൈസ്സമം * ജാനകീലക്ഷ്മണസംയുക്തനായഭിമാ
നവാരാനിധിദ്രവപാനപീതൻ* ലീലയാമാനുഷവേഷംധരിച്ചോ
രു നീലമേഘോപമചാരുകളേബരൻ * സേതുമാൎഗ്ഗേണവേഗാലെ
ഴുന്നള്ളുമ്പോൾ ചേതസിചിന്തിച്ചുചൊന്നാൻവിഭീഷണൻ* ശ്രീ
രാമചന്ദ്രദയാനിധേശ്രീപതേ ഘോരനിശാചരാരണ്യദാവാനല *
നൂനംഭവാൻധനുഷ്കോടികൊണ്ടിങ്ങുസാ വീതമാംസേതുവെഭേദിക്ക
സാമ്പ്രതം * അല്പാസ്ഥിലോകേലിലത്ഭുതവിക്രമ ചൊല്ലാന്നവിക്രമമു
ള്ളോരുമാനുഷൻ * ഈവഴിയൂടേനടന്നുവന്നൊന്നുടെ പാവനമാംപു
രംഭജിച്ചീടുംദൃഢം * എന്നതുകേട്ടുരഘുവരനുംപര മോന്നതകാരു
ണ്യപൂൎവ്വസസംഭ്രമം * അംഭോജചാരുതൃക്കയ്യിലിരിപ്പോരു സംഭാ
വ്യമാനാധനുഷ്കോടികൊണ്ടുടൻ * ദാരണംചെയ്തുമഹാസേതുവേ
സിദ്ധ ചാരണാദ്യന്മാർപുകഴുന്നുകണ്ടിടവേ * എന്നതുമൂലമിതതീ
ൎത്ഥംധനുഷ്കോടി യെന്നുലോകേഷുപ്രസിദ്ധംമനോഹരം * തദ്ദൎശനം
കൊണ്ടുതീൎന്നുപോമാനന്ദ വിഭേദഷത്രുപമാംസംസാരമേവനും* മജ്ജ
നജാതംഫലംചൊല്ലുവാൻഭുവി നിൎജ്ജരന്മാരേനമുക്കാവതല്ലഹോ *
ഗംഗാസരസ്വതിരേവായമുനയും തുംഗംഗയാദിതീൎത്ഥങ്ങളനേക
ങ്ങൾ * ഒക്കവാറില്ലധനുഷ്കോടിതന്നുടെ ചൊൽക്കൊണ്ടെഴുംമഹത്വ
ത്തിനുനിൎണ്ണയം * ദാനവുംസ്നാനംസ്മരണംമഹേശ്വര ധ്യാനവുമെ
ന്നിവയത്രമോക്ഷപ്രദം * വിദ്യതേമാനസഗ്രന്ഥ്യുഃവിശേഷതോ വിദ്യ
തേതത്വാൎത്ഥസാരോപിസൎവ്വദാ * ക്ഷീയതേപാപകൎമ്മൌഘലക്ഷസാ
ദരം ചീയതേമോക്ഷോപിതൽതീൎത്ഥദൎശനാൽ * കൈലാസവൈകു
ണ്ഠധാതൃലോകത്തിനു മാലോകസുന്ദരമാൎഗ്ഗമിദംപരം * യജ്ഞങ്ങൾ
ദാനങ്ങൾമന്ത്രജപങ്ങളും യത്രസാദ്ധ്യാംവേദശാസ്ത്രാദിപാഠവും * ഉ
ഗ്രതപസ്സിനിവാറിൻഫലംമഹാ ദുൎഗ്രഹംതന്മജ്ജനത്തിനാൽകൈ
വരും * ശ്രീരാമചന്ദ്രൻധനുഷ്കോടിവാരിയിൽ ലാരോമലാംസ്നാനമാച
രിക്കുംദൃഢം * ഗംഗായമുനാദിതീൎത്ഥങ്ങളെക്കൊണ്ടു സംഗമംകിം
വാപ്രയോജനംഭൂതലേ * നൂനംധനുഷ്കോടിമജ്ജനംചെയ്യോരു മാന
വനെന്തിനാവ്വാരാണസീമൃതി * തന്മജ്ജനംകൊണ്ടുസംഭവിച്ചീടുന്ന
നിൎമ്മലമാംഫലമൊന്നുകൊണ്ടുംവരാ * സത്യമത്രെഞാൻപറഞ്ഞതു
കേവലാ നിത്യമുക്ത്യൎത്ഥമേതൽസ്നാനമുത്തമം * ചിത്രംദശകോടിസഹ
സ്രതീൎത്ഥങ്ങളുത്ര ഭൂമണ്ഡലംതന്നിലുണ്ടാകിലോ * തേഷാംസമ
ഗ്രസാന്നിദ്ധ്യമുണ്ടത്ര ഭാഷിതകൌശലമല്ലെന്നറിയണം * അഷ്ട
വസുക്കളുമാദിത്യവൃന്ദവും ഋഷ്യാമരുൽഗണംരുദ്രസമൂഹവും * തൽ

തീൎത്ഥമജ്ജനംകൊണ്ടതിമുഖ്യമാ മുത്തമോൽകൃഷ്ടപദംലഭിച്ചീടിനാ
ർ * ദേവപിതൃപ്രീതികാരണമായുദാ കേവലംതൎപ്പണംതത്രചെയ്തു
നവൻ * സൎവ്വപാപങ്ങളോടുംപേർപിരിഞ്ഞുടൻ സൎവ്വോത്തമമാം
പദംലഭിക്കുംദ്രുതം * ഏകമഹീസുരനായുത്രഭോജന മാകൃതശ്രദ്ധി
യോടുകൊടുത്തീടുകിൽ * ലോകാന്തരത്തിലനന്തമായുൽഫലം ശോ
കാവിനാഭുജിച്ചീടുമസംശയം * അശ്വമേധാദിയാഗങ്ങൾചെയ്തീട്ട
വാനൈരാശ്യമില്ലായ്കകൊണ്ടുഖേദിപ്പവൻ * ശ്രദ്ധാസമേതനായു
ത്രമുഴുകുകിൽ ലബ്ധംതദ്രുതൽകൃഷ്ടസിദ്ധിമാനായ്വരും * ഏറിയിരിപ്പോരു
പാപബലംകൊണ്ടു നീരന്നമാനസംപൂണ്ടജനങ്ങൾക്കു * തത്രപോ
യ്തുമാഘമാസേകുളിച്ചീടുകി ലെത്രയുമാനന്ദപൂൎണ്ണവാനായ്വരും * മാഘ
മാസേജിതകാമനായനഹം മോഘതരംപുണ്യപൂരംസമുദ്ദിശ്യ * മ
ജ്ജനംചെയ്തുനിയമസമേതനായ് സജ്ജനപ്രീണനകൎമ്മങ്ങളുംചെ
യ്തു * ചിത്തവിശുദ്ധിവരുത്തിത്തദന്തിമ മുത്തമമാംശിവരാത്രിമഹാ
വ്രതം * ആചരിച്ചന്നുരാത്രൌനിദ്രയുംവെടി ഞ്ഞാശരനാശനംരാ
മനാഥേശ്വരം * യാമങ്ങൾതോറുംസമോദംസമൎച്ച്യ താമസഹീനം
പരേദ്യുർവ്വിനീതനായ് * ചെന്നുധനുഷ്കോടിമജ്ജനവുംചെയ്തു തന്നുടെ
നിത്യകൎമ്മങ്ങളനുഷ്ഠിച്ചാ * മററുള്ളതീൎത്ഥങ്ങളിൽസ്നാനവുംചെയ്തു പു
ഷ്ടഭക്ത്യാരാമനാഥനെസ്സേവിച്ചു * ശക്തിക്കുതക്കവണ്ണംവിപ്രഭോജ
നം തക്കത്തിൽനിഷ്ഠതിപുഷ്കലമോദവാൻ * ഗോഭൂധനാദിദാനങ്ങ
ളുംചെയ്തുട നാപൂതസംസ്കൃതാശീൎവ്വാദസംയുതം * ആഹാരവുംചെ
യ്തുവൻപുണ്യമോതുവാൻ നീഹാരഭാനുചൂഡന്നുമെല്ലുതല്ല * ഏതു
ചെയ്തുംമാഘമാസത്തിൽമജ്ജനം സേതുവിച്ചെയ്യുമോക്ഷൈകാഭിലാ
ഷവാൻ * അൎദ്ധോദയംമഹാപുണ്യംമഹോദയം ബദ്ധാനുരാഗേ
ണതത്രശാഭ്യന്തരെ * തത്രപോയ്മജ്ജനംചെയ്താലവനവ ന്നൊത്തു
മദ്വൈതവിജ്ഞാനംവിനാമോക്ഷം * അൎദ്ധോദയാദികാലങ്ങളിൽ
തൽസ്നാന മുത്തമമഗ്രപാപൌഘനിബൎഹണം * ചന്ദ്രസൂൎയ്യോപ
രാഗേഷുതൽസ്നാനജം സാന്ദ്രപുണ്യംപ്രശംസിച്ചുചൊല്ലീടുവാൻ *
ഭാഷാവിശേഷസാമൎത്ഥ്യംതടവുന്ന ശേഷനുമാവല്ലനാമെന്തുചൊല്ലു
ന്നു * വിശ്വൈകവീരനാംദ്രോണതനൂജനും ശാപതമാംസുപ്തമാര
ണപാതകം * പോരവത്തീടുവാൻശ്രീധനുഷ്കോടിയിൽ നേരോടുമജ്ജ
നമാചരിച്ചുപുരാ * എന്നതുകേട്ടുമുനിമാരരുൾചെയ്തു നന്നുനന്നെ
ത്രയുമക്ഷേത്രവൈഭവം * വിശ്വൈകവീരനാമാചാൎയ്യനന്ദനൻ വി
ശ്രുതകീൎത്തിമാൻസത്യപരായണൻ * എങ്ങിനെചെയ്തുസുപ്തഹ
ത്യാപാപ മെങ്ങിനെതന്മോചനംസംഭവിച്ചതും * വിസ്തരിച്ചോട്ടു
ചൊല്ലുകൊദമെങ്ങൾക്കു മെത്രയുംശ്രദ്ധയുണ്ടെന്നതറിഞ്ഞാലും *

തേദപാക്യപീയൂഷപാനത്തിലേറ്റമേ സദ്ഗുണവൃത്തികൾക്കൊന്നുമില്ലൊരി
ക്കലും* താപസഭാഷിതമേവംസമാകർണ്ണ്യ താപമകന്നുസമ്മോദേന
സൂതനും * ചൊല്ലിനാനെങ്കിലൊകേട്ടുകൊണ്ടീടുവിൻ നല്ലകഥാമൃ
തമുർവീസുരന്മാരേ * ഭൂപരിപാലനമൂല്യംപുരാകുരു ഭൂപതിമാർക്കുകല
ഹംജനിച്ചുനാൾ * പാണ്ഡവന്മാരിലുംകൌരവന്മാരിലും താണ്ഡ
വംചെയ്തിതുസാംപ്രഹാരോത്സവം * അന്നുഗംഗാസുതനെത്രയും
കോപേന സന്നമാക്കീടിനാൻപാണ്ഡവസൈനികം * പത്തുദിവ
സംപൊരുതുദിനസുത നത്തലോടുംശരതല്പേശയിച്ചുതേ * പിന്നെ
പ്പരാക്രമശാലീഗുരുവര നന്നതനഞ്ചുദിനംപൊരുതീടിനാൻ * ഭാ
സ്കരനന്ദനൻകർണ്ണനാരുദിനം ഭോഷ്ക്കല്ലയുദ്ധവുംചെയ്തുവീണീടിനാ
ൻ * അപ്രകാരംശല്യരുമൊരുനാൾപൊരു തപ്രയത്നേനമരിച്ചോ
രനന്തരം* ശൌര്യശാലിപതിനെട്ടാംദിനംതദാ ദുര്യോധനൻവന്നു
പോർതുടങ്ങീടിനാൻ * ഭീമഗദാപ്രഹരംകൊണ്ടവനന്നു ഭീമപരാ
ക്രമൻഭിന്നോരുഖണ്ഡനായ് * ഭൂമൌപതിച്ചുരുധിരാർദ്രഗാത്രനാ
യ് ആമയംതേടുന്നതുംകണ്ടുകൌതുകാൽ * പാണ്ഡവന്മാരാത്മപ
ക്ഷ്യസ്സമാകീർത്തി പാണ്ഡുകൃതാശാന്തരന്മാർനടകൊണ്ടു * തീർണ്ണ
പ്രതിജ്ഞന്മാരായുടമണ്ഡപം പൂർണ്ണസന്തോഷേണപുക്കിരുന്നീടിനാ
ർ * രാത്രിയുമൊട്ടങ്ങുചെന്നാരനന്തരം*ധാത്രീപതികളാംപാണ്ഡു
തനയന്മാർ * കൃഷ്ണനോടുമൊരുമിച്ചുസസംഭ്രമം വൃഷ്ണിപ്രവരനാം
സാത്യകിതന്നോടും * ധാർത്തരാഷ്ട്രന്റെപടഗൃഹംപ്രാപിച്ചു കീർത്തി
മാന്മാർസഞ്ചരിക്കുംദശാന്തരേ * കണ്ടാരതീവവിത്തൌഘമോരോപ
ടമണ്ഡപാന്തോരംനിറഞ്ഞുകിടന്നതും * സർവ്വംസമാദായതൽഗൃഹേ
മോദമോടുർവീപതീശ്വരന്മാർമരുവീടിനാർ * അത്ഭുതവീരൻജഗന്മ
യനച്യുതൻ അപ്പോളവരോടരുൾചെയ്തുകൃഷ്ണനും * ഇപ്പടമണ്ഡ
പേരാത്രൌവസിച്ചാകിലല്പേതരമശുഭംസംഭവിച്ചീടും * നൂനംമൃത
ഗൃഹാന്തനിചിരിപ്പതു മാനുഷന്മാർക്കുസമുചിതമല്ലെടാ * പോകാം
പുറത്തുഭാഗത്തുനാമേവരും പാകനിഷൂദനനന്ദനവൈകൊലാ *
അപ്പൊഴതെപുറപ്പെട്ടിതുപാർത്ഥന്മാ രത്ഭുതവിക്രമൻസാത്യകികൃ
ഷ്ണനും * ഓഘപതിയാംനദീതടംപ്രാപിച്ചു ശോകമകന്നവരുംമരു
വീടിനാർ * അന്നസ്സൂർയ്യാസ്തമയത്തിന്നുമുന്നമെ മന്നവനെക്കണ്ടു
കൊള്ളുവാനാശയാ * ദ്രൌണികൃപരുംകൃതവർമ്മഭൂപനും ചെന്നുയു
ദ്ധാജിരെകണ്ടുനൃപതിയെ* കഷ്ടംപൊടികൊണ്ടണിഞ്ഞുസർവ്വാംഗ
വും പൊട്ടിയൊലിക്കുംരുധിരപരീതനായ് * ഭീമമാംഭീമഗദകൊണ്ട
ടികൊണ്ടു ഭൂമൌചിഭിന്നോരുചായിക്കിടപ്പതും * കാലുംതലയുമടിപ്പ
തുംകണ്ടവരാലോലവിഴുന്നബാഷ്പജാലത്തോടും * എത്രയുംദുഃഖം

കലൎന്നുകണ്ടോരു ധാത്രീപതിസുതനുംകരഞ്ഞീടിനാൻ * അന്നേ
രമാചാൎയ്യനന്ദനനുണ്ടായൊരുന്നതകോപംപറയാവതല്ലേതും * ഔ
ൎവ്വാഗ്നിവൽപ്രജ്വലിച്ചുരക്താക്ഷനായ് ദുൎവ്വാരശൌൎയ്യശാലിയശ്രുനേ
ത്രനായ് * പല്ലുംകടിച്ചുപാണൌപാണിമാസ്ഫാല്യ ചൊല്ലിനാൻദു
ൎയ്യോധനനോടതിരുഷാ * ദുഷ്ടശീലന്മാർപൃഥാസുതന്മാരഹോ കഷ്ടം
ചതിച്ചുകൊന്നുമൽപിതാവിനെ* അന്നിനിക്കുണ്ടായദുഃഖമേതത്തീ
ട്ടുകിലിന്നതില്പ്രതിവൃമില്ലെന്നറികെടൊ* കേൾക്കമെഹാവീൎയ്യദുൎയ്യോ
ധനഭവാൻ നീക്കമൊഴിഞ്ഞുഞാനൊന്നുണ്ടുചൊല്ലുന്നു * ഇന്നുള്ള
രാത്രികഴിവതിന്മുന്നമെ ചെന്നുകൊന്നീടുവൻപാണ്ഡവന്മാരെഞാ
ൻ * അഞ്ജസാമൽതാതനേക്കൊലചെയ്യോരു സൃഞ്ജയവംശവുംകൊ
ന്നൊടുക്കീടുവൻ * അത്ഭുതരൂപീമഹേശ്വരൻതന്നാണ് മല്പിതാ
വിൻപാദമാണപൊളിയല്ല * വേഗമനുജ്ഞയെച്ചെയ്തയച്ചീടുക
നാഗദ്ധ്വജംഭവാൻഖേദിക്കൊലാവൃഥാ * എന്നതുകേട്ടോരുനേരം
ധൃതരാഷ്ട്ര നന്ദനൻവേഗമനുജ്ഞയുംനൽകിനാൻ * പിന്നെകൃപാ
ചാൎയ്യനോടുചൊല്ലീടിനാ നൊന്നുണ്ടുവേണ്ടുഗുരുസത്തമഭവാൻ *
വാചാമഗോചരവിക്രമനാകിനോ രാചാൎയ്യപുത്രനെസ്സേനാപതി
യാക്കി * ചെയ്ക്കവേണമഭിഷേകമിന്നിപ്പൊഴെ ചെയ്തുകൃപരുമഭി
ഷേകമാദരാൽ * പിന്നെഗുരുസുതൻമന്നവനെച്ചെന്നു നന്നായു
ഴക്കീട്ടുയാത്രയുംചൊല്ലിനാൻ * ആചാൎയ്യനോടുംകൃതവൎമ്മഭൂപനുമാ
ശയാദുഃഖംകലൎന്നവർമൂവരും* ദക്ഷിണദിക്കുനോക്കിപ്പുറപ്പെട്ടുപോ
യ് അക്ഷീണപൌരുഷന്മാർശിബിരാന്തികെ * കുത്രചിദ്രാത്രിയും
പാൎത്തിരിക്കാംവിധൌ തത്രപോയ്ചെന്നിതുപാണ്ഡവസൈന്യവും
നൂനമിവിടെവസിച്ചാൽനമുക്കിന്നു മാനഹാനിക്കുള്ളസംഗതിവ
ന്നിടും * എന്നുനിരൂപിച്ചുപോകുംദശാന്തരെ പിന്നാടെചെന്നുതുട
ൎന്നിതുസേനയും * പാൎത്ഥധനുൎഗ്ഗുണഘോഷവുംകേട്ടവ രാൎത്തിയോ
ടുംപ്രാങ്മുഖന്മാരായോടിനാർ* ദൂരംകുറഞ്ഞൊന്നുപോയോരനന്തരം
പാരംശ്രമാതുരന്മാരായ്വിഷണ്ണരായ് * ക്രോധവുമേറ്റംമുഴുത്തുചമക
യും ഗാന്ധാരിനന്ദനവൃത്തംനിനക്കയും * ഓടിക്കുഴക്കയുംദാഹംപെ
രുകയും കേടകപ്പെട്ടതിലുള്ളവൈരാഗ്യവും * എന്നിവകൊണ്ടുനാ
ധീനമനസ്സോടു മന്നവർമൂവരുംപുക്കൊരോരുവനം * കണ്ടാനവിടെ
യൊരുവടപാദപം കണ്ടാലതീവവളൎന്നിരിപ്പോന്നതും *തൽസമീ
പത്തുങ്കലേകംജലാശയം തൽസമംപാനീയമില്ലമറ്റെങ്ങുമെ * അ
പ്പോൾതദീയമൂലംപ്രാപ്യസത്വരം കെൽപോടിറങ്ങിയാർതേരിന്ന
വർകളും * സൂൎയ്യനുമസ്തമിച്ചാനതുനേരത്തു ശൌൎയ്യവാന്മാർസന്ധ്യ
യുമുപാസിച്ചുടൻ * പാനീയപാനവുംചെയ്തുകൃതാൎത്ഥതാ മാനീയ
വൃക്ഷമൂലെമരുവീടിനാർ * വന്നുനിറഞ്ഞുകാണായ്വന്നിതന്നേരമെ

ണ്ടുമേഘോൎമ്മാമന്ധതാമിസ്രവും* രാത്രിഞ്ചരങ്ങളായുള്ളോരുസത്വ
ങ്ങൾ പേൎത്തുമങ്ങോട്ടുമിങ്ങോട്ടുനടപ്പതും * അപ്പോൾനിശാചരജന്തു
കദംബകം കെൽപ്പോടുനിദ്രയെച്ചെയ്യുകാണായ്വന്നു * ഭോജനമാ
ചാൎയ്യപുത്രൻകൃപരുമായ് വേദനപൂണ്ടുവിടപിമൂലേശുഭേ * ഒട്ടുനേ
രംകഴിഞ്ഞൊരുനേരംതദാ ക്ലിഷ്ടതപൂണ്ടോരുഭോജനാചാൎയ്യനും * ത
ത്രൈവഭൂമൌകിടന്നുറങ്ങീടിനാ രത്തൽപൂണ്ടോചാൎയ്യപുത്രനുറങ്ങീ
ല * ദീൎഘനിശ്വാസവുംപൂണ്ടവനെത്രയും ദീൎഘചിന്താക്രാന്തനായ്മ
രുവുംവിധൌ * കണ്ടാൽജനത്തിനുഭീതിനൽകുംവനം കണ്ടാനവ
ൻതിമിരാവൃതമായ്തദാ * ഭീമശാഖാശതസംകുലമായൊരു കോമളന്യ
ഗ്രോധവൃക്ഷവുംകണ്ടവൻ * കൎത്തവ്യമോൎത്തിരിക്കുംവിധൌകണ്ടിതു
തത്രവൃക്ഷേകാകജാലംവസിപ്പതും * നാനാദിഗന്തരാനീതഭക്ഷ്യങ്ങ
ളു മാനന്ദമോടുഭക്ഷിച്ചുകൃതാൎത്ഥരായ്* തങ്ങടെനീഡങ്ങൾതോറുംകി
ടന്നവർ സംഗതമോദമുറങ്ങിത്തുടങ്ങിനാർ * മേചകാകാരംധരിച്ചു
തിഭീഷണൻ പേചകപക്ഷിയുമേവംതദന്തരേ * ഉച്ചൈസ്സ്വരമായ
പക്ഷിഘോഷത്തോടു മൂൎച്ചത്തിലാൎത്തുകൊണ്ടോടിവന്നഞ്ജസാ* ഭൂരു
ഹശാഖാംസമാശ്രിത്യവായസ ഭൂരിസംഘാതംഹനിച്ചുതുടങ്ങിനാ
ൻ * കേഷാഞ്ചിദാകൃത്തവാൻകാകമണ്ഡലം കേഷാഞ്ചിദേവംശിര
സ്സുമത്തീടിനാൻ * പക്ഷങ്ങളാകവെകൊത്തിയറുത്തിട്ടു മക്ഷിതിമ
ണ്ഡലമാകെനിരത്തിനാൻ * മൃതകാകങ്ങളെക്കൊണ്ടുനിറഞ്ഞിതു
വിസ്താരമേറുംവടവൃക്ഷമൂലവും * നിദ്രയിലേവംചതിച്ചുകൊന്നെത്ര
യും വിദ്രുതഭാസനംപാരമാനന്ദിച്ചു * മായാവിശാരദന്മാരിൽമുമ്പു
ള്ളോരു വായസാരാതിചെയ്യോരുകൎമ്മങ്ങളെ * കണ്ടുവിചാരിച്ചി
താചാൎയ്യനന്ദനനുണ്ടാമുപായമിനിക്കെന്നുസത്വരം * എങ്ങാനുമി
ന്നൽരാത്രൌഉറങ്ങുമാ മാനികളാംരിപുവൃന്ദവുമൊക്കവെ * കൊ
ന്നൊടുക്കീടുന്നതുണ്ടതിന്നായിന്നു വന്നുകാട്ടിദൈവമേവംവിധോ
പായം * വല്ലതുചെയ്തുംരിപുക്ഷയംചെയ്വതു നല്ലുപുരുഷനുലക്ഷ
ണംനിൎണ്ണയം * നേരിട്ടുപോർചെയ്തുവരെജ്ജയിപ്പതി നാരുംനിരൂ
പിക്കവേണ്ടാജഗത്രയേ * എന്നതുമൂലംഛലേനജയിപ്പതി നിന്നി
നിക്കീശ്വരോക്താം മാൎഗ്ഗമീദൃശം * അത്രയുമല്ലസുയോധനനോടുഞാ
നത്രൈവകാൎയ്യപ്രതിജ്ഞചെയ്തീടിനേൻ * ധൎമ്മേണനയുധേപരാജ
യംനിൎണ്ണയം ധൎമ്മാവിനാജയിച്ചീടുന്നതുണ്ടുഞാൻ*വൎജ്ജ്യമായുള്ളോ
രുകൎമ്മമനുഷ്ഠിച്ചു മാൎജ്ജിച്ചുമോരോരൊദുഃഖപടലങ്ങൾ * ക്ഷത്രസ
മാശ്രിതനായോരുമന്നവൻ ശത്രുക്ഷയംവരുത്തേണമസംശയം *
ശ്രാന്തനെന്നാലുംദ്രവിണദനെങ്കിലും ഭ്രാന്തനെന്നാകിലുംപ്രസ്ഥി
തനെങ്കിലും* ഭോജനംചെയ്യുന്നിരിപ്പോനെയുംതഥവേദനപൂണ്ടോ
നെയുംനിദ്രിതനെയും * യുദ്ധാങ്കണേത്യക്തശസ്ത്രനായോനെയും ചെ

ഛൈവരം പൂണ്ട ശത്രുവെന്നാകിലും * വ്യഗ്രത തീൎന്നാഭിമാനിയാം മ
ൎത്ത്യൻ നിഗ്രഹിച്ചാൽ ദോഷമില്ലെന്നറിഞ്ഞീടണം * ഉണ്ടുള്ള ചൊല്ലു
മീ പണ്ണമൊന്നുണ്ടതു കൊണ്ടുമടിക്കയെല്ലേതുമെഞ്ഞാനഹോ * എവം
വിചാരിച്ചുറച്ചുറങ്ങീടുന്ന ദേവോപമൻ കൃപർ ഭോജേശ്വരനെയും *
ചെന്നങ്ങുണൎത്തിനാനുന്നതപൌരുഷ നൊന്നവരോടവനിങ്ങി
നെ ചൊല്ലിനാൻ * ബാല്യകാലം തൊട്ടു നമ്മെയും ലാളിച്ചു പാലനം
ചെയ്യൊരു ധാൎത്തരാഷ്ട്രൻ നൃപൻ * വഞ്ചനശീലരാം പാണ്ഡവന്മാ
രുടെ വഞ്ചനയിൽ പെട്ടതോൎത്താലിനിക്കഹോ * ഒട്ടും സഹിച്ചുകൂടു
ന്നില്ലനിദ്രയും കഷ്ടം വരുന്നില്ല ഞാനെന്തു ചെയ്യേണ്ടു * താഡനം കൊ
ണ്ടുള്ള പീഡയാമന്നവൻ ആടലോടും കൂടെ ഭൂമിയിൽ വീണാരെ * മ
സ്തകം തന്നിൽ ചവിട്ടിയതോൎക്കുമ്പോൾ നിസ്തുലഖേദം വളരുന്നിനി
ക്കഹോ * ആകയാലൊന്നുണ്ടു നാമിന്നു വേണ്ടതും പോകവേണം പാ
ണ്ഡവശിബിരം പ്രതി * അൎദ്ധരാത്രത്തിലുറങ്ങുമവരെ നാ മിങ്ങു കോ
പേന വധിക്കണമാകവെ * ഏവമശ്വത്ഥാമഭാഷിതമാകൎണ്ണ്യ കേ
വലമപ്പോൾ കൃപരുമുരചെയ്തു * കഷ്ടമെന്തേവം നിനക്കു തോന്നീടു
വാനൊട്ടുമെ ധൎമ്മമല്ലാ സുപ്തമാരണം * സജ്ജനം കേട്ടാൽ പരിഹസി
ക്കുമന്യന മിജ്ജനം പാതകഗ്രസ്തമായും വരും * ആജിയിൽ തോറ്റുമ
ണ്ടീടുന്നവരെയു മായുധം വച്ചവരേയും വിശേഷിച്ചു * വാഹനം പോ
യവരേയും വധിച്ചാകിലാഹന്ത ദോഷമുണ്ടേററമറികനീ * സാഹസ
മെല്ലാമകററീടുക ഭവാ നാഹവത്തിന്നുപായം ഞാൻ പറഞ്ഞിടാം * എ
ന്നു ധൃതരാഷ്ട്രമന്നവൻ തന്നോടു മിന്നുനാം ഗാന്ധാരിയോടും വിശേഷി
ച്ചു * വിജ്ഞാനികളിൽ വച്ചുത്തമനാകുന്ന വിജ്ഞൻ വിദുരരോടും തദാ
കല്പിതം * എന്തെന്നു ചോദിച്ചതിന്നായ്‌വനിഞ്ഞതുനാ മെന്തെങ്കിലും
ചെയ്യേണമെന്നു മതം * അപ്പോൾ കൃപരോടു ചൊന്നാൻ ഗുരു
സുതൻ ഇപ്പോളിനിക്കു ബോധിച്ചീലിതൊന്നുമെ * ധൎമ്മം വെടിഞ്ഞ
ല്ലയൊ സമരാങ്കണെ നിൎമ്മരിയാദം പൃഥാതനുജന്മാരും യുദ്ധേ ജയിച്ച
തറിഞ്ഞീലയോ ഭവാൻ ബദ്ധാദരം ധൎമ്മലാളനമെന്തഹൊ * ധൎമ്മാ
ത്മജൻ പൊയ്യുര ചെയ്തതൊക്കവെ നിൎമ്മലൻ കൃഷ്ണനനുവദിച്ചീല
യൊ * ആയുധം വച്ചതേൎത്തട്ടിലിരുന്നിട്ടു കായം ത്യജിപ്പതിന്നോൎത്തമ
ൽ ... * ധൃഷ്ടനായുള്ള ധൃഷ്ടദ്യുമ്നനല്ലയോ വെട്ടിക്കഴുത്തറുത്തുമ
ഹാപാതകി * അത്രയുമല്ലവൻ ദ്രോണമഹാത്മാവെന്നു ചിത്രമായ്ക്കീ
ൎത്തിച്ചു സഞ്ചരിച്ചീലയോ * നിങ്ങളെല്ലാരുമിദമറിഞ്ഞീലയോ ഭംഗി
വാക്കെന്തഹോ ചൊല്ലുന്നു സാമ്പ്രതം * മൽപ്പിതാവിന്നവസ്ഥാന്ത
രമോൎക്കുമ്പോളുള്ളമല്ലേറ്റം മഹൽതാപം മഹത്തരം * ധൎമ്മം നിരാകരി
ച്ചുമുന്നമേ ദുൎദ്ധരം ധൎമ്മതനുജാദികളില്ല സംശയം * എന്നതുമല്ല
ഘോരം ... നുന്നതപൌരുഷൻ വീൎയ്യവാൻ നീതിമാൻ * ആ

യുദ്ധംവച്ചശേഷംസവ്യസാചിയു മായോധനത്തിൽശിഖണ്ഡിയെ
മുന്നിട്ടു * കൊന്നതറിഞ്ഞീലയോമറന്നിത്തര മൊന്നല്ലവരധമ്മം
ചെയ്തതോക്കിലൊ * സന്ദേഹമേതുമിനിക്കില്ലതുകൊണ്ടു നിന്ദ്യമെ
ന്നാകിലുംഞാനിന്നുരാത്രിയിൽ * സുപ്തമാനുഷ്യകംതല്പടമണ്ഡപം
പുക്കുകൊല്ലുന്നുണ്ടുശത്രുജനങ്ങളെ * എന്നുപറഞ്ഞുതേരിൽകരയേ
റീട്ടു നന്നായുറച്ചു നടന്നുതുടങ്ങിനാൻ* ആവതില്ലെന്നുനിരൂപിച്ചന
ന്തരം ആശുവേഗമോടുംകൃപാചാര്യഭോജന്മാർ * പിന്തുടരന്നതിനാ
ർവ്വരുംതൽക്ഷണെ ബന്ധുരംപാത്ഥാലയാന്തികംപ്രാപിച്ചു * ദ്രോ
ണനന്ദനനുമീശനെദ്ധ്യാനിച്ചു കാണപ്പെട്ടതിനാനത്ഭുതമെത്ര
യും * ശത്രുസംഹാരാത്ഥമായീശ്വരങ്കലി ന്നെത്രയുംമുഖ്യമാംഖഡ്ഗ
വുംവാങ്ങിനാൻ * പിന്നെകൃപാചാര്യനോടുംകൃതവമ്മ മന്നവനോ
ടുംഗുരുസുതൻചൊല്ലിനാൻ* നിങ്ങളിരുപേരുമത്രെവനിൽക്കണ
മങ്ങുകടന്നുഞാൻപോകുന്നതുണ്ടഹോ * ഒന്നൊഴിയാതെരിപുകുലം
മൊക്കെവെസനമാക്കീട്ടുവന്നില്ലൊരുസംശയം * ഓടിപ്പുറത്തുചാടു
ന്നജനങ്ങളെ കൂടവെകൊന്നൊടുക്കീടുകനിങ്ങളും * എന്നവാറേഗു
ണമിങ്ങിതെന്നോത്തവർ നന്നായുറപ്പിച്ചുനിന്നോരനന്തരം * ദ്രോ
ണകുമാരൻശിബിരമകംപുക്കുകാണാതെനീളവെസഞ്ചരിച്ചീടിനാ
ൻ * കണ്ടാനവിടെക്കിടന്നുറങ്ങീടുന്ന തണ്ടാർശരോപമമന്നവന്മാ
രെയും*പാഞ്ചാലനന്ദനൻതാനുംതദന്തരെ ചാഞ്ചല്യമെന്നിയെന
ല്ലമഞ്ചോപരി * വിശ്വാസപൂർവ്വകംയുദ്ധശ്രമംകൊണ്ടു നിശ്വാസ
വുംപൂണ്ടുറങ്ങുന്നതുകണ്ടു * കോപാസഹിക്കരുതാഞ്ഞുഗുരുസുതൻ
പാപമെന്നുള്ളതുമൊക്കെമറന്നുടൻ * ഘോഷിച്ചുയരുന്നവൈരവു
രസ്സാം പാദേനതാഡനമേകിനാനപ്പൊഴെ * പാദഘാതംകൊണ്ട
വനുണന്നിട്ടു വേദനപൂണ്ടതുചൊല്ലവല്ലേതുമേ * ദ്രോണകുമാരക
ൻതാൻധരാതലെ വീണോരവൻതലപൂറിപ്പിടിച്ചുടൻ * ഖഡ്ഗ
വുംകയ്യിലിളക്കീധരണിയിൽവൽഗ്ഗനവുംചെയ്തിഴച്ചാൻപലതരം*
തച്ചുമടിച്ചുമിടിച്ചുമിഴത്തീട്ടു മമ്മോകരംകാൽപിടിച്ചുകെട്ടീടിനാൻ *
ഓരോരവസ്ഥകളൂച്ചരിച്ചുച്ചരി ച്ചോരോന്നുമസ്തകംതന്നിൽചവുട്ടി
യും * വിസ്ഫുരിച്ചെന്തിനേറപ്പറഞ്ഞീടുന്നു ചത്തിതുപാഞ്ചാലസൂനു
വെന്നോവണ്ടു * പിന്നെയുംതൽപുത്രമിത്രജനങ്ങളെ യൊന്നുമൊ
ഴിയാതെകൊന്നൊടുക്കീടിനാൻ * കഷ്ടംയുധാമന്യുവായനരേന്ദ്രനെ
പെട്ടന്നുവെട്ടിക്കഴുത്തറുത്തീടിനാൻ * പാഞ്ചാലിതന്നുടെനന്ദന
ന്മാരെയും ചാഞ്ചല്യമെന്നിയെകൊന്നുസസംഭ്രമം * ഉത്തമൌജ
സ്സിനെസത്വരംസംഹരി ച്ചുത്തമാനീകവുമൊക്കെയൊടുക്കിനാൻ *
സോമകന്മാരെസ്സമൂലംകുലചെയ്തു സോമചൂഡായുധവൈഭവാൽ

ന്തം * വെട്ടിനാൻപിന്നെശ്ശിഖണ്ഡിയേയുംതദാ മററുള്ളഭൂപതിമാ
രെപ്പലരേയും * അററമില്ലാതെശവങ്ങളെക്കൊണ്ടങ്ങു മുററംനിറ
ഞ്ഞിതുതൽപ്രദേശംതദാ * പേടിച്ചുമണ്ടിപ്പുറത്തു ചാടുന്നോരെ ക്കൂ
ട്ടലർകാലനാംഭോജർകൃപന്മാരായ് * ബാണഗണങ്ങൾപൊഴിഞ്ഞു
പൊഴിഞ്ഞുടൻ പ്രാണനോടുംവേർപെട്ടുത്തുവിട്ടീടിനാർ * കല്പാ
ന്തകാലത്തുലോകങ്ങളെപ്പോലെ കെല്പോടുശൂന്യമായ്വന്നൽശിബിര
വും * പാണ്ഡവന്മാരിൽനിന്നുള്ളഭയത്തിനാൽ പിന്നെപ്പുറത്തുചാ
ടിഗ്ഗുരുനന്ദനൻ * ഓരോദിഗന്തരേമൂവരുമോടിനാ രാരോമൽ പൂർവ്വദൈ
വകല്പിതംവിസ്മയം* രേവാനദീതടംലോകമനോഹരം ദേവലോകോ
പമംപുക്കഗ്ഗുരുസുതൻ * തത്രകണ്ടീടിനാനുത്തമരാംധരാ സുത്രാശി
കളെത്തപസ്സുചെയ്യുന്നതും* വേദാബ്ധിപാരഗന്മാരായനാരതം ചേ
തോമാഴിഞ്ഞുകഥാശ്രവണംചെയ്തു * പാരത്രികങ്ങളായുള്ളകർമ്മങ്ങ
ളെ നേരോടനുഷ്ഠിച്ചിരിക്കുമവരുടെ * ആശ്രമംകണ്ടുസന്തോഷിച്ചു
തിനക ത്താശ്രിതധൈര്യംകടന്നുചെന്നീടിനാൻ * യോഗബലം
കൊണ്ടറിഞ്ഞുവൃത്താന്തങ്ങൾ വേഗമോടുംമുനിനായകന്മാർതദാ *
ചൊല്ലുമമാചാര്യനന്ദനൻതന്നോടു ചൊല്ലിനാരേവംതപോധനേ
ന്ദ്രന്മാരും* ദ്രോണേമഹാപാപകശ്മലനിസ്രുപ പ്രാണങ്ങളിൽനിന്ന
കെന്തിത്രകൌതുകം * കഷ്ടമത്രെസുപ്തമാരണംചെയ്തുനീ ദുഷ്ടജന
ങ്ങളിലെത്രയുമുത്തമൻ * നിന്നുടെദൎശനംകൊണ്ടുമഹാപാപ മിന്നു
ശേഷംജനങ്ങൾക്കുമുണ്ടായ്വരും * ദുൎമ്മതേനിന്നോടുസംഭാഷണത്തി
നാൽ ബ്രഹ്മഹത്യാദിയുംസംഭവിക്കുംദൃഢം * ആകയാലിന്നിവി
ടെന്നുനീപോകേണ മാകനിൻദൎശനമാക്കുംശമതേ * ഇങ്ങിനെ
താപസഭാഷണംകേൾക്കയാൽ ലഞ്ജപാരംലജ്ജയുംപൂണ്ടുഖിന്നനാ
യ് * ആശ്രമത്തിന്നുപുറത്തുപുറപ്പെട്ടു വിശ്രുതകീൎത്തിമാനേതൃത്താ
നുപായങ്ങൾ * ഗംഗാഗയാദിതീൎത്ഥങ്ങൾസേവിപ്പതി നങ്ങുവി
ചാരിച്ചുടനേനടകൊണ്ടു * കഷ്ടംമഹാതീൎത്ഥമജ്ജനംചെയ്തിട്ടു മൊട്ടു
മേപോയീലപാതകവൈഭവം * മാൎഗ്ഗമദ്ധ്യേകണ്ടതാപസന്മാരെല്ലാം
മാൎഗ്ഗമകന്നുനില്ലെന്നുപറകയും* ആരുമേദൎശനസംഭാഷണാദികൾ ദൂര
ത്തു നിന്നിട്ടുമാചരിപ്പില്ലഹോ*എന്തിനിച്ചെയ്യുതുഞാനിതിനെന്നോ
ൎത്തു ചിന്തയുംപൂണ്ടുഗ്ഗുരുതനയൻതദാ * ദിവ്യംബദരികാരണ്യംസ
മാസാദ്യ ഭവ്യനാംവ്യാസനെക്കണ്ടുവണങ്ങിനാൻ * ദ്വൈപായ
നന്മവനോടരുൾചെയ്തു വൈകാതെനീയുമിവിടെന്നുപോകെടോ*
സുപ്തജനങ്ങളെക്കൊന്നൊരുപാതക തപ്തനായുള്ളഭവാനെന്നറിയ
ന്നാം* നിന്നോടുസംഭാഷണംചെയ്കിലോമമ വന്നുകൂടീടുംമഹാപാപ
സഞ്ചയം*വ്യാസവാക്യംകേട്ടനേരംഗുരുസുതൻ ദാസോസ്മിഞാനെ
ന്നഭിവാദ്യവുംചെയ്തു * ചൊല്ലിനാൻദ്വൈപായനനോടുസാദരം

ചൊല്ലുള്ളതാപസനാഥകൃപാനിധേ* അജ്ഞാനവൈഭവംകൊണ്ടു
മഹാപാപം വിജ്ഞാനസത്തമചെയ്യേൻമഹാമുനേ * എന്നതുകാര
ണംസർവ്വജനത്തിനും നിന്ദ്യനായ്വന്നുഞാനെന്തിനിചെയ്യേണ്ടു * നി
ന്തിരുപ്പാദാംബുജങ്ങളൊഴിഞ്ഞുമേ സന്താപശാന്തിക്കുപായമില്ലോ
ർത്തുമേ * എന്നെഭവാനുപേക്ഷിച്ചീടുകി ലിന്നിനിക്കാധാരമാരുമ
ഹാമുനേ * സാധുക്കളായമഹാത്മാക്കൾദീന സാധാരണാകൃപന്മാ
രെന്നുനിർണ്ണയം * സ്വപ്തഹത്യാപാപശാന്തിക്കുപായവു മിപ്പോളു
രുൾചെയ്കവേണംകൃപാനിധേ * ഇപ്രകാരംദ്രോണിഭാഷിതംകേ
ട്ടോരു വിപ്രാഗ്ര്യൻസനാതനൻവ്യാസനരുൾചെയ്തു * ഇപ്പാപശാന്തിക്കു
പായമോതിടുവാ നിപ്പാരിടത്തിങ്കലാരുമില്ലാക്കിലോ * വേദാദിക
ളിലൊന്നുംകണ്ടതില്ലഞാ നേതദീയാഘശാന്ത്യർത്ഥമുപായവും * എ
ങ്കിലുംഞാനൊന്നുചൊല്ലുന്നതുണ്ടെടോ സങ്കടംവേണ്ടാഗുരുവരന
ന്ദന * ദക്ഷിണാംഭോധിതന്മേലേവിമുക്തിദ മക്ഷീണവൈഭവമായു
ണ്ടൊരുതീർത്ഥം * നാമധേയംധനുഷ്കോടിയെന്നാകുന്നു കാമിതദായ
കമുത്തമമെത്രയും * ബ്രഹ്മഹത്യാദിപാപൌഘനിബർഹണം നിർമ്മ
ലംകർമ്മപടലവിധ്വംസനം * സർവ്വമംഗല്യദംദുസ്സ്വപ്നനാശനം സ
ർവ്വോത്തമമപമൃത്യുവിനാശനം * ദാരിദ്ര്യനാശനമായുഷ്യവർദ്ധനം ഭൂ
രിജയപ്രദംശത്രുക്ഷയകരം* തത്രപോയ്മജ്ജനംചെയ്യുകിലോഭവാൻ
ചിത്രമിപ്പാപത്തിൽനിന്നുവിമുക്തനാം * മാസമാത്രംനിയമാന്വി
തനായ്സദാ സംഭാവനേനനിമജ്ജനംചെയ്കെടോ * എന്നാൽപ
രിശുദ്ധനായ്വരുംനീയതി നൊന്നുമേസംശയംതോന്നൊല്ലമാനസേ*
അപ്പോൾഗുരുസുതൻകെൽപ്പോടെഴുന്നേറ്റു തല്പാദപത്മേനമസ്ക
രിച്ചാദരാൽ * ക്ഷിപ്രംധനുഷ്കോടിതീർത്ഥംസമാസാദ്യ വിപ്രോക്തമാ
ർഗ്ഗേണസങ്കല്പപൂർവ്വകം * മുപ്പതുനാൾസ്നാനമാചരിച്ചീടിനാ നല്ലേ
താംദ്രോണിഭാഗ്യംനിരൂപിക്കിൽ * നിത്യവുംസന്ധ്യാസമയങ്ങളി
ൽചെന്നു നിത്യനാംരാമനാഥേശ്വരംസേവിച്ചു * മുപ്പതുനാളുംതിക
ഞ്ഞോരനന്തരം താല്പര്യമോടുമുപവസിച്ചീടിനാൻ * പഞ്ചാക്ഷരംമ
ഹാമന്ത്രംജപിച്ചുകൊ ണ്ടഞ്ചിതാനന്ദംധനുഷ്കോടിസന്നിധൌ*ശ്രീ
രാമനാഥേശ്വരനെയുംധ്യാനിച്ചു ധീരൻതമീജാഗരണവുംചെയ്തുട
ൻ* പ്രത്യൂഷസ്യുത്ഥായധീമാൻധനുഷ്കോടി സത്യതീർത്ഥത്തിൽമുഴുകി
സ്സഭക്തികം* സോമാർദ്ധഭൂഷണംകൊണ്ടുവിളങ്ങുന്ന രാമനാഥേശ്വ
രനെസ്തുതിച്ചീടിനാൻ*കാരുണ്യവാരിധിദേവൻതദന്തരെ നേരോട
വൻമുൻപിലാമ്മാറെഴുന്നള്ളി*കാർത്ത്യായിനീനാഥനെക്കണ്ടുമോദി
ച്ചുകീർത്തിമാൻദ്രോണാത്മജൻവണങ്ങീടിനാൻ * ദേവദേവാനാംപ
തേ,കരുണാനിധേ കേവലാത്മൻനമസ്തേഭക്തവത്സല*ആപദാംഭോ
ധിമഗ്നാനാംത്രാതൃസമാപാതപോയിതദാശ്രീപാദാംബുജം* സോമ

…ഔലോമഹാദേവമാജ്ജിത . ശൈലൗഘപ്രഭോനീലലോഹിതധൂർജ്ജ
ടേ*ഹാലാക്ഷമൃത്യുഞ്ജയത്രിശൂലായുധ ശ്രീമൻവിരൂപാക്ഷപാഹിമാം
പാഹിമാം*നാഗാഭരണായതുഭ്യംനമോനമഃ പാകാരിവന്ദിതപാദായ
തേനമഃ . പാർവ്വതികാന്തായപാപൌഘനാശന ശർവ്വായസർവ്വഭൂതൌ
ഘാന്തരാത്മനേ*മാതംഗവൈരിണേതുഭ്യംനമോനമഃപാതംഗസോ
മാനലാക്ഷായതേനമഃ ഈശായതേനമോമന്മഥാരാതയെ ക്ലേശാപ
ഹാരിണേതുഭ്യംനമോനമഃ * ഗംഗാധരായമൃഡായവ്യയായതേ സം
ഗതാനാന്ദായസാരംഗപാണയേ * ശാശ്വതാകാരായതുഭ്യംനമോന
മോ വിശ്വൈകപാലായശംഭോനമോസ്തുതേ. * ദ്രോണാത്മജസ്തവം
കേട്ടുസന്തോഷിച്ചു വാണീശവന്ദിതൻദേവനരുൾചെയ്തു * നിന്നു
ടെപാപസംഘാതംനിരൂപിക്കി ലൊന്നൊഴിയാതനശിച്ചിതുനിർണ്ണ
യം * നൂനംധനുഷ്കോടിമജ്ജനംചെയ്യോരു മാനവനില്ലെടോപാ
പങ്ങളൊന്നുമേ * വേണ്ടുംവരംവരിച്ചാലുംനിനക്കൊരു ഇംഗിതം
വേണ്ടാഗുരുവരനന്ദന * ത്വൽഭക്തികൊണ്ടുഞാൻമോദിച്ചിതേററ
വും ത്വൽഭക്തനെന്നുമലഭ്യമായില്ലെടോ* ശ്രീമഹാദേവനരുൾചെയ്ത
തുകേട്ടുധീമാൻനമസ്കരിച്ചേവമരുൾചെയ്തു * ത്വൽദർശനംപുണ്യമി
ല്ലാതവർക്കഹോ വിദ്യാപതേദുർല്ലഭംകോടിജന്മഭിഃ*വാത്സല്യമുണ്ടെങ്കി
ലെങ്കിലോദീനൈക വത്സലവേണ്ടുംവരംകേട്ടുകൊള്ളുക * ശ്രീമ
ൽപദാംബുജേതാവകേനിശ്ചല പ്രേമാന്ധരൂപിണീഭക്തിഭവേമമ *
മററമോരോന്നിലിനിക്കൊരാശാലേശം മററംനിരൂപിക്കിലില്ലദയാ
നിധേ*തൽകാമിതംകേട്ടുദേവൻതിരുവടി വെക്കമനുഗ്രഹിച്ചുവരമ
ത്ഭുതം*എത്രയുംപാരംകൃപാശാലിശങ്കരൻ തത്രൈവവേഗാൽമറ
ഞ്ഞരുളീടിനാൻ*ചിത്രംഗുരുസുതൻപാപങ്ങൾവേർപെട്ടു ചിത്തം
തെളിഞ്ഞുടൻതൽതീർത്ഥവൈഭവാൽ * തൽപ്രദേശത്തിങ്കൽനിന്നു
പുറപ്പെട്ടു വിപ്രോത്തമാശ്രമംപുക്കുവിനീതനായ് * നൂനംമഹർഷിമാ
രെല്ലാവരുംതദാ മാനുഷോത്തംസമേനംസ്വീകരിച്ചുതേ * ഇക്കഥ
ചൊല്ലുംജനത്തിനുപാപങ്ങ ളൊക്കവെവേർപെട്ടുമോക്ഷമുണ്ടായ്വ
രും* കേട്ടുകൊണ്ടാലുംധനുഷ്കോടിവൈഭവം വാട്ടമകന്നമുനിനായക
ന്മാരെ*പണ്ടുസോമാന്വയത്തുങ്കൽപ്രസിദ്ധനാ യുണ്ടായിതുനന്ദനെ
ന്നൊരുമന്നവൻ*ധർമ്മൈകതല്പരനായനൃപതിക്കുധർമ്മഗുപ്താഖ്യനാ
യുണ്ടായിതാത്മജൻ * പുത്രൻയൗവനാരംഭകാലേനൃപൻ മിത്രങ്ങ
ളോടുംനിരൂപിച്ചുസത്വരം* രാജ്യഭാരാർത്ഥമഭിഷേകവുംചെയ്തു പൂജ്യ
നാംനന്ദൻതപസ്സിനൊന്നാരിമ്പെട്ടുശ്രീമയമായൊരരണ്യംപ്രവേശിച്ചു
ധീമാൻജിതേന്ദ്രിയനായ്ജിതകാമനായ്* ധർമ്മമെന്നോർത്തുതപസ്സുതു
ടങ്ങിനാൻ ധർമ്മഗുപ്തൻനൃപൻതാനുംതദന്തരേ * ധർമ്മേണമേദിനീ
പാലനംചെയ്തുടൻ നിർമ്മലനശ്വമേധാദിയാഗംചെയ്തു * ഗോഭൂധ

നാടിമാനങ്ങൾപാത്രങ്ങളി ലാവൃതമാനസനായ്ചെയ്യുന്നു...
വാഴനകാലാതദീയമാംരാജ്യവും ദോഷംവിനാശമവലോകേഭവാൻവ
ന്നു * ആനന്നാരുനാൾധമ്മഗുപ്തനുമാനസേ വന്നുകൂടീമൃഗയാഭിനി
വേശവും * വേഗമേറീടുംതുരഗംസമാരുഹ്യ വേഗവാൻവേഗമാര
ണ്യമകാവുകൾ * കണ്ടുമൃഗങ്ങളെല്ലാംഹനിച്ചുംകൊണ്ടു കുണ്ഠതയെ
ന്നിയെസഞ്ചരിക്കുംവിധൌ * ഏറ്റുമറിഞ്ഞതിലവാസരംപോയതും
ചേതസ്സിന്നുസാഹസമേറുകയാൽ * സൂര്യനംചെന്നുചരമാച
ലാവുകൾ ശൌര്യശാലീനൃപൻഖിന്നനായീതദാ * അന്ധകാരാവൃ
തമായ്നിതാന്തമന്ധതപൂണ്ടുതുരഗവുംവീണുതേ * സിംഹശാർദ്ദൂ
ലാദിദുഷ്ടമൃഗങ്ങൾ സിംഹനാദംപൂണ്ടുസഞ്ചരിക്കുന്നതും * ഒ
ക്കെയുമോർത്തുഭയപ്പെട്ടുമന്നവൻ വെക്കമൊരുതരുവിന്മേൽക്കരയേ
റി * ജാഗരണംചെയ്തിരിക്കുംദശാന്തരെ വേഗവാനേകഭല്ലൂകനും
ഭീരുവായ് * സിംഹഭയംപൂണ്ടുമണ്ടിവന്നാൻനൃപ സിംഹമിരിക്കും
തരുവിന്മേലേറിനാൻ പിമ്പെതുടർന്നൊരുകേസരിവീരനും വൻപോ
ടുവൃക്ഷമൂലെവസിച്ചീടിനാൻ * വൃക്ഷോപരികരയേറുന്നനേരത്തി
ല്ലൃക്ഷവുംകണ്ടുനരാധിപൻതന്നെയും * ചൊന്നാൻഭയംവേണ്ടമന്ന
വനാമിന്നു നന്നായൊരുമിച്ചിവിടെവാണീടുക * ഉഗ്രസത്വൻ
മഹാകായൻമഹാദംഷ്ട്ര നത്രവൃക്ഷാധോവസിക്കുന്നുസിംഹവും *
ഏതുമപായംനമുക്കില്ലതുകൊണ്ടു ഭീതിയൊഴിഞ്ഞുനാമത്രവാണീടു
ക * അർദ്ധരാത്രത്തോളവുംഭവാൻമന്നവ നിദ്രചെയ്തീടുകവിശ്വസി
ച്ചെന്നെയും * പിന്നെഞാനൊട്ടുകിടന്നുറങ്ങീടുവൻ നന്നായ്...
പാലനംചെയ്കമാംഭവാൻ * ഏവംതമസ്സവുംപോയ്പുലർന്നീടുക
കേവലംസിംഹവുംവാങ്ങുംനിരാശയാ * വിശ്വസിച്ചേവംപറഞ്ഞ
വരുംതദാ നിശ്ചലസ്നേഹമിരുന്നോരനന്തരം * അച്ഛഭല്ലൻതന്നെ
വിശ്വസിച്ചന്നു മച്ചോന്നൃപതിയുംചെറുറങ്ങീടിനാൻ * ചൊ
ല്ലിനാൻകേസരിതാനുമത്തനേര മല്ലേയാഭല്ലൂകനിയൊന്നുകേൾക്കെ
ടൊ * നിന്നാടിനിക്കില്ലവൈരമേതുംചൊറ തിന്നായ്കകൊണ്ടുവി
ശപ്പുള്ളതല്ലയേ * ഒന്നുണ്ടുവന്നുഭവാനിതിനിന്നിഹ മന്നവൻത
ന്നെപ്പിടിച്ചുതള്ളീടുക * എന്നാലവനെയുംതിന്നുഞാൻപൊയ്ക്കൊ
ൾവനൊന്നിനുംനീഭയംതേടൊലാമാനസേ * അപ്പോഴവനോട്ടു
ചൊന്നാൻകരടിയും ശില്പമത്രെനിൻദുരാശാവിലസിതം * കാടകം
പൂമെവനടക്കനിനക്കില്ല ശുദ്ധമാംധർമ്മവിജ്ഞാനംമൃഗാധിപ * വി
ശ്വാസഘാതികളായജനങ്ങൾക്ക ശാശ്വതംപാപമൊഴിപ്പാനെളു
തല്ല * യജ്ഞവ്രതങ്ങളനാരതംചെയ്യുള്ള യത്നത്തിനാലുമൊഴിച്ചുകൂ
ടാദ്ദൃഢം * ബ്രഹ്മഹത്യാദിപാപങ്ങൾക്കുമുണ്ടൊരു നിർമ്മലയായോ

ങ്കിലും * വിശ്വാസവഞ്ചനപാപത്തിന്നില്ലെടോ നി
ഷ്കൃതിയെന്നറിഞ്ഞീടണം * മേരുവെപ്പോലുംമഹാഭാരമെ
ന്നുഞാൻ ഓരോടാകല്ലിപ്പൃതില്ലൊരുനാളുമേ * ഇപ്പാപമത്രെമഹാ
ഭാരമായതു മത്ഭൂതമെന്നറിഞ്ഞീടാംനിനക്കെടോ * ഭല്ലൂകഭാഷിതം
കേട്ടോരുസിംഹവും പല്ലുംകടിച്ചുമിണ്ടാതിരുന്നീടിനാൻ * പിന്നെ
ക്കുറഞ്ഞൊന്നുചെന്നനേരംതദാ മന്നവൻതാനുമുണർന്നൊരനന്ത
രം * ധർമ്മഗുപ്താങ്കേശിരോനിധായക്ഷണം നിർമ്മലനൃക്ഷവുംചൊറ
ങ്ങീടിനാൻ * ഭൂപതിവീരനോടപ്പോഴുരചെയ്തു താപമോടുംഹരി
വീരൻബുഭുക്ഷയാ * കള്ളക്കരടിയെക്കീഴ്പ്പോട്ടുതള്ളുക നല്ലൊരുമാനു
ഷനാഥനല്ലോഭവാൻ * പില്പാടുഞാനതുംതിന്നുപൊയ്ക്കൊള്ളുവ ന
ല്ലേതരംപുണ്യവുംഭവാനുണ്ടാകും * എന്നതുകേട്ടുനൃപതിയുംമോഹേ
ന നിന്ദ്യകർമ്മംചെയ്യുതിന്നൊരുമ്പെട്ടവൻ * തന്റെമടിയിൽകിട
ക്കുംകരടിയെ നിർമ്മലൻകീഴ്പ്പോട്ടുതള്ളിവിട്ടീടിനാൻ * വീഴുന്നനേര
മവനുംവിധിബലാൽ താഴുന്നശാഖയിലൊന്നുലഭിച്ചുതേ * കോപി
ച്ചുടനവിടെന്നുകരയേറി ഭൂപതിതന്നോടുമേവമരുൾചെയ്തു * കേൾ
ക്കനരാധമഞാൻഭൃഗുനന്ദനൻ ഭോഷ്കല്ലകാമരൂപത്തെധരിപ്പവൻ *
ധ്യാനകാഷ്ഠോഹംവിലാസാർത്ഥമായിന്നു ഞാനുമീരൂപംധരിച്ചുനടപ്പ
തും * നിഷ്കന്മഷനായുറങ്ങുമെന്നെഭവാൻ നിഷ്കരുണംവെടിഞ്ഞീടു
കകാരണം * ഉന്മത്തനായിട്ടിനിമേലനാരതം സംമോഹമോടുംനട
ന്നീകശ്മല * എന്നുനൃപനെശ്ശപിച്ചുമുനിവരൻ പിന്നെമൃഗാധി
ൻതന്നോടരുൾചെയ്തു * യക്ഷാധിനാഥൻഭവാൻസിംഹമല്ലെടോ
ക്ഷപമൂലവുംചൊല്ലുവൻകേൾക്കെടോ * പണ്ടൊരുകാലംവധൂ
ഭിസ്സമംഭുവി കുബ്ജനായുന്മദബാണങ്ങളേറ്റ * നീഹാരപർവ്വതദേ
ശേനടന്നുചെ ന്നാഹവംചെയ്തുമദനനോടുംസദാ* അജ്ഞാനവൈ
ഭവാൽമെല്ലെമെല്ലേനട ന്നജ്ഞാനഗൌതമവാസാന്തികംപുക്ക * വ
സ്ത്രംവെടിഞ്ഞുമധുമദോന്മത്തനാ യത്രഭീമാട്ടഹാസേനനടക്കുമ്പോ
ൾ * ദൈവാൽപുറത്തുസമിത്സംഗ്രഹാർത്ഥമാ ശ്രമവലംതാപസൻ
താനുംപുറപ്പെട്ടു * അപ്പോൾഭവന്തമേവംവിധമാലോക്യ കെല്പോടു
കോപിച്ചുശാപമേകീടിനാൻ * കഷ്ടംദുരാചാരനായനിനക്കിന്നു കി
ട്ടുകസിംഹത്വമൊട്ടുമേവൈകാതെ * ഇങ്ങിനെഗൌതമശാപേന
കാനനേ തിങ്ങുംമദംപൂണ്ടുസിംഹമായനഹം * സഞ്ചരിക്കുന്നതും
ഭദ്രയക്ഷോത്തമ കിഞ്ചിൽതവാധുനാമാസ്തുസന്ദേഹവും * അത്ഭുതം
ധർമ്മശീലൻകുബേരൻദ്ധനം തൽഭൃത്യലോകങ്ങൾനിങ്ങളുമവ്വണ്ണം *
ഏതിനായെന്നെഹനിക്കുന്നതുമെടോ കിന്തുതപസ്വിഞാൻകാ
നനേഗോചരൻ* ധ്യാനകാഷ്ഠോദിതമേവംസമാകർണ്യ പീനഭാഗ്യോ
ഷ്മൻഭദ്രനാംയക്ഷനും * കേസരീരൂപമുപേക്ഷിച്ചുതൽക്ഷണേ പ്രേ

ശലാദിവ്യരൂപംധരിച്ചീടിനാൻ * താണുതൊഴുതുമുനിയോടപേക്ഷിപി
ന്നെ വീണുനമസ്കരിച്ചുപുരചെയ്തു * സൎവ്വംമഹാമുനേത്വൽത
പോവൈഭവാൽ പൂൎവ്വവൃത്താന്തമനസ്സ്മൃതമായിതേ * ശാപകാലേ
ഗൌതമനാംമുനിശ്രേഷ്ഠൻ ശാപാന്തവുമരുൾചെയ്തുദയാനിധി *
ജ്ജ്ഞഷസ്വരൂപംധരിച്ചുനടപ്പോരു ശിക്ഷിതബുദ്ധിമാൻധ്യാനകാഷ്ഠൻ
മുനി * നന്ദനോടുതാവകപൂൎവ്വവൃത്തംചൊല്ലു മന്നുനിനക്കുശാപാ
ന്താഭവിച്ചീടും * എന്നരുൾചെയ്തുമഹാമുനീന്ദ്രൻപുന രിന്നതുസ
ത്യമായ്വന്നിതത്യത്ഭുതം * പോകുന്നുഞാനുമളകാപുരംപ്രതി ശോക
മകന്നിനിനിൎക്കൃപാവൈഭവാൽ * ഇത്ഥമോരോന്നുപറഞ്ഞുനമ
സ്കരിച്ചുത്ഥാനവുംചെയ്തുയക്ഷാധിനായകൻ * നല്ലവിമാനമാരു
ഹ്യപോയിടിനാ നല്ലോരുസജ്ജനസംഗഫലമിദം * ധ്യാനകാഷ്ഠൻ
താനുമപ്പോൾസസംഭ്രമം നൂനംതനിക്കൊത്തദിക്കിൽഗമിച്ചതേ *
ധൎമ്മഗുപ്തൻനരനാഥനതുനേരം കൎമ്മദോഷത്തിനാലുന്മത്തനായ്ക്കു
ദാ * ചെന്നുനിജപുരംപുക്കോരനന്തരം വന്നുകണ്ടുമന്ത്രിപൌരജ
നങ്ങളും * ഭ്രാന്തനായിട്ടുവാനെന്തൊരുകാരണ മെന്തുകരണീയമെ
ന്നുമോൎത്തവർ * ഏവരുംകൂടിനിരൂപിച്ചുഭൂപനെ രേവാനദീതടേ
നന്ദാന്തികേചേൎത്തു * വൎത്തമാനങ്ങളുംചൊന്നോരനന്തര മുൾത്താ
പമോടുമത്താതൻനരേശ്വരൻ * നന്ദനനോടുമൊരുമിച്ചുജൈമിനി
തന്നുടെസന്നിധൌചെന്നുചൊല്ലീടിനാൻ * മല്പുത്രനെന്തുകൊ
ണ്ടെന്നറിഞ്ഞീലഞാനിത്തരമുന്മത്തനായിമഹാമുനേ * ഉന്മാദനാ
ശംഭവിപ്പതിനായ്ഭവാൻ സമ്മോദമോടുമുപായമോതീടുക * നന്ദ
നൻതന്നിലെവാത്സല്യകാരണം നന്ദനരചെയ്തതുകേട്ടുജൈമിനി *
ചൊല്ലിനാൻനിന്നുടെനന്ദനൻദുശ്ശീല മല്ലാതമറ്റൊന്നുമില്ലിതിൻ
കാരണം * ധ്യാനകാഷ്ഠൻതന്റെശാപനിമിത്തമായ് നൂനംതവ
സുതനുന്മത്തനായതും * കേട്ടുകൊണ്ടാലുമതിനുണ്ടുപായവും കേട്ടജ
നത്തിനുംപാപംനശിച്ചീടും * ദക്ഷിണാംഭോനിധൌരാമസേതൌ
ശുഭ മോക്ഷദമായുണ്ടൊരുതീൎത്ഥമുത്തമം * നാമധേയംധനുഷ്കോടി
യെന്നാകുന്നു കാമദാംതത്സമാനംതീൎത്ഥമില്ലെടോ * നിന്നുടെപുത്രനെ
യുംതത്രകൊണ്ടുപോയ് ചെന്നുനിമജ്ജനംചെയ്യിക്കഭൂപതേ * തൽ
ക്ഷണമുന്മാദമാകവേപോയിട്ടു ശിക്ഷിതബുദ്ധിമാനായ്വരുംനിൎണ്ണയം *
ഇങ്ങിനെതാപസൻചൊന്നതുകേട്ടോരു മന്നവൻസന്തോഷമോട
ങ്ങുതന്നുടെ * നന്ദനനോടുമൊരുമിച്ചുതൽക്ഷണം ചെന്നുധനുഷ്കോ
ടിയിൽമുഴുകീടിനാൻ * തൽസ്നാനമാത്രേണവിസ്മയമെത്രയും നിഷ്ണാ
നാംധൎമ്മഗുപ്തൻനരേശ്വരൻ * ഉന്മാദശാപത്തെവേർപെട്ടന
ന്തരംസന്മോദവാനായ്ചമഞ്ഞിതുനന്ദനും * അദ്ദിനംതത്രവസി
ച്ചവരൻപോടു വിശേഷശ്രീരാമനാഥനെസ്സേവിച്ചു * പ്രാതരുത്ഥാ

*

പുത്രൻ നോട്ടുടൻ പ്രീതനായ്‌യാത്രയുംചൊല്ലിപ്പുറപ്പെട്ടു * രേവാനദീതടംപ്രാപിച്ചശുദ്ധനാ ശ്ലേവലാദൈന്യതോഴിച്ചുവാണീടിനാൻ * ശ്രീധനുഷ്കോടിപ്രഭാവംനിരൂപിച്ചു ബാധാവിമുക്തനാംധൎമ്മഗുപ്തൻതദാ * രാമനാഥേശപരനായ്ക്കൊണ്ടുവിത്തങ്ങളാമയഹീനംവല്ലാരെനൽകീടിനാൻ * ക്ഷേത്രങ്ങൾധാന്യംധനങ്ങൾപശുക്കളുംമാത്രമല്ലേകിനാൻവിപ്രജനങ്ങൾക്കും * മന്ത്രവിശാരദന്മാരായ്മരുവുന്ന മന്ത്രികളോടുമൊരുമിച്ചുമന്നവൻ * തല്പുരംപുക്കസുഖിച്ചുവാണീടിനാൻ കിമ്പരമത്ഭുതമേതദ്വിശിഷ്ടമായ് * ഉന്മാദവുമപസ്മാരങ്ങളുംതദാ ദുൎമ്മോഹദങ്ങളാംദുഷ്ടഗ്രഹങ്ങളും * എന്നിവദുഷ്കൎമ്മപാകഫലങ്ങളു മൊന്നൊഴിയാതനശിക്കുമസംശയം * ഇങ്ങിനെയുള്ളധനുഷ്കോടിയെവെടി ഞ്ഞങ്ങുതീൎത്ഥാന്തരംതേടുന്നമന്നവൻ * ഹസ്തസ്ഥിതഗോപയസ്സിനെക്കൈവിട്ടു സത്യംസ്നുഹിക്ഷീരമാഗ്രഹിക്കുംദ്ധ്രുവം * നൂനംധനുഷ്കോടിതീൎത്ഥംനിരൂപിച്ചു മാനവനന്യതോയേമുഴുകീടുകിൽ * കില്ലില്ലവൻസത്യലോകമകംപുക്കു നല്ലകൈവല്യമാംഭോഗംലഭിച്ചിടും * ചൊല്ലുവൻസേതുമാഹാത്മ്യമിനിയും ഞാൻ ചൊല്ലുള്ളനിങ്ങളുംകേട്ടുകൊണ്ടീടുവിൻ * ഉണ്ടായിതുബ്രഹ്മദ്യുമ്നനാംമന്നവൻ പണ്ടുഭൂമണ്ഡലംതന്നിൽപ്രസിദ്ധനായ് * ധൎമ്മേണഭൂപരിപാലനംചെയ്യുവൻ നിൎമ്മായമാമ്മാറുകീൎത്തിവളൎത്തിനാൻ * സത്രയാഗംചെയ്യുവനുംജിതശ്രമം വൃത്രാരിയെജ്ജയിച്ചീടിനാനത്ഭുതം * ഭൂപതിക്കന്നുപുരോഹിതനായിട്ടു താപസരൈക്യനെന്നേകൻമഹാമതി * വിദ്വജ്ജനാഗ്രണീയാകുമവൻതനി ക്കദ്ഭുതതപഃഫലംപോലെസുതദ്വയം * ഉണ്ടായതുകണ്ടുരൈക്യനുംമോദേന കൊണ്ടാടുമാറുള്ളനാമമിട്ടീടിനാൻ * അഗ്രജനായതനയൻപരവസു ഉഗ്രതേജസ്വിയാമന്യനൎവ്വാവസു * വേദങ്ങൾശാസ്ത്രങ്ങളെന്നിവയാകവേ ഖേദംവിനാപഠിപ്പിച്ചിതുരൈക്യനും * ശ്രൌതങ്ങളുംതഥാസ്മാൎത്തങ്ങൾകാരണം ജൈമിനിയാദിവൈയാസികംസാംഖ്യവും * ഗൌതമീയംപാണിനീയവുംയോഗവു മാതങ്കഹീനംപഠിച്ചാരിരുവരും * അക്കഥകേട്ടുമോദിച്ചുബ്രഹ്മദ്യുമ്നൻ അക്കാലമാശുയാഗംതുടങ്ങീടിനാൻ * തത്സഹായാൎത്ഥമായ്‌രൈക്യൻനിയോഗിച്ചു വിസ്മിതനായ്നിജനന്ദനന്മാരെയും * ഔൎവ്വാവസുവുംപരവസുവുംതദാ പൎവ്വേന്ദുചന്ദ്രാഭതേജസാചെന്നുടൻ * ഭൂപതിതന്നുടെയാഗശാലാന്തരേ താപമകന്നുവാണീടുംദശാന്തരേ * നൂനംപരവസുഭാൎയ്യയോടും രൈക്യനാനന്ദവാൻനിജഭാൎയ്യയോടുംതദാ * അല്പേതരമാനസന്തോഷമോടുകൊണ്ടു കെല്പോടുമാശ്രമദേശേമരുവിനാർ * താപസപുത്രാവുഭൌഭൂമിപാലകം താപംവിനായാജയാമാസതുശ്ശുഭം * സംഗങ്ങളായുള്ളകൎമ്മങ്ങളിൽതദാ ഭംഗംഭവിച്ചീലൊരേടവുമത്ഭുതം *

അംഗുഷ്ഠമാത്രന്മാരായിട്ടുഴന്നെള്ളി മന്നിലിരിപ്പോരുതാപസലോ
കവും * ഗൌതമൻതാനുംവസിഷ്ഠനുമത്രിയു മാവൃതമാനസൻജാ
ബാലികാശ്യപൻ * ദക്ഷൻക്രതുവുംപുലഹനുംപൌലസ്ത്യ നക്ഷ
ണംനാരദൻതാനുംശതാനന്ദൻ * ഉൽക്കഷ്ടമേറുംമൃകണ്ഡുതനയനു
മക്കഥാകെട്ടവിശ്വാമിത്രനുംതഥാ * കുത്സൻഭൃഗുവുംപരാശരൻവാ
ല്മീകി വിസ്മയംവ്യാസനുംധൌമ്യമുനീന്ദ്രനും * ഇങ്ങിനെയുള്ളമുനി
മാർപലരുമായന്ദുശിഷ്യാദികളോടുമൊരുമിച്ചു * ചെല്ലുന്നതുകണ്ടു
മന്നവൻമോദേന ചൊല്ലേറുമർഘ്യാദികൊണ്ടുപൂജിച്ചുടൻ * യാഗ
ശാലായാമിരുത്തിയഥോചിതം വേഗേനകർമ്മശേഷംതുടങ്ങുംവി
ധൌ * നാനാദിഗന്തരംതന്നിലുംനിന്നിട്ടു നാനാജനങ്ങളുപദാസ
മേതരായ് * രാജസത്രാലോകനാർത്ഥംസമാഗമ്യ പൂജിതന്മാരായിരു
ന്നുയഥോചിതം * വിപ്രജനങ്ങളുംവൈശ്യജനങ്ങളും കെല്പോടുശൂ
ദ്രജനങ്ങളുമൌവർണ്ണം * വന്നുനിറഞ്ഞിതുതല്പരമാകവേ മന്നവൻ
താനുംപ്രസാദിച്ചിതന്നേരം * സത്രകാലവന്നവക്ഷനരാധിപനെ
ത്രയുംവിത്താദിസല്ക്കാരവുംചെയ്തു * ഐക്യതനൂജകൃതങ്ങളാംകർമ്മ
ങ്ങളത്ഭുതാകണ്ടുമോദിച്ചുമുനികളും * കൊണ്ടാടിനാർപണ്ടിവർണ്ണ
മാരുംപുനരുണ്ടായതില്ലെന്നുകല്പിച്ചുസാദരം * ഇങ്ങിനെചെറ്റ
കാലംകഴിഞ്ഞോരുനാളങ്ങുപരവസുതാനുമൊരുദിനം * തന്റെകു
ടുംബകൃത്യംവിചാരിപ്പതിനുണ്ടായകൌതുകമോടുംപുറപ്പെട്ടു * രാ
ത്രൌപതുക്കവേപാകുംദശാന്തരേ ചിത്രംവിധിബലമത്ഭുതമത്ഭു
തം * അന്നുരാത്രൌരൈക്യനാകുംമുനീശ്വരൻ സന്നദ്ധനായ്പുനക്രീ
ഡചെയ്തീടുവാൻ * കൃഷ്ണാജിനംകൊണ്ടുസർവ്വാംഗവുംമൂടി ധൃഷ്ണവാ
യ്ക്കാനനേസഞ്ചരിക്കുംവിധൌ * ദൈവയോഗംകൊണ്ടവിടെപരാ
വസു കേവലമേകനായ്ചെന്നുനടകൊണ്ടു * കാന്താരമദ്ധ്യേപിതാവി
നെക്കണ്ടവൻ ശാന്തമൃഗമെന്നുനിശ്ചയിച്ചീടിനാൻ * നിദ്രാകലു
ഷിതനന്ധതമസ്സിങ്കൽ വിദ്രുതംനേരേവരുംമൃഗത്തെക്കണ്ടു * സം
ഹരിക്കാതെന്നെയെന്നോർത്തവൻതാനു മംഹോനിമിത്തംപ്രഹരമേ
കീടിനാൻ * തല്ലൊന്നുകൊണ്ടന്നേരത്തുവിധിബലാലല്ലലോടുമൃത
നായിതുരൈക്യനും * ചത്തമൃഗമെന്നുറച്ചുപരാവസു ചിത്തംതെ
ളിഞ്ഞുസമീപത്തുചെന്നുടൻ * സൂക്ഷിച്ചുനോക്കുന്നനേരത്തുകാണാ
യി തീക്ഷ്ണപാപംനിജതാതനായിട്ടഹോ * കഷ്ടമപ്പോഴവനുണ്ടായ
സങ്കടമൊട്ടുംപുകഴ്ത്തുവാനാളല്ലനാമെടോ * മോഹിച്ചുഭൂമൌപതി
ച്ചാനതുമല്ല ബാഹുപാദങ്ങളുംതച്ചുകേണീടിനാൻ * ചെറ്റുനേരം
വീണുകേണിട്ടവൻതാനും മുറ്റംപിതാവിൻപരലോകകർമ്മങ്ങൾ * ഒ
ക്കെഴിച്ചുമറച്ചുവൃത്താന്തവും പുക്കാനൃപാധിപസത്രശാലാന്തരം * ത
ന്നുടെസോദരൻതന്നോടുചൊല്ലിനാൻ ധന്യൻജനകൻമരിച്ചോര

വസുമയും * അത്യന്തദുഃഖം കലന്നങ്ങിരുവരും സതാരം തച്ശേഷകൃ
ത്യങ്ങളുംചെയ്തു * പിന്നെപ്പരാവസുചിന്താപരീതനായ് തന്നുടെ
സോദരൻതന്നോടുരചെയ്തു * ഇപ്പോൾബ്രഹ്മഹത്യക്കുമന്നവൻതന്നുടെ
കെല്പേറമൃതമന്ത്രകമ്മങ്ങളെ * മാനേനസംഗ്രഹിപ്പാനുള്ളശക്തി
യോ നൂനംനിനക്കില്ലബാലകനാകയാൽ * ഞാനുമജ്ഞാനവിലസി
താകൊണ്ടുഘോര/പീനമാംപാതകംചെയ്യേൻസഹോദര * ഇപ്പാപ
ശ്ശുദ്ധിവരുത്തുവാനായിട്ടാണ്ടു ശില്പമായ്നിഷ്കൃതിചെയ്കയുമാവശ്യം *
നീയുണ്ടതിന്നൊന്നുചെയ്യേണ്ടുബാലക മായംവിനാവ്രതചര്യ്യാംച
രിക്കേണം * സത്രദൂരേവസിച്ചീടുവനിന്നുഞാ നെത്രയുംശക്തിയേകാ
കിയെന്നാകിലും * ഔവ്വാവസുവുമതുകേട്ടുചൊല്ലിനാൻ സവ്വംഭവാ
നൊത്തവണ്ണമറിഞ്ഞാലും* ചെയ്തുകൊള്ളാംബ്രഹ്മഹത്യാവിശുദ്ധ്യ
ത്ഥ മുത്തമമാംവ്രതംഞാനുമസംശയം * എന്നുപറഞ്ഞവനുഗ്രതപ
സ്സിനായ് ചെന്നുജിതാശ്രമംപുക്കിതൌവ്വാവസു * ഭൂപതിസത്രധു
രന്ധരനായിട്ടു താപമകന്നങ്ങിരുന്നാൻപരാവസു * ദ്വാദശസംവ
ത്സരംപാപശുദ്ധ്യത്ഥ മാദരാൽചെയ്യുവാൻവ്രതങ്ങളെഔവ്വാവസു *
ബ്രഹ്മഹത്യാപാപനിഷ്കൃതിയുംചെയ്തു നിമ്മലനത്രശാലായാംവരു
ന്നേരം * ജ്യേഷ്ഠനുംകണ്ടുനൃപനോടുചൊല്ലിനാൻ ശ്രേഷ്ഠമതേകേൾ
ക്കവെന്നിതൌവ്വാവസു * ബ്രഹ്മഹത്യാപാപമുള്ളോരിവന്തന്നെ നി
മ്മലാത്മൻദൂരമാട്ടിക്കളയേണം * അല്ലായ്കിൽനിഷ്ഫലമായ്വരുംയാഗ
വും ഇല്ലസന്ദേഹംനൃപതിശിഖാമണേ * എന്നതുകേട്ടുനൃപതിയും
വേഗേന തന്നുടെഭൃത്യജനത്തെനിയോഗിച്ചു * ആട്ടിക്കളവാനൊ
രിമ്പെട്ടുനേരത്തു വാട്ടമകന്നവന്താനുമുരചെയ്തു * കേട്ടുകൊണ്ടാലും
പരമാത്ഥമൊക്കവെ കേട്ടാൽകുതൂഹലമുണ്ടിതിന്നെത്രയും * ഞാന
ല്ലതാതനെക്കൊന്നതുമന്നവ നൂനംപരാവസുവെന്നറിഞ്ഞീടണം*
ഞാനുംതദത്ഥമായ്ചെയ്യേൻവ്രതങ്ങളും മാനവവീരപെരുതായകാ
ലങ്ങൾ * പിന്നെയുംരാജാപരാവസുവാക്കിനാൽ ധന്യനൌവ്വാവ
സുതന്നെവെടിഞ്ഞുതേ * ബ്രാഹ്മണരാലുംനിരാകൃതനായുടൻ ക
മ്മദോഷമെന്നോച്ചവനുംതദാ * ദേവാധിപത്യംതടവുംജനത്തിനു
മാവതല്ലാതതപസ്സുതുടങ്ങിനാൻ * ആദിതേയന്മാക്കമാദിമാനായിട്ടു
മാദിത്യദേവനെച്ചിന്തിച്ചുസാദരം * നീഹാരവഷാതപങ്ങൾസഹി
ച്ചുകൊണ്ടാഹാരഹീനംതപസ്സുചെയ്യുംവിധൌ * കമ്മസാക്ഷീദേവ
താഗ്രണീഭാസ്കരൻ നിമ്മലമേതൽതപസ്സുകണ്ടത്ഭുതം * ഇന്ദ്രാദിദേ
വവൃന്ദത്തോടൊരുമിച്ചു സുന്ദരാത്മാതല്പരസ്സാലെഴുന്നെള്ളി * അം
ശുമാൻതന്തിരുമുൻപിൽനിന്നിന്ദ്രനു മാശയമൌവ്വാവസുവോടുര
ചെയ്തു * ബ്രഹ്മചയ്യേണശ്രുതനാംപദാദിനാ നിമ്മലാനന്ദേനനി
ൻതപാനിഷ്ഠയാ * ഇന്നുനിന്നോളംമഹത്തരനായിട്ടു മന്നിടത്ത

ന്നിലില്ലാരുമറികനീ * താപസലോകനിരാകൃതനായിട്ടു താപംമന
സിഭവിച്ചതുമില്ലതേ * നിന്നഗ്രജൻപൊയ്യുരചെയ്തതുകൊണ്ടു നി
ന്നുള്ളിലീൎഷ്യയുമുണ്ടായതുമില്ല * സൎവ്വമേതന്നിരൂപിച്ചുകണ്ടോളവു
മൌൎവ്വാവസോഭവാൻധീരലോകാഗ്രണി * ഇല്ലൊരുദോഷംനിനക്കി
ന്നതുമല്ല ചൊല്ലാംപരാവസുപാപികൾക്കഗ്രജൻ * ആദിത്യദേവ
നുമപ്പോളരുൾചെയ്തു മോചിച്ചുഞാൻനിൻതപോബലംകൊണ്ടാകയാ
ൽ * വേണ്ടുംവരംവരിച്ചാലുംമഹാമതേ വേണ്ടാമനോവിഷാദംചെ
റെമേതവ * ഔൎവ്വാവസുവുമതുകേട്ടുരചെയ്തു സൎവ്വംഭഗവൽകൃപാവ
ശംദൈവമേ * സത്യമെങ്കൽപ്രസാദിച്ചുഭവാനെങ്കിലുത്ഥിതനാക
ണമെന്താതനീശ്വര * കൊന്നതുംചത്തതുമൊന്നുമറിയരു തെന്നു
ടെതാതനിതുവരിച്ചേനഹം * താതനുണ്ടാകുംനിനക്കഹോബാലക
മോദാൽവരംവരിച്ചാലുമിനിയുംനീ * പിന്നെയുമപ്പോൾവരംവരി
ച്ചീടിനാൻ ധന്യനൌൎവ്വാവസുവിദ്വജ്ജനാഗ്രണി * മാമകഭ്രാതാവി
നുള്ളോരുപാപങ്ങൾ നാമപേക്ഷിക്കുന്നുപോകേണമാകവേ * ഒന്ന
തിന്നായിട്ടനുഗ്രഹിച്ചീടേണ മിന്നുഭവാന്മാർകൃപാശീലരാകയാൽ *
തദ്വാക്യമേവംനിശമ്യദേവന്മാരും തദ്ദശായാമവൻതന്നോടുചൊല്ലി
നാർ * കഷ്ടംപരാവസുതന്നുടെപാപങ്ങ ളൊട്ടുമെളുതല്ലിതിനില്ല
നിഷ്കൃതി * വിപ്രൻവിശേഷിച്ചുതാതനവൻതന്നെ നിസ്ത്രപംകൊ
ന്നൊരുപാപിപരാവസു * എന്തുചെയ്താലുമവൻപാപശാന്തിക്കു
ചിന്തിച്ചുകണ്ടാലുപായമല്ലേതുമേ * ദുഃഖവുംപൂണ്ടതുനേരമൌൎവ്വാവ
സു ചിക്കെന്നുദേവതമാരോടുചൊല്ലിനാൻ * ജ്യേഷ്ഠനറിഞ്ഞല്ലപാത
കംചെയ്തതും കേട്ടാലുമജ്ഞാനസംഭവംനിൎണ്ണയം * നിങ്ങൾക്കുകാരു
ണ്യമുണ്ടെന്നുവന്നാകി ലങ്ങുണ്ടുപാപശാന്തിക്കുള്ളുപായവും * തൽ
ഭാഷിതംകേട്ടുദേവതാലോകവു മത്ഭുതംചിന്തിച്ചവനോടരുൾചെയ്തു *
അതല്ലുണ്ടാകരുതേതുംനിനക്കെടോ ചിത്തംതെളിഞ്ഞുകേട്ടാലുമു
പായവും * ദക്ഷിണാംഭോനിധൌരാമസേതൌശുഭേ ശിക്ഷിതവൈ
ഭവമായുണ്ടൊരുതീൎത്ഥം * നാമധേയംധനുഷ്കോടിയെന്നാകുന്നു കാ
മിതദായകംമോക്ഷൈകകാരണം * ബ്രഹ്മഹത്യാസുരാപാനാദിനാ
ശനം നിൎമ്മലാപാപകാന്താരദാവാനലം * ദുസ്സ്വപ്നനാശനംപുണ്യ
സംവൎദ്ധനം തൽസമംതീൎത്ഥംജഗത്തിങ്കലില്ലെടോ * തത്രപോയ്മജ്ജ
നംചെയ്കിൽപരാവസു നിസ്തീൎണ്ണപാപനായ്വന്നുകൂടുംദ്രുതം * ഏ
വമരുൾചെയ്തുപോയ്മറഞ്ഞുതദാ ദേവതാലോകവുമാദിത്യദേവനും *
ഔൎവ്വാവസുവുമാദിത്യസംഭാഷണം സൎവ്വംധരിച്ചുനിജഗ്രഹംപ്രാപി
ച്ചു * ജ്യേഷ്ഠനോടുമൊരുമിച്ചുചെന്നാശുസാ ശ്രേഷ്ഠധനുഷ്കോടിതീ
ൎത്ഥമാകംപുക്കു * സങ്കല്പപൂൎവ്വകംതത്രമുങ്ങീടിനാർ സങ്കടശാന്ത്യൎത്ഥ
മായിട്ടിരുവരും * പൊങ്ങുന്നനേരത്തശരീരിവാണിയും മംഗലവാ

ക്യമങ്ങൾചെയ്തു സാദരം * പോയ്മറഞ്ഞു തവ പാതകമാകവെ പൊയ്യല്ലുകേൾക്കപൈരാവസോംബാലക * അപ്പോളതുകേട്ടുസന്തോഷപൂൎവ്വകം കെല്പോടവനും നമസ്കരിച്ചീടിനാൻ * പിന്നെസഭക്തികം രാമനാഥേശ്വരം നന്നായ്വണങ്ങിത്തൊഴുതുവിനീതനായ് * സോദരനോടുമൊരുമിച്ചുവേഗേന സാദരംതന്നാശ്രമത്തിലകംപുക്കു * അത്ഭുതമെന്നെപറയാവിതെത്രയു മപ്പോൾജനകനെത്തത്രകണ്ടീടിനാർ * ബാലകന്മാരുംനമസ്കരിച്ചീടിനാ രോലോലവീഴുന്നബാഷ്പജലത്തോടും * രൈക്യനുമാലിംഗനംചെയ്തവരോടു മത്ഭുതംതത്രസുഖിച്ചുവാണീടിനാർ * സൎവ്വജനങ്ങളുമന്നുതൊട്ടൂഴിയിൽ നിൎവ്വൈരമേനമംഗീകരിച്ചീടിനാർ * ഇങ്ങിനെയുള്ളധനുഷ്കോടിവൈഭവ മെങ്ങിനെ ഞാൻപുകഴ്ത്തീടുന്നതുമഹോ * ഭക്തിയോടിക്കഥകേൾക്കുംജനത്തിനും വെക്കംമഹാപാപമൊക്കെനശിച്ചിടും * സത്യമത്രെഞാൻപറഞ്ഞതുമാമുനി സത്തമന്മാരേപുനസ്സത്യമുച്യതേ *

ശ്രീ സേതുമാഹാത്മ്യേ സാദ്ധ്യകണ്ഡം സമാപ്തം.

## കല്യാണകാണ്ഡം.

പരമഗുണപരമനിധിസേതുതൻവൈഭവം പാപവിനാശനം മോക്ഷൈകകാരണം * നിശമയതനിശമയതകഥകളിനിയുംനിങ്ങൾ നീതിമാന്മാരേമുനിനായകന്മാരേ * ഒരുവിപിനനികടമതിലേകൻപ്ലവംഗമ നോടിക്കുതിച്ചുചാടിച്ചരിക്കുന്നവൻ * തരുമുകളിലിരവുപകൽമേളിച്ചിരിപ്പവൻ താല്പൎയ്യവാൻപൂൎവ്വജന്മവൃത്തങ്ങളിൽ * ജനിതരസമവനവിടെയൊരുസഖിയുമുണ്ടായി ജാത്യാസഗോമായുചിത്രംവിധിമതം * അറിവവനുമകതളിരിലുണ്ടഹോപണ്ടുതാ നാചരിച്ചോരുകൎമ്മങ്ങളെപ്പേരുമേ * മനുജജനിയതിലുമവർസഖികളധികംപുരാ മറ്റജന്മാന്തരന്തന്നിലുമവ്വണ്ണം * മധുരതരഹൃദയമൊട്ടുമവരിരുവരുംതത്ര മാനേനമോദിച്ചിരിക്കുംദശാന്തരേ * കപിവരനുമതിമുദിതമുടനഥചിതാവനെ കാത്തിരിക്കുംസൃഗാലത്തോടു ചൊല്ലിനാൻ * വദസകലമയിമമസഖേപൂൎവ്വജന്മസു വാചാമഗോചരംകിംപതകംകൃതം * കുതുകമിദമധികമപിയദ്വശാത്സൎവ്വദാ കുത്സിതമേവംശവംഭുജിക്കുന്നതും * കപിഗദിതമിതിവചനമാകൎണ്ണ്യ ഗോമായു കാൎപ്പണ്യഭാവമോടേവമുരചെയ്തു * ശൃണുമമപുരാതനംവൎത്തമാനംതവ ശുശ്രൂഷയുണ്ടെങ്കിലൊട്ടുചൊല്ലീടുവൻ * പ്ലവഗവര പുനരഹമഹോപുരാജന്മനി പ്രഖ്യാതനാംദ്വിജശ്രേഷ്ഠൻമഹാമതി * ശ്രുതിസലിലനിധിദേവശൎമ്മേതിനാമമേ ശുദ്ധനദ്വൈതവിജ്ഞാനിദയാപരൻ * അനുദിനവുമഹമയിവിശുദ്ധജനത്തിനായത്യന്തമാളുംധനംകൊടുത്തീടിനേൻ * ഒരുദിവസമൊരുധരണിസുരനകിഞ്ചി

നമോൎത്തു ഞാൻമുന്നംതരാമെന്നുരചെയ്തു* അതിനുകഴിവതിന്നപര
മതിനുവിഞ്ഞാശതന്നഗ്രിമകാരണമുണ്ടായതുമില്ല* തദുപഹിതദുരിത
ഗതികൊണ്ടു ഞാനുംകപേ താല്പൎയ്യമോടുംസൃഗാലജന്മംപൂണ്ടു * ശവ
നികരമനുദിവസമാസ്വദിച്ചിങ്ങിനെ സങ്കടമോടുഞാൻസഞ്ചരി
ച്ചീടുന്നു * ബഹുദുരിതമിതിലധികമിഹനഹിതതോമമ ബാധാസൃ
ഗാലജന്മാദികണ്ടീലയോ * ഒരുധരണിസുരനുപുനരൊന്നുനൽകീ
ടുവാനോൎത്തുരചെയ്തുവഞ്ചിപ്പോരുപൂരുഷൻ * നിജസുകൃതമഖി
ലമപിപത്തുജന്മങ്ങളിൽ നീതിയോടാൎജ്ജിച്ചതെല്ലാമുപേക്ഷിച്ചു *
വനഭുവിസൃഗാലയോനൌജനിച്ചുനാഹം വാചാമഗോചരദുഃഖം
ഭുജിച്ചിടും * കലുഷമിതിനനവരതമശ്വമേധാദിയാം കൎമ്മങ്ങളാലു
മില്ലൊന്നുംപ്രതിക്രിയ * അറിവുചെറുതകതളിരിലൊരുവനുണ്ടെ
ന്നാകിലാൎക്കുംപ്രതിശ്രുത്യവഞ്ചനംചെയ്യൊല്ലാ * ഫലമതിനുവ
രുവതുമിതെന്നറിഞ്ഞീടണം പാപങ്ങളിൽപരമുത്തമംകേളിദം *
നിജചരിതമഖിലമപികപിയൊടുരചെയ്തുടൻ നിസ്പൃഹംവാനരൻ
തന്നോടുചോദിച്ചു * നിഖിലഗുണഗണനിലയചൊൽകെടോവാ
നര നീയെന്തുമൂലംകപിയായ്ചമഞ്ഞതും * കുതുകമിഹമനസിമമ
പെരികെവളരുന്നുതേ കുത്സിതമെങ്കിലുംചൊൽകനിൻപാതകം *
അതുപൊഴുതുകപിവരനുമോൎത്തുചൊല്ലീടിനാ നത്ഭുതംമല്ലാവ
വൈഭവമെത്രയും * ശൃണുമമഗിരംസഖേപൂൎവ്വജന്മന്യഹം ശുദ്ധ
ദ്വിജൻവേദനാഥനെന്നാഖ്യമേ * മമജനകനതിസുമതിവിശ്വനാ
ഥാഭിധൻ മാതാമദീയാകമലാലയാഭിധാ * നിശമയസഖിതന്മു
ണ്ടെന്നുംനമുക്കെടൊ നിത്യവുംനാമൊരുമിച്ചുവാണുസുഖം* നിഖി
ലമിദമയിബതമാന്നിതോമാനസേ നിന്നുടെകുററമല്ലേതുമേഗോമാ
യൊ * ബഹുതരതപസ്സുകൊണ്ടന്നുസേവിച്ചുഞാൻ ബഹ്വാദരം
പാൎവ്വതീകാന്തമവ്യയം * ജനിമരണഭയഹരണനിപുണചരണാം
ബുജൻ ജന്മാദിഹീനനിനിക്കന്നുശങ്കരൻ * ബഹുതരഭവൌഘ
വിജ്ഞാനമേകീടിനാൻ വാത്സല്യമോടുമിനിക്കതുകാരണം * പരമ
പരമയിപെരുതതീവവിജ്ഞാനവും ഭാവിവൃത്താന്തവിജ്ഞാനവുമു
ണ്ടെടൊ * ദുരിതഗതിവിലസിതവുമറിയരുതിതാൎക്കുമേ ദൂരദൎശിത്വ
മുണ്ടെന്നാകിലുംമമ * ഒരുധരണിസുരവരഗൃഹാന്നല്പശാകങ്ങളൊ
ട്ടുരാത്രൌഞാനപഹരിച്ചീടിനേൻ * അതിനുസമുചിതഫലമിതെ
ന്നുദൈവംപുനരാസ്ഥയാവാനരത്വംവിധിച്ചുമമ * ഒരുവനൊരു
പൊഴുതൊരുജന്മങ്ങളിൽപ്പോലു മോൎത്തുവിപ്രസ്വമപഹരിച്ചീടൊ
ലാ* അതിനുഫലമനുപമിതനരകമതുനിൎണ്ണയം ആരുംതുനിഞ്ഞീട
രുതിതിനായഹോ* മൃതികരണനിപുണതരമായകാകോളവും മൃത്യുദം
പീതമായാലൊരുത്തന്നെടോ * ധരണിസുരനുടയതൊരുവിത്തംഹ

രിച്ചവൻ തന്നെയുംതൽകുലത്തെയുംദഹിച്ചിടും * ഭുവിദുരിതമൊ
ന്നു വിപ്രസ്വഹരണമാം ഭൂരിപാപത്തിനുതുല്യമല്ലോർക്കിലൊ * അവ
നിസുരകുലമഹിമയെപ്പുകഴ്ത്തീടുവാ നാരുമാളല്ലെടോനാമെന്തു
ചൊല്ലുന്നു* ശ്രുതിവികലനനവധിദരിദ്രനെന്നാകിലും ശുദ്ധന
ല്ലെങ്കിലുംബാലനെന്നാകിലും * അരുതരുതൊരവമതിമഹീദേവത
മാരിലഗ്നിക്കുതുല്യമവരില്ലസംശയം * ഇദമഖിലമപിവിദിതമെന്നു
വന്നാകിലു മിങ്ങില്ലവമ്പാപശാന്ത്യുപായജ്ഞതാനം* ഒരുപുരുഷനി
തിനൊരുപദേശമോതീടുവാ നോർത്താലൊരേടത്തുമില്ലനമുക്കെടോ*
സകലമിതിനിജദുരിതവൈഭവംചൊല്ലിയും സാകംകപിസൃഗാല
ന്മാർവസിക്കുമ്പോൾ * കമലദലലോചനാനുഗ്രഹംമൂലമാ യ്ത്തെ
ല്ലോടവിടങ്ങുവന്നാനൊരുമുനി * അവനുസിന്ധുദപിപനിതിപുനര
ഭിഖ്യയു മാദിത്യതുല്യതേജസ്വീമഹാമതി * ഭസിതപരിധൂളിതാകാ
രൻത്രിപുണ്ഡ്രവാൻ ഭക്തോത്തമൻശൈവനാമാനികീർത്തിവാൻ *
അതുപൊഴുതിലവരുമഥമുനിവരപദാംബുജ മാസ്ഥയാകൂപ്പിത്തൊ
ഴുതുചൊല്ലീടിനാർ * മുനിതിലകനിശമയകൃപാവാരിധേഞങ്ങൾ മൂ
ന്നുംമഹാപാപമോരോന്നുചെയ്കയാൽ * വിപിനഭുവിവിവശതകല
ന്നുദുഷ്ടയോനിയിൽ വീതസൌഖ്യംജനിച്ചിങ്ങിനെകേഴുന്നു* ഇതിനു
പരമവസിതിവരുത്തീടുവാൻഭവാ നിന്നുകാരുണ്യമുണ്ടാകേണമേ
വിഭോ * അതിമധുരഗുണനിധികൾസാധുക്കളായവ ർക്കാതുരരക്ഷ
ണംശീലമത്രെദൃഢം * മുനിവരനുമവരുടയവാക്കുകേട്ടഞ്ജസാ മൂക
ഭാവംപൂണ്ടുചൊറനിരൂപിച്ചു * പരമപരമുപദേശമൊന്നുകല്പിച്ചു
ടൻ പാരംചിരിച്ചവരോടരുളിച്ചെയ്തു * അറിയരുതുദുരിതഗതിവി
ലസിതമിതാർക്കുമേ ആരാഞ്ഞറിഞ്ഞേനവസ്ഥതൊനൊക്കവെ * അ
തികപടമിയലിനസൃഗാലമുന്നംനീയു മത്ഭുതംദേവശർമ്മാഖ്യനാം
ബ്രാഹ്മണൻ * ഒരുധരണിസുരനുപുനരാഢകംധാന്യവു മദ്ര്യമതം
പ്രതിജ്ഞാതംതവയാപുരാ * അതിനുപരമവനിസുരവഞ്ചനംചെയ്തു
നീ ആയതുമൂലംസൃഗാലനായിഭവാൻ * കപിവരഭവാൻപുരാദേ
വനാഥാഭിധൻ കശ്ചിൽദ്വിജൻവേദപാരഗൻനിർമ്മലൻ * അതി
ദുരിതമൊരുനിശയിലന്നുനീയുംബലാ ലന്യായമായ്ദ്വിപ്രശാകങ്ങൾ
മോഷ്ടിച്ചു*തദുചിതഫലംദൈവകല്പിതംനിർണ്ണയം താവകംവാനര
ജന്മമറികനീ* ദുരിതമിതിനവസിതിവരുത്തുവാൻനിങ്ങൾക്കു ദുഷ്കര
മല്ലഞാൻചൊല്ലാമുപായവും * അപരമിതിദുരിതമതിവേഗമത്തീടു
വാ നങ്ങുണ്ടുദക്ഷിണാംഭോനിധൌപാവനേ * രഘുതിലകകല്പിതേ
സേതൌവിമുക്തിദം രമ്യംധനുഷ്കോടിതീർത്ഥംമനോഹരം * തവരിത
മതിലൊരുദിവസമങ്ങുമുങ്ങീടുകിൽ തീർണ്ണമാംദുഷ്കർമ്മസാഗരംനിർണ്ണ
യം* അതികുതുകമിദമപിപുരാതനംവൃത്താന്ത മാത്മവാന്മാരേധരി

ച്ചുകേട്ടീടുവിൻ * ഒരുശബരതരുണിയിലതീവസംരക്തനാ യുണ്ടാ
യ്പണ്ടൊരുഭൂസുരൻകശ്മലൻ * അനുദിവസമനവധികമദ്യപാ
നംചെയ്തു മാർജ്ജിച്ചുകൊണ്ടാനനേകംമഹാപാപം * പരിചിനൊ
ടുപരഗതിയവനുംപോലുംവന്നു പാർത്ഥതത്രധനുഷ്കോടിവൈഭ
വം * മുനിതിലകഗിരമിതിനിശമ്യഗോമായുവും മുഷ്കരവാനരൻതാ
നമുരചെയ്തു * ചെറുതുപുനരിവതിനുകഥകളരുളിച്ചെയ്ക ചൊ
ൽകൊണ്ടകാരുണ്യവാരാന്നിധേമുനേ * കൃശമയരുതരിനഗിരിസ
ത്തീർത്ഥവൈഭവം കേട്ടാലുമുണ്ടാംദുരിതവിനാശനം * കഥസരസ
മവരോടുമുനീന്ദ്രനുംചൊല്ലിനാനത്ഭുതമെങ്കിലൊകേട്ടാലുമക്കഥ *
ഭുവനതലമതിലധികമഴകുപെരുതായൊരു ഭൂരിപുണ്യംമഹാരാഷ്ട്രദേ
ശംതന്നിൽ * സകലഗുണസലിലനിധിയജ്ഞദേവാഖ്യനായ് സാ
രനായിട്ടൊരുവിപ്രനുണ്ടായ്വന്നു * ഒരുതനയനവനുമുളവായിവന്നു
ചിരം ഒട്ടല്ലവൻദുരാചാരംനിരൂപിച്ചാൽ * നലമുടയധർമ്മവിദ്വേഷ
ഷീമഹാശഠൻ നാമമവനുസുമതിയെന്നാകുന്നു * ധരണിസുരനവ
നതരുണതമാളുംവിധൌ താല്പര്യമോടുചെയ്യിച്ചുവിവാഹവും * അ
ഭിനവശ്രൌതാദികർമ്മങ്ങൾചെയ്യുതി നാശപസിച്ചങ്ങുപദേശിച്ചി
രിക്കവെ * കഠിനതരദുരിതബലവാസനകൊണ്ടവൻ കഷ്ടംവിട
നായ്ചമഞ്ഞുമഹാഖലൻ * ജനകനെയുമൊരുദിവസമത്രസമയ
മങ്ങഥ ജന്മനാദുഷ്ടൻവെടിഞ്ഞുപോയീടിനാൻ * ഖലമനുജബ
ഹുലമാംമുഷ്കലപ്രാപിച്ചു കാട്ടിനാൻതന്നുടെഗോഷ്ഠിപടുതരവും *
തദനുപുനരവിടെയൊരുശബരതരുണീഗൃഹേ താല്പര്യമോടവൻപു
കളമദാന്ധനായ് * തരുണജനമോഹിനീകാഞ്ചിൽകിരാതീഞ്ച തത്ര
കണ്ടത്രയുംമാരമാൽപൂണ്ടവൻ * പലമൊഴികളവളോടുരചെയ്തു
തിനേരമെ പാഷണ്ഡിയാമവൾസമ്മതിച്ചീലഹോ * ചെറുതുധ
നമത്രകൊണ്ടനിതെന്നാകിലും ചോരംമടിയില്ലെനിക്കിതെന്നാള
വൾ * അഥസുമതിശബരതരുണീയന്ത്രതോത്സവ മാത്മനാചിന്തി
ച്ചുചിന്തിച്ചനാരതം * തദനുപുനരങ്ങുമിങ്ങുംചെന്നുരാത്രിയിൽ ത
സ്കരിച്ചീടിനാൻദ്രവ്യമനന്തമായ് * സകലമവൾസന്നിധൌകൊ
ണ്ടുചെന്നാനവൻ സാദരമംഗീകരിച്ചുകിരാതിയും * തദനുശഠന
വനതിചിരന്തയാമേളിച്ചു താല്പര്യമോടുകാമോന്മാദവുംപൂണ്ടു * അ
ശനശയനാദിസർവ്വംതത്രചെയ്തവൻ ആത്തുസുരാപാനവുംചെയ്തു
ദുർമ്മതി * ബഹുദിനമെന്നതയാസാർദ്ധമേവംതത്ര ബഹ്വാഗ്രഹംവ
സിച്ചീടുംദശാന്തരെ * ഒരുദിവസമനവധികിരാതസംഘത്തൊടു
മൊന്നിച്ചുരാത്രിയിൽതസ്കരിച്ചീടുവാൻ * പലദിശിനടന്നുപോയ്
ലാടദേശാവുകളെ പാരാതെകസ്യചിദ്വിപ്രസ്യമന്ദിരേ * കരഭുവിക
രാളമാംഖഡ്ഗംധരിച്ചുടൻ കശ്മലൻചെന്നുധനംതിരഞ്ഞീടുമ്പോ

ൾ * ഗൃഹപതിയുമനവധിശ്ശുചാരോദനംചെയ്തു ഗൃഹ്യശീലനത്തു
നേരംസുമതിയും * ശിഖയിലഥഝടിതിചുററിപ്പിടിമൈത്രയും ശീ
ഘ്രംകഴുത്തറുത്തുമഹാപാതകി * അനവധിധനങ്ങളുംകൈക്കൊ
ണ്ടുപോന്നുട നാനന്ദമോടുംകിരാതീഗൃഹംപുക്കു * അത്തുപൊഴരി
ലധികതരഭീഷണാരാവമോ ടാകാശതുല്യശരീരവുംകൈക്കൊണ്ടു *
നിഖിലമപിഭൂതലംകമ്പയന്തീഭൃശം നീലവസ്ത്രാഞ്ചിതസംരക്തമൂർദ്ധ
ജം * അപരിമിതഭയജനിതവിപ്രഹത്യാപാപ മാശ്ശുപിന്നാലെത്തു
ടർന്നുടുത്തുബലാൽ * അഥകുമതിസുമതിയത്തുകണ്ടുപേടിച്ചുട നങ്ങോ
ട്ടുമിങ്ങോട്ടുമോടിത്തുടങ്ങിനാൻ * അവനെവിടെയടനമത്തുതടവുമ
വിടെകളുടെ ആടലൊഴിഞ്ഞുടുത്തുവിപ്രഹത്യയും * ഭുവനതലമഖി
ലമപിപാഞ്ഞുനടന്നവൻ ഭൂയോനിജഗ്രാമമാശ്ശുപൂകീടിനാൻ * നി
ജഭവനവിവരഭുവിചെന്നുപുക്കഞ്ജസാ നീചധീമാനവൻകണ്ടാൻ
ജനകനെ * വിരവിനൊടുനികടഭുവിചെന്നുടുത്തുതദാ വീതശങ്കം
ബ്രഹ്മഹത്യാഭയങ്കരീ * തദനുബതസുമതിബഹുഭയജനിതമായോരു
തദ്രൂപമാലോക്യതാതനോടോതിനാൻ * ഇവളുമൊരുരജനിചരികി
മപിമൂലംവിനാ ഇന്നുമാംകൊല്ലുവാനായ്തുനിഞ്ഞീടുന്നു * അയിജ
നകഭവതുതവകരുണമയിസാമ്പ്രതം ആപത്തൊഴിച്ചാശ്ശുപാലിച്ചു
കൊൾകമാം * നിജതനയഗദിതമിതിസകലമപികേട്ടുടൻ നീതിമാ
ൻതാതൻപുത്രനോടോതിനാൻ * അരുതരുതുതനയമമചരിതത
വിശേഷിച്ചു മാതുരപാലകൻഞാനെന്നറികനീ * അവനിസുര
ഹനനഭവകൃത്യയുംസാടോപ മന്നേരമദ്ധരാദേവനോടോതിനാൾ *
അരുതരുതുതനയനിതികരുണതവപാപിയാ മാചാരഹീനനായീട്ടു
മിവൻതന്നിൽ * അനവരതമിവനൊരുകിരാതിയോടൊന്നിച്ചു ആ
സ്വാദിച്ചുമദ്യവുംതദീയന്നവും * പലലതതികളുമഥഭുജിച്ചുടൻമോ
ഷ്ടിച്ചു പാതകംബ്രഹ്മഹത്യാംചെയ്തുദുർമ്മതി * ഇവനെയിത്തുപൊഴുതി
ലുപജീവനംചെയ്യതി നിന്നുഞാൻസന്നദ്ധയായ്നടക്കുന്നതും * ഭ
വതിയദിഭവതികൃപന്തുനമസ്തിൻജനേ ഭാഗ്യംഭവാനെയുംഞാൻഭു
ജിച്ചീടുവൻ * അതിദുരിതനികരകൃതമേനംഗ്രഹിച്ചുനീ ആത്മവംശം
മുടിക്കൊല്ലാധരാസുര * അഥധരണിസുരഹനനജനിതകൃത്യാവാച
മാകർണ്യഭൂസുരൻതാനുമുരചെയ്തു * ഇവനൊരുവനിഹതനയനായ്ജ
നിച്ചുനമ്മ കൈങ്ങിനെതല്പരിത്യാഗംകരോമിഞാൻ * അവനിസുതനി
ലുമതിരുഷാവിപ്രഹത്യയു മാശ്ശുപല്ലുംകടിച്ചൊന്നുചൊല്ലീടിനാൾ *
ബഹുദുരിതഗണനിലയമത്രേതവാത്മജൻ ബാഹ്യൻധരാദേവവ
ർണ്ണാശ്രമങ്ങളിൽ * ഇവനുടെ ചിലോകനംകൊണ്ടുംജനങ്ങൾക്കു മീഷ
ലില്ലേതുംമഹാപാപമുണ്ടാകും * സുജനസമുചിതമിതിവചോനിശമ്യാ
ശ്ശുസാ സൂരിയാംയജ്ഞദേവൻകണ്ടിരിക്കവെ * ഇടിനിനാദമെടിമപെ

ട്ടമുള്ളവുകൊട്ടുതായുടെ നിടേറമാറൊന്നടിച്ചുനിജാത്മജം * ഇടരിനുടെ
പട്ടതായൊട്ടുമുടനവനുമനന്തരം ഇരുതാപേനകരഞ്ഞുതുടങ്ങിനാൻ*
തനയനുടെപരവശതകണ്ടുജനകനും താപമുൾക്കൊണ്ടുമാതാവുംദ
യിതയും * അതികരുണതരമഥവിലാപംതുടങ്ങിനാ രന്നേരമീശ്വരാ
നുഗ്രഹംമൂലമായ്* പരമകരുണാരാശിശങ്കരാംശോത്ഭവൻ പാതിവ്ര
ഹാരിദുർവ്വാസാമുനീശ്വരൻ * ത്വരിതതരമവിടെയെഴുന്നെള്ളിവിധി
വശാൽ സ്തോത്രംതുടങ്ങിനാൻഭൂദേവനുംതദാ* സകലഗുണഗണനി
ലയമുനിജനശിഖാമണേ സാരസജാതാംഭോനിധേരുദ്രനന്ദന * മമ
തനയനമിതദുരിതാബ്ധൌനിമഗ്നനായ് മുറരംമഹാജനദ്രോഹംസമാ
ത്തനാൽ * അതിസുചിരനരകഫലദംസുരാപാനവു മാചരിച്ചീടി
നാൻദുസ്സംഗകാരണം * കലുഷമതിനുപരിപരമവനിസുരഹത്യയും
കഷ്ടാദുരാചാരനാകയാൽചെയ്തുപോൽ * അതിനിവനെവിരവി
നൊടുസംഹരിച്ചിട്ടുവാ നാത്തഃകോപംവന്നട്ടത്തിതുകൃത്യയും * ഇതി
നുകനിവരുളുകമഹാമുനേനന്ദനനേകനിനിക്കിവനെന്നുമറിയണം*
ഇവനുമൃതിവരുമളവുമാമകവംശവു മിന്നുനശിച്ചുമുനികുലനായക *
ഇതിധരണിസുരമൊഴികൾകേട്ടുദുർവ്വാസസ്സു മീർഷ്യാവിഹീനമവനോ
ടരുൾചെയ്തു * പെരുതുതവതനയനുടെദുരിതബലമോർക്കിലോ പേ
ർത്തു ചൊല്ലാമതിനില്ലെടോനിഷ്കൃതി * ഭവതുപുനരപിബതതഥാപി
ചൊല്ലീടുവൻ ഭാഗ്യമൂലംതിരിക്കാവതില്ലാക്കമേ * രണിതബലമിയ
ലിനൊരുദക്ഷിണാംഭോനിധൌ രാമസേതൌധനുഷ്കോടിയെന്നു
ണ്ടെടോ * അതിലുഴറിമുഴുകുകിലഘോരനിൻതനൂജനു മാത്തപാപങ്ങ
ളെല്ലാംനശിക്കുംദൃഢം* ബഹുദുരിതബലമുടയദുർവ്വിനീതൻപണ്ടുബ
ദ്ധാദരംതത്രമജ്ജനംചെയ്കയാൽ* ഗുരുവരവരാംഗനാസംഗമംകൊ
ണ്ടുള്ള ഗൂഢപാപങ്ങളിൽനിന്നുവിമുക്തനായ് * മുനിഗദിതമിതിവ
ചനമാകർണ്യവിപ്രനും മുദാഹാസാഞ്ചിതമേവമുരചെയ്തു * അധിക
തരകുതുകമിതുദുർവ്വിനീതാഭിധ നാരെടോപാതകമെന്തവൻചെയ്തു
തും * പെരുതുപുകൾതടവിനധനുഷ്കോടിമജ്ജനാൽ പോത്തവൻപാ
പംനശിച്ചതുമെങ്ങിനെ * സകലമിദമരുളുകതുവിസ്തരിച്ചേററവും
സാമ്രാജ്യമാളുംകൃപാവാരിധേമുനേ * പുനരവനൊടതിനുപരമുത്തരം
ചൊല്ലിനാൻ പൂർണ്ണപുണ്യാംഭോധിരുദ്രാംശസംഭവൻ * അമരവര
പുരസദൃശമാംപാണ്ഡ്യദേശത്തി ലാത്മവാനിദ്ധ്മവാഹാഖ്യനാംബ്രാ
ഹ്മണൻ * രുചിവിജിതസുരയുവതിരുചിരതിവരാംഗനാ രൂപിണീ
പാണിഗ്രഹംചെയ്തിരുന്നനാൾ * അവനൊരുതനയനുളവായി
വന്നുപുനരത്ഭുതംനാമ്നാപിദുർവ്വിനീതൻപരം * അതിസുഖമൊടഥ
ചെറുതുകാലംകഴിഞ്ഞനാ ളന്തംഭവിച്ചുധരാമൃതാന്ധസ്സിനും * സക

ലമപിപിതൃരൌൎദ്ധ്വദേഹികകൎമ്മങ്ങൾ സാധുമാൎഗ്ഗോചിതംദ്വിജനീ
തൻചെയ്തു * ജനനിയൊടുമഥചെറതുകാലംനിജാലയേ ജാതഖേ
ദംവസിച്ചിട്ടുംദശാന്തരേ * അവനിപതിനഗരമതിലീരാവത്സരമ
ത്യന്തദുഃഖമവൎഷണംമൂലമായ് * സുചിരതരമപരിമിതദുൎഭിക്ഷമുണ്ടാ
യി തുഷാരപ്രായമായ്വന്നിതദ്ദേശവും * ജനനിയൊടുമവനുമുടനവിട
വുമുപേക്ഷിച്ചു ജാതവൎഷംദേശമാരാഞ്ഞുനീളവെ * പരമശിവസുരു
ചിതനികേതമാംഗോകൎണ്ണം പാരാതെചെന്നങ്ങുപുക്കുസസംഭ്രമം *
സുചിരതരമതിസുഖമോടവിടവാണീടിനാർ സൂക്ഷ്മമെല്ലാംപാപപു
ണ്യലോകായിതം * വിധിവിഹിതമൊഴിവതിനുപണിപണ്ടിബലാല
വൻ വീതശങ്കമൊരുനാളൎദ്ധരാത്രിയിൽ * മദനശരപരവശതപൂണ്ടു
കഷ്ടംമദോന്മാദേനമാതാവിനെച്ചെന്നുപുൽകിനാൻ * അരുതരുതു
തനയബഹുദുരിതമിതിചൊല്ലിനാളാതുരഭാവേനമാതാവുമന്നേരം *
അതിനുമവനകതളിരിലാദരിച്ചീലഹോ ആൎക്കൊഴിക്കാംകൎമ്മവാസ
നാവൈഭവം* പുകഴവതിനരുതിതുമഹാപാപമാകയാൽ പൂൎണ്ണഭോ
ഗംഭുജിച്ചാനെന്നതേവേണ്ടു * പറകിലിദമുതമവനുരേതസ്സുതഃപരം
പാരംപരിതാപമുണ്ടായ്ചമഞ്ഞുതേ * വിഫലമിഹമമജനനമില്ലകി
ല്ലേതുമെ വീരോട്ടുചെയ്യേൻമഹാപാപമിന്നുഞാൻ * മൃതിവരുവതി
നിമമഗ്ഗുണംവിചാരിക്കിലൊ മൃത്യുവുമെന്നെഭയപ്പെടുംനിശ്ചയം *
ഒരുപുരുഷനിതിനുമമനിഷ്കൃതിചൊല്ലുവാനോൎത്തുകണ്ടാൽഭുവനത്തി
ലുണ്ടാകുമോ * അറിവതിനുപണിപരമപുരുഷമതമെന്നുഞാനാത്മ
നാവനുതാപിനിശ്ചയിച്ചീടിനേൻ* പലവകയുമിതിമനസിചിന്തിച്ച
വൻതദാ പാഞ്ഞുചെന്നാനീശ്വരക്ഷേത്രസന്നിധൌ* പലമുനികള
വിടെമരുവീടുന്നതുംകണ്ടു പാരംവിനീതനായ്നിന്നുവണങ്ങിനാൻ*
പലപൊഴുതുതൊഴുതുപരമാൎത്ഥമായ്തന്മഹാ പാപപ്രകാരങ്ങളാക
വെചൊല്ലിനാൻ * അറിവുടയമുനിമകുടരത്നങ്ങളാംനിങ്ങളാരാ
ഞ്ഞിതിന്നുള്ളനിഷ്കൃതിചൊല്ലണം*പരമഗുണസലിലനിലയങ്ങളാം
നിങ്ങൾക്കെപാപിയാമെന്നിൽകരുണയുണ്ടാകണം* മരണമിതിനി
തുപൊഴുതുപായമെന്നാകിൽഞാൻ മാനിച്ചതുംചെയ്തുകൊള്ളുവൻ
നിൎണ്ണയം * വിവിധമിദമധികപരിതാപേനതദ്വചോവിസ്താരമാക
ൎണ്യതാപസേന്ദ്രന്മാരും * ബഹുദുരിതമുടയൊരിവനോടുസല്ലാപേന
ബന്ധംനമുക്കമിപ്പാപത്തിനുണ്ടാകും * ത്വരിതതരമിവനുമതിദൂരത്തു
പോകണം താമസിക്കൊല്ലെന്നുചൊന്നോരനന്തരം * പരമതരകരു
ണയതിൽമുഴുകിമരുവീടുന്ന പാരാശരമുനിതാനുമരുൾചെയ്തു * അ
രുതരുതുഭയമരുതുതാപസേന്ദ്രന്മാരേ ആൎക്കുബാധംവന്നിടാത്തുമഹീ
തലേ * അഹമിതിനുപരമമൊരുപായമോതീടുവ നാസ്ഥയാകേൾ
ക്കെടോദ്വിജനീതഭവാൻ * രഘുതിലകവരകലിതമാംലക്ഷ്മണാഖ്യ

ധ്യൌ രാമസോദരൗധനുഷ്കോടിതീൎത്ഥേശുഭേ * ജനനിയൊടുസഹിതമവിടെച്ചെന്നുനീമുദാ ജാതാദരൌമാഘമാസിമുങ്ങീടുക * ഉടനുടനൊടുങ്ങുമിപ്പാപമെന്നാൽഭവാ നുണ്ടാംവിശുദ്ധിയുംമാതാവിനുംതഥാ * പുനരഖിലജനതകളുമംഗീകരിച്ചിട്ടുംപൂൎണ്ണമോദംഗമിച്ചീടുകവൈവകാലാ* ഒരുദുരിതമപരിമിതമപിതദുപമജ്ജനാലോൎത്താലൊടുങ്ങാത്തതില്ലെന്നുനിൎണ്ണയം * സകലമുനിജനമതമിദംശ്രുതിസ്മൃത്യാദി സാരോപദേശംവികല്പമില്ലേതുമേ * ദ്വിജസുതനുമിതിമുനിഗിരം കേട്ടുമോദേന ദിപ്തിമാനെസഹസ്രംനമിച്ചീടിനാൻ * തദനുപുനരുഴറിനിജമാതാവുമായവൻ താല്പൎയ്യമോടുചെന്നാൻധനുഷ്കോടിയിൽ * നിജദുരിതപരിശമനമോൎത്തുസങ്കല്പിച്ചു നിത്യവുംമജ്ജനംചെയ്തിരുന്നീടിനാൻ * കലുഷവനഹുതഭുജമഘോരാമനാഥനാം കാരുണ്യമൂൎത്തിയെസ്സേവിച്ചുസന്തതം * മഹിമപെരുത്തുടയമുനിനായകൻചൊന്നൊരു മാസമെല്ലാംകഴിഞ്ഞോരുശേഷംമുദാ * ഭുവനതലനിരുപമിതഭൂഷണംശോകൎണ്ണം പുക്കുവേദവ്യാസനെക്കണ്ടുചൊല്ലിനാൻ*സകലമപിതവഭണിതമാചരിച്ചേനഹം സാധുകളെച്ചൂടുംമുടിക്കുമാണിക്കമേ * പറിചിനൊടുമിനിമമശുഭോദൎക്കമാകമേ പാരംപ്രസാദിച്ചരുൾചെയ്കവണമേ * അതുപൊഴുതുമുനിവരനുമവനുടയതേജസ്സിനാക്കംവിലോക്യസന്തോഷേണചൊല്ലിനാൻ * നിഖിലമപിതവദുരിതവുംനഷ്ടമായ്വന്നു നിൎണ്ണയംഭൂദേവബാലകസാമ്പ്രതം * തനയരതിഭവശമലതോവിമുക്തതാംധ്രുവം താദൃശീമാതാപിസന്ദേഹമില്ലെടോ* ഇനിവിരവൊടനവധിനികേതംപ്രവിശ്യനീ ഈടാൎന്നഭോഗങ്ങളെസ്സ്വാഹരിക്കെടോ * നിഖിലമപിഗൃഹികളുടെധൎമ്മവുംചെയ്കനീ നീതിയോടുംപ്രാണഹിംസാവിഹീനനായ് * അനവരതമപിസുജനമനുസരസഭക്തിയുമാസ്ഥയാചെയ്കസന്ധ്യോപാസനാദിയും * കമലദലനയനപദസരസിരുഹമാദരാൽ കാമംവിനാസന്തതംഭജിച്ചീടുക * പരിഹരപരാപവാദംമഹാനിന്ദിതം പാരുഷ്യവുംത്യജിക്കേണമസൂയയും*പരതരുണിജനരതമൊരിക്കലുമോൎക്കൊലാ പാപമുണ്ടാം മഹാപാപമതുമൂലം * നിഗമപരിപഠനപരനായ്ഭവിച്ചീടണം നിത്യമതിഥിസല്ക്കാരവുംചെയ്യണം * ബഹുമതിയോടതിമഹിതപിതൃദിനസമാഗമേ ബന്ധുഗൃഹംശ്രാദ്ധകൎമ്മങ്ങൾചെയ്യേടോ * അപരിമിതനരകഫലദംഹിപൈശുന്യവുമാത്മനാമത്മനാകണ്ടുകൊണ്ടീടുക * കലയദിനമനുഭഗവദനുപമകഥാരതിം കാലംവൃഥാകളഞ്ഞീടൊലാചാരമേ * ശശിശകലധരനുടയനാമസംകീൎത്തനം ശാശ്വതാശീലിച്ചുകൊൾകനില്ലജ്ജനായ് * അതിസുഭഗകുസുമനിരകൊണ്ടുദേവാൎച്ചന മാചരിച്ചീടുകഭക്തിപൂൎവ്വംഭവാൻ * അരുതരുതുയതിജനപരിത്യാഗമെന്നതുമാരാഞ്ഞറിഞ്ഞുതൽപൂജനംചെയ്കനീ* നി

ജ്ജനനിപരിചരണവും വെടിഞ്ഞീടൊലാ നിത്യമാചാരവും ശൌച
വും തേടുക * പരിചിനൊടുപാലത്തുമിതി സുജനമതധർമ്മങ്ങൾ പാർത്തു
ചെയ്യാൽ നിനക്കുണ്ടാം വിമുക്തിയും * അതിമഹിതജലനിധിപരാശ
രനന്ദന നാത്മവിജ്ഞാനീ ദയാപരൻ നിർമ്മലൻ * അപകപടമരുളി
നൊരുമൊഴികളതുകേട്ടുട നാശയാനന്ദേന ദുർവ്വിനീതൻ തദാ * പല
പൊഴുതുമുനിവരനെ വീണുവണങ്ങിനാൻ പാരം വിനീതനായ്മാത്രാസ
മേതനായ് * നിഖിലമപി മുനിഗദിതധർമ്മങ്ങളും ചെയ്തു സത്യം നിജാ
ലയെ വാണീടിനാൻ ചിരം * അതികുതുകമവനു പുനരന്ത്യകാലത്തി
ങ്ക ലാനന്ദരൂപമാം മോക്ഷവും കൈവന്നു * പരവതിനുപണിപണി
ധനുഷ്കോടിവൈഭവം പാരാതെ മുക്തിതൻ മാതാവിനും വന്നു * തപമ
പിബത ധരണിസുരപുത്രനോടും ദ്രുതം തത്രപോയ്മജ്ജനം ചെയ്തിതെ
ന്നാകിലോ * തവതനയനിവനഖിലപാപങ്ങൾ വേരററ താപമാം
ബ്രഹ്മഹത്യാം ജയിക്കും ദൃഢം * അതിനു പുനരുഴറകകളഞ്ഞീടൊലാ കാ
ല മാത്രനീയജ്ഞദേവസത്യമെന്മതം * ഇതി മുനികൾ മണിമകുടമായദു
ർവ്വാസസ്സു മിഹിതാർത്ഥമരുൾ ചെയ്തോരനന്തരം * ദ്വിജവരനഥനി
ജകതനയനൊടു കൂടവേ ദീർഘയാത്രാം സമാരംഭിച്ചു വിസ്മയം * ഭുവന
തലസുമഹിതധനുഷ്കോടിയും കണ്ടു പൂജ്യനായാനന്ദസാമ്രാജ്യമുൾ
ക്കൊണ്ടു * അതിലുഴറിമുഴുകിനിയമേന ഭക്ത്യാ സമ മാറമാസങ്ങളീവ
ണ്ണം മരുവിനാൻ * തദനു പുനരൊരു ദിവസമാകാശവാണിയും താപ
പ്രണാശനമേവമുരചെയ്തു * അയി ധരണിസുരതവതനുജപാപങ്ങ
ളു മാകവെ പതിന്നു വികല്പമില്ലേതുമേ * വിപിനചരതരുണിയുടെ സമ്മ
തം മൂലമാ സ്ത്രീയോടു ചെയ്തുള്ള ഭൂദേവഹത്യയും * മദനശരപരവശതമൂ
ലമായ് ചെയ്തൊരു മദ്യപാനം സുവർണ്ണമോഷണമെന്നിവ * സകലമു
പരതമറികബഹുസുകൃതപൂരവും സാധിച്ചുകൂടി മഹാഭാഗ്യവാരിധേ *
മധുരതരമിദമഥ വിയദ്വാണിഭാഷിതം മഞ്ജുളാർത്ഥം കേട്ടു ഭൂദേവനും
തദാ * ഉരുസുകൃതനിധി നിജതനുജനോടും ജവാൽ ദൂരീകരിച്ചു പാപ
ങ്ങളെപ്പേരുമേ * ദുരിതചയവിപിനബഡവാനലം ശങ്കരം സേവി
ച്ചു തന്നാലയം പുക്കു മേവിനാർ * പ്ലവഗവരകപടഗ്ഗണനിലയമൃഗ
ധൂർത്തക പാരം വിചിത്രമോരോപാപവൈഭവം * കഥിതമിതി സുമതി
കൃതദുരിതപരിമോചനം കാര്യം ഭവാന്മോക്ഷമത്തീർത്ഥമജ്ജനം * അപ
രമിതിനുപമമൊരുപായമില്ലെന്നതു മാത്മനാ ചിന്തിച്ചു നിശ്ചയിച്ചീ
ടണം * മുനിതിലകനരുളിനൊരുമൊഴികളിവ കേൾക്കയാൽ മൂഢ
താം തീർത്തു ശോഭായുകാപികളും * അതികുതുകമതിസുചിരകാലേന ത
ത്രപോയാരാഞ്ഞറിഞ്ഞു ചെന്നു ധനുഷ്കോടിയും * പരിചിനൊടുപ
ലപൊഴുതുമവിടെ മുങ്ങീടിനാർ പാപങ്ങളെല്ലാം നശിച്ചുകൂടീ തദാ *
ദിനകരനൊടുടനുപമതടവിനൊരു തേജസാ ദിവ്യയാനം കരേറീട്ടു കാ

ണാഢ്യൻ * കടകമകുടാംഗുലീയാദ്യലങ്കാരവും കാമോപമാനശരീര
വുമാകക്കൊണ്ടു * സുരതരുണികരവിധൃതചാമരദണ്ഡേന സുന്ദ
രന്മാരായമരാവതിംപുക്ക * ഇവരുടയദുരിതപരിമോചനംകേട്ടവ
ർക്കിടാൻദേവലോകപ്രാപ്തിയുംവരും * ഇനിയുമൊരുധരണിസുരച
രിതമിഹചൊല്ലുവനിദ്ദൂരംതീർത്ഥപ്രശംസനമത്ഭുതം * പുകൾപെ
രുത്തൊരുവിനൊരുഗൗതമീസന്നിധൌ പൂർവ്വംദുരാചാരനെന്നൊരു
ഭൂസുരൻ * ഇരവുപകലതിദുരിതകാരികളായുള്ള നീചരോടൊന്നി
ച്ചുവാണുസസംഭ്രമം* അവനിസുരജനമഹിതകർമ്മങ്ങളുംവെടിഞ്ഞ
ന്യായതോ ജന്തുഹിംസയുംചെയ്യുവൻ* പരധനവുമനവധിപരിഗ്ര
ഹിച്ചീടിനാൻ പാപശീലൻമോഷണംചെയ്യുന്നദിനം* പറകിലൊ
രുദിവസമൊരുനേരമെന്നാകിലും പാപിസംഗംകൊണ്ടുപാപിയാമേ
വനും * ദുരിതഗതിവിലസിതമനേകമുണ്ടാകയാൽ ദുഷ്ടവേതാളമേ
നംഗ്രഹിച്ചീടിനാൻ* അധികതരപരവശതയോടുംദുരാചാര നങ്ങോ
ട്ടുമിങ്ങോട്ടുമോടിവാടീടിനാൻ * പലസമയവനുപരമിങ്ങിനെപോ
യനാൾ പാരിച്ചഭാഗ്യോദയാകൊണ്ടൊരുദിനം * അതിമഹിതതട
വിനദനശ്ലാഘിതതീർത്ഥത്തിലാശുവേതാളമവനെമുക്കീബലാൽ* ഉട
നവനിസുരനവിടെനിന്നുപൊങ്ങീവിധൌ ഊതിക്കഴിച്ചപൊൻ
പോലെചമഞ്ഞുതേ * മതിയുമതിതരമവനുസുപ്രസന്നാഭവൽ മാ
ലിന്യമാകവേതീർന്നുവിമുക്തനായ് * പ്രതിദിശിമുഹുർമുഹുർവ്വീക്ഷമാ
ണോദ്ഭ്രമം പാരംകുതൂഹലകാന്തനായീടിനാൻ * ഇവിടെയൊരു
പൊഴുതിലുമറിഞ്ഞീലഞാൻപുരാ ഇങ്ങുഞാനെങ്ങിനെവന്നുചമ
ഞ്ഞതും * മഹിതഗുണഗണനിലയഗൗതമീതീരേഷു മാനിച്ചിരു
ന്നതൊന്നെന്തുമൂലംബലാൽ * പാവതിനുപരിചയവുമില്ലാതദിക്കി
ലോ പാഞ്ഞുവന്നിട്ടവൻകാരണമെന്തഹോ * പലവുമിതിമതിയാ
ലപനാർത്തനാകംവിധൌ ഭാഗ്യവാനാത്രേയനെക്കണ്ടുസന്നി
ധൌ * പ്രണമനപുരസ്സരംവന്ദിച്ചുചൊല്ലിനാൻ പ്രീതിയുണ്ടാകേ
ണമെങ്കൽകൃപാനിധേ* ഒരുധരണിസുരനഹമഹോഗൗതമീതട
ഓരോമഹാപാപവുംചെയ്തിരുന്നവൻ * കിമപിബതപരിചയവു
മൊരുപൊഴുതുമില്ലാതെ കിൽബിഷാന്തപ്രദംദേശംപ്രവേശിച്ചു * ക
ഥമിവസമാഗമംമാമകമിന്നതിൻ കാരണമേതുമേഞാനറിഞ്ഞീല
ഹോ * സകലമിദമരുൾകമഹാമുനേകാരുണ്യ സാരമല്ലോസാധുലോ
കശീലാവിഭോ * കൃപണമിതിബതബഹുദുരാചാരഭാഷിതം കിഞ്ചി
ൽചിരിച്ചുകേട്ടുമുനിചൊല്ലിനാൻ* അഖിലമപിവിദിതമിഹനിന്നു
ടെവൃത്താന്തമാശ്ചര്യമെത്രയുമെന്നേ പറയാവൂ * ദുരിതതതിവിച
രിതജനങ്ങളോടൊന്നിച്ചു ദൂരകാലംനീവസിച്ചതുമൂലമായ് *, നരക

നിഷ്ഠമഹിതമപി വിപ്രത്വമാകവെ നഷ്ടമായ്വന്നു പാപംവൃഷ്ടമാകയാ
ൽ * ഇതുപരമവിവരമുരരീകരിച്ചന്നേരമീറച്ചുവേതാളവുംനിന്നിലു
ൾപ്പുക്ക * സകലദിശിസതതമുഴറിച്ചുനിന്നെത്രതം സാധിഷ്ഠുരീത്ഥ
ത്തോയതിൽമുക്കീടിനാൻ* നിഖിലമപിതവദ്ദുരിതമിന്നതീന്നദ്ദേഹം
നിന്നുടെഭാഗ്യംവിചിത്രമത്രേതുലോം * ഒരുപുരുഷനകതളിരിലാശ
യോടെന്നിയെ ഓമൽധനുഷ്കോടിമജ്ജനംചെയ്യാകിൽ* സകലമപി
ദുരിതനികരംനഷ്ടമായ്വരും സാധിക്കമീശസായൂജ്യവുംനിണ്ണയം * ത
വമനസിപരവശതചേത്തവേതാളവും താപമകന്നുധനുഷ്കോടി
വൈഭവാൽ * അധികതരസുഭഗമയിവൈകുണ്ഡലോകവു മത്രപു
ക്കീടിനാനില്ലെടാസംശയം * ശൃണുസകലമവനിസുരബാലകത
ൽകൃതം ശ്രാദ്ധാസമേതംമഹാപാപവൈഭവം * അവനുമൊരുധര
ണിസുരനത്രെപുരാഭവേ നാചരിച്ചീലതല്ലാലെമഹാളയം * പിതൃ
പടലിദുരഭിലഷിതേനപാപംകൊണ്ടുപീഡയ്ക്കിരിപ്പിടംവേതാളമായ്വ
ന്നു * അതിമഹിതതരമറികഭാദ്രമാസംതന്നി ലമ്പുള്ളകൃഷ്ണമാംപ
ക്ഷമഹാളയം * അതിനുശരനൊരുവനതിലോഭാദിമൂലമാ യാചാ
രഭംഗംവരുത്തുമെന്നാകിലോ * അവനുവരുമൊരുഫലമഹോമഹാ
കൌതുകം വേതാളഭാവമതീവദുഃഖപ്രദം * അകതളിരിലധികതര
മാസ്ഥാപുരസ്സര മാർന്നമഹാളയശ്രാദ്ധമൂട്ടിടിനാൽ * തനയധന
വിനയമതികീത്തിവൃത്ത്യാദികം തൽബലാൽസൌഖ്യമെപ്പേരുമേ
കെവരും* അതിനുടയമഹിമപരിചോടുചൊല്ലീടുവാ നാദിശേഷ
നുപോലുംപ്രയാസംപരം * അപരിമിതസവനഫലദംതദ്ദിനംതോ
റ മാചരിച്ചാലുണ്ടനേകഭേദംഫലം * പുകഴുപെരിയമുനിനികര
വുംരാജസംഘവും പൂണ്ണസൌഖ്യംലഭിച്ചുതൽബലത്തിനാൽ* വി
ഹിതദിനമതിനുപതിനഞ്ചുനാളെങ്കിലും വീരോടമാവാസ്യപഞ്ചമീ
സപ്തമീ * വിവിധഫലനിലയനചതുർദ്ദശിയഷ്ടമീ വിസ്മയംതദ്ദൈ
ഭവംചൊല്ലവല്ലഹോ * തദകരണജനിതദുരിതപ്രണാശാത്ഥമായ് ത
ല്പരമൊന്നുമില്ലെന്നുമറിയണം * അതിനുമുപരതികിലധനുഷ്കോടിമ
ജ്ജന മാത്മവൽപ്രോക്തംസനാതനമുത്തമം * ധരണിസുരജനവി
ശ്വതിവിശ്വാസവഞ്ചനം ധാർഷ്ട്യശീലാനാംകൃതഘ്നതവുംതഥാ *
അപരജനിജനിതജനഭോജനഹാരവു മമ്പോടുസോദരഭാര്യാഗമന
വും * നിഗമപരിഹസനവുമസത്യഭാഷിതവും നിർമ്മലതാംകന്യ
കാംവിക്രയംതഥാ * തുരഗഹരിഹരനിഗമവിക്രയംചെയ്യതും ധമ്മ
ത്തെയുംതഥാപുണ്യതത്തെവില്പതും * നിജജനനിപിതൃയതിഗുരുദ്രോ
ഹവുംമഹാ നിന്ദിതംതീർത്ഥാദകംവില്ക്കയെന്നതും * പരമശിവഹരി
പരിഹസനവുംകഥാദൂഷണം പാപങ്ങളിത്തരമുൽകൃഷ്ടമെത്രയും* ഇവ
കളുടെവിലയനനിമിത്തമായ്നിഷ്കൃതി യില്ലലോകങ്ങളിലെങ്ങുമേനി

ണ്ണയം * വരുവതിനുമുപരതിധനുഷ്കോടിമജ്ജനാൽ വാക്ചാതുരീയ
ല്ലസത്യംമേയാദിതാഃ * ശ്രുതിജലധിതരണപരിശീലിതരൗവ്യാപാര
ശൂന്യാന്തരംഗശോല്ലസജ്ജനവാന്മാരെ * കഥിതമിഹവിവിധമഷിച
ക്രതിതീൎത്ഥാതൊട്ടു കാമദംശ്രീമൽധനുഷ്കോടിപൎയ്യന്തം * ഇരവുപകല
നിശമിരുപത്തുനാലിത്തീൎത്ഥമിച്ഛയോടുന്നിരൂപിക്കനാമാനുഷൻ *
പരിചിനൊടുദുരിതനികരത്തോടുവേർപെട്ടു പാരമഹസ്യയോഗ്യം
പദംപ്രാപിക്കും * അപരമഥകിമപിബതനിശമയിതുമാദരാ ലാഗ്ര
ഹമുണ്ടെകിലെന്നോടുചൊല്ലുവിൻ * മമവിദിതമഖിലമപിചൊല്ലു
വാനേതുമെ മാനാദിദോഷംനമുക്കില്ലനിൎണ്ണയം * മുനിജനവുമല
വിനൊടുസൂതവാക്യംകേട്ടു പൂരിച്ചസന്തോഷമോടുമരുൾചെയ്തു * പ
രമകരുണാനിധെസൂതതത്വാൎത്ഥജ്ഞ പാരംകുതൂഹലംഞങ്ങൾക്ക
സാഗതാ * അയികഥയപരിചൊടിനിയുംക്ഷീരകുണ്ഡമാ യാലോ
കപാവനംതീൎത്ഥരാജോത്തമം * കഥമതിനുസമുപഗതമീദൃശംനാമ
വും കസ്യവാകൎമ്മഷാതത്രനാശംഗതം * മുനിനികരവചനമിതികേ
ട്ടുസൂതൻതദാ മൂകഭാവംവെടിഞ്ഞേവമുരചെയ്തു * അയിശൃണുതസ
കലമപിതത്തീൎത്ഥവൈഭവ മാലസ്യരോഗാദിദോഷജാലംവിനാ *
അഖിലജനപാനപരിലാളിതമായിട്ടു മത്യന്തപുണ്യമാംദേവീപുരാ
ണികെ * ബഹുമഹിമശാലിഫുല്ലഗ്രാമസംജ്ഞിതം ബദ്ധപ്രണാശ
നസ്ഥാനംമഹത്തരം * അവിടമുടനുദിതരസമാദിയായ്സേതുവു
മാലകമുണ്ടാക്കിനാൻപണ്ടുരാഘവൻ * ബഹുദുരിതനിലയനപരം
ക്ഷീരകുണ്ഡവും ബന്ധനാശപ്രദംതത്രൈവപാവനം * തദഭിധയു
മതിനുവരുവാനുള്ള കാരണംതാല്പൎയ്യപൂൎവ്വകംചൊല്ലുന്നതുണ്ടുഞാൻ *
പുകൾപെരിയമുനിജനവരൻമുൽഗലൻപണ്ടു പൂൎണ്ണപുണ്യാംബു
ധിഃവൈദികതല്പരൻ * ദുരിതപരിശമനകരമാംയാഗമാരഭ്യ ദുഃഖം
വിനെവഫുല്ലഗ്രാമസീമനി * സുചിരതരമവനമിതശ്രദ്ധകൎമ്മങ്ങ
ളും സൂക്ഷിച്ചുചെയ്തുവാണീടുംദശാന്തരെ * കമലദലനയനനഥപീ
താംബരൻവിഷ്ണു കാരുണ്യമോടുമവിടെക്കെഴുന്നെള്ളി * സകലജല
ധരരുചിരവിഗ്രഹഃശ്രീപതിം സാധുലോകാവാപ്യപുണ്യപാദാംബു
ജം * അരിസാസിരുഹദരഗദാചിതാജല്ലര മഞ്ചിതശ്രീവത്സകൗ
സ്തുഭോരസ്ഥലം * നിജസുകൃതവിഭവപരിപാകേനകണ്ടവൻ നീതി
മാൻവീണുനമസ്കരിച്ചീടിനാൻ * തദനുപുനരവനധികരോമാഞ്ച
സായുതാ തത്വാൎത്ഥഭൂതംസ്തുതിച്ചുപലതരം * അഖിലജഗദുദയപ
രിരക്ഷാലയങ്ങൾക്ക മാധാരഭൂതായതുഭ്യംനമോനമഃ * ബലിദനുജ
നിയമനകൃതേവാമനായതേ ബാധാപഹായരാമായതുഭ്യന്നമഃ * രജ
നിചരനിധനചണകോദണ്ഡപാണയേ ശ്രീരാമചന്ദ്രായതുഭ്യംന
മോനമഃ * ബലമുടയജനമണിയുമമലചൂഡാമണേ ബദ്ധസീരിസ

ത്രൂപായതുഭ്യംനമഃ * അസുരവരമദഹരണവാസുദേവായതേ അത്യല്പകല്പിതരൂപായതുഭ്യംനമഃ * ജഗദധിപജനിമരണഭയവിലയന പ്രഭോ ജന്മാദിഹീനകാരുണ്യവാരാന്നിധേ * പരയുവതിപരധനപരക്ഷേത്രലോലുപം പണ്ഡിതമാനിനംശൌചാദിവജ്ജിതം * കൃപണമതികൃശമധികഡാംഭികംനിസ്ത്രപം കൃച്ഛ്രാനുപാതിനംപാഹിമാംപാഹിമാം * പരമഗതിവരുവതിനുപരമകരുണാനിധേ പാഠിച്ചുകാരുണ്യമുണ്ടായ്വരേണമേ * നരകഹരപരപുരുഷധന്യനായേനഹം. നഷ്ടമായിമഹാപാപവുമിന്നുമേ * മമരമണിമഹിതതവപുണ്യപൂരാഞ്ചിതാ മാനിനമൌലിഭൃതാദ്യവിഷ്ണോവിഭോ * മമസഫലമനുപമതപസ്സമിന്നത്ഭുതം മാമകവംശവുമദ്യകൃതാത്ഥമായ് * അനവരതമനുപമതപോനിഷ്ഠയാസമ മാത്മസ്വരൂപമാരായുന്നയോഗികൾ * ശ്രുതികളിലുമപരിമിതശാസ്ത്രങ്ങളിൽപോലും ശ്രുതബുദ്ധ്യാതിരഞ്ഞീട്ടുന്നനിമ്പദം * മമസുകൃതസമുദയവശേനകണ്ടേനഹം മാലിന്യമാകവെവനഷ്ടമായ്വന്നുമേ * നിജസുകൃതവിഭവമിതിഫലവുമരചെയ്യുവൻ നിത്യവിജ്ഞാനസ്വരൂപംരമാവരം * സുരഭിതമകുസുമജലഗന്ധധൂപാദിഭിഃ സൂക്ഷ്മധമ്മോക്തമാഗ്ഗേണപൂജിച്ചുടൻ * അമിതനയമൊടുമഥപുരോഡാശമുഖ്യമാ മത്യന്തപൂതംഹവിസ്സനൽകീടിനാൻ * ത്രിജഗദധിപതികമലലോചനൻപാണിനാ രപ്രസമാദായ ലോകൈകപാവനൻ * വിശദമനുനിചയപരിപൂതന്തദത്ഭുതം വീതശങ്കംഭുജിച്ചീടിനാനീശ്വരൻ * അതുപൊഴുതുസകലമതിമാത്രംചരാചര മാത്രമോദംതൃപ്തിമാനായ്ചമഞ്ഞുതേ * ഒരുപുരുഷനുടയതൊരുഭാഗ്യവിസ്ഫൂജ്ജിത മോത്തറിഞ്ഞീടുവാരെടോഭൂതലേ * പുനരമലനവനൊടരുൾചെയ്തുനാരായണൻ പൂണ്ണപുണ്യാംബുധേഭൂസുരോത്തംസമ * തവമനസിസമഭിലഷിതംപരംവൈകാതെ താപസേന്ദ്ര വരിച്ചാലുംമഹാമതേ * ഇതിഭഗവദനുഗദിതമാകണ്ണ്യഹഷിത മിച്ഛാപുരസ്സരംമുൽഗലൻചൊല്ലിനാൻ * കിമിഹപരമഭിലഷിതമോത്താലതോധികം കിഞ്ചിജ്ജനമിനിക്കിന്നുലക്ഷ്മീപതേ * തദപിഭവദഭിനവകൃപാങ്കുരംകാങ്കയാൽതല്പരമൊന്നുണ്ടുഞാനപേക്ഷിക്കുന്നു * അനവരതമപിഭവതുഭവതുഭക്തിംദൃഢമാശുമറ്റൊന്നിലുമില്ലമേമാധവ * പുനരപരമഭിലഷിതമുണ്ടതുംചൊല്ലുവൻ പൂണ്ണകാരുണ്യവാരാന്നിധേദൈവമേ * അനുദിവസമതിമഹിതസന്ധ്യാസുസാദരമമ്പോടുതാവകപ്രീതിനിമിത്തമായ് * പരപുരുഷപരിണതപശുക്ഷീരധാരയാ പാവനംഹോമകമ്മംചെയ്തുകൊള്ളുവാൻ * വരമരുളുകതിനുനഹിസുരഭിപുനരദ്യമേ വാങ്ങുവാനാളല്ലവിത്തമില്ലായ്കയാൽ * മുനിതിലകവചനമിതുകേട്ടുദേവൻതദാ മൂച്ഛിച്ചസന്തോഷമോടുംദയാനിധി * ചരിതമലഹസുരനികരതക്ഷാണമാശ്രയ തുഷ്ടിപ്രദാനകനേവമരുൾ

ചെയ്തു * വിപുലതരമിഹ പരിചിലുടനൊരുസരോഭവാൻ വീത
സന്ദേഹം ചമച്ചു സമ്മോഹനം * സകലജഗദധിപതിഗിരം കേട്ടന
ന്തരം സാധുചൂഡാമണി വിശ്വകർമ്മാവുതാൻ * സ്ഫടികമണികനക
മയസുരുചിരശിലാഗണെ ഭംഗിതേറം ചിതാപ്രാകാരശോഭിതം *
സുരാപുരിയിൽ വരുവിനജനങ്ങൾക്കുമെത്രയും സുപ്രീതിദം ചമച്ചീടി
നാൻ തൽക്ഷണം * തദനുമധുമഥനനുമപാരമോദാകുലം തൽപ്രിയാ
ൎത്ഥാകാമധേനും സമാഹൂയ * സരസതരമപരിമിതകരുണമരുളിച്ചെ
യ്തു സാമ്പ്രതം നീയുമൊന്നുണ്ടു വേണ്ടതുള്ളേ * സുകൃതിജനമണിയു
മൊരുമുടിജനമഹീസുരൻ സുവ്രതൻ മുൽഗലൻ മത്ഭക്തനുത്തമൻ *
പരിചൊടവനനുദിവസമാഹുതിക്കായ്ക്കൊണ്ടു പാവനം ത്വൽക്ഷീര
മാഗ്രഹിച്ചീടുന്നു * അനുദിനവുമതിനിവിടെ വന്നു നീയും കനിഞ്ഞാ
ത്മീയമാം ക്ഷീരപൂരണം പാവനേ * മഹിതഗുണമിയലിന്നു സരസ്സി
ദം പൂരിക്ക മാനം നിനക്കുമുണ്ടാമിതിന്മൂലമായ് * ഹരിവചനമലിവൊ
ടു നിശമ്യ സാപിദ്രുതം ഹർഷേണ തത്ഥാ സമ്മതിച്ചീടിനാൾ * പുന
രവനിസുരനൊടു മുകുന്ദനരുൾചെയ്തു പൂർണ്ണമായ്വന്നു സരസ്സിതു കാ
ണ്കെടോ * ഇനി വിവിധമനുവിശദഹോമവും ചെയ്തുകൊണ്ടിഷ്ട്യാ
വിഹിനമത്രൈവ നീയും ചിരം * നിവസ മുനിജനതിലക ഞാൻ നിന
ക്കെത്രയും നിത്യസൗഖ്യം തരുന്നുണ്ടറിഞ്ഞീടുക * അഥ ജഗതിപു
കൾതടവുമിസ്സരസ്സെത്രയുമല്ലേ തരാഘൌഘനാശനം പാവനം * ഒ
രു പുരുഷനിഖിലമതപാപവാനെങ്കിലു മൊന്നു മുങ്ങീടുകിൽ പാപ
ങ്ങൾ തീർന്നുപോം * അവനു പുനരുടനമലമോക്ഷവും കൈവരു മാരാ
ഷ്ഠേണ്ട മറ്റൊന്നും വ്രതാദികം * ഭവതു തവ ഭവഭയവിമോചനം മാമു
നേ ഭാഗ്യം നിനക്കു വർദ്ധിക്കും ദിനം പ്രതി * പരിണതരവയസി തവ പ
രഗതിയുമുണ്ടാകും വിഷ്ണുഭക്തോത്തമൻ നീയെന്നു നിർണ്ണയം * ഇതി
വിവിധവചനമരുൾചെയ്തു നാരായണൻ ഈശ്വരൻ തത്ര മറഞ്ഞോ
രനന്തരം * മുനിവരനുമനവധി നമസ്കാരവും ചെയ്തു മുൽഗലൻ പ്രീ
തിയോടവിടെ വാണീടിനാൻ * ബഹുസമകളപരിമിതഭക്ത്യാ മുകുന്ദ
നെ ബഹ്വാദരം പൂജയും ചെയ്തു നാരതം * പരമപദമുടയവനുമാത്തു
ഷ്ടിക്കീടിനാൻ പാരം വിചിത്രമോരാഭാഗ്യ വൈഭവം * പറകിലിദ
മിക ജഗതി ക്ഷീരകുണ്ഡാഖ്യ പാരിച്ചു ചൊല്ലുവാൻ മൂലമെല്ലാവരും *
പരമഗതി വരുവതിനു പരമതിൽ നിമജ്ജനം പാരം പ്രധാനം വികല്പ
മില്ലേതുമേ * യമനിയമനിഗമജപഹോമാദികർമ്മങ്ങളേതുമിതിനു സമമ
ല്ലറികെടോ * ഒരു വനിതു നയനപഥവിഷയമായീടുകി ലോർത്തല്ല
ചൊല്ലാമവനു മോക്ഷാവരും * ഭുജഗജനജനനികമനീയാംഗികദ്രവും
പൂർവ്വമേ തൽസ്നാനവൈഭവം കൊണ്ടഹോ * അന്യതപരികഥനഭവ
ദുരിതമൊട്ടേറിട്ടു മാത്മകാന്താനുസാരേണ യോഗ്യമായ്വന്നു * നിശമ

യതമുനിജനകുലോത്തംസമന്മാരെ നിൎഭരംകദ്രുചരിത്രംസകൌതുകം
സുകൃതിജനമണീയുമൊരുനായകക്കല്ലായ കാശ്യപൻതന്റെമഹി
ഷിമാരാൎയ്യരാ* വിനയജലനിധിവിനതകദ്രുവെന്നുംരണ്ടു വിദ്യുല്ലതാം
ഗിമാരുണ്ടായ്ചമഞ്ഞുതേ*ഇരുവരിലുമവരജകൃശോദരീകദ്രുവു മിദ
മോദേനനാകാദിനാഥാൻബഹ്രൻ * സുകൃതബലപരിണതിബലേ
നജനിപ്പിച്ചു സുസ്ഥിരമായ്പസിച്ചീടുംദശാന്തരെ * ഗരുഡനെയുമ
രുണനെയുമപരനിജപുത്രരാ യ്പെറവകൊണ്ടീടിനാളന്നുപുണ്യോദ
യാൽ * അനവരതമനവധികസൌഹാൎദ്ദമോടവ രാകൃതകൌതുകം
ത്തോടുവാഴുംവിധൌ * പരമതരജവമൊടുസലീലംവരുന്നോരു പാ
കാരിവാഹനംകണ്ടുസകൌതുകം * വിനതയൊടുമദമൊടഥകദ്രുവും
ചൊല്ലിനാൾ വിശ്വനാരീമണിപ്പൂൎണ്ണേപറകെടോ * ഇവൻടയരു
ചിരതരമായബാലന്തന്നിലിങ്ങുകണ്ടാൽശ്വേതമല്ലയോതോന്നുന്നു*
അതിലൊരുകളങ്കമുണ്ടെന്നോമതംനിന ക്കാത്മനാപാൎത്താലതില്ലെ
ന്നതോമതം * കപടഗുണമിയലിനൊരുകദ്രുഗിരംകേട്ടു കാമിനീമൌ
ലീവിനതയുംചൊല്ലിനാൾ * അയിസകലമപിതനുവിഭാഗംവെളു
ത്തൊന്നീ തുച്ചൈശ്രവസ്സെന്നറിഞ്ഞീലെയോനീയും * അതിനവ
ളൊടടുത്തുപൊഴുതിലുത്തരംചൊല്ലിനാളുമ്മോഹനാംഗിയാംകദ്രുവുംചര
ത്മനാ * ബലമിയലുമതിനുടയബാലത്തിലുണ്ടെടോ ബാഢംകളങ്ക
മതിനില്ലസംശയം * കമലമിഴികരുത്തുകകളങ്കമില്ലെന്നാകിൽ കാലമ
നേകംനിനക്കുഞാൻദാസിയായ് * പരിചിനൊടുപരിചരണവും
ചെയ്തുവാഴുവൻ പാൎത്താൽകളങ്കമുണ്ടെന്നുവന്നീടിലോ * ഭവതിപു
നരനവരതമെന്നുടെദാസിയായ് ഭംഗ്യാവസിക്കേണമല്ലയോചൊ
ല്ലുനീ * അതിനുമമകിമപിനഹിസന്ദേഹലേശമെ ന്നപ്പോൾവിന
തയുംചൊന്നോരനന്തരം * സപദിനിജതനയരൊടുകദ്രുവുംചൊല്ലി
നാൾ സാമ്പ്രതംബാലകന്മാരേവരികെടോ * വലമഥനതുരഗവര
ബാലൈകദേശതോ വല്ലവഴിയുംകളങ്കമുണ്ടാക്കുവാൻ * യതതപര
മയിമയിസഭക്തികമല്ലായ്കി ലെത്തുംനമുക്കുദാസീഭാവമഞ്ജസാ * നി
ജജനനിഗിരമിതിനിശമ്യചൊല്ലീടിനാർ നീതിമാന്മാരായനാഗരാജ
ന്മാരും * അരുതരുതുജനനിപരവഞ്ചനംചെയ്യുതു മാക്കുമെയോഗ്യ
മല്ലെന്നറിഞ്ഞീടണം * വയമതിനുവിധുമുഖിസഹായമായീടുവാൻ
വാഞ്ഛിക്കുമാറില്ലവാമനേത്രോത്തമേ * തനയജനവചനനിശമന
ജനിതകോപേന തന്നെമറന്നുശപിച്ചിതുകദ്രുവും * ബലമിയലുമന
ലനിലുടൻവീണുനിങ്ങളും ബദ്ധതാപേനമരിക്കയെന്നിങ്ങിനെ *
തദനുനിജജനനിയുടെകോപരൌക്ഷ്യംകേട്ടു താണുതൊഴുതുകാൎക്കോ
ടകൻചൊല്ലിനാൻ * കലഹമരുതയിജനനിനിന്പദംകൈതൊഴാം
കാൎയ്യമല്ലേതുംവിഷാദലേശംവൃഥാ * അഹമറികവിരവിനൊടുമുച്ചൈ

ശ്രു:വാബാല മഞ്ജനാകാരമാക്കീടുവൻയിന്നയം * ഭയചകിതഹൃദ
യമാട്ടുമേവാസ്മാഭാഷ്യ ഭാവമറപ്പിച്ചുയാത്രയുംചൊല്ലിനാൻ* അ
ഥ വിനതയൊടുമതിമദംപൂണ്ടുകദ്രുവു മാത്തമോദംപരീക്ഷാൎത്ഥംപുറ
പ്പെട്ടു * സുരനികരപരിവൃഢനികേതനംപ്രാപിച്ചു സൂക്ഷിച്ചുനോ
ക്കിനാരശേഷജലധിം * അതിവിപുലമവിടയവർകണ്ടുകളങ്കവൂ
മാധിപൂണ്ടുതദാപാരംവിനതയും * കിമിതിഹൃദികലയസിവിഷാദം
വൃഥാ ഭഗിനീ കില്ലില്ലദാസിതചമെന്നിതുകദ്രുവും * അനുദിവസമവ
ളുടയശുശ്രൂഷചെയ്തുകൊ ണ്ടാത്തഖേദേനവിനതയുംമേവിനാൾ*
ഭുജഗജനഭണിതമഖിലംകേട്ടരുണനും ഭ്രയാൽഗരുഡനുമങ്ങിനെമേ
വിനാർ * ഒരുദിവസമഥവിനതയോടുചൊല്ലീടിനാ ളുല്പന്നമോദേ
നകദ്രുവാംമാനിനി * സുരനിലയമഖിലമപികാണണമെന്നുമെ സു
ന്ദരീമാനസെതോന്നുന്നിതാഗ്രഹം * മമഭവതിപരിചൊടിഹവാഹ
നമാകണം മത്സുതന്മാരെഗ്ഗരുഡനെടുക്കണം * കളയരുതുകിമപി
ബതകാലമെന്നിങ്ങിനെ കദ്രുവാക്യംകേട്ടനേരംവിനതയും * അപ
രിമിതബലജലധിനന്ദനന്തന്നോടു മങ്ങുനാഗാൻവഹിച്ചീടുവാൻ
ചൊല്ലിനാൾ * തദനുനിജഗളഭുവിചുമന്നുകൊണ്ടീടിനാൾ ത
നചംഗി:സോദരിതന്നെയുംതൽക്ഷണേ * ഗരുഡനുടെഗളഭുവിക
രേറിനാരഞ്ജസാ ഗൎവ്വമേറിട്ടന്നനാഗസംഘങ്ങളും * അതുപൊ
ഴുതുഗരുഡനുമതീവവേഗത്തോടു മാകാശമാൎഗ്ഗേനിവന്നുപൊങ്ങീ
ടിനാൻ * ദിവസപതിസവിധവുമണഞ്ഞുപോകുംവിധൌ ദീനത
പൂണ്ടുനാഗങ്ങൾതദ്രശ്മിയാൽ * തനയജനമഹിമകരകിരണപരി
പാതേന താപംകലൎന്നതുകണ്ടൊരുകദ്രുവും * വിശദതരമനനിച
യമിശ്രമായിന്ദ്രനെ വീണ്ടുംസ്തുതിച്ചുകൊണ്ടാടുംദശാന്തരേ * സുര
പതിയുമപരിമിതമേഘാൻനിയോഗിച്ചു സുന്ദരമാമ്മാറുവൎഷംസ
മാതനോൽ * ഭുജഗജനമനസിബതജാതമാംസങ്കടം പുഷ്കലംതൽ
ക്ഷണേതീൎന്നിതെപ്പുരമെ * അമരവരനിലയവുമകംപുക്കതല്പര
മാത്തമോദംതത്രനീളച്ചരിച്ചവർ * കുതുകമൊടുപലദിശിനടന്നോ
രനന്തരം കൂറില്ലയാതനാഗങ്ങളൊരുദിനം * കനകഗിരിതുലിതവപു
ഷ്കായനാംതാൎക്ഷ്യനെ കണ്ടുകൊണ്ടാദിപ്രശംസിച്ചുചൊല്ലിനാർ *
സലിലനിധിനടുവിൽവാഴുംദ്വീപജാലങ്ങൾസൎവ്വത്രചെന്നുകാണേ
ണംനമുക്കെടോ* ചെറുതുഫലമകതളിരിലുണ്ടതിന്നോൎത്തിട്ടു ചേ
ടിസുതവഹിച്ചാലുംമടിക്കൊലാ* ഇതിഭുജഗജനഗദിതമാകൎണ്ണ്യതാ
ൎക്ഷ്യനു മീൎഷ്യയാമാതാവിനോടുചൊല്ലീടിനാൻ* അയിജനനിപാക
പരമാത്ഥമാകിൽത്ഥമാ ലംബനമിങ്ങിനെദുഃഖിപ്പതുംസദാ * അഹി
പടലികിമിഹബതകാരണമെന്നെയു മമ്പോടുചേടീസുതനെന്നു
ചൊല്ലുവാൻ* ഇരവുപകലിവരെയുമെടുത്തുനടപ്പതി ന്നിങ്ങെന്തു

ദുഷ്ടമ്മേമാസത്യമോതുക * തനയനുടെമൃദുവചനമിങ്ങിനെകേൾക്ക
യാൽ താപംകലൎന്നുവിനതയുംചൊല്ലിനാൾ * മമസഹജമയിപരമ
കൈതവപൂൎവ്വകംമാനശീലദേവരാജാശ്വബാലധൌ* മലിനതയു
മഴകിനൊടുസമ്പാദ്യമാമകം മാനേനദാസിത്വമെന്നുചേൎത്തീടിനാ
ൾ* അതുപറകിലറികസുതകാരണംനിന്നെയു മങ്ങുചേടീസുതനെ
ന്നുചൊല്ലീട്ടുവാൻ*അനവരതമിവരെയുമെടുത്തുനടപ്പാനു മന്പൊടു
ശുശ്രൂഷചെയ്യതിന്നുംസദാ * വിധിവിഹിതമയിതനയകാരണമി
ങ്ങിനെ വീൎയ്യശാലീനീവൃഥാവിഷാദിക്കൊലാ * നിജജനനിപരിഭ
ണിതമധുരമൊഴികേട്ടുടൻ നീതിമാനായസുപൎണ്ണനരചെയ്തു * പര
മതമഭുജബലതേജനവാസതരം പാകേണചേൎന്നുള്ളുപായമാൎഗ്ഗേ
ണവാ* അവരുടയമതമഖിലമനുസരിച്ചെങ്കിലു മമ്മയ്ക്കുദാസ്യമൊ
ഴിപ്പതുണ്ടിന്നുഞാൻ * ഗരുഡനൊടുവിനതയുമനന്തരംചൊല്ലിനാ
ൾ ഗൎവ്വംമനസ്സിലുണ്ടാകൊല്ലചെറമമേ * ശൃണുസുഭഗതരമതിനു
പായംകുമാരക ശുദ്ധമാൎഗ്ഗംകാൎയ്യമെല്ലാററിനുംഗുണം* വിനയമൊടു
ഭുജഗപരസന്നിധൌചെന്നുനീ വിശ്വാസപൂൎവ്വമവരോടുചോദിക്ക
അവരുടയഹിതമഖിലവുംചെയ്തസാമ്പ്രത മാപദുദ്ധാരണംചെയ്വ
തത്രഗുണം* തദനുഖഗപതിയുമതിവേഗേനചെന്നുടൻ തക്ഷകാ
നന്താദിനാഗേന്ദ്രസന്നിധൌ * ചതുരതയിൽമുഴകിനിറമാൎന്നൊരു
ഭാഷിതം ചാടുപ്രകാരമമ്മാറചൊല്ലീടിനാൻ * അറിവുചെറതകത
ളിരിലില്ലെന്നതാകിലു മാഗ്രഹമൊന്നുണ്ടുഞാനിന്നുചൊല്ലുന്നു* സ
ഹജജനകൃപയൊഴികമററൊന്നൊരാശ്രയം സാമ്പ്രതംബാലകനാ
യോരിനിക്കഹോ* അതിമഹിതജലനിധികളായുള്ളനിങ്ങളു മല്പമെ
ന്നിൽക്കടാക്ഷിച്ചരുളേണമേ* ഇതിഗരുഡവചനമലിവോടുകേട്ട
ന്നേരമീശ്വരഭാവംനടിച്ചുസൎപ്പങ്ങളും* വിധുരതകൾവെടികപ്രമാ
ത്ഥവരിക്കെടോ വേണ്ടുംവരംതരുന്നുണ്ടുനിനക്കെന്നാൽ * വികൃതി
പരമിയലിനഭുജംഗവാക്യംകേട്ടു വീരൻവിനതാതനൂജനുംചൊല്ലി
നാൻ * മമജനനിമലിനതരദാസ്യമകലുവാൻ മാനിച്ചുകാരുണ്യമു
ണ്ടാകവേണ്ടതും* അഹിജനവുമവനൊടതിനുത്തരംചൊല്ലിനാ രാ
ഹന്തചിത്രംനിനക്കിതോവാഞ്ഛിതം* വിഷമമിതുതരുവതുതഥാപി
പക്ഷീശ്വര വീരോടുനീയുമൊന്നുണ്ടുചെയ്യേണ്ടതും * അമരപുരിനി
ഹൃതമമൃതംകൊണ്ടുവന്നുടൻ ആശുഞങ്ങൾക്കുതന്നീടുന്നതാകിലോ
തദനുതവജനനിയുടെദാസ്യമെന്നുള്ളതും തല്പരംതാപവുംതീൎന്നുകൂ
ട്ടാദ്രുതം*ഭുജഗജനവചനമിതികേട്ടുതാൎക്ഷ്യൻതദാ പൂൎണ്ണമോദേനമാ
താവോടുരചെയ്തു* അമൃതമിഹവിരവിനൊടുകൊണ്ടുവന്നീടുവാ നം
ബഞാൻദേവലോകത്തിനുപോകുന്നു * അശനമയിതരികമമവൈ
കുരുതാതുമേ ആധിയെല്ലാംഞാനകററുവൻനിൎണ്ണയം* തനയനൊ

ട്ടതെന്നു വിനതാവാക്യമബ്രവീൽ മാമകം ചൊല്ലാമതിന്നുപായം തവ*
അപരജലനിധിനടുവിലമിതബലശാലികളുന്തമില്ലാതകിരാതരു
ണ്ടൊക്കെടോ* അപരിമിതദുരിതചയമാചരിച്ചനപഹമങ്ങു വാണി
ട്ടുന്നതെന്നുമറിയണം* ദ്രുതമുദരമവരുടൽ ഭുജിച്ചുനിറച്ചുകിലൂനമാം
വൈപദാഹമെന്നാൽ നിനക്കെടോ* ധരണിസുരജനമൊഴികയെമററു
ള്ളവർകളെ ധർഷണം ചെയ്തു ഭക്ഷിക്കമഹാമതേ * ധരണിസുരന
യിസുതദുരാചാരനെങ്കിലും ധർമ്മമല്ലോർത്താൽ തദീയം വിഹിംസിതം*
അതുപരിചിലറിവതിനുപായവും ചൊല്ലുവനാത്മകണ്ഠം ദഹിച്ചീ
ട്ടും തദന്തരേ* വിപ്രജനയതവഭവതു സൌഖ്യമെല്ലാടവും വാച്ചൊവി
ധേയമല്ലാതൊരുവീര്യവും * ഇതി വിനതനിജസുതനനുഗ്രഹം നൽ
കിനാളിച്ഛയാ കൂപ്പിത്തൊഴുതു ഗരുഡനും* സപദിജലനിധിവിവര
മാസാദ്യതൽക്ഷണേ സാമോദമാഹരിച്ചാൻ കിരാതാൻ ബഹൂൻ *
അതിനിടയിലൊരു ധരണിസുരനധികകശ്മലനംഗജാർത്ത്യാ ശബ
രാംഗനാസക്തനായ് * സതതമപിസരസമതിമോഹം വസിപ്പവൻ
സഞ്ജധനായ്പുനഃകഷ്ടം വിധിബലാൽ* ഗളതലവുമതു പൊഴുതതിവ
പാരം ചുട്ടുഗർവ്വാവെടിഞ്ഞു വിഷാദേന താർക്ഷ്യനും* ജനനിഗിരമനുക
ലനവും ചെയ്തു സത്വരം ജാതാദരം വിളിച്ചൊന്നു ചൊല്ലീടിനാൻ *
ധരണിസുരധരണിസുരവരികയിപ്പുറത്തെടോ ധർമ്മമല്ലാ നിന്നെ
ഹിംസിപ്പതേതുമേ * ബഹുദുരിതഗണമുടയവൻ ഭവാനെങ്കിലും ബ
ഹുമോദം പുറത്തിങ്ങുപോന്നീടുക * ഖഗപടലപതിവചനമാകർണ്യ
വിപ്രനും കാമാർത്തനായവൻ തന്നോടുരചെയ്തു * ഒരുതരുണിമമദ
യിതയുണ്ടത്ര സംഗതാ ഓമൽക്കിളിമൊഴി കല്യാണരൂപിണി* അവ
ളൊടു പിരിഞ്ഞിനിക്കാവശ്യമില്ലെന്നു മാത്മസംരക്ഷണമെന്നറി
ഞ്ഞീടുക * അഥഗരുഡനതുമനുസരിച്ചോരനന്തരമാത്മകാന്താ
സമേതം മഹീദേവനും* ഗരുഡഗളവിവരമതിൽനിന്നു പുറപ്പെട്ടു ഗ
ർവ്വിഷ്ഠശീലൻ നടന്നു യഥേഷ്ടമായ് * ഖഗപതിയുമനവധികിരാതജ
നത്തെയും ഖാദനം ചെയ്തു വിശപ്പടങ്ങായ്കയാൽ* നിജജനകസവി
ധമുപഗമ്യ ഭക്ഷ്യാസമം നിത്യാഭിമാനീനമസ്കരിച്ചീടിനാൻ * അതിമ
ഹിതസലിലനിധികാശ്യപൻ തൽക്ഷണേ ആനന്ദമോടുമാശീർവ്വാദ
പൂർവ്വകം * തനയഭവദുപഗമനമെങ്ങു നിന്നാകുന്നു താല്പര്യവും കു
ത്ര വേതി ചൊല്ലീടിനാൻ * അയി ജനകതവ ചരണനളിനയുഗളം
തൊഴാമാശിഷമോദമെന്നിൽ ഭവിച്ചീടണം* ജനനിയുടെ ദുരിതഫ
ലദാസ്യമകററുവാൻ ജാതമോദം സുധാമാഹരിച്ചീടുവാൻ * ത്രിദശ
പതിനിലയനവുമദ്ദിശ്യ ഞാനിന്നു തീവ്രം പുറപ്പെട്ടു പോകുന്നിതും വി
ഭോ* പെരുകിനൊരു ശബരകുലമാകവെ തിന്നിട്ടും പൈദാഹമേതു
മിനിക്കു ശമിച്ചീല* അതിനുമയി കരുണ ഭവതാം ഭവിച്ചീടണമുള്ള

താംഭക്ഷ്യമിനിക്കിനൽകീടണം* തനയഗിരമിതിനിശമനംചെയ്തുകാ
ശ്യപൻ തല്പരംപുത്രനോടേവമുരചെയ്തു * ഒരുനഗരമതിലയിപുരാ
രണ്ടുഭൂസുര രോതാൽ സഹോദരന്മാരവരന്യോന്യം * ജനകധനമ
തിനടയതായി വന്നീടുവാൻ ജാതമോദേന പെരുതാശു കലഹിച്ചു* അ
തിലവരിലിരുവരിലുമഗ്രജൻ വിഭാവസു വെന്നഹോ സുപ്രതീകൻമ
റാപരനും* ഇരുവരുമിതനുഭവത്തുകലഹമിയലുംവിധൌ അന്യോന്യ
ശാപമുരചെയ്തിതന്നേരം * മദമധികമിയലുമിനിനീഗജമായ്പോക
യെന്നുശപിച്ചുവിഭാവസുവുംതദാ* അതുപൊഴുതിലധികരുഷാ സുപ്ര
തീകൻതാനാ മാമയായ്പോകനീയെന്നുശപിച്ചിതു* ഇതിനനുപദിജന
കധനമൂലംശപിച്ചവരങ്ങിനെതന്നെഭവിച്ചാരിരുവരും * കുതുകമി
തുമദകരിശരീരമുയരവുംക്കൂറല്ലഷഡ്യോജനമാത്രമുണ്ടെടോ*വിമതിന
ഹിവികൃതതരകൂർമ്മദേഹോച്ഛ്രായം വിസ്മയമെത്രയുംമൂന്നുണ്ടുയോജന
വിശദതയിലതിശയമഹോപത്തുയോജന വിസ്താരവുമുണ്ടിരുവർശ
രീരവും*പുനരപിച പെരുകിനൊരുവൈരേണതാവുഭൌപുണ്യസ
രസ്സടേനിത്യമഹന്നിശം* സരസ്സജയകുതുകമൊടുവാഴുന്നു സാമ്പ്രതം
സതപരംനീയുമവരെഭുജിക്കെടോ * ജനകഗിരമിതിനിശമനംചെ
യ്തുതാർക്ഷ്യനും ജാതസമ്മോദംവിടതൊഴുതഞ്ജസാ * പിതൃകഥിതസുമ
ധുരതരസ്ഥലംപ്രാപിച്ചു പിണ്ഡവൽകൂർമ്മമാതംഗൌവഹിച്ചവൻ *
ഗഗനതലമതിലമിതജവമൊടഥപൊങ്ങിനാൻ ഗന്ധർവ്വലോകവും
കണ്ടുവുകടന്തിനാർ *ഒരുനിമിഷമിഹകഴിയുമളവഥവിളംബമാമു
ത്തമതീർത്ഥദേശേചെന്നകംപുക്കു * രസഭരിതമത്തുപൊഴുത്തുതത്തീര
സംഭവം രോഹണീവൃക്ഷമവനോട്ടുരചെയ്തു * പതഗകുലപരിവൃഢ
മദീയശാഖാകുലം പാർത്തുകണ്ടാലുംശതയോജനായതം * ഇതിലരി
യസുഖമൊടുമിരുന്നുഭക്ഷ്യങ്ങളുമീശപതത്രിണാംഭക്ഷിച്ചുപോകനീ *
തരുവചനമിതിനിശമനംചെയ്തുതാർക്ഷ്യനും * തത്രശാഖായാമിരുന്നു
സഭക്ഷ്യമായ് * പെരുകിനൊരുഭരമതുസഹിച്ചുകൂടായ്കയാൽ പെട്ടു
ന്നുപൊട്ടിമുറിഞ്ഞുതേശാഖയും * അഥഗരുഡനതിലതിതപോനി
ഷ്ഠയാസമ മണ്ടുവാഴുംബാലഖില്യമുനികളെ * ഉദിതഭയവിവശമവ
ലോകനംചെയ്തുട നമ്മൈസ്സുരംവഹിച്ചീടിനാൻശാഖയും * ഗഗ
നഭുവിഗജവിടപകൂർമ്മങ്ങൾകൈക്കൊണ്ടു ഗർവ്വേണപാർത്തുഴന്നീടും
ദശാന്തരേ * ത്രിദശജനമുനിതിലകനായുള്ളകാശ്യപൻ തീവ്രംതൻ
ജാത്തികണ്ടിട്ടുരുൾചെയ്തു * വിജനഭുവിപരിചിനൊടുശാഖാന്യസി
ച്ചുനീ വീതഖേദംഭക്ഷ്യമാസ്വാദിച്ചീടുക * ഇതിജനകവചനമുപക
ർണ്യപക്ഷീശ്വര നിത്ഥംസമാതനോദിഷ്ടംമഹാശനം * തദനുദിവി
പലവിധവുമല്ലാതമോരോന്നു താപാതിരേകദംകണ്ടുവലാരിയും * സൂ
രനികരഗുരുവരനോടഖിലമപിസാദരം സൂചിച്ചുനേരമരുൾചെയ്തു

ജീവനും * വലമഥനനിശമയമഹോല്പാതകാരണം വല്ലതെന്നാലും നിനക്കനൎത്ഥംബുദ്ധം * മുനിപടലമകുടമണികാശ്യപൻതാൻപണ്ടു മൂലസപത്രുപവിത്താനീതസാധനൻ * പരിചിനൊടുവലയജനമാചരിച്ചമ്പോടു പരിസ്ഥിതൻസംഭാരസംഭൃതികളായ്ക്കദാ * ബഹുമഹിമഗണമുടയബാലഖില്യന്മാരെ ബഹുമാദരംനിയോഗിച്ചോരനന്തരം * അധികതാകൃശതയുമലംഘ്യമാംതേജസ്സുമംഗുഷ്ഠതുല്യസ്വരൂപവുംപൂണ്ടവർ * നിജശിരസിവിവിധമപിയാഗസംഭാരവും നിശ്ചലന്മാരായ്വഹിച്ചുപോകുംവിധൌ * വഴിയിടയിൽമരുവിനൊരുഗോഷ്പദസോദകേ വാങ്ങിയുംമുങ്ങിയുംപൊങ്ങുന്നതുകണ്ടു * അകതളിരിലധികതരകുതുകമൊടുനീയുമന്നാത്മഹസ്തങ്ങളുംകൊട്ടിച്ചിരിച്ചതേ * അതുപൊഴുതിലവരുമതികോപേനനിന്നെയു മാത്രശപിച്ചതുമൊക്കെമറന്നിതൊ * അപരിമിതബലജലധികാശ്യപനന്ദന നാമവാൻപക്ഷിസപത്നൻമഹാമതി * സമരഭുവിഭവദനുചരന്മാരെയുംതഥാ സാമൎത്ഥ്യമുള്ളോരുനിന്നെയുംവെന്നുടൻ * മധുരതരമധിഗതജയശ്രീവിഭാതനായ്മാനേനപോകുന്നതുംകണ്ടുഞങ്ങളും * പെരുകിനൊരുകുതുകമൊടുപരിഹസിച്ചീടുവാൻ പേൎത്തുമവകാശമുണ്ടായ്വരേണമേ * ഇതിഝടിതിമുനിജനമഹോശപിച്ചുമുന്ന മിന്നതിൻകാലംനിനക്കുവന്നുദൃഢം * തവഭവനനിഹിതമമൃതംകൊണ്ടുപോകുവാൻ താല്പൎയ്യമോടുവരുന്നുസുപൎണ്ണനും * ഗുരുവചനനിശമനദശാന്തരെവാസവൻ ഗൂഢംവിളിച്ചഗ്നിമുഖ്യന്മരചെയ്തു * പരിചിനൊടുപലരുമൊരുമിച്ചുകാത്തീടുക പാരാതെപീയൂഷമന്ദിരംമാമകം * സുരനികരപരിവൃഢഗിരാദേവവൃന്ദവും സൂക്ഷിച്ചുസംയുഗന്മാരായ്മരുവിനാർ * തദനുശിവശിവകനകഗിരിസമകളേബരൻ താൎക്ഷ്യനുംദേവാലയംതന്നിലുൾപ്പുക്കു * തരിതമൊടുചിറകടിനിനാദേനദേവതാചാതുൎയ്യമൊക്കെക്കളഞ്ഞിതുക്ഷണംവിധൌ * സുരജനവുമപരിമിതശസ്ത്രാസ്ത്രജാലവും തൂകിത്തുടങ്ങിനാർവൈനതേയോപരി * ചടുലനഖപരമതമപക്ഷതുണ്ഡങ്ങളാൽ കാരുണ്യശാലിഖണ്ഡിച്ചുഗരുഡനും * പുനരമിതസമരമുളവായതോതീടുവാൻ പുണ്യംവചസ്സിനുപോരാനമുക്കഹോ * തദനുസുരപതികളനലാദിയായുള്ളവർ തങ്ങളുമൊന്നിച്ചുകോപതാമ്രാക്ഷരായ് * തിറമുടയവിശിഖനിരതൂകിത്തുടങ്ങിനാർ തീക്ഷ്ണതുണ്ഡൻപതംഗാധിനാഥൻതദാ * ചടുലതരചിറകടികൾകൊണ്ടുതസ്മിൻക്ഷണേ ചാരത്തുവന്നുള്ളബാണങ്ങൾഖണ്ഡിച്ചു * ബഹുതരപരാഗപാള്യുല്ലുളനംചെയ്തു ബാധംസുരാളിനേത്രാധിമേകീടിനാൻ * പവനനതിരഭസചിതവിജൃംഭണംതൽക്ഷണെ പാരിച്ചധൂളീവൎഷത്തെശ്ശമിപ്പിച്ചു * പുനരനലനധികതരജ്വാജ്വല്യമാനനായ് പൂൎണ്ണരോഷേണനിജാസ്ത്രംപ്രയോഗിച്ചു * ഭവന

തലമഖിലമപി ദീനദീനൻതദാ പൂൎണ്ണതാപം ദഹിച്ചീടുമാറായ്വന്നു *
പതഗാധിപനകതളിരിലോൎത്തുകണ്ടടിനാൻ പാവകാസ്ത്രം തടുപ്പാനു
ള്ളുപായവും * ദശശതകവദനമപി ഭീഷണം കൈക്കൊണ്ടു ഘനശ്രു
കാരാതിവിശപാഭിപൂൎണ്ണനായ് * അമരവരധുനിസലിലമാംവിധം സ
ത്വരമത്ഭുതമെത്രയും വൎഷം തുടങ്ങിനാൻ * ദഹനനുടനതിവിപുല
വേദനാപൂൎവ്വകം ദൈവം വെടിഞ്ഞു കുത്രാപി നിലീനനായ് * അമരജ
നമഖിലമപി മണ്ടിനാരഞ്ജസാ ആശയമൊട്ടു തെളിഞ്ഞു ഗരുഡനും *
അമൃതഗൃഹമരികിലവലോകനം ചെയ്തുവ നങ്ങുകടപ്പാനുപായം നി
രൂപിച്ചു * സകലജഗദധിപതി സനാതനൻ മാധവൻ സൎവ്വദാകാ
ത്തിരുന്നീടുന്നതും കണ്ടു * തദനു ഹരികരകലിത ചക്രാരമദ്ധ്യത്തൊടാ
നതിസൂക്ഷ്മശരീരനായുൾപ്പുക്കു * അമൃതഘടമഴകിനൊടെടുത്തു പുറ
ത്തുപോന്നത്യുഗ്രമോദം ഗമിക്കുംദശാന്തരേ * കമലദലനയനനുമ
തിവസന്തോഷിച്ചു കാരുണ്യപൂൎവ്വകമേവമരുൾചെയ്തു * അയി ഗരു
ഡ ഭവദതുലവിക്രമം കാൺകയാലത്ഭുതം ഞാനുംപ്രസന്നനായീടിനേ
ൻ * വരയ വരമഭിലഷിതമെന്തതെന്നാകിലും വൈകാതെ ഞാനും
തരുന്നുണ്ടു നിൎണ്ണയം * ഭഗവതനുഗളിതഗിരമിങ്ങിനെ കേട്ടവൻ ഭാ
വം തെളിഞ്ഞു വരം വരിച്ചീടിനാൻ * ഉപരി തവ സതതമപി വാസം
ഭവിക്കേണമുത്തമമേതന്മദീയചിത്താഗ്രഹം * അഖിലമപി സമഭി
ലഷിതം തരൈവാസ്തു നിന്നാൽ സാധിച്ചാലുമെന്നിതു മാധവൻ *
അഥ പതഗവരനമരാരാതി തന്നോടു മല്പ്പോൽ വരം വരിച്ചാലുമെ
ന്നോതിനാൻ * ഭവ പതഗവര സതതമപി മമ വാഹനം ഭാഗ്യം നി
നക്കു വൎദ്ധിക്കും ദിനം പ്രതി * ഇതി ഭഗവദഭിലഷിതമാകൎണ്യ താൎക്ഷ്യ
നുമിത്ഥമേവാസ്തുചിത്യനുവദിച്ചീടിനാൻ * തദനു ഹരിചരണവിവ
രേണ പക്ഷീശ്വരൻ താനും സുധാകുംഭവും വഹിച്ചഞ്ജസാ * ഗമനമി
ഹതുനിയുമളവിന്ദ്രനും കോപേന ഗൎവ്വാഭിമാനവീൎയ്യാണാം നികേതന
ൻ * വിമതകുലമതിനവതിനൽകുന്ന വജ്രവും വീറോടയച്ചു വിനതാ
ത്മജം പ്രതി * പതഗകുലചിറകിലടിപെട്ടു കുലിശവും പാരം മടങ്ങി
പ്പതിച്ചു ഭ്രമൌബലാൽ * മധുരതരമൃദുഹസിതപൂൎവ്വം സുപൎണ്ണനും മാ
നസ്സ്ലേശം വിനൈവ ചൊല്ലീടിനാൻ * തവ കുലിശമിഹ മമ ശരീരേ
പതികയാൽ താപമിനിക്കേതുമില്ല ദേവാധിപ * കുലിശബലമമര
വര സഫലമായിട്ടുവാൻ കൂറോട്ടു ഞാനനുഗ്രഹിച്ചീടുവൻ * ഇതി
സരസമമരപതിമാലംബ്യ സത്വര മിദമോദം പക്ഷമദ്ധ്യേ തൊ വിസ്മ
യം * നിജകചലവിഭവമതി ദേഹസാമ്യം പൂണ്ടു നിൎഭാതമേകം കുമാ
രം ജനിപ്പിച്ചു * അവനഭിധ ബലുഭവിസ്സുപൎണ്ണനെന്നിങ്ങിനെ ആന
ന്ത്യമാളും പരാക്രമവാരിധി * വലരിപുവൊടാശു ഗരുഡനൊന്നു ചൊ
ല്ലീടിനാൻ വല്ലാതെനിന്നുപോർ ചെയ്യൊല്ലനീവൃഥാ * സുരനിവഹ

പരിവൃഢഭടവാനോടുതുല്യരായ് സൂക്ഷ്മവീൎയ്യംപൂണ്ടുദേവതരാജന്മാർ *
അയുതദശനിയുതശതകോടിവന്നാകിലും അല്പംബഹുമാനമില്ലിനി
ക്കൊക്കിലൊ * സമരരുചിമതിമതിസുഖേനനീയുംദിവ്യ സത്മനി
ചെന്നുസസമ്മതംമേവുക * വലമഥനനഥഗരുഡനോടുചൊല്ലീ
ടിനാൻ വാത്സല്യമുണ്ടുനിനക്കെന്നിലെത്രയും * കിമിതിപുനരമൃത
മയികൊണ്ടുപോകുന്നുനീ കീൎത്തിശാലീഭവാനിങ്ങുതന്നീടുക * ഇ
ദമൊരുവനമൃതമുപജീവനംചെയ്യാകി ലിന്ദ്രാദിദേവതുല്യനായ്വ
ന്നിടും * അവനുമഥസുരനികരവിദ്വേഷണംചെയ്യ്വ മാവശ്യമില്ല
തന്നാലുമടികൊലാ * വലമഥനവചനമതിന്നുത്തരംചൊല്ലിനാ
ൻ വാത്സല്യപൂൎവ്വംവിനതാകുമാരൻ * ഇദമമൃതമഹമൊരുവിടം
വച്ചതില്ലര മിങ്ങുകൊണ്ടന്നുകൊണ്ടാലുംഭവാനെടോ * തദനുസു
രപതിയുമകതാരിൽപ്രസന്നനായ് താവൽഖഗാധിപൻതന്നോടുര
ചെയ്തു * ഭവതുതവഗരുഡചിരകാലഞ്ചജീവിതം പാരംപ്രസന്ന
നായേന്നിന്നിലിന്നുഞാൻ * വരയവരമകതളിരിലെന്തുതേകാമി
തം വല്ലതെന്നാലുംതരുന്നുണ്ടുനിൎണ്ണയം * ഖഗപതിയുമമരജനസ്ഥ
പതിയോടുചൊല്ലിനാൻ കാരുണ്യമെന്നിലുണ്ടെങ്കിലൊകേൾക്കെ
ടോ * മമജനനിപരമതമെദുഃഖംകലൎന്നതും മാനംവിനാഞാൻപരാ
ധീനനായതും * പറകിലിഹഭുജഗജനമൂലമായിട്ടഹോ പാരം
പെരുതവരന്യായവൈഭവം * അതിനനിശമവരുടനിനിക്കുഭ
ക്ഷ്യങ്ങളാ യാമയാവണ്ണമുപതിക്കേണംസുരാധിപ * ഇദമറിക
മമപരമമഭിലഷിതമെത്രയു മിന്നതിന്നായിട്ടനുഗ്രഹിച്ചീടുക * സു
രനികരപതിയുമതനുസരിച്ചുതദാ സുപ്രീതനായ്നടന്നീടിനാൻതാ
ൎക്ഷ്യനും * നിജജനനിസവിധമുപഗമ്യസാഷ്ടാംഗമായ് നീതിമാൻ
വീണുനമസ്കരിച്ചീടിനാൻ * ഭുജഗജനപരിവൃഢരെയുംകണ്ടുചൊ
ല്ലിനാൻ പൂൎണ്ണമായിഭവാന്മാൎക്കുഭാഗ്യോദയം * ഇദമമൃതമനുപമ
മഹതൃദാംനിങ്ങളു മിങ്ങുകുളിച്ചുവന്നേവരുംസേവിക്ക * മമജനനി
യുടയതൊരുദാസ്യമൊഴിഞ്ഞിതൊ മാനവാന്മാരേപരമാൎത്ഥമോൎത്തു
ക * ഇതിമധുരതരമൃദുലവചനമുരചെയ്തുവ നീഘടംദൎഭാഗ്രസീമ്നി
വച്ചീടിനാൻ * അഥഭുജഗജനമമിതസന്തോഷപൂൎവ്വക മത്ഭുതാ
ക്രാന്തരായേവമുരചെയ്തു * തവജനനിയുടയതൊരുദാസ്യമെല്ലാം
തീൎന്നു താപംനിനക്കിനിമേലിലില്ലെടോ * പെരുത്തുപെരുതയിഗ
രുഡതവബലപരാക്രമം പേടിയാകുന്നുവിചാരിക്കിലെത്രയും * ഇ
തിഭുജഗജനതയുമുദിൎയ്യമങ്ങീടുവാ നിശ്ചയാപോയോരനന്തരംവാസ
വൻ * അമൃതഘടമധികതരവേഗാലെടുത്തുകൊ ണ്ടമരലോകം

പ്രവേശിച്ചു സകൌതുകം * തദനുപരമുഴറിനസരിസൃപൌഘങ്ങ
ളും തൽപ്രദേശസുധ കാണാഞ്ഞു ഖിന്നരായ് * തൃണപടലമഖിലമെ
സമൊട്ടുനക്കീടിനാർ തൽക്ഷണേ ജിഹ്വയും ദ്വേധാവിദീർണ്ണമായ് *
ദ്വിരസനതപരമവരിലന്നുതൊട്ടാകുന്നു ദർഭ്ഭശ്ശുദ്ധിയുംതൽഫലട
ന്യായേന * പതഗധിപനതുപൊഴുതുരോഷംജ്വലിക്കയാൽ പാ
രാതെകദ്രുവിനെശ്ശപിച്ചീടിനാൻ * കുസൃതിപുനരിവകളനുവേലം
ചരിക്കയാൽ കുത്സിതയാകനീഭർത്തൃശുശ്രൂഷയെ * ഇതിഭുജഗജ
നജനനിയെയുംശപിച്ചുവ നിതമവംബലശ്ശുള്ളദാസ്യവുംപോക്കിനാ
ൻ * കളമൊഴികൾമണിതദനുവിനതയുംകദ്രുവും കാശ്യപാഭ്യാശം
ഗമിച്ചു സകൌതുകം * മുനിതിലകനഥപരമകോപതാമ്രാക്ഷനായ്
രൂക്ഷയാംകദ്രുതന്നോടുചൊല്ലീടിനാൻ * കപടഗുണമിയലിനവിന
ഷ്ടമതസന്നിധൌ കാര്യമെന്താകുന്നുദുഷ്ടമഹാശയേ * അപരിമിത
കപടകണികാഞ്ചലംകൊണ്ടുനീ അംഗനേകഷ്ടംജയിച്ചതോക്കുംവി
ധൌ * അപരിമിതദുരിതമിതുമൂലമായ്സംഗത മാത്തുനിനക്കതി
നില്ലകില്ലേതുമേ * ധനഹരണഗുരുവരപരാംഗനാസംഗമം ധൃഷ്ട
തമൂലമാംമദ്യനിഷേവണം * ഇവകളൊടുതുലിതമിഹകപടജയമെ
ന്നതു മീഷലില്ലേതുംമഹാനരകപ്രദം * ഭവതിയൊടുമിതുപൊഴുതു
സംഭാഷണംചെയ്കിൽ പാരംമഹാപാപമിങ്ങുമുണ്ടായ്വരും * തവരി
തതരമിഹനികടതോനിന്നുപോകനീ താൽകൃപവേണമിനിക്കത്രെവാ
സായ * ഇതിഭുജഗജനനിയിലുപേക്ഷയാകാശ്യപ നിങ്ങിനെധിക്ക
രിച്ചീടുംദശാന്തരെ * അനവരതമൊഴുകിനൊരുകണ്ണുനീരുംതുട
ച്ചാധിയോടെകദ്രുവീണുവണങ്ങിനാൾ * കിമപിപുനരതിനുമകത
ളിരിൽമുനിനായകൻ കീർത്തിമാനേതുമിളകീലവിസ്മയം * കനകഗി
രിശിഖരസമകുചഭരവിനതയും കാശ്യപൻതന്നെതൊഴുതുചൊ
ല്ലീടിനാൾ * മമഭഗിനിചെറതുപുനരജ്ഞാനവൈഭവാൽ മാനി
ച്ചുപാപങ്ങളോരോന്നുചെയ്തതും * അതിനരുളുകവശമനമന്യഭാ
വാൽഭവാ നംഗീകരിക്കപ്പെടിന്നദയാവാരിധേ * ഇതിവിനതപറയു
മൊരുവചനമതുകേട്ടുട നിത്ഥംകുറഞ്ഞൊന്നുചിന്തിച്ചുതാപസൻ *
കപടജയജനിതദുരിതൌഘശാന്ത്യർത്ഥമായ് കാരുണ്യശീലനുപായ
മരുൾചെയ്തു * അയിസുതനുജനമണിയുമുത്തമരത്നമേ അത്ഭുതമാ
യഫല്ലഗ്രാമസീമനി * ഉരുദുരിതഹരമനുപമംക്ഷീരകുണ്ഡമെ ന്നു
ത്തമമായുണ്ടൊരുതീർത്ഥമെത്രയും * അതിലുഴറിമുഴുകുകസസംകല്പ
മാദരാ ലപ്പോൾവരുംപാപമോക്ഷംനിനക്കെടോ * ഒരുവഴിയുമൊ
രുശമനമില്ലാതപാപങ്ങ ളൊക്കവേപോയ്നശിച്ചീടുംതദീക്ഷണാ
ൽ * അതിനുഴറുകിനിയരുതുകാലവിളംബനം മത്ഭുതമെത്രയുമത്തീ
ർത്ഥവൈഭവം * കുമിതുഗിരമിതിനിശമനംചെയ്തുകദ്രുവും കാലവി

ളംബാവിനെവപുറപ്പെട്ടു * നിജതനയജനമൊടൊരുമിച്ചസ
സംഭ്രമം നിത്യമുക്തിപ്രദംതീൎത്ഥമകംപുക്ക * ത്രിദിനമൊരുനിയമ
മൊടുമുപവസിച്ചാദരാൽ തീൎന്നപാപക്ഷയംസങ്കല്പ്യസത്വരം *
അപരിമിതദുരിതഹരമായതീൎത്ഥംതന്നിലഞ്ചുമുഴുകിയാർഭാഗ്യപൂരോ
ദയാൽ * അതികുതുകമൊടുപൊഴുതുനാലാംദിനംതന്നിലാകാശവാ
ണിയുമേവമുരചെയ്തു * ഭുജഗജനജനനിതവപാപങ്ങൾവേരറവ
പൂൎണ്ണമായ്പന്നുകൂടീപുണ്യപൂരവും * ഗരുഡപരിഭണിതമിഹശാപ
വുംതീൎന്നതേ ഗാഢംപരിഗ്രഹിക്കംകാശ്യപൻദൃഢം * ത്വജമനസി
സകലമപിദുഃഖംകൃശോദരി ത്യക്തപാപാസിസത്യംതീൎത്ഥവൈഭ
വം * ഇതിവിയതിജനിതവചനംകേട്ടുകദ്രുവുമിഷ്ടവാണീംനമസ്കാ
രംസമാതനോൽ * ത്വരിതതരമനുപമിതതീൎത്ഥത്തെയുംതദാ തല്പരം
മൂന്നുവലത്തുവച്ചീടിനാൾ * നിജരമണപരിചരണകുതുകമൊടുസ
ത്വരം നീതിമാൻകാശ്യപൻതന്നെവണങ്ങിനാൾ * മുനിവരനുമവ
ളുടയദുരിതലയമാകവെ മുല്പാടുദിവ്യദൃഷ്ട്യാകണ്ടറിഞ്ഞുടൻ * നിജ
കപരിചരണകരണാൎത്ഥമംഗീകൃത്യ നിൎമ്മലൻപാരംപ്രസന്നനായീ
ടിനാൻ * ഒരുവനയികഥയിതുചെവിക്കൊണ്ടുകേൾപ്പവ നോൎത്താ
ൽവിമുക്തനായീടുമസംശയം * മുനിപടലമടിപണിയുമുത്തമവൈഭ
വ മുൾക്കൊണ്ടുമേവുംമുനിനായകന്മാരേ * വിശമയതപുനരപിമ
ഹാതീൎത്ഥവൈഭവം നീക്കമില്ലേതുംദുരിതങ്ങൾവേരറം * രജനിചര
കുലനിധനവുംചെയ്തനന്തരം രാഘവകിങ്കരന്മാരാംകപികളും * സ
ലിലനിധിനികടമിയലുംഗന്ധമാദനേ സാരമായിട്ടൊരുതീൎത്ഥമുണ്ടാ
ക്കിനാർ * കപിപടലപരികലിതമായതുകാരണം കാമദംരക്ഷപി
തീൎത്ഥമെന്നോതുന്നു * തദനുകപിജനവുമതിലുഴറിമുഴുകീടിനാർ ത
ങ്ങൾക്കളപാപങ്ങൾപോയ്മറഞ്ഞീടുവാൻ * അതിമധുരഫലനികരദാ
നങ്ങൾചെയ്തുപോലന്നുദിവ്യതമാളുംകപീന്ദ്രന്മാരും * യമഭയവു
മതിവിഷമരോഗതാപങ്ങളും യത്നാപരോദ്ധ്യമാംദാരിദ്ര്യദുഃഖവും *
നരകഭയമിവകളിഹതീൎത്ഥനിമജ്ജനാൽ നഷ്ടമാംഗോവിന്ദഭക്തി
യുംകൈവരും * ഇതിവിവിധവരപടലദാനങ്ങൾചെയ്തുവ രിക്ഷ
യാശ്രീരാമചന്ദ്രനോടോതിനാർ * ജയപരമപുരുഷജയസീതാപ
തേവിഭോ ജാതമോദംഞങ്ങളെക്കടാക്ഷിക്കണം * ദിവിഭുവിചപവിത
തഗുണമാക്കന്നവിത്തീൎത്ഥം ദിവ്യസത്രപാവരംദേഹിസാമ്പ്രതം *
കപികളുടെസമഭിലഷിതംകേട്ടുദേവനും കാരുണ്യശാലീവരങ്ങൾന
ൽകീടിനാൻ * ഇഹസപദിമുഴുകിനൊരുപുണ്യപുരുഷൻമിഷ്ടങ്ങ
ളാകവെകൈവരുംനിൎണ്ണയം * ഭുവിദിവിചപാമിയലിനോരുതീൎത്ഥ
ങ്ങളിൽ പൂൎണ്ണമാമ്മാറവൻസ്നാതനെന്നായ്വരും * ശ്രുതിപഠനയജ്ഞ
ദാനജപഹോമാദിജംഫലം ശുദ്ധമായത്രമുങ്ങീടുകിൽകൈവരും * പ

ലത്തുമിതിവരമതിനുനൽകിരഘൂത്തമൻ പശ്ചാൽമഹേശ്വരൻതാനും
വിരിഞ്ചനും * സുരപതിയുമപരിമിതദേവതാസംഘവും സൂരികളാ
യുള്ളതാപസേന്ദ്രന്മാരും * രഘുതിലകകലിതപരമായതീർത്ഥത്തുങ്ക
ലന്യേ വിമുക്തിദേഭൃയോപിമുങ്ങിനാർ * അതിമഹിതതരമൊരിതിഹാ
സവുംചൊല്ലുവ നന്യസ്മൃതിംപിനാനിങ്ങൾക്കേട്ടീടുവിൻ * കുശിക
നരപതിതനയനായവിശ്വാമിത്രൻ കൂടലർകാലൻമഹാവിക്രമാംബു
ധി * അവനിതലമഴകിനൊടുപാലനംചെയ്യുനാ ളന്നുരാജ്യാലോ
കനാർത്ഥമൊരുദിനം * ഗജതുരഗരഥബഹുപദാദിസൈന്യൈസ്സ
മം ഗർവ്വിഷ്ഠനായ്ചിരംസഞ്ചരിക്കുംവിധൌ * കമലഭവവരതനയ
നാകുംവസിഷ്ഠനെ കണ്ടുസമ്മോദംനമസ്കരിച്ചീടിനാൻ * മുനിവര
നുമതിഥിജനയോഗ്യമാംസൽക്കാരം മുദാമഹാസംമഹീശനുചെയ്തീ
ടിനാൻ * നരപതിയുമതിലതിശയംപൂണ്ടുചിന്തിച്ചു നല്ലസൽക്കാര
മൂലാധരിച്ചീടിനാൻ * സുരഭികൃതമിദമഖിലമെന്നോർത്തുതൽക്ഷ
ണേ സുസ്മിതംതാപസനോടുചൊല്ലീടിനാൻ * തരികമമസുരഭിയെ
മുനീശ്വരവൈകൊലാ താപസന്മാക്കിതെല്ലാംകിമർത്ഥംവിഭോ *
പെരുത്തുമമകുതുകമകതാരിലിഗ്ഗോവിനെ പേർത്തുങ്ങുകൊണ്ടുപോയീ
ട്ടുവാൻമാമുനേ * മുനിവരനുമവനിപതിയോടുചൊല്ലീടിനാൻ മൂഢ
ത്വമെത്രയുംപാരംനിനക്കെടോ * സകലമുനിജനധനമിദംദൈവ
കല്പിതം സാധോനിനക്കുഞാനെങ്ങിനെനൽകുന്നു * നരപതിയുമ
പരിമിതരോഷേണചൊല്ലിനാൻ നഷ്ടമല്ലംബുധിവൈഭവംമാമകം*
പരിചിനൊടുപശുവിനെബലാല്ക്കാരച്ചെങ്കിലും പാർത്തെഞാനി
ന്നുകൊണ്ടുപോയിടുവൻ * ഇതിപരുഷതരഗിരമുദീര്യധേനുത്തമാ
മിച്ഛയാചെന്നുപിടിച്ചിഴച്ചീടിനാൻ * തദനുപുനരതിശയമലസേധ
നുദേഹതോ ദന്ദശൂകോപമക്രോധസമേതരായ് * രജനിചരയവന
ഭൂതപ്രേതഡാകിനി രാജസംഘാതംപുറപ്പെട്ടുസത്വരം * നൃപതിയു
ടെബലമഖിലവുംകൊന്നൊടുക്കിനാർ നീറുന്നവേദനപൂണ്ടുനരേന്ദ്ര
നും * നിജമനസിവളരുമൊരുതാപനാശോപായം നിശ്ചിത്യതീവ്രം
തപസ്സുചെയ്തീടിനാൻ * ശശിശകലമണിയുമൊരുതമ്പുരാനന്ത
ദാ ശാശ്വതാകാരംപ്രസന്നനായീടിനാൻ * ശരനികരമനവധി
സമാദായദേവതാ ശങ്കവെടിഞ്ഞുപുറപ്പെട്ടുഭൂമിപൻ * കമലഭവ
തനയമുനിയോടുചൊല്ലീടിനാൻ കണ്ടുകൊണ്ടാലുംമദീയപരാക്ര
മം * കുസൃതിബലമിയലിനൊരുനിൻമഹാമായകൾ കൂട്ടന്നതല്ലി
നിമേലിലെന്നോടെടോ * പരമശിവസുമുഖവരകൃപാബലംകൊണ്ടു
ഞാൻ പാരാതെഗോവിനെക്കൊണ്ടുപോയീടുവൻ * പരുഷഗി
രമിതിപലതുമുച്ചരിച്ചിട്ടവൻ പാരമെടുത്തുബാണങ്ങളെയ്തീടിനാ
ൻ * മുനിവരനുമതുപൊഴുതുമഥിതിച്ചുമാനസേ മൂഢനോടെന്തി

നിരൂപിച്ചാനന്നിങ്ങിനെ * ബഹുമഹിമതടവിനനിജബ്രഹ്മദ
ണ്ഡവും ബഹ്വാദരംമുന്നിലതുനിർത്തീടിനാൻ * അനലനുടെ
നികടഭുവിചെല്ലുംശലഭങ്ങളാടൽപ്പെട്ടുന്നതുപോലെശരങ്ങളും *
തുഹിനകരശകലധരദത്തങ്ങളെങ്കിലും തുമയിൽഭസ്മമായ്വന്നുമഹാ
ത്ഭുതം * നരവരനുമിദമഖിലവുംകണ്ടുചിന്തിച്ചു നഷ്ടഗർവ്വംനി
ശ്ചയിച്ചാനിതിങ്ങിനെ * അഖിലബലമപിവിഫലമില്ലഖല്ലേതുമേ
അത്ഭുതംബ്രഹ്മതേജോബലംകേവലം * ഇനിവിരവിലഹമപിമഹീ
ദേവനാകണമിഷലില്ലെന്നാത്തഗാധിതനുജനും * ത്വരിതതരമനു
പമതപസ്സുതുടങ്ങിനാൻ തത്തുല്യമായ്മറ്റൊരുത്തരുംചെയ്തീല* പ
ലപൊഴുതുമതിനുവലവൈരിവിഘ്നംചെയ്തു പാരംവലഞ്ഞുവിശ്വാമി
ത്രനുംതദാ * ഹിമശിഖരിനികടഭുവിചെന്നുടൻവൈധുര്യ്യഹീനംത
പസ്സതിഘോരംതുടങ്ങിനാൻ* അതികുതുകമവനുപതിനായിരംവത്സ
രമങ്ങിനെതന്നെകഴിഞ്ഞാരനന്തരം* അമരവരനകതളിരിലാടൽ
പൂണ്ടീടിനാ നമ്മഹാരാജൻതപോബലംകാൺകയാൽ * സുതനുജന
മടിപണിയുമോമൽകൃശോദരി സുന്ദരീരംഭയോടിങ്ങിനെചൊല്ലിനാ
ൻ * അയിസകലസുരജനമഹിളാശിഖാമണേ അത്ഭുതരൂപിണിരം
ഭേമനോഹരേതവയിനിഹിതമിഹമമവിഭുതയെല്ലാംശുഭേതവൽകടാ
ക്ഷാഞ്ചലാമൽബലംകേവലം * കുശികസുതനനവധിതപസ്സുചെയ്തു
നഹം കുശലില്ലാതെവസിപ്പതറിഞ്ഞീലെ * സുതനുവരുമപമതിനു
മൂക്കളുമൂലമായ് സുന്ദരീനീയുമതിനൊന്നുചെയ്യണം * മദനമദകരര
സഖേലനമോഹിപ്പിച്ചു മാനിനിമഗ്നനാക്കീടേണമഞ്ജസാ * വ്രജസ
പദിഭവതുതവകാമിതാവാപ്തിയും ഭൃത്യനാകേണംപ്രയത്നതോവാപി
താം * മദനമധുപികപടലവുംപൂണ്ടുചന്ദ്രനും മാനിനീമൌലേതുണ
യ്ക്കുംനിനക്കെടോ* വലമഥനവചനമിതികേട്ടാശുരംഭയാം വാമാക്ഷി
വേഗംനടന്നുസകൌതുകം * കുശികസുതനികടഭുവിചെന്നുനിന്ന
ഞ്ജസാ കൂരഭാവിച്ചുഗാനങ്ങൾതുടങ്ങിനാൾ* അതുപൊഴുതുപികനി
കരവുംപൂണ്ടുചന്ദ്രനു മാശുമദനനുംവേലചെയ്തുഭൃശം * നയനയുഗ
മഴകൊടുമിഴിച്ചുമന്ദംതദാ നാകനീലാളകാംകണ്ടുമുനീന്ദ്രനും * കിമപി
മുഹുരകതളിരിൽമന്മഥഭ്രാന്തിയും കിഞ്ചനക്രോധവുംപൂണ്ടുചൊല്ലീ
ടിനാൻ * അനവരതമപിതപസിസകുതുകമഥാപിമാം മംഗനേവ്യ
ൎത്ഥമുപദ്രവംചെയ്കയാൽ * കഠിനതരപരിണതശിലാരൂപവുംപൂണ്ടു
കാലമനേകമത്രൈവവസിക്കനീ * സുരയുവതിവരമണിതദൈവരം
ഭാഷയാൽ സുന്ദരികല്ലായ്ചമഞ്ഞുവീണീടിനാൾ * പുനരപിചകു
ശികസുതനനവധിതപംചെയ്തുപൂണ്ടുവിപ്രത്വംലഭിച്ചുവാണീടിനാ
ൻ* മതിമുഖിയുമതിസുചിരകാലങ്ങളിങ്ങിനെ മാലോടുകല്ലായ്ക്കിടക്കെ

ദാനാങ്കം * ഒരുധരണിസുരവരനഗസ്ത്യശിഷ്യൻമഹാ നേത്രാഖ്യ
ഷൻശേഷതയെന്നു ലോകശ്രുതൻ * കുശികസുതനെഴകൊട്ടുതപം ചെ
യ്യേണ്ടതാശ്രമേ ക്രൂരാത്മകത്ര്യത്ഥമായ മുനീന്ദ്രനും * സുചിരമഥ പെരു
കിനതപസ്സു ചെയ്യുംവിധൌ സൂക്ഷിച്ചു ട്ടുത്തുവന്നാളൊരു രാക്ഷസി *
അധികഭയജനനിയവളും ഗരാംഗാഭിധാ ആർത്തട്ടത്തീടിനാളേനം വ
ധിപ്പാനായ് * മുനിവരനുമത്തു പൊഴുതുവായവ്യമായോരു മൂലമന്ത്രം ജ
പിച്ചേന്നാം മഹാശിലാം * രജനിചരിവധമപി സമൃദ്ധിശ്യസായകം ര
ത്യം പ്രയോഗിച്ചനേരം നിശാചരി * ഭയമൊടഥ സകലദിശിമണ്ടിത്തു
ടങ്ങിനാൾ പരഞ്ഞുതുടൻ ശിലാരൂപബാണവും * അഥ രജനിചര
തരുണിദക്ഷിണാംഭോനിധൌ അബ്ധാകപിതീർത്ഥതോയേ ഭയാതുരാ *
തപരിതതരമുഴറിമുഴകീട്ടം ദശാന്തരേ തൂണ്ണം പതിച്ചു ശിലാപി തസ്മിഞ്ജ
ലേ * നിജശിരസി പെരുകിനൊരു പാഷാണപാതേന നിഷ്ഠുരാകാരാ
മരിച്ചു നിശാചരി * അമരവരനഗരമണിരംഭയും ശാപമോ ടാശ്ശുവേർ
പെട്ടു ചിത്രം തീർത്ഥവൈഭവം * ഭുവനതലമോഹനരൂപവും കൈക്കൊ
ണ്ടു പൂർണ്ണചന്ദ്രാസ്യാ വിമാനമേറീടിനാൾ * സുരയുവതിജനവുമവളെ
ക്കണ്ടു മോദിച്ചു സൃഷ്ടതീർത്ഥത്തെ പ്പുകഴ്ത്തിനാരേവരും * ശശികല
ധരമമലരാമനാഥേശ്വരം ശാശ്വതം വന്ദിച്ചു രംഭയും തൽക്ഷണേ * അ
മരജനപുരവരമകം പുക്കമോദമോ ടക്ഷീണരൂപിണി വാണു യഥേപ്സി
തം * രജനിചരതരുണിയുമഹോ തീർത്ഥമജ്ജനാൽ രമ്യമാം രൂപം ധരി
ച്ചു കാണായ്വന്നു * അവളുമൊരു സുരയുവതിനാമ്നാ ഘൃതാചി പണ്ടാ
ഗസ്ത്യശാപേന രാക്ഷസിയായതും * പ്ലവഗവരകലിതശുഭതീർത്ഥേ നി
മജ്ജനാൽ പാപമുക്താസാപി ദേവലോകം ഗതാ * അതിനരികിലതി
രുചിരമായ തീർത്ഥദ്വയമാലോകപാവനം ഭുക്തിമുക്തിപ്രദം * കമലഭ
വദയിതകൾ സരസ്വതീദേവിയും കാമിനീമൌലിയാം ഗായത്രിയും ത
ദാ * അവരുമതിമഹിമഗുണമാത്മീയസംജ്ഞയാ പേരിട്ടു നിർമ്മിച്ചി
തെന്നറിഞ്ഞീടണം * നിശമയ ചരിതമപി തന്മൂലമാകവെ നിത്യ
ശുദ്ധാദ്വൈതചിന്താപരന്മാരേ * സകലജഗദധിപതിവരണ്യൻ
ദിവൌകസാം സാമ്രാജ്യമാളുന്നദേവൻ ചതുർമ്മുഖൻ * തരുണിജനമ
ണിയുമൊരുമകുടചൂഡാമണിം കാരുണ്യശാലിനീമാത്മനോനന്ദി
നീം * സരസതരമരികിലഥ കണ്ടു മോഹം പൂണ്ടു സർവ്വദേവോത്തമൻ
മാരമാൽ തേടിനാൻ * തദനുചിതരസികതയുമങ്ങറിഞ്ഞു തദാ തത്വാ
ർത്ഥഭൂതയാം ഭാരതീദേവിയും * തദനുനിജഹൃദി പരമലജ്ജാസമേതയാ
യ് താൻ മൃഗരൂപവും പൂണ്ടു മണ്ടീടിനാൾ * മദനശരപരിഭവമൊഴിച്ചു
കൂടായ്കയാൽ മന്ദധീമാനായ്വിരിഞ്ചനും തൽക്ഷണേ * പരമജവമിയ
ലിനൊരു രോഹിണരൂപിയായ്പാഞ്ഞു പിന്നാലെത്തുടർന്നോട്ടത്തീടിനാ
ൻ * അതുപൊഴുതു സുരപടലമനുചിതസമാരംഭമാലോക്യ പാരം പ

രിഹസിച്ചീടിനാർ * ത്രിപുരഹരനഖിലജഗദുദയലയകാരണൻ തീ
വ്രംതദാലോക്യധാതൃദുശ്ചേഷ്ടിതം * നിജമനസിപെരുകിനൊരുകോ
പഭാരംപൂണ്ടു നിഷ്ഠുരവ്യാധസ്വരൂപവുംകൈക്കൊണ്ടു * കരകലിത
സുമഹിതപിനാകചാപംപരം കർണ്ണാന്തമാകൃഷ്യപാഞ്ഞുടനുടൻ *
മദനശരപരിപതനപരവശഹൃദന്തരം മരുമാലോക്യലോകേശംഗി
രീശനും * ഝടിതിപുനരൊരുശരമയച്ചാനതുകൊണ്ടു ചാലേതലയ
റവീണുവിരിഞ്ചനും * ത്രിപുരഹരശരദലിതമാശുതന്മസ്തകം തീവ്രം
വിയൽസ്ഥലശോഭിച്ചുകാണായി * സകലഭുവിതദിഹമൃഗശീൎഷമെ
ന്നാഖ്യയാ സാധുലോകങ്ങൾപുകഴ്ന്നുചൊല്ലീടുന്നു * തദുഡുപരി
സരഭുവിമഹാവ്യാധരൂപിയായ് താനുംഗിരീശനനാരതംവാഴുന്നു * സ
രസിരുഹഭവനിതിമരിച്ചോരനന്തരം സത്യസ്വരൂപിണിഗായത്രി
വാണിയും * പതിവിരഹമകതളിരിലേറ്റുംസഹിയാഞ്ഞു പാരംപെ
രുത്തൊരുദുഃഖവുംപൂണ്ടവർ * നിജരമണസമധിഗതജീവസിദ്ധ്യാ
ൎത്ഥമായ് നിത്യശുദ്ധേഗന്ധമാദനപൎവ്വതേ * നിഖിലജനസമുദയഭ
യങ്കരമാമ്മാറു നിത്യംതപസ്സുചെയ്യുന്ദിനമേവിനാർ * ഉഷസിനിജ
നിയമപരിസിദ്ധിദസ്നാനാൎത്ഥമുത്തമംകുണ്ഡദ്വയംചമച്ചന്തികെ *
അനിശമതിൽമുഴുകിനിയമേനഭക്ത്യാസമ മാദ്യന്തഹീനംജഗന്മയം
ശങ്കരം * അനവരതമപിമനസിചിന്തിച്ചുസാദര മാത്മഭൎത്തൃജീവനാ
ൎത്ഥംതപംചെയ്തു * സുചിരമിതുകഴിയുമളവന്നുഗംഗാധരൻ സുന്ദര
വിഗ്രഹൻപാൎവ്വതിവല്ലഭൻ * കരുണയൊടുമവരുടയമുന്നിലെഴുന്നെ
ള്ളി കാളകൂടാശനൻകാമാംഗനാശനൻ * അതുപൊഴുതുവിധിദയി
തമാരുംപ്രസാദമോടത്ഭുതാകാരംനമസ്കരിച്ചീടിനാർ * ശ്രുതിനിലയ
മധുരതരശബ്ദങ്ങളെക്കൊണ്ടു ശുദ്ധമാരായിസ്തുതിച്ചുപലതരം * അ
പരിമിതദുരിതചയവിധ്വംസഹേതവേ ആനന്ദമൂൎത്തയേദേവായ
തേനമഃ * പുരദഹനയമഭയവിനാശനശ്രീകണ്ഠ സംസാരമോചന
ശ്രീമന്നമോസ്തുതേ * തുഹിനകരശകലപരിചൂഡായതേനമഃ തുംഗ
ഗംഗാതരംഗോജ്ജ്വലികൃതമൌലയേ * സകലജഗദുദയപരിരക്ഷാന്തകാ
രിണേ സത്യപ്രദായതുഭ്യംനമശ്ശംഭവേ * ദഹനശശിദിനകരവിശിഷ്ട
നേത്രായതേ ദന്ദശൂകാകല്പധാരിന്നമോനമഃ * ചരണയുഗനതസുജ
നപാലഭീമാകാര ചാരുകാരുണ്യവാരാന്നിധേശങ്കര * അജഗിരിശ
ജനിമരണഭയഹരണഭൃതേശ ആദിമദ്ധ്യാന്തഹീനപ്രസീദപ്രഭോ *
മധുരതരമിതിഗിരിശനാകൎണ്ണ്യതൽസ്തോത്രം മാനസേപാരംപ്രസാദി
ച്ചനന്തരം * കമലഭവദയിതമജനമൊടരുളിച്ചെയ്തു കഞ്ജാക്ഷിമാരേ
പ്രസന്നനായഹം * അയിസുതനുജനമണിസരസ്വതിഗായത്രി
ആശയാഭീപ്സിതംചൊല്ലുകെന്നോടെടോ * ഇതിഭഗവദനഗദിതമ
കൎണ്ണ്യദേവിമാ രീശ്വരതന്നോടുണൎത്തിച്ചുകാമിതം * ജയപരമപു

ഋഷജയകാമാന്തകപ്രഭോ ജാതംകൃപാങ്കുരമെങ്കിലൊൟകേട്ടാലും * അ
പരിമിതമഹിമഗണസലിലരാശേജവാ ലാവയൊൟകോന്തംസംജീവം
കുരുപ്രഭോ * അതിനരുളുകയിതവകൃപാങ്കുരംഞങ്ങൾക്കു മന്ത്രമറൊ
ന്നിനുമില്ലഹോവാഞ്ഛിതം * തദനുഹരനവരുടെമതംധരിച്ചന്തരാ
തൽപ്രീതികാരണംഭൂതങ്ങളെക്കൊണ്ടു * നളിനശയനുടലഘശിരസ്സു
മെപ്പേരുമേ നാളീകനേത്രൻവരുത്തിനാനഞ്ജസാ * വിധിതലകൾക്കുട
ലിലഘചേർത്തു വിശേഷശനും വീതഖേദമെഴുന്നേററവിരിഞ്ചനും *
ശശിശകലധരനുടയവൈഭവംചിന്തിച്ചു ശാന്തനായ്ഭൂയോപിഭൂയോ
വണങ്ങിനാൻ * മദനമദഹരനഥവിധിയൊടരുൾചെയ്തു മര്യാ
ദാകൈവെടിഞ്ഞീടൊലാമേലിൽനീ* അനിശമപിമഹിതതമസേതു
വിധ്വംസിനാ മാതൃശാസ്താവുഞാനെന്നറിഞ്ഞീടണം * തച്ചരിതമി
തിനളിനഭവമാലംബ്യസാദരം തല്പത്നിമാരോടുമേവമരുൾചെയ്തു *
സപദിനിജപതിയൊടൊരുമിച്ചുപോയീടുവിൻ സത്യലോകാന്തേസു
ഖേനവാണീടുക * അതുമൊഴികവരമിനിയുമൊന്നുതന്നീടുവ നാശ
യമ്മേതുഷ്ടമായതുമൂലമായ് * ഇദമറികഭുവിവിതതകീർത്തിമത്തായ്പുരു
മീട്ടശംനിങ്ങൾതീർത്തോരുകുണ്ഡദ്വയം * ഒരുപുരുഷനിതിലുടനമുഴു
കുകിലവൻതന്നി ക്കുള്ളപാപങ്ങളെല്ലാംതീർന്നുമുക്തനാം * നിഖില
ജനഭവ്യകപരിണായകംനിർണ്ണയം നിങ്ങൾനാമംതീർത്ഥനാമമായുംവ
രും * ഇതിനുടയമഹിമയൊടുതുലിതഗുണമായിമ റ്റീദൃശംതീർത്ഥമി
ല്ലെന്നുമറിയണം * പലവരവുമിതിസപദിതീർത്ഥദ്വയത്തിനും പാർവ്വ
തീകാന്തനരുൾചെയ്തനന്തരം * മറയവർകൾപുകഴുമൊരുഗുണനി
ധിമാഞ്ഞുതേ കാമിനിമാരുംവിരിഞ്ചനുംതൽക്ഷണേ * ഭുവനഗണതി
ലകിതമലംസത്യലോകവും പൂർണ്ണമോദംപുക്കിരുന്നുയഥാസുഖം* ച
രിതമിദമൊരുവനൊരുദിവസമുരചെയ്കിലോ ചാരുതൽസ്നാനഫലം
ലഭിക്കുംദൃഢം * ഇനിയുമൊരുശുഭകഥവചിക്കുന്നതുണ്ടുഞാ നിത്തീ
ർത്ഥവൈഭവംകേട്ടുകൊണ്ടീടുവിൻ* അവനിവരതിലകനഭിമന്യുതനൂ
ജനാ മാത്മവാൻശ്രീപരീക്ഷിത്തെന്നവിശ്രുതൻ * ഭുവനതലമഴകി
നൊടുപാലനംചെയ്യുവൻ പൂർണ്ണമോദംഹസ്തിനപുരേമേവിനാൻ*
ഒരുദിവസമവനിപതിനായാട്ടിനായുട നോർത്തുകാന്താരഭൂമൌചരി
ച്ചീടിനാൻ * വിപിനമൃഗനികരമുടനനവധിവിരോധിച്ചു വീതശങ്കം
സംഹരിച്ചുസസംഭ്രമം * അതിലധികജവമൊടൊരുഹരിണമതിമുഷ്ക
ര നാസ്ത്രശരംകൊണ്ടുഖേദവനാക്രാന്തനായ് * വിപിനഭുവികുഹചനമറ
ഞ്ഞോരനന്തരം വീരോടുമന്നവനാരഞ്ഞുസത്വരം * അതിലധികജ
വമൊടൊരുതുരഗവരമാരുഹ്യ സാഹസീപോത്തങ്ങുമിങ്ങും നടന്നുട
ൻ* തദനുനരപതിയുമതിഖേദമോഹവുംപൂണ്ടു താപംസഹിക്കാഞ്ഞുതാ

ഞ്ഞുവിവശനായ് * അപ്പൊഴുതിലവിടെയൊരുശമീകാഖ്യമുനിവരനുമാത്മനാ
ആത്മസ്വരൂപവുംധ്യാനിച്ചനാരതം * നയനയുഗമഴകിനൊടടച്ചി
രിക്കുന്നതും നന്നായ്പുലാൿഭൂപാലനുംചൊല്ലിനാൻ * മുനിതിലക
പാകപരമാൎത്ഥമെന്നോടുനീ മൂകനായ്ത്തന്നെവസിക്കൊലാസാ
മ്പ്രതം * മമപിതൃപിപഠിതമൊരേണോത്തമംഭവാൻ മണ്ടുന്നതും
മുനേകണ്ടിതോചൊല്ലുക * മനുജപതിപറവതിതുമേതുമറിഞ്ഞീല മാ
ഹാത്മ്യമേറുംസമാധികൊണ്ടമ്മുനി * തദനുനരപതിയുമതികോപ
താമ്രാക്ഷനായ് തത്രനോക്കുംവിധൌകണ്ടുതദന്തികെ * ഒരുഭുജഗമ
സൃചികലമായ്ശുഷ്കദേഹമായേറാമുണങ്ങിവരണ്ടുകിടപ്പതും * തദ
നുപുനരവനിപതിധനുരടനികൊണ്ടഹോ താപസകന്ധരംതന്നി
ലിട്ടീടിനാൻ * തദനുനിജനഗരമതിലുഴറിനടകൊണ്ടുതേ താന്തനാ
യ്പന്നതുമൂലംനരാധിപൻ മുനിവരനുമൊരുതനയനതിശയിതബുദ്ധി
മാൻ മുല്ലക്കകണ്ടാനിദംതാതവൈകൃതം * അനലനൊടുതുലിതത
മനായ്ജ്വലിക്കുംക്രുധാ ആശുഭൂലോകപാലംശപിച്ചീടിനാൻ * മ
മജനകഗളഭുവിഭുജംഗമംചേൎത്തൊരു മാത്സൎയ്യശീലൻമഹീശൻമ
ഹാശാൻ * ഉരഗജനപരിവൃഢനഹോതക്ഷകൻകടി ച്ചിന്നുതൊ
ട്ടേഴാംദിനമരിച്ചീടുക * ഇതിവിപുലഭയജനിതശാപമേകീടിനാ നീ
ഷ്യാതിഭാരംസഹിയാഞ്ഞുശൃംഗിയും * തദനുപുനരതിവിമലനായ
ശമീകനും താനേനിജനയനംതുറക്കുംവിധൌ * ഭുജഗശവമിഹനി
ജഗളഭുവികിടപ്പതും പുഷ്ടകോപംനിജപുത്രൻശപിച്ചതും * സക
ലമപിസമുദിതമറിഞ്ഞുവിചാരിച്ചു സത്വരംനന്ദനൻതന്നോടുരം
ചെയ്തു * അയിതനയകിമിതിനരവരമിഹശപിച്ചുനീ കിംവൃഥാകോ
പേനപാപമാൎജ്ജിക്കുന്നു * പെരുതുഗുണമിയലനൊരുനരപതിമ
രിച്ചാകിൽ പേയായ്വരുംലോകവാസികളേവരും * ക്ഷമയുമതികരു
ണയുമൊഴിഞ്ഞുമറ്റൊന്നില്ല ക്ഷേമദമൈഹികപാരത്രികങ്ങളിൽ *
തനയനൊടുപലതുമിതിപരിചൊടുപദേശിച്ചു തന്നുടെശിഷ്യനോ
ടിങ്ങിനെചൊല്ലിനാൻ * വ്രജസപദിനരപതിപുരംഹസ്തിനാഭിധം
വൈകാതെഭൂപാലനെക്കണ്ടുചൊല്ലുക * മമതനയനവനിപതിത
ന്നെശപിച്ചതും മറ്റുള്ളവൎത്തമാനങ്ങളുംചൊല്ലുക * മുനിവരനുമ
ഥപരമഗുരുവരനിയോഗേനമൽപ്പുക്കരാജാവിനെക്കണ്ടുരചെയ്തു *
ജഗദധിപനിശമയഭവൽകൎമ്മദോഷേണ ജാതമായ്വന്നുകൂടീശാപ
സങ്കടം * ഇന്നുപകലനവധികപുണ്യങ്ങൾചെയ്യാലു മിന്നുതൊ
ട്ടേഴാംദിനമരിക്കുംഭവാൻ * പറകിലതിനതുപൊഴുതുഹേതുവായ്
തക്ഷകൻ പന്നഗാധീശൻകടിക്കുമസംശയം * സകലമിതിസമ
ധിഗതവൃത്താന്തമാലംബ്യ സത്വരംതാപസൻപോയ്മറഞ്ഞീടിനാ
ൻ * അവനിപതിശിവശിവതദാവിഷാദാഗ്നിനാ അന്തരാദഹിച്ചി

തെന്നുപറഞ്ഞീടായ്വു * അഥനൃപനുമതിവിപുലമൂൎച്ഛയാസംയുത
മത്രൈവജാഹ്നവീമദ്ധ്യേമനോഹരം * കനകമയമതിരുചിരമേകസ്തം
ഭോപരി കല്പയാമാസ സൗധമണ്ഡപംവിസ്മയം * അതിലവിരളമപി
വിഷചികിത്സകന്മാരോടു മാന്ത്രവിജ്ഞാനികളായുള്ളവരോടും * അ
തിമഹിതഗുണനിലയമുനിപടലമോതിനോ രദ്വൈപതവുംകേട്ടവിഷ്ണു
ഭക്തോത്തമൻ * നിജമരണമകതളിരിലോൎത്തുസന്താപേന നിത്യം
കഥാശ്രവണംചെയ്തുമേവിനാൻ * സമുപഗതമഥസപദിസപ്തമം
വാസരം സത്വരംതക്ഷകൻതാനുംപുറപ്പെട്ടു * അവനിസുരവരനു
ടയവേഷംധരിച്ചവ നാശുപോകുംവിധൌമാൎഗ്ഗമദ്ധ്യേതദാ * ധര
ണിസുരനൊരുവനഥകാശ്യപനന്ദനൻ ധന്യനൃപൻമഹാമാന്ത്രി
കോത്തംസകൻ * സരസതരമിഹവരുവതുംകണ്ടുതക്ഷകൻ സാര
സ്യമാളുന്നവാക്യമോതീടിനാൻ * അയിധരണിസുരവരഭവാനെന്തു
മൂലമാ യത്രവന്നുകിംമനോഗതംതാവകം * തദനുപുനരവനൊട
തിനുത്തരംചൊല്ലിനാൻ താമസമെന്നിയേകാശ്യപഭൂസുരൻ * കു
രുനൃപതിവരനുമൊരുശാപമുണ്ടായതും കുററങ്ങൾചെയ്യതുംകേട്ടീ
ലയോഭവാൻ * ഉരഗജനപടലപതിതക്ഷകനെന്നവൻ ഇന്നുഭൂപാ
ലംകടിച്ചുകൊല്ലുംദൃഢം * അവനിപതിവിഷഭയമൊഴിപ്പതിന്നാ
യിഞാ നങ്ങുപോകുന്നതുമെന്നുമറിയേണം * ഗൃഹഭരണമതിനുധ
നമില്ലായ്കകാരണം ഗ്രാഹ്യനായ്വന്നുകൂടിഞാനുമിന്നെടോ * ധരണി
പതികരുണമയിമാത്രമുണ്ടാകിലൊ ധാൎഷ്ട്യമല്ലേതുംകൃതാൎത്ഥനാ
യുംവരും * അഹിപതിയുമതുപൊഴുതുകാശ്യപൻതന്നോടു മാത്സ
സത്രപവുംപൂണ്ടുചൊല്ലീടിനാൻ * അഹമറികധരണിസുരതക്ഷ
കനെന്നവൻ ആരെടോമദ്വിഷംതീൎക്കുന്നതുംഭുവി * അതിനുമതി
പരിചൊടുഭവാനെന്നതാകിലൊ ന്നാശുപരീക്ഷണംചെയ്തുബോ
ധിക്കണം * അതിവിപുലവിടപപരിപൂരിതാകാരമാ യംബരത്തോ
ളമുയൎന്നുവിസ്മാപനം * വടധരണിരുഹമതിമഹോന്മദീയംവിഷം വ
ൎദ്ധിപ്പതാശുകണ്ടാലുംമഹീസുര * ഭവതിബതഭവതിയദിമതിബലമ
നന്തരം പണ്ടത്തുപോലെചമച്ചുവെക്കീടൊലാ * ഇതിധരണിസു
രവരമുദീൎയ്യനാഗാധിപ നീദൃശഭൂരുഹേസന്ദംശനംചെയ്തു * അതി
കുതുകമതുപൊഴുതിലമ്മഹാവൃക്ഷവു മന്യനഭസ്മമായ്വന്നുവിഷാഗ്നി
നാ * അതിനിടയിലൊരുനരനതിന്മേലിരുന്നതു മാരുമറിഞ്ഞീല
വനുംദഹിച്ചുപോയ് * ഭുജഗജനപതിവിജൃംഭണംകാണ്കയാൽ പൂ
ണ്ണുമോദംപൂണ്ടുകാശ്യപൻചൊല്ലിനാൻ * വിരവൊടയിപരികലയ
മാകംവൈഭവം വീരൻഭവാനിതിന്നില്ലസന്ദേഹവും * സകലവി
ഷമപിമമവിലോകനമാത്രേണ സത്വരംനഷ്ടമായ്വന്നുകൂട്ടുംദൃഢം * മ
ധുരതരമിതിഗിരമുദീൎയ്യചെന്നദ്വിജൻ മന്ത്രാധിരാജംജപിച്ചോരന

ന്തരം * വടവിടപിപരിചിനൊട്ടുപൂൎവ്വവൽകാണായി വാട്ടമകന്ന
വൃക്ഷരാജീവിച്ച * അഹിവരനമിത്രമഖിലമാലോക്യസാദര മ
മ്മഹീദേവന്മാരോടേവമുരചെയ്തു * കുതുകമതികുതുകമയിതാവകം
വൈഭവം കുറാമില്ലാതൊരുമാന്ത്രികേന്ദ്രൻഭവാൻ * മുനിതിലകപ
രികലിതമായൊരുശാപവും മുഷ്ണുതേരംമദപിഷത്തിൻപ്രതാപവും *
പഴുതിലൊഴികരുതതിനുവേണ്ണംഭവൽകൃപ പാരിച്ചവിത്തംഭവാനു
ഞാൻ നൽകുവൻ * ധരണിപതിതരുവൊരുധനങ്ങൾഞാൻനൽ
കുന്ന ധന്യരത്തോപമമായ്വരാനിൎണ്ണയം * പ്രിയവചനമനവധിപ
റഞ്ഞ പനിങ്ങിനെ പിന്നെക്കൊട്ടുത്താനസംഖ്യരത്നങ്ങളും * അക
ത്തളിരിലഖിലമപി ചിന്തിച്ചകാശ്യപ നല്ലായുഷ്മാംവരൻഭൂപാലനെ
ന്നോൎത്തു * ഉരഗജനപരിവൃഢചിതീൎണ്ണരത്നങ്ങളു മുത്തമൻസ്വീക
രിച്ചങ്ങുപോയിടിനാൻ * തദനുബഹുതരഹൃദയസന്തോഷപൂൎവ്വകം
തക്ഷകൻനാഗാൻസമാഹൂയചൊല്ലിനാൻ * ഇനിവിരിയമുനിതി
ലകവേഷംധരിച്ചുകൊ ണ്ടിച്ഛയാവിങ്ങളുമൊന്നുചെയ്തീടണം * ന
രവരനുസുമധുരഫലങ്ങളുപാദായ നഷ്ടസന്ദേഹംകൊടുക്കണമഞ്ജ
സാ * അതിനിടയിലഹമപിനരേന്ദ്രംവധിപ്പതി ന്നാത്മനാചിന്തി
ച്ചുപായമുണ്ടാക്കുവൻ * തദനുപരമഹികളുവനിദേവരൂപവും താ
ല്പൎയ്യമോടേധരിച്ചുപോയിടിനാർ * നരവരനുപലവകഫലങ്ങളുംകാ
ഴ്ചയായ് നല്ലകാപട്യമോട്ടുംകൊട്ടുത്തിടിനാർ * അതിരുചിരമതിനി
ടയിലൊരുബദരികാഫല മാശ്രയിച്ചകീടരൂപിയായ്തക്ഷകൻ * ത
ദപിഫലപടലമിദമഖിലമപിഭൂമിപൻ തല്പരംതാപസന്മാൎക്കനൽ
കുംവിധൌ * ചരമഗിരിശിഖരമതിലായിവികൎത്തനൻ ചാരുസ്മി
താംതാപസന്മാരുരചെയ്തു * കുരുനൃപതിപരിവൃഢനിനക്കതിന്നുഭ
യം കൂടാതുള്ളനാളീകലോചനാനുഗ്രഹാൽ * സുചിരമഥഭുവനമഴകോ
ടുരക്ഷിച്ചുനീ സൂക്ഷ്മധൎമ്മങ്ങളുംചെയ്തുവാണീടുക * ധരണിസുരജന
വചനമിങ്ങിനെകേട്ടോരു ധന്യൻനരാധിപൻതാനുംപ്രസാദിച്ചു *
അയിസുഭഗമൊരുബദരഫലമതുനിജാന്തികേ ആശയാനന്ദപ്രദം
കണ്ടുമന്നവൻ * നിയതിബലവിഭവമതൊഴിച്ചുകൂടാഞ്ഞയാൽ നിൎമ്മ
ലൻകയ്യിലെടുത്തുനോക്കീടിനാൻ * തദനുതദുപരികപിശരൂപംധ
രിച്ചോരു താരുണ്യമാളുന്നകീടത്തെയുംകണ്ടു * മൃദുഹസിതവിക
സിതമുഖത്തോടുകൂടവേ മന്നവൻചൊന്നാൻപരിഹാസഭാഷിതം *
ധരണിസുരശിഷ്യവിനുതപസ്സില്ലനിൎണ്ണയം ധൃഷ്ടനായെന്നെശ്ശപി
ച്ചാനവൻവൃഥാ * പരചുരുഷപദനളിനമാശ്രയംമാമകം പാപഫ
ലമൊന്നുമെന്നില്ലുണ്ടാവ്വരാ * ഇതിനിടയിലിതുപൊഴുതിലീഫലം
തന്നില്ലു ള്ളിക്കീടമെന്നിയേമറ്റുകണ്ടീലഞാൻ * കിമപിഭയമിഹ
നഹിനമുക്കന്തരാത്മനി കീടംകടിച്ചുമരിക്കുമാറുണ്ടോവാൻ * പല

മൊഴികളതുസരസമാലംബ്യമന്നവൻ പാരമണച്ചുനിജഗളേതൽ
ഫലം * അഥഭുജഗവരനവനിവരനുടലിലാകവെ യാശ്ശുചുററീടി
നാൻ:കാപഭാരാനചിതാ * അതിവിപുലഭയജനിതമാലോക്യതൽപ്പ
മാശ്ശുകണ്ടീടിനാർകണ്ടുനിന്നോർകളും * ധരണിപനുമതിമധുരമ
ന്ധപസ്ഥാനവും തൽക്ഷണെവെന്തുവെണ്ണീറായ്ചമഞ്ഞുതേ * ത
ദനുപുനരവനുപരലോകകമ്മങ്ങളും താപസന്മാർപുത്രനെക്കൊണ്ടു
ചെയ്യിച്ചു * ഭുവനതലഭരണമതിനായഭിഷേകവും പൂണ്ണമോദംജ
നമേജയനായ്ചെയ്തു * ധനികതയിലധികരുചിതടവിനൊരുകാ
ശ്യപൻ താൻചെയ്തുകമ്മമെല്ലാരുമറിഞ്ഞുടൻ * അവനിലലമവമ
തികലന്നുനീക്കീടിനാ രാത്മധമ്മോചിതമല്ലെന്നുകല്പിച്ചു * പുനര
വനുമതിവിപുലതാപേനനീളവേ പുണ്യദേശങ്ങൾതോറുംനടന്നീ
ടിനാൻ * സകലദിശിസുജനഗണിധിക്കൃതനായ്പുനു സാദരംശാക
ല്യനെക്കണ്ടുകൂപ്പിനാൻ * മുനിനികരമണിയുമൊരുമകുടമണിരത്ന
മേ മുമ്പുള്ളവിജ്ഞാനശാലിന്ദയാനിധേ * അഖിലജനമനിശമതി
നിന്ദിപ്പതിന്നുമാ മാവൃതമൃത്തേനിമിത്തമെന്തോതുക * അവനിസു
രനിധനമപിമദ്യനിഷേവണ മങ്ങുഗ്രുതസ്ത്രീഗമനമെന്നിത്തരം * ദു
രിതമൊരുവകയുമഹമാചരിച്ചീലഹൊ ദൂരതൊനീക്കിനേൻദുജ്ജന
സംഗവും * കിമിതിബത മനസിനഹിജാനേമഹാജനം കിൽബിഷ
കാരണംധിക്കരിക്കുന്നുമാം * ഇതിധരണിസുരമൊഴികൾകേട്ടുശാക
ല്യനു മിത്തിരിനേരംവിചാരിച്ചുരചെയ്തു * വിഷമമയിദുരിതഗതി
യാക്കറിഞ്ഞീടാവു വീരോട്ടുചൊല്ലുവനെങ്കിലുംഞാനെടോ * കുരു
നൃപതിവരനുവിഷഭയമത്തുജനിച്ചനാൾ ക്രൂരെന്നിയേമഹാപാപമാ
ജ്ജിച്ചുനീ * ഭുജഗപതി,തരുമൊരുധനത്തെവാഞ്ഛിക്കയാൽ പു
ണ്യപുരുഷംപരിത്യജിച്ചുവൃഥാ * അതുപാകിലുപചിതമഹോമഹാ
പാതക മായതുമൂലംജനങ്ങൾനിന്ദിപ്പതും * വിഷമവിഷമിതരജന
മന്ത്രകാമക്രോധ വിദ്വേഷമൂലംപരിത്യജിക്കുന്നവൻ * വിവിധമ
പിദുരിതനികരംചെയ്യുതുമവൻ വിസ്മയംതൽപാപനിഷ്കൃതിയില്ലെ
ടോ * പരമതമമതിനൊരുപദേശമോതീടുവൻ പണ്ഡിതനായനീ
കേട്ടുധരിക്കെടോ * ജലധിജലനടുവിൽമരുവുംഗന്ധമാദനേ ജാത
പുണ്യോല്ലരേപവ്വതാധീശ്വരേ * സരസിരുഹഭവദയിതഗായത്രി
വാണിയും സാന്നിദ്ധ്യമോടുവാഴുന്നുസദാകാലം * ത്വരിതമയിതദു
ദകനിമജ്ജനംചെയ്കനീ താപമെപ്പേരുംനശിക്കുമസംശയം * സര
സമിതിമുനിവചനമാകണ്ണ്യകാശ്യപൻ സാദരംയാത്രയുംചൊല്ലി
പ്പുറപ്പെട്ടു * സപദിപുനരതിമഹിതരാമസേതൌശ്ശുഭേ ശ്രീഗന്ധ
മാദനംപുക്കുവിനീതനായ് * അപരിമിതഗുണവതിസരസ്വതീദേ
വിയു മംഗനാരത്നമാംഗായത്രിദേവിയും * സതതമപിതുല്യമൊ

ടിഹ വസതികുണ്ഡദ്വയേ സന്തതം സ്നാനവും ചെയ്തുവാണീടിനാൻ * ഇരുവരുപകലവരെയുമനുസ്മൃത്യ ഭക്തിമാൻ ഇങ്ങിനെമാസമാത്രം വസി ക്കാവിധൌ * നിജമനസി പെരുകിനൊരു സന്തോഷപൂർവ്വകം നിത്യശുദ്ധാംഗിമാരായുള്ള ദേവിമാർ * ധരണിസുരനുടയ പുരതോ വന്നു സാദരം ധന്യമാർ നിന്നതു കണ്ടൊരു കാശ്യപൻ * ശ്രുതിനിഹിതപരമതമസുമധുരപദങ്ങളാൽ ശുദ്ധമാം വണ്ണം സ്തുതിച്ചോരനന്തരം * വിധുമുഖികൾ മൃദുഹസിതപൂർവ്വമരുൾ ചെയ്തു വേണ്ടും വരം വരിച്ചാലും ധരാസുര * അനുദിവസമിഹ തവ നിമജ്ജനം കൊണ്ടുട നത്യന്തസന്തുഷ്ടമാരായി ഞങ്ങളും * തവ ദുരിതപടലമഖിലം നഷ്ടമായ്വന്നു താദൃശമസ്മൽപ്രസാദമറികെടോ * കമലഭവദയിതകൾ ഗിരം കേട്ടു ഭൂസുരൻ കല്യാണശീലമാരോടു ചൊല്ലീടിനാൻ * ഹരിചരണനളിനയുഗഭക്തിയുണ്ടാകുവാൻ ഹന്ത മുമ്പിൽ കടാക്ഷിച്ചരുളീടണം * പരമവിഷഭയവിവശനാം പരീക്ഷിത്തിനെ പണ്ടു ഞാൻ കൈവെടിഞ്ഞൊരു മഹാപാപം * ചരിതതരമഖിലമപി നഷ്ടമായീടണം തല്പരം സജ്ജനസംഗമുണ്ടാകണം * മമ മനസി കരുതുകിലധർമ്മഭീരുത്വവും മാത്സര്യവൈകല്യവും സംഭവിക്കണം * ധരണിസുരവരനുടയ ചിത്താഭിലാഷിതം ധന്യാംഗിമാരേവമാകർണ്യ ദേവിമാർ * സകലമപി സപദി ചൊല്ലുത തഥാസ്ത്വിത്യേവം സമ്മോദമോടുമനുഗ്രഹിച്ചീടിനാർ * ദ്വിജവരനുമഥ സുജനസഭയിലതിയോഗ്യനായ് ദിവ്യാനുഭാവനായ്വാണു യഥാസുഖം * ശുഭചരിതമൊരുവനിദമൊരു ദിവസമോതുകിൽ ശുദ്ധവിജ്ഞാനവാനായ്വരും നിർണ്ണയം *

ഇതി ശ്രീസേതുമാഹാത്മ്യേ കല്യാണകാണ്ഡം സമാപ്തം.

## രാമനാഥകാണ്ഡം.

കേട്ടാലും ധരാസുരനായകന്മാരേ നിങ്ങൾ കേട്ടോളം മഹാപാപനാശനമിതിഹാസം * ശ്രീരാമസേതുതന്നിലുള്ള തീർത്ഥങ്ങളെല്ലാമാരഹോ പുകഴ്ത്തുവാൻ വല്ലുവോർ ധരാതലേ * എങ്കിലുമൊട്ടൊട്ടു ഞാൻ ചുരുക്കി ചൊല്ലീടുന്നേൻ സങ്കടമൊഴിവതിനില്ലമറ്റൊന്നുമേവം * ഋണമോചനമെന്നു വിശ്രുതമൊരു തീർത്ഥം ഫണിനായകശായീസായൂജ്യപ്രദം പരം * തനയനില്ലാഞ്ഞിലും കർമ്മങ്ങൾ ചെയ്യാഞ്ഞിലും വിനയോൽകൃഷ്ടം ബ്രഹ്മചര്യമില്ലെന്നാകിലും * പിതൃദേവതജനതാപഃസാൽ ഭവമൂന്നും മതിമാന്മാരേ നശിച്ചീടുവാനുണ്ടുപായം * ഋ

ണമോചനമായതീർത്ഥത്തിൽമുഴുകണം പണിയില്ലേതുമെന്നാലുണ
ങ്ങൾപോക്കീടുവാൻ * പാണ്ഡവതീർത്ഥമെന്നുണ്ടപ്പുറമൊരുതീർത്ഥം
താണ്ഡവംചെയ്യുംസദാകാലവുംതത്രശംഭു * സകലതീർത്ഥങ്ങളുമവി
ടെവസിക്കുന്നു വികലതപമെന്നിയേസന്തതംമുനിമാരേ * അദിതി
സുതന്മാരുംരുദ്രന്മാർവസുക്കളും സദയംമരുൽഗണംസിദ്ധന്മാർ
സാദ്ധ്യന്മാരും * അതിമോഹനമായപാണ്ഡവതീർത്ഥത്തിങ്കൽ സത
തംവാണീടുന്നുവിവിധഫലാപ്തയേ * ഒരുനാളൊരുനേരംതത്തീർത്ഥം
നിനപ്പവൻ തരസാഗംഗാസ്നാനഫലവാനായ്വന്നീടും * അപരംദേ
വതീർത്ഥംസകലപാപാപഹം അപരാജിതലോകപ്രാപ്തികാരണംപ
രം * പുരുഷോത്തമൻയഥാദേവതാജനശ്രേഷ്ഠൻ സരസംതീർത്ഥോ
ത്തമമായതുദേവതീർത്ഥം * ആറുവത്സരമഗ്നിഹോത്രമാചരിപ്പതും ചാ
രുതത്തീർത്ഥസ്നാനമേകദാചെയ്യുന്നതും * വിമതിവേണ്ടചൊറുംപു
ണ്യവൈഭവംകൊണ്ടു സമമെന്നറിഞ്ഞാലുംതാപസോത്തമന്മാരേ *
സകലംതദ്വൈഭവംവിസ്തരിച്ചോതീടുവാൻ വികലംനമുക്കഹോബു
ദ്ധിസാമർത്ഥ്യമോർത്താൽ * സുകൃതിജനപ്രിയംസുഗ്രീവതീർത്ഥംപരം
നികൃതിപ്രധ്വംസനംസൂർയ്യസായൂജ്യപ്രദം * തദനുനളതീർത്ഥമമിത
പുണ്യപ്രദം സദൃശമതിനോട്ടമില്ലമറ്റൊരുതീർത്ഥം * നീലതീർത്ഥവും
മഹാപാതകവിനാശനം പ്ലവംഗവാക്ഷതീർത്ഥംജനാഭീഷ്ടപ്രദം *
അംഗദതീർത്ഥംഗജതീർത്ഥവുംമനോഹരം സംഗതപാപാപഹംഗവ
യതീർത്ഥംസദാ * ശരഭൻപനസനുംകുമുദനിവരെല്ലാം സരസതരം
ചമച്ചീടിനാരോരോതീർത്ഥം * തദനന്തരംവിഭീഷണതീർത്ഥമുത്തമം
വിധിതംസർവ്വലോകേനരകക്ലേശാപഹം * ധനധാന്യാദിപ്രദംവിവി
ധരോഗാപഹം * ജനിതാനന്ദംതത്രമജ്ജനംചെയ്യാകിലോ കമലന
യനൻവിമലപാദാംബുജേ ശമലമകന്നവർചേർന്നീടുമസംശയം *
സൗയ്യനദിതാനുംഗന്ധമാദനാചലേ സരസാവസിക്കുന്നുരാമേശ
സേവാർത്ഥമായ് * പതിനായിരംകോടിതീർത്ഥങ്ങളനവേല മതിമോ
ഹനംരാമസേതുവിൽവസിക്കുന്നു * സകലദേവന്മാരുംമൂർത്തികൾമൂ
ന്നുപേരും സകലശ്രുതികളുംവാഴുന്നുരാമസേതൌ * അഖിലമുപേ
ക്ഷിച്ചുശ്രീരാമസേതുസ്നാനം നിഖിലജനങ്ങളുംചെയ്യേണമസന്ദേ
ഹം * ചൊവതല്ലേതുംരാമനാഥവൈഭവമോർത്താൽ അറിവുള്ളവരെ
ല്ലാമിങ്ങിനെപറയുന്നു * ശ്രീരാമേശ്വരലിംഗംകണ്ടുന്നനരോത്ത
മൻ പാരാതെകൈവല്യമാംപദത്തെലഭിച്ചീടും * ആദിമയുഗംത
ന്നിൽപത്തുവത്സരംകൊണ്ടു ഖേദസംകുലംസമ്പാദിച്ചോരുപുണ്യ
മെല്ലാം * ഏകവത്സരംകൊണ്ടുസാധിക്കുംത്രേതായുഗേ ഏകമാസേ
നസർവ്വംസിദ്ധിക്കുംദ്വാപരാന്തേ * കലികാലമാംയുഗംതന്നിലപ്പു
ണ്യമെല്ലാം കളിയല്ലേതുമൊരുദിവസേനസിദ്ധിച്ചീടും * തൽപുണ്യ

മെല്ലാംകോടിഗുണിതമൈകവന്നിട്ടു മത്ഭുതംരാമനാഥലിംഗത്തെ
കണ്ടുവന്നാകിൽ * സൎവ്വതീൎത്ഥങ്ങളെല്ലാംതല്ലിംഗേവസിക്കുന്നു സ
ൎവ്വദേവതമാരുംതല്ലിംഗേവസിക്കുന്നു * ഒരുമാനുഷനൊരുദിവസമൊ
രുനേരം ഭരിതാനന്ദംരാമനാഥനെദ്ധ്യാനിച്ചാകിൽ * വിമലനവനൊ
ന്നമമലമായപാപദശമലമെല്ലാംവെടിഞ്ഞതനിശംരമിച്ചീടും * ശ്രീരാമ
ചന്ദ്രപ്രതിഷ്ഠിതമായൊരുലിംഗം ധീരതാപസന്മാരെഘോരപാതക
ഹരം * സച്ചിദാനന്ദരൂപമിശ്ശയാകുളിച്ചുചെ ന്നർച്ചനംചെയ്യുംജ
നംരുദ്രന്മാരെന്നുനൂനം * ശ്രീരാമപ്രതിഷ്ഠിതലിംഗവന്ദനംചെയ്യു
ൽ നേരോടെമറ്റുള്ളദേവന്മാരാൽകിംവാഫലം * ബ്രഹ്മഹത്യയും
സുരാപാനവുമിത്യാദിയാം വൻമഹാപാപങ്ങളുംനശിക്കുംതദ്ദൎശനാ
ൽ * ദേവലോകാധിപത്യംദിവ്യഭോഗവുമെല്ലാം കേവലംരാമനാഥ
ദൎശനംചെയ്യാലുണ്ടാം * അക്കനെകണ്ടനേരംതിമിരജാലംപോ
ലെ വെക്കംപോയ്മാഞ്ഞിടുംപാപവുംതദ്ദൎശനാൽ * രാമനാഥങ്കലു
ള്ളഭക്തിതാപസന്മാരേ കാമദംനൂനമഷ്ടവിധമെന്നറിഞ്ഞാലും * ത
ൽഭക്തന്മാരെക്കണ്ടാലെത്രയുംവാത്സല്യവും ശില്പമായ്യൽപൂജനംചെ
യ്യുതിൽപ്രസാദവും * ആദരസമേതനായ്പൂജനംചെയ്യുന്നതും ഭേ
ദഹീനമായ്യുദത്ഥാതഥാസ്വചേഷ്ടയും * തച്ചരിതങ്ങളനാരതവും
ശ്രവിക്കയുമിച്ശയാതൽചിന്തയാരോമാഞ്ചോദ്ഗൃൽഭൃതിയും * തൽസ്മ
രണവുംതഥാതദ്രൂപജീവനവും വിസ്മയമേവമുള്ളഭക്തിസംഭവിച്ചാകി
ൽ * മ്ലേച്ശനെന്നില്ലനൂനംചണ്ഡാലനെന്നുമില്ല സ്വേച്ശയാമുക്തി
ക്ഷേത്രദായഭാക്കവൻതന്നെ * കൃമികീടാദ്യങ്ങളുംദേവന്മാർമുനിക
ളും സമമെന്നറിയേണംരാമേശക്ഷേത്രാന്തികേ * പെരുതായിരിപ്പോ
രുപാപങ്ങൾചെയ്യുന്നഹം ചരിതമഹാമദീയംമഹാകഷ്ടമോൎത്താ
ൽ * തെല്ലുമിങ്ങിനെഭയംതേടൊല്ലനൂനമാരും നല്ലപുണ്യങ്ങൾചെ
യ്യുന്നെന്നുഗൎവ്വവുംവേണ്ട * ശ്രീരാമനാഥലിംഗദൎശനംചെയ്യാലി
വരാരുമേഭേദമില്ലതുല്യപുണ്യന്മാരത്രെ * നാലുവേദങ്ങളെല്ലാംപ
ഠിച്ചഭൂദേവനും ശീലവാനതല്ലിംഗദൎശിയോടൊക്കുമില്ല * തൽക്ഷേ
ത്രാന്തേ നിൽവസിക്കുന്നമാനുഷരെല്ലാ മക്ഷണത്രയംപൂണ്ടുചന്ദ്രാൎദ്ധ
ചൂഡന്മാരായ് * പഞ്ചവക്ത്രവുംപൂണ്ടുനാഗഭൂഷന്മാരായ് സഞ്ചിതാ
നന്ദംവൃഷഭേശ്വരാരൂഢന്മാരായ് * കോമളഭസ്മാങ്കിതവിഗ്രഹന്മാരാ
യ്യുദാ ശ്രീമഹാദേവന്മാരായ്ഭവിക്കുമസംശയം * തത്രവാണീടുംജന
മൃത്താമോദംസകന്മാർ സത്വരമശ്വമേധകാരികൾപദേപദേ * രാ
മേശഭക്തിപൂൎവ്വംരാമേശക്ഷേത്രാന്തികേ ധീമതാംവരനേകൻസ്വല്പ
മെന്നായീടിലും * അന്നത്തെദാനംചെയ്യാലവനാൽദത്തമത്രേ ധ
ന്യമാംഭൂഖണ്ഡലമഖിലമെന്നുനൂനം * ശ്രീമഹാരാമലിംഗേഭക്തിള്ളഭ
ക്തിഭാരം ശ്രീമയംതൽപൂജനംദുഃഖംതൽസ്തോത്രവും * ഏതന്തി

ലൊന്നുലഭിച്ചീടിനനരനത്രേ നിൎണ്ണയംലാഭംജയമൈഹികശ്രീകേ
വ്യ * തല്ലിംഗാൎച്ചനസമമായോരുപുണ്യമില്ല തല്ലിംഗദ്വേഷമുള്ളോ
ൎബ്രഹ്മഹാവെന്നുനൂനം * അവനെക്കൊണ്ടുന്നവർനരകേപതിച്ചീ
ട്ടു മെവനീദേവന്മാരേസംശയമേതുമില്ല * തല്പരംചതുൎവ്വേദിതല്പരംമ
ഖജാലം തല്പരമായദൈവമില്ലെടോലോകങ്ങളിൽ * സൎവ്വതീൎത്ഥ
സ്നാനംകൊണ്ടുള്ളോരുസുകൃതവും * സൎവ്വകൎമ്മങ്ങൾകൊണ്ടുംസൎവ്വദാ
നങ്ങൾകൊണ്ടും * ഉണ്ടാകുംസുകൃതങ്ങൾഗ്ഗുണിതമായുണ്ടാകും രാമ
നാഥനെസ്സേവചെയ്യീടുന്നവനെടോ * ശ്രീരാമശേഖരലിംഗംകണ്ട
വൻതന്നെകണ്ടാൽ ഘോരപാതകമെല്ലാംപാരാതെനശിച്ചീടും *
ത്രിസന്ധ്യംരാമനാഥലിംഗവന്ദനംചെയ്താൽ ത്രിപുരാന്തകനായത
വനെന്നറിയേണം * മജ്ജനംധനുഷ്കോടൌദൎശനംരാമേശിതും . സ
ജ്ജനമിതിൽപരംമറെറാന്നുമിച്ഛിച്ചീല * ഒരുജന്മത്തിൽപോലുംത
ല്ലിംഗംകാണാതവൻ ധരണീദേവന്മാരേസങ്കരബീജോത്ഭവൻ * പ്ര
ത്യുഷസ്യുത്ഥായവൈരാമനാഥേതിശബ്ദം പ്രത്യഹംവിനാമൂന്നാവ
ൎത്തിച്ചുചൊല്ലുന്നവൻ * പൂൎവ്വവാസരോല്പന്നപാതകവിമുക്തനായ്
സൎവ്വദേവതാമയനായ്പരമസംശയം * ഭക്തരക്ഷണപരായണനായ്
സദാകാലമിക്ഷിതൌരാമനാഥലിംഗമിങ്ങിരിക്കവെ * അന്തകപു
രംപുക്കുവസിക്കുംജനങ്ങളെ ഹന്തചിന്തിച്ചുഞാനുംവിസ്മയംതേടീടു
ന്നേൻ * ശ്രീരാമേശ്വരമഹാദേവകാരുണ്യാംബുധേ ഘോരപാപൌ
ഘാപഹപാഹിമാംപാഹീത്യേവം * യാതൊരുപുമാനഹൎന്നിശംവുംജ
പിപ്പവൻ യാതനാഭയമവനില്ലെന്നുധരിച്ചാലും * ധൂൎജ്ജടേരാമനാ
ഥനീലലോഹിതശംഭോ * മാൎജ്ജിതാഖിലൌഘജഗന്നായകനീലക
ണ്ഠ * ശങ്കരമഹാദേവത്രിപുരാന്തകമല മങ്കകൊങ്കയിൽതങ്കുംകുങ്കുമാ
ങ്കിതദേവ * നാളീകവിലോചനകാലവിക്രമാപഹ കാളകൂടാഭിരാമ
കന്ധരദയാപര * സതതമേവംനാമകീൎത്തനംചെയ്യുന്നവൻ മതി
മാൻസദാശിവസന്നിധൌരമിച്ചീടും * രാമനാഥാലയത്തെപ്പാഷാ
ണദാരുക്കളാൽ കോമളമാകുംവണ്ണംചമച്ചീടുന്നപുമാൻ * ശങ്കര
ലോകംതന്നിൽസന്തതംമഹാദേവകിങ്കരന്മാരോടൊരുമിച്ചുമോദിച്ചി
രിക്കും * രജതസുവൎണ്ണാദികൾകൊണ്ടുനിൎമ്മിക്കുന്നവൻ രാജതെമഹാ
ദേവരൂപേണസദാകാലം കാഹളമൃദംഗവീണാദിവാദിതങ്ങളാൽ
മോഹനംരാമനാഥസേവനംചെയ്യിപ്പവൻ * സൎവ്വലോകാധിപത്യം
ഭുജിച്ചുപലകാലംശൎവ്വസായൂജ്യംലഭിച്ചനന്തംസുഖിച്ചീടും * രാമ
നാഥാഭിഷേകവേലയാമൊരുപുമാൻ ധീമതാംവരൻപഞ്ചശാന്തി
സൂംയമകവും * പുരുഷസൂക്തംപാവമാന്യവുംത്രിഷ്ടുപണ മൊരുനാ
ൾജപിപ്പിച്ചാലവനുള്ളോരുപുണ്യം * അഹിനായകൻപോലുംപറ

പാൎത്തുനിന്നാകിൽ വിഗതസാമൎത്ഥ്യനായ്ഭവിക്കുമസംശയം* അ
ഭിഷേകാൎത്ഥംഗവ്യമദ്ധ്വാദിനല്കുന്നവ നഭിപൂൎണ്ണനായ്വരുംപുണ്യ
സഞ്ചയങ്ങളാൽ* ശ്രീരാമേശ്വരൻതനിക്കുത്തമനിവേദ്യങ്ങ ളാദ്യു
ഢാനന്ദംദാനംചെയ്യുന്നനരോത്തമൻ * ചേരുന്നപുണ്യഫലമോ
ൎത്തുപാൎത്തുകാലമാരുമാളല്ലന്തനംതാപസേശ്വരന്മാരേ* തൽപുരോ
ദീപങ്ങളുമുജ്ജ്വലിപ്പിച്ചീടണം തല്പരംപുണ്യമുണ്ടോചൊല്ലുവാനുള്ളൂ
ഭൂമൌ * ജീവനകാലമെല്ലാമൊടുങ്ങുന്നതിൻമുൻപെ ധാവനംചെ
യ്തീടണംരാമേശാലയംപ്രതി * യൌവനംധനമെന്നിത്യാദിയുംക്ഷ
ണികങ്ങൾ സൎവ്വദാസാദ്ധ്യമത്രേരാമനാഥാലോകനം* ശ്രീരാമേശ്വ
രലിംഗദൎശനാവധിപാപം ശ്രീരാമേശ്വരലിംഗദൎശനാല്പരംമോ
ക്ഷം * രാമനാഥാഭിഷേകംചെയ്യുതിനൊരുപുമാൻ കോമളസ്വൎണ്ണ
കുംഭംദാനംചെയ്തീടുന്നാകിൽ* ഏകച്ഛത്രാധിപനായ്ഭൂമിയിൽജനി
ച്ചവൻ പാകശാസനമുഖപൂജ്യനായീടുംനൂനം * ഇങ്ങിനെരാമനാ
ഥമാഹാത്മ്യംകേട്ടശേഷംതിങ്ങീടുംമോദമോടുംതാപസേശ്വരന്മാരും*
മംഗലാലയൻസൂതൻതന്നോടുചോദ്യംചെയ്തു സംഗതഗുണാംബു
ധേസൂതതത്വാൎത്ഥവദിൻ * ശ്രീരാമചന്ദ്രൻപണ്ടുലിംഗസ്ഥാപനം
ചെയ്വാൻ കാരണമെന്തെന്നതുംവിസ്തരിച്ചുരചെയ്ക * ത്വന്മുഖസ
രസിജഗളിതമായീടുന്ന നിൎമ്മലകഥാമകരന്ദസേവയാവയം * ഐ
ഹികകൃത്യങ്ങളുംമറന്നുനിരന്തരം ദാഹവുംക്ഷുത്തുപോലുംവെടിഞ്ഞു
വസിക്കുന്നു * ഇത്ഥംതാപസവാക്യംകേട്ടുസൂതനുംപര മാൎത്ഥമാംവ
ണ്ണംപുനരവരോടുരചെയ്തു * രാവണൻപണ്ടുസീതാഹരണംചെയ്തു
ശേഷം കേവലംരാമചന്ദ്രൻവാനരസേനയോടും * ലക്ഷ്മണനോടും
സൂൎയ്യനന്ദനനോടുംകൂടി ലക്ഷ്മീവല്ലഭൻമഹേന്ദ്രാചലമകംപുക്കു*സാ
ഗരാധീശൻതന്നെസ്സേവിച്ചുദയാനിധി വേഗത്തിൽസേതുബന്ധം
ചെയ്തുലോകാഭിരാമൻ * സേതുമദ്ധ്യേനകപിസേനയോടൊരുമിച്ചു
പാതുകകാരിപുരംപ്രാപിച്ചുരഘൂദ്വഹൻ * സൂൎയ്യനുമസ്താചലംപ്രാ
പിക്കുംദശാന്തരെ സൂൎയ്യവംശാലങ്കാരവൈഭവൻപൌൎണ്ണമാസ്യാം*
ശ്രീമയംസുവേലമാംപൎവ്വതാംകരമേറി കോമളാകാരൻദേവൻതത്ര
വാണീടുംവിധൌ * സൌധാഗ്രേലങ്കേശ്വരംകണ്ടുസുഗ്രീവൻമഹാ
ബോധവാൻതല്കിരീടംപറിച്ചുകൊണ്ടുപോന്നു * തല്പരംരഘൂദ്വഹ
ൻവാനരസൈന്യങ്ങളെ ശില്പമായ്വ്യൂഹിച്ചുനിൎത്തീടിനാനോരാദി
ശി* തദനുനിശാചരസേനയുംവാനരേന്ദ്രകദനംചെയ്തീടുവാനായു
ധപാണികളായ് * പൎവ്വണൻകുംഭൻഖരൻപൂതനൻക്രോധവശൻ
സൎവ്വജിൽപുരഞ്ജനംചാരുജൻപ്രഹസ്തൻ* എത്രയുംമഹാമായാവി
പുനരമരാരായപരിത്തരംപലരുമായൊന്നിച്ചുപുറപ്പെട്ടു * കപിസേ

നയിൽപുക്കമായയാമരഞ്ഞവർ വിപുലമായോധനംചെയ്തുകൊന്നൊട്ടുകളിനാർ * അന്നേരംവിഭീഷണനുന്നതപരാക്രമൻ രന്നകതാരിലോത്തുകല്പിച്ചാനുപദേശം * അന്തർദ്ധാനംചെയ്തുള്ളരാക്ഷസവരന്മാരെ ചന്തമോടവർകൊന്നുവീഴ്ത്തിനാർജിതശ്രമം * തദനന്തരംകോപകലുഷനായിദ്ദശ വദനൻസാനീകനായ്വന്നുപോർതുടങ്ങിനാൻ * അന്നേരംസീതാപതിദേവദേവനാംപതി വന്നരാവണൻതന്നെച്ചെറുത്തുസകൌതുകം*ഇന്ദ്രജിത്തോടുയുദ്ധംതുടങ്ങിസൌമിത്രിയുമിന്ദ്രാദിദേവന്മാരുംകണ്ടുവിസ്മയംപൂണ്ടു * സുഗ്രീവൻവിരൂപാക്ഷൻതന്നോടുമത്തുനേരമുഗ്രനാംഖരജനോടേറ്റതാരാതനൂജൻ* നളനുംപൌണ്ഡ്രൻതാനുംപൊരുതുയുദ്ധംചെയ്തു ബലവാൻപനസനുംപുടശൻതന്നോടേറ്റു* വിസ്മരിച്ചെന്നാനേരമ്മെല്ലുന്നരാക്ഷസന്മാർ സതതരംകപികളോടേറ്റുസംഗരംചെയ്തു* കരവുംചരണവുംതലയുംപൊടിപെട്ടു തരസാരാക്ഷസന്മാരോടിനാർഭയത്തോടെ* രാവണൻതാനുംജഗന്നായകനോടുതോറ്റു കേവലംനിജപുരംതന്നിലങ്ങുകംപുക്കു * അന്നേരമിന്ദ്രജിത്തുമുന്നതകോപത്തോടും വന്നവാനരന്മാരോടൊക്കെപ്പൊരുതുടൻ * നാഗാസ്ത്രംപ്രയോഗിച്ചുവാനരബലത്തെയും നാഗാരിധ്വജനേയുംസഹോദരനേയും മോഹിപ്പിച്ചുഭിമാനംനടിച്ചുപുരംപുക്കു ബോധിച്ചുപരാക്രമംപങ്ക്തികന്ധരൻതാനും * അന്നേരംവൈനതേയൻനാഗാസ്ത്രഘാതംകൊണ്ടു വന്നമോഹങ്ങളെല്ലാംതീർത്തുപോയോരുശേഷം * പ്രഹസ്തനിശാചരനെന്നെത്തുകോപത്തോടെ പ്രഹരിച്ചിതുമഹാഗദയാവിഭീഷണൻ* അതുകൊണ്ടേതുമിളകീലരാക്ഷസേശ്വരൻ മതിമാൻമഹതിയാം ശക്തിയെപ്രയോഗിച്ചു * പ്രഹസ്തൻതന്റെതലയറുത്താരന്നേരം പ്രഹർത്തുംധൂമ്രാക്ഷനുമട്ടത്തുമഹാബലൻ * അവനീതലമൊന്നുകലുങ്ങിയതുനേര മവനെക്കണ്ടുകപിസേനയുംമണ്ടീടിനാർ * ജവനാംജവമണിപവനാത്മജനത്ര പവനജവത്തോടുമറ്റുത്തരണാങ്കണേ * പെരുതായിരിപ്പോരുധരണീരുഹംപറി ച്ചരിനാശനൻനിശാചരനെ പ്രഹരിച്ചു * അതുകൊണ്ടവൻതാനുമന്തകപുരംപുക്കു കുതുകമുണ്ടായ്വന്നുകപികൾക്കന്നേരം * ദശകന്ധരൻതാനുംകുംഭകർണ്ണനെ തദാ വിശദകോപത്തോടുംപരിചോടുണർത്തിനാൻ* തദനന്തരംതൽമവനെനിയോഗിച്ചു കദനംചെയ്തീടിനാനവനുംകപിഗണേ നാം* സുമിത്രാതനയനുംബ്രഹ്മാസ്ത്രംപ്രയോഗിച്ചി ട്ടമിത്രംകുംഭകർണ്ണംതരസാ നിഗ്രഹിച്ചു* ദൂഷണാത്മജന്മാരാംവജ്രദംഷ്ട്രനുംകമ്മ ദൂഷണംചെയ്തുന്നോരിൽമുമ്പനാംപ്രമാഥിയും * പട്ടതപമോടുശാഖാമൃഗനിചയങ്ങളിൽ അടുത്തുബാണഗണംപൊഴിയുംശോന്തരേ * നീലനുമഹനുമാനുമൊന്നിച്ചുയുദ്ധംചെയ്തു കാലന്നുക്കവരേയുമയച്ചുജിതശ്രമം*

വജ്രവേഗേനകൊന്നുവീഴ്ത്തിനാൻനളന്താനും വജ്രസാരനാമകമ്പനനെക്ഷണമുടനും * രാഘവനായകാനുജനതികായനെക്കൊന്നു ലഘുപൌരുഷൻത്രിമൂൎദ്ധാവുവന്നോരുതദാ * ഫണിനാഥാവതാരൻലക്ഷ്മണനവനേയും പണിയെന്നിയെവധിച്ചീടിനോരനന്തരം * സുഗ്രീവൻദേവാന്തകൻതന്നെയുംമഹാസമീ കോഗ്രനാംനരാന്തകൻതന്നെയുംകൊന്നീടിനാൻ * കുംഭകൎണ്ണാത്മജന്മാർകുംഭനുംനികുംഭനും കമ്പമെന്നിയെപവനാത്മജൻതന്നോടേറെ * അത്ഭുതയുദ്ധംചെയ്തു ജീവനംവെടിഞ്ഞവരുൎവ്വിവീണീടിനാരല്പമല്ലവർവീൎയ്യം * ഖരനന്ദനനായമകരാക്ഷനെത്തദാ ധരണീതലേരഘുവരനുംവീഴ്ത്തീടിനാൻ * ഇന്ദ്രവൈരിയാംപങ്ക്തികന്ധരനന്ദനനേര മിന്ദ്രജിത്തിനെനോക്കിസ്സത്വരമുരചെയ്തു * നമ്മുടെബലമെല്ലാംനന്ദനനഷ്ടമായി നിൎമ്മല നായനീയുമെന്തുകല്പിച്ചുവീര * അന്നേരമിന്ദ്രജിത്തുംയുദ്ധാൎത്ഥം പുറപ്പെട്ടു ചെന്നുവാനരന്മാരോടേറെപ്പോർതുടങ്ങിനാൻ * അംഗദനേറെശിലാശൈലവൎഷണംചെയ്തു തുംഗമാംരഥംവാഹമെന്നിവപൊടിയാക്കി * തൽപരമിന്ദ്രജിത്തുമന്തൎദ്ധാനവുംചെയ്തു ശില്പത്തിൽബാണഗണംപൊഴിഞ്ഞുതുടങ്ങിനാൻ * സുഗ്രീവൻമുതലായ വാനരേന്ദ്രന്മാരെയുമുഗ്രപൌരുഷൻഭൂമൌവീഴ്ത്തിനാൻജിതശ്രമം * രാഘവന്മാരുമസ്ത്രംകൊണ്ടുപീഡിതന്മാരായ് ലാഘവമോർത്തുവിഷാദേനവാണീടുംവിധൌ * രാക്ഷസാധീശന്മഹാബുദ്ധിമാൻവിഭീഷണൻ സാക്ഷാൽശ്രീരാമൻതന്നോടിങ്ങിനെചൊല്ലീടിനാൻ * രാഘവദയാനിധേരാജീവവിലോചന രാകേന്ദുബിംബാനനലോകാഭിരാമരാമ * ഗുഹ്യകനേകൻഭവല്പാദങ്ങൾവന്ദിപ്പാനായ് ഗുഹ്യകേന്ദ്രാനുജ്ഞയാവന്നുപാൎക്കുന്നുവിഭോ * നിന്തിരുവടികളിന്നുരാക്ഷസജനങ്ങളിലന്തൎദ്ധാനംചെയ്തുള്ളദുഷ്ടരെക്കാട്ടീടുവാൻ * ദിവ്യമാംമന്ത്രപൂതമായോരുസലിലവും ഭവ്യമാനസൻകൊടുത്തയച്ചുലോകനാഥ * തത്സലിലംകൊണ്ടക്ഷിമജ്ജനംചെയ്തീടുകിൽ തൽക്ഷണമന്തൎഹിതഭൂതസംഘാതമെല്ലാം * നിന്തിരുവടിക്കരികത്തുകാണായ്വരുമ്പോൾ ശത്രുവൎഗ്ഗന്നിരോധകിത്തുചിന്തിതംവിഭോ * ഇങ്ങിനെവിഭീഷണഭാഷിതംകേട്ടുരാമൻ സംഗതാനന്ദംകുബേരേരിതസലിലേന * അക്ഷിപങ്കജംതുടച്ചുക്ഷീണപരാക്രമ നക്ഷണംലക്ഷ്മണനുംനൽകിനാൻദിവ്യോദകം * വാനരാധീശന്മാരുമക്ഷിമജ്ജനംചെയ്തു മാനവേശപരപാദാംഭോരുഹംവണങ്ങിനാർ * തദനന്തരമിന്ദ്രജിത്തിനുംസൌമിത്രിക്കുംമദമേറുന്നോരായോധനവുമുണ്ടായ്വന്നു * അവരിലുണ്ടായോരു സമരംപുകഴ്ത്തുവാ നവനീതലന്തന്നിലാരുമാളല്ലനൂനം * പണ്ടുവൃത്രൻദേവാധിപനുംപൊരുതപ്പോൾ കണ്ടവരിതിന്നുനേരല്ലെന്നുചൊല്ലീടുന്നു * മൂന്നുവാസരംകൊണ്ടുലക്ഷ്മണൻപണിപ്പെട്ടു കൊ

ന്നപ്പോൾദശാനനനന്ദനന്തന്നെയുദ്ധേ * രാഘവൻമൂലബലമഖി
ലംസംഹരിച്ചു ലാഘവുംപൂണ്ടുദശാനനനമത്തുനേരം * തന്നുടെസേ
നയോടുമൊന്നിച്ചുപുറപ്പെട്ടു ചെന്നുരാഘവനോടുപൊരുതീടുംശോ
യാം * ഇന്ദ്രസന്ദിഷ്ടംരഥംമാതലികൊണ്ടുവന്നു സുന്ദരരൂപൻദേവ
നതിന്മേൽക്കരയേറി * ബ്രഹ്മാസ്ത്രംപ്രയോഗിച്ചുരാവണശിരസ്സുകൾ
നിർമ്മലൻഭൂമണ്ഡലന്തന്നിലെപരത്തിനാൻ* അന്നേരംദേവവൃന്ദം
മാമുനിജനങ്ങളും കിന്നരന്മാരുംവിദ്യാധരന്മാർസിദ്ധന്മാരും * രാവ
ണാന്തകൻതന്നെപ്പുഷ്പവൎഷവുംചെയ്തു കേവലാനന്ദംവണങ്ങീടിനാ
ർസകൌതുകം * പിന്നെ ശ്രീരാമചന്ദ്രൻരാക്ഷസരാജ്യത്തിൻ മന്ന
വനായിവിഭീഷണനെവാഴിപ്പിച്ചു * മൈഥിലിയോടുംസർവ്വദേവരാ
ജനത്തോടും ശൈഥില്യമകന്നോരുവാനരസേനയോടും * ഒന്നിച്ചുര
ഘൂദ്വഹൻഗന്ധമാദനാചലെ വന്നുമൈഥിലിശുദ്ധിവരുത്തിവാ
ഴുംവിധൌ * ദണ്ഡകാരണ്യംതന്നിലിരിക്കുംതാപസന്മാർ പുണ്യ
വാനഗസ്ത്യനെമുന്നിട്ടുസഭക്തികം * സീതാവല്ലഭൻതന്നെക്കണ്ടുവ
ന്ദനംചെയ്തു പൂതമാനസന്മാരായ്സ്തുതിച്ചുതുടങ്ങിനാർ * നമസ്തു
രാമായസീതാഭിരാമായതുഭ്യം നമസ്തേലോകരക്ഷാദീക്ഷിതസ്വഭാവാ
യ * ആഹല്യാമോക്ഷപ്രദപാദപാംസവേനമോ മഹതപാംബുധേ
നിശാചരസംഹൎത്രേനമഃ * താടകാശരീരസംപാടനായതേനമോ
ഹാടകാഞ്ചിതഭൂഷാധാരിണേനമോനമഃ * കൌശികാദ്ധ്വരപ്രത്യൂ
ഹാപഹാരിണേനമഃ കൌശികാരാതിപ്രാണഹാരിണേനമോനമഃ *
മാരീചസുബാഹുമുഖ്യാശരപ്രണാശിനേ ഘോരശാംഭവകോദണ്ഡ
ച്ഛിദേനമോനമഃ * സീതാവല്ലഭായതേലോകഹേതവേനമഃ പിതൃചാ
രിത്രായതേസന്തതംനമോനമഃ* രേണുകാത്മജപ്രശാന്തിപ്രദായിനേ
നമോ ബാണകോദണ്ഡാഞ്ചിതപാണയേനമോനമഃ * ജനനീപ്രീ
ത്യൎത്ഥമായ്വനത്തിലകംപുക്ക ജനതാനന്ദമേകുംദേവതേനമോനമഃ *
ഭരതാഗ്രജായതേസതതംനമോനമോ ദുരിതാംഭോധിപോതായിതപാ
ദായനമഃ * ശരഭംഗാൎത്തിച്ഛിദേശരണാഗതരക്ഷാ പരവൈഭവാ
യതേസന്തതംനമോനമഃ * ഗൃദ്ധ്രരാജാനുഗ്രഹകാരിണേനമോനമോ
ഭക്തപാലനായതേശബരീസ്തുതാംഘ്രയെ * പ്രാപ്തസുഗ്രീവസഖ്യ
ശ്രീപതേതുഭ്യംനമഃ ക്ഌപ്തദേവേന്ദ്രാത്മജനിഗ്രഹായതേനമഃ * സേ
തുകാരിണേനിശാചരസംഹൎത്രേനമഃ പ്രീതസജ്ജനായതേരാവ
ണാരയേനമഃ * സംസാരജലനിധിസന്തരണായനമോ ഹംസശ
ബ്ദാത്മായാനന്ദാംബുധേനമോനമഃ * സച്ചിദാനന്ദസ്വരൂപായരാ
മായതുഭ്യം വിച്യുതഗുണായലോകർദ്ധിഹേതവേനമഃ * ജയിതമദ
രയക്ഷാന്തകാരിണേനമോ ജപതാംനാമാനിമോക്ഷപ്രദായിനേ
നമഃ * ജഗതാംപതേപരിപാഹിജാനകീപതേ മുനിനായകാശ

യമന്ദിരായതേ നമഃ * താപസന്മാരുമേവം സ്തുതിച്ചോരനന്തരം താ
പഹാരിയാം രാമനവരോടരുൾചെയ്തു * ശുദ്ധവിജ്ഞാനമുള്ളതാ
പസന്മാരെ നിങ്ങൾ നിത്യവുമെന്നെക്കടാക്ഷിച്ചനുഗ്രഹിക്കണം *
സാധുശീലന്മാർ ഭൂതബന്ധുക്കളെല്ലാനിങ്ങളാദരണത്തിന്നുമാറാരു
യോഗ്യന്മാരേവം * അത്രയുമല്ല പുനരുത്തമമേതൽസ്തോത്രം നിത്യ
വുംജപിച്ചവനെത്രയുംഭാഗ്യശാലി * ഭൂതവേതാളപ്രേതപീഡകളെ
ല്ലാംതീരും പൂർണ്ണനായുസ്സരാംമഹാരോഗങ്ങൾനശിച്ചീടും * ദരിദ്രൻജപി
ച്ചീടിൽധനവാനായ്വന്നീടും ജനിക്കുമവ്പുത്രനുസുതന്മാരെന്നുന്നൂനം *
കന്യകജപിച്ചെങ്കിൽസല്പതിയുണ്ടായ്വരും ധന്യമിസ്തോത്രംമോക്ഷ
കാരണമറിഞ്ഞാലും * കേട്ടാലുംമുനിജനനായകന്മാരേനിങ്ങൾ ഒ
ട്ടല്ലമഹാപാപംനമുക്കാസമാഗതം * രാവണൻതന്നെക്കൊന്നപാ
തകംപോയീടുവാൻ കേവലമുപദേശമരുളിച്ചെയ്തീടണം * ഇങ്ങി
നെരാമവാക്യംകേട്ടുതാപസന്മാരും മംഗലരൂപൻതന്നോടീവണ്ണമ
രുൾചെയ്തു * സത്യതല്പരജഗന്നായകസീതാപതേ സതതംഭവാ
നസ്മിൻഗന്ധമാദനാചലേ * ലോകാനുഗ്രഹംചെയ്കകാരണമായി
ട്ടിന്നു ലോകനായകശിവപ്രതിഷ്ഠചെയ്തീടുക * രാവണവധദോഷ
മെപ്പേരുംതീരുംതവ കേവലംതത്സമമായ്മറ്റൊരുപുണ്യമില്ല * നി
ന്തിരുവടിയുടെശ്രീനാമാങ്കിതമായി സന്തതംഭൂമണ്ഡലേവിശ്രുതമാ
യുംവരും * കാശിവിശ്വനാഥനെക്കണ്ടാലുള്ളഫലം കേവലംദ
ശകോടിഗുണിതമത്രെന്നൂനം * താപസന്മാരുമായിത്തദനന്തരംരാ
മൻ ശോഭനംവിചാരിച്ചുകല്പിച്ചുമുഹൂർത്തവും * വായുനന്ദനൻത
ന്നോടരുളിച്ചെയ്തുരാമ നായുഷ്മൻമഹാഭാഗനീയൊരുകാര്യംവേ
ണം * കൈലാസശൈലംപ്രതിപോകണംമഹാമതേ കാലതാമസ
മേതുമരുതുവാതാത്മജ * മന്മഥാരാതിതന്നെസ്സേവിച്ചുസഭക്തികം
തന്മഹാലിംഗമേകംകൊണ്ടുപോരികജവാൽ * രാമഭാഷിതംകേട്ടു
വാതസൂനുവുംതദാ കോമളംതല്പാദാബ്ജംവീണുകൈവണങ്ങിനാൻ *
അറിഞ്ഞുമുഹൂർത്തവുംവിരഞ്ഞുപുറപ്പെട്ടു കുറഞ്ഞൊന്നല്ലവേഗമാകാ
ശേപൊങ്ങീടിനാൻ * ഉടനേകൈലാസമാമചലമകംപുക്കു പടു
ബുദ്ധിമാൻനീളെത്തിരഞ്ഞുശിവലിംഗം * അചലംമുഴുവനുംതിര
ഞ്ഞുവാതാത്മജ നമലനൊരുലിംഗംകാണാഞ്ഞുവിഷണ്ണനായ് * മ
ദനാന്തകൻതന്നെത്തപസ്സുചെയ്തീടിനാൻ മദപൈശൂന്യശൂന്യം
വിഗതോച്ഛ്വാസനായി * ഊർദ്ധ്വബാഹുവായ്നിരാഹാരനായ്ച
ന്ദ്രചൂഡമൂർദ്ധ്വരേതസംചിത്തേചിന്തിച്ചുഭക്തിയോടും * ഇങ്ങിനെ
തപസ്സുചെയ്തീടുകനിമിത്തമാ യങ്ങവൻമുഹൂർത്തംവന്നടുത്തതറി
ഞ്ഞീല * അഗസ്ത്യൻമുതലായതാപസജനങ്ങളും സമസ്തേശ്വര
ൻതന്നോടന്നേരംചൊല്ലീടിനാർ * അടുത്തുമുഹൂർത്തവുംകമലാപ

ദേവിഭോ പടുതചമിയലുന്നവിക്രമവാരാന്നിധേ * വാതനന്ദനൻ
താനുംവന്നുകണ്ടീലവിഭോമാധുൎയ്യാംബുധേമുഹൂൎത്തംതുലോംസമാസ
ന്നം * ലീലയാപത്മാലയാവൈദേഹിചമച്ചോരു മൂലലിംഗത്തെ
പ്രതിഷ്ഠിക്കകാരുണ്യമൂൎത്തേ * മണ്ണുകൊണ്ടെന്നാൽചമച്ചീടുന്നതെ
ന്നാകിലും കണ്ണിനാനന്ദംനൽകുംതല്ലിംഗംമഹാദിവ്യം * തൽ
ഗിരംകേട്ടുരാമചന്ദ്രനുംപ്രസന്നനായ് നിൎഗ്ഗതദോഷന്മാരാംമുനിനാ
യകൎക്കസ്സമം * ജാനകീദേവിയോടുംതീൎത്ഥമജ്ജനംചെയ്തു മാനവാ
ധീശൻപ്രതിഷ്ഠാൎത്ഥമായൊരുമ്പെട്ടു * ദശമ്യാംസിതപക്ഷേബുധ
ഭദ്രായാംയോഗേ വിശദേകന്യാചന്ദ്രേവൃഷഭസ്ഥിതേരവൌ * പാ
വനാദശയോഗേഗന്ധമാദനാചലേ പാവനംശിവലിംഗംപ്രതിഷ്ഠാം
സമാതനോൽ * തദനുലിംഗാകാരപാൎവ്വതീപതിംദശ വദനാരാതി
താനുംപൂജനംചെയ്തുഭക്ത്യാ*സാക്ഷാൽശ്രീമഹാദേവൻപാൎവ്വതീദേ
വിയോടും തൽക്ഷണംപ്രസന്നനായിവണ്ണമരുൾചെയ്തു * രാമരാ
ഘവദശകന്ധരവിനാശന കോമളസദ്രൂപനീകേട്ടാലുമെൻഗിരം *
യാതൊരുപുമാൻത്വയാകല്പിതേധനുഷ്കോടൌ പ്രീതനായ്സ്നാനം
ചെയ്തുമാമകസേവചെയ്വു * അവനുമഹാപാപമാകവെനശിച്ചു
ടൻ ഭവസാഗരംകടന്നീടുമില്ലസംശയം * ഇങ്ങിനെദേവൻവരം
ദാനംചെയ്തോരുശേഷം മംഗലമൂൎത്തിദേവൻതൽപുരോദേശത്തൊ
നന്ദികേശ്വരംപ്രതിഷ്ഠാപ്യലോകൈകനാഥൻ സുന്ദരൻദേവാഭി
ഷേകാൎത്ഥമായ്സീതാപതി * തന്നുടെധനുഷ്കോട്യാഭൂമിയിലൂന്നീടി
നാ നന്തരമൊരുകൂപമുണ്ടായിഗംഭീരമായ് * കോടിതീൎത്ഥമെന്ന
തുംപ്രസിദ്ധംഭൂമണ്ഡലേ കോടിതീൎത്ഥവുമതിനോടുനേരല്ലനൂനം *
തൽകഥചുരുക്കിഞാനൊട്ടുമുന്നമെചൊന്നേൻ തൽക്ഷണെദേവ
ന്മാരുംതാപസജനങ്ങളും * വാനരാധീശന്മാരുംകൌതുകപുരസ്സ
രം മാനവേന്ദ്രാനുഗ്രഹമുണ്ടാകനിമിത്തമായ് * തങ്ങളുമോരോലിം
ഗസ്ഥാപനംചെയ്തീടിനാർ സംഗതമായിമഹാസമ്മതമെല്ലാവൎക്കും
അങ്ങിനെചിരനേരംവസിക്കുംദശാന്തരെ മംഗലംലിംഗദ്വയം/
കൈക്കൊണ്ടുവാതാത്മജൻ * രാമചന്ദ്രനെക്കണ്ടുനമസ്കാരവുംചെ
യ്തു ധീമതാംവരൻഭൂമിപുത്രിയെവണങ്ങിനാൻ * സീതാനിൎമ്മിതമാ
യസൈകതലിംഗംകൊണ്ടുഭൂതേശംപ്രതിഷ്ഠിതമായതുംധരിച്ചവൻ *
എത്രയുംവളരുന്നകോപഖേദങ്ങളോടും മിത്രവംശോൽഭൂതനാംദേ
വനോടുരചെയ്തു * അവനീതലന്തന്നിൽപഴുതെജനിച്ചവൻ ഭുവ
നാധിപഞാനെന്നകമെധരിക്കേണം * പഴുതേപരിശ്രമംപലതും
ചെയ്തേനഹം പഴുതെബഹുപീഡാമനുഭൂതനായ്വന്നേൻ * ഒരുമാ
നിനിപോലുമിനിമേലെന്നെപ്പോലെ പരവാനായപുത്രംപ്രസവി
ക്കൊതന്നും * എള്ളുതല്ലേതുംമമപരിതാപങ്ങളോൎത്താൽ തുളസീ

മാല്യാധര രഘുവംശാലങ്കാര * സുഗ്രീവൻ ഭവത്സേവ ചെയ്യുന്ന നിമി
ത്തമായഗ്രജഭാര്യ്യാം ലഭിച്ചീടിനാൻ മനോഹരീം * രാക്ഷസരാജാവി
ഭീഷണനും സേവ കൊണ്ടു രാക്ഷസരാജ്യമെല്ലാം ലഭിച്ചു സനാതനം *
എന്റിക്കോ ഭവത്സേവ ചെയ്യുന്ന നിമിത്തമായ് ജനിച്ചു പരമവമാനമെ
ന്നൊരു ഫലം * നിന്തിരുവടി നിയോഗിക്കയാൽ ചെന്നു ഞാനും ശ
ങ്കരന്റെ കൈലാസമാം പർവ്വതമകം പുക്കു * ലിംഗങ്ങളൊന്നും തത്ര കാ
ണാഞ്ഞു വിഷണ്ണനായ് തുംഗപൌരുഷം ഭവാനീപതിം സേവ ചെ
യ്തു * തത്ര ലിംഗദ്വയം കൈക്കൊണ്ടു വന്നേനഹം തത്ര ക്ലേശ
മാത്രമിനിക്കു ഫലം വിഭോ * എന്നുടെ ദേഹം ധരാഭാരകാരണം ത
ന്നെ മേന്നാളും മന്ദഭാഗ്യനാരുമില്ലിഹ ഭ്രമമോ * സങ്കടമിദമേതും സ
ഹിച്ചു കൂടുന്നീലാ കിങ്കരിഷ്യാമി ഞാനും കുത്ര വാ ഗമിഷ്യാമി * മാം ഭ
വാനവമാനം ചെയ്യുന്ന നിമിത്തമായ് സാമ്പ്രതം ദേഹത്യാഗം ചെയ്യ
ന്നുണ്ടഹോ ഞാനും * മാരുതി വാക്യമേവം കേട്ടു രാവണാന്തകൻ ചാ
രുമന്ദഹാസം പൂണ്ടവനോടരുൾ ചെയ്തു * കപിനായക ഭവാനേതു
മേ പിഴക്കൊലാ കപടമൊന്നും നിന്നോടാചരിച്ചീല ഞാനും * മൃത
നും ജായമാനനാത്മാവുമിതരനും മതിമന്നിത്യാദിയായുള്ള വർകളുള്ള കാ
ര്യ്യം * സകലമിനിക്കറിവുണ്ടെന്നു ധരിച്ചാലും വികലനായീടൊല്ല
സന്താപം കൊണ്ടു നീയും * തന്നുടെ കർമ്മബലം കൊണ്ടു താനേകൻ
തന്നെ മന്നിടം തന്നിൽ ജനിക്കുന്നതും മരിപ്പതും * ഫലദാതാവാധ
ർമ്മമൊഴിഞ്ഞു മറ്റില്ലാരു മലമാവേശനാതമാകുരു ദുഃഖം വൃഥാ * പ
രമാത്മാവു പാർത്താൽ പരമൻ പരാപരൻ കരണലിംഗാദിനിർമ്മുക്ത
നദ്വയനേകൻ * നിർമ്മല നിരാശ്രയനവ്യയൻ നിർവ്വികാരൻ ധർമ്മ
ഗോചരൻ മാലോചര്യ നിവസിക്കേടോ * എന്തു കാരണം വൃഥാ സ
ന്താപം തേടുന്നു നീ സന്തതം തത്ത്വാർത്ഥം സഞ്ചിന്തനം ചെയ്തീടുക * സ
ൽപ്രകാശമാം പരമാത്മാനം ധ്യാനിക്കെടോ സ്വല്പവും തോന്നീടൊ
ല്ലഹന്ത ദേഹാദൌ തേ * ധർമ്മസേവയും ചെയ്തു സന്തതം വസിക്കേ
ണം ധർമ്മമല്ലേടോ ജന്തുഹിംസകമെന്നുള്ളതും * ഇന്ദ്രിയങ്ങളെ ജ
യിച്ചു നീ പരം കല്യാണശീല മന്ദിരം സാധുസംഗമാചരിക്കയും വേ
ണം * അന്യദൂഷണം ചൊല്ലം മാനസേ ചിന്തിക്കൊലാ ധന്യമെത്ര
യും മഹാദേവപൂജനം സദാ * സത്യമെന്നുള്ളതോരാം വിശ്വസിച്ചി
രിക്കേണം തത്സ്വരൂപമാം പ്രത്യക്ബ്രഹ്മത്തെ സ്മരിക്കേണം * പ്രാകൃ
തഗുണങ്ങളാൽ പ്രാകൃതനായീടൊല്ലാ പ്രാകൃതപ്രപഞ്ചമെന്നുള്ളതു
മറിയേണം * മായാവിഭ്രമം പൂണ്ട മാനുഷന്മാർക്കെന്നും കായാദിമൂലം
രാഗദ്വേഷാദി ജനിക്കുന്നു * സുകൃതദുരിതങ്ങൾ വശത്തെ പ്രാപി
ക്കയാൽ വികൃതം ദേവതിര്യങ്മാനുഷാദികം ജന്മം * ചന്ദനമഗരുക
ർപ്പൂരമെന്നിവയെല്ലാം നിന്ദ്യമായ്വന്നു കൂട്ടും ദേഹസംസ്പർശമൂലം * അ

ങ്ങിനെയുള്ളദേഹംതന്നിലെന്തൊരുസുഖം മംഗലമതേവായുനന്ദനനിരൂപിക്ക * ഭക്ഷ്യഭോജ്യാദിപദാൎത്ഥങ്ങളുംദേഹസംഗാൽ തൽക്ഷണെവിഷ്ഠാകാരമായ്ഭവിക്കുന്നീലയോ * ശീതമായ്സുഗന്ധിയായുള്ളനൽസലിലവും പീതമായ്പുന്നാൽമൂത്രമായല്ലോവന്നുഞായം * അതിമോഹനങ്ങളാംധവളപടങ്ങളും പ്രഥിതമലങ്ങളാംവപുഷംചേൎത്തീടുകിൽ * ഇങ്ങിനെയുള്ളദേഹംതന്നിലെന്തഭിമാനങ്ങു തോന്നുവാൻമൂലംചൊല്ലുകമഹാകപേ * സംസാരാംബുധൌമുഴുകീടിനജനങ്ങൾക്കു കിംസാരംസുഖദുഃഖമൊഴിഞ്ഞുവാതാത്മജ * ജന്മവുംദുഃഖംപിന്നെബാല്യമോമഹാദുഃഖം കൎമ്മകാരണംമഹാദുഃഖംയൌവനകാലം * വാൎദ്ധക്യംനിരൂപിച്ചാലെത്രയുംഭയാനകം വാൎത്താവൊന്നല്ലതല്ലാലോല്പന്നദുഃഖമെല്ലാം * ദുഃഖങ്ങളേവമനുഭവിച്ചുമരിച്ചീടും തക്കത്തിൽചിത്രംചിത്രംപിന്നെയുംജനിച്ചീടും * അജ്ഞാനബലംതന്നെകാരണമിതിനെല്ലാ മജ്ഞാനംനിവൎത്തിച്ചാലുത്തമസുഖമുണ്ടാം * ഈവണ്ണമുള്ളോരജ്ഞാനത്തിന്റെനിവൎത്തനം കേവലംജ്ഞാനബലംകൊണ്ടൊഴിഞ്ഞുണ്ടാവ്വരാ * ജ്ഞാനമായതുപരബ്രഹ്മമെന്നറിയണം നൂനംതദ്വിവേദനംവേദാന്തവാക്യാധീനം * വേദാന്തതത്വാൎത്ഥവിജ്ഞാനമൊവിചാരിച്ചാ ലാദരണീയംവിരക്തന്നൊഴിഞ്ഞുണ്ടാവ്വരാ * വിരക്തിവരുന്നതുസജ്ജനസംഗംമൂലം പെരുത്തസുഖംവരുംതദനന്തരംകപേ * കിഞ്ചനപോലുംകൃപയില്ലാവൈവസ്വതനു സഞ്ചിതപാപന്മാരെക്കൊണ്ടവൻഗമിച്ചീടും * മരണഭയത്തോളംവലുതല്ലൊരുഭയം പുരുഷാൎത്ഥവുംതതോമുന്നമെസാധിക്കണം * ക്ഷണികമത്രദേഹംക്ഷണികംധനാദികം പിന്നെയുംജരാദികളുടനെശരീരത്തിൽ * ദിവസംപോവതല്ലോപവനകുമാരക ദിവസമായുസ്സത്രെഗമനംചെയ്തീടുന്നു * എന്തിനുപലതുംനീചിന്തിച്ചുഖേദിക്കുന്നു സന്തതമായുന്നാശമല്ലയോഖേദാസ്പദം * ദേഹത്തോടൊരുമിച്ചുമൃത്യുവുംവസിക്കുന്നു ദേഹമൂലമായത്രെസമസ്തദുഃഖങ്ങളും* നശ്വരമായദേഹംപൂണ്ടവൎക്കെല്ലാവൎക്കും വിസ്മയംപുത്രഭാൎയ്യാബന്ധുവിത്താദിയോഗം * അബ്ധിയിൽതിരകൾക്കുയോഗമെന്നതുപോലെ സുഷുപ്തിയിൽപദാൎത്ഥസംബന്ധമെന്നതുപോലെ * ക്ഷണികമെന്നുള്ളതുമകമേധരിച്ചാലും ക്ഷണകാലവുംതതോനീവൃഥാപോക്കീടൊലാ * അവശ്യംഭാവിയായമരണത്തിന്നുപാൎത്താലവസ്ഥാന്തരംപ്രതിക്രിയയായൊന്നുമില്ല * ഇക്കണ്ടദേഹാനശിക്കാവിധൌദേഹിതാനു മക്ഷണംദേഹാന്തരംകൈക്കൊണ്ടുകൎമ്മാധീനം * സൎവ്വദേഹത്തെപരിത്യജിക്കുന്നിതുമഹാ ദുൎവ്വഹമെല്ലോജീവൻവാനരസാൎവ്വഭൌമ * സ്വസ്വകൎമ്മഫലങ്ങൾക്കുതക്കവണ്ണംവിദ്ദേഹി അസ്വതന്ത്രനായ്നാനാദിക്കുസഞ്ചരിച്ചീടും * ആ

ത്മാവിനില്ലജന്മമരണമെന്നുള്ളതു മാത്മാനംസേവിക്കേണമാത്മനാ
സദാനീയും * നീചെയ്യു കൎമ്മമെല്ലാംഞാൻചെയ്യുതറിഞ്ഞാലും ഞാ
ൻചെയ്യു കൎമ്മംതഥാനിനക്കാബോധിക്കണം * ശോഭനമുഹൂൎത്തവും
കഴിയുമെന്നോൎത്തുതാൻ കോപമുണ്ടാകവേണ്ടലിംഗസ്ഥാപനംചെ
യ്തു * വൈദേഹി ചമച്ചോരുസൈകതലിംഗമിദം വേദൈകാലയ
ന്തനിക്കതിസാന്നിദ്ധ്യാപരം * കൈലാസാചലാൽഭവാൻകൊണ്ടു
വന്നോരുലിംഗം കാലതാമസംവിനാസ്ഥാപനംചെയ്കനീയും * ശ്രീ
ഹനുമല്ലിംഗമെന്നതുമുപ്രസിദ്ധമായ് ഐഹികപാരത്രികഭോഗ
സംപ്രദായകം * ഹനുമല്ലിംഗാകണ്ടുസേവിച്ചിട്ടനന്തരം മനുജൻ
രാമനാഥൻതന്നെയുംസേവിക്കേണം * യോജനസഹസ്രാണാംദൂര
തോവസിക്കിലും യോജിതമഹാപാപസഞ്ചയനെന്നാകിലും * ഹ
നുമല്ലിംഗാദ്ധ്യാനിച്ചീടുന്നപുരുഷനു പുനരാവൎത്തിഹീനംമോക്ഷമു
മുണ്ടായ്വരും * ഹനുമദ്രാമനാഥദൎശനംചെയ്തീടുന്ന മനുജനല്ലോകൃ
തകൃത്യലോകാഗ്രനായി * സൎവ്വയജ്ഞങ്ങൾപോലുംചെയ്തവനവൻ
തന്നെ ശൎവ്വരീകരന്മാരിൽമുമ്പനുമവൻതന്നെ * ജാനകീസൌമി
ത്രിയുംസുഗ്രീവൻനളൻനീലൻ ജാംബവാൻവിഭീഷണനെന്നിവ
രെല്ലാവരും * ഭക്തിസാപൂൎണ്ണന്മാരായ്പ്രതിഷ്ഠിച്ചോരോലിംഗം സ
ത്വരംസേവിപ്പവൻമുക്തനായ്വരുംനൂനം * ഇന്ദ്രാദിദേവന്മാരുംശേ
ഷാദിനാഗങ്ങളുമിന്ദുവുമാദിത്യനുംഗ്രഹനായകന്മാരും * രാമനാഥാ
ഭ്യൎണ്ണേതേസ്ഥാപനംചെയ്തുശിവം ശ്രീമയമത്യപാരംസൎവ്വമോക്ഷൈ
കരൂപം * എന്നതുമൂലംതവപാപങ്ങൾനശിപ്പാനായിന്നുനീമഹേ
ശ്വരസ്ഥാപനംചെയ്തീടുക * അത്രയുമല്ലഭവാൻജാനകീദേവീകൃതം
ചിത്രമാംശിവലിംഗംപറിച്ചീടുന്നതാകിൽ * തത്രൈവഞാനുംതവയാ
നീതമാമിദംലിംഗം ചിത്രസാന്നിദ്ധ്യംപ്രതിഷ്ഠിപ്പതുണ്ടാഞ്ജനേയ *
ഭൂതലാതലാതലംവിതലംരസാതലം പാതാളംമഹാതലമെന്നുചൊ
ല്ലുന്നലോകം * ആകവേഭേദിച്ചിരിപ്പോന്നുമീലിംഗംകപേ പാക
ശാസനമുഖദേവവന്ദിതാപരം * തദിദംപറിപ്പതിനെളുതല്ലാരുമന്യ
നാം വിദുഷാംവരഭവാൻപഴുതേഖേദിക്കൊല്ല * അല്ലയെന്നാകിലു
ഴറ്റോടുനീയെഴുന്നേറ്റു കല്യാണാലയരാമനാഥമുപാസിച്ചാലും *
ശ്രീരാമചന്ദ്രനേവമരുളിച്ചെയ്തുനേരം ധീരനാംഹനുമാനുംചേതസാ
നിരൂപിച്ചു * സൈകതമിദംലിംഗംപറിച്ചങ്ങെറിഞ്ഞുഞാൻ വൈ
കാതെമയാനീതംപ്രതിഷ്ഠചെയ്തീടുന്നേൻ * എന്തിനിക്കൊരുദണ്ഡ
മേതദീയോല്പാടനെ ഹന്തമദ്ബലമാരുവാനറിഞ്ഞതും * ഇങ്ങി
നെചിന്തിച്ചുറച്ചങ്ങുചെന്നാഞ്ജനേയൻ തുംഗപൌരുഷന്മാരാമവ
രുകണ്ടുനിൽക്കെ * രാമനാഥനെപ്പറിച്ചെറിഞ്ഞീടുവാനഹോ ധീ

മതാംവരന്മഹായത്നങ്ങൾചെയ്തീടിനാൻ * അധികംയത്നംചെയ്തു
മതിമാനുഷകർമ്മാ വതിനെയിളക്കുവാൻചെറുതുമാളായീലാ * തദ
നന്തരംകോപിച്ചവനുംപുച്ഛംകൊണ്ടു മദനാരാതിലിംഗമാകവെചു
റ്റികെട്ടി * നിജപാണികൾരണ്ടുംധരണിതന്നിലൂന്നി വിജിതായാ
സംകുതിച്ചാകാശെചാടീടിനാൻ * അന്നേരംധരിത്രിയുംസാഗരഗ
ണങ്ങളു മൊന്നിച്ചചലാദിസംഘാതവുംവിറച്ചതേ*രാമനാഥന്റെ
ലിംഗംചെറുമേചലിച്ചീല കോമളരാമചന്ദ്രവൈഭവവിജൃംഭണം*
മാരുതാത്മജൻതഥാബാലവുംമുറിഞ്ഞുടൻ പാരമാർത്തിയുംപൂണ്ടുഭൂമി
യിൽവീണീടിനാൻ * തല്പാദപ്രദേശവുംഗംഭീരകുണ്ഡമായി തല്പരം
നവദ്വാരാൽസ്രവിച്ചരക്തധാരാ * കുണ്ഡവുംനിറഞ്ഞുഭൂമൌകവി
ഞ്ഞൊഴുകുമ്പോൾ പിണ്ഡവത്തദ്ദേഹവുംതന്മദ്ധ്യേകാണായ്വന്നു *
വാനരഗണങ്ങളുംതാപസജനങ്ങളും മാനുഷാധീശന്മാരുംദേവതാ
കദംബവും * മാരുതിമരിച്ചിതെന്നോർത്തുദുഃഖവുംപൂണ്ടു പാരാതെ
വിലാപവുംതുടങ്ങീസസംഭ്രമം * രാമചന്ദ്രനുംസീതാദേവിയുംസൌ
മിത്രിയു മാമയവാരാന്നിധൌമുഴുകീടിനാർതദാ * സത്വരംവൈദേ
ഹിയുമാത്മപാണികൾകൊണ്ടു മൃത്യുപീഡിതമേനംചെന്നുടൻ തലോ
ടിനാൾ * ലോകനായകൻകൃപാമന്ദിരൻജ്ഞാനമൂർത്തി പാകാരിമു
ഖദേവവന്ദിതപദാംബുജൻ * മാരുതികായംപിണ്ഡാകാരമായ്ക്കണ്ടു
നേരം പാരമാമയംപൂണ്ടുചെന്നുടൻതത്സമീപെ * എടുത്തുവാതാ
ത്മജംമടിയിൽകരയേററി ചടുലമിഴികളിൽനിന്നുബാഷ്പവുംതൂകി *
മാരുതാത്മജമുഖംപാർത്തേവമരുൾചെയ്തു ചെറുതല്ലേതുംഭവാനെന്നാ
ലുള്ളുപകാരം * മുമ്പിനാൽപമ്പാതീരെദീനന്മാരായങ്ങൾ അ
മ്പിനാൽനിന്നാലെല്ലോപാലിതന്മാരായതും * സുഗ്രീവൻതന്നെക്ക
ണ്ടുസഖ്യവുംചെയ്യിപ്പിച്ചു വ്യഗ്രതയെല്ലാംതീർത്തുകൊണ്ടതുംനീയല്ല
യോ * നിന്മുഖംകാൺകമൂലംകൌസല്യതന്നെഞാനും നിർമ്മലംജന
കനേയുംബന്ധുജനത്തേയും * ആകവേമറന്നുസന്തോഷമോടിരിപ്പ
തു മേകനുമില്ലനിന്നോടൊത്തവരിനിക്കെടോ * സാഗരംകടന്നതും
മൈനാകംജയിച്ചതും നാഗമാതാവെജ്ജയിച്ചോരുതച്ചരിത്രവും *
ഛായാഗ്രാഹിണിതന്നെനിഗ്രഹിച്ചതുംപിന്നെ സായംനീസുബേ
ലമാംപർവ്വതംപ്രാപിച്ചതും * ലങ്കാശ്രീദേവിതന്നെജ്ജയിച്ചപ്രകാര
വും കിംകപീശ്വരമറക്കുന്നതുമഹോഞാനും * രാവണഗൃഹംപുക്ക
സീതയെത്തിരഞ്ഞതും രാക്ഷസന്മാരെക്കണ്ടുനിർഭയംനടന്നതും* എ
ന്തുഞാന്മറപ്പതുവാനരശിഖാമണേ ബന്ധുവായിനിക്കമററാരെടോ
ഭൂമണ്ഡലേ * ജാനകിദേവിയെക്കണ്ടഭിവാദ്യവുംചെയ്തു വാനരേശ്വ
രഭവാനഭിജ്ഞാനവുംനൾകി * തദ്ദത്തചൂഡാമണിമാത്തുനീധരിച്ചേ
ഖം മദർത്ഥമെല്ലാമഹാസങ്കടംപൂണ്ടതെല്ലാം * തല്പരംനിശാചരോ

ദ്യാനഭഞ്ജനംചെയ്തു കെല്പ്പുടയോരുരജനീചരാൻവധിച്ചതും *
ജംബുമാലിയാംരാത്രിഞ്ചരനെവധിച്ചതും സംബാധംവിനാമന്ത്രിപു
ത്രന്മാരെക്കൊന്നതും* പഞ്ചാസ്യപരാക്രമന്മാരാഴിമരുവുന്ന പഞ്ച
സേനാധിനാഥന്മാരെനിഗ്രഹിച്ചതും * തൽക്ഷണേയുദ്ധത്തിനായ്പ്പി
ന്നടനടുത്തീടും അക്ഷനെവധിച്ചതുമെന്നുഞാനുമാകന്നെ · * വൃത്രാ
രിജിതാഭവാൻബ്രഹ്മാസ്ത്രബദ്ധനായി ചിത്രംലങ്കേശസഭയകംപു
ക്കിരുന്നതും * രാവണൻതന്നെതൃണീകരിച്ചുപറഞ്ഞതും കേവലം
ലങ്കാപുരമൊക്കെച്ചുട്ടെരിച്ചതും * പിന്നെപ്പോന്നെന്നെക്കണ്ടുവൃത്താ
ന്തംപറഞ്ഞതും ധന്യഞാൻനിരൂപിച്ചാലെങ്ങിനെസഹിക്കുന്നു *
മോഹവുംപൂണ്ടുഭൂമൌശയിക്കുംനിന്നെക്കണ്ടാൽ ഹാഹാമൽപ്രാണ
ങ്ങളുംപോവാനായുനിയുന്നു * സത്യംനീമരിച്ചിതെന്നാകിലോവാ
താത്മജ സതാപരംഞാനുംമരിക്കുന്നതുണ്ടസംശയം * സീതയെക്കൊ
ണ്ടുംമമലക്ഷ്മണൻതന്നെക്കൊണ്ടും ഭൂതലംകൊണ്ടുമെന്തുകാര്യംനീമ
രിച്ചാകിൽ * ഉത്ഥാനംചെയ്കപുനരെന്തേകിടക്കുന്നു സതാപരം
നിദ്രാർത്ഥമല്ലശയനമുണ്ടാകുക * വിശപ്പുപാരമിനിക്കുണ്ടേടോസൌ
മിത്രിക്കും വിശങ്കമെന്നിയെനീഭക്ഷ്യങ്ങൾകൊണ്ടുന്നാലും * സ്നാതും
ഞാൻപോകുന്നേരംനീയല്ലോചീരംധരി ച്ചാത്തുംഗപരാക്രമപിന്നാ
ലെനടപ്പതും * ഇന്ദ്രജിത്തയച്ചോരുവാരിജോത്ഭവാസ്ത്രേണ സാന്ദ്ര
പീഡയാഞങ്ങൾകെട്ടുപെട്ടോരുശേഷം * നീയെല്ലോജീവനാർത്ഥ
മൌഷധംകൊണ്ടുവന്നു മായാതെകവെടിഞ്ഞുള്ളോരായാസംധരിച്ച
തും * ലക്ഷ്മണപ്രാണദാതാവായതുംനീയല്ലയോ ലക്ഷ്മീദേവിയെക്ക
ണ്ടുപോന്നതുംനീയല്ലയോ * നിന്നുടെസഹായംകൊണ്ടല്ലയോനിശാ
ചരസൈന്യത്തെമുടിച്ചുഞാൻസീതയെലഭിച്ചതും * അഞ്ജനാസൂ
നോസീതാശോകനാശന വീര അഞ്ജസാമോഹംവെടിഞ്ഞെഴുന്നേ
റ്റാലുംഭവാൻ * ജാനകീദേവിയോടുംലക്ഷ്മണനോടുംകൂടി മാനവാ
രിധനീയുമെന്നെയുംവെടിയാതെ * കോസലപുരംതന്നിൽക്കൊ
ണ്ടുപോയ്ചേർത്തീടണം കൌശലമതിന്നുനിന്നോളമില്ലാർക്കുംനൂനം*
എന്നെയുംവെടിഞ്ഞുനീയെങ്ങുപോയ്സപ്പതി നിന്നുവാഞ്ഛിക്കു
ന്നതുവാനരശിഖാമണേ * ഇങ്ങിനെപലവിധംപറഞ്ഞുസീതാനാ
ഥനങ്ങുവൻമുഖംനോക്കിക്കരഞ്ഞുചിരംനോക്കി * കണ്ണുനീർകൊ
ണ്ടുതന്റെദേഹവുമതുപോലെ പുണ്യമാംവാതാത്മജദേഹവുംനന
ച്ചുതേ * അനന്തരംലോകനാഥകാരുണ്യമുണ്ടാകയാൽ ധന്യനഞ്ജ
നാസുതൻകൺമിഴിച്ചൊന്നുനോക്കി * പൌലസ്ത്യപരിത്രസ്തലോക
രക്ഷാർത്ഥമായി പേലവാകാരംമനുഷ്യാകാരംധരിച്ചവൻ * ലക്ഷ്മണ
നോടുംലക്ഷ്മീദേവിയുമായിവാഴും ലക്ഷ്മീവല്ലഭംനാരായണമവ്യയമേ
കം * ദേവതാപസാത്തമവാനരപരിവൃതം കേവലംകാളമേഘശ്യാ

മല്ലകളേബരം * പുണ്ഡരീകായതാക്ഷം രണാരേണുക്ഷിതാംഗം ചണ്ഡ
ഭാസ്കരകോടിതുല്യതേജസം രാമം * കണ്ടുകണ്ടാനന്ദം കൊണ്ടുണ്ടായി
ചൈതന്യവും കണ്ടറിഞ്ഞിട്ടാവതോ ശ്രീനിവാസപ്രഭാവം * ചിക്ക
ന്നാണെങ്ങഴനേറവനമസ്കാരവുംചെയ്തു തക്കതിൽഭഗവാനെസ്തുതിച്ചു
തുടങ്ങിനാൻ * ഹരയേരാമായതേവിഷ്ണവേനമോനമോ പരമായാ
ദിദേവായപ്രഭോനമോനമഃ * പ്രഭവിഷ്ണവേപുരാണായതേഗദാഭൃതേ
വിഭവൈകഹേതവേസന്തതംനമോനമഃ * പുഷ്ടവാനരാധികജുഷ്ട
പാദാംബുജായ വിഷ്ടരാധിനായകശ്രീപതേനമോനമഃ * പുഷ്പക
വിമാനസംവിഷ്ടമൂർത്തയേനമഃ പുഷ്പസായകസഹസ്രാഭിരാമായന
മഃ * പിഷ്ടരാക്ഷസജഗദിഷ്ടസന്ദായിൻനമഃ ശിഷ്ടപാലകകരുണാ
നിധേനമോനമഃ * സാക്ഷരായതേവിശുദ്ധായഭക്താർത്തിഹന്ത്രേ
തീക്ഷ്ണവിദ്വേഷിലോകപ്രളയപ്രദായിനേ * നാരസിംഹായദൈത്യാ
ധീശദാരിണേനമോ നാരദാഭിമാനമൽപ്പാദപങ്കജായതേ * വാരാ
ഹസ്വരൂപിണേവിഷ്ണവേനമോനമഃ ഘോരദംഷ്ട്രാഗ്രോദ്ധൃതശ്രീവ
സുന്ധരായതേ * വാമനസ്വരൂപിണേബലിയജ്ഞനിഹന്ത്രേ കാമ
ദായിനേകൂർമ്മാകാരധാരിണേനമഃ * മന്ദരക്ഷോണീധരോദ്ധാരിണേ
നമോനമഃ സുന്ദരശഫരരൂപായവേദിഭീപ്സവേ * നമസ്തേഭാർഗ്ഗവായ
ക്ഷത്രിയാന്തകപ്രഭോ നമസ്തേരഘുവംശാലംകാരസ്വരൂപിണേ *
ശ്രീമഹാദേവഭീമകോദണ്ഡപ്രഭേദിനേ ശ്രീമണാളായലോകത്രാണ
കാരിണേനമഃ * അഹല്യാസന്താപസംക്ഷേപകാരിണേനമോ മഹ
താംബുധേവിഭേദാതാടകാജീവഹാരിൻ * വാസവാത്മജവക്ഷോഭേദി
നേനമോനമോ. ഭാസുരമായാമൃഗോന്മാഥകാരിണേനമഃ * പങ്ക്തി
സ്യന്ദനദുഃഖാംഭോധിശോഷണായതേ പങ്ക്തികണ്ഠാന്തകായാംഭോ
ധിഗർവ്വാപഹർത്രേ * ജാനകീമാനസാംഭോജാതഭാനവേനമോ മാനു
ഷസ്വരൂപിണേനമസ്തേരാമരാജ * താരകബ്രഹ്മസ്വരൂപായരാജീ
വാക്ഷായ ധീരായശ്രീരാമായധീമഹാത്മനേനമഃ * ഖരദൂഷണത്രി
മൂർദ്ധാദിനാംപ്രഭേദിനേ ശരണാഗതപ്രിയായാനിശംനമോനമഃ *
വേദിവേദാനാംപതേപാഹിമാംദയാനിധേ കേവലംഭക്തലോകാഭീ
ഷ്ടദായകപ്രഭോ * വേദവേദാന്തവാക്യാർത്ഥപ്രമേയാനുഭാവ ഭേദ
വർജ്ജിതപരിപാഹിമാംരഘുവീര * അജ്ഞാനവിജൃംഭണമാകവേ
പോക്കീടണം വിജ്ഞാനസ്വരൂപിണേദേവതേനമോനമഃ * ഇ
ങ്ങിനെഭഗവാനെസ്തുതിച്ചോരനന്തരം മംഗലദേവതാംതാംജാന
കീംവണങ്ങിനാൻ * പാപനാശിനീഭക്താഭീഷ്ടദായിനിദേവി
ശോഭനാകാരാംവിദേഹാത്മജാംനമാമ്യഹം * ദാരിദ്ര്യാപഹാരി
ണീംരാഘവാനന്ദകർത്രീം ഭൂരിഭൂഭാരഹന്ത്രീംജാനകീംനമാമ്യഹം *
പ്രകൃതിശിവാംപൌലസ്ത്യവംശസംഹാരിണീം വികൃതപ്രജാ

ശ്രുന്യാംജാനകീംനമാമ്യഹം * അഭയാംഭക്തശ്രദ്ധാംശ്രീസരസ്വ
തീമുമാ മനൈദ്വതാത്ഥൈവിഭവാംജാനകീംനമാമ്യഹം * അനഘാം
ഹരിപ്രിയാംലോകാനുഗ്രഹപ്രദാം ജനനിംപതിവ്രതാധൃഷ്യഹാംന
മാമ്യഹം * വേദരൂപിണീംപ്രസാദോൽസുകാംവിദ്യാമയീം ഭേദ
വജ്ജിതാംലക്ഷ്മീംജാനകീംനമാമ്യഹം * ക്ഷീരസാഗരാത്മജാംചന്ദ്ര
സോദരീംസിതാം ചാരുസവ്വാംഗരമ്യാംജാനകീംനമാമ്യഹം * ധമ്മ
മന്ദിരാംകൃപാംവേദമാതരംത്രയീം നിമ്മലാംപത്മാലയാംജാനകീം
നമാമ്യഹം * വിഷ്ണുവക്ഷസ്ഥലൈകനിലയാംപത്മഹസ്താം തൃഷ്ണാ
രൂപിണീംദേവീംജാനകീംനമാമ്യഹം * ചന്ദ്രമണ്ഡലസ്ഥിതാംചന്ദ്ര
സുന്ദരാനനാം വിദ്യുദ്രൂപിണീംസിദ്ധാംജാനകീംനമാമ്യഹം * ആ
ഹ്ലാദസദ്രൂപിണീംസവ്വലോകാനന്ദദാം വിഹലത്രാണകർത്ത്രീംജാ
നകീംനമാമ്യഹം * രാമചന്ദ്രഞ്ചസീതാംമാരുതകുമാരകൻ കോമള
പദങ്ങളിലിങ്ങിനെവന്ദിച്ചിനാൻ * ഇസ്തോത്രംദിനേദിനേജപി
ച്ചീടുന്നപുമാൻ സന്തതംമഹത്തായൈശ്വര്യംലഭിച്ചീടും * ആ
യുരാരോഗ്യവിദ്യാപുത്രസമ്പത്തുമുണ്ടാം ആയുരന്തതോവിഷ്ണുസായൂ
ജ്യലഭിച്ചീടും * പിന്നെശ്രീരാമചന്ദ്രൻപ്രസന്നാന്തരാത്മാവായ്
ധന്യനാംജഗൽപ്രാണപുത്രനോടരുൾചെയ്തു * ചെയ്തതല്ലേതുംഭ
വാൻചെയ്തസാഹസമോത്താലറിവില്ലായ്കതന്നെകാരണംകപീശ്വ
ര * മൽപ്രതിഷ്ഠിതംരാമനാഥമുദ്വസിപ്പതി നല്ലസാരനാംനിനക്കാ
വതല്ലേതുമൂനം * മൂത്തികൾമൂന്നുപേരുംചെയ്തുമത്താംചെയ്താ
ൽ തീത്തുചൊല്ലീടാമിദംചലനംചെയ്കയില്ല * രാമനാഥാപരാ
ധംചെയ്യുന്നിമിത്തമായ് നീമഹാനെന്നാകിലുമീവണ്ണംവിഷണ്ണ
നായ് * ഇനിമേലൊരുനാളുംശ്രീമഹേശാപരാധം മനസാപോലും
ചെയ്യീടരുതു വാതാത്മജ * തല്പാദപ്രദേശവുമിന്നുതൊട്ടവനിയി
ൽ അത്ഭുതതീത്ഥോത്തമമായ്വരുമസംശയം * ഹനുമൽകുണ്ഡമെ
ന്നുലോകവിഖ്യാതമായി മനുജന്മാക്കുമോക്ഷത്തിന്നുഹേതുവായ്വരും*
ഗംഗാദിതീത്ഥമാന്നുമിതിനുനേരായ്വരാ സംഗതപാപജാലംനശി
ക്കുമത്രസ്നാനാൽ * രാമഭാഷിതമേവംകേട്ടുവാതാത്മജൻതാൻ രാമ
നെപ്രണാമവുംചെയ്തുഭക്താഗ്രനായി * ശ്രീരാമേശ്വരംതന്നിക്കുത്ത
രപുണ്യഭാഗേ വീരനാത്മീയലിംഗസ്ഥാപനംചെയ്തീടിനാൻ * രാ
മനാഥനെൻറലിംഗംതന്നിലുണ്ടിന്നുംപാത്താൽ കോമളംമരുൽസുത
ലാംഗൂലപ്രവേഷ്ടനം * വലിസംഘാതംപോലെശോഭിച്ചുകാണാകു
ന്നു കലുഷാപഹമിദംചരിതംനിരൂപിച്ചാൽ * തദനന്തരംസൂത
ൻതന്നോടുചോദ്യംചെയ്തു മദനാരാതിഭക്തന്മാരായമുനികളും * രാ
ക്ഷസരാജൻതന്നെനിഗ്രഹിച്ചതുമൂലം സാക്ഷാൽശ്രീനാരായണനാ
യസീതാപതിക്കും * എങ്ങിനെസംഭവിച്ചുവിപ്രഹത്യാപാതക മ

ങ്ങവൻവിപ്രനല്ലെന്നുള്ളതാത്രുദ്ധമല്ലോ * തന്മൂലമഖിലവുംചൊ
ല്ലുന്നംകൃപാനിധേ നിർമ്മൂലംഭവിക്കയില്ലെന്നുമേഭവദ്വാക്യം * ഇങ്ങി
നെതാപസന്മാർചൊല്ലിച്ചോരനന്തരം മംഗലാലയൻസൂതനവരോ
ടുരചെയ്തു * കമലാസനൻതന്റെപുത്രനായുണ്ടായ്വന്നു വിമലൻപു
ലസ്ത്യനെന്നത്രയുംപ്രസിദ്ധനായ് * വിശ്രുതഗുണവാനായവന്റെ
തനുജനാ യ്വിശ്രവസ്സെന്നുമൊരുതാപസനുണ്ടായ്വന്നു * അവനുമ
നേകംനാൾതപസ്സുചെയ്തീടിനാൻ ദിവിദേവന്മാരാലുംദുഷ്കരമതുന്ത
നം * ഏതസ്മിന്ദശാന്തരേരാക്ഷസജനാധീശൻ ഭൂതവിദ്വേഷശാലി
കശ്മലൻസുമാലിയും * ലോകങ്ങളാലോകനംചെയ്വതിന്നാശയോടും
ലോകസുന്ദരിയായതന്നുടെസുതയോടും * നടന്നീടുംപോളുടനടുത്തു
കാണ്മായ്വന്നു പട്ടുതമ്പമേറംധനേശപരനെവൃരോളുവി * പുഷ്പകവി
മാനാന്തേസതപരംകരയേറി പുഷ്പബാണാർത്തിപൂണ്ടകാമിനീജന
ത്തോടും * ചാമരദണ്ഡങ്ങളാൽവീശിച്ചനിരന്തരം കാമഭോഗാനു
ഭൂതിതുഷ്ടനായ്ക്കണ്ടനേരം * തന്നുടെഹൃദന്തരംചിന്തിച്ചുസുമാലിയും
ധന്യനെത്രയുമിവൻഭാഗ്യവാൻമഹാവീര്യൻ * ഇവനെപ്പോലെന
മുക്കൊരുപുത്രനുണ്ടാകിൽ ഭവിതരാത്രിഞ്ചരവംശവുംസമൃദ്ധമാം * ഒ
രുവൻതങ്കൽനിന്നുംഭയവുംപിന്നെവേണ്ടാ പരമംവിശ്രവസ്സിൻ
ബീജവൈഭവമോർത്താൽ * ഈവണ്ണംനിരൂപിച്ചുതന്നുടെപുത്രി
യോടുംസേവാനുകൂലയോടുമന്ദമായുരചെയ്തു * മാനിനീകുലമൌലേ
ബാലികേകേട്ടാലുംനീ മാനേലുംമിഴിയാളേബാലശീതാംശുഫാലേ *
യൌവനംനിനക്കുസംപൂർണ്ണമായ്വന്നുവെല്ലോ ദേവതാംഗനമാരുംനി
ന്നോടുതുല്യമല്ല * അനുരൂപനായ്നിനക്കാരേയുംകണ്ടീലഞാൻ വ
നിതാമാണിക്യമേകൈകസീവരാനനേ * സുതയെപ്രദാനംചെയ്യാ
ളുവുംദുഃഖമെന്ന്യേ മതിയിൽപിതാവിനില്ലേതുമേസുഖലേശം * സാ
ക്ഷാൽശ്രീലക്ഷ്മീദേവിയെന്നിയെമറ്റാരുമേ രാക്ഷസാന്വയോത്തമേ
തുല്യയായില്ലനൂനം * മാനശാലികളായജനങ്ങൾക്കെല്ലാവർക്കും മാ
നിനീജനകത്വംദുഃഖഭാജനമല്ലോ * പ്രത്യാഖ്യാനത്തിൻഭയംപൂണ്ടു
ഞാനേകനോടും പ്രീത്യായാചിപ്പതിന്നുംമടിച്ചുവസിക്കുന്നു * യാ
തൊരുപുമാൻനിന്നെ വരിച്ചീടുന്നതെന്നു ചേതസാവിചാരിച്ചാലേ
തുമേതോന്നുന്നില * ആകയാൽനീയുംസരോജാസനാന്വയോത്ഭവം
ലോകത്രുദ്ധാഭിധംവിശ്രവസംവരിക്കെടോ * ധനദസമന്മാരായതി
ഭാഗ്യവാന്മാരാം തനയന്മാരെജ്ജനിപ്പിക്കേണംബാലേനീയും * അ
ന്വയംനശിക്കുമാറായിതുനമുക്കിപ്പോൾ തന്വംഗിജനോത്തമേവൈ
കാതെപോയീടുക * ഇങ്ങിനെതാതവാക്യംകേട്ടുകൈകസിതാനും മം
ഗലശീലസർവ്വംസമ്മതിച്ചനന്തരം * വിശ്രവസ്സാകുംമുനിനാഥൻ
തന്നുടജത്തിലാശ്രമംചെന്നുപുക്കുപിതൃവാക്യഗൌരവാൽ * താപ

സസമീപെ ചെന്നെത്രയും ലജ്ജയോടേ കോപനരത്താം മഹീപൃഷ്ഠമാ ലോക്യനിന്നാൾ * അഗ്നിഹോത്രവും ചെയ്തു സന്ധ്യായാം മുനീശ്വരൻ അഗ്നിസങ്കാശൻ വസിക്കും വിധൌ കണ്ടീടിനാൻ * ആശ്രമം തന്നിങ്ങെതുള്ള തേജസാ സമേതയാ യ്പിശ്രമാത്ഥമായ്പുന്ന വിദ്യുത്തെന്നതു പോലെ * മന്ദഹാസവും പൂണ്ടു ചോദിച്ചു മുനീശ്വരൻ സുന്ദരിബാലേ നിനക്കാരെടോ ജന്മഹേതു * ഏതൊരു ദിക്കിൽ നിന്നിട്ടു ഇവിടെ വന്നു നീയും യാതൊരു കാൎയ്യം തവാഭീപ്സിതമെന്നും ചൊൽക * താപസവാക്യമേവം കേട്ടു കൈകസി താനും ശോഭനമാകും വണ്ണമിത്തരം ചൊല്ലീടിനാൾ * രജനീചരാധിപതിയാം സുമാലിതൻ തനയ കൈകസിയെന്നു എന്നുടെ നാമം മുനേ * പിതുരാജ്ഞയാ ഞാനും തവ സമീപത്തോ വന്നേൻ മതിമൻ ശേഷം ഭവാനറിഞ്ഞീടുക വേണം * മാനിനി ചൊന്ന വാക്യം കേട്ടു മാമുനി താനും മാനസേ വിചാരിച്ചിട്ടറിഞ്ഞുതൽ ക്ഷണമിതം * തദനന്തരമവളോടരുൾ ചെയ്തീടിനാൻ വിദിതം മയാ സൎവ്വം തവാഭിപ്രായം ശുഭേ * പുത്രന്മാരുണ്ടാവതിന്നല്ലയോ മോഹന്ത്വേ ചിത്രമെത്രയുമതിനൊന്നു ഞാൻ ചൊല്ലാമെടോ * സന്ധ്യായാന്ദാരുണായാം വന്നു നീ യാചിക്കയാൽ കിന്തു നിസ്രൂപന്മാരായ് ദാരുണാകാരന്മാരായ് * ക്രൂരകൎമ്മവും ചെയ്തു ഘോരവിക്രമന്മാരായ് ക്രൂരസന്താനന്മാരാം പുത്രരുമുണ്ടായ്വരും * അവരും രാക്ഷസന്മാരെന്നു നീ ധരിച്ചാലും അവനൌ ചിരകാലം വസിക്കും വരാനനേ * ഈ വണ്ണമരുൾ ചെയ്തു തന്നപാംഗിമണിയോടു മൌവണ്ണം രമിച്ചിരിക്കും വിധൌ ചൊന്നാളവൾ * നിന്തിരുവടി തനിക്കുണ്ടായ തനയന്മാർ സന്തതം ക്രൂരന്മാരാകുന്നതു യോഗ്യമോ താൻ * അന്നേരം വിശ്രവസ്സുമവളോടരുൾ ചെയ്തു നന്നു നിന്നഭിപ്രായമങ്കിലൊ കേട്ടാലും നീ * ഒടുക്കമൊരു സുതൻ മദ്വംശാനുരൂപനാ യ്പുട്ടുതവമേവം ബുദ്ധിശാലിയായുണ്ടായ്വരും * ധാൎമ്മികൻ ശാസ്ത്രാംഭോധിപാരഗൻ മഹാശാന്തൻ നിൎമ്മലനവൻ വംശകൎത്താവായ്വരുന്നതും * ഈ വണ്ണം കല്പിച്ചുടനയച്ചു കൈകസീം താം കേവലജ്ഞാനശാലി വിശ്രവസ്സന്നേവേണ്ടു * തദനന്തരം കുറഞ്ഞൊരു നാൾ കഴിഞ്ഞൊരെ മദമന്ദിരം സുതാ കൈകസി പെറീടിനാൾ * രാക്ഷസാകാരന്ധരിച്ചെത്രയും ഭയങ്കരം രുക്ഷചേഷ്ടിതൻ കാളമേഘസന്നിഭാകാരൻ * ഭുജങ്ങളിരുപതും തലകൾ പത്തുധരിച്ചജയൻ രക്തശ്മശ്രുകേശികം താമ്രാധരം * ഭീമദംഷ്ട്രാവാനവനായതു ദശഗ്രീവൻ ശ്രീമാം തത്സഹോദരനായതു കുംഭകൎണ്ണൻ * തല്പരം ജാതാ ശൂൎപ്പണഖയെന്നൊരു കന്യാ അത്ഭുതമവളുടെ വൈരൂപ്യം നിരൂപിച്ചാൽ * ഒടുക്കം വിഭീഷണനെന്നതിപ്രസിദ്ധനാ യ്പുട്ടുതവശാലിയായ പുത്രനുമുണ്ടായ്വന്നു * വിശ്രവസ്സിന്റെ സൂനുമാരാകനിമിത്തമാ യ്പിശ്രുതന്മാരാമവൎക്കുണ്ടായി വിപ്രതവവും * പ

ക്തികന്ധരനേയുംകുംഭകൎണ്ണൻതന്നെയും പങ്ക്തിസ്യന്ദനസുതൻനി
ഗ്രഹിച്ചതിനാലെ * ബ്രഹ്മഹത്യയാംമഹാപാതകമുണ്ടായ്വന്നു നി
ൎമ്മലംതൽശാന്ത്യൎത്ഥംലിംഗസ്ഥാപനംചെയ്തു * പിന്നെശ്രീരാമച
ന്ദ്രദേവനുംകൃതാൎത്ഥനായ് ധന്യമാത്മാവാംകല്പിച്ചിരുന്നുയഥാസു
ഖം * കാകുൽസ്ഥൻതന്റെവിപ്രഹത്യയാംമഹാപാപം പാകംവെ
ന്നൊഴിഞ്ഞിട്ടുമിന്നുമുണ്ടൊരുതീൎത്ഥം * ബ്രഹ്മഹത്യാമോചനമെന്ന
തിൻനാമധേയം വിസ്മിതംതത്രസ്നാനാൽപാപങ്ങളൊഴിഞ്ഞീടും*ത
ത്തീൎത്ഥതീരംതന്നിലിന്നുമുണ്ടഹോകാണ്മാൻ, എത്രയുംഭയങ്കരംരാവ
ണച്ഛായാരൂപം*തൻപുരോഭാഗേമഹാവിലമൊന്നുണ്ടുകാണ്മാൻ അ
ത്ഭുതംബ്രഹ്മഹത്യപോയമാൎഗ്ഗംപോലത്തും * തന്മുഖേസീതാനാഥൻ
മണ്ഡപമേകംചമച്ചുമ്മഹാവീരംതത്രഭൈരവംപ്രതിഷ്ഠിച്ചു * ഭൈ
രവൻതന്നെഭയപ്പെട്ടുതന്മഹാപാപം ദൂരതോരസാതലേഭീരുവായ്വ
സിക്കുന്നു * ശ്രീരാമേശ്വരൻതന്റെദക്ഷിണേപുണ്യഭാഗേ ചാരു
വാംവണ്ണംവസിച്ചീടുന്നുകാത്ത്യായനി * സൂൎയ്യസംഹിമാംശുവുംപാ
ൎശ്വതോവസിക്കുന്നു കാൎയ്യംശ്രീരാമചന്ദ്രസേവനമെന്നോൎത്തുടൻ *
വലശാസനമുഖലോകപാലന്മാരെല്ലാം കലിതാനന്ദംതത്രദിശിവാ
ഴുന്നുസദാ * പാൎവ്വതീസുതന്മാരാംവിഘ്നേശകുമാരന്മാർ സൎവ്വദാരമ
നാഥസേവാൎത്ഥംവാണീടുന്നു * വീരഭദ്രാദിയായഭൂതനായകന്മാരും
മാരാരിസേവാൎത്ഥമായ്താപസഗണങ്ങളും * സിദ്ധഗന്ധൎവ്വാപ്സരോ
നാഗസംഘാതങ്ങളും ബദ്ധസമ്മോദമോടുംതത്രവാഴുന്നുസദാ*ഇനി
യുമിതിഹാസമൊന്നുഞാൻചൊല്ലീടുന്നേൻ മുനിനായകന്മാരേകലി
താനന്ദംകേൾപ്പിൻ * പണ്ടുപാണ്ഡ്യദേശേനാംശാസ്ത്രാവുമഹാത്മാ
വാ യുണ്ടായിഭൂപാലകൻശങ്കരനെന്നുപേരായ് * ബ്രഹ്മണ്യൻസ
ത്യസന്ധൻധാൎമ്മികൻയായജ്ജുകൻ വിമ്മലൻവേദവേദാംഗാൎത്ഥത
ത്വജ്ഞൻധീമാൻ * പരസൈന്യോല്പാടനൻചാതുൎശ്രമൻനേതാ
പരമദേവപൂജാനിരതന്മഹാദാതാ * അവനുമൊരുദിനംമൃഗയാവി
ഹാരാൎത്ഥം ഭവപാവകലീഢംവിപിനമകംപുക്കു * കാന്താരസ്ഥലങ്ങ
ളുംകണ്ടുവിസ്മയംപൂണ്ടു കാന്താകാരനാംനൃപൻപഞ്ചാസ്യപരാക്രമ
ൻ*അതിവേഗശാലിയാംതുരഗംതന്നിലേറി മതിമാനതിഭീമസൈ
നികസമേതനായ് * കാട്ടുകൾപൎവ്വതങ്ങൾഗുഹകളെന്നുവേണ്ട ഗൂ
ഢമാംവണ്ണംനീളച്ചരിച്ചുയഥേപ്സിതം * സിംഹശാൎദ്ദൂലവരാഹാദി
നിഗ്രഹംചെയ്തു സിംഹവിക്രമൻപുനരങ്ങിനെനടക്കുമ്പോൾ * ഒ
രുകന്ദരതടേശാൎദ്ദൂലചൎമ്മംപൂതച്ചൊരുതാപസനിരിക്കുന്നതുകണ്ടാ
നവൻ * വ്യാഘ്രമെന്നോൎത്തിട്ടൊരുസായകംപ്രയോഗിച്ചു ശീഘ്രം
മാമുനിവരൻഭൂമിയിൽവീണീടിനാൻ * അന്തികെവസിക്കുന്നതല്ല
ൻകേറവബാണം ഹന്തതൽപ്രാണങ്ങളുംനശിച്ചുവിധിബലാൽ *

തൽകുമാരകനേകൻമാതാവുംജനകനും ചിക്കന്നുമരിച്ചതുകണ്ടുദുഃ
ഖവുംപൂണ്ടു * ആർത്തനായ്വിലാപവുംതുടങ്ങിപലവിധ മാത്തിതേടി
നാരതുഃകേട്ടുജന്തുക്കൾപോലും * അല്ലുഃയോതാതഭവാൻകുത്രവാഗ
മിപ്പതു മില്ലുഃയാഭവാനെന്നിൽകാരുണ്യംദയാനിഃധ * വനിതാകു
ലോത്തമേജനനിനീയുമെന്നെ കനിവെന്നിയേവെടിഞ്ഞീടുവാനെ
ന്തുമൂലം * ഏതൊരുദിക്കിന്നുഞാനേകനായ്പ്പോകുന്നതു മേതൊരു
ജനമിനിക്കാധാരമാകുന്നതും * വേദവുംശാസ്ത്രങ്ങളുമാരിനിപ്പറിപ്പി
പ്പുഃഖേദമെങ്ങിനെസഹിക്കുന്നിതുതാതഞാനോ * ഓദനമിനിക്കി
നിന്നരുവാനാരാകുന്നു വേദനഘോരംപെരുതല്ലമാതാവേദേവീ *
ആചാരങ്ങളെശിക്ഷചെയ്യതിന്നാരാകുന്നു നീചനായ്പ്പോകുന്നതിൽ
ഖേദമാക്കിനിത്താത * കോപംപൂണ്ടീടുന്നേരമാരെന്നെമോദിപ്പിപ്പു
കോപനജനോത്തമേമാതാവേനീയെന്നിയെ * ഏതൊരുമഹാപാ
പിചെയ്യുന്നീദുഷ്ടകർമ്മം ചേതസാവിചാരിച്ചാലേതുമേതോന്നുന്നീ
ലാ * ഇങ്ങിനെമുനിസുതരോദനംകേട്ടുഭൂപ നങ്ങതിന്മൂലമറിഞ്ഞീടു
വാനോടിച്ചെന്നു * കന്ദരതലംതന്നിൽനോക്കുന്നനേരംകണ്ടാൻ മ
ന്നവൻമരിച്ചുവീണൊരുതാപസദേഹം * തത്ര്യംമുനിമാരുംസത്വ
രമോടിവന്നു തത്രസാംഭൃതമവസ്ഥാന്തരംകണ്ടീടിനാർ * സായകം
കൊണ്ടുമരിച്ചോരുതാപസനേയും മായമെന്നിയേധനുഷ്പാണിയാം
നൃപനേയും * വേദനപാരംസഹിയാഞ്ഞുരോദനംചെയ്യും മേദിനീ
സുരബാലൻതന്നെയുംകണ്ടനേരം * കാരുണ്യംകലർന്നുള്ളതാപസ
ന്മാരുംതദാ ചാരുഭാഷിതംവിപ്രബാലനോടോതീടിനാർ * ബാലക
വൃഥാനീയുംരോദനംചെയ്യീടൊല്ല കാലവൈചിത്ര്യംതടുക്കാവൊന്നാ
ല്ലാർക്കാനൂനം * ആഢ്യനെന്നാലുംമഹാദരിദ്രനെന്നാകിലും മൌ
ഢ്യശാലിയെന്നാലുംപണ്ഡിതനെന്നാകിലും * സ്ഥൂലനെങ്കിലുംകൃ
ശനെങ്കിലുമൊരുഭേദം കാലനില്ലെന്നുധരിച്ചീടുകബാലനീയും * പു
രത്തിലിരുന്നാലുംവിപിനേവസിക്കിലു മരത്തോരദ്രിശിഖരംതന്നിൽ
ല്പോയ്വസിക്കിലും * ഉത്തമഗ്രാമേവസിക്കുന്നവനെന്നാകിലും മൃ
ത്യുവിന്നതുമൊരുഭേദമില്ലറികനീ * ഗർഭവാസത്തിൽചിലർപൂകു
ന്നുമൃത്യുലോകം അത്ഭുതാത്ഭുതമത്രെചിലർകാണുന്നുയമം * യൌ
വനേമരിപ്പതുംവാർദ്ധക്യമരിപ്പതും സർവ്വദാമൃത്യുലോകപ്രവൃത്തിനിശ്ച
യമത്രേ * ബ്രഹ്മചാരിയുംഗൃഹസ്ഥാശ്രമീവാനപ്രസ്ഥൻ നിർമ്മലൻ
പരിവ്രാട്ടുമരിക്കുംകുമാരക * വർണ്ണഭേദങ്ങൾകൊണ്ടുമൃത്യുവിനില്ലഭേ
ദം പണ്ഡിതന്മാരാംമുനിമാർക്കുമുണ്ടേടോനാശം * യക്ഷഗന്ധർവ്വോര
ഗരാക്ഷസജനംപോലും സക്ഷയമെല്ലോമുനിബാലകകിംഖേദഃഖം *
സച്ചിദാനന്ദമേകംവൈദതതാത്മഭൂതം നിശ്ചലംപരബ്രഹ്മംകേവ

ലംസനാതനം * ജനനമരണവുമതിനില്ലെടോബാല മനസാചിന്തിക്കനീ പരമാത്മാനംപരം *മലഭാണ്ഡമായ്നവദ്വാരമായിരിപ്പോരു കലിതാലയന്ദേഹംകൃമിസംഘാതപൂൎണ്ണം * കാമവിദ്വേഷക്രോധമോഹമാത്സൎയ്യപാത്ര മാമയകുലംപരക്ഷേത്രദാരലോലുപം * ഈവണ്ണമിരിക്കിലുംശോഭനമെന്നോൎത്തവൻ കേവലംമൂഢനെന്നുനിശ്ചയിച്ചുകൊൾക * നിന്നുടെമാതാപിതാക്കന്മാരുംകൎമ്മക്ഷയാൽ ഇന്നഹോപരേതന്മാരായതെന്നറിഞ്ഞാലും * നമുക്കുംകൎമ്മക്ഷയംവരുമ്പോൾമൃതിവരും ശമിച്ചീടേണംനിന്റെദുഃഖമെപ്പേരുമിപ്പോൾ * പ്രേതകാൎയ്യങ്ങളെല്ലാംവിധിയെച്ചെയ്തീടുക ഹേതുവില്ലേതുംനിനക്കിങ്ങിനെദുഃഖിപ്പാനും * സായകംകൊണ്ടുമരിച്ചീടുകനിമിത്തമായ്ത്തായശുദ്ധിയുംനിന്റെതാതനില്ലാതയായി * തന്മൂലമിവരുടെകീകസങ്ങളുമെല്ലാം നിൎമ്മലേരാമസേതൌസ്ഥാപനംചെയ്യണംനീ * സപിണ്ഡീകരണവുംശ്രാദ്ധവുംതത്രചെയ്ക വിപശ്ചിദ്വരനുദുൎമ്മൃത്യുദോഷവുംതീരും * താപസവാക്യമേവംകേട്ടുജാംഗലൻതാനും താപവുംവെടിഞ്ഞുസംസ്കാരകൎമ്മവുംചെയ്തു * അസ്ഥികളെല്ലാമെടുത്തശ്രമംനടന്നുകൊണ്ടു സ്വസ്ഥനായ്രാമേശ്വരംപ്രാപിച്ചുസസംഭ്രമം * ഭൂസുരോക്തപ്രകാരമസ്ഥിസ്ഥാപനംചെയ്തു ഭാസുരശീലൻശ്രാദ്ധാദികളുംതത്രചെയ്തു * അന്നുതൊട്ടവൻതാനുംവത്സരംതികവോളമൊന്നൊഴിയാതയുള്ളകൎമ്മങ്ങളെല്ലാംചെയ്തു *രാമനാഥനെസ്സേവിച്ചനഘംരാമേശ്വരേ ധീമതാംവരൻവസിച്ചീടിനാൻജിതശ്രമം * തല്പരമൊരുദിനംരാത്രിയിലുറങ്ങുമ്പോൾഅത്ഭുതംമാതാപിതാക്കന്മാരെക്കണ്ടാനവൻ * ചാപചക്രങ്ങൾപൂണ്ടുഗരുഡാരൂഢന്മാര യ്പങ്കജമാല്യോത്തമഭൂഷണധരന്മാരായ് തുളസീമാല്യംപൂണ്ടുകുണ്ഡലദീപ്തന്മാരാ യ്വിലസല്പീതാംബരംധരിച്ചുള്ളാഭയോടും * പിന്നെജാംഗലൻതാനുംപ്രസന്നഹൃദയനായ് ധന്യമാംനിജാശ്രമംപുക്കുസന്തോഷമോടും * തത്രത്യന്മാരാംധരാദേവന്മാരോടുചൊന്നാ നത്രതാൻസ്വപ്നാകണ്ടോരത്ഭുതവൃത്താന്തവും * അക്കഥനിൽക്കപിന്നെപ്പാണ്ഡ്യദേശാധിനാഥൻദുഃഖവുംപൂണ്ടുസേതൌജാംഗലൻപോയശേഷം* താപസേന്ദ്രന്മാരോടുമെല്ലവേചോദ്യംചെയ്തു കോപമുണ്ടാകൊല്ലേതുമെന്നിൽതാപസന്മാരേ * ഞാനറിയാതെചെയ്തുപാതകംപോയീടുവാൻ ജ്ഞാനശാലികൾനിങ്ങൾചൊല്ലേണമുപായവും * ഭൂപതിവാക്യംകേട്ടുതാപസേശ്വരന്മാരും കോപതാപങ്ങളോടുമുത്തരമുരചെയ്തു * ബ്രഹ്മഘാതകമഹാമൂഢമാനുഷാധമ കശ്മലനിനക്കുണ്ടോപാപശാന്തിക്കുപായം * താപസോത്തമനേയുംതല്പത്നിയേയുംകൊന്നപാപത്തിനൊന്നുചെയ്യസ്വത്വരംനൃപാധമ * അഗ്നിയിൽചാടിശ്ശരീരത്യാഗംചെയ്തീടുക മഗ്നനായ്നീയുംകളഞ്ഞിടൊല്ലാകാലംവൃഥാ*

നിന്നോടുസംഭാഷണംചെയ്കിലുംപാപമുണ്ടാംമുന്നിൽനിന്നാശുപോ
കപാണ്ഡ്യഭൂപാലാധമ * ഇങ്ങിനെമുനിജനഭാഷിതംകേട്ടശേഷം മ
ങ്ങിടുംമനഃസ്സോടുശങ്കരനുരചെയ്തു * പാവകൻതങ്കൽപതിച്ചീടുന്നേ
നഹന്ധരാ ദേവതമാരേമഹാപാതകംപോക്കീടുവാൻ * ഇക്കർമ്മം
കൊണ്ടുദുരിതക്ഷയംവന്നീടുവാ നിക്കണ്ടെനിങ്ങളനുഗ്രഹിച്ചീടുകവേ
ണം * തന്നമാത്യന്മാരേയുംവിളിച്ചുചൊല്ലീടിനാൻ എന്നുടെദുഷ്കർമ്മ
ങ്ങളറിഞ്ഞീലയോനിങ്ങൾ * സ്ത്രീഹത്യചെയ്തീടിനേൻബ്രഹ്മഹത്യ
യുംചെയ്യുൻമോഹവൈഭവംതന്നെ കാരണമിതിനെല്ലാം * തൽ
പ്രായശ്ചിത്താർത്ഥമായ്പാവകൻതന്നിൽച്ചാടി സപ്രാണകളേബരം
ത്യജിച്ചീടുന്നേനഹം * ഇന്ധനങ്ങളെക്കൊണ്ടുവന്നുനിങ്ങളുംമഹാ
സന്തതജ്വാലമാക്കീടേണമഗ്നിയെക്ഷിപ്രം * മംഗലശീലൻമമന
ന്ദനൻസുതൃപ്തിയു മങ്ങുപോയവനഭിഷേകവുംചെയ്തുനിങ്ങൾ * സ
ങ്കടാചാരംപോലുംനിങ്ങൾക്കുണ്ടാകവേണ്ടാ പങ്കജാസനാമതമാക്ക
പോലൊഴിക്കാവു * ഭൂപതിവാക്യമേവംകേട്ടുമന്ത്രീന്ദ്രന്മാരും താപ
മോടശ്രുക്കൾതൂകിക്കരഞ്ഞുതുടങ്ങിനാർ * പാണ്ഡ്യവംശാധിനാഥഭൂപ
തേമഹാവീര പ്രാജ്ഞപക്രിയാപരകാമസുന്ദരാകാര * സാംപ്രതംഭ
വാനിവൃന്ദംപിരിഞ്ഞുപുരംതന്നിൽ കിംപ്രഭോസാധനീയംകാര്യമെന്ന
രുൾചെയ്ക * വഹ്നിയിൽഭവാനോടുകൂടവേചാടീടുവാൻ ദണ്ഡമു
ണ്ടെന്നാകിൽനിന്നനുവദിക്കാമങ്ങേ * പിന്നെയുംഭൂമിപാലനവ
രോടുരചെയ്തു എനിൽകാരുണ്യംനിങ്ങൾക്കുണ്ടെന്നുധരിച്ചുഞാൻ*
പാതകിജനങ്ങളിലുത്തമനായോരുഞാനേതുമെസിംഹാസനാരോഹ
ണേയോഗ്യനല്ല* രാജ്യപാലനകർമ്മംചെയ്യതിനിനിക്കിനി യോഗ്യ
തയൊട്ടുമില്ലമന്ത്രിനായകന്മാരേ*ആകയാൽനിങ്ങൾപുരംപുക്കുസ
മ്മോദംവാഴ്ക വൈകരുതേതുംജ്വലിപ്പിക്കണ്ടുഹവ്യവാഹം*വല്ലതുംകാ
ലോചിതംചെയ്യാമെന്നുരച്ചുടൻ കല്യന്മാർമന്ത്രീന്ദ്രന്മാരഗ്നിയെ
ജ്വലിപ്പിച്ചു* ഭൂപാലൻകുളിച്ചുശുദ്ധാചമനവുംചെയ്തു താപസസമ
ക്ഷമാരാദ്ധ്യശങ്കരംഹൃദാ*പാവകൻതന്നെപ്രദക്ഷിണവുംചെയ്തുംവി
ധൌകേവലമശരീരിവാണിയുമുരചെയ്തു*ഭോഭോപാണ്ഡ്യാധിനാഥ
പാവകേപതിക്കൊലാ പോകുംനിൻപാപമെല്ലാംകേളതിന്നുപായ
വും*ദക്ഷിണാംഭോധിതീരേഗന്ധമാദനാചലേ സാക്ഷാൽശ്രീരാമ
സേതൌപാതകവിനാശനേ*രാമചന്ദ്രനാൽപ്രതിഷ്ഠിതമായിരിപ്പോ
രുശ്രീമയംമഹാദേവംചെന്നുസേവിച്ചീടുക * ഒരുവത്സരംകാലാന്ത
രത്ര വഭക്തിയോടും മരുവീടുകഭവാനുന്നിദ്രമനസ്സോടും * നമസ്കാര
വുംപ്രദക്ഷിണവുംചെയ്തുകൊൾക സമസ്തനിവേദ്യസംഭാരമുണ്ടാക്കീ
ടുക* ചന്ദനാഗരുകർപ്പൂരാദ്യുപചാരംചെയ്ക മഞ്ജുളാഭിഷേചനം
പ്രത്യഹംചെയ്തിക്കേട്ടോ * ഇങ്ങിനെസംവത്സരംകഴിഞ്ഞീടുന്നതാ

കിൽ അഞ്ചുള്ളമഹാപാപമാകവെ നശിച്ചീടും * രാമനാഥാവലോകനം കൊണ്ടുമന്നവന്മാർക്കും പോയ്പോരാഞ്ഞീടും ഭ്രൂണഹത്യയും സ്ത്രീഹത്യയും * സ്വർണ്ണസ്തേയവും ബ്രഹ്മഹത്യയും സുരാപാനം മഹാപാതകഗുരുസ്ത്രീജനസമാഗമം എന്നിവ പാതകങ്ങൾ ജന്മജന്മാർജ്ജിതങ്ങളൊന്നൊഴിയാതെ തീരും സംശയമേതുമില്ല * രാമനാഥാവലോകനം ലഭിച്ച മർത്ത്യനോർത്താൽ കിം ഗയാഗംഗാപ്രയാഗാദ്ധ്വരൈഃ പ്രയോജനം * എന്നതു നിമിത്തമായ് രാമനാഥനെക്കാണ്മാൻ ഇന്നു നീ പോയീടുക വൈകാതെ നരാധിപ * ഇങ്ങിനെ വ്യോമവാണീം കേട്ടു താപസന്മാരും സംഗതാനന്ദമോടും ഭൂപനോടുരചെയ്തു * മംഗലം വരും നിനക്കിനിമേൽ ഭൂപാലക തദനു ഭൂപാലനും മുനിവന്ദനം ചെയ്തുവദനപ്രഭാവവും തടവീ മഹാമതി * നിജസൈനികത്തേയും സ്വപുരം തന്നിലാക്കി വിജിതാരാതിചക്രൻ ചില ഭൃത്യന്മാരോടും * പെരുതായിരിപ്പോരു ധനഭാണ്ഡങ്ങളോടും ത്വരിതം സേതുദേശം പ്രാപിച്ചു വിമുക്തിദം * അശരീരദേവതാവചനാനുസാരേണ നിശിതപ്രജ്ഞൻ ജിതേന്ദ്രിയനായനാരതം * രാമനാഥനെസ്സേവിച്ചന്വഹം മഹാധനം കാമാരിപൂജാർത്ഥമായ് ദാനവും ചെയ്തു ഭക്ത്യാ * തികഞ്ഞൊരു സംവത്സരം ഭൂപതി കൌതുകാലം നിറഞ്ഞമോദത്തോടും ദേവനെസ്തുതി ചെയ്തു * പാഹിമാം മഹാദേവ ശങ്കര ദയാനിധേ പാഹി പാർവ്വതീകാന്ത ഭക്തവത്സല ദേവ ത്രിപുരാരാതേ ഗംഗാധര ദേവാദിദേവ ശംബരധ്വജാംഗസംപ്ലോഷണ മഹേശ്വര * ഫാലലോചന വിരൂപാക്ഷ ദക്ഷാരേ വിഭോ നീലലോഹിത നീലകന്ധര മൃത്യുഞ്ജയ * ബാലശീതാംശുമൌലേ ഭസ്മരുദ്രാക്ഷാങ്കിത കാളകൂടാഭിരാമകണ്ഠ കാലാരേ ശിവ * മൃകണ്ഡൂത്ഭവപ്രാണത്രാണ പാഹിമാം വിഭോ മൃഗപോതകാഞ്ചിതപാണി ശരദാംബുജ * വിലസദ്ദന്തച്ഛിദേ നമസ്തേ ഭൂതനാഥ വിവിക്താസികപ്രിയ നമസ്തേ രാമനാഥ * ഭാരതീനാഥച്ഛിദേ നമസ്തേ മഹാഭൂതേ കാരണസ്വരൂപിണേ നമസ്തേ ലോകനാഥ * സച്ചിദാനന്ദായാത്മാരാമായ നമോനമഃ സച്ചരിത്രോച്ചാരകാഘൌഘനാശിനേ നമഃ * ബ്രഹ്മഹത്യയും വധൂഹത്യയും മുമ്പായുള്ള മന്മഹാപാപമെല്ലാം പോക്കേണം ദയാനിധേ * അന്നേരം ഭൂപാലകവക്ത്രപത്മത്തിൽ നിന്നി ട്ടുന്നതാകാരം പുറപ്പെട്ടതേ വിപ്രഹത്യാ * തൽക്ഷണേ ശിവാജ്ഞയാ ഭൈരവൻ ത്രിശൂലേന ദ്വേഷണാം ചെയ്തീടിനാൻ തന്മഹാഘോരരൂപം * പിന്നെ ശ്രീരാമനാഥൻ സന്തുഷ്ടാന്തരാത്മാവായ് ധന്യനാം നരപാലൻ മുമ്പിലങ്ങെഴുന്നെള്ളി * നമസ്കാരാദി ചെയ്യും ഭൂപനോടരുൾ ചെയ്തു സമസ്തപാപങ്ങളുമൊടുങ്ങിതി നിനക്കെടോ * നിന്നുടെ സ്തോത്രംകൊണ്ടും ഭക്തിവൈഭവംകൊണ്ടുമിന്നു ഞാനിത്രമാത്രം പ്രസന്നനായീടിനേൻ * രാജ്യേ പോയ് പ്രജാപരിപാലനം ചെയ്ക നീയും , പൂജ്യനായ്വാണീടുക പൂർവ്വവൽമ

ഷിപതേ*മത്സേവചെയ്കയാൽപിന്നെപ്പാപമെന്നുള്ളതില്ലതത്സമാന
മാംപദംലഭിക്കുമസംശയം എന്തൊരുവരംനിനക്കിഷ്ടമെന്നതുചൊ
ൽകശങ്കതെല്ലുന്നാംബുജധ്വജൊന്നതുനാൽകീട്ടുവൻ*തവൽകൃതമിദംസ്തോ
ത്രമപ്രത്യഹംജപിപ്പവർ മുക്തരെന്നറിഞ്ഞാലുംമൽകൃപാബലവ
ശാൽ* ഇങ്ങിനെഭഗവാൻതന്നരുളപ്പാടുകേട്ടി ട്ടിങ്ങിനെഭാഗ്യശാ
ലീമന്നവരരചെയ്തു* എന്തിനിക്കിതിൽപരംചിന്തിതംദയാനിധേ
നിതിരുവടിയുടെദർശനമല്ലോസാഫല്യം* ശ്രീപാദാംബുജംകാണ്മാൻ
സംഗതിവന്നാകൂലാ ശ്രീഭാഗ്യമെന്നോളംമറ്റൊക്കുമില്ലെന്നുവന്നു*ഇ
നിമേലൊരുനാളുമിളക്കംവരാതൊരു കനിവുണ്ടായീടേണമെന്നിൽ
പാർവ്വതീപതേ* തവൽപാദാംബുജേഭവേന്നിശ്ചലാഭക്തിശ്ചമേ തൽ
പരംപരംനമുക്കേതുമാവശ്യമില്ല*ഈവണ്ണംനരേശ്വരാഭീപ്സിതംകേട്ടു
ദേവനവ്വണ്ണംഭവിക്കുമെന്നരുളിച്ചെയ്തുപിന്നെ* ലിംഗരൂപത്തിൽ
തിരോധാനവുംചെയ്തുജഗന്മംഗലൻകാത്ത്യായനീവല്ലഭൻമഹാദേവ
ൻഭൂപതിവീരൻതതോരാമനാഥനെസ്സേ വിച്ചാപദഭോരംനമസ്കരി
ച്ചുകൃതാർത്ഥനായ്*തന്നുടെസേനയോടുമൊന്നിച്ചുപുറപ്പെട്ടുധന്യമാം
നിജപുരംപുക്കുസന്തോഷമോടും * വർത്തമാനങ്ങളെല്ലാംപൌരന്മാ
ക്കറിയിച്ചുസ്വസ്ഥനായ്‌രാജ്യഭാരംചെയ്തുമേവിനനേരം * ദേഹാ
ന്തേരാമനാഥാനുഗ്രഹംനിമിത്തമാ യ്സോഹനംശൈവംപദംലഭിച്ചു
സനാതനം *ഇക്കഥെദിനംതോറംപഠിക്കുംനരോത്തമൻ മുക്തപാപ
നായ്കൈലാസാചലമനോരമേ * ഭൂതവൃന്ദങ്ങളാലുംസേവ്യനായ
നാരതം ചേതസിഭൃശമസ്തുരമാനന്ദംലഭിച്ചീടും * പണ്ടുരാഘവൻലിം
ഗസ്ഥാപനംചെയ്തശേഷ മുണ്ടായഭക്തിഭാരത്തോടുമാനന്ദമൂർത്തി *
രാമനാഥനെപ്പരംപുകഴ്ത്തിസ്തുതിചെയ്തുകോമളപദങ്ങളാൽധീമതാം
വരന്മാരേ*തൽപ്രകാരവുമൊട്ടുചുരുക്കിച്ചൊല്ലീടുന്നേൻ വിപ്രലോ
കാഗ്ര്യന്മാരേകേട്ടുകൊണ്ടാലുമെങ്കിൽ*അംഗജാരാതിതന്നെനമസ്കാ
രവുംചെയ്തു മംഗലമൂർത്തിരാമനിങ്ങിനെവണങ്ങിനാൻ * ശൂലിനേ
മഹാത്മനേഭക്തഖേദാപഹർത്രേ കാലവിദ്വിഷേമഹാമായതേന
മോനമഃ * സർവ്വസാക്ഷിണേസർവ്വഹാരിണേനമോനമഃ സർവ്വമംഗലാ
പതേദേവതേനമോനമഃ * വേദവേദാന്തവേദ്യായാനന്ദസ്വരൂപി
ണേവേദനാപഹായതത്വാർത്ഥദായിനേനമഃ * നമസ്തേഭക്തതാപ
ച്ഛേദകാരണാംഘ്രയെ സമസ്തേശ്വരായതേനമസ്തേരാമനാഥ* പര
മാത്ഭുതായതേപരമാഘനാശിനേ പരമാത്മനേകാലകാലതേനമോ
നമഃ * അവിദ്യാപഹാരിണേനമസ്തേഭൂതനാഥ സുവിദ്യാസ്വരൂപി
ണേനമസ്തേഗംഗാധര*സംസാരാംഭോധിമഗ്നോദ്ധാരഹേതവേനമഃ
സാവിത്രാജിനായതേസന്തതംനമോനമഃ* കൈലാസാവനീധരവാ
സചാതിമാംവിഭോ ശൈലജാപതേമഹാഘോരകാളക്കൂടാദീൻ *

൨൮ *

കോമളാപാദാനസംവാസതേനമോനമോ മാമകബ്രഹ്മഹത്യാനാശി
നേനമോനമഃ * പാഹിമാംമഹാമതേപാഹിമാംകൃപാസിന്ധോ
ദേഹിമേമുദംജഗന്മംഗലമഹാദേവ * ഈവണ്ണംരാമചന്ദ്രൻസ്തു
തിച്ചൊരനന്തരം മവ്വണ്ണംസൌമിത്രിയുംദേവനെസ്തുതിചെയ്തു *
നമസ്തേരാമനാഥനമസ്തേപുരാന്തക നമസ്തേശംഭോശ്രീശകന്യകാ
പതേനമഃ * സ്കന്ദവിഘ്നാധിഷ്ഠിതകായതേനമോജഗ ന്മന്ദിരാ
യാദിഭൂതായാനിശംനമോനമഃ * നമസ്തേകപർദ്ദിനേമാർക്കണ്ഡേ
യാർത്തിച്ഛിദേ നമസ്തേസൃഷ്ടിരക്ഷാനാശകാരിണേവിഭോ * നമ
സ്തേഭീമായഭീമാകൃതേദയാനിധേ സമസ്തജ്ഞായഭക്താഭീപ്സിതപ്ര
ദായിനേ * പഞ്ചപാതകച്ഛിദേനമസ്തേനീലകണ്ഠ സച്ചിദാനന്ദ
സത്യജ്ഞാനരൂപിണേനമഃ * ഭവരോഗാപഹാരിൻനമസ്തേജഗ
ന്നാഥ ഭവധൂർജ്ജടേശംഭോഭുവനാധിനായക * വിശ്വസാക്ഷി
ണേവിശ്വാകാരതേനമോനമഃ ശാശ്വതാനന്ദകർത്രേനമസ്തേച
ന്ദ്രമൌലേ * ദേവകീടാദിയോനൌജനിച്ചേനെന്നാകിലും ദേവതേ
പാദാംബുജംമറന്നീടരുതുഞാൻ * വൈദികാചാരങ്ങളിൽശ്രദ്ധയു
മുണ്ടാകണമാദരംധർമ്മദേവബ്രാഹ്മണന്മാരിൽവേണം * ലക്ഷ്മണ
സ്തുതികേട്ടുകൌതുകംപൂണ്ടുപാരം സാക്ഷാൽലക്ഷ്മിയുംസീതാദേവിയും
വണങ്ങിനാൾ * ശങ്കരഗംഗാധരധൂർജ്ജടേനമസ്തുഭ്യം സങ്കടാപഹ
ഭൂതാധീശപാഹിമാംവിഭോ * ഗിരിനായകത്മജാകുചകുങ്കുമാങ്കിത
ഗിരിനായകാലയശിവദേഹിമേമുദം * നീലലോഹിതവിരൂപാക്ഷ
ഘോരാമനാഥ കാലഗർവ്വാപഹാരിൻപാഹിമാമനാരതം * ഭർത്തൃപാ
ദാംഭോരുഹേഭക്തിസംഭവിക്കേണ മുത്തമപ്രഭാവതേസന്തതംനമോ
നമഃ * ഭവഭീതന്മാർക്കുള്ളഭയത്തെക്കളഞ്ഞീടും ഭവതേനമസ്കാരംക
രുണാനികേതന * നിന്തിരുവടിയുടെപാദപങ്കജങ്ങളിൽ സന്തതം
ധ്യാനശാലീമൃകണ്ഡുകുമാരകൻ * അന്തകഭയംപോലുംവെടിഞ്ഞുഭ
ക്തോത്തമൻ ഹന്തവാഴുന്നീലയോശങ്കരനമസ്കാരം* തദനന്തരംവാ
യുപുത്രനാംഹനുമാനും മദനാരാതിതന്നെസ്സരസംവണങ്ങിനാൻ *
ദേവദേവാനാംപതേലോകനായകശംഭോ ദേവതാജനസ്തുത,ശ്രീമദം
ഘ്രിപങ്കജ * നിത്യനിർമ്മലാകൃതേനമസ്തേരാമേശ്വരനിസ്തുലംതവദീ
യമാഹാത്മ്യമാരറിയുന്നു * യംവിനാജഗൽസ്സത്താനാസ്തിതത്ഭാവ
ത്വനോ യംവിരാജംവദന്തിശ്രീമയായതേനമഃ * തദനുബാലിപു
ത്രൻപ്രണതിപുരസ്സരം മദനാന്തകംചന്ദ്രശേഖരംവണങ്ങിനാൻ *
ഭഗവൻപ്രസീദമേജഗതാംപതേശംഭോ ഗഗനാദ്യഷ്ടാകൃതേ,സത
താനമോസ്തുതേ * പൃഥിവീധരായതേസന്തതംനമോനമഃ പൃഥുപൌ
രുഷായതേഭഗവൻനമോനമഃ * ജാംബവാൻനീലൻനളൻപനസ
ൻകുമുദനും സാംബമൂർത്തിയെസ്തുതിച്ചീടിനാരതുനേരം * ശ്രീരാമേ

ശങ്കരപ്രഭോപരമാനന്ദരൂപിൻ ധീരതാപസാശയവസതേനമോന
മഃ * തൽസ്വരൂപത്തിൻപരിജ്ഞാനമില്ലായ്കമൂലം തത്സമംമൂ
ഢെഷവചൊല്ലുന്നുവൈകൃതാംഗുണം * സ്വപ്നവുംസുഷുപ്തിയുംജാ
ഗരണാവസ്ഥയും അല്പവുമില്ലാതഭൂതേശതേനമോനമഃ * ഗജനും
ഗവാക്ഷനുംഗവയൻശരഭനും വിജിതാശയന്മാരായ്ശിവനെസ്തുതി
ചെയ്തു * തത്സ്വരൂപാജ്ഞാനതഃകേചനഭ്രാന്ത്യാന്യനം മത്സരഗ്ര
സ്താഃപരംതക്മൊഗ്ഗേഷുക്ലിഷ്ടാഃ * കാരണംജഗത്തിനുപരമാണുവെ
ന്നുറച്ചാത്രുഢഗർവ്വംവദന്തിപ്രഭോമഹാദേവ * അജ്ഞാനപാശബ
ന്ധന്മാരായപശുക്കൾക്കു വിജ്ഞാനമൂർത്തേപാശമോചകൻഭവാനെ
ല്ലൊ * സ്വാദ്ധ്യസ്തങ്ങളാംലോകങ്ങൾക്കുമാധാരനായേ ബോദ്ധ്യ
നെന്നിയേമഹാമായാവൈഭവത്തിനാൽ * സംസാരവ്യാധിഭൈഷ
ജ്യോത്തമനായദേവ സംസാരസ്വരൂപതേസന്തതംനമോനമഃ *
പിന്നെസ്സുഗ്രീവനുമാപതിയെവണങ്ങിനാൻ ധന്യഃതേപാദാംബു
ജംസന്തതംകൈതൊഴുന്നേൻ * സംസാരമാകുന്നോരുസമുദ്രാന്തരാ
വീണേൻ ഹംസശബ്ദാർത്ഥംമറന്നീടിന്നേൻകൃപാസിന്ധോ * പുത്ര
ദാരാദിക്ഷേത്രസക്തിവന്നനാരത മെത്രയുംവലയ്ക്കുന്നുദീനവത്സലവി
ഭോ * വിഷയവ്യാളത്തിനാലവശംദഷ്ടനായേൻ പഴതേവിപത്തി
യാംജലധൌമുഴുകുന്നേൻ * ഗിരിനായകാത്മജാദയിതനമസ്കാരം ക
രുണാലേശമെന്നിലുണ്ടായീടേണംപ്രഭോ * ആശരജനേശ്വരനാ
കിയവിഭീഷണ നാശയാനന്ദമോടുംദേവനെവണങ്ങിനാൻ * ഭവ
നാമകമായവിപിനാന്തരത്തിൽപുക്ക ഭവതേപാദാംബുജസ്മരണംവി
നാസദാ * പരമാത്മനായുഴന്നീടുമിജ്ജനത്തിനിൽ പരപൂരുഷഭവ
ൽസൌജന്യമുണ്ടാകണം * വ്യാധികളാകുന്നോരുചോരന്മാർവലയ്ക്കു
ന്നു ബാധാതേജനനമാംവ്യാഘ്രവുമഹന്നിശം * ബാലയൌവനാദി
ളിാന്ധകൂപത്തിൽവീണു ചാപല്യമാംലയോരഗംകടിച്ചീടുന്നുനാഥ *
നിന്തിരുവടികനിഞ്ഞെന്നെയുംപാലിക്കണെ മന്തകാന്തകപ്രഭോസ
ന്തതംനമസ്കാരം * ഇതരകപികളുംദേവനെസ്തുതിച്ചപ്പോൾ മതിമാ
ൻദേഃവന്ദ്രനുംതുഷ്ടാവാനന്ദരൂപം * നിന്തിരുവടിയുടെശക്തിയാകു
ന്നതല്ലൊ ശാന്തമാകാരദേവരൂപിണിജഗന്മാതാ * ഇങ്ങിനെചമ
ഞ്ഞോരുപാർവ്വതിപ്രാണനാഥം മംഗലംനമുക്കുമെന്മേൽവരുത്തേ
ണംനാഥ * ലോകപാലകന്മാരുമശ്വിനീദേവന്മാരും ലോകനാഥന്മാം
ഉളിദചന്ദ്രാവീണുകൈവണങ്ങിനാർ * വൃഷവാഹനപ്രഭോപരമേ
ശ്വരശംഭോ വിഷഭക്ഷണജഗൽപ്രാണഭൃതാനുഭാവ * മൃത്യുനാശന
സുരാധീശവൃന്ദാഭിഷ്ടുത ചിത്തത്വസ്വരൂപതേസന്തതംനമസ്കാരം *
നാഗലോകകല്പിതാഃനകഭൂഷാഭിരാമ ആഗമവാസരാമനാഥതേനമ
സ്കാരം * ആദിത്യദേവൻതാനുംതദനുസ്തോത്രംചെയ്തു ആദിമദ്ധ്യാ

ന്തഹീനനമസ്തേശൂലപാണേ * ഭസ്മദിഗ്ദ്ധാംഗപ്രഭോരാഘവേശ്വര
ശംഭോ വിസ്മയംത്വദ്വൈഭവമാരുവാനറിയുന്നു * അഹന്തസാക്ഷി
ൻലിംഗത്രയവർജ്ജിതാനന്ത നമസ്തോമകാരപഞ്ചാക്ഷരശ്രീവിഭ്രത
യെ * അദ്വൈതായാദിപുംസേവിശ്വയോനയേനമോ വിദേഹാ
ദ്യുപാധിഹീനായസന്തതംനമഃ * അഗസ്ത്യൻബൃഹസ്പതിഭൃഗുവുംശ
താനന്ദൻ വിഗതാഘൌഘൻകുത്സൻമുതലാംമുനിമാരും * രാമനാ
ഥനെത്തൊഴുതിങ്ങിനെവണങ്ങിനാർ സോമശേഖരകൃപാവാരി
ധേജഗന്നാഥ * അംബികാപതേപ്രസീദപ്രഭോവൃഷദ്ധ്വജ സാംബ
കൈലാസാലയവാസഭൃതനായക * പുത്രരുംമിത്രംക്ഷേത്രംകളത്രംധ
നങ്ങളും മിത്രിലോകത്തിൽമററുമോരോരോപദാർത്ഥവും * മിക്കതുമ
ഹോപകാരാർത്ഥമായൊന്നുമില്ല തക്കത്തിൽതൽക്കാരണംവിരക്തിം
ദേഹിശംഭോ * ശ്രുതങ്ങൾദൃഷ്ടങ്ങളുംശാസ്ത്രങ്ങൾവേദങ്ങളും മതിയാ
യ്ഭവൽഭക്തിവികലന്നോർത്തീടുകിൽ * വിഫലമെന്നുതന്നെതോന്നു
ന്നുരാമനാഥ സഫലമാക്കീടണംജന്മവുമസ്മദീയം * ഗംഗാദിതീർത്ഥ
സ്നാനംയമവുംനിയമവും ഭംഗിയില്ലേതുംഭവത്ഭക്തിയില്ലാതപുംസാം *
വസിച്ചീടുകഭവാനസ്മച്ചേതോനികേതേ നശിച്ചീടണംകർമ്മവാസന
പടലവും * ഭജിച്ചീടാമോഭവല്പാദപംകജംനാഥ സ്മരിച്ചീടണംഭവ
ൽകിങ്കരാനിത്യേവാസ്മാൻ * ജനനീഗർഭവാസമിനിമേലുണ്ടാകൊലാ
ജനിതമായീടണംനിത്യാമാമാനന്ദവും * യക്ഷകിന്നരഗന്ധർവ്വോരഗ
ഗണങ്ങളും തൽക്ഷണേവിദ്യാധരവൃന്ദവുംവസുക്കളും * സാദ്ധ്യന്മാ
ർമരുൽഗണമെന്നിവരെല്ലാവരും മൌഢ്യമെന്നിയേമഹാദേവനെ
സ്തുതിചെയ്തു * ഇന്ദ്രിയങ്ങളാമരിവൃന്ദങ്ങളനാരതം സുന്ദരമൂർത്തേവ
സിച്ചീടുന്നുസുദുസ്തരം * അവരെജ്ജയിപ്പാനുംകരുണയുണ്ടാകേണ
മവനിഭാരാവഹസന്തതംനമോസ്തുതേ * ജ്ഞപ്തിമാത്രൈകനിഷ്ഠയോ
ഗിസഞ്ചയത്തിനും മുക്തിദാനൈകവ്രതപാഹിമാംരാമനാഥ * ത
ത്വാനാംപരായതേതത്വായനമോനമഃ ചിത്തശൂന്യായസ്വയംഭാന
സന്തതംനമഃ * സത്താത്രപിണ്ഡേസ്വാതിരക്തശൂന്യാദിമൂർത്തേ നി
ത്യാപൌരുഷായതേസന്തതംനമസ്കാരം * സച്ചിദാനന്ദപൂർണ്ണദ്വൈ
തവർജ്ജിതംപരം നിശ്ചിതബ്രഹ്മരൂപംവിക്രിയവിവർജ്ജിതം * ശുദ്ധ
മാകാശംസംഗവർജ്ജിതംസനാതനം ബദ്ധബോധാവിർഭാവംജഗത്സാ
ക്ഷിണന്ദേവം * അനന്തംപ്രമാതീതംമാനബോധപ്രണേതി മമിതമ
ച്ചേപഗമാവിർഭാവാദിഹീനം * ഭോഗവർജ്ജിതംനിരസ്തക്രിയാമഹാ
ത്മാനം രാഗമോഹാദിഹീനംസർവ്വപാപാപഹാരം * ശ്രീരാമേശ്വ
രംസദാലംബനംവന്ദാമഹേ തീരണംഞങ്ങൾക്കുള്ളദുഃഖസംഘാത
മെല്ലാം * ശ്രീരാമചന്ദ്രമുതല്പായവരെല്ലാവരും ധീരന്മാരേവംവണ

ങ്ങീടിനോരനന്തരം * രാമനാഥനും പാരം പ്രസന്നഹൃദയനായ് ക്ഷേ
മത്താലനേകവ്രതനവരാത്രങ്ങൾ ചെയ്തു * നിങ്ങളാൽ കൃതമായോരി
സ്തോത്രാദികളാലിനെ മംഗലം പാടിക്കേൾക്കയാൻ ചെയ്യുന്നവ
ൻ * മറിച്ചു ഫലം ലഭിച്ചീടുമത്രയുമല്ല മഹത്താം ധനുഷ്കോടിസ്നാന
പുണ്യവാനവൻ * ദേഹാന്തേ മത്സായൂജ്യം കൈവരുമവനെന്റെ മോ
ഹാദിദോഷങ്ങളുമൊക്കവെ തീർന്നുകൂട്ടും * ഈവണ്ണമരുൾചെയ്തറ
ഞ്ഞു മഹാദേവൻ കേവലമെല്ലാവരുമാനന്ദം തേടീടിനാർ * പിന്നെ
ശ്രീരാമചന്ദ്രൻ ദേവസന്ദോഹത്തെയും വന്നതാപസേശ്വരന്മാരെ
യും സാദരം * തത്തൽസ്ഥാനങ്ങൾതോറും പ്രേഷണം ചെയ്തുതി
ങ്ങി ചിത്തമോദേന സാകം പുഷ്പകം കരയേറി * ലക്ഷ്മണനോടും വി
ദേഹാത്മജയോടും സദാ ലക്ഷ്മീവല്ലഭൻ സുഗ്രീവാദിഭൃത്യന്മാരോടും *
ഒരുമിച്ചയോദ്ധ്യയിലകം പുക്കോരു നേരം ഭരതാദ്യന്മാരെല്ലാം വീണു
കൈവണങ്ങിനാർ * കൌസല്യാദേവിതന്നെ കണ്ടു വന്ദിച്ചു രാമൻ
കൌശല്യമോടും മറ്റുള്ളമ്മമാരെയും കണ്ടു * തദനന്തരം വസിഷ്ഠാ
ദിതാപസന്മാരും വിദിതാവസ്ഥന്മാരാം ഭൂസുരജനങ്ങളും * ഭരതാ
ജ്ഞയാ മഹാരത്നമണ്ഡപാസീനം ഭരതാഗ്രജമഭിഷേകവും ചെയ്തീടി
നാർ * സ്വസ്ഥനായുദാരാമൻ ഭൂദേവോത്തമന്മാർക്ക് ചിത്തത്തിൽ
നിരൂപിച്ചതെപ്പേരും ദാനം ചെയ്തു * അക്കാലം ലോകങ്ങളിലെപ്പേ
രും ചരാചരമുൾക്കളെല്ലാമാനന്ദത്തിൽ നകിനാരെന്നേവേണ്ടു * കൈലാ
സാചലത്തിങ്കൽ പാർവ്വതിദേവിയോടും ത്രൈലോക്യാധീശൻ മഹാദേവ
ൻ വാഴുന്നപോലെ * രാമനും സീതയോടുമനുജന്മാരുമായി ആമയം
വെടിഞ്ഞയോദ്ധ്യാപുരമരുവിനാർ * ചൊല്ലുവനിതിഹാസമിന്നി
യുമൊന്നു ഞാനും ചൊല്ലുള്ള നിങ്ങളിതു കേൾക്കേണം മുനിമാരേ * പ
ണ്ടു സോമവംശാലങ്കാരനായൊരു നൃപ നുണ്ടായി ഹാലാസ്യനാഥാ
ന്തികമധുരായാം * അവനുനാമം പുണ്യനിധിയെന്നറിഞ്ഞാലും മ
ഹീതലന്തന്നിലാരുമില്ലതുപോലെ * ഒരുനാൾ സേതുസ്നാനകൌ
തുകമുണ്ടാകയാൽ പുരുഷരത്നം നൃപൻ നിജഭാര്യയുമായി * തനയാ
ന്തകം ധരാതലവും സമർപ്പിച്ചു ധനസാമഗ്രിയോടുമുടനേ നടകൊണ്ടു
ധനുഷ്കോടിയിൽ ചെന്നു സങ്കല്പപുരസ്സരം മനസി ജനോത്തമൻ
സ്നാനവും ചെയ്തു നൃപൻ * ധന്യങ്ങളായ രാമസേതുവിലുള്ളോരന്യ
ധന്യതീർത്ഥങ്ങളിലും മുഴുകി യഥാവിധി * തത്രൈവ പലകാലം വസി
ച്ചു നരേശ്വര നുത്തമനൊരു യജ്ഞം തുടങ്ങി രാമസേതൌ * മന്ത്ര
സംപൂതമായ ഹവ്യജാലത്തെക്കൊണ്ടു തന്ത്രജ്ഞൻ സർവ്വേശ്വരപ്രീ
തിയും വരുത്തിനാൻ * നിത്യവും രാമനാഥസേവയും ചെയ്തു നൃപൻ
ചിത്തശുദ്ധിമാനത്ര വാണീടും ദശാന്തരെ * ഭക്തിഭാരം പരീക്ഷിപ്പ
തിനങ്ങതുകാലമത്ഭുതം കോപ്പിട്ടു പത്മാലയാജീവനാഥൻ * കലാധ

വ്യാജമോടുംലക്ഷ്മിദേവിയെഭൂമി വലശാസനാന്തികെകല്പിച്ചുദയാപ
രൻ * കലിതാനന്ദംതദാകമലാലയദേവി തുലയോടകന്നുള്ളരൂപ
ലാവണ്യത്തോടും * അഷ്ടവൎഷാഞ്ചിതാംഗിധൎമ്മഷ്ക്കോടിതൻതീരെ
പുഷ്ടസമ്മോദംകന്യാരൂപേണവന്നുനിന്നാൾ * അന്നേരംനരാധി
പൻതീൎത്ഥസ്നാനവുംചെയ്തു വന്നഭൂദേവന്മാൎക്കുനിത്യദാനവുംചെ
യ്തു*മന്ദിരംപ്രതിപ്രയാണോന്മുഖനായനേരം സുന്ദരീമേനാംകന്യാം
കണ്ടുവിസ്മയംപൂണ്ടു * ചാരത്തുവന്നുകന്യാമണിയോടുരചെയ്തു ദൂ
രത്തൊഗൃഹംബാലേചൊല്ലേണംശുചിസ്മിതേ* ആരെടോനിന്റെ
താതനെന്തുകാരണംനീയും ചാരുഹാസിനിപുനരത്രവന്നതുമെടോ*
കന്യകാമണിതാനുംമന്നവനോടുചൊന്നാൾ നിന്നോടുപരമാൎത്ഥം
ചൊല്ലീടാംനരപതെ * മാതാവുംപിതാവുമില്ലിനിക്കബന്ധുക്കളു മാ
ധാരംഭവാനെന്നുകല്പിച്ചിട്ടിഹവന്നേൻ * എന്നെയുംതനുജയെ
ന്നങ്ങുനീധരിക്കണം മന്നവഞാനുംനിന്റെഭവനേവസിക്കുന്നേൻ*
ഒരുവൻബലാല്ക്കാരംചെയ്യുന്നെപ്പൊൾകിട്ടുകിൽ തരസാഭവാനവ
നെന്നെയുംശിക്ഷിക്കണം * ഇതിനൊന്നുമേപുനരന്തരമില്ലെന്നാകി
ൽ മതിമാൻഭവാൻതന്നെതാതനായതുംമമ * ദീനപാലനമെല്ലാ
രാജധൎമ്മമാകുന്നു മാനവാധിപവിശേഷിച്ചുംഞാൻമുഗ്ദ്ധകന്യാ *
എന്നെയുംവഴിപോലെപാലനംചെയ്തീടണം പുണ്യവുംനിനക്കതു
മൂലമായുണ്ടായ്വരും * ഇങ്ങിനെകന്യാഗിരംകേട്ടുഭൂപാലൻതാനു മ
ങ്ങിനെതന്നെസൎവ്വംസമ്മതിച്ചുരചെയ്തു * എന്നുടെപുത്രിയായിമ
ൽഗൃഹേവാഴ്കനീയും ധന്യേഞാൻനിന്നെപ്പരിപാലനംചെയ്തീടുവ
ൻ * ഒരുവൻബലാല്ക്കാരാൽനിന്നെയുംതൊടുന്നാകിൽ തരസാശാ
സിക്കുന്നതുണ്ടുഞാനവനേയും * ചിത്തകൌതുകത്തോടുംമൽപ്രിയ
സമീപേനീനിത്യവുംയഥേഷ്ടമായ്വാഴ്കമനോരമേ * പിന്നെഭൂപാല
ൻനിജഭാൎയ്യയോടുരചെയ്തു കന്യകയിവൾനിന്റെപുത്രിയെന്നറിയ
ണം * സൎവ്വദാരക്ഷിക്കണംവല്ലഭേനീയുമേനാം സൎവ്വമംഗല്യംനമു
ക്കിതിനാലുണ്ടായ്വരും * ഒരുവൻബലാല്ക്കാരംചെയ്യാതെസൂക്ഷിക്ക
ണം പരമപാപംജാരസംഗമംകാമിനീനാം * തനയാംഗിമണിയിവ
ൾക്കൊരിലാഗ്രഹമെന്നാ ലന്നേരമവന്നുനൽകീടണംയഥാവിധി *
പരിചിൽപറഞ്ഞേല്പിച്ചുമന്നവനേവം തരുണീമണിയോടുംനിജമ
ന്ദിരംപുക്കു * മധുരഭോജ്യംഭുജിച്ചുനിശംയഥേപ്സിതം മധുവാണിയും
തദീയാലയേമരുവിനാൾ * തൽകാലേജഗന്നാഥൻലക്ഷ്മീവല്ലഭൻ
ദേവൻ തൽക്കഴലാളെത്തിരഞ്ഞങ്ങിനെപുറപ്പെട്ടു * ഗരുഡാരൂ
ഢനായിപലദിക്കിലുംതിര ഞ്ഞരുണാധരിയെക്കാണാഞ്ഞുവൈകു
ണ്ഠനാഥൻ * തരസാരാമേശ്വരംപുക്കുതദ്ദേശമെല്ലാം പരിചിൽതി
രഞ്ഞുഴന്നവിടെചരിക്കുമ്പോൾ * തരുണീമണികന്യാസഖിമാൎക്കു

ട്ടത്തോടു മൊരുമിച്ചുപവനേവിളയാടീടുന്നതും * ഭഗവാൻതാനും
കണ്ടുകൌതുകസമേതനായ് സ്വിഗതശോകംനിജരൂപവുംമറച്ചുടൻ * കാ
വടികെട്ടിച്ചുമന്നാതപത്രവുംപൂണ്ടു ചേ പടിയണങ്ങുന്നോക്കാധാരം
ജഗന്നാഥൻ * ദക്ഷിണപാണൌകുചഗ്രന്ഥിയുംധരിച്ചതിരക്ഷത
യോട്ടുംരുദ്രാക്ഷാഞ്ചിതവപുഷ്മാനായ് * ഭസ്മധൂളനവുംചെയ്തീശപര
നാമങ്ങളും വിസ്മയംജപിച്ചുകൊണ്ടപ്രദേശത്തിഴഞ്ഞു * കന്യകാ
താനുംദ്വിജശ്രേഷ്ഠനെകണ്ടനേരം തന്നുള്ളിലുണ്ടായലജ്ജാദിസംഭ്ര
മത്തോടും * സ്വല്പമാത്രനേരംനിന്നനന്തരം ക്ഷുബ്ധമാനസ
മാരാംസഖിമരോട്ടുംകൂടി*പാദപങ്ങളുംമറഞ്ഞതത്രെവരത്ര്ദൂരം വേ
ദനായികാഗതപാസത്രപാനിന്നീടിനാൾ * പിന്നാലെചെന്നുതദാ
ഭൂദേവോത്തമൻതാനും തന്വംഗികരംപിടിച്ചീടിനാൻബലാലഹോ*
സഖിമാരോട്ടുംകന്യാരത്നവുംമുറയിട്ടു സകലംതൽപ്രദേശംഹാകാര
വ്യാപ്തമായി * രോദനംകേട്ടുനരാധീശനുംസസംഭ്രമം വേദനപൂണ്ടു
ചിലഭടന്മാരോട്ടുംകൂടി * ഉദ്യാനമകംപുക്കുകന്യകാതന്നെകണ്ടി ട്ടു
ദ്വൽകോപമോടവൻചോദിച്ചുവൎത്തമാനം * എന്തുകാരണംനീയും
രോദനംചെയ്തുബാലേ കിന്തുനീദുഃഖിക്കേണ്ടചൊല്ലുകപരമാൎത്ഥം*
ഇങ്ങിനെനൃപോദിതംകേട്ടുചേതോഹരാംഗി മംഗലാലയൻനരാധീ
ശനോടുരചെയ്തു * നിസ്രൂപൻമഹാശഠൻധൂൎത്തലോകാഗ്രഗണ്യൻ
തത്രവന്നൊരുവിപ്രൻമൽപാണിഗ്രഹംചെയ്തു * കണ്ടാലുമിവനി
പ്പോഴെത്തുമെന്നാവിയാതെ കണ്ടകാൎയ്യനികളുംതിരഞ്ഞുനടപ്പതും * പു
ണ്യരാശിയാംപുണ്യനിധിയുംമറ്റുനേരം ധന്യനാംഭൂദേവനെപ്പിടി
ച്ചുകെട്ടീടിനാൻ * ഉടനേശ്രീരാമനാഥാലയെകൊണ്ടുചെന്നി ട്ടുവി
ടെപ്രേക്ഷപിച്ചാനൊരുമണ്ഡപന്തന്നിൽ * ആത്മജതന്നെപ്പുറ
ത്താശ്വസിപ്പിച്ചുഭൂപൻആത്മമന്ദിരംപുക്കുസമ്മോദംമരുവിനാൻ*
അന്നുരാത്രിയിൽധരാനായകനുറങ്ങുമ്പോ ളന്നുതാൻബന്ധിച്ചോ
രുവിപ്രനെസ്വപ്നേകണ്ടു മന്ദഹാസവുംപൂണ്ടുമഞ്ജുളശ്രീഭാവനായ്
സുന്ദരരൂപത്തോടുംകഞ്ജസന്നിഭാക്ഷനായ് ശേഷപൎയ്യങ്കന്തന്നിൽ
വൈഭവമാൎന്നിരിപ്പതും ഭൂഷണവ്രാതങ്ങളാലേറ്റമുജ്ജ്വലിപ്പതും * വി
ഷ്വക്സേനാദ്യന്മാരാംകിങ്കരന്മാരാൽസദാ വിഷ്വക്സേവ്യമാന
നായ്ക്കൊണ്ടുടൻകൌതൂഹലം * പിന്നെയുംനോക്കുന്നേരംതന്നുടെതനൂ
ജയാം കന്യകാമണിയേയുംകാണായിതത്സമീപേ * ഒരുതാമരപ്പൂവി
ൽസരസമിരിപ്പതുമൊരുതാമരപ്പൂകൊണ്ടനിശംകളിപ്പതും * നീല
കുഞ്ചിതങ്ങളായുള്ളമൂൎദ്ധജങ്ങളും ലീലയാമുകുന്ദവക്ഷസ്ഥലേവസിപ്പ
തും * സ്വൎണ്ണപൎവ്വതശിഖരോപമകുചങ്ങളും സ്വൎണ്ണഭൂഷണങ്ങ
ളുംതാരഹാരാഢ്യങ്ങളും * ദിങ്മാതംഗങ്ങളഭിഷേചനംചെയ്യുന്നതും
നിൎമ്മായലാവണ്യവുംചാരുമന്ദഹാസവും * പൊന്നരഞ്ഞാളുംപൊ

ന്നും ചിലനൃധരിപ്പത്തും മിന്നൽക്കൊഖേദം നൽകും സുന്ദരശരീരവും * ഇത്തരമെല്ലാംകണ്ടു വിസ്മയംപൂണ്ടു നൃപസത്തമനന്നേരം സ്വചിത്തത്തിൽ നിരൂപിച്ചു * ഏതൊരുമൂലമിനിക്കിങ്ങിനെ സ്വപ്നംകണ്ടൊൻ ഹന്ത മൽചിത്തഭ്രമംതന്നെയെന്നതേവത്ര * സൃഷ്ടിയിലെന്നാകിലുമീശ്വരൻതന്നെ കണ്ടൊരുത്തമഭാഗ്യംവേണമെന്നല്ലോ ബുധമതം * വല്ലതെന്നാലും നമുക്കിങ്ങിനെ കണ്ടമൂലം വല്ലഭാവിധികേ ചെന്നുകന്യയെക്കണ്ടീടണം * ഇങ്ങിനെ നിരൂപിച്ചു മന്നവനെഴുന്നേറ്റിട്ടങ്ങുതന്നുടെ സുതാസന്നിധൌ ചെല്ലുന്നേരം * സ്വപ്നത്തിൽ കണ്ടപോലെ പുത്രിയെക്കാണായ്വന്നു വിസ്മയംപൂണ്ടീടിനാൻ ഭൂലോകാധിനാഥനും * പിറ്റേന്നാളുഷഃകാലേ രമാനാഥാലയെ ചെന്നറിപ്പാതെയുള്ള കൌതുകപൂരസ്സരം * തത്രഭൂദേവം സ്വപ്നേ കണ്ടതുപോലെ കണ്ടിട്ടത്രയും ഭയം മോദം ഭക്തിയും തേടീടിനാൻ * സാക്ഷാൽ ശ്രീനാരായണനെന്നു കല്പിച്ചു ഭൂപൻ ലക്ഷ്മീവല്ലഭൻതന്നെ സ്തോത്രം വണങ്ങിനാൻ * കമലാകാന്ത പ്രസീദ പ്രഭോ ശാർങ്ഗപാണേ കമലായതനേത്ര പാഹിമാം ജനാർദ്ദന * വിമലാശ്രയാശ്രയ നമസ്തേ ശാർങ്ഗപാണേ മമ സർവ്വാപരാധം ക്ഷമസ്വ ദയാനിധേ * നമസ്തേ പത്മാഭിരാമാക്ഷ ലക്ഷ്മീസമേത നമസ്തേ കൌസ്തുഭശ്രീവത്സവത്സാഭിമൂർത്തേ * നമസ്തേ ദൈത്യസംഘോല്പാടന പ്രജാപതേ നമസ്തേ സമസ്തലോകാധിവാസാദിനാഥ * നമസ്തേ മധുവൈരിൻ കൈടഭപ്രാണഹാരിൻ നമസ്തേ പ്രഹ്ലാദസംരക്ഷിന്നേ രാവണാരേ * നമസ്തേ ധരാപതേ നിർഗ്ഗുണ ശ്രീനിവാസ നമസ്തേ ബുദ്ധിസാക്ഷിന്നപ്രമേയാഭിരാമ * നമസ്തേ ജഗദ്ധാത്രേ ദേവദേവാനാംപതേ നമസ്തേ പരാത്മനേ സരസീരുഹനാഭ * നമസ്തേ ദയാമൂർത്തേ സരസീരുഹാമല സമസ്തമപരാധം ക്ഷമസ്വ വാസുദേവ * സർവ്വാപരാധന്മാരാം ദേവതാരികളെ കോപമെന്നിയെ ഭവാനാത്മനീ ചേർത്തീലയോ * ആകയാൽ ഞാനോ ബന്ധിച്ചീടിനോരപരാധമാകവേ സഹിക്കേണം മധുസൂദന പ്രഭോ * ഇങ്ങിനെ മുകുന്ദനെ സ്തുതിച്ചു നരാധിപൻ മംഗലദേവതാം താം സ്തോത്രം വണങ്ങിനാൻ * വിഷ്ണുവക്ഷസ്ഥലേ ശ്രീമന്ദിരേ മഹാദേവി കൃഷ്ണരൂപണീ ജഗദ്ധാത്രി മാധവപ്രിയേ * സിദ്ധിയായതും നീയേ പുഷ്ടിയായതും നീയേ ബുദ്ധിയായതും സ്വാഹാദേവിയായതും നീയേ * സന്ധ്യയായതും നീയേ സുധയായതും നീയേ ശ്രദ്ധയായതും മഹാരാത്രിയായതും നീയേ * പ്രഭയായതും നീയേ ധാത്രിയായതും നീയേ വിഭവസ്വരൂപിണി വാണിയായതും നീയേ * വിദ്യയായതും യജ്ഞവിദ്യയായതും നീയേ വിദ്യാത്മായതും മഹാവിദ്യയായതും നീയേ * ആത്മവിദ്യയായതും നീയത്രേ വേദാത്മികേ വിസ്മയം കൃപാമൂർത്തേ ലോകരക്ഷാവിധാത്രീ * സന്തതം നമസ്കാരം ശ്രീമഹാലക്ഷ്മീ പുനരന്ധനാമമെന്നെ കടാക്ഷിച്ചരുളീടേണമേ * പിന്നെയും ദേവൻത

ന്നോടിവണ്ണമപേക്ഷിച്ചു പുണ്യവാൻനരാധിപനുത്തമഭാഗ്യശാലി*
ശ്രീഹരിതന്നുടെപാദപങ്കജങ്ങളിൽ ബന്ധനംചെയ്യേനഹംനി
ഗ്ഗളപാശങ്ങളാൽ * തദ്ദുരമപരാധംമാമകംക്ഷമിക്കണം വേദവേദാ
ന്തൈകവേദ്യസന്തതാനമസ്കാരം * സൎവ്വലോകാനാംപിതാവായതുംഭവാ
നല്ലൊ സൎവ്വാത്മജാന്ന്യായംപിതൃഭിഃക്ഷന്തവ്യാഹി * നിഗ്രഹാൎഹമാം
യല്ലോപണ്ടുപൂതനവന്നു വിഗ്രഹംഭവദീയമവൾക്കനല്കീലയോ *
മാമകമപരാധംക്ഷമിച്ചീടണംനാഥ ഹേമഹാവിഷ്ണോനമുക്കൊധാൎമ്മ
റിപ്പുരം * മാധവൻതാനുംപരമാനന്ദവിവശനായ് ശ്രീധരാനാഥ
ൻതാനിന്നോടീവണ്ണമരുൾചെയ്തു * മൽബന്ധംനിമിത്തമായ്സാദരപ
സാഃപണ്ടുരാജൻ മൽഭക്താധീനത്വമീവണ്ണമെന്നറിഞ്ഞാലും*മുന്ന
മേറിനിൽപ്രസാദിച്ചിരിക്കുന്നുഞാനും ധന്യമാതൃഭൃജ്ഞങ്കൊ
ണ്ടെത്രയുംമഹാമതേ* വിഷ്ണുഭക്തന്മാരിൽവച്ചുത്തമനത്രെഭവാൻനി
ന്നുമംനിനക്കുതാൻവശ്യനായ്വന്നുകൂടി*ഭക്തിപാശംകൊണ്ടെന്നെ
ബന്ധനംചെയ്തുനീയും സക്തിയുമിനിക്കേറ്റംനിന്നിലുമുണ്ടായ്വന്നു*
തല്പുരിക്ഷനനാശിനായ്ലക്ഷ്മിയെക്കല്പിച്ചുഞാനല്പവുംഭക്തിക്കില്ലകു
റെവന്നതുംവന്നു*മത്സ്വരൂപിണിസേയംകമലാലയാദേവീ തത്സമാ
രാധനംമൽപൂജനംതന്നെനൃപ * ഏതസ്യാംവൈവമുഖ്യവാൻമദേ
ഷീനിസ്സംശയ മേതദീയൈവംഭക്തിമുക്തിദായികംപരം * ഇവളെ
പ്പാലിക്കയാലെന്നെയുംരക്ഷിച്ചുനീ യവനീപതേഭവാൻഭാഗ്യമുത്ത
മംപരം * സങ്കേതഗൃഹാത്ഥമായല്ലയോബന്ധിച്ചുനീ ശങ്കയില്ലേതുംമ
മസന്തോഷാസ്പദംപരം * നിന്നുടെതനൂജയാകുന്നതുംലക്ഷ്മീദേവി മ
ന്നവവികല്പിച്ചില്ലതുമെമഹാമതേ* ഈവണ്ണംഭഗവാനുമരുളിച്ചെയ്തു
റോം കൈവല്യപ്രദായിനീദേവിയുമരുൾചെയ്തു * ഭൂപതേഭവത്ഭ
ക്തിശോധനചെയ്‌വതിനായ് മല്പതിനിയോഗത്താലത്രഞാൻവന്നീ
ടിനേൻ* നിന്നുടെഭക്തികൊണ്ടുംതവൽകൃതയാഗംകൊണ്ടും മന്നവ
ഞങ്ങൾക്കുസന്തോഷവുമുണ്ടായ്വന്നു * സൎവ്വദാസുഖംനിനക്കുണ്ടായ്വ
ന്നിട്ടാനൃപ സൎവ്വഭൂമണ്ഡലാധിപത്യവുംവന്നുകൂടും * അസ്മല്പാദാം
ഭോരുഹഭക്തിയുംവർദ്ധിച്ചീടും വിസ്മയംദേഹാന്തേമൽസായൂജ്യമുണ്ടാ
യ്വരും * ദുഷ്ടബുദ്ധിയുംനിനക്കുണ്ടാകയില്ലനൂനം പുഷ്ടധൎമ്മാദിശ്ര
ദ്ധാവർദ്ധിക്കുംദിനേദിനേ* ഇങ്ങിനെഭൂപാലനുവരവുംനല്കിദേവീ മം
ഗലാവിഷ്ണുവക്ഷസ്ഥലമുൾപ്പുക്കിരുന്നു * മാധവൻതിരുവടിഭൂപനോ
ടരുൾചെയ്തു സാധുലോകാഗ്രഗണ്യകേളെടോനരാധിപ * നിഗളം
കൊണ്ടുനീയുംബന്ധനംചെയ്കമൂലം വിഗതഖേദംഭക്തവശ്യതാംപ്ര
കാശയൻ * ഈരൂപമോടുംസേതുമാധവനെന്നുപേരായ് നേരോടെ
സേതുരക്ഷചെയ്തുഞാൻവസിക്കുന്നേൻ * ശങ്കരൻമയാപ്രതിഷ്ഠിത
നായുണ്ടത്രെവ പങ്കജവാസനുംതാനുമത്രവാഴുന്നുസദാ * സൎവ്വജന്തു

നാശപദ്രവനാശാർത്ഥമായും സർവ്വാഭീഷ്ടങ്ങളേയുംദാനംചെയ്വതിനായും * സർവ്വപാപാപോഹനംവരുത്തിടുവാനായും സർവ്വദാനങ്ങൾക്കുംസേതുമാധവംഭക്തിപ്രിയയോടും * അതൈത്ര വാണീടുന്നോൻ ഭൂപാലശിഖാമണേ ചിത്രമെത്രയുംനിന്റെഭാഗ്യവൈഭവമെടോ * തൽകൃതമിദംസ്തോത്രംമങ്ങടക്കിപ്രദായക മൊക്കവേജപിക്കയുംകേൾക്കയുംചെയ്യുന്നവൻ * പുനരാവൃത്തിഹീനംമല്പദംപ്രാപിച്ചീടും മനുജാധിനായക സത്യമെന്നറിഞ്ഞാലും * ഭൂപതിചിരന്തനോടീവണ്ണമരുൾചെയ്തു ശോഭയോടതെത്രവാണുഗന്ധിവാസനും * സേതുമാധവൻതന്നെതൊഴുതുനരേന്ദ്രനും ചേതോമോദേനമഹാപൂജനംചെയ്തീടിനാൻ * ശ്രീരാമേശ്വരനേയുംസേവിച്ചനന്തരം വീരലോകാഗ്രനായത്തൈത്രവവാണീടിനാൻ * അതിദീർഘമാമായുസ്സവനനുഭവിച്ചതിമാനുഷനായോർബലയാകാലത്തിങ്കൽ * പുനരാവൃത്തിശൂന്യംപരമപദംപുക്കു വനിതാരത്നംവിന്ധ്യാവലിയാംതന്നുടെഭാര്യയും * അനുഗതകൊണ്ടുപതിയോടൊരുമിച്ചു ഫലമാമാനന്ദവുംലഭിച്ചസസംഭ്രമം * സേതുമാധവൻതന്നെസ്സേവനംചെയ്യുന്നവൻ ഭൂതലേപിന്നെജ്ജനിച്ചീടുമാറില്ലനൂനം * സേതുമാധവസേവചെയ്യാത്തജനങ്ങൾക്കു രാമനാഥലോകനംനിഷ്ഫലംതന്നെനൂനം * ഇക്കഥാനിത്യംചെവികൊണ്ടുകേൾക്കുന്നവർക്കും മുക്തിസംഭവിച്ചീടുംതാപസേശ്വരന്മാരേ * ദുർല്ലഭംമർത്ത്യജന്മംദുർല്ലഭംദീർഗ്ഘായുസ്സും വല്ലതുംചെയ്തുമോക്ഷംസാദ്ധ്യമെന്നറിയേണം * സേതുസ്നാനതുല്യമായില്ലമോക്ഷോപായം ചേതസിസന്ദേഹലേശംപോലുമുണ്ടാകേണ്ട * സർവ്വവുമുപേക്ഷിച്ചുംതൽസ്നാനംലഭിക്കണം സർവ്വദേവതാമയംസേതുവെന്നറിയേണം * സേതുവിൽസ്നാനാർത്ഥമായ്പോവതിന്നൊരുമ്പെട്ടാൽ ചേതസിഭക്ത്യാവ്പ്രഭോജനംചെയ്യിക്കേണം * ത്രിപുണ്ഡ്രംധരിക്കേണംരുദ്രാക്ഷഭരണവുംത്രപയെന്നിയേശിവനാമങ്ങൾജപിക്കേണം * ഒരുനാളൊരുനേരംഹവിഷ്യംഭുജിച്ചുകൊ ണ്ടരിഷഡ്വർഗ്ഗത്തേയുംജയിച്ചുജിതശ്രമം * ചെതലാത്മ്യംഹവൃതാ ബൂലാശാസ്ത്രീസംഗവും കാലേസന്ത്യജിക്കേണംശൗചാദ്യാചാരംവേണം * നിത്യകർമ്മങ്ങൾനിത്യംവെടിയാതെചെയ്തീടണം നിത്യവുംരാമദ്ധ്യാനംചെയ്തുസഞ്ചരിക്കേണം * സേതുമാഹാത്മ്യംകഥാശ്രവണംചെയ്തീടേണം കൈതവംവെടിയേണംലോഭാതകളെയേണം * മാർഗ്ഗമദ്ധ്യത്തിലായാലതിഥിജനത്തിനും മാർഗ്ഗത്തോയഥാശക്തിഭോജനദാനംവേണം * ഇങ്ങിനെമാർഗ്ഗമെല്ലാംകടന്നുഭക്തിയോടെ മംഗലംസേതുമൂലംപ്രാപിച്ചാലനന്തരം * സമുദ്രരാജനെന്നസ്സാരസമാചാഹിച്ചു സമുക്തംതത്രദാനംചെയ്യേണംപാഷാണവും * നമസ്കാരാനന്തരംശ്രീരാമദ്ധ്യാനത്തോടും മമതാംവെടിഞ്ഞുസന്മന്ത്രാദിപുരസ്സരം * സർവ്വപാതകങ്ങളുംവേരോടെനശിപ്പാനായ്

ശർവ്വപാദാംഭോരുഹദ്ധ്യാനവുംചെയ്തീടേണം * തദനന്തരംഭക്ത്യാമ
ജ്ജനംചെയ്തീടേണം മദനാരാതിക്കസന്തോഷമുണ്ടാകുമെന്നാൽ *
പിന്നെദ്ദേവതമാക്കുതർപ്പണംചെയ്തീടേണം ധന്യങ്ങൾപിതൃപ്രീതി
കാരണംകർമ്മങ്ങളും * തീർത്ഥങ്ങളെല്ലാററിലുമീവണ്ണംസ്നാനംചെയ്തു
തീർത്തുകൊള്ളേണംനിജപാതകംബുദ്ധിശാലി * ലക്ഷ്മണതീർത്ഥദേ
ശേവപനംചെയ്യിക്കേണം ലക്ഷ്മീവല്ലഭപ്രസാദംവരുമതുമൂലം * സ
ർവ്വതീർത്ഥങ്ങളിലുംമുഴുകിവിശുദ്ധനായ് സർവ്വനാമോച്ചാരണംചെയ്തു
സന്തോഷമോടും * രാമനാഥനെക്കണ്ടുസേവിച്ചുവിനീതനായ്ഗ്ഗോമളാ
കാരംസേതുമാധവംവണങ്ങേണം * രാമലക്ഷ്മണസീതാവാതജാതന്മാ
രേയും സാമോദംവന്ദിക്കേണംപിന്നെയുംരാമനാഥം * ധനവാനെ
ന്നാകിലുംദരിദ്രനെന്നാകിലും ധനുഷ്ക്കോടിയിൽച്ചെന്നുസ്നാനവും
ചെയ്തീടേണം * ശക്തിക്കതക്കവണ്ണംദാനത്തെച്ചെയ്യുന്നതും മുക്തി
ക്കനല്ലൊരുപായംമുനീശ്വരന്മാരേ * വസ്ത്രഗോഭൂഹിരണ്യക്ഷേത്രത
ണ്ഡുലാദികളെത്രയുംദാനത്തിനുമുഖ്യമെന്നറിയേണം * രാമനാഥ
ൻറെപൂജനിർവ്വദ്ധ്യാർത്ഥമായിട്ടു മാമയംവിനാധനംനൾകേണംയഥാ
ശക്തി * ഒട്ടുക്കംകോടിതീർത്ഥത്തിലുംമുഴുകേണം കൊടുത്തീടേണം
വിപ്രന്മാർക്കത്രാപിവിത്തം * പിന്നെയുംരാമനാഥാദികളെസ്സേവ
ചെയ്തു ധന്യനായ്നിജഗൃഹംതന്നിൽവാണീടുംപുമാൻ * എത്രയും
ഭാഗ്യശാലിപാപങ്ങളവനില്ല മുക്തിയുംകരസ്ഥമായ്വന്നിതെന്നറി
ഞ്ഞാലും * ധനുഷ്കോടിയിലൊരുമജ്ജനംചെയ്തുപുമാൻ തനിക്കുംവാ
രാണസിനഗരേപത്തുവർഷം * വസിച്ചീടുന്നപുമാന്തനിക്കുംഫലം
തുല്യം നശിക്കുംബ്രഹ്മഹത്യാമുതലാംപാപങ്ങളും * പിന്നെശ്രീരാമ
നാഥൻതന്നെയുംകാണുന്നവൻ ധന്യനെത്രയുംതദീയംഫലംകേട്ടു
കൊൾവിൻ * പുണ്ഡരീകമാംപുരേപത്തുവത്സരംവാണാൽ പു
ണ്യമുണ്ടാകുന്നതുമേറെയില്ലെന്നുനൂനം * തത്രജപ്തവുംഹുതംതപ്തവും
ദത്തങ്ങളും ചിത്രമെത്രയുംപരമക്ഷയമായിട്ടുള്ളു * ചന്ദ്രസൂര്യോപ
രാഗേസേതുമജ്ജനംപുണ്യം ഇന്ദുശേഖരസായുജ്യപ്രഭംമനോഹരം *
മാഘമാസത്തിൽസ്നാനംചെയ്യുന്നപുരുഷനു മാകവെകോടിജന്മപാ
പങ്ങൾനശിച്ചീടും * രാമസേതുവെദ്ധ്യാനിച്ചന്യഥമൊരുജലേ ധീ
മാന്മജ്ജനംചെയ്കിലവനുംതീരുംപാപം * ഒരുവനർദ്ധോദയേസേതുമ
ജ്ജനംചെയ്കിൽ പരമവൻപുണ്യമാരെടോചൊല്ലുന്നതും * പിതൃ
തർപ്പണംദേവതർപ്പണമിവചെയ്കിൽ പിതൃലോകങ്ങൾക്കെല്ലാംപരമ
ഗതിവരും * സേതൗശ്രീപത്മനാഭേഗോകർണ്ണേസദാസ്നാനം ചെ
യ്തുകൊണ്ടാലുംസമുദ്രോദകേശങ്കവേണ്ട * മറെറാരേടത്തുമമാവാസ്യാ
യാമൊഴിഞ്ഞുടൻ മുററംമജ്ജനംചെയ്താൽപാപമുണ്ടെന്നുനൂനം * രാ
മസേതുവിൽചെന്നുദാനങ്ങൾചെയ്തീടേണം ശ്രീമാനല്ലെന്നാകി

ഴും കവലങ്ങളഫലങ്ങൾ * തപ്പിതൃംവിചാരിച്ചു ചെയ്യേണം വിശ്രാവ
ണം മല്ലവല്ലതുമൊന്നാലങ്ങൊകൾ പുണ്യങ്ങൾ * വേദം ശാസ്ത്രം പുരാ
ണം പാരായണം ചെയ്താലും * ഫലമാം ശ്രവണവും ശിവപൂജയും * ഇ
തരങ്ങളാകുന്നുള്ള ഭൂദേവൻ പാത്രമെന്നതും ഉണ്ടല്ലോ പരമാ
ത്ഥമറിയണം * പുണ്യഫലം കാംക്ഷിക്കുന്നവർ ജനങ്ങളും നിന്ന
പാത്രത്തിൽ ദാനം ചെയ്യുകയാല്ലാ * പുണ്യകാലേ ദിവസേ വം
ശേതുമജ്ജനം ചെയ്തു പുണ്യഭാരത്തെ ഭരിച്ചീടണമെല്ലാവരും * സേ
തുതുല്യമാകുന്നൊരു തീർത്ഥവുമില്ല ഭൂമൌ സേതുതുല്യമായൊരു സ്നാ
നം * സേതുതുല്യമായൊരു പുണ്യവുമില്ല ഭൂമൌ സേതുതുല്യമാ
യൊരു ഗതിയുമില്ലന്യനാം * നാഥ ശ്രദ്ധാപരം ഭക്തിയോടെ തീർത്ഥമതിൽ
ഒരു സമാനം പുണ്യകാലം തത്സമമല്ലന്യനം * എന്നതുമൂലമഹോ
ദയമാം കാലത്തുകൽ ചെന്നു ധനുഷ്കോടിമജ്ജനം ചെയ്യേണം *
ഷഷ്ടിവത്സരം ഗംഗാമജ്ജനം ചെയ്തുപുണ്യം കിട്ടുമതൊരുദിനം സേ
തുവിൽ സ്നാനം ചെയ്താൽ * സേതുവിൽ ക്ഷണനേരം വസിച്ച പുരുഷ
നെ ചേരുസാമീപ്യത്തിനാളല്ലയമദൂതർ * നൈമിശാരണ്യം സാ
ളഗ്രാമവും ബദരിയും കോമളം ഹരദ്വാരം വൃഷഭാചലം തഥാ *
ശേഷാദ്രിചിത്രകൂടം തരംഗം ലക്ഷ്മീക്ഷേത്രം ഭൂതവന്മനൃകംഭകോണ
വും ശ്രീകണ്ണിക * മോഹനീയമെന്നും ശേഷതാദ്രിവരന്നുള്ള ഗ്രാമം മോ
ഹനം പഞ്ചാനാഭം ഫലടികാചലം തഥാ * സാരക്ഷേത്രം ഹരിസ്ഥല
വും ശ്രീനിവാസം സാരമാം ഭക്തനായകമല്ലിനാം ശുകക്ഷേത്രം * വന
ണംദ്യുരം ശ്രീഗോഷ്ഠി ശ്രീരംഗവും പാണ്ഡുരംഗം പുണ്ഡരീകവുമിത്യാദി
സ്ഥലങ്ങളിൽ * സന്തതം വാസം കൊണ്ടും തീർത്ഥസ്നാനാദികൊണ്ടും
പോകയില്ലൊട്ടുമാത്രം പാപസഞ്ചയമെല്ലാം * സേതുവിലൊരുദിനം
മജ്ജനം ചെയ്യാകിലൊ പാതുങ്ങും ചോൽക്കയല്ല ഭസ്മമായ് ഭവിച്ചീടും *
സപ്തപാതകങ്ങൾക്കു ശമനത്തിന്നു ശിപ്രതി നാസ്തിയേവ തമോമയമൊന്നു
മേവമില്ല * ഇങ്ങിനെ നിനക്കാൻ സേതുമാഹാത്മ്യം ചൊന്നേ
ൻ മംഗലം വരുത്തിടും മോക്ഷദായകം പരം * നിത്യവും പഠിക്കതോൻ കേൾ
ക്കതോൻ ചൊല്ലുന്നാകി ലെത്തീടുമവന്നു വേണ്ടുന്നസൌഖ്യങ്ങളെ
ല്ലാം * അഗ്നിഷ്ടോമാദിയജ്ഞം ചെയ്തപുണ്യവുമുണ്ടാം നിത്യവും ചൊ
ല്ലവേദാദ്ധ്യായപുണ്യവുമുണ്ടാം * ദേഹാന്തേ കൈലാസമാമചലമകം
പുക്കു മോഹനം ശിവപദം ലഭിക്കുമസംശയം * സേതുമാഹാത്മ്യം
ഗ്രന്ഥം വീട്ടിൽ ഭൂതവേതാളപ്രേതപീഡയുമുണ്ടാകാ *
വ്യാധിപീഡയുമില്ല തസ്കരഭയം ഗൃഹേ ബാധയുമുണ്ടാകാ സത്യമെ
ന്നറിഞ്ഞാലും * പുത്രമിത്രാദികളും ഗൃഹം രാമമൊന്നെത്ര ചേതസി
നന്ദനമുണ്ടാക്കുമെന്ന * ഗന്ധമാദനേ ചതുർവിംശതി തീർത്ഥ
ങ്ങളും സാരമായതു ചൊല്ലാം പറഞ്ഞീടുമെന്നറിഞ്ഞാലും * ബ്രഹ്മാവും വി

ള്ളോരു പാതകമെന്നോർക്കേണ്ടാ നിർമ്മലന്മാരായദേവന്മാരും മുദാ
ഭം * സ്വന്തമേവരും ചെമ്മേ രാമനാഥനെ ഭക്തിസഹിതം കൈക്കൊ
ണ്ടു പരമാനന്ദം തേടിനാർ * മുന്നത്തെ ചക്രകാണ്ഡം പിന്നത്തെ താളകാ
ണ്ഡം ശ്രീരാമകാണ്ഡം പിന്നെ സാദ്ധ്യകാണ്ഡവുമൊട്ടേ * അഗസ്ത്യ
തീർത്ഥം പിന്നെ കല്യാണകാണ്ഡവും ശ്രീരാമതീർത്ഥം രാമനാഥകാണ്ഡ
വുമൊട്ടേ * ഇങ്ങിനെ കാണ്ഡമഷ്ടകം സേതുമാഹാത്മ്യമിതു പ്രാ
ണികൾക്കോർക്കുമ്പോൾ മോക്ഷദായകം ചൊല്ലിയതറിഞ്ഞാലും * ശ്രീരാമചന്ദ്രൻ ദയാ
വാരിധി ഭക്തന്മാരെ എന്നും ശ്രീരാമചന്ദ്രൻ മംഗലം രക്ഷിക്കേണം *

ഇതി ശ്രീസേതുമാഹാത്മ്യേ രാമനാഥകാണ്ഡം സമാപ്തം.

രഘുവീരപദന്യാസപവിത്രീകൃതപാംസവേ।
ദശകണ്ഠശിരച്ഛേദഹേതവേ സേതവേ നമഃ॥
കേതവേ രാമചന്ദ്രസ്യ മോക്ഷമാർഗ്ഗൈകഹേതവേ।
സീതായാ മാനസാംഭോജഭാനവേ സേതവേ നമഃ॥

B 1 3 9

Rathmann

MUL
034891